**പതിനഞ്ചാം കേരള നിയമസഭ**

# ഗവൺമെന്റ് നൽകുന്ന ഉറപ്പുകൾ സംബന്ധിച്ച സമിതി (2023-2026)

**നാലാമത് റിപ്പോർട്ട്**

(2024 ജൂലൈ മാസം 10-ാം തീയതി സഭയിൽ സമർപ്പിച്ചത്)

**[സമിതിയുടെ 1-1-2023 മുതൽ 31-12-2023 വരെയുള്ള വാർഷിക പ്രവർത്തന റിപ്പോർട്ട്]**

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2024

പതിനഞ്ചാം കേരള നിയമസഭ

# ഗവൺമെന്റ് നൽകുന്ന ഉറപ്പുകൾ സംബന്ധിച്ച സമിതി (2023-2026)

## നാലാമത് റിപ്പോർട്ട്

(2024 ജൂലൈ മാസം 10-ാം തീയതി സഭയിൽ സമർപ്പിച്ചത്)

[സമിതിയുടെ 1-1-2023 മുതൽ 31-12-2023 വരെയുള്ള വാർഷിക പ്രവർത്തന റിപ്പോർട്ട്]

629/2025.

# ഉള്ളടക്കം


| | | | | |
|---|---|---|---|---|
| | | | | *പേജ്* |
| സമിതിയുടെ ഘടന | | | .. | v |
| ആമുഖം | | | .. | vii |
| അദ്ധ്യായം : | I | റിപ്പോർട്ട് | .. | 1 |
| അനുബന്ധം : | I | സമിതി അംഗീകരിച്ച ഉറപ്പുകളുടെ പട്ടിക. | .. | 5 |
| : | II | സമിതി അംഗീകരിച്ച നടപടി റിപ്പോർട്ടുകളുടെ പട്ടിക. | .. | 97 |
| : | III | സമിതി അംഗീകരിച്ച അധിക വിവര റിപ്പോർട്ടുകളുടെ പട്ടിക | .. | 376 |
| : | IV | മറുപടി ലഭിക്കാനുള്ള ഉറപ്പുകളുടെ വിശദാംശം | .. | 390 |

# ഗവൺമെന്റ് നൽകുന്ന ഉറപ്പുകൾ സംബന്ധിച്ച സമിതി (2023-2026)

## ഘടന

<u>അദ്ധ്യക്ഷൻ :</u>

ശ്രീ. കെ. പി. എ. മജീദ്, എം.എൽ.എ.

<u>അംഗങ്ങൾ :</u>

ശ്രീ. കെ. ആൻസലൻ, എം.എൽ.എ.

ശ്രീ. ആന്റണി ജോൺ, എം.എൽ.എ.

ശ്രീ. പി. വി. അൻവർ, എം.എൽ.എ.

ഡോ. എൻ. ജയരാജ്, എം.എൽ.എ.

ശ്രീ. സി. ആർ. മഹേഷ്, എം.എൽ.എ.

ശ്രീ. എം. മുകേഷ്, എം.എൽ.എ.

ശ്രീ. ടി. സിദ്ദിഖ്, എം.എൽ.എ.

ശ്രീ. വാഴൂർ സോമൻ, എം.എൽ.എ.

<u>നിയമസഭാ സെക്രട്ടേറിയറ്റ് :</u>

ഡോ. എൻ. കൃഷ്ണ കുമാർ, സെക്രട്ടറി

ശ്രീമതി ജ്യോതി എൽ., ജോയിന്റ് സെക്രട്ടറി

ശ്രീ. എം. എസ്. ശ്രീകുമാർ, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. കെ. എസ്. കിരൺ ബോസ്, അണ്ടർ സെക്രട്ടറി

# ആമുഖം

ഗവൺമെന്റ് നൽകുന്ന ഉറപ്പുകൾ സംബന്ധിച്ച സമിതി (2023-2026) യുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ നിയോഗാനുസരണം സമിതിയുടെ നാലാമത് റിപ്പോർട്ട് (2023 കലണ്ടർ വർഷത്തെ പ്രവർത്തന റിപ്പോർട്ട്) സമർപ്പിക്കുന്നു.

പതിനഞ്ചാം കേരള നിയമസഭയുടെ മൂന്ന്, നാല്, അഞ്ച്, ആറ്, ഏഴ് എന്നീ സമ്മേളനങ്ങളിൽ മന്ത്രിമാർ നൽകിയ ഉറപ്പുകൾ, പതിമൂന്ന്, പതിനാല്, പതിനഞ്ച് നിയമസഭകളുടെ വിവിധ സമ്മേളനങ്ങളിൽ മന്ത്രിമാർ നൽകിയ ഉറപ്പുകളിന്മേൽ സർക്കാരിൽ നിന്നും ലഭിച്ച നടപടി റിപ്പോർട്ടുകൾ, അധിക വിവര റിപ്പോർട്ടുകൾ എന്നിവ പരിശോധിച്ച് സമിതി സ്വീകരിച്ച നടപടികൾ ഉൾപ്പെടെ പ്രസ്തുത കാലയളവിലെ സമിതി പ്രവർത്തനങ്ങളെ സംബന്ധിച്ചും അത് മെച്ചപ്പെടുത്തുന്നതിനായി സ്വീകരിച്ച നടപടികളും അടങ്ങുന്നതാണ് ഈ റിപ്പോർട്ട്. 2024 ജൂലൈ 9-ാം തീയതി ചേർന്ന സമിതി യോഗം ഈ റിപ്പോർട്ട് അംഗീകരിച്ചു.

കെ. പി. എ. മജീദ്,

തിരുവനന്തപുരം,
2024 ജൂലൈ 10.

*അദ്ധ്യക്ഷൻ,*
*ഗവൺമെന്റ് നൽകുന്ന ഉറപ്പുകൾ സംബന്ധിച്ച സമിതി.*

# റിപ്പോർട്ട്

പതിനഞ്ചാം കേരള നിയമസഭയുടെ ഗവൺമെന്റ് നൽകുന്ന ഉറപ്പുകൾ സംബന്ധിച്ച സമിതി (2021-23) 2021 ജൂൺ 15-ന് നിലവിൽ വരുകയും 15-12-2023-ന് പുനഃസംഘടിപ്പിക്കുകയും ചെയ്യുകയുണ്ടായി. സമിതിയുടെ 1-1-2023 മുതൽ 31-12-2023 വരെയുള്ള കാലയളവിലെ പ്രവർത്തനങ്ങളുടെ വിവരണമാണ് ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. റിപ്പോർട്ട് കാലയളവിൽ സമിതി 13-ാം കേരള നിയമസഭയുടെ 10-ാം സമ്മേളനത്തിലെ 2-ാം നമ്പർ ഉറപ്പിന്മേൽ വയോജനക്ഷേമ പദ്ധതികൾ സംബന്ധിച്ച് സാമൂഹ്യനീതി വകുപ്പിലെ ഉദ്യോഗസ്ഥരിൽ നിന്നുള്ള തെളിവെടുപ്പ് യോഗവും റിപ്പോർട്ട് പരിഗണനയ്ക്കായുള്ള രണ്ട് യോഗങ്ങളും ഉൾപ്പെടെ 20 യോഗങ്ങൾ ചേരുകയുണ്ടായി. സമിതി യോഗങ്ങളിലെ ശരാശരി ഹാജർ നില 58% ആയിരുന്നു. സമിതി യോഗങ്ങളിൽ പതിനഞ്ചാം കേരള നിയമസഭയുടെ മൂന്ന്, നാല്, അഞ്ച്, ആറ്, ഏഴ് എന്നീ സമ്മേളനങ്ങളിൽ സഭാതലത്തിൽ മന്ത്രിമാർ നൽകിയ ഉറപ്പുകൾ പരിശോധിക്കുകയും അവ കരട് ഉറപ്പുകളായി അംഗീകരിച്ച് തുടർനടപടികൾക്കായി സർക്കാരിലേക്ക് അയയ്ക്കുന്നതിന് തീരുമാനിക്കുകയും ചെയ്തു. കൂടാതെ പതിമൂന്ന്, പതിനാല് കേരള നിയമസഭകളുടെ വിവിധ സമ്മേളനങ്ങളിൽ മന്ത്രിമാർ നൽകിയ ഉറപ്പുകളിന്മേൽ സർക്കാരിൽ നിന്നും ലഭിച്ച മറുപടികൾ പരിശോധിച്ച് തൃപ്തികരമായവ അംഗീകരിക്കുകയും തുടർനടപടികൾ ആവശ്യമുള്ളതിന്മേൽ നടപടി സ്വീകരിച്ച് റിപ്പോർട്ട് ലഭ്യമാക്കാൻ സർക്കാരിനോട് ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്.

2) ചോദ്യോത്തരവേള, ശ്രദ്ധ ക്ഷണിക്കൽ, സബ്മിഷൻ തുടങ്ങിയ സഭാനടപടികളിൽ ബന്ധപ്പെട്ട മന്ത്രിമാർ സഭാതലത്തിൽ നൽകുന്ന ഉറപ്പുകൾ, വാഗ്ദാനങ്ങൾ മുതലായവ എത്രമാത്രം നടപ്പിലാക്കിയിട്ടുണ്ടെന്നും നടപ്പിലാക്കിയിട്ടുള്ള പക്ഷം അവ ഏറ്റവും ചുരുങ്ങിയ സമയത്തിനുള്ളിൽ തന്നെയാണോ നടപ്പാക്കിയിട്ടുള്ളതെന്നും സമിതി പരിശോധിക്കുകയുണ്ടായി.

3) ഉറപ്പുകൾ നടപ്പിലാക്കുന്നതിൽ ഒഴിവാക്കാമായിരുന്ന കാലതാമസം ഉണ്ടായിട്ടുണ്ടോയെന്ന് പരിശോധിക്കുമ്പോൾ അലംഭാവവും ഉദാസീനതയും നിഷേധാത്മക സമീപനങ്ങളും ബന്ധപ്പെട്ട ചില വകുപ്പുകളുടെ ഭാഗത്തുനിന്നും ഉണ്ടാകുന്നതായി പലപ്പോഴും കണ്ടെത്താൻ കഴിഞ്ഞിട്ടുണ്ട്. ഈ പ്രവണതയ്ക്കെതിരെ മുൻകാല സമിതികൾ കർശന നിലപാട് സ്വീകരിച്ചിരുന്നുവെങ്കിലും ഉറപ്പുകൾ നടപ്പാക്കുന്നതിൽ നാളിതുവരെയും ആശാവഹമായ പുരോഗതി ഉണ്ടായതായി കാണുന്നില്ലായെന്നും സമിതി വിലയിരുത്തി. റിപ്പോർട്ടുകളിലെ ശിപാർശകളിന്മേൽ വർഷങ്ങൾ കഴിഞ്ഞാലും ബന്ധപ്പെട്ട വകുപ്പുകൾ കാര്യക്ഷമമായ മേൽനടപടികൾ സ്വീകരിച്ചുവരുന്നില്ല എന്നും പല സന്ദർഭങ്ങളിലും ബന്ധപ്പെട്ട വകുപ്പുകൾ തുടർനടപടി സ്വീകരിച്ചാൽ തന്നെ അത് സംബന്ധിച്ച റിപ്പോർട്ട് യഥാസമയം സമിതിയ്ക്ക്

ലഭ്യമാക്കുന്നതിൽ വീഴ്ച വരുത്തുന്നതായും കാണുന്നു. ഇത്തരം നടപടികൾ വിഷയങ്ങളുടെ കാലിക പ്രസക്തി നഷ്ടപ്പെടുത്തുന്നതിനോടൊപ്പം സമിതിയുടെ സുഗമമായ പ്രവർത്തനത്തെയും തടസ്സപ്പെടുത്തുന്നു. ഇക്കാര്യം സമിതിയുടെ വിവിധ റിപ്പോർട്ടുകളിൽ ചൂണ്ടിക്കാണിച്ചിട്ടുണ്ടെങ്കിലും അതിന്മേൽ ബന്ധപ്പെട്ട വകുപ്പുകൾ നാളിതുവരെ സ്വീകരിച്ച നടപടികൾ തൃപ്തികരമല്ല.

4) നിയമസഭയിൽ നൽകുന്ന ഉറപ്പുകൾക്ക് അതിന്റേതായ ഗൗരവം നൽകി നിശ്ചിത സമയപരിധിക്കുള്ളിൽത്തന്നെ നടപ്പാക്കണമെന്നും നടപ്പിലാക്കിയ വിവരം മറുപടി റിപ്പോർട്ടായി യഥാസമയം സമിതിയെ അറിയിക്കണമെന്നും ഇതിനായി നിലവിലുള്ള സംവിധാനത്തിൽ എന്തെങ്കിലും പോരായ്മകൾ ഉണ്ടോയെന്ന് പരിശോധിക്കണമെന്നും ഉണ്ടെങ്കിൽ അവ പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്നും സമിതി സർക്കാരിനോട് ശിപാർശ ചെയ്യുകയുണ്ടായി.

5) 1-1-2022 മുതൽ 31-12-2022 വരെ സമിതി പരിഗണിച്ച ഉറപ്പുകളും ഉറപ്പുകളിന്മേൽ സർക്കാർ സമർപ്പിച്ച നടപടി റിപ്പോർട്ടുകളും അധികവിവര റിപ്പോർട്ടുകളും സംബന്ധിച്ച സമിതിയുടെ മൂന്നാമത് റിപ്പോർട്ട് 2024 ജൂലൈ 4-ാം തീയതി സഭയിൽ സമർപ്പിക്കുകയുണ്ടായി.

6) പതിനഞ്ചാം കേരള നിയമസഭയുടെ മൂന്ന്, നാല്, അഞ്ച്, ആറ്, ഏഴ് എന്നീ സമ്മേളനങ്ങളിൽ മന്ത്രിമാർ നൽകിയ ഉറപ്പുകൾ സമിതി പരിശോധിക്കുകയുണ്ടായി. വ്യവസായ വകുപ്പുമായി ബന്ധപ്പെട്ട 18 ഉറപ്പുകൾ കൃഷി വകുപ്പുമായി ബന്ധപ്പെട്ട 15 ഉറപ്പുകൾ, ആരോഗ്യ-കുടുംബക്ഷേമ വകുപ്പുമായി ബന്ധപ്പെട്ട 11 ഉറപ്പുകൾ, വിനോദസഞ്ചാരം, മത്സ്യബന്ധന-തുറമുഖം, സഹകരണം, ഉന്നതവിദ്യാഭ്യാസം എന്നീ വകുപ്പുകളുമായി ബന്ധപ്പെട്ട 10 വീതം ഉറപ്പുകൾ, പട്ടികജാതി/പട്ടികവർഗ്ഗ വികസനവുമായി ബന്ധപ്പെട്ട 9 ഉറപ്പുകൾ, തദ്ദേശസ്വയംഭരണം, പൊതുവിദ്യാഭ്യാസം, റവന്യൂ എന്നീ വകുപ്പുകളുമായി ബന്ധപ്പെട്ട 8 വീതം ഉറപ്പുകൾ, ഗതാഗത വകുപ്പുമായി ബന്ധപ്പെട്ട 6 ഉറപ്പുകൾ, പൊതുമരാമത്ത് വകുപ്പുമായി ബന്ധപ്പെട്ട 5 ഉറപ്പുകൾ, ഭക്ഷ്യപൊതുവിതരണം, ഊർജ്ജം, ധനകാര്യം എന്നീ വകുപ്പുകളുമായി ബന്ധപ്പെട്ട 4 വീതം ഉറപ്പുകൾ, വനം-വന്യജീവി, ആഭ്യന്തരം, ജലവിഭവം, ഉദ്യോഗസ്ഥഭരണപരിഷ്കാരം, പ്രവാസികേരളീയകാര്യം, വനിതാ ശിശുവികസനം എന്നീ വകുപ്പുകളുമായി ബന്ധപ്പെട്ട 2 വീതം ഉറപ്പുകൾ, നികുതി, സാമൂഹ്യനീതി, വിജിലൻസ്, പൊതുഭരണം, അസൂത്രണസാമ്പത്തിക കാര്യം എന്നീ വകുപ്പുകളുമായി ബന്ധപ്പെട്ട 1 വീതം ഉറപ്പുകൾ എന്ന ക്രമത്തിൽ ആകെ 150 ഉറപ്പുകൾ വിവിധ യോഗങ്ങളിലായി സമിതി അംഗീകരിക്കുകയും തുടർനടപടി റിപ്പോർട്ടുകൾ ലഭ്യമാക്കുന്നതിലേക്കായി അതത് വകുപ്പുകൾക്ക് അയച്ചുകൊടുക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത ഉറപ്പുകളുടെ പട്ടിക റിപ്പോർട്ടിൽ അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു.

7) പതിമൂന്ന്, പതിനാല്, പതിനഞ്ച് നിയമസഭകളുടെ വിവിധ സമ്മേളനങ്ങളിൽ മന്ത്രിമാർ നൽകിയ ഉറപ്പുകളിന്മേൽ വിവിധ വകുപ്പുകളിൽ നിന്നും ലഭ്യമാക്കിയ നടപടി റിപ്പോർട്ടുകൾ സമിതി പരിശോധിച്ചു. ആരോഗ്യ കുടുംബക്ഷേമ വകുപ്പിൽ നിന്നും ലഭ്യമായ 20 നടപടി റിപ്പോർട്ടുകൾ, പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിൽ നിന്നും ലഭ്യമായ 16 നടപടി റിപ്പോർട്ടുകൾ കൃഷി, റവന്യൂ, വ്യവസായം, ജലവിഭവം എന്നീ വകുപ്പുകളിൽ നിന്നും ലഭ്യമായ 14 നടപടി റിപ്പോർട്ടുകൾ, തൊഴിലും നൈപുണ്യം, തദ്ദേശസ്വയംഭരണം, പൊതുമരാമത്ത്, ആഭ്യന്തരം എന്നീ വകുപ്പുകളിൽ നിന്നും ലഭ്യമായ 13 വീതം നടപടി റിപ്പോർട്ടുകൾ, മത്സ്യബന്ധന തുറമുഖ വകുപ്പിൽ നിന്നും ലഭ്യമായ 10 നടപടി റിപ്പോർട്ടുകൾ, ഭക്ഷ്യ-പൊതുവിതരണം, നികുതി, സാമൂഹ്യനീതി എന്നീ വകുപ്പുകളിൽ നിന്നും ലഭ്യമായ 9 നടപടി റിപ്പോർട്ടുകൾ, ധനകാര്യ വകുപ്പിൽ നിന്നും ലഭ്യമായ 8 നടപടി റിപ്പോർട്ടുകൾ, പൊതുവിദ്യാഭ്യാസ വകുപ്പിൽ നിന്നും ലഭ്യമായ 7 നടപടി റിപ്പോർട്ടുകൾ, ഗതാഗത സഹകരണം, എന്നീ വകുപ്പുകളിൽ നിന്നും ലഭ്യമായ 5 വീതം നടപടി റിപ്പോർട്ടുകൾ, വിനോദസഞ്ചാരം വകുപ്പിൽ നിന്നും ലഭ്യമായ 4 നടപടി റിപ്പോർട്ടുകൾ, ഉന്നത വിദ്യാഭ്യാസം, വനം-വന്യജീവി, ഊർജ്ജം, എന്നീ വകുപ്പുകളിൽ നിന്നും ലഭ്യമായ 3 വീതം നടപടി റിപ്പോർട്ടുകൾ, വിവര പൊതുജനസമ്പർക്കം, കായിക യുവജനകാര്യം, പിന്നാക്ക സമുദായക്ഷേമം, കോസ്റ്റൽ ഷിപ്പിംഗ് & ഇൻലാൻഡ് നാവിഗേഷൻ, എന്നീ വകുപ്പുകളിൽ നിന്നും ലഭ്യമായ 2 വീതം നടപടി റിപ്പോർട്ടുകൾ, പാർലമെന്ററി കാര്യം, ഭവനനിർമാണം, പൊതുഭരണം, പരിസ്ഥിതി എന്നീ വകുപ്പുകളിൽ നിന്നും ലഭ്യമായ ഓരോ നടപടി റിപ്പോർട്ട് എന്ന ക്രമത്തിൽ ആകെ 231 നടപടി റിപ്പോർട്ടുകൾ സമിതി പരിഗണിക്കുകയുണ്ടായി. പ്രസ്തുത റിപ്പോർട്ടുകൾ അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

8) കൂടാതെ മുൻ സമിതികൾ ആവശ്യപ്പെട്ടിരുന്ന പ്രകാരം വിവിധ വകുപ്പുകളിൽ നിന്നും ലഭ്യമായ അധിക വിവര റിപ്പോർട്ടുകളും സമിതി പരിശോധിക്കുകയുണ്ടായി. കോസ്റ്റൽ ഷിപ്പിംഗ് & ഇൻലാൻഡ് നാവിഗേഷൻ വകുപ്പിൽ നിന്ന് ലഭ്യമായ 2 അധികവിവര റിപ്പോർട്ടുകൾ, വനം-വന്യജീവി, സഹകരണം എന്നീ വകുപ്പുകളിൽ നിന്നും ലഭ്യമായ ഓരോ അധികവിവര റിപ്പോർട്ട് എന്ന ക്രമത്തിൽ ആകെ 4 അധികവിവര റിപ്പോർട്ടുകൾ സമിതി പരിഗണിക്കുകയുണ്ടായി. പ്രസ്തുത റിപ്പോർട്ടുകൾ അനുബന്ധം III ആയി ചേർത്തിരിക്കുന്നു.

9) പതിമൂന്നാം കേരള നിയമസഭ കാലയളവിലെ 85 ഉറപ്പുകളിന്മേലും പതിനാലാം കേരള നിയമസഭ കാലയളവിലെ 240 ഉറപ്പുകളിന്മേലും പതിനഞ്ചാം കേരള നിയമസഭ കാലയളവിലെ 286 ഉറപ്പുകളിന്മേലുള്ള നടപടി റിപ്പോർട്ടുകളും സർക്കാരിൽ നിന്ന് ഇനിയും ലഭ്യമാകാനുണ്ട്. ഇത്തരത്തിൽ ഉറപ്പുകളിന്മേലുള്ള നടപടി റിപ്പോർട്ടുകളും അധിക

വിവര റിപ്പോർട്ടുകളും ലഭ്യമാക്കുന്നതിൽ വിവിധ വകുപ്പുകൾ കാട്ടുന്ന അലംഭാവവും ഉദാസീനതയും സമിതിയുടെ പ്രവർത്തനങ്ങളുടെ ഫലപ്രാപ്തിയെ തന്നെ ദോഷകരമായി ബാധിക്കുന്നതായി സമിതി പ്രസ്തുത റിപ്പോർട്ടിൽ നിരീക്ഷിച്ചിരുന്നു.

10) ഒരു ജനാധിപത്യ സംവിധാനത്തിൽ ജനപ്രതിനിധികളുടെ ഏറ്റവും പ്രധാനപ്പെട്ട അവകാശമാണ് ചോദ്യോത്തരവേള ഉൾപ്പെടെയുള്ള നിയമസഭാ നടപടികൾ. ഗവൺമെന്റിന്റെ പ്രവർത്തനങ്ങളിൽ വിമർശനാത്മകമായി ഇടപെടുന്നതിനും ചോദ്യങ്ങൾ ഉന്നയിക്കുന്നതിനും പോരായ്മകൾ ചൂണ്ടിക്കാട്ടുന്നതിനും മെച്ചപ്പെടുത്തുന്നതിനും എന്തെങ്കിലും കുറവ് കാണപ്പെടുന്ന അവസരങ്ങളിൽ ഗവൺമെന്റിൽ നിന്ന് ജനോപകാരപ്രദമായ ഉറപ്പുകൾ നേടിയെടുക്കുന്നതിനും ചോദ്യോത്തരവേള പോലുള്ള നിയമസഭാ നടപടികൾ ജനപ്രതിനിധികൾക്ക് അവസരം നൽകുന്നു. എന്നാൽ ഇത്തരം ഉറപ്പുകൾ യഥാസമയം പാലിക്കപ്പെടുന്നില്ലെങ്കിൽ അതിന്റെ പ്രസക്തി തന്നെ നഷ്ടപ്പെടുന്നു. നമ്മുടെ ജനാധിപത്യത്തിന്റെ ശക്തിയും ചൈതന്യവും നിലനിർത്തുന്നതിന്, ബന്ധപ്പെട്ട വകുപ്പുകൾ ഉറപ്പുകൾ സമയബന്ധിതമായി നടപ്പിലാക്കേണ്ടതും സമിതിയുടെ ശിപാർശകൾ ഗൗരവത്തിലെടുത്ത് നടപ്പിലാക്കേണ്ടതും അത് സംബന്ധിച്ച മറുപടി സമിതിയ്ക്ക് ലഭ്യമാക്കേണ്ടതും അനിവാര്യമാണ്.

കെ. പി. എ. മജീദ്,

*അദ്ധ്യക്ഷൻ,*

*ഗവൺമെന്റ് നൽകുന്ന ഉറപ്പുകൾ സംബന്ധിച്ച സമിതി.*

തിരുവനന്തപുരം,
10-7-2024.

## അനുബന്ധം - I

## സമിതി അംഗീകരിച്ച ഉറപ്പുകളുടെ വിശദാംശം

### I. മത്സ്യബന്ധന-തുറമുഖവകുപ്പ്

| ക്രമ നമ്പർ | നിയമസഭ/ സമ്മേളനം | ഉറപ്പ് നമ്പർ | സഭയിൽ ഉന്നയിക്കപ്പെട്ട ചോദ്യം | മന്ത്രി നൽകിയ ഉറപ്പ് |
|---|---|---|---|---|
| 1 | 15/4 | 26 | ഫിഷ് മാർട്ടുകൾ കൂടുതൽ സജീവമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കും? | എല്ലാ മണ്ഡലങ്ങളിലും ഫിഷ് മാർട്ടുകൾ ആരംഭിക്കും. |
| 2 | 15/4 | 33 | പ്രസ്തുത ജീവനക്കാർക്ക് ശമ്പള പരിഷ്കരണം ലഭ്യമാക്കാൻ വകുപ്പ് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് വ്യക്തമാക്കുമോ? | അംഗീകൃത തസ്തികയിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ ശമ്പള പരിഷ്കരണം നടപ്പിലാക്കുന്നതിനായി തീരുമാനം കൈക്കൊണ്ട് ശിപാർശ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത ശിപാർശ പരിശോധിച്ചു വരുന്നു. |
| 3 | 15/5 | 31 | കൃഷി, ഫിഷറീസ്, ടൂറിസം എന്നീ വകുപ്പുകളുമായി സഹകരിച്ച് ഫാം ടൂറിസം മേഖലകളിൽ കൂടുതൽ പദ്ധതികൾ നടപ്പിലാക്കുന്നതിന് തയ്യാറാകുമോ; വിശദാംശം നൽകുമോ? | കൃഷി, ഫിഷറീസ്, ടൂറിസം എന്നീ വകുപ്പുകളുമായി സഹകരിച്ച് ഫാം ടൂറിസം മേഖലയിൽ പദ്ധതികൾ നടപ്പിലാക്കുന്ന കാര്യം പരിശോധിക്കാവുന്നതാണ്. കണ്ണൂർ ജില്ലയിലെ എരഞ്ഞോളി, കൊല്ലം, ആയിരം തെങ്ങ്, തൃശ്ശൂർ, പൊയ്യ, ചെങ്ങന്നൂർ, കുതിരവട്ടം, ചിറ ഫാമുകളിൽ ഇത്തരത്തിലുള്ള പദ്ധതികൾ നടപ്പിലാക്കുന്നതിന് ഫിഷറീസ് വകുപ്പ് ലക്ഷ്യമിടുന്നു. |

| | | | | |
|---|---|---|---|---|
| 4 | 15/5 | 32 | എ) സംസ്ഥാനത്ത് മത്സ്യവിഭവ സംരക്ഷണത്തിലും പരിപാലനത്തിലും മത്സ്യത്തൊഴിലാളി സമൂഹത്തിന്റെ കൂടി പങ്കാളിത്തം ഉറപ്പാക്കുന്ന ഫിഷറീസ് മാനേജ്മെന്റ് കൗൺസിലുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുമോയെന്ന് അറിയിക്കാമോ;<br>ബി)മത്സ്യസമ്പത്ത് സംരക്ഷിക്കുന്നതിന്റെ ഭാഗമായി മത്സ്യ ആവാസ വ്യവസ്ഥ സൃഷ്ടിക്കാൻ കൃത്രിമ പാരുകൾ സ്ഥാപിക്കുന്ന പദ്ധതിയുടെ പ്രയോജനം വിലയിരുത്തിയിരുന്നോ; പ്രസ്തുത പദ്ധതി വ്യാപിപ്പിക്കാൻ ഉദ്ദേശ്യമുണ്ടോ; വ്യക്തമാക്കാമോ? | എ) വില്ലേജ് തല ഫിഷറീസ് മാനേജ്മെന്റ് കൗൺസിലുകളുടെ രൂപീകരണം സർക്കാരിന്റെ പരിഗണനയിലാണ്.<br>ബി) കടലിൽ സ്ഥാപിക്കപ്പെട്ട കൃത്രിമ ആവാസ വ്യവസ്ഥ മത്സ്യ പ്രജനനത്തിനും അവയുടെ സുസ്ഥിരമായ നിലനിൽപ്പിനും അനുകൂലമായ സാഹചര്യം സൃഷ്ടിക്കുന്നതായി പഠനം തെളിയിച്ചു., 2022-23 വർഷവും ടി പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| 5 | 15/5 | 36 | (എ) സംസ്ഥാനത്ത് തീരദേശ കപ്പൽ ഗതാഗതം പ്രോത്സാഹിപ്പിക്കുന്നതിനും തുറമുഖ വകുപ്പിന് കീഴിലുള്ള സ്ഥലങ്ങളെ മറൈൻ, ടൂറിസം വികസന പദ്ധതികൾക്ക് പ്രയോജനപ്പെടുത്തുന്നതിനുമായി തുറമുഖങ്ങളുടെ അടിസ്ഥാന സൗകര്യ വികസനം പൂർത്തീകരിക്കുന്നതിന് പ്രത്യേക പദ്ധതികൾ ആവിഷ്കരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ; | (എ) സംസ്ഥാനത്ത് തീരദേശ കപ്പൽ ഗതാഗതം പ്രോത്സാഹിപ്പിക്കുന്നതിനും തുറമുഖ വകുപ്പിന് കീഴിലുള്ള സ്ഥലങ്ങളെ മറൈൻ, ടൂറിസം വികസന പദ്ധതികൾക്ക് പ്രയോജനപ്പെടുത്തുന്നതിനുമായി തുറമുഖങ്ങളുടെ അടിസ്ഥാന സൗകര്യ വികസനം പൂർത്തീകരിക്കുന്നതിന് പ്രത്യേക പദ്ധതികൾ ആവിഷ്കരിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അഴീക്കൽ തുറമുഖത്ത് ഇ.ഡി. ഐ ടെർമിനൽ സ്ഥാപിച്ചിട്ടുണ്ട്. എമിഗ്രേഷൻ |

| | | | | |
|---|---|---|---|---|
| | | | (ബി) സംസ്ഥാനത്തെ ചെറുകിട തുറമുഖങ്ങളെ സംബന്ധിപ്പിച്ച് റോ-റോ സർവ്വീസ് ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുതപദ്ധതിയുടെ വിശദാംശം നൽകാമോ;<br>(സി) ആലപ്പുഴ തുറമുഖത്തെ ഒരു സമുദ്ര വിനോദസഞ്ചാര കേന്ദ്രമായി ഉയർത്തുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ? | ചെക്ക് പോയിന്റ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.<br>(ബി) സംസ്ഥാനത്തെ ചെറുകിട തുറമുഖങ്ങളെ സംബന്ധിച്ച് റോ-റോ സർവ്വീസ് ആരംഭിക്കുന്നതിന് ആലോചനയുണ്ട്. ടി പദ്ധതി ഇൻവെസ്റ്റേഴ്സ് മീറ്റിൽ ഉൾപ്പെടുത്തി പ്രോപ്പോസലുകൾ ക്ഷണിച്ചിട്ടുണ്ട്. അഴീക്കൽ തുറമുഖത്ത് റോ-റോ ജെട്ടി നിർമ്മാണം ആരംഭിച്ചിട്ടുണ്ട്.<br>(സി) ആലപ്പുഴ തുറമുഖത്തെ മറീനയായി ഉയർത്തുന്നതിനുള്ള ശുപാർശ നിലവിലുണ്ട്. |
| 6 | 15/5 | 72 | മത്സ്യം കേട്ടുകൂടാതെ സൂക്ഷിക്കുന്നതിന് ചെലവുകുറഞ്ഞ മാർഗ്ഗം എന്ന രീതിയിൽ ആരോഗ്യത്തിന് ഹാനികരമായ ഫോർമാലിൻ ഉൾപ്പെടെയുള്ള രാസവസ്തുക്കൾ ചേർക്കുന്നത് തടഞ്ഞ് ഗുണനിലവാരം ഉറപ്പാക്കാൻ മത്സ്യബന്ധന വകുപ്പ് ഇടപെടുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ? | മത്സ്യം കൈകാര്യം ചെയ്യുന്ന ഫിഷ് ലാന്റിംഗ് സെന്റർ, ഹാർബർ, മാർക്കറ്റ്, കടമുറി, ബൂത്ത്, കച്ചവടകേന്ദ്രം, ചിൽഡ് സ്റ്റോറേജ്, ഐസ് പ്ലാന്റ്, പൂർവ്വ സംസ്കരണ കേന്ദ്രം, സംസ്കരണ കേന്ദ്രം, പരിവഹന സൗകര്യം, കണ്ടെയ്നർ എന്നിവയുടെ പ്രവർത്തനങ്ങൾ നിരീക്ഷിക്കുന്നതിനും നിയന്ത്രിക്കുന്നതിനുമായി സംസ്ഥാനതല മത്സ്യ ഗുണനിലവാര പരിപാലന കമ്മിറ്റി രൂപീകരിച്ച് പൊതു ജനങ്ങൾക്ക് ലഭ്യമാക്കുന്ന മത്സ്യത്തിന്റെ ഗുണനിലവാരം പൂർണ്ണമായും ഉറപ്പാക്കുന്നതാണ്. |

| | | | | |
|---|---|---|---|---|
| 7 | 15/6 | 11 | (എ) സംസ്ഥാനത്തിന്റെ വാണിജ്യ വ്യവസായ പുരോഗതിയിൽ ചരിത്രാതീതകാലം മുതൽ നിർണായക പങ്കു വഹിച്ച ചെറുകിട തുറമുഖങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനുവേണ്ടി നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ;<br>(ബി) വിനോദസഞ്ചാര വികസനത്തിനും ചരക്ക് നീക്കത്തിനും നിർണായക പങ്കു വഹിക്കാൻ ഉതകുന്നതരത്തിൽ സംസ്ഥാനത്തെ തുറമുഖങ്ങളെ ബന്ധിപ്പിച്ചുകൊണ്ട് കപ്പൽ സർവ്വീസ് വർദ്ധിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ? | (എ) കൊല്ലം പുലിമുട്ടിന്റെ നിർമ്മാണം കൊണ്ട് രൂപം കൊണ്ട് 34 ഏക്കർ ഭൂമിയിൽ Container stack yard, container freight station, fish processing unit എന്നീ പദ്ധതികളും പരിഗണനയിലുണ്ട്. ബേപ്പൂർ സാഗർമാല പദ്ധതിയിൽപ്പെടുത്തി ഒരു Dedicated berth സ്ഥാപിക്കുന്നതിന് ലക്ഷദ്വീപ് ഭരണകൂടം തയ്യാറായിട്ടുണ്ട്. ഇതേക്കുറിച്ചുള്ള ചർച്ചകൾ താമസംവിന ആരംഭിക്കുന്നതാണ്. തലശ്ശേരി കടൽപ്പാലം പഴമ നിലനിർത്തി പുനർനിർമ്മിക്കുന്നത് സംബന്ധിച്ച പഠനം നടത്തുവാൻ ചെന്നൈ ഐ.ഐ.ടി.-യെ ചുമതലപ്പെടുത്തിയിരിക്കുകയാണ്. റിപ്പോർട്ട് ലഭിക്കുന്ന മുറക്ക് തുടർ നടപടി സ്വീകരിക്കുന്നതാണ്.<br>(ബി) വിനോദസഞ്ചാരവികസനത്തിനും ചരക്ക് നീക്കത്തിനും നിർണ്ണായക പങ്കു വഹിക്കാൻ ഉതകുന്ന തരത്തിൽ സംസ്ഥാനത്തെ തുറമുഖങ്ങളെ ബന്ധിപ്പിച്ച് കൊണ്ട് കപ്പൽ സർവ്വീസ് നടപ്പാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ട്. കൊല്ലം, ബേപ്പൂർ, അഴീക്കൽ, കൊച്ചി തുറമുഖങ്ങളെ ബന്ധിപ്പിച്ചുകൊണ്ട് പാസ്സഞ്ചർ സർവ്വീസ് ആരംഭിക്കുന്നതും പരിഗണനയിലുണ്ട്. |

| | | | | |
|---|---|---|---|---|
| 8 | 15/7 | 9 | (ഡി) ചെറുകിട മത്സ്യബന്ധന യാനങ്ങളിൽ മണ്ണെണ്ണയ്ക്ക് പകരം കൂടുതൽ ലാഭകരമായ ഇന്ധനം ഉപയോഗപ്പെടുത്തുന്നതിനുദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ? | (ഡി) ഉണ്ട്. മണ്ണെണ്ണയുടെ ലഭ്യതക്കുറവും ഉയർന്ന വിലയും സാധാരണക്കാരായ മത്സ്യത്തൊഴിലാളികൾക്ക് താങ്ങാൻ കഴിയാത്തതിനാൽ മണ്ണെണ്ണ OBM കൾക്ക് പകരം പെട്രോൾ/LPG ഉപയോഗിക്കുന്ന OBM കളിലേയ്ക്ക് മാറാൻ അവർ താല്പര്യം പ്രകടിപ്പിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ മണ്ണെണ്ണേതര ഇന്ധനങ്ങൾ അടിസ്ഥാനമാക്കിയുള്ള എഞ്ചിനുകൾ ഉപയോഗിക്കുന്നതിനും നിലവിലുള്ള എഞ്ചിനുകളിൽ കൂടുതൽ കാര്യക്ഷമതയുള്ള ഇന്ധനങ്ങൾ ഉപയോഗിക്കത്തക്ക വിധത്തിൽ മാറ്റുന്നതിനും സബ്സിഡി നൽകുന്ന കാര്യം പരിശോധിച്ചു വരുന്നു. |
| 9 | 15/7 | 11 | (എ) ഹാർബർ നിർമ്മാണത്തിലെ അപാകത കാരണം മുതലപ്പൊഴി ഹാർബറിൽ അപകടങ്ങൾ വർദ്ധിച്ചു വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? | (എ) അപാകതയുള്ളതായി CWPRS (സെൻട്രൽ വാട്ടർ & പവർ റിസർച്ച് സ്റ്റേഷൻ) റിപ്പോർട്ടിൽ വ്യക്തമാക്കുകയാണെങ്കിൽ അടിയന്തര പരിഹാര നടപടി സ്വീകരിക്കുന്നതാണ്. |
| 10 | 15/7 | 22 | കർഷകർക്കെന്നപോലെ മത്സ്യത്തൊഴിലാളികൾക്കും അവർ പിടിച്ചുകൊണ്ടുവരുന്ന മത്സ്യത്തിന് അർഹമായ വില ലഭിക്കാത്ത സാഹചര്യ | മത്സ്യത്തൊഴിലാളികൾക്ക് അവർ പിടിച്ചു കൊണ്ടുവരുന്ന മത്സ്യത്തിന് ന്യായമായ വില ലഭിക്കാനുള്ള സംവിധാനമുണ്ടാക്കുന്നതാണ്. |

| | | | | |
|---|---|---|---|---|
| | | | മുണ്ടാകാറുണ്ട്. അതുപോലത്തന്നെ അധികമായി മത്സ്യം ലഭിക്കുന്ന സന്ദർഭത്തിൽ ആവശ്യക്കാരില്ലാത്തതുകൊണ്ട് ഭൂരിഭാഗവും നശിച്ചു പോകുന്ന സാഹചര്യവുമുണ്ടാകുന്നുണ്ട്. ഇതിനെല്ലാം അറുതിവരുത്താൻ പുതിയ ഫിഷ് മാർക്കറ്റുകളാരംഭിക്കുന്ന ഈ സന്ദർഭത്തിൽ അതുമായി ബന്ധിപ്പിച്ചുകൊണ്ട് മത്സ്യത്തൊഴിലാളികളുടെ കയ്യിൽ നിന്ന് അവർ പിടിക്കുന്ന മുഴുവൻ മത്സ്യവും സംഭരിക്കാനും മിനിമം സപ്പോർട്ട് പ്രൈസ് ലഭ്യമാക്കുന്ന സാഹചര്യവും സൃഷ്ടിക്കാൻ കഴിയുമോ? | അതായത്, മത്സ്യമാർക്കറ്റുകൾ വിപുലീകരിക്കുന്നതോടുകൂടി സമുദ്രതീരത്ത് (മത്സ്യം പിടിച്ചുകൊണ്ട് വരുന്ന സ്ഥലത്തുനിന്നും) നിന്നുതന്നെ മത്സ്യം വാങ്ങുന്നതിനും അവർക്ക് ന്യായമായ വിലകൊടുക്കുന്നതിനും വേണ്ടിയുള്ള നടപടിയും സ്വീകരിക്കുന്നതാണ്. തീർച്ചയായും മിനിമം സപ്പോർട്ട് പ്രൈസ് മത്സ്യമേഖലയിൽ നടപ്പിലാക്കാൻ കഴിയുമോയെന്ന കാര്യം വിശദമായി പരിശോധിച്ച് മറുപടി പറയേണ്ട കാര്യമാണ്. കാർഷികോല്പ ന്നങ്ങളെപ്പോലെ മത്സ്യത്തിനും സപ്പോർട്ട് പ്രൈസ് കൊടുക്കുകയെന്നത് പ്രായോഗികമായി നടപ്പിലാക്കാൻ കഴിയുമോയെന്ന കാര്യം പരിശോധിക്കുന്നതാണ്. ഏതായാലും മത്സ്യത്തൊഴിലാളികൾക്ക് അവർ പിടിക്കുന്ന മത്സ്യത്തിന് ന്യായമായ വില ലഭ്യമാക്കാനും ഇടനിലക്കാരുടെ ചൂഷണത്തിൽ നിന്നും മത്സ്യത്തൊഴിലാളികളെ സംരക്ഷിക്കാൻ കഴിയാവുന്ന എല്ലാ നടപടികളും ഗവൺമെന്റ് സ്വീകരിക്കും. |

## II.ഉന്നതവിദ്യാഭ്യാസ വകുപ്പ്

| ക്രമ നമ്പർ | നിയമസഭ/ സമ്മേളനം | ഉറപ്പ് നമ്പർ | സഭയിൽ ഉന്നയിക്കപ്പെട്ട ചോദ്യം | മന്ത്രി നൽകിയ ഉറപ്പ് |
|---|---|---|---|---|
| 1 | 15/5 | 33 | വിദൂര വിദ്യാഭ്യാസ കോഴ്സിന് യു.ജി.സി. അംഗീകാരം നൽകിയിരിക്കുന്ന കേരളത്തിലെ ഏത് സർവ്വകലാശാലകളിലും വിദ്യാർത്ഥികൾക്ക് ഇഷ്ടമുള്ള ഏത് കോഴ്സിനും പോകാനുള്ള അനുമതി നൽകുമോ; പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് സംസ്ഥാന സർക്കാർ ഇറക്കി യിരിക്കുന്ന സർക്കുലർ പിൻവലിക്കുന്നതിന് നടപടി സ്വീകരിക്കുമോ ? | ശ്രീനാരായണഗുരു ഓപ്പൺ സർവ്വകലാശാലയിൽ യു.ജി.സി-യുടെ ഡിസ്റ്റൻസ് എഡ്യൂക്കേഷൻ ബ്യൂറോയിൽ നിന്നും 2022-23 അദ്ധ്യയന വർഷം മുതൽ വിദൂര വിദ്യാഭ്യാസ കോഴ്സുകൾ നടത്താൻ അനുമതി ലഭിക്കുന്നില്ലെങ്കിൽ ഈ വർഷം വിദൂര വിദ്യാഭ്യാസം/പ്രൈവറ്റ് രജിസ്ട്രേഷൻ വഴിയുള്ള കോഴ്സുകൾ നടത്തുന്നതിന് മറ്റ് സർവ്വകലാശാലകൾക്ക് അനുമതി നൽകുന്ന കാര്യം പരിഗണിക്കും. നിലവിൽ ഒരു പ്രത്യേക ഗസറ്റ് വിജ്ഞാപനത്തിലൂടെ കഴിഞ്ഞ വർഷം അനുമതി നൽകിയിട്ടുള്ളതാണ്. അത് ഇപ്പോഴും വാലിഡാണ്. മറ്റ് സർവ്വകലാശാലകളിൽ റെഗുലർ പ്രവേശന നടപടികൾ ആരംഭിച്ചുവരുന്നതേയുള്ളൂ. റെഗുലർ വിദ്യാർത്ഥികളുടെ പ്രവേശനം പൂർത്തീകരിച്ചതിനുശേഷമാണ് സാധാരണ ഗതിയിൽ വിദൂര വിദ്യാഭ്യാസം മുഖാന്തരമുള്ള പ്രവേശന നടപടികൾ ആരംഭിക്കുന്നത്. |

| | | | | |
|---|---|---|---|---|
| | | | | ആയതിനാൽ വിദ്യാർത്ഥികളുടെ ഭാവിയെ ഒട്ടുതന്നെ ദോഷകരമായി ബാധിക്കാത്ത തരത്തിൽ സമയബന്ധിതമായി ഉചിതമായ നടപടികൾ ഈ വിഷയത്തിൽ സ്വീകരിക്കുന്നതാണ്. |
| 2 | 15/5 | 45 | (എ) സംസ്ഥാനത്തെ സർവ്വകലാശാലകളിൽ ഒരേ സമയം രണ്ട് ബിരുദ വിഷയം പഠിക്കുന്നതിനുള്ള പദ്ധതി ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ നടപ്പ് അദ്ധ്യയനവർഷം ആരംഭിക്കാൻ കഴിയുമോ;<br>(ബി) നിലവിൽ ബിരുദത്തിന് പഠിക്കുന്ന കുട്ടികൾക്ക് മറ്റൊരു ബിരുദത്തിന് ചേർന്ന് പഠിക്കുന്നതിന് അവസരം നൽകുമോ എന്ന് വ്യക്തമാക്കാമോ? | (എ) ഇക്കാര്യം സർക്കാർ പരിശോധിച്ചു വരുന്നു.<br>(ബി) (എ)-യിൽ നൽകിയിരിക്കുന്നു. |
| 3 | 15/5 | 48 | (എ) 2022-ലെ പ്ലസ് ടു പരീക്ഷ പാസ്സായ എല്ലാ വിദ്യാർത്ഥികൾക്കും കോളേജ് പഠനത്തിന് അവസരമൊരുക്കുന്നതിനായി ഗവൺമെന്റ് ആർട്ട്സ് ആന്റ് സയൻസ് കോളേജുകളിലെ സീറ്റുകളും കോഴ്സുകളും വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | 2022-23 അധ്യയനവർഷം സർക്കാർ കോളേജുകളിൽ പുതിയ സീറ്റുകളും കോഴ്സുകളും വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച വിഷയം സർക്കാർ പരിശോധിച്ചു വരുന്നു. |

| | | | | |
|---|---|---|---|---|
| 4 | 15/5 | 49 | (ബി) സ്വകാര്യ സർവ്വകലാശാലകൾക്ക് നിയന്ത്രണം ഏർപ്പെടുത്തുന്ന നയം രൂപീകരിക്കുവാൻ പ്രത്യേക സമിതി രൂപീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ? | സ്വകാര്യ യൂണിവേഴ്സിറ്റികൾ സ്ഥാപിക്കുന്നതിന് അനുവാദം നൽകണമെന്ന് ആവശ്യപ്പെട്ട് വിവിധ വിദ്യാഭ്യാസ സ്ഥാപനങ്ങൾ സമർപ്പിച്ച അപേക്ഷയിന്മേൽ കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ സമർപ്പിച്ച റിപ്പോർട്ട് സർക്കാർ പരിശോധിച്ച് വരുന്നു. |
| 5 | 15/5 | 68 | ഉക്രൈനിൽ മെഡിക്കൽ വിദ്യാഭ്യാസത്തിന് ചേർന്നിട്ടുള്ള മലയാളി വിദ്യാർത്ഥികളുടെ തുടർപഠനത്തിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | ഉക്രൈനിൽ നിന്നും യുദ്ധവും അനുബന്ധ സാഹചര്യങ്ങളും കാരണം മടങ്ങിയെത്തിയ വിദ്യാർത്ഥികളുടെ തുടർപഠനം സംബന്ധിച്ച വിഷയത്തിൽ കേന്ദ്ര സർക്കാരിന്റെയും നാഷണൽ മെഡിക്കൽ കമ്മീഷന്റെയും മാർഗ്ഗനിർദ്ദേശങ്ങൾക്ക് അനുസൃതമായി തുടർനടപടികൾ സ്വീകരിക്കുന്നതാണ്. |
| 6 | 15/6 | 2 | എ) സംസ്ഥാനത്തെ സർവകലാശാലകളിലെ പരീക്ഷാ നടപടികൾ പരിഷ്കരിക്കുന്നതിന് വേണ്ടി നിയോഗിച്ച കമ്മീഷൻ സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ? | (എ) സംസ്ഥാനത്തെ സർവകലാശാലകളിലെ പരീക്ഷാ നടപടികൾ പരിഷ്കരിക്കുന്നതിന് വേണ്ടി നിയോഗിച്ച കമ്മീഷൻ സർക്കാരിന് റിപ്പോർട്ട് സർപ്പിച്ചിട്ടുണ്ട്. പരീക്ഷാ പരിഷ്കരണ കമ്മീഷന്റെ റിപ്പോർട്ടിൽ മുന്നോട്ട് വെച്ചിട്ടുള്ള പ്രധാന നിർദ്ദേശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. റിപ്പോർട്ട് സർക്കാർ പരിശോധിച്ച വരുന്നു. |

| | | | | |
|---|---|---|---|---|
| 7 | 15/6 | 6 | (എ) കാലാനുസൃതവും ഘടനാപരവും ആയ മാറ്റം അനിവാര്യമായ സാഹചര്യത്തിൽ ഉന്നതവിദ്യാഭ്യാസ മേഖല മെച്ചപ്പെടുത്താൻ എന്തെല്ലാം മാറ്റങ്ങളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ? | (എ) കാലാനുസൃതവും ഘടനാപരവും ആയ മാറ്റങ്ങൾ അനിവാര്യമായ സാഹചര്യത്തിൽ ഉന്നതവിദ്യാഭ്യാസ മേഖല മെച്ചപ്പെടുത്തുന്ന കാര്യം പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി ഡോ. ശ്യാം ബി. മേനോൻ അദ്ധ്യക്ഷനായി ഉന്നതവിദ്യാഭ്യാസ പരിഷ്കരണ കമ്മീഷൻ, ഡോ. എൻ. ജയകുമാർ അദ്ധ്യക്ഷനായി നിയമപരിഷ്കരണ കമ്മീഷൻ, ഡോ. സി. റ്റി. അരവിന്ദകുമാർ അദ്ധ്യക്ഷനായി പരീക്ഷാ പരിഷ്കരണ കമ്മീഷൻ എന്നിങ്ങനെ മൂന്ന് കമ്മീഷനുകളെ നിയമിച്ചിരുന്നു. കമ്മീഷനുകൾ സമർപ്പിച്ച റിപ്പോർട്ടുകൾ സർക്കാർ പരിശോധിച്ചു വരുന്നു. |
| 8 | 15/6 | 8 | (എ) സംസ്ഥാനത്തെ അഭ്യസ്തവിദ്യരുടെ തൊഴിൽക്ഷമത മെച്ചപ്പെടുത്തുന്നതിനായി നൈപുണ്യ പരിശീലനത്തിലൂടെ അവരെ പ്രാപ്തരാക്കുന്നതിന് കെ-സ്കിൽ പദ്ധതിക്ക് രൂപം കൊടുത്തിട്ടുണ്ടോ; ഇതിനായി എല്ലാ മണ്ഡലങ്ങളിലും പ്രത്യേകമായി അസാപ് മുഖേന നൈപുണ്യ മേളകൾ സംഘടിപ്പിക്കാൻ പദ്ധതിയുണ്ടോ; വിശദാംശം നൽകാമോ? | (എ) ഉണ്ട്; അസാപ്പിന്റെ ആഭിമുഖ്യത്തിൽ നടത്തുന്ന കെ-സ്കിൽ ക്യാമ്പയിന്റെ ഗുണ ഫലങ്ങൾ ജനങ്ങളിലേക്ക് എത്തിക്കുക എന്ന ഉദ്ദേശത്തോടുകൂടി ഇരിങ്ങാലക്കുട മണ്ഡലത്തിലെ ഇരിങ്ങാലക്കുട ക്രൈസ്റ്റ് കോളേജിൽ വച്ച് 2022 ജൂലൈ 30-ന് ഒരു നൈപുണ്യ പരിചയമേള സംഘടിപ്പിച്ചിരുന്നു. അനുകൂല സാഹചര്യത്തിൽ ഇരിങ്ങാലക്കുട മാതൃകയിൽ മറ്റു നിയോജക മണ്ഡലങ്ങളിലേക്കും ഇത്തരം മേളകൾ വ്യാപിപ്പിക്കുന്ന കാര്യം പരിശോധിക്കുന്നതുമാണ്. |

| | | | | |
|---|---|---|---|---|
| 9 | 15/6 | 9 | (എ) സംസ്ഥാനത്ത് ഉന്നതവിദ്യാഭ്യാസ മേഖലയിൽ വിജ്ഞാനസമൂഹ സൃഷ്ടിയെന്ന ലക്ഷ്യം കൈവരിക്കാനായി പാഠ്യപദ്ധതി പരിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഇതിനായി സ്വീകരിച്ച നടപടികൾ അറിയിക്കാമോ? | (എ) വിജ്ഞാനസമൂഹ സൃഷ്ടിയെന്ന ലക്ഷ്യം കൈവരിക്കാനായി കോഴ്സുകളിൽ മാറ്റം വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഔട്ട്കം ബെയ്സ്ഡ് എഡ്യൂക്കേഷനും (OBE) ഗ്രാജ്ജുവേറ്റ് ആട്രിബ്യൂട്ടുകൾക്കും (GA) ഊന്നൽ നൽകിക്കൊണ്ടുള്ള കരിക്കുലം പരിഷ്കരണത്തിനാണ് ശ്രമിച്ചു വരുന്നത്. സർവ്വകലാശാലകളിൽ പ്രോജക്ട് മോഡ് പ്രോഗ്രാമുകൾ തുടങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഉന്നതവിദ്യാഭ്യാസ മേഖല മെച്ചപ്പെടുത്തുന്നതിനായി ഡോ. ശ്യാം. ബി. മേനോൻ അദ്ധ്യക്ഷനായി രൂപീകരിച്ച ഉന്നത വിദ്യാഭ്യാസ പരിഷ്കരണ കമ്മീഷൻ, പാഠ്യ പദ്ധതി പരിഷ്കരണം ഉൾപ്പെടെയുള്ള വിഷയങ്ങളിൽ സർക്കാരിന് ശിപാർശകൾ സമർപ്പിച്ചിട്ടുണ്ട്. ടി ശിപാർശകൾ സർക്കാർ പരിശോധിച്ചു വരുന്നു. |
| 10 | 15/6 | 21 | (എ) സംസ്ഥാനത്തെ യൂണിവേഴ്സിറ്റികളിൽ നിന്നും ഒറിജിനൽ സർട്ടിഫിക്കറ്റുകൾ ലഭിക്കുന്നതിന് കാലതാമസം വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ)&(ബി) സംസ്ഥാനത്തെ സർവ്വകലാശാലകളിൽ സർട്ടിഫിക്കറ്റുകൾ കാലതാമസം കൂടാതെ വിതരണം ചെയ്യുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സർട്ടിഫിക്കറ്റുകൾ സമയബന്ധിതമായി ലഭ്യമാക്കുന്നതിനാവശ്യമായ |

| | | | | |
|---|---|---|---|---|
| | | | (ബി) ഒറിജിനൽ സർട്ടിഫിക്കറ്റുകൾ, സെമസ്റ്റർ തിരിച്ചുള്ള മാർക്ക് ലിസ്റ്റുകൾ, ട്രാൻസ്ക്രിപ്റ്റുകൾ എന്നിവയ്ക്കായി അപേക്ഷ നൽകി മാസങ്ങളോളം കാത്തിരിക്കേണ്ടി വരുന്ന ബുദ്ധിമുട്ട് ഒഴിവാക്കുന്നതിനായി, അപേക്ഷ സ്വീകരിച്ച് ഇത്ര ദിവസത്തിനകം ആവശ്യപ്പെട്ട സർട്ടിഫിക്കറ്റുകൾ ഇഷ്യൂ ചെയ്യുന്ന തരത്തിൽ ഓൺലൈൻ സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിനും ആയത് പ്രകാരം കൃത്യമായി അവ വിതരണം ചെയ്യുന്നതിനും നടപടി സ്വീകരിക്കുമോ? | ഓൺലൈൻ സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ സർവ്വകലാശാലകൾ സ്വീകരിച്ചു വരുന്നു.<br>സർക്കാരിന്റെ നേതൃത്വത്തിൽ സർവ്വകലാശാലകളെ പങ്കെടുപ്പിച്ചുകൊണ്ട് കെ-റീപ് എന്ന പദ്ധതി നടപ്പിലാക്കുന്നത് പരിഗണിച്ചു വരുന്നു. |

## III.സഹകരണ വകുപ്പ്

| ക്രമ നമ്പർ | നിയമസഭ/ സമ്മേളനം | ഉറപ്പ് നമ്പർ | സഭയിൽ ഉന്നയിക്കപ്പെട്ട ചോദ്യം | മന്ത്രി നൽകിയ ഉറപ്പ് |
|---|---|---|---|---|
| 1 | 15/4 | 27 | ഇടപാടിൽ ക്രമക്കേടോ വീഴ്ചയോ ഉണ്ടായാൽ മാനേജിംഗ് കമ്മിറ്റി അംഗങ്ങൾ ഉൾപ്പെടെ ബന്ധപ്പെട്ടവർക്കെതിരെ കർശന നടപടി സ്വീകരിക്കാവുന്ന തരത്തിൽ നിയമഭേദഗതി ഉദ്ദേശിക്കുന്നുണ്ടോ? | സഹകരണ സംഘങ്ങളിലെ ആശാസ്യമല്ലാത്ത പ്രവണതകൾ കർശനമായി നിയന്ത്രിച്ച് ക്രമക്കേടുകൾ ക്രിമിനൽ കുറ്റമായി കണക്കാക്കി ക്രിമിനൽ നടപടികൾ സ്വീകരിക്കുന്നത് ഉൾപ്പെടെയുള്ള വ്യവസ്ഥകൾ പുതിയ നിയമഭേദഗതിയിൽ ഉൾപ്പെടുത്തുന്നതാണ്. അതോടൊപ്പം സംസ്ഥാനത്തെ സഹകരണ |

| | | | | |
|---|---|---|---|---|
| | | | | സംഘങ്ങളിൽ വർദ്ധിച്ചുവരുന്ന സാമ്പത്തിക ക്രമക്കേടുകൾ തടയുന്നതിനായി സഹകരണ നിയമത്തിൽ കൂടുതൽ കർശന വ്യവസ്ഥകൾ ഉൾപ്പെടുത്തുന്നതിനുള്ള സമഗ്ര നിയമ ഭേദഗതി പരിഗണനയിലാണ്. |
| 2 | 15/4 | 32 | സംസ്ഥാനത്ത് സഹകരണ യൂണിവേഴ്സിറ്റി ആരംഭിക്കുന്നത് സംബന്ധിച്ച നടപടിക്രമങ്ങൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ? | സഹകരണ യൂണിവേഴ്സിറ്റി സ്ഥാപിക്കുന്നത് സംബന്ധിച്ച് സാധ്യതാപഠനം നടത്തുന്നതാണ്. |
| 3 | 15/5 | 34 | സഹകരണ മേഖലയിലെ തട്ടിപ്പുകൾക്ക് ശാശ്വതമായി പരിഹാരമുണ്ടാക്കുന്നതിനും ഭാവിയിൽ ഇത്തരം തട്ടിപ്പുകൾ ഉണ്ടാകാതിരിക്കുന്നതിനുമായി വ്യക്തമായ നിയമനിർമ്മാണമോ മറ്റു നടപടിക്രമങ്ങളോ നാളിതുവരെ സർക്കാർ കൊണ്ടുവന്നിട്ടുണ്ടോ? | സഹകരണ മേഖലയിൽ ഇന്ന് നിലവിലുള്ള 65, 68(1)(2) വകുപ്പുകൾ പ്രകാരം ക്രമക്കേടുകൾക്കെതിരെ നടപടികൾ സ്വീകരിച്ചു വരുമ്പോഴുണ്ടാകുന്ന കാലതാമസംമൂലം പ്രതികൾ രക്ഷപ്പെടാനുള്ള അവസരമുണ്ടാകുന്നുവെന്ന സത്യം മനസ്സിലാക്കിക്കൊണ്ട് സഹകരണ മേഖലയിൽ സമഗ്രമായ നിയമഭേദഗതി കൊണ്ടുവരുന്നതിനായി ഗവൺമെന്റ് തീരുമാനമെടുക്കുകയും ഇതു സംബന്ധിച്ച കരട് നിയമം രൂപീകരിക്കുകയും ചെയ്തുകഴിഞ്ഞു. അടുത്ത സമ്മേളന കാലയളവിൽ സഹകരണ നിയമഭേദഗതികൾ അവതരിപ്പിക്കുന്നതിനുള്ള അവസരം ലഭ്യമാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. |

| | | | | |
|---|---|---|---|---|
| | | | | സമഗ്ര നിയമഭേദഗതി കൊണ്ടു വന്ന് അങ്ങ് സൂചിപ്പിച്ച തരത്തിലുള്ള പോരായ്മകൾ പരിഹരിക്കാനാവശ്യമായ എല്ലാ നടപടികളും സ്വീകരിക്കുമെന്ന് ഈ സഭയ്ക്ക് ഉറപ്പുനൽകുകയാണ്. |
| 4 | 15/5 | 75 | നാളികേരം സംഭരിക്കുന്നതിനാവശ്യമായ സംവിധാനങ്ങൾ വ്യാപകമായി ഇല്ലാത്തതിനാൽ സഹകരണ സംഘങ്ങളിലൂടെ നാളികേരം സംഭരിക്കാനാവശ്യമായ നടപടി സ്വീകരിക്കുമോ ? | പ്രസ്തുത വിഷയം കൃഷി വകുപ്പും കേരഫെഡുമായി കൂടിയാലോചിച്ച് ചെയ്യേണ്ട കാര്യമാണ്. കേരഫെഡ് ഇക്കാര്യത്തിലുള്ള നീക്കങ്ങളും നിർദ്ദേശങ്ങളും നൽകിയാൽ അക്കാര്യം പരിഗണിക്കുന്നതാണ്. |
| 5 | 15/6 | 38 | (എ) സംസ്ഥാനത്ത് സഹകരണ മേഖലയിൽ സഹകരണസംഘ സംരക്ഷണ നിധി രൂപീകരിക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്ത മാക്കാമോ;<br>(ബി) പ്രസ്തുത നിധിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങളും സ്രോതസ്സും പ്രവർത്തന രീതിയും അറിയിക്കാമോ;<br>(സി) പ്രസ്തുത നിധി മുഖേന എന്തൊക്കെ പരിരക്ഷകളാണ് നൽകാൻ ലക്ഷ്യ | (എ) സഹകരണസംഘങ്ങളുടെ പുനഃരുദ്ധാരണത്തി നായി ഒരു പദ്ധതി ഗവൺമെന്റ് തയ്യാറാക്കാൻ തീരുമാനിച്ചിട്ടുണ്ട്. സ്കീം തയ്യാറാകുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.<br>(ബി) സഹകരണസംഘങ്ങളുടെ പുനഃരുദ്ധാരണ ത്തിനായി ഒരു പദ്ധതി ഗവൺമെന്റ് തയ്യാറാക്കാൻ തീരുമാനിച്ചിട്ടുണ്ട്. സ്കീം തയ്യാറാകുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.<br>(സി) സഹകരണസംഘങ്ങളുടെ പുനഃരുദ്ധാരണ ത്തിനായി ഒരു പദ്ധതി ഗവൺമെന്റ് തയ്യാറാക്കാൻ |

| | | | | |
|---|---|---|---|---|
| | | | മിടുന്നതെന്ന് വ്യക്തമാക്കാമോ;<br>(ഡി) നിലവിലുള്ള ഗ്യാരന്റി ബോർഡു കളുടെ പ്രവർത്തനം വിപുലമാക്കുന്നതിന് ആലോചനയുണ്ടോ; വിശദാംശം അറിയിക്കാമോ? | തീരുമാനിച്ചിട്ടുണ്ട്. സ്കീം തയ്യാറാകുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.<br>(ഡി) 12-5-2022-ലെ സ.ഉ.(സാ.ധാ.) നമ്പർ 329/2022/Coop ഉത്തരവ് പ്രകാരം കേരള സംസ്ഥാന സഹകരണ നിക്ഷേപ ഗ്യാരന്റി പരിധി രണ്ട് ലക്ഷം രൂപയിൽ നിന്ന് അഞ്ച് ലക്ഷം രൂപയായി ഉയർത്തുന്നതിനുള്ള നടപടികൾ ആരംഭിക്കുവാൻ തത്വത്തിൽ അനുമതി നൽകുകയും, ആയത് പ്രകാരം തുടർനടപടികൾ സ്വീകരിക്കാൻ ബോർഡ് വൈസ് ചെയർമാനെ ചുമതലപ്പെടുത്തുകയും ചെയ്തു. ബോർഡിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വിശദമായ ഭേദഗതി തയ്യാറാക്കുന്നതാണ്. |
| 6 | 15/6 | 39 | (എ) സഹകരണ ബാങ്കുകളിലെ നിക്ഷേപകർക്ക് തങ്ങളുടെ നിക്ഷേപം യഥാസമയം തിരിച്ചുലഭിക്കുന്നതിന് പ്രത്യേകമായി എന്തെങ്കിലും പദ്ധതി കൊണ്ടുവരാൻ ഉദ്ദേശിക്കുന്നുണ്ടോ;<br>(ബി) ചില സഹകരണ ബാങ്കുകൾ കാട്ടുന്ന അനാസ്ഥമൂലം സഹകരണ | (എ) കേരള സംസ്ഥാന സഹകരണ നിക്ഷേപ ഗ്യാരന്റി സ്കീം പ്രകാരമുള്ള ഗ്യാരണ്ടി പരിധി രണ്ട് ലക്ഷം രൂപയിൽ നിന്ന് അഞ്ച് ലക്ഷം രൂപയായി ഉയർത്തുന്നതിനുള്ള നടപടികൾ ആരംഭിക്കുവാൻ തത്വത്തിൽ അനുമതി നൽകുകയും ആയത് പ്രകാരം തുടർനടപടികൾ സ്വീകരിച്ചു വരുകയും ചെയ്യുന്നു. |

| | | | | |
|---|---|---|---|---|
| | | | മേഖലയ്ക്കെതിരെ എന്ത് നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ? | (ബി) സഹകരണ മേഖലയെ തകർക്കുന്നതിനുള്ള ശ്രമങ്ങൾ നടക്കുന്നതായി ശ്രദ്ധയിൽപ്പെടുകയും ആയതിലെ യാഥാർത്ഥ്യം പൊതുജനങ്ങളെയും നിക്ഷേപകരെയും ബോദ്ധ്യപ്പെടുത്തുന്നതിന്റെ ഭാഗമായി പ്രമുഖ സഹകാരികളുടെ നേതൃത്വത്തിൽ അംഗങ്ങളുടെ ഭവന സന്ദർശനം, സഹകാരി സംഗമം എന്നിവ ജില്ലാടിസ്ഥാനത്തിൽ സംഘടിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| 7 | 15/6 | 46 | (ബി) ഉത്സവകാലങ്ങളിൽ സഹകരണ സ്ഥാപനങ്ങൾ വിലവർദ്ധനവ് നിയന്ത്രിക്കുന്നതിനായി നടത്തുന്ന ഇടപെടലുകൾ വർഷം മുഴുവനും തുടരുന്നത് ഉചിതമായിരിക്കും എന്ന് വിലയിരുത്തിയിട്ടുണ്ടോ;<br>(സി) വർഷം മുഴുവനും ഇത്തരത്തിൽ ന്യായ വിലയ്ക്ക് സാധനങ്ങൾ നൽകുന്ന വിധത്തിൽ കടകൾ തുടങ്ങുമോ? | (ബി) ഈ വിഷയത്തിൽ സാമ്പത്തിക ബാധ്യത ഉൾപ്പെടെയുള്ള കാര്യങ്ങൾ വിശദമായി പരിശോധിച്ച് ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്.<br>(സി) ഈ വിഷയത്തിൽ സാമ്പത്തിക ബാധ്യത ഉൾപ്പെടെയുള്ള കാര്യങ്ങൾ വിശദമായി പരിശോധിച്ച് ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്. |
| 8 | 15/6 | 47 | (എ) സഹകരണ ബാങ്കുകളുടെ നിക്ഷേപങ്ങൾ സംരക്ഷിക്കാൻ പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (എ) കേരളത്തിൽ പ്രതിസന്ധി നേരിടുന്ന സഹകരണ സംഘങ്ങൾ / ബാങ്കുകൾ എന്നിവയെ സഹായിക്കുന്നതിനായി സമഗ്രമായ ഒരു പുനരുദ്ധാരണ പദ്ധതി തയ്യാറാക്കുന്നതാണ്. |

| | | | | |
|---|---|---|---|---|
| | | | | കേരള സംസ്ഥാന സഹകരണ നിക്ഷേപ ഗ്യാരന്റി സ്കീം പ്രകാരമുള്ള ഗ്യാരന്റി പരിധി രണ്ട് ലക്ഷം രൂപയിൽ നിന്ന് അഞ്ച് ലക്ഷം രൂപയായി ഉയർത്തുന്നതിനുള്ള അനുമതി നൽകുകയും ആയത് പ്രകാരം തുടർനടപടികൾ സ്വീകരിച്ച് വരുകയും ചെയ്യുന്നു. |
| 9 | 15/6 | 48 | (എ) 26-2-2021-ലെ സ.ഉ,(സാധാ) 176/2021 നമ്പർ ഉത്തരവ് പ്രകാരം സഹകരണ വകുപ്പിലെ പെൻഷൻ പദ്ധതി പരിഷ്കരിച്ചതു വഴി ഒരു മാസം എത്ര തുകയുടെ അധിക ബാധ്യതയാണ് പെൻഷൻ ബോർഡിന് ഉണ്ടായിട്ടുള്ളത്; ഈ അധിക ബാധ്യത എങ്ങനെ കണ്ടെത്തുന്നതിനാണ് ആലോചിക്കുന്നത്; വ്യക്തമാക്കാമോ;<br>പെൻഷൻ ഫണ്ട് വർദ്ധിപ്പിക്കുന്ന കാര്യം പരിഗണനയിലുണ്ടോ? | (എ) പെൻഷൻ പരിഷ്കരിച്ചത് വഴി ഒരു മാസം 2,08,06,684 രൂപയുടെ അധിക ബാധ്യത ഉണ്ടായിട്ടുണ്ട്.<br>പെൻഷൻ വ്യവസ്ഥകൾ പരിഷ്കരിക്കുന്നതിന് ഒരു സമിതിയെ നിയോഗിക്കുന്നതാണ്. ടി സമിതിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ധനാഗമ മാർഗ്ഗങ്ങൾ വർദ്ധിപ്പിക്കുന്നതിനുള്ള മേൽനടപടികൾ സ്വീകരിക്കുന്നതാണ്.<br>(സി) ഉന്നതതല സമിതിയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ നടപടി സ്വീകരിക്കുന്നതാണ്. |
| 10 | 15/7 | 28 | സംസ്ഥാനത്തെ താലൂക്ക് സർക്കിൾ സഹകരണ യൂണിയനുകളിലെ ജീവനക്കാരെ പെൻഷൻ പദ്ധതി യിൽ അംഗങ്ങൾ ആക്കിയിട്ടുണ്ടോ; എങ്കിൽ അംഗങ്ങളായ ജീവനക്കാരുടെ എണ്ണം എത്രയെന്ന് അറിയിക്കുമോ; | സംസ്ഥാനത്തെ താലൂക്ക് സർക്കിൾ സഹകരണ യൂണിയനുകളിലെ ജീവനക്കാരെ നിലവിൽ പെൻഷൻ പദ്ധതിയിൽ അംഗങ്ങളാക്കിയിട്ടില്ല. ഇതിന് വേണ്ടിയുള്ള നിയമ ഭേദഗതി സർക്കാർ പരിഗണനയിലാണ്.<br>സംസ്ഥാനത്തെ താലൂക്ക് സർക്കിൾ സഹകരണ യൂണിയനുകളിലെ ജീവനക്കാരെ നിലവിൽ |

| | | | | |
|---|---|---|---|---|
| | | | ഇതിനായി എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; പ്രസ്തുത പദ്ധതിയുടെ നിലവിലെ സ്ഥിതിയെന്തെന്ന് വിശദമാക്കുമോ; | പെൻഷൻ പദ്ധതിയിൽ അംഗങ്ങളാക്കിയിട്ടില്ല. ഇതിന് വേണ്ടിയുള്ള നിയമ ഭേദഗതി സർക്കാർ പരിഗണനയിലാണ്. |

## IV. റവന്യൂ വകുപ്പ്

| ക്രമ നമ്പർ | നിയമസഭ/ സമ്മേളനം | ഉറപ്പ് നമ്പർ | സഭയിൽ ഉന്നയിക്കപ്പെട്ട ചോദ്യം | മന്ത്രി നൽകിയ ഉറപ്പ് |
|---|---|---|---|---|
| 1 | 15/3 | 47 | (എ) സംസ്ഥാനത്ത് എല്ലാവർക്കും ഭൂമി എല്ലാ ഭൂമിക്കും രേഖ എന്ന കാഴ്ചപ്പാടോടെ അർഹരായ എല്ലാവർക്കും പട്ടയം നൽകുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ എന്തൊക്കെയാണ്; അഞ്ച് വർഷത്തിനുള്ളിൽ അർഹരായവർക്കെല്ലാം പട്ടയം നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ? | (എ) 1964-ലെ കേരള ഭൂമി പതിവ് ചട്ടങ്ങൾ, 1963-ലെ ഭൂപരിഷ്കരണ നിയമം, 1995-ലെ മുൻസിപ്പാലിറ്റി/കോർപ്പറേഷൻ പ്രദേശങ്ങളിലെ ഭൂമി പതിവ് ചട്ടങ്ങൾ എന്നിവ പ്രകാരം അർഹരായ എല്ലാവർക്കും പട്ടയം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അർഹരായവർക്ക് സമയബന്ധിതമായി തന്നെ പട്ടയങ്ങൾ വിതരണം ചെയ്യുവാനാണ് ഉദ്ദേശിക്കുന്നത്. ഓരോ ജില്ലയിലും പട്ടയ വിതരണത്തിന് ശേഷിക്കുന്ന ഭൂമി, അർഹരായവരുടെ വിവരം, പട്ടയവിതരണം ചെയ്യാനുള്ള തടസ്സം ഭൂരഹിതരായവരുടെ എണ്ണം എന്നിവ രേഖപ്പെടുത്തിയ ഒരു ഡാഷ് ബോർഡ് തയ്യാറാക്കുന്നതിനു തടസ്സങ്ങൾ നിയമാനുസരണം പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

| | | | | |
|---|---|---|---|---|
| 2 | 15/5 | 35 | (ബി) സാമൂഹിക വ്യവസ്ഥയിൽ വന്ന മാറ്റങ്ങൾ കണക്കിലെടുത്ത് പാട്ട വ്യവസ്ഥകൾ കാലോചിതമായി പരിഷ്ക്കരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (ബി) സാമൂഹിക വ്യവസ്ഥയിൽ വന്ന മാറ്റങ്ങൾ കണക്കിലെടുത്ത് പാട്ട വ്യവസ്ഥകൾ കാലോചിതമായി പരിഷ്ക്കരിക്കുന്നത് സർക്കാർ പരിശോധിച്ചു വരുന്നു. സർക്കാരിനും പാട്ട കക്ഷിക്കും ഒരു പോലെ പ്രയോജനപ്പെടുന്ന വിധം ബന്ധപ്പെട്ട ചട്ടങ്ങളിൽ മാറ്റം കൊണ്ടു വരുന്ന വിഷയം സർക്കാരിന്റെ സജീവ പരിഗണനയിലാണ്. |
| 3 | 15/5 | 37 | (സി) റീസർവ്വേ നടപടികളുടെ ഭാഗമായി ഓരോ ജില്ലയിലും സ്വകാര്യ വ്യക്തികൾ അധികമായി കൈവശം വച്ചിട്ടുള്ള ഭൂമിയും അവകാശികൾ ഇല്ലാത്ത ഭൂമിയും സർക്കാർ ഭൂമിയും കണ്ടെത്തി ലാൻഡ് ബാങ്കിൽ ഉൾപ്പെടുത്തി ഭൂരഹിതരും ഭവന രഹിതരുമായവർക്ക് വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | (സി) 1964-ലെ കേരള സർവ്വെ അതിരടയാള ചട്ടങ്ങളിലെ ചട്ടം 83 പ്രകാരം, സ്വകാര്യ വ്യക്തികളുടെ ഭൂമിയോടു ചേർന്നു കിടക്കുന്ന സർക്കാർ ഭൂമിയുടെ വിസ്തീർണ്ണം കുറവാകുകയും, സ്വകാര്യ ഭൂമിക്ക് വിസ്തീർണ്ണം കൂടുതലുമായാൽ, പുറമ്പോക്ക് കയ്യേറ്റമെന്ന് കണക്കാക്കി, കൂടുതലായ സ്വകാര്യ ഭൂമി പുറമ്പോക്കിലേക്ക് കൂട്ടിച്ചേർക്കേണ്ടതാണ് എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. അവകാശികൾ ഇല്ലാത്ത സ്വകാര്യ ഭൂമികൾ 1964-ലെ കേരള അന്യം നിന്ന വസ്തുക്കൾ കണ്ടുകെട്ടൽ നിയമപ്രകാരം ഏറ്റെടുത്ത് ഭൂരഹിതർക്ക് പതിച്ച് കൊടുക്കുന്നുണ്ട്. |

| | | | | |
|---|---|---|---|---|
| | | | | ഡിജിറ്റൽ സർവ്വെ പൂർത്തിയാകുന്നതോടെ ഇത്തരത്തിലുള്ള മുഴുവൻ ഭൂമിയും കണ്ടെത്തി സംരക്ഷിക്കുന്നതിനും തുടർന്ന് അർഹരായ ഭൂരഹിതർക്ക് പതിച്ച് കൊടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കും. |
| 4 | 15/5 | 39 | നാല് വർഷത്തിനുള്ളിൽ എല്ലാ വില്ലേജുകളിലും റീസർവ്വേ പൂർത്തിയാക്കാൻ തയ്യാറാക്കിയിട്ടുള്ള പദ്ധതിക്ക് പ്രാരംഭം കുറിക്കാനായിട്ടുണ്ടോ; അതിനായി ഉപയോഗിക്കുന്ന സാങ്കേതിക വിദ്യയും മറ്റിന ചെലവും അറിയിക്കാമോ? | നാല് വർഷത്തിനുള്ളിൽ എല്ലാ വില്ലേജുകളിലും റീസർവ്വെ പൂർത്തിയാക്കുന്നതിനുള്ള ഡിജിറ്റൽ സർവ്വെ പദ്ധതിയിൽ പൊതുജന പങ്കാളിത്തം ഉറപ്പാക്കുന്നതിനായി നിയമസഭാ സാമാജികരെയും എല്ലാ ജില്ലകളിലെയും തദ്ദേശ സ്വയംഭരണ പ്രതിനിധികളേയും ഉൾപ്പെടുത്തി ബോധവൽക്കരണ ശിൽപ്പശാലകൾ സംഘടിപ്പിച്ചിട്ടുണ്ട്. കൂടാതെ ടി പദ്ധതിക്ക് വേണ്ടി ആദ്യഘട്ടത്തിൽ തെരഞ്ഞെടുത്തിട്ടുള്ള 200 വില്ലേജുകളുടെ ഭൂവുടമസ്ഥരുടെ വിവരങ്ങൾ (ReLIS ഡാറ്റ) പരിശോധിച്ച് ഉറപ്പാക്കുന്ന ജോലികൾ ജില്ലാ കളക്ടർമാരുടെ മേൽ നോട്ടത്തിൽ പൂർത്തിയാക്കിയിട്ടുള്ളതും ടി വില്ലേജുകളുടെ ലഭ്യമായ എല്ലാ മുൻ സർവ്വെ റിക്കാർഡുകളും സ്കാൻ ചെയ്ത് ഡിജിറ്റലാക്കുന്ന ജോലികൾ പൂർത്തിയാക്കിയിട്ടുള്ളതുമാണ്. ഡിജിറ്റൽ സർവ്വെ പദ്ധതിക്കാവശ്യമായ സർവ്വെ |

| | | | | |
|---|---|---|---|---|
| | | | | ഉപകരണങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടികളും കരാർ അടിസ്ഥാനത്തിൽ ജീവനക്കാരെ നിയമിക്കുന്നതിനുള്ള നടപടികളും പുരോഗമിച്ചു വരുന്നു. ആയത് പൂർത്തിയാക്കി പദ്ധതിയുടെ ഭാഗമായുള്ള ഫീൽഡ് സർവ്വെ താമസം കൂടാതെ ആരംഭിക്കുന്നതാണ്.Continuously Operating Reference Stations (CORS), Real Time Kinematic Rover (RTK-Rover), Robetic Electronic Total Station (R-TS) തുടങ്ങിയ നൂതന സർവ്വെ സാങ്കേതിക വിദ്യ ഉപയോഗിച്ച് ഡിജിറ്റൽ സർവ്വെ നടപടികൾ ത്വരിതഗതിയിൽ നടത്തുന്നതിനാണ് ലക്ഷ്യമിടുന്നത്. സംസ്ഥാനത്തിന്റെ ഭൂപ്രകൃതി അനുസരിച്ച് ആവശ്യമായിട്ടുള്ള 28 COR സ്റ്റേഷനുകളിൽ സർവ്വെ ഓഫ് ഇന്ത്യയുടെ സഹകരണത്തോടെ 14 സ്റ്റേഷനുകൾ സ്ഥാപിച്ചിട്ടുള്ളതും ശേഷിക്കുന്ന 14 സ്റ്റേഷനുകളുടെ ജോലികൾ പുരോഗതിയിലുമാണ്. കൂടാതെ RKT Rover, R-ETS തുടങ്ങിയ സർവ്വെ ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള ടെണ്ടർ നടപടികൾ സ്വീകരിച്ചുവരുന്നതുമാണ്.<br><br>സംസ്ഥാനത്തെ 1550 വില്ലേജുകളുടെ ഡിജിറ്റൽ സർവ്വെ 4 വർഷത്തിനകം പൂർത്തിയാക്കുക എന്ന |

| | | | | |
|---|---|---|---|---|
| | | | | ലക്ഷ്യത്തോടെ 807.98 കോടി രൂപയുടെ പദ്ധതി അംഗീകരിച്ച് നാലു ഘട്ടങ്ങളായി നടക്കുന്ന ഡിജിറ്റൽ റീസർവ്വെയുടെ ആദ്യ ഘട്ടത്തിന് 339.438 കോടി രൂപ RKI-ൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയിട്ടുണ്ട്. |
| 5 | 15/5 | 66 | (എ) വിദേശരാജ്യങ്ങളിൽ ജോലിചെയ്തു വരുന്ന മലയാളികൾക്ക് മലേഷ്യ പോലുള്ള രാജ്യങ്ങളിലെ ആളുകളെ വിവാഹം ചെയ്യുന്നതിന് ഇവിടെ വിവാഹിതരല്ലെന്ന സാക്ഷ്യപത്രം അനിവാര്യമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br>(ബി) അപേക്ഷകർ ബന്ധപ്പെട്ട തദ്ദേശ സ്ഥാപനങ്ങളേയും റവന്യൂ വിഭാഗത്തെയും സമീപിക്കുമ്പോൾ തങ്ങളുടെ സേവനങ്ങളുടെ പട്ടികയിൽ സിംഗിൾ സ്റ്റാറ്റസ് സർട്ടിഫിക്കറ്റ് ഇല്ലെന്ന കാരണം പറഞ്ഞ് സാക്ഷ്യപത്രം നൽകുന്നില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;<br>(സി) ഇത്തരം സാക്ഷ്യപത്രങ്ങൾ നൽകാൻ സർക്കാർ തലത്തിൽ ബന്ധപ്പെട്ട | (എ) വിദേശപൗരൻമാരെ വിവാഹം കഴിക്കുന്നതിനായി അതതു വിദേശ രാജ്യങ്ങളിൽ ഹാജരാക്കുന്നതിനായി വിവാഹിതരല്ലെന്ന സർട്ടിഫിക്കറ്റ് ആവശ്യപ്പെട്ട് ധാരാളം അപേക്ഷകൾ റവന്യൂ വകുപ്പിൽ ലഭിക്കുന്നുണ്ട്.<br>എന്നാൽ നിലവിലെ വ്യവസ്ഥകൾ പ്രകാരം റവന്യൂ വകുപ്പിൽ നിന്നും നല്കി വരുന്ന 23 ഇനം സർട്ടിഫിക്കറ്റുകളിൽ വിവാഹിതരല്ലെന്ന സാക്ഷ്യ പത്രം ഉൾപ്പെട്ടു വരുന്നില്ല. ലാൻഡ് റവന്യൂ മാന്വൽ വാല്യം 6-ൽ ഇത്തരം സർട്ടിഫിക്കറ്റ് നൽകുന്നത് സംബന്ധിച്ച പരാമർശമോ നടപടി നിർദ്ദേശമോ ഇല്ല. ആയതിനാൽ പ്രസ്തുത സാക്ഷ്യപത്രം അനുവദിക്കുന്നതിലേയ്ക്കായി സ്വീകരിക്കേണ്ട തെളിവ്/രേഖ, അന്വേഷണ നടപടികൾ എന്നിവ ഉൾപ്പെടുത്തി വിശദമായി മാർഗ്ഗ നിർദ്ദേശം പുറപ്പെടുവിക്കുന്ന വിഷയം പരിശോധിച്ചു വരുന്നു.<br>(ബി) വിദേശപൗരൻമാരെ വിവാഹം കഴിക്കുന്ന |

| | | | | |
|---|---|---|---|---|
| | | | വകുപ്പുകൾക്ക് ചുമതല നൽകുന്ന കാര്യത്തിൽ വ്യക്തമായ ഉത്തരവ് ഇറക്കുന്ന കാര്യം പരിശോധിക്കുമോ;<br>(ഡി) പ്രസ്തുത വിഷയത്തിൽ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്ന് വിശദമാക്കുമോ? | തിനായി അതതു വിദേശ രാജ്യങ്ങളിൽ ഹാജരാക്കുന്നതിനായി വിവാഹിതരല്ലെന്ന സർട്ടിഫിക്കറ്റ് ആവശ്യപ്പെട്ട് ധാരാളം അപേക്ഷകൾ റവന്യൂ വകുപ്പിൽ ലഭിക്കുന്നുണ്ട്.<br>എന്നാൽ നിലവിലെ വ്യവസ്ഥകൾ പ്രകാരം റവന്യൂ വകുപ്പിൽ നിന്നും നല്കി വരുന്ന 23 ഇനം സർട്ടിഫിക്കറ്റുകളിൽ വിവാഹിതരല്ലെന്ന സാക്ഷ്യ പത്രം ഉൾപ്പെട്ടു വരുന്നില്ല. ലാൻഡ് റവന്യൂ മാന്വൽ വാല്യം 6-ൽ ഇത്തരം സർട്ടിഫിക്കറ്റ് നൽകുന്നത് സംബന്ധിച്ച പരാമർശമോ നടപടി നിർദ്ദേശമോ ഇല്ല. ആയതിനാൽ പ്രസ്തുത സാക്ഷ്യപത്രം അനുവദിക്കുന്നതിലേയ്ക്കായി സ്വീകരിക്കേണ്ട തെളിവ്/രേഖ, അന്വേഷണ നടപടികൾ എന്നിവ ഉൾപ്പെടുത്തി വിശദമായി മാർഗ്ഗ നിർദ്ദേശം പുറപ്പെടുവിക്കുന്ന വിഷയം പരിശോധിച്ചു വരുന്നു.<br>(സി) ഇക്കാര്യം സർക്കാരിന്റെ പരിഗണനയിലാണ്.<br>(ഡി) ഇക്കാര്യം സർക്കാരിന്റെ പരിഗണനയിലാണ്. |

| | | | | |
|---|---|---|---|---|
| 6 | 15/6 | 16 | (എ) സംസ്ഥാനത്തെ ഭൂരഹിതരുടെ വിവര ശേഖരണം നടത്തിയിട്ടുണ്ടോ; എങ്കിൽ ജില്ല തിരിച്ചുള്ള കണക്കുകൾ വ്യക്തമാക്കാമോ? | (എ) സംസ്ഥാനത്തെ ഭൂരഹിതരുടെ വിവര ശേഖരണം റവന്യൂ വകുപ്പ് നടത്തി കണക്കുകൾ ശേഖരിച്ചിട്ടില്ലാത്തതാണ്. എന്നാൽ സംസ്ഥാനത്തെ ഭൂരഹിതരുടെ വിവരശേഖരണം ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന നടത്തിവരുന്നു. |
| 7 | 15/6 | 17 | (ബി) പ്രളയം തടയാൻ "റൂം ഫോർ റിവർ" അടക്കമുള്ള ഡച്ച് മാതൃകയിലുള്ള പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ? | (ബി) പ്രളയം തടയാൻ "റൂം ഫോർ റിവർ" എന്ന ഡച്ച് മാതൃകയിലുള്ള പദ്ധതി കുട്ടനാട് പാക്കേജിന്റെ കീഴിൽ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്. ആയതിന്റെ ഹൈഡ്രോഡൈനാമിക് പഠനത്തിനായി ചെന്നൈ ഐ.ഐ.റ്റി-യെ ഏൽപ്പിച്ചിട്ടുണ്ട്. റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്. |
| 8 | 15/7 | 21 | ഉരുൾപൊട്ടലും പ്രകൃതിക്ഷോഭവും മൂലം ദുരന്തമുണ്ടാകുന്ന കൊക്കയാർ, കൂട്ടിക്കൽ, നിലമ്പൂർ എന്നിവിടങ്ങളിൽ പുനരധിവാസ നടപടികൾ വേഗത്തിലാക്കുവാൻ നടപടി സ്വീകരിക്കുമോ? | ഒരു പാക്കേജ് തയ്യാറാക്കുന്നതിനെക്കുറിച്ച് പരിശോധിക്കേണ്ടതാണ്. സർക്കാരിന് ചെയ്യാവുന്ന എല്ലാ കാര്യങ്ങളും ചെയ്തിട്ടുണ്ടെങ്കിലും ഏതെങ്കിലും തരത്തിലുള്ള കുറവുകളുണ്ടെങ്കിൽ അത് പരിശോധിക്കാം. |

## V. വിനോദസഞ്ചാര വകുപ്പ്

| ക്രമ നമ്പർ | നിയമസഭ/ സമ്മേളനം | ഉറപ്പ് നമ്പർ | സഭയിൽ ഉന്നയിക്കപ്പെട്ട ചോദ്യം | മന്ത്രി നൽകിയ ഉറപ്പ് |
|---|---|---|---|---|
| 1 | 15/3 | 46 | (എ) സംസ്ഥാനത്ത് വിനോദസഞ്ചാര വികസന സാധ്യതകളുള്ള ഗ്രാമീണ കേന്ദ്രങ്ങൾ തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടെ വികസിപ്പിച്ച് ആഭ്യന്തര-വിദേശ സഞ്ചാരികളെ ആകർഷിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് നിലവിലുള്ളതെന്ന് വിശദീകരിക്കാമോ;<br><br>(ബി) ചരിത്രപ്രാധാന്യമർഹിക്കുന്ന ആരാധനാലയങ്ങളെയും സ്ഥലങ്ങളെയും ബന്ധിപ്പിച്ച് നടപ്പിലാക്കുന്ന വിനോദ സഞ്ചാര പദ്ധതികളിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെക്കൂടി ഉൾപ്പെടുത്തി ജനകീയമാക്കി മാറ്റുന്നതിന് നടപടി സ്വീകരിക്കുമോ? | (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ടൂറിസം വികസനത്തിന്റെ ഭാഗമായി പുതിയ ടൂറിസംകേന്ദ്രങ്ങൾ കണ്ടെത്തുന്നതിനായി കേരളത്തിലെ എല്ലാ ജില്ലകളിലെയും പഞ്ചായത്തുകളിലെയും ടൂറിസം സാധ്യത പരിശോധിച്ച് അവയുടെ അടിസ്ഥാന സൗകര്യവികസനത്തിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഇതിന്റെ ഭാഗമായി അതാത് ജില്ലകളിലെ ജില്ലാ കളക്ടറുടെ സാന്നിദ്ധ്യത്തിൽ അവിടെയുള്ള ബന്ധപ്പെട്ട സ്റ്റോക്ക് ഹോൾഡേഴ്സിനേയും പഞ്ചായത്ത് പ്രതിനിധികളെയും ഉൾപ്പെടുത്തി ടൂറിസം പൊതുമരാമത്ത് വകുപ്പുമന്ത്രി യോഗം നടത്തി വരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്തുകൾ തയ്യാറാക്കിയ പദ്ധതി നിർദ്ദേശങ്ങൾ വകുപ്പിന് ലഭിച്ചു വരുന്നു. ഈ പദ്ധതി നടപ്പിലാക്കുന്നതിനുള്ള മാനദണ്ഡം നിശ്ചയിക്കുന്ന കാര്യം അന്തിമഘട്ടത്തിലാണ്. |

| | | | | |
|---|---|---|---|---|
| | | | | (ബി) ഇത്തരം പദ്ധതികളിൽ ആവശ്യമായി വരുന്ന സ്ഥലത്ത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ ഉൾപ്പെടുത്തി ജനകീയമാക്കി മാറ്റുന്ന കാര്യം പരിഗണിക്കാവുന്നതാണ്. |
| 2 | 15/5 | 38 | (എ) സംസ്ഥാനത്തെ ചില വിനോദ സഞ്ചാര കേന്ദ്രങ്ങളിൽ സ്ത്രീകൾ കൂട്ട ബലാൽസംഗമുൾപ്പെടെയുള്ള അതിക്രമങ്ങൾക്കിരയാകുന്ന എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് ഗൗരവത്തോടെ കാണുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ? | (എ) വിനോദസഞ്ചാരമേഖലയിൽ വിനോദ സഞ്ചാരികളായ സ്ത്രീകൾക്കെതിരെ കൂട്ടബലാത്സംഗം പോലുള്ള അതിക്രമങ്ങൾ ഈ സർക്കാരിന്റെ കാലത്ത് റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല. കേരളത്തിൽ ഇത്തരം സംഭവങ്ങൾ താരതമ്യേന കുറവാണ്. എങ്കിൽ തന്നെയും വിനോദ സഞ്ചാരികൾക്ക് നേരെ അത്തരം അതിക്രമങ്ങൾ ഉണ്ടാവാതിരിക്കുന്നതിന് വേണ്ടി പ്രതിജ്ഞാബദ്ധമാണ് ഈ സർക്കാർ. ടൂറിസം മേഖലയിലെ സുരക്ഷിതത്വം ഉറപ്പാക്കുന്നതിന്റെ ഭാഗമായി വിനോദസഞ്ചാര കേന്ദ്രങ്ങളുടെ പരിധിയിൽ വരുന്ന പോലീസ് സ്റ്റേഷനുകൾക്ക് പ്രത്യേക നിരീക്ഷണത്തിന് പോലീസ് വകുപ്പ് മുഖേന നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതിനു പുറമെ, പ്രത്യേകം പരിശീലനം ലഭിച്ച ടൂറിസം പോലീസിനെ പ്രധാന ടൂറിസം കേന്ദ്രങ്ങളിൽ വിന്യസിച്ചിട്ടുണ്ട്. കേരളത്തിലെ 14 ജില്ലകളിലായി |

| | | | | |
|---|---|---|---|---|
| | | | | 184 ടൂറിസം പോലീസിനെ നിയോഗിച്ചിട്ടുണ്ട്. കൂടാതെ, ടൂറിസം പോലീസിന്റെ എണ്ണം വർദ്ധിപ്പിക്കുന്നതിനും സ്ത്രീ സൗഹൃദ വിനോദസഞ്ചാരം പ്രോത്സാഹിപ്പിക്കുന്നതിനും വേണ്ടിയിട്ടുള്ള ഒരു ബ്രെയിൻ സ്റ്റോമിങ് വർക്ക്ഷോപ്പ് ഒക്ടോബർ മാസത്തിന് മുൻപായി സംസ്ഥാനത്ത് നടത്തുന്നതിന് ഉത്തരവാദിത്ത ടൂറിസം മിഷൻ നടപടികൾ സ്വീകരിച്ചു വരികയും ചെയ്യുന്നു. ഒറ്റയ്ക്കും കൂട്ടായും സ്ത്രീ സഞ്ചാരികൾ എത്തുന്ന ട്രെൻഡ് വർധിച്ചുവരുന്ന സാഹചര്യത്തിൽ സുരക്ഷയുടെ കാര്യത്തിൽ കൂടുതൽ നടപടികൾ സ്വീകരിക്കുന്ന കാര്യം പരിഗണിക്കുന്നുണ്ട്. ടൂറിസം കേന്ദ്രങ്ങളിലെ സുരക്ഷ, പരിപാലനം എന്നിവയ്ക്കായി യുവജനങ്ങളെ നിയോഗിക്കുന്നതിന് യുവജന ക്ഷേമബോർഡിന്റെ സഹായത്തോടെ ഒരു പദ്ധതി ആലോചനയിലാണ്. ടൂറിസം ക്ലബ്ബുകളെയും ഇത്തരം പ്രവർത്തനങ്ങൾക്ക് നിയോഗിക്കുന്ന കാര്യം ആലോചിക്കുന്നുണ്ട്. |
| 3 | 15/5 | 42 | വിനോദസഞ്ചാര മേഖലകളിലെ നിയമ വിരുദ്ധ പ്രവർത്തനങ്ങൾ തടയുന്നതിനും സേവനങ്ങളും ഗുണമേന്മയും സഞ്ചാരികളുടെ സുരക്ഷയും ഉറപ്പാക്കുന്നതിനും ഈ | ജനങ്ങളെ ടൂറിസവുമായി കൂടുതൽക്കൂടുതൽ അടുപ്പിക്കുക എന്നതാണ് ബഹുമാനപ്പെട്ട അംഗത്തിന്റെ ചോദ്യത്തിനുള്ള ഉത്തരമായി കാണുന്നത്. ജനങ്ങൾ ടൂറിസത്തിൽ നിന്നും |

| | | | | |
|---|---|---|---|---|
| | | | മേഖലയിൽ പ്രവർത്തിക്കുന്ന വിവിധ സർക്കാർ/സ്വകാര്യ ഏജൻസികളുടെ ഫലപ്രദമായ ഏകോപനത്തിനും പദ്ധതി തയ്യാറാക്കുമോ; അതോടൊപ്പം തന്നെ വിനോദസഞ്ചാര മേഖലയിലുണ്ടാകുന്ന അപകടങ്ങൾ, മരണങ്ങൾ എന്നിവ വർദ്ധിച്ചുവരുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ? | അകന്നുപോകേണ്ടവരല്ല. നമ്മുടെ നാട്ടിലെ ടൂറിസം വികസിക്കുമ്പോൾ സാധാരണക്കാരുൾപ്പെടെയുള്ള ജനങ്ങളുടെ ദൈനംദിന ജീവിതത്തിലും മാറ്റമുണ്ടാകുന്നു. അതിനാണ് ഈ സർക്കാർ ഉത്തരവാദിത്ത ടൂറിസം വളരെ ഫലപ്രദമായി നടപ്പിലാക്കുന്നത്. ഉത്തരവാദിത്ത ടൂറിസം വളരെ നല്ലൊരു മാതൃകയാണ്. അത് ലോകത്തിനുതന്നെ മാതൃകയായതുകൊണ്ടാണ് ഉത്തരവാദിത്ത ടൂറിസം മിഷന് ലോകത്തുതന്നെ യു.കെ.യിൽപ്പോയി അവാർഡ് ലഭിക്കാൻ ഈയിടെ കാരണമായി മാറിയിട്ടുള്ളതെന്നത് ഞാനിവിടെ പ്രത്യേകം അറിയിക്കാൻ ആഗ്രഹിക്കുകയാണ്. ബഹുമാനപ്പെട്ട അംഗം പറഞ്ഞ മറ്റ് കാര്യങ്ങളെല്ലാംതന്നെ പരിശോധിച്ച് എല്ലാവരേയും യോജിപ്പിച്ചുകൊണ്ടുള്ള നിലപാട് സ്വീകരിക്കുന്നതാണ്. |
| 4 | 15/5 | 43 | എ) ഗ്രാമീണ മേഖലയിലെ ടൂറിസം സാധ്യതകളെ പ്രോത്സാഹിപ്പിക്കുന്നതിനും പ്രയോജനപ്പെടുത്തുന്നതിനും യുവജനങ്ങൾക്ക് കൂടുതൽ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുന്നതിനും എന്തെങ്കിലും പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ടോ; വിശദവിവരം ലഭ്യമാക്കാമോ? | എ) പ്രാദേശിക ജന സമൂഹത്തിനു തൊഴിലും വരുമാനവും ലഭ്യമാക്കുക എന്നുള്ളതാണ് ഉത്തരവാദിത്ത ടൂറിസം മിഷൻ പ്രവർത്തനങ്ങളുടെ ഏറ്റവും പ്രധാന ലക്ഷ്യം. ടൂറിസം രംഗവുമായി ബന്ധിപ്പിക്കാവുന്ന തരത്തിലുള്ള വിവിധ സംരംഭകത്വ വികസന പരിശീലനങ്ങൾ നൽകിക്കൊണ്ട്, യൂണിറ്റുകൾ രജിസ്റ്റർ ചെയ്ത് |

| | | | | |
|---|---|---|---|---|
| | | | | ഇവരെ ടൂറിസം മേഖലയുമായി ബന്ധിപ്പിക്കുന്നു. ഉത്തരവാദിത്ത ടൂറിസം മിഷന്റെ വിവിധ എക്സ്പീരിയൻഷ്യൽ ടൂറിസം പാക്കേജുകളുടെ നടത്തിപ്പ് പ്രാദേശിക ജനസമൂഹത്തിന് തൊഴിലും വരുമാനവും ലഭ്യമാക്കുവാൻ കാരണമാകുന്നു. ഉത്തരവാദിത്ത ടൂറിസം മിഷന്റെ ഏറ്റവും പുതിയ പ്രവർത്തനമായ ഉത്തരവാദിത്ത ടൂറിസം ക്ലബുകൾ യുവജനങ്ങളെ ടൂറിസം രംഗത്ത് കൂടുതൽ ഉൾപ്പെടുത്തുന്നതിനുള്ള ഒരു പരിശ്രമമാണ്. ഇതിലൂടെ ധാരാളം യുവജനങ്ങൾ ടൂറിസം രംഗത്തേക്ക് കടന്നു വരികയും ടൂറിസം മേഖലയുടെ ഗുണ ഭോക്താക്കൾ ആയി മാറുകയും ചെയ്യുമെന്നാണ് കണക്കാക്കുന്നത്.<br>ഉത്തരവാദിത്ത ടൂറിസം മിഷന്റെ കീഴിൽ നടപ്പാക്കുന്ന സ്ട്രീറ്റ് പദ്ധതി പോലുള്ള പദ്ധതികളും കൂടുതൽ തൊഴിലവസരം സൃഷ്ടിക്കുന്ന ഒന്നാകും. ക്യാമ്പസുകളിൽ ആരംഭിക്കുന്ന ടൂറിസം ക്ലബുകൾ വഴി വിദ്യാർത്ഥികൾക്ക് ടൂറിസം മേഖലയിൽ പാർട്ട് ടൈം ജോലി നൽകുന്നതും പരിഗണനയിലാണ്. |
| 5 | 15/5 | 44 | (ബി) ഡെസ്റ്റിനേഷൻ ചലഞ്ച് പദ്ധതിയുടെ നിലവിലെ അവസ്ഥ വ്യക്തമാക്കുമോ? | (ബി) ഈ പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം 8-6-2022 ന് നടന്നു. തുടർന്ന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, പദ്ധതി |

| | | | | |
|---|---|---|---|---|
| | | | | റിപ്പോർട്ട്, ഡെസ്റ്റിനേഷൻ ചലഞ്ച് പദ്ധതിയുടെ പോർട്ടലിൽ നിർദ്ദിഷ്ട മാതൃകയിൽ അപ് ലോഡ് ചെയ്യുകയാണ് വേണ്ടത്. ടൂറിസം വകുപ്പ് ആവശ്യമായ പരിശോധനകൾ നടത്തി തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |
| 6 | 15/5 | 47 | (എ) 2021-22-ലെ ബജറ്റിൽ പ്രഖ്യാപിച്ചിരുന്ന വിനോദസഞ്ചാര കേന്ദ്രങ്ങളിൽ ആംഫിബിയൻ വാഹനസൗകര്യം ലഭ്യമാക്കുന്ന പദ്ധതി നടപ്പാക്കിയോ; എങ്കിൽ ഏതൊക്കെ ടൂറിസം കേന്ദ്രങ്ങളിലാണ് പ്രസ്തുത വാഹന സൗകര്യം ലഭ്യമാക്കുന്നതിന് ഉദ്ദേശിക്കുന്നത്? | വിനോദസഞ്ചാരകേന്ദ്രങ്ങളിൽ ആംഫിബിയൻ വാഹനസൗകര്യം ലഭ്യമാക്കുന്ന പദ്ധതി വകുപ്പിന്റെ പരിഗണനയിലാണ്. പദ്ധതിയുടെ ഫീസിബിലിറ്റി പരിഗണിച്ച ശേഷം നടപ്പാക്കുന്ന കാര്യത്തിൽ തീരുമാനം കൈക്കൊള്ളാനാണ് ഉദ്ദേശിക്കുന്നത്. |
| 7 | 15/5 | 54 | (ഡി) പ്രസ്തുത പദ്ധതി വഴി ഗോത്രവർഗ്ഗ ജനതയുടെ സംസ്കാരവും വൈദഗ്ധ്യവും സഞ്ചാരികൾക്ക് പരിചയപ്പെടുത്തുന്നതിനും ഗോത്രവർഗ്ഗ ജനതയ്ക്ക് സ്ഥിരവരുമാന മാർഗ്ഗമായി ഇതിനെ മാറ്റിത്തീർക്കാനും കഴിയുമെന്ന് കരുതുന്നുണ്ടോ; എങ്കിൽ ഈ പദ്ധതി കൂടുതൽ കേന്ദ്രങ്ങളിലേക്ക് വ്യാപിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ഡി) ഗോത്രവർഗ്ഗ ജനതയ്ക്ക് സ്ഥിരവരുമാനമായി ഈ പദ്ധതി മാറുമെന്ന് പ്രതീക്ഷിക്കുന്നു. കൂടുതൽ കേന്ദ്രങ്ങളിലേക്ക് വ്യാപിപ്പിക്കുന്നത് പട്ടിക വർഗ്ഗ വികസനവകുപ്പുമായി ആലോചിക്കാവുന്നതാണ്. |
| 8 | 15/6 | 15 | (ബി) കാസർഗോഡ് ബേക്കൽ മുതൽ തിരുവനന്തപുരം കോവളം വരെയുള്ള | (ബി) പരിശോധിക്കാവുന്നതാണ്. |

| | | | | |
|---|---|---|---|---|
| | | | ചെറുതും വലുതുമായ എല്ലാ ബിച്ച് ടൂറിസം പദ്ധതികളെയും ഏകോപിപ്പിച്ചുകൊണ്ട് ബീച്ച് ടൂറിസം സർക്യൂട്ട് എന്ന പദ്ധതി ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;<br>(ഡി) സാധ്യതയ്ക്കനുസരിച്ച് പുതുതായി ബീച്ച് ടൂറിസം സൈറ്റുകൾ ആരംഭിക്കുന്നതിനും ഫിഷർമാൻ വില്ലേജുകളുമായി അവയെ സംയോജിപ്പിക്കുന്നതിനും അതുവഴി തദ്ദേശ ജനതയുടെ പങ്കാളിത്തവും പുരോഗതിയും ഉറപ്പാക്കി ജനകീയ ബിച്ച് ടൂറിസം പദ്ധതിയ്ക്ക് രൂപം നൽകാൻ തയ്യാറാകുമോയെന്ന് വ്യക്തമാക്കാമോ? | (ഡി) ഉത്തരവാദിത്ത ടൂറിസം മിഷൻ മുഖേന നടപ്പാക്കുന്നതിനുള്ള സാധ്യത പരിശോധിക്കാവുന്നതാണ്. |
| 9 | 15/6 | 18 | ആഭ്യന്തര ടൂറിസ്റ്റുകളെ കേരളത്തിലേക്ക് കൊണ്ടുവരാൻ സാധിക്കുന്ന വിധത്തിൽ ഗവൺമെന്റിന്റെ നേതൃത്വത്തിൽ ട്രാവൽ മാർട്ടുകൾ സംഘടിപ്പിക്കുന്ന കാര്യം ആലോചിക്കുമോ? | സർക്കാരിന്റെ സജീവ പരിഗണനയിലാണ്. |
| 10 | 15/7 | 8 | കായൽ, ബീച്ച്, ഹിൽ, വില്ലേജ് എന്നീ മേഖലകളിലെ വിനോദസഞ്ചാര വികസനത്തിന് എന്തെല്ലാം പുതിയ പദ്ധതികൾ നടപ്പാക്കുമെന്ന് വ്യക്തമാക്കുമോ? | കായൽ ടൂറിസത്തിന്റെ അനന്ത സാദ്ധ്യതകൾ കണക്കിലെടുത്ത് തദ്ദേശസ്ഥാപനങ്ങളുടെ കൂടി സഹായത്തോടെ ആവശ്യമായ ഭൂമി കണ്ടെത്തി ഈ മേഖലയിലെ വിനോദസഞ്ചാര വികസനത്തിന് |

| | | | | |
|---|---|---|---|---|
| | | | | അനുയോജ്യമായതും പരിസ്ഥിതിക്ക് ഇണങ്ങുന്നതുമായ കൂടുതൽ പദ്ധതികൾ നടപ്പാക്കുന്ന കാര്യം പരിശോധിക്കാവുന്നതാണ്. ഓരോ ബീച്ചിന്റെയും പ്രത്യേകതകൾക്ക് അനുസരിച്ചുള്ള പദ്ധതികളാണ് ആസൂത്രണം ചെയ്യുന്നത്. കോവളം ഡെസ്റ്റിനേഷന്റെ പ്രൗഢി ഉയർത്തുന്നതിനുള്ള വൻകിട പദ്ധതിക്ക് കിഫ്ബി വഴി പദ്ധതി രേഖ തയ്യാറാക്കുകയാണ്. |

## VI. ഗതാഗത വകുപ്പ്

| ക്രമ നമ്പർ | നിയമസഭ/ സമ്മേളനം | ഉറപ്പ് നമ്പർ | സഭയിൽ ഉന്നയിക്കപ്പെട്ട ചോദ്യം | മന്ത്രി നൽകിയ ഉറപ്പ് |
|---|---|---|---|---|
| 1 | 15/3 | 44 | (എ) മത്സ്യവില്പന നടത്തുന്ന വനിതകൾക്കായി കെ.എസ്.ആർ.ടി.സി.യും ഫിഷറീസ് വകുപ്പും സംയുക്തമായി ആരംഭിച്ച സമുദ്ര സൗജന്യ ബസ് സർവ്വീസിന്റെ വിശദാംശം ലഭ്യമാക്കുമോ? | തിരുവനന്തപുരം ജില്ലയിലെ പ്രധാന മത്സ്യവിപണന കേന്ദ്രങ്ങളിൽ നിന്നും നഗരത്തിനുള്ളിലെ വിവിധ സ്ഥലങ്ങളിലേയ്ക്കും തിരിച്ചും വനിതാ മത്സ്യ തൊഴിലാളികളെ എത്തിക്കുന്നതിനായി പ്രത്യേക നിറത്തിലുള്ള 3 സ്പെഷ്യൽ ബസ്സുകൾ കെ.എസ്.ആർ.ടി.സി.യ്ക്ക് മത്സ്യബന്ധന വകുപ്പിൽ നിന്നും 67.50 ലക്ഷം രൂപ വാർഷിക ഗ്രാന്റ് ലഭ്യമാകുന്ന വ്യവസ്ഥയിൽ സർവ്വീസ് നടത്തി വരുന്നു. മറ്റു ജില്ലകളിൽ നിന്നും ലഭ്യമാകുന്ന അപേക്ഷയുടെ അടിസ്ഥാനത്തിൽ ഈ പദ്ധതി വ്യാപിപ്പിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്. |

| | | | | |
|---|---|---|---|---|
| 2 | 15/5 | 40 | മോട്ടോർ തൊഴിലാളികളുടെ വേതനം പുതുക്കുന്നതിന് നടപടി സ്വീകരിക്കുമോ? | തൊഴിലാളികളുടെ വേതനം പുതുക്കുന്നത് സംബന്ധിച്ച് ബഹുമാനപ്പെട്ട തൊഴിൽ വകുപ്പ് മന്ത്രിയുമായി ആലോചിച്ച് ഉടൻതന്നെ തീരുമാനം കൈക്കൊള്ളുന്നതാണ്. |
| 3 | 15/5 | 50 | (എ) കേന്ദ്ര മോട്ടോർ വാഹനനിയമ ഭേദഗതി പ്രകാരം സംസ്ഥാനത്ത് സമഗ്രമായ ഗതാഗത നയം രൂപീകരിക്കാൻ നടപടിയെടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ;<br>(ബി) പൊതു ഗതാഗതം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി സഹകരണ മേഖലയിൽ ട്രാൻസ്പോർട്ട് കമ്പനി രൂപീകരിക്കുന്നതിന് സർക്കാർ ആലോചിക്കുന്നുണ്ടോയെന്ന് അറിയിക്കാമോ; | (എ) സമഗ്ര ഗതാഗത നയം രൂപീകരിക്കുന്നതിനുള്ള ആലോചനകൾ നടന്നു വരുന്നു.<br>(ബി) സമഗ്ര ഗതാഗത നയം രൂപീകരിക്കുന്നതിനുള്ള ആലോചനകൾ നടന്നു വരുന്നു.<br>(സി) സമഗ്ര ഗതാഗത നയം രൂപീകരിക്കുന്നതിനുള്ള ആലോചനകൾ നടന്നു വരുന്നു. |
| 4 | 15/5 | 57 | (എ) റോഡ് മാർഗ്ഗമുള്ള ചരക്ക് നീക്കം നിയന്ത്രിക്കുന്നതിനായി എന്തെല്ലാം പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ? | (എ) റോഡ് മാർഗ്ഗമുള്ള ചരക്ക് ഗതാഗതം നിയന്ത്രിക്കുന്നതിന്റെ ഭാഗമായി, ജലമാർഗമുള്ള ചരക്ക് നീക്കം സാധ്യമാക്കുന്നതിനും ജല ഗതാഗതത്തിന്റെ സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തുന്നതിനുമായി, കോവളം മുതൽ ബേക്കൽ വരെ, 616 കി.മീ. നീളത്തിൽ, വെസ്റ്റ് കോസ്റ്റ് കനാൽ എന്ന പേരിൽ ജലപാത വികസിപ്പിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു. |

| | | | | |
|---|---|---|---|---|
| 5 | 15/6 | 3 | (ബി) കെ.എസ്.ആർ.ടി.സി. ആവശ്യപ്പെടുന്ന പ്രകാരം ബാങ്ക് കൺസോർഷ്യത്തിൽ നിന്നുള്ള വായ്പാ തിരിച്ചടവ് ഏറ്റെടുക്കാൻ തീരുമാനമായിട്ടുണ്ടോ;<br>(സി) വായ്പാ ബാധ്യത ഒഴിവാക്കിയാൽ മേയ് മാസത്തെ പ്രവർത്തനച്ചെലവും വരവും തമ്മിലുള്ള വിടവ് 12 കോടിയിൽ താഴെയായിരുന്നതിനാൽ കൂടുതൽ വാഹനങ്ങൾ ഓപ്പറേറ്റ് ചെയ്ത് പ്രതിദിന വരുമാന വർദ്ധനവിലൂടെ കെ.എസ്.ആർ.ടി.സി. യെ പ്രവർത്തന ലാഭത്തിലേക്കെത്തിയ്ക്കാൻ നടപടിയെടുക്കുമോ;<br>(ഡി) കെ.എസ്.ആർ.ടി.സി.യിലെ തൊഴിലാളികളെ കൂടി വിശ്വാസത്തിലെടുത്തുകൊണ്ട് പരിഷ്കരണ പ്രവർത്തനങ്ങൾ നടപ്പാക്കാൻ വേണ്ട ഇടപെടൽ നടത്തുമോ? | (ബി) ഗവൺമെന്റിന്റെ പരിഗണനയിലാണ്.<br>(സി) കൂടുതൽ ബസ്സുകൾ ഓപ്പറേറ്റ് ചെയ്യുന്നതിനും പ്രൊഫ. സുശീൽ ഖന്ന റിപ്പോർട്ട് പ്രകാരം സിംഗിൾ ഡ്യൂട്ടി സമ്പ്രദായം മോട്ടോർ ട്രാൻസ്പോർട്ട് വർക്കേഴ്സ് ആക്ട് പ്രകാരം നടപ്പിലാക്കുവാൻ നിശ്ചയിച്ചിട്ടുണ്ട്. ഇത് പ്രാവർത്തികമാക്കുന്നതോടെ നിലവിലെ ജീവനക്കാരെ ഉപയോഗിച്ച് തന്നെ കൂടുതൽ ബസ് ഓപ്പറേറ്റ് ചെയ്ത് വരുമാനം ടാർജറ്റിലേയ്ക്ക് എത്തിക്കുവാൻ കഴിയും. കൂടാതെ നോൺ ഓപ്പറേറ്റിംഗിലെ വരുമാനം ലക്ഷ്യമിട്ട് കൊമേഴ്സ്യൽ, ബഡ്ജറ്റ്, ടൂറിസം എന്നിങ്ങനെ പ്രത്യേക സെല്ലുകൾ രൂപീകരിച്ച് നോൺ ഓപ്പറേറ്റിംഗ് വരുമാന സമഗ്രമായ പുനരുദ്ധാരണ പ്രവർത്തനങ്ങളിലൂടെ കെ.എസ്.ആർ.ടി.സി.-യെ പ്രവർത്തന ലാഭത്തിലെത്തിക്കുവാൻ ശ്രമങ്ങൾ നടന്നുവരികയാണ്.<br>(ഡി) പരിഷ്കരണ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിന്റെ ഭാഗമായി തൊഴിലാളികളെ കൂടി വിശ്വാസത്തിലെടുത്തുകൊണ്ട് പ്രൊഫ. സുശീൽ ഖന്നയുടെ റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ പ്രാവർത്തികമാക്കുന്നതിനുള്ള നടപടികൾ സ്വീക |

| | | | | |
|---|---|---|---|---|
| | | | | രിച്ചു വരുന്നു. കെ.എസ്.ആർ.ടി.സി.യുടെ 2400 ഓർഡിനറി ബസ്സുകൾ പ്രായോഗികമായി മോഡിഫൈ ചെയ്ത് അധിക ബസ്സുകളും ജീവനക്കാരെ കൂടി ഉപയോഗിക്കുന്നതിലൂടെ ജീവനക്കാരുടെ എണ്ണത്തിൽ വർദ്ധന ഇല്ലാതെ പ്രതിമാസം 25 കോടി രൂപയുടെ വരുമാന വർദ്ധനവ് ലഭ്യമാകുമെന്ന് കണക്കാക്കിയിട്ടുണ്ട്. ഇത് പ്രായോഗികമാക്കുന്നതോടെ നിലവിലുള്ള ഷെഡ്യൂൾ ക്രൂ (ഡ്രൈവർ, കണ്ടക്ടർ) റേഷ്യോ കുറയുന്നതാണ്. ഈ പദ്ധതികൾ ബന്ധപ്പെട്ട വരുമായും തൊഴിലാളി സംഘടനകളുമായും ചർച്ച ചെയ്ത് എത്രയും വേഗം നടപ്പാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ട്. |
| 6 | 15/6 | 20 | (ബി) യാത്രാ സൗകര്യം കുറഞ്ഞ പ്രദേശങ്ങൾ ഒഴികെയുള്ള പ്രധാന റൂട്ടുകളിലെ ഷെഡ്യൂളുകൾ ശാസ്ത്രീയമായി പുനർനിർണയിക്കുന്നതിനും ഓരോ വാഹനത്തിന്റെയും പ്രതിദിന കളക്ഷൻ സംബന്ധിച്ച് പരിശോധിക്കുന്നതിനും നടപടി സ്വീകരിക്കുമോ? | (ബി) യാത്രാ സൗകര്യം കുറഞ്ഞ പ്രദേശങ്ങൾ ഒഴികെയുള്ള പ്രധാന റൂട്ടുകളിലെ ഷെഡ്യൂളുകൾ ശാസ്ത്രീയമായി പുനർനിർണ്ണയിക്കുന്നതിന്റെ ഭാഗമായി ഡിപ്പോ അടിസ്ഥാനത്തിൽ സർവ്വീസുകൾ കാര്യക്ഷമമായി നടത്തുന്നതിനും ഓരോ ഡിപ്പോയ്ക്കും കളക്ഷൻ ടാർജറ്റ് പ്രത്യേകം പ്രത്യേകം നിശ്ചയിച്ച് അതിനനുസരിച്ച് കാര്യക്ഷമമായി സർവ്വീസുകൾ നടത്തി വരുമാനം തീരെ കുറഞ്ഞതും യാത്രാസൗകര്യമുള്ള |

| | | | | |
|---|---|---|---|---|
| | | | | പ്രദേശങ്ങളിലേയ്ക്കുള്ളതുമായ ട്രിപ്പുകൾ പുനഃക്രമീകരിച്ച് ഇ.പി.കെ.എം. (Earnings Per Kilometer) വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>ഇത്തരം പരിഷ്കരണ നടപടികളിലൂടെയും, സർവ്വീസ് ഓപ്പറേഷൻ കാര്യക്ഷമമാക്കുന്നതിലൂടെയും പ്രതിദിന വരുമാനം 8 കോടി രൂപയിലേയ്ക്ക് എത്തിക്കുന്നതിനുള്ള കർമ്മ പദ്ധതി ഉടൻ നടപ്പിലാക്കുന്നതാണ്. |

## VII. പൊതുമരാമത്ത് വകുപ്പ്

| ക്രമ നമ്പർ | നിയമസഭ/ സമ്മേളനം | ഉറപ്പ് നമ്പർ | സഭയിൽ ഉന്നയിക്കപ്പെട്ട ചോദ്യം | മന്ത്രി നൽകിയ ഉറപ്പ് |
|---|---|---|---|---|
| 1 | 15/5 | 41 | (സി) ഗെയിൽ വാതക പൈപ്പ് ലൈൻ ഇടുന്നതിന് നൽകുന്ന അനുമതിക്ക് സമാനമായി ജലജീവൻ പദ്ധതിയെക്കൂടി പരിഗണിക്കാൻ തയ്യാറാവുമോ? | (സി) പരിശോധിച്ച് നടപടി സ്വീകരിക്കാവുന്നതാണ്. |
| 2 | 15/6 | 12 | (എ) പൊതുമരാമത്ത് വകുപ്പിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ രൂപകല്പന ചെയ്യുന്നതിനായി കാലാവസ്ഥ സെൽ രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ അതിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാമെന്ന് അറിയിക്കാമോ? | (എ) ഉണ്ട്. കാലാവസ്ഥ വ്യതിയാനം ചെറുത്തു നിൽക്കാൻ ഉതകുന്ന നിർമ്മാണ രീതികൾ കേരളത്തിൽ പ്രാവർത്തികമാക്കുക, പരിസ്ഥിതി സൗഹാർദ്ദ നിർമ്മാണ രീതികൾ നിർമ്മാണ വസ്തുക്കൾ എന്നിവയുടെ ഗവേഷണങ്ങൾ |

| | | | | |
|---|---|---|---|---|
| | | | | നടത്തുക, സമൂഹത്തിൽ മേൽ വിഷയങ്ങളെ കുറിച്ചുള്ള അവബോധം സൃഷ്ടിക്കുക, ഇത്തരം സാങ്കേതിക വിദ്യകൾ ഉപയോഗിക്കാനുള്ള മാർഗരേഖ തയ്യാറാക്കുക, ഇവയിൽ എഞ്ചിനീയർമാർക്ക് നൂതന പരിശീലനം നൽകുക തുടങ്ങിയവയാണ് പരിസ്ഥിതി സെല്ലിന്റെ ഉദ്ദേശലക്ഷ്യങ്ങൾ. |
| 3 | 15/6 | 13 | (എ) പാലക്കാട്, മലപ്പുറം, കോഴിക്കോട് ജില്ലകളിലൂടെ കടന്നുപോകുന്ന ഗ്രീൻ ഫീൽഡ് ഹൈവേയുടെ പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ടോ;<br>(സി) ഭൂമിയും സ്ഥാപനങ്ങളും നഷ്ടപ്പെട്ടവരുടെ പരാതികൾ പരിഹരിക്കാൻ എന്ത് നടപടിയാണ് സ്വീകരിച്ചുവരുന്നത്? | (എ) റവന്യൂ വകുപ്പും, പൊതുമരാമത്ത് വകുപ്പും നടത്തുന്ന അവലോകന യോഗങ്ങളിൽ പാലക്കാട്, മലപ്പുറം, കോഴിക്കോട് ജില്ലകളിലൂടെ കടന്ന് പോകുന്ന ഗ്രീൻഫീൽഡ് ഹൈവേയ്ക്ക് ഭൂമി ഏറ്റെടുക്കൽ പുരോഗതി വിലയിരുത്താറുണ്ട്.<br>(സി)പരാതികൾ ലഭിച്ച എല്ലാ കേസുകളിലും ബന്ധപ്പെട്ട LA ഓഫീസർ പരാതിക്കാരെ നേരിലേ കേട്ടിട്ടുള്ളതും പരാതികൾ അഭിപ്രായത്തിനായി ദേശീയപാത അതോറിറ്റിക്ക് അയച്ച നൽകിയിട്ടുള്ളതുമാണ്. പരാതികൾ സാങ്കേതികമായി വിലയിരുത്തി അന്തിമ തീർപ്പ് കൽപ്പിക്കുന്നതുമാണ്. |

| | | | | |
|---|---|---|---|---|
| 4 | 15/7 | 12 | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ള റോഡുകൾ പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്ത് നവീകരിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ? | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ റോഡുകൾ പൊതുമരാമത്ത് വകുപ്പ് ഏറ്റെടുക്കുന്ന വിഷയം സർക്കാരിന്റെ പരിശോധനയിലാണ്. |
| 5 | 15/7 | 14 | ദേശീയ അതോറിറ്റിയുടെ റോഡ് നിർമ്മാണത്തിനിടെ പാലം തകർന്നുവീണ സംഭവത്തിന്റെ പശ്ചാത്തലത്തിൽ സംസ്ഥാനത്തെ റോഡുകളുടെയും പാലങ്ങളുടെയും നിർമ്മാണത്തിൽ നിശ്ചിത നിലവാരം കർശനമായി പുലർത്തുന്നുവെന്നുറപ്പ് വരുത്താൻ പ്രത്യേകം ശ്രദ്ധ നൽകുന്നുണ്ടോ? | പ്രവൃത്തി നടക്കുന്ന ഇടങ്ങളിൽ നേരിട്ടെത്തിയുള്ള ഗുണപരിശോധനയ്ക്ക് ഓട്ടോമേറ്റഡ് മൊബൈൽ യൂണിറ്റുകൾ കൂടി ഏർപ്പെടുത്തും. ജില്ലകളിലെ ഗുണപരിശോധന ശക്തിപ്പെടുത്താൻ മൊബൈൽ ലാബുകൾ സജ്ജമാക്കുന്ന പദ്ധതിയും നടപ്പാക്കും. |

## VIII. കൃഷി വകുപ്പ്

| ക്രമ നമ്പർ | നിയമസഭ/ സമ്മേളനം | ഉറപ്പ് നമ്പർ | സഭയിൽ ഉന്നയിക്കപ്പെട്ട ചോദ്യം | മന്ത്രി നൽകിയ ഉറപ്പ് |
|---|---|---|---|---|
| 1 | 15/3 | 43 | (ബി) കെ.എസ്.ആർ.ടി.സി.യുമായി സഹകരിച്ച് ബസ് സ്റ്റേഷനുകളിൽ മീറ്റ് ഷോപ്പ് കം റസ്റ്റോറന്റുകൾ ആരംഭിക്കുവാൻ പദ്ധതിയുണ്ടോ; വിശദമാക്കാമോ? | (ബി) ഉണ്ട്. കെ.എസ്.ആർ.ടി.സി.യുടെ ബസ് സ്റ്റേഷനുകളിൽ എം.പി.ഐ.യുടെ മീറ്റ് ഷോപ്പുകൾ ആരംഭിക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കോട്ടയം, പത്തനംതിട്ട, എറണാകുളം, തൃശ്ശൂർ, കൊല്ലം, കൊട്ടാരക്കര, |

| | | | | |
|---|---|---|---|---|
| | | | | കണ്ണൂർ എന്നീ സ്റ്റേഷനുകളിൽ തുടങ്ങാനുള്ള 150 സ്ക്വയർ ഫീറ്റ് വീതം സ്ഥലം നൽകാനുള്ള അനുമതി കെ.എസ്.ആർ.ടി.സി. നൽകിയിട്ടുണ്ട്; കൂടുതൽ സ്റ്റേഷനുകളിൽ ഇതു തുടങ്ങാൻ പദ്ധതിയിട്ടിട്ടുണ്ട്. കൂടുതൽ സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് റസ്റ്റോറന്റും തുടങ്ങുന്ന കാര്യം പരിഗണനയിലാണ്. |
| 2 | 15/3 | 45 | (ബി) കൃഷിഭവനുകളെ സർക്കാർ ഓഫീസ് എന്നതിലുപരി കർഷകരുടെ സഹായകേന്ദ്രങ്ങൾ എന്ന തലത്തിലേക്ക് ഉയർത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശം നൽകാമോ? | കൃഷിവകുപ്പിന്റെ വിവിധ സേവനങ്ങൾ ഫലപ്രദവും കാര്യക്ഷമവും സുതാര്യവുമായ രീതിയിൽ സമയബന്ധിതമായി കർഷകരിലേക്കെത്തിക്കുക, കർഷകർക്കാവശ്യമായ സാങ്കേതികോപദേശങ്ങളും, കാലാവസ്ഥാ വിവരങ്ങളും, വിവിധ ഉല്പാദനോപാധികളും, വിപണന സംവിധാനങ്ങളും, വിള ആരോഗ്യ സംരക്ഷണ പ്രവർത്തനങ്ങളും, ഇൻഷ്വറൻസ് / പ്രകൃതിക്ഷോഭ പരിരക്ഷയും വായ്പ സൗകര്യങ്ങളും ഉല്പാദനോപാദികളുടെ ഗുണനിലവാരം ഉറപ്പാക്കലും ആധുനിക സാങ്കേതിക വിദ്യയുടെ സഹായത്തോടെ ഒരു കുടക്കീഴിൽ ലഭ്യമാക്കുക എന്നീ ലക്ഷ്യങ്ങളോടെ സർക്കാർ ഓഫീസ് എന്നതിലുപരി കൃഷി ഭവനുകളെ കർഷകരുടെ സഹായ കേന്ദ്രങ്ങൾ എന്ന നിലയിലേക്ക് ഉയർത്തുന്നതിനായി "സ്മാർട്ട് കൃഷിഭവൻ" എന്ന പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. |

| | | | | |
|---|---|---|---|---|
| 3 | 15/5 | 46 | (എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കൃഷി ഭവനകളുടെ അടിസ്ഥാന സൗകര്യവികസനത്തിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; വിശദാംശം നൽകുമോ? | കൃഷിഭവനകൾ ത്രിതല പഞ്ചായത്തിന് കൈമാറിയിട്ടുള്ളതിനാൽ അടിസ്ഥാന സൗകര്യ വികസനം അതാത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി നടപ്പിലാക്കിവരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കൃഷിഭവനകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനായി 'സ്മാർട്ട് കൃഷിഭവൻ' എന്ന പദ്ധതിയ്ക്ക് തുടക്കം കുറിച്ചിട്ടുണ്ട്. ആദ്യ ഘട്ടത്തിൽ 14 കൃഷി ഭവനകളെ RIDF പദ്ധതിയിൽ ഉൾപ്പെടുത്തി സ്മാർട്ട് കൃഷിഭവനകളാക്കുന്നതിനുള്ള നടപടികളാണ് കൈക്കൊള്ളുക. സംസ്ഥാനത്ത് 28 കൃഷി ഭവനകളെ സംസ്ഥാന പദ്ധതിയിൽ ഉൾപ്പെടുത്തി സ്മാർട്ട് കൃഷിഭവനാ ക്കുന്നതിനും ലക്ഷ്യമിടുന്നു. |
| 4 | 15/5 | 52 | സംസ്ഥാനത്ത് റവന്യൂ തരിശുഭൂമിയായി കിടക്കുന്ന സ്ഥലം 'ഞങ്ങളും കൃഷിയിലേയ്ക്ക്' എന്ന പുതിയ സംരംഭത്തിനായി സൊസൈറ്റികൾ മുഖേനയോ വ്യക്തികൾ മുഖേനയോ കൊടുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉദ്ദേശിക്കുന്നുണ്ടെങ്കിൽ ഏത് ജില്ല കേന്ദ്രീകരിച്ച് ടി പദ്ധതി ആരംഭിക്കാൻ സാധിക്കും ? | 'ഞങ്ങളും കൃഷിയിലേയ്ക്ക് ' എന്ന പദ്ധതിയിലൂടെ പ്രധാനമായും പച്ചക്കറി വിതരണത്തിന്റെ സ്വയംപര്യാപ്തതയാണ് വിഭാവനം ചെയ്യുന്നത്. യഥാർത്ഥത്തിൽ വരാൻപോകുന്ന പഞ്ചവത്സര പദ്ധതി ലക്ഷ്യം വച്ചുകൊണ്ടുള്ള വലിയൊരു പദ്ധതിയുടെ ടാർജറ്റാണ് ഗവണ്മെന്റ് തയ്യാറാക്കിയിട്ടുള്ളത്. നെല്ലുൽപ്പാദനത്തിൽ ഒരു ഹെക്ടറിൽ മൂന്ന് ടണ്ണാണ് ഇപ്പോഴുണ്ടാക്കാൻ |

| | | | | |
|---|---|---|---|---|
| | | | | കഴിയുന്നതെങ്കിൽ ഈ പഞ്ചവത്സര പദ്ധതി പൂർത്തീകരിക്കുന്നതോടെ ഒരു ഹെക്ടറിൽ നിന്ന് നാലര ടൺ നെല്ലുണ്ടാക്കേണ്ടിവരുമെന്നതാണ് ടാർജറ്റ്. ഒരു തെങ്ങിൽ നിന്ന് ഒരു വർഷം 36 നാളികേരമാണ് കിട്ടുന്നതെങ്കിൽ അത് 80 ആക്കി വർദ്ധിപ്പിക്കണമെന്നതാണ് ലക്ഷ്യം. ഒരു ഹെക്ടറിൽ നിന്ന് 15 ടൺ പച്ചക്കറിയാണ് ഇപ്പോൾ ഉൽപാദിപ്പിക്കുന്നതെങ്കിൽ അത് 30 ടണ്ണായി വർദ്ധിപ്പിക്കണമെന്നാണ് ലക്ഷ്യമിട്ടിരിക്കുന്നത്. ഞാൻ അക്കാര്യങ്ങൾ വിശദീകരിക്കുന്നില്ല. അതുകൊണ്ട് പച്ചക്കറിയുടെയും കാർഷികോത്പ്പാദനത്തിന്റെയും കാര്യത്തിൽ ഉല്പാദനം വർദ്ധിപ്പിക്കുന്നതിനായി ഏതെല്ലാം വകുപ്പുകളെയാണോ ബന്ധപ്പെടുത്താൻ കഴിയുന്നത് ആ വകുപ്പുകളെയെല്ലാം ബന്ധപ്പെടുത്തുന്നതാണ്. കഴിഞ്ഞ ഗവൺമെന്റ് പറഞ്ഞതുപോലെ എല്ലാവരും കൃഷിക്കാരാവുക, എല്ലായിടങ്ങളും കൃഷിയിടങ്ങളാക്കുകയെന്നതാണ് ഞങ്ങളും കൃഷിയിലേയ്ക്കെന്ന പദ്ധതിയുടെ പ്രധാനപ്പെട്ട ലക്ഷ്യം. അതിന് പ്രത്യേകമായൊരു ജില്ല പറയേണ്ടതില്ല. എവിടെയൊക്കെയാണോ ആരംഭിക്കാൻ കഴിയുന്നത് അവിടെയെല്ലാം ടി പദ്ധതി ആരംഭിക്കുന്നതാണ്. |

| | | | | |
|---|---|---|---|---|
| 5 | 15/5 | 55 | (എ) നാളികേരത്തിന്റെ വിലയിടിവ് നേരിടുന്ന കർഷകരെ സഹായിക്കുന്നതിനായി കൂടുതൽ സംഭരണ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനും നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിനും നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (എ) ആവശ്യമെങ്കിൽ കൂടുതൽ സംഭരണ കേന്ദ്രങ്ങൾ ആരംഭിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. |
| 6 | 15/5 | 56 | (ബി) തായ്‌ലാന്റ് മാതൃകയിൽ കാർഷിക ഉല്പന്നങ്ങൾ ഡ്രൈ ചെയ്ത് കേരള ബ്രാൻഡ് ആയി അവതരിപ്പിക്കുന്നതിന് സർക്കാർ പുതിയ സംവിധാനം ഏർപ്പെടുത്തുമോ?<br>(സി) സർക്കാർ സംവിധാനത്തിൽ അഫിലിയേറ്റ് ചെയ്യുന്നതിന് സാധാരണ കർഷകർക്കും അവസരം നല്കി പദ്ധതി താഴെത്തട്ടിലേക്ക് വ്യാപിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ;<br>(ഡി) സീസൺ സമയത്ത് സുലഭമായി ലഭിക്കുന്ന കാർഷിക ഉല്പന്നങ്ങൾ കേടാകാതെ സൂക്ഷിക്കുന്നതിന് സംവിധാനമില്ല എന്ന വലിയ വെല്ലുവിളിയെ നേരിടുന്നതിന് ഇത്തരം ഡ്രൈയിംഗ് സമ്പ്രദായത്തിന് സാധിക്കുമെന്നതിനാൽ അവയെ പ്രോത്സാഹിപ്പിക്കാൻ നടപടി സ്വീകരിക്കാമോ; | (ബി) പരിശോധിക്കുന്നതാണ്.<br>(സി) പരിശോധിക്കുന്നതാണ്.<br>(ഡി) പരിശോധിക്കുന്നതാണ്. |

| | | | | |
|---|---|---|---|---|
| 7 | 15/5 | 81 | ബി) എല്ലാ ക്ഷീര സംഘങ്ങളിലും പാൽ സംഭരണത്തിനുള്ള ആധുനിക സൗകര്യങ്ങൾ ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ? | (ബി) ഉണ്ട്. കേരളത്തിലെ എല്ലാ ക്ഷീരസഹകരണ സംഘങ്ങളിലും പാൽ സംഭരിക്കുന്നതിനുള്ള ആധുനിക സൗകര്യം ഒരുക്കുന്നതിന്റെ ഭാഗമായി ഓട്ടോമാറ്റിക് മിൽക്ക് കളക്ഷൻ യൂണിറ്റ് ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ട്. കൂടാതെ സംഘങ്ങളുടെ മെച്ചപ്പെട്ട പ്രവർത്തനങ്ങൾക്കായി ക്ഷീരശ്രീ എന്ന യൂണിഫൈഡ് സോഫ്റ്റ്‌വെയർ പ്രവർത്തന സജ്ജമാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. |
| 8 | 15/5 | 82 | (ബി) കൃഷി ഭവനുകളുടെ പ്രവർത്തനം കർഷക സൗഹൃദമാക്കാൻ എന്തെങ്കിലും പദ്ധതി ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ? | (ബി) ഉണ്ട്. കാർഷിക വികസന കർഷകക്ഷേമ വകുപ്പിന്റെ സേവനങ്ങൾ കാര്യക്ഷമമായും സുതാര്യമായും കർഷകരുടെ വിരൽത്തുമ്പിൽ എത്തിക്കുക എന്ന ലക്ഷ്യത്തോടെയും കർഷക സമൂഹത്തിന്റെ എല്ലാ ആവശ്യങ്ങളും ഏകജാലക സംവിധാനത്തിലൂടെ നിറവേറ്റുന്നതിനായും സർവ്വീസ് ഡെലിവറി, അടിസ്ഥാന സൗകര്യങ്ങൾ, ഇൻഫർമേഷൻ സിസ്റ്റം എന്നീ മേഖലകളിൽ കൃഷിഭവനെ മികച്ചതാക്കുക എന്ന ലക്ഷ്യത്തോടെയും 'സ്മാർട്ട് കൃഷിഭവൻ' പദ്ധതി ഘട്ടംഘട്ടമായി നടപ്പാക്കുന്നതാണ്. |

| | | | | |
|---|---|---|---|---|
| 9 | 15/5 | 83 | ഇ) വിഷരഹിത കാർഷികോൽപന്നങ്ങൾക്ക് സർക്കാരിന് കീഴിൽ ഒരു ബ്രാന്റിംഗ് സംവിധാനം ഏർപ്പെടുത്തി ഫ്രാഞ്ചൈസികളിലൂടെ വിപണനം വ്യാപിപ്പിക്കാനും തദ്വാര യഥാർത്ഥ വിഷരഹിത ജൈവ ഉൽപന്നങ്ങൾക്ക് പ്രചാരം ലഭിക്കുന്നതിനും നടപടി സ്വീകരിക്കാമോ? | ഇ) പൂർണ്ണമായും ജൈവ കൃഷി രീതിയിൽ ഉൽപാദിപ്പിക്കുന്ന ഉൽപന്നങ്ങൾ "PGS INDIA – ORGANIC" എന്ന ബ്രാൻഡിൽ സർട്ടിഫിക്കേഷൻ നൽകുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭഘട്ടത്തിലാണ്. കേരള സർക്കാർ നടപ്പാക്കുവാൻ ഉദ്ദേശിക്കുന്ന ജൈവ കൃഷി മിഷനിലൂടെ വിഷരഹിത കാർഷികോൽപ്പന്നങ്ങൾ ഉൽപ്പാദിപ്പിക്കുവാനും വിപണനം നടത്തുവാനുമുള്ള നടപടി സർക്കാർ പരിശോധിച്ചു വരികയാണ്. |
| 10 | 15/6 | 1 | സി) വാണിജ്യാടിസ്ഥാനത്തിൽ കൃഷി ചെയ്യുന്ന മേഖലകളിൽ നിന്ന് പഴം, പച്ചക്കറി എന്നിവ സംഭരിക്കുന്നതിന് നിലവിലുള്ള സംവിധാനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ? | സി) വാണിജ്യാടിസ്ഥാനത്തിൽ കൃഷി ചെയ്യുന്ന മേഖലകളിൽ നിന്നും പഴം പച്ചക്കറികൾ സംഭരിക്കുന്നുണ്ട്. ഹോർട്ടികോർപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന 13 ജില്ലാ സംഭരണ കേന്ദ്രങ്ങളിലും 6 ഉപസംഭരണ കേന്ദ്രങ്ങൾ മുഖേനയാണ് സംഭരണം നടത്തുന്നത്. വിപണനത്തിനായി 140 ഗ്രാമശ്രീ ഹോർട്ടി ബസാറുകളും 1232 ഗ്രാമശ്രീ സൂപ്പർ സ്റ്റാളുകളും ഹോർട്ടികോർപ്പ് ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| 11 | 15/6 | 4 | (ബി) കൃഷിനാശം സംഭവിച്ചവർക്ക് നഷ്ട പരിഹാരം ലഭ്യമാക്കുവാൻ നടപടി ആരംഭിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ? | (ബി) കൃഷിനാശം സംഭവിച്ച കർഷകർക്ക് പ്രകൃതിദുരന്തങ്ങൾ നേരിടുന്നതിനുള്ള അടിയന്തിര പരിപാടി പദ്ധതി പ്രകാരം കേന്ദ്ര സർക്കാരിന്റെ |

| | | | | |
|---|---|---|---|---|
| | | | | സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ (SDRF) നിന്നുള്ള വിഹിതവും, സംസ്ഥാന വിഹിതവും നഷ്ടപരിഹാരമായി നൽകുന്നുണ്ട്. കൂടാതെ കൃഷി വകുപ്പ് നടപ്പിലാക്കുന്ന സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിയിൽ അംഗങ്ങളായ കർഷകർക്ക് പദ്ധതി പ്രകാരമുള്ള നഷ്ടപരിഹാരം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. നടപ്പു സാമ്പത്തിക വർഷത്തിൽ പ്രകൃതിദുരന്തങ്ങൾക്കുള്ള അടിയന്തിര പരിപാടി ഇനത്തിൽ 500 ലക്ഷം രൂപയും സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിയിൽ 3000.00 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട് അതിൽ യഥാക്രമം 204.69 ലക്ഷം രൂപയും 2997.35 ലക്ഷം രൂപയും വിതരണം ചെയ്യാനുള്ള നടപടി സ്വീകരിച്ച് വരുന്നു. |
| 12 | 15/6 | 5 | (ബി) കർഷകരുടെ ഗ്രൂപ്പ് രൂപീകരിച്ച് പ്രസ്തുത ഗ്രൂപ്പുകൾ വഴി മാത്രം കാർഷികാവശ്യത്തിനുള്ള സൗജന്യ വൈദ്യുതി നൽകാൻ കേന്ദ്ര സർക്കാരിൽ നിന്നും ശിപാർശ നൽകിയിട്ടുണ്ടോ; സംസ്ഥാന സർക്കാർ പ്രസ്തുത ശിപാർശ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ? | (ബി) ചെറുകിട നാമമാത്ര കർഷകർക്ക് കാർഷികാവശ്യത്തിനുള്ള സൗജന്യ വൈദ്യുതി പദ്ധതി കൂടുതൽ സുതാര്യവും കാര്യക്ഷമവും കുറ്റമറ്റതും ആക്കുന്നതിന്റെ ഭാഗമായിട്ടുള്ള നടപടികളാണ് സ്വീകരിച്ച് വരുന്നത്. കാർഷികാവശ്യത്തിനുള്ള സൗജന്യ വൈദ്യുതി പദ്ധതി തുക മുൻകൂറായി ഡയറക്ട് ബെനിഫിറ്റ് |

| | | | | |
|---|---|---|---|---|
| | | | | ട്രാൻസ്ഫർ (ഡി.ബി.റ്റി) മുഖേന നൽകുന്നതിന് 22-9-2021-ലെ സർക്കാർ ഉത്തരവ് (കൈ) നമ്പർ 82/2021/കൃഷി പ്രകാരം സർക്കാർ തീരുമാനം കൈക്കൊള്ളുകയും ആയത് നടപ്പിലാക്കി വരികയും ചെയ്യുന്നു. പദ്ധതിയുടെ എല്ലാ ഗുണഭോക്താക്കൾക്കും ആനുകൂല്യം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| 13 | 15/6 | 7 | (സി) കർഷകർക്ക് 5000 രൂപ പെൻഷൻ നൽകുക എന്ന നിർദ്ദേശത്തിന്മേൽ എന്തൊക്കെ തടസ്സവാദങ്ങളാണ് ധനവകുപ്പ് ഉന്നയിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;<br>(ഡി) കർഷക ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനം സുഗമമായി മുന്നോട്ടുകൊണ്ടു പോകുന്നതിന് സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വ്യക്തമാക്കാമോ? | (സി) & (ഡി) കേരള കർഷക ക്ഷേമനിധി ബോർഡ് മുഖേന കർഷകർക്ക് ലഭ്യമാക്കുവാൻ ഉദ്ദേശിക്കുന്ന പെൻഷൻ/മറ്റു ആനുകൂല്യങ്ങൾ സംബന്ധിച്ച് വിശദമായി പ്രതിപാദിക്കുന്ന "കേരള കർഷക ക്ഷേമനിധി പദ്ധതി" ധനവകുപ്പിന്റെ പരിശോധനയിലാണ്. |
| 14 | 15/6 | 10 | (ബി) 2015-16 മുതൽ 2019-20 വരെയുള്ള ബജറ്റുകളിൽ നീക്കിവച്ച കാർഷിക കടാശ്വാസത്തിനുള്ള വിഹിതം 2020-21-ലും 2021-22-ലും കുറവ് ചെയ്തു എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് | (ബി) ഉണ്ട്. എന്നാൽ ബജറ്റ് വിഹിതത്തിനു പുറമേ ഈ സാമ്പത്തിക വർഷത്തിൽ ഇതിനോടകം തന്നെ അധിക ധനാനുമതി മുഖേന 16 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ബാക്കി കടാശ്വാസ തുക അനുവദിക്കുന്നതിനുള്ള |

| | | | | |
|---|---|---|---|---|
| | | | ഗൗരവത്തോടെ കാണുന്നുണ്ടോ;<br>(സി) കാർഷിക കടാശ്വാസ കമ്മീഷൻ കഴിഞ്ഞ ആറ് വർഷത്തിനിടെ കർഷകർക്ക് കടാശ്വാസം നൽകാൻ ശിപാർശ ചെയ്തിട്ടുള്ള തുക നാളിതുവരെ പൂർണമായും കർഷകർക്ക് നൽകിയിട്ടില്ല എന്നത് വസ്തുതയാണോ; വിശദാംശം നൽകാമോ;<br>(ഡി) എല്ലാ കർഷകർക്കും പ്രയോജനപ്രദമായ രീതിയിൽ കമ്മീഷന്റെ പ്രവർത്തനം വിപുലപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ? | നടപടികൾ സ്വീകരിച്ച് വരുന്നു.<br>(സി)വെരിഫിക്കേഷൻ പൂർത്തിയാകാത്ത കേസ്സുകളിൽ മാത്രമാണ് ഇനി കടാശ്വാസം വിതരണം ചെയ്യുവാനുള്ളത്. പ്രസ്തുത കേസ്സുകളിൽ വെരിഫിക്കേഷൻ നടത്തുന്നതിനു മുമ്പായി കർഷകരിൽ നിന്നും ലഭ്യമാക്കുന്ന ഒരു ബോണ്ടിന്റെ അടിസ്ഥാനത്തിൽ അവാർഡ് തുക വിതരണം ചെയ്യുന്നതിനുള്ള നടപടികൾ പരിശോധിച്ച് വരികയാണ്.<br>(ഡി) നിലവിൽ വിവിധ ജില്ലകളിൽ കടാശ്വാസത്തിന് പരിഗണിക്കുന്ന വായ്പാ തീയതികൾ രണ്ടു വർഷത്തേയ്ക്കു കൂടി ദീർഘിപ്പിക്കുന്നതിനുള്ള നടപടികളും ഒപ്പം അവാർഡ് തുക കുടിശ്ശികയാകാതെ പരമാവധി വേഗത്തിൽ ബന്ധപ്പെട്ട സഹകരണ സ്ഥാപനങ്ങൾക്ക് വിതരണം ചെയ്യുന്നത് സംബന്ധിച്ച നടപടികളും സർക്കാർതലത്തിൽ പരിശോധിച്ച് വരികയാണ്. |
| 15 | 15/6 | 19 | (എ) സംസ്ഥാനത്തെ കർഷകർക്ക് വരുമാനവും സുരക്ഷയും ക്ഷേമവും ഉറപ്പാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വ്യക്തമാക്കാമോ? | (എ) കർഷകരുടെ വരുമാനം, സുസ്ഥിരത, ഭക്ഷ്യസുരക്ഷ, പാരിസ്ഥിതിക സ്ഥിരത എന്നിവ മെച്ചപ്പെടുത്തുന്നതിന് ഇപ്പോൾ പിന്തുടരുന്ന വിള കേന്ദ്രീകൃത സമീപനത്തിന്റെ പര്യാപ്തത കണക്കിലെടുത്തുകൊണ്ട് ലഭ്യമായ വിഭവങ്ങൾ |

| | | | | |
|---|---|---|---|---|
| | | | | സുസ്ഥിരമായ രീതിയിൽ കാര്യക്ഷമമായും വിവേചനാപരവുമായി ഉപയോഗിക്കുന്നതിനും ഉറപ്പായ വരുമാനം കർഷകർക്ക് ലഭിക്കുന്നതിനു മായി കൃഷിയിടാധിഷ്ഠിത (ഫാം പ്ലാൻ) വികസന പദ്ധതികൾ ഈ വർഷം മുതൽ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു. ഓരോ കർഷകന്റെയും കൃഷിയിടം, മണ്ണ്, ജലം, മൂലധനം, മറ്റ് വിഭവസ്രോതസ്സുകൾ, സംയോജിപ്പിക്കാവുന്ന സംരംഭങ്ങൾ, ജൈവ പുനഃചംക്രമണം (Bio- recycling) ഉൽപ്പന്ന വൈവിധ്യവൽക്കരണവും മൂല്യവർദ്ധനവും ഉൾപ്പെടെ സാധ്യമായ എല്ലാ ഘടകങ്ങളേയും യോജിപ്പിച്ച് പരമാവധി ഉൽപ്പാദനം സാധ്യമാക്കുന്ന തരത്തിൽ ഒരു ആസൂത്രണ രേഖ സൃഷ്ടിച്ചെടുത്തു നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു. |

## IX. പൊതുവിദ്യാഭ്യാസ വകുപ്പ്

| ക്രമ നമ്പർ | നിയമസഭ/ സമ്മേളനം | ഉറപ്പ് നമ്പർ | സഭയിൽ ഉന്നയിക്കപ്പെട്ട ചോദ്യം | മന്ത്രി നൽകിയ ഉറപ്പ് |
|---|---|---|---|---|
| 1 | 15/3 | 48 | സി) ഇത്തരത്തിലുള്ള ശാസ്ത്രീയവും പ്രായോഗികവുമായ വിദ്യാഭ്യാസ രീതി സംസ്ഥാനത്താകെ വ്യാപിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | സി) നിലവിൽ ശ്രദ്ധ പദ്ധതി സംസ്ഥാന മൊട്ടാകെയുള്ള തെരഞ്ഞെടുത്ത സ്കൂളുകളിലാണ് നടപ്പിലാക്കി വരുന്നത്. ആയത് സംസ്ഥാനത്തെ എല്ലാ സ്കൂളുകളിലും നടപ്പിലാക്കുന്ന കാര്യം പരിഗണിക്കുന്നതാണ്. |

| | | | | |
|---|---|---|---|---|
| 2 | 15/5 | 51 | സംസ്ഥാനത്ത് ബദൽ സ്കൂളുകൾ നിർത്തലാക്കുന്നതിനുള്ള തീരുമാനം പിൻവലിക്കുന്നതിന് നടപടി സ്വീകരിക്കുമോ ? | ഏകാദ്ധ്യാപക വിദ്യാലയങ്ങൾ വരുന്ന പ്രദേശത്തെ എം.എൽ.എ മാരുമായി ഒരു യോഗം ചേരാം. ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാരെക്കൂടെ പങ്കെടുപ്പിച്ചുകൊണ്ട് സബ്മിഷനിലൂടെ ഉന്നയിക്കപ്പെട്ട പ്രശ്നവും ഞാൻ പറഞ്ഞ പ്രശ്നവും ചർച്ച ചെയ്ത് ഏതാണ് ശരിയെന്ന് നോക്കി തീരുമാനമെടുക്കാം. |
| 3 | 15/5 | 53 | (ഡി) പൊതുവിദ്യാഭ്യാസ മേഖലയുടെ സംരക്ഷണത്തിന് പൊതുസമൂഹത്തെ ബോധവത്കരിക്കുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | സമൂഹത്തെ പൊതുവിദ്യാലയവുമായി ബന്ധപ്പെടുത്തുന്നതിനുള്ള സാഹചര്യം ഒരുക്കുന്നതിനായി രക്ഷാകർതൃ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിച്ചിരുന്നു. രക്ഷാകർത്താക്കളെ ബോധവൽക്കരിക്കുന്നതിന്റെ ഭാഗമായി നന്മ പകരുന്ന നാളേക്ക് എന്ന പുസ്തകം SCERT തയ്യാറാക്കി നൽകിയിട്ടുണ്ട്. ജനപ്രതിനിധികൾ, പൊതുപ്രവർത്തകർ, തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾ, പൂർവ്വ വിദ്യാർത്ഥികൾ, കലാസാംസ്കാരിക മേഖലയിലുള്ളവർ തുടങ്ങിയ സമൂഹത്തിന്റെ നാനാ തലത്തിലുള്ള ആളുകളുടേയും പങ്കാളിത്തം വിദ്യാഭ്യാസ പ്രവർത്തനങ്ങൾക്ക് ഉപയോഗപ്പെടുത്തുന്നതിന് സാധിച്ചിട്ടുണ്ട്. രണ്ടാം ഘട്ടത്തിൽ സമൂഹത്തെ പൊതുവിദ്യാഭ്യാസ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ടു ത്തുന്നതിന് കൂടുതൽ ജനകീയ ഇടപെടലുകൾ ഉറപ്പ് വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

| | | | | |
|---|---|---|---|---|
| 4 | 15/5 | 86 | തിരൂരങ്ങാടി നിയോജകമണ്ഡലത്തിലെ കാളംതിരുത്തി MGLC വിദ്യാലയം, പരപ്പനങ്ങാടി ബീച്ചിൽ പ്രവർത്തിക്കുന്ന Aviyil Beach School എന്നീ രണ്ട് സ്കൂളുകളും നിലനിർത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | ബഹു. ഹൈക്കോടതിയിൽ സമർപ്പിക്കപ്പെട്ട WP(C) No. 18106/2002-ൽ 8-6-2022-ൽ പുറപ്പെടുവിച്ച കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത MGLC താൽക്കാലികമായി നിലനിർത്തിയിട്ടുണ്ട്. MGLC-കളിൽ പഠിക്കുന്ന വിദ്യാർത്ഥികളെ സംബന്ധിച്ചിടത്തോളം പൊതുവിദ്യാഭ്യാസ രംഗത്തുണ്ടായ മാറ്റം അവർക്ക് അനുഭവിക്കാൻ കഴിയുന്നില്ല. പഴയ രൂപത്തിൽ ഏകാദ്ധ്യാപകരും പരിമിതമായ സൗകര്യത്തിലുമാണ് അവർ പഠിക്കുന്നത്. യാത്രാസൗകര്യം ഒരു പ്രശ്നമാണെങ്കിൽ എസ്.എസ്.കെ. അത് ഏർപ്പെടുത്തുന്നുണ്ട്. ഏകാദ്ധ്യാപക സ്കൂളിൽ പഠിക്കുന്ന കുട്ടികൾക്ക് പൊതുവിദ്യാഭ്യാസത്തിൽ ഇന്ന് ഉണ്ടായിക്കൊണ്ടിരിക്കുന്ന അതിവേഗതയിലുള്ള അത്യന്താധുനിക ശാസ്ത്ര സാങ്കേതിക വിദ്യയും അതുമായി ബന്ധപ്പെട്ടുള്ള എല്ലാ വിദ്യാഭ്യാസ സൗകര്യങ്ങളും പ്രയോജനപ്പെടുത്താൻ കഴിയുന്നില്ല. അതുകൊണ്ടാണ് ബദൽ സ്കൂളുകൾ നിർത്തലാക്കിയിട്ട് പൊതു വിദ്യാലയങ്ങളിലേക്ക് കുട്ടികളെ കൊണ്ടുപോകുന്നതിനുവേണ്ടി സൗകര്യങ്ങൾ ഒരുക്കിയിട്ടുള്ളത്. നേരത്തെ സൂചിപ്പിച്ചതുപോലെ ഇത് ബാധിക്കുന്ന പ്രദേശത്തെ എം.എൽ.എ.മാരുമായി ചർച്ച ചെയ്ത് സ്കൂളുകൾ നിലനിർത്തണമെന്നാണ് താൽപ്പര്യമെങ്കിൽ അത് ആലോചിച്ച് ചെയ്യാമെന്നാണ് എനിക്ക് പറയാനുള്ളത്. |

| | | | | |
|---|---|---|---|---|
| 5 | 15/6 | 14 | (ബി) ദൈനംദിന ജീവിതത്തിലെ സാമൂഹിക വെല്ലുവിളികൾ നേരിടാൻ വിദ്യാർത്ഥികളെ പ്രാപ്തരാക്കുന്നതിനായി ഒന്നാം ക്ലാസ്സ് മുതൽ മൂല്യാധിഷ്ഠിത സാമൂഹിക ശാസ്ത്രപഠനം നിർബന്ധിത മാക്കുന്നതിന് കരിക്കുലത്തിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ? | (ബി) ദൈനംദിന ജീവിതത്തിലെ സാമൂഹിക വെല്ലുവിളികൾ നേരിടാൻ വിദ്യാർഥികളെ പ്രാപ്തരാക്കുന്നതിനായി ഒന്നാം ക്ലാസ്സ് മുതൽ മൂല്യാധിഷ്ഠിത സാമൂഹിക ശാസ്ത്രപഠനം നിർബന്ധിതമാക്കുന്നതിന് കരിക്കുലത്തിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. പാഠ്യപദ്ധതി പരിഷ്കരണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ്. ഭരണഘടനാ മൂല്യങ്ങളിൽ അധിഷ്ഠിതമായ വിദ്യാഭ്യാസത്തിന് മുന്തിയ പരിഗണന നൽകും. സോഷ്യൽ സയൻസ് വിഷയവുമായി ബന്ധപ്പെട്ട ഫോക്കസ് ഗ്രൂപ്പ് ചർച്ചകളിൽ ഇക്കാര്യം ഗൗരവപൂർവ്വം പരിഗണിക്കുന്നതാണ്. |
| 6 | 15/7 | 5 | സ്വന്തമായി സ്ഥലം ഇല്ലാത്തതും, വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നതുമായ ഗവൺമെന്റ് സ്കൂളുകൾക്ക് സ്വന്തമായി സ്ഥലം കണ്ടെത്തുന്നതിന് ഏതെങ്കിലും പദ്ധതി പരിഗണനയിൽ ഉണ്ടോ; വ്യക്തമാക്കുമോ? | സ്വന്തമായി സ്ഥലമില്ലാത്തതോ അപര്യാപ്തമായതോ ആയ സ്കൂളുകൾക്ക് സ്ഥലം വാങ്ങുന്നതിനായി പദ്ധതി രൂപീകരിക്കുമെന്ന് 2019-ലെ കേരള ബഡ്ജറ്റ് പ്രസംഗത്തിന്റെ ഖണ്ഡിക 104-ൽ പ്രഖ്യാപിച്ചിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട നടപടികൾ സ്വീകരിച്ചുവരുന്നു. |
| 7 | 15/7 | 6 | നിത്യോപയോഗ സാധനങ്ങൾക്ക് ഭീമമായ വിലക്കയറ്റം നേരിടുന്ന ഈ കാലത്ത് സ്കൂൾ കുട്ടികളുടെ ഉച്ചഭക്ഷണ പദ്ധതിക്ക് സംസ്ഥാന സർക്കാരിന്റെ വിഹിതത്തിൽ വർദ്ധനവ് വരുത്തുവാൻ നടപടി സ്വീകരിക്കുമോ? | പൊതുവിപണിയിൽ ഭക്ഷ്യസാധനങ്ങളുടെ വിലയിലുണ്ടായ വർദ്ധനവിന്റെ അടിസ്ഥാനത്തിൽ ഉച്ചഭക്ഷണ പദ്ധതിയിൻകീഴിൽ സപ്ലിമെന്ററി ന്യൂട്രിഷനായി സ്കൂൾ കുട്ടികൾക്ക് അനുവദിച്ചു വരുന്ന പാൽ, മുട്ട, നേന്ത്രപ്പഴം എന്നിവയ്ക്കാവശ്യമായി |

| | | | | |
|---|---|---|---|---|
| | | | | വരുന്ന തുക ഉൾപ്പെടെ സംസ്ഥാന സർക്കാരിന്റെ വിഹിതം വർദ്ധിപ്പിക്കുന്ന കാര്യവും 1-10-2022 തീയതിയിൽ പ്രാബല്യത്തിൽ കേന്ദ്രസർക്കാർ മെറ്റീരിയൽ കോസ്റ്റ് (പാചക ചെലവ്) ഇനത്തിൽ വരുത്തിയിട്ടുള്ള വർദ്ധനവ് സംസ്ഥാനത്ത് നടപ്പിലാക്കുന്ന കാര്യവും സർക്കാർ പരിശോധിച്ചുവരുന്നു. |
| 8 | 15/7 | 13 | പി.എസ്.സി. പരീക്ഷ എഴുതുന്നതിനുള്ള ഉയർന്ന പ്രായപരിധി കഴിഞ്ഞ യോഗ്യതയുള്ള അധ്യാപകരെ ദിവസ വേതനാടിസ്ഥാനത്തിൽ നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | 45 വയസ്സിന് മുകളിലുള്ളവരെ ദിവസ വേതനാടിസ്ഥാനത്തിൽ നിയമിക്കുന്ന വിഷയം സർക്കാർ പരിശോധിച്ച് വരുന്നു. |



## X. തദ്ദേശസ്വയംഭരണ വകുപ്പ്

| ക്രമ നമ്പർ | നിയമസഭ/ സമ്മേളനം | ഉറപ്പ് നമ്പർ | സഭയിൽ ഉന്നയിക്കപ്പെട്ട ചോദ്യം | മന്ത്രി നൽകിയ ഉറപ്പ് |
|---|---|---|---|---|
| 1 | 15/5 | 58 | (എ) കെട്ടിടനിർമ്മാണത്തിൽ പരമ്പരാഗത നിർമ്മാണ രീതിക്ക് പകരം നൂതന സാങ്കേതികവിദ്യ ഉപയോഗിക്കുന്നത് പരിഗണനയിൽ ഉണ്ടോ;<br>(ബി) കെട്ടിടനിർമ്മാണത്തിൽ പുനരുപയോഗിക്കാൻ സാധിക്കുന്ന പ്രീഎഞ്ചിനീയേർഡ് | (എ) നിർമ്മാണ പ്രവൃത്തികളിൽ ഇത്തരം നൂതന സാങ്കേതിക വിദ്യ ഉപയോഗിക്കുന്നത് പ്രോത്സാഹിപ്പിക്കുന്ന നയമാണ് സർക്കാർ മുന്നോട്ട് വയ്ക്കുന്നത്. തദ്ദേശ സ്ഥാപനങ്ങളിൽ ഉൾപ്പടെ ഇത്തരം സാങ്കേതിക വിദ്യ ഉപയോഗിക്കുന്നതിനുള്ള നടപടികൾ സർക്കാർ പരിശോധിക്കുന്നതാണ്. |

| | | | | |
|---|---|---|---|---|
| | | | സ്റ്റീൽ സാങ്കേതിക വിദ്യ ഉപയോഗിക്കുന്നതിനുള്ള ക്രമീകരണങ്ങൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഇത്തരം സാങ്കേതിക വിദ്യകൾ തദ്ദേശസ്ഥാപനങ്ങളുടെ നിർമ്മാണ പ്രവൃത്തികളിൽ ഉപയോഗിക്കുന്നതിലേയ്ക്കായി പ്രൈസ് സോഫ്റ്റ്‌വെയിറിൽ ക്രമീകരണങ്ങൾ ഏർപ്പെടുത്തുന്നതിന് പദ്ധതിയുണ്ടോ;<br>(സി) ഇത്തരം നൂതന കെട്ടിട നിർമ്മാണ സാങ്കേതിക വിദ്യകളിൽ പ്രാവീണ്യമുള്ള ഏജൻസികളെ എംപാനൽ ചെയ്യുതിനുള്ള നടപടികൾ സ്വീകരിക്കുമോ; അറിയിക്കാമോ? | (ബി) നിർമ്മാണ പ്രവൃത്തികളിൽ ഇത്തരം നൂതന സാങ്കേതിക വിദ്യ ഉപയോഗിക്കുന്നത് പ്രോത്സാഹിപ്പിക്കുന്ന നയമാണ് സർക്കാർ മുന്നോട്ട് വയ്ക്കുന്നത്. തദ്ദേശ സ്ഥാപനങ്ങളിൽ ഉൾപ്പെടെ ഇത്തരം സാങ്കേതിക വിദ്യ ഉപയോഗിക്കുന്നതിനുള്ള നടപടികൾ സർക്കാർ പരിശോധിക്കുന്നതാണ്.<br>(സി) നിർമ്മാണ പ്രവൃത്തികളിൽ ഇത്തരം നൂതന സാങ്കേതിക വിദ്യ ഉപയോഗിക്കുന്നത് പ്രോത്സാഹിപ്പിക്കുന്ന നയമാണ് സർക്കാർ മുന്നോട്ട് വയ്ക്കുന്നത്. തദ്ദേശ സ്ഥാപനങ്ങളിൽ ഉൾപ്പെടെ ഇത്തരം സാങ്കേതിക വിദ്യ ഉപയോഗിക്കുന്നതിനുള്ള നടപടികൾ സർക്കാർ പരിശോധിക്കുന്നതാണ്. |
| 2 | 15/6 | 29 | (ബി) ഹരിതമിത്രം ആപ്ലിക്കേഷൻ സംസ്ഥാനത്തെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്കും വ്യാപിപ്പിക്കുവാൻ തീരുമാനമെടുത്തിട്ടുണ്ടോ; വിശദമാക്കുമോ? | (ബി) ആദ്യ ഘട്ടത്തിൽ പദ്ധതി വച്ച് DPC അംഗീകാരം ലഭ്യമായിട്ടുള്ള 374 തദ്ദേശ സ്ഥാപനങ്ങളിലാണ് പദ്ധതി നടപ്പിലാക്കുന്നത്. രണ്ടാം ഘട്ടത്തിൽ പദ്ധതി എല്ലാ തദ്ദേശ സ്ഥാപനങ്ങളിലേക്കും വ്യാപിപ്പിക്കുന്നതിനു തീരുമാനം എടുത്തിട്ടുണ്ട്. |

| | | | | |
|---|---|---|---|---|
| 3 | 15/6 | 30 | (സി) തെരുവ് നായ്ക്കളുടെ ശല്യം അവസാനിപ്പിക്കുന്നതിന് പ്രായോഗികമായ എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ? | (സി) നിലവിൽ ഗ്രാമപഞ്ചായത്തുകൾ വാർഷിക പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട പ്രാരംഭ നടപടികളിലേക്ക് കടന്നിരിക്കുന്ന സാഹചര്യത്തിൽ എബിസി പ്രോഗ്രാമിന് തുക കൈമാറുന്നതിലുള്ള അനിശ്ചിതാവസ്ഥ പരിഹരിക്കുന്നതിന് ഒരു സംവിധാനം ഏർപ്പെടുത്തേണ്ടതുണ്ട്.<br>തെരുവുനായകൾക്കായി മൃഗസംരക്ഷണ വകുപ്പിന്റെ സഹകരണത്തോടെ അഡോപ്ഷൻ ക്യാമ്പുകളുടെ രൂപീകരണവുമായി ബന്ധപ്പെട്ട വിഷയം സർക്കാരിന്റെ പരിഗണനയിലാണ്. |
| 4 | 15/6 | 33 | (സി) സംസ്ഥാനത്തെ എല്ലാ നഗരസഭകൾക്കും ഖരമാലിന്യ പരിപാലനം ഫലപ്രദമാക്കുന്നതിനായി പ്രത്യേകം എൻജിനീയർമാരെ നിയമിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ? | (സി) എല്ലാ നഗരസഭകളിലും കെ.എസ്.ഡബ്ല്യു. എം.പി. യുടെ ഭാഗമായി നഗരസഭകളെ ഖരമാലിന്യ പരിപാലനത്തിൽ സഹായിക്കുന്നതിനായി SWM എൻജിനീയർമാരെ പദ്ധതി കാലയളവിലേക്ക് നിയമിക്കുന്നതിനായിട്ടുള്ള നടപടി സ്വീകരിച്ചു വരുന്നു. |
| 5 | 15/6 | 34 | (ഡി) കെട്ടിടാവശിഷ്ട നിർമ്മാർജ്ജനത്തിന് പ്രത്യേകം സംസ്കരണ കേന്ദ്രങ്ങൾ സ്ഥാപിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ? | (ഡി) സ്വച്ഛ് ഭാരത് മിഷൻ (നഗരം) 2.0-ന്റെ ഭാഗമായി തിരുവനന്തപുരം, കൊച്ചി മുനിസിപ്പൽ കോർപ്പറേഷനുകളിൽ കെട്ടിടാവശിഷ്ട നിർമ്മാർജ്ജനത്തിനുള്ള പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള |

| | | | | |
|---|---|---|---|---|
| | | | | പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്. മറ്റ് കേന്ദ്രങ്ങളിൽ കെട്ടിട നിർമ്മാണ പൊളിക്കൽ മാലിന്യങ്ങൾ ശേഖരിക്കുന്നതിന് ശേഖരണ കേന്ദ്രങ്ങളും അതോടനുബന്ധിച്ചുള്ള പ്രോസസ്സിംഗ് പ്ലാന്റുകളും ആരംഭിക്കാനുള്ള നടപടി സ്വീകരിച്ചു വരുന്നു. |
| 6 | 15/6 | 36 | ബി) പൊതുയിടങ്ങളിലെ ശുചിത്വം ഉറപ്പാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വ്യക്തമാക്കാമോ? | ബി) തൃശ്ശൂർ മുനിസിപ്പൽ കോർപ്പറേഷൻ നടപ്പിലാക്കിയത് പോലെ മെക്കനൈസ്ഡ് സ്വീപ്പിംഗ് മെഷീൻ ആവശ്യാനുസരണം വ്യാപിപ്പിക്കുന്നതിനും കമ്മ്യൂണിറ്റി തലത്തിൽ എയ്റോബിക് ബിന്നുകളും ബയോഗ്യാസ് പ്ലാന്റുകളും സ്ഥാപിക്കുന്നതിനും ഉദ്ദേശിക്കുന്നുണ്ട്. |
| 7 | 15/6 | 45 | തൊഴിലുറപ്പ് മേഖലയുമായി ബന്ധപ്പെട്ട ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ? | തൊഴിലുറപ്പ് തൊഴിലാളികളുടെ ക്ഷേമനിധിക്ക് ഈ സർക്കാർ രൂപം നൽകിക്കഴിഞ്ഞു. അതിനായി കഴിഞ്ഞ വർഷം പ്രത്യേക നിയമനിർമ്മാണം നടത്തുകയുണ്ടായി. തുടർന്ന് ചട്ടങ്ങളുടെ രൂപീകരണം നടത്തി, കരട് ചട്ടങ്ങളും കരട് പദ്ധതിയും വിജ്ഞാപനം ചെയ്യുന്നതിനുള്ള നടപടി പുരോഗമിച്ചുവരികയാണ്. |

| | | | | |
|---|---|---|---|---|
| 8 | 15/7 | 20 | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നടത്തുന്ന പൊതുമരാമത്ത് പ്രവൃത്തികളുടെ ഗുണനിലവാരം ഉറപ്പു വരുത്തുന്നതിന് നടപടി വ്യക്തമാക്കുമോ;<br>തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സേവനങ്ങൾ യഥാസമയം പൊതുജനങ്ങൾക്ക് ലഭിക്കുന്നതിന് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടികളെന്തെന്ന് വിശദമാക്കുമോ? | തദ്ദേശസ്വയംഭരണ സാങ്കേതിക വിഭാഗം മുഖേന നടത്തുന്ന പ്രവൃത്തികളുടെ ഗുണനിലവാരം വിലയിരുത്തുന്നതിനായി സാങ്കേതിക പരിശോധനാ സംവിധാനം രൂപീകരിക്കുന്ന വിഷയം പരിശോധിച്ചു വരുന്നു. സമർപ്പിയ്ക്കുന്ന പെർമിറ്റ്/ കംപ്ലീഷൻ/ഒക്യുപെൻസി മുതലായവ കൂടാതെ ഗുണഭോക്താക്കൾ മുഖാന്തിരം നടപ്പിലാക്കുന്ന നിർമ്മാണ പ്രവൃത്തികളുടെ വാല്യുവേഷനുകൾ എന്നിവ നൽകുന്നതിനുള്ള നടപടികൾ സമയബന്ധിതമായി സ്വീകരിച്ചു വരുന്നു. |

## XI. ആരോഗ്യകുടുംബക്ഷേമ വകുപ്പ്

| ക്രമ നമ്പർ | നിയമസഭ/ സമ്മേളനം | ഉറപ്പ് നമ്പർ | സഭയിൽ ഉന്നയിക്കപ്പെട്ട ചോദ്യം | മന്ത്രി നൽകിയ ഉറപ്പ് |
|---|---|---|---|---|
| 1 | 15/3 | 50 | സി) കരൾ ദാതാക്കൾക്ക് പ്രത്യേക പരിഗണന നൽകി അവയവ ദാതാക്കൾക്കായി ക്ഷേമ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുമോ എന്ന് വ്യക്തമാക്കാമോ? | സി) ഇക്കാര്യം പരിശോധിക്കാവുന്നതാണ്. |
| 2 | 15/5 | 59 | എ) കോവിഡ് മഹാമാരിയും യുദ്ധവും കാരണം വിദേശ രാജ്യങ്ങളിൽ നിന്ന് | എ) കോവിഡ് മഹാമാരിയും യുദ്ധവും കാരണം മടങ്ങിയെത്തിയ മെഡിക്കൽ വിദ്യാർത്ഥികളുടെ |

| | | | | |
|---|---|---|---|---|
| | | | മടങ്ങിയെത്തിയ മെഡിക്കൽ വിദ്യാർത്ഥികളുടെ തുടർ പഠനത്തിനായി സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നും ഇതിനായി എത്ര തുക ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ? | തുടർ പഠനം സംബന്ധിച്ച വിഷയത്തിൽ കേന്ദ്ര സർക്കാരിന്റെയും നാഷണൽ മെഡിക്കൽ കമ്മീഷന്റെയും മാർഗ്ഗ നിർദ്ദേശങ്ങൾക്ക് അനുസൃതമായി തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |
| 3 | 15/5 | 64 | (എ) കാൻസർ രോഗികൾക്ക് എത്ര രൂപ വീതമാണ് പെൻഷനായി നൽകി വരുന്നതെന്ന് വ്യക്തമാക്കാമോ; ഇത് വർദ്ധിപ്പിക്കുന്ന കാര്യം പരിഗണനയിലുണ്ടോ? | കുടുംബവാർഷിക വരുമാനം ഒരു ലക്ഷം രൂപയിൽ താഴെയുള്ള കാൻസർ രോഗികൾക്ക് പ്രതിമാസം ആയിരം രൂപ പെൻഷനായി നൽകിവരുന്നുണ്ട്. ഇത് വർദ്ധിപ്പിക്കുന്ന കാര്യം സർക്കാർ പരിശോധിച്ചു വരുന്നു. |
| 4 | 15/5 | 71 | സി) സാങ്കേതിക കാരണങ്ങളുടെ പേരിൽ സാധാരണക്കാരെ ബുദ്ധിമുട്ടിക്കുന്നതായി പറയപ്പെടുന്ന സാഹചര്യം ആവർത്തിക്കാതിരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ? | സി) മരുന്ന് സംഭരണ വിതരണം കൂടുതൽ കര്യക്ഷമമാക്കുന്നതിന് അവശ്യമരുന്നുകൾ സംഭരിക്കുന്നതിനുവേണ്ടി വാർഷിക ഇൻഡന്റ് തയ്യാറാക്കുന്നതു മുതൽ മരുന്നുകൾ സമയബന്ധിതമായി ആശുപത്രികളിൽ എത്തിക്കുന്നതു വരെ പ്രക്രിയ പൂർത്തീകരിക്കുന്ന തീയതി നിജപ്പെടുത്തിക്കൊണ്ടുള്ള സംഭരണ വിതരണം വ്യക്തമാക്കുന്ന കലണ്ടർ ഉടൻ പ്രാബല്യത്തിൽ വരുത്താൻ തീരുമാനിച്ചിട്ടുണ്ട്. |

| | | | | |
|---|---|---|---|---|
| 5 | 15/5 | 84 | (ബി) പ്രാഥമിക തലത്തിലെയും ദ്വിതീയ തലത്തിലെയും ആശുപത്രികളെ നവീകരിച്ച് ഹബ് ആൻഡ് സ്പോക്ക് രീതിയിൽ സാധാരണക്കാർക്ക് ഏറ്റവും മികച്ച ചികിത്സ ലഭ്യമാക്കാൻ പരിപാടിയുണ്ടോ? | (ബി) ഗുണനിലവാരമുള്ള ആധുനിക പരിശോധനാ സംവിധാനങ്ങൾ സർക്കാർ മേഖലയിൽ ഉറപ്പുവരുത്തുന്നതിന് വേണ്ടി എല്ലാ ജില്ലകളിലും ഹബ് ആന്റ് സ്പോക്ക് മോഡൽ വഴിയുള്ള ലാബ് നെറ്റ് വർക്ക് സ്ഥാപിക്കാൻ പദ്ധതിയുണ്ട്. |
| 6 | 15/5 | 85 | (ഡി) രാജ്യത്ത് ആദ്യമായി ഏകാരോഗ്യ പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഇതിന്റെ ലക്ഷ്യങ്ങൾ എന്തെല്ലാമെന്ന് അറിയിക്കാമോ? | (ഡി) ആർദ്രം മിഷന്റെ ഭാഗമായി കേരളത്തിലെ എല്ലാ ജില്ലകളിലും വൺ ഹെൽത്ത് പ്രോഗ്രാം നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ട്. പദ്ധതിയുടെ ആദ്യഘട്ടം RKI, വേൾഡ് ബാങ്ക് സഹായ ത്തോടെ കോട്ടയം, ഇടുക്കി, പത്തനംതിട്ട, ആലപ്പുഴ എന്നീ നാലു പമ്പാനദീതട ജില്ലകളിൽ ആരംഭിച്ചിട്ടുണ്ട്. |
| 7 | 15/6 | 27 | (ബി) സംസ്ഥാനത്തും വിദേശത്തും വർദ്ധിച്ചു വരുന്ന നഴ്സിംഗ് ജോലിസാധ്യത കണക്കി ലെടുത്ത് കുട്ടികൾക്ക് സംസ്ഥാനത്ത് തന്നെ പഠനസൗകര്യം ഒരുക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ബി) കുട്ടികൾക്ക് സംസ്ഥാനത്തു തന്നെ പഠന സൗകര്യം ഒരുക്കുന്നതിന്റെ ഭാഗമായി നഴ്സിംഗ് വിദ്യാഭ്യാസ രംഗത്ത് സർക്കാർ, അർദ്ധ സർക്കാർ, സ്വകാര്യ മേഖലയിൽ കൂടുതൽ സീറ്റുകൾ അനുവദിക്കുന്നതിനും, പുതിയ കോളേജുകൾ അനുവദിക്കുന്നതിനുമുള്ള നടപടി സ്വീകരിച്ചുവരുന്നു. |

| | | | | |
|---|---|---|---|---|
| 8 | 15/6 | 31 | (സി) ഇടനിലക്കാരെ ഒഴിവാക്കി നിർമ്മാതാക്കളിൽ നിന്ന് നേരിട്ട് മരുന്നു വാങ്ങി നീതി, കാരുണ്യ, മാവേലി സ്റ്റോറുകൾ വഴി കുറഞ്ഞ വിലയിൽ വിതരണം ചെയ്യുന്ന രീതി വിപുലീകരിക്കാൻ നടപടി സ്വീകരിക്കുമോ? | (സി) ഇടനിലക്കാരെ ഒഴിവാക്കി നിർമ്മാതാക്കളിൽ നിന്ന് നേരിട്ട് മരുന്നു വാങ്ങി കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികൾ വഴി കുറഞ്ഞ വിലയിൽ വിതരണം ചെയ്യുന്ന രീതി വിപുലീകരിക്കാനുള്ള നടപടി പരിശോധിക്കുന്നതാണ്. |
| 9 | 15/6 | 35 | (എ) സംസ്ഥാനത്ത് അവയവ മാറ്റിവയ്ക്കൽ ശസ്ത്രക്രിയ സംബന്ധിച്ച ഗവേഷണങ്ങൾക്കായി ഇൻസ്റ്റിറ്റ്യൂട്ട് ആരംഭിക്കുന്നുണ്ടോ; എങ്കിൽ ഇതു സംബന്ധിച്ച നടപടികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ? | സംസ്ഥാനത്ത് ഒരു ഓർഗൻ ട്രാൻസ്പ്ലാന്റേഷൻ ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്. |
| 10 | 15/6 | 37 | എ) സംസ്ഥാനത്തെ എല്ലാ മെഡിക്കൽ കോളേജുകളിലും സേവന ഗുണനിലവാരം മെച്ചപ്പെടുത്തൽ പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ; വിശദമാക്കാമോ ? | എ) സംസ്ഥാനത്തെ എല്ലാ മെഡിക്കൽ കോളേജുകളിലെയും സേവന ഗുണനിലവാരം മെച്ചപ്പെടുത്താൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ട്. ഇതിന്റെ ഭാഗമായി പൈലറ്റ് പ്രോജക്ട് എന്ന നിലയിൽ തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജിൽ വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. ഈ പദ്ധതികൾ മറ്റു സർക്കാർ മെഡിക്കൽ കോളേജുകളിലേക്കും വ്യാപിപ്പിക്കാനാണ് സർക്കാർ ലക്ഷ്യമിടുന്നത്. |

| | | | | |
|---|---|---|---|---|
| 11 | 15/7 | 17 | അവയവമാറ്റ ശസ്ത്രക്രിയകൾ സംബന്ധിച്ച ചികിത്സ സാധാരണക്കാർക്ക് അപ്രാപ്യമാകുന്ന ഇക്കാലഘട്ടത്തിൽ ആയതിന് പരിഹാരം ഏർപ്പെടുത്താൻ നടപടി സ്വീകരിക്കാമോ? | എല്ലാ സർക്കാർ മെഡിക്കൽ കോളേജുകളിലും അവയവമാറ്റം അടക്കം വലിയ തരത്തിലുള്ള ചികിത്സകൾ ലഭ്യമാക്കുന്നതിനായി നിലവിലുള്ള സേവനങ്ങൾ വിപുലീകരിക്കുന്ന വിഷയം പരിശോധിച്ചുവരുന്നു. |

## XII. പ്രവാസി കേരളീയകാര്യ വകുപ്പ്

| ക്രമ നമ്പർ | നിയമസഭ/ സമ്മേളനം | ഉറപ്പ് നമ്പർ | സഭയിൽ ഉന്നയിക്കപ്പെട്ട ചോദ്യം | മന്ത്രി നൽകിയ ഉറപ്പ് |
|---|---|---|---|---|
| 1 | 15/5 | 60 | സി) മൂന്നാം ലോക കേരള സഭ സമ്മേളനത്തിൽ ഉയർന്നുവന്ന പ്രധാന വിഷയങ്ങൾ എന്തൊക്കെയായിരുന്നു; അവയുടെ അടിസ്ഥാനത്തിൽ ശിപാർശ തയ്യാറാക്കിയിട്ടുണ്ടോ? | സി) ലോക കേരള സഭയുടെ മൂന്നാം സമ്മേളനത്തിൽ ഉയർന്നുവന്ന ശിപാർശകൾ ക്രോഡീകരിച്ചു വരുന്നു. ആകെ ലഭ്യമായ ശിപാർശകൾ പരിശോധിച്ചതിന് ശേഷം പ്രയോഗികതയുടെ അടിസ്ഥാനത്തിൽ തുടർ നടപടികൾ കൈക്കൊള്ളുന്നതാണ്. |
| 2 | 15/6 | 32 | (ഇ) വിദേശ ജോലിക്കായി നിയമവിരുദ്ധമായി നടത്തുന്ന റിക്രൂട്ട്മെന്റുകൾക്കെതിരെ പോലീസ് വകുപ്പ്, പ്രൊട്ടക്ടർ ഓഫ് എമിഗ്രന്റ്സ്, നോർക്ക റൂട്ട്സ് എന്നിവർ ഉൾപ്പെടുന്ന ടാസ്ക് ഫോഴ്സ് രൂപീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ: എങ്കിൽ വിശദമാക്കാമോ? | (ഇ) ആവിഷ്കരിച്ചിട്ടുണ്ട്. ഓപ്പറേഷൻ ശുഭയാത്ര പദ്ധതിയുമായി ബന്ധപ്പെട്ട് സംസ്ഥാന പോലീസ് വകുപ്പ്, പ്രൊട്ടക്ടർ ജനറൽ ഓഫ് എമിഗ്രന്റ്സ്, കേരളീയ പ്രവാസികാര്യ വകുപ്പ് എന്നിവയുടെ ആഭിമുഖ്യത്തിൽ കർമ്മസമിതി രൂപീകരിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. |

## XIII. വനിത ശിശു വികസന വകുപ്പ്

| ക്രമ നമ്പർ | നിയമസഭ/ സമ്മേളനം | ഉറപ്പ് നമ്പർ | സഭയിൽ ഉന്നയിക്കപ്പെട്ട ചോദ്യം | മന്ത്രി നൽകിയ ഉറപ്പ് |
|---|---|---|---|---|
| 1 | 15/3 | 49 | എ) സംസ്ഥാനത്ത് ആരംഭിക്കാൻ തീരുമാനിച്ച സ്മാർട്ട് കിച്ചൻ പദ്ധതിയുടെ ഇപ്പോഴത്തെ അവസ്ഥ എന്തെന്ന് വ്യക്തമാക്കാമോ? | എ) 6-10-2021-ൽ ബഹു.കേരള ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ സ്മാർട്ട് കിച്ചൺ പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് ആലോചനായോഗം കൂടുകയുണ്ടായി. പ്രസ്തുത യോഗത്തിന്റെ അടിസ്ഥാനത്തിൽ സ്മാർട്ട് കിച്ചൺ പദ്ധതി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട കരട് ആക്ഷൻ പ്ലാൻ തയ്യാറാക്കി വരുന്നു. |
| 2 | 15/5 | 61 | (എ) ആവശ്യമായിടങ്ങളിൽ പുതിയ അങ്കണ വാടികൾ അനുവദിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ? | (എ) ഉണ്ട്. 2014-ൽ കേന്ദ്ര സർക്കാർ അങ്കണവാടി ഓൺ ഡിമാൻഡ് പ്രകാരം സംസ്ഥാനത്ത് 203 അങ്കണവാടികൾ പുതുതായി അനുവദിച്ചിട്ടുണ്ട്. അങ്കണവാടി ഓൺ ഡിമാൻഡ് പ്രകാരം കേന്ദ്ര സർക്കാർ അനുവദിച്ചിട്ടുള്ള അങ്കണവാടികളിൽ ST മേഖലയിൽ 112 അങ്കണവാടികൾ ഉൾപ്പെടെ 203 അങ്കണവാടികൾ പ്രവർത്തനമാരംഭിക്കുന്നത് സംബന്ധിച്ച വിഷയം സർക്കാർ പരിഗണനയിലാണ്. |

## XIV. വിജിലൻസ് വകുപ്പ്

| ക്രമ നമ്പർ | നിയമസഭ/ സമ്മേളനം | ഉറപ്പ് നമ്പർ | സഭയിൽ ഉന്നയിക്കപ്പെട്ട ചോദ്യം | മന്ത്രി നൽകിയ ഉറപ്പ് |
|---|---|---|---|---|
| 1 | 15/5 | 62 | (സി) കൈക്കൂലിയും അഴിമതിയും പൂർണ്ണമായി ഇല്ലാതാക്കാൻ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ? | (സി) ഇന്ത്യയിൽ അഴിമതി ഏറ്റവും കുറഞ്ഞ സംസ്ഥാനമായി കേരളം മാറിയിട്ടുണ്ട്. എന്നാൽ എല്ലാ തലത്തിലുമുള്ള അഴിമതികളും ഇല്ലാതാക്കുന്നതിന് വിട്ടുവീഴ്ചയില്ലാത്ത നിലപാടാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്. അഴിമതിരഹിത ഭരണസംവിധാനം കൊണ്ടു വരുന്നതിനായി സർക്കാർ സേവനങ്ങൾ മുഴുവൻ ഓൺലൈനിലാക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തിയിട്ടുണ്ട്. അഴിമതി ഇല്ലാതാക്കുന്നതിനായി സർക്കാർ സേവനങ്ങൾ ഓൺലൈനിലൂടെ ലഭ്യമാക്കാനും നടപടി ക്രമങ്ങൾ ലഘൂകരിക്കാൻ പല സർട്ടിഫിക്കറ്റുകൾ ഒഴിവാക്കാനും നടപടി യായിട്ടുണ്ട്. സേവനങ്ങൾ മൊബൈൽ ആപ്പ് വഴി ലഭ്യമാക്കുന്ന എം-സേവന പദ്ധതി നടപ്പിലാക്കി ക്കഴിഞ്ഞു. സേവനങ്ങൾക്കായി പൊതുജനങ്ങൾ സർക്കാർ ഓഫീസുകൾ കയറിയിറങ്ങുന്ന അവസ്ഥ ഒഴിവാക്കാൻ നടപടിക്രമങ്ങൾ ലഘൂകരിച്ചിട്ടുണ്ട്. എല്ലാ വകുപ്പുകളുടേയും പ്രവർത്തനം സുതാര്യവും കാര്യക്ഷമവുമാക്കുന്നതിന് ഇ-ഓഫീസ് സംവിധാനം |

| | | | | |
|---|---|---|---|---|
| | | | | നടപ്പാക്കിവരികയാണ്. ഇ-ഗവേണൻസ്, എം-ഗവേണൻസ് എന്നിവ മുൻനിർത്തി ചട്ടപരിഷ്കരണത്തിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. അഴിമതി രഹിത സദ്ഭരണം ഉറപ്പുവരുത്തുന്നതിനായി നാലാം ഭരണപരിഷ്കാര കമ്മീഷൻ റിപ്പോർട്ടിലെ ശിപാർശകൾ നടപ്പാക്കി വരികയാണ്. അഴിമതി ഇല്ലാതാക്കുന്നതിന് നിയമങ്ങൾ ലഘൂകരിക്കുന്നതിനും നടപടി സ്വീകരിച്ചുവരുന്നു. |

## XV. പൊതുഭരണ വകുപ്പ്

| ക്രമ നമ്പർ | നിയമസഭ/സമ്മേളനം | ഉറപ്പ് നമ്പർ | സഭയിൽ ഉന്നയിക്കപ്പെട്ട ചോദ്യം | മന്ത്രി നൽകിയ ഉറപ്പ് |
|---|---|---|---|---|
| 1 | 15/5 | 63 | (എ) ന്യൂനപക്ഷക്ഷേമ വകുപ്പിന് കീഴിൽ പുതിയ മൈനോറിറ്റി കോച്ചിംഗ് സെന്ററുകൾ ഈ വർഷം തുടങ്ങുന്നതിന് ആലോചിക്കുന്നുണ്ടോ; എങ്കിൽ വിശദ വിവരങ്ങൾ ലഭ്യമാക്കുമോ;<br>(ബി) മഞ്ചേശ്വരം മണ്ഡലത്തിൽ ന്യൂനപക്ഷ വിഭാഗങ്ങൾ കൂടുതലുള്ളതും സർക്കാർ സർവ്വീസുകളിൽ മതിയായ ഉദ്യോഗസ്ഥരില്ലാത്തതും പരിഗണിച്ച് മൈനോറിറ്റി കോച്ചിംഗ് സെന്റർ തുടങ്ങുന്നതിന് നടപടി സ്വീകരിക്കുമോ? | (എ) പരിശോധിച്ച് വരികയാണ്.<br>(ബി) പരിശോധിക്കാവുന്നതാണ്. |

## XVI. ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ്

| ക്രമ നമ്പർ | നിയമസഭ/ സമ്മേളനം | ഉറപ്പ് നമ്പർ | സഭയിൽ ഉന്നയിക്കപ്പെട്ട ചോദ്യം | മന്ത്രി നൽകിയ ഉറപ്പ് |
|---|---|---|---|---|
| 1 | 15/5 | 65 | (എ) നവകേരള ലക്ഷ്യത്തിനനുസൃതമായി സിവിൽ സർവ്വീസിനെ കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി നടത്തുന്ന ഇടപെടലുകളെക്കുറിച്ച് വിശദമാക്കാമോ? | ജനസൗഹാർദ്ദപരവും അഴിമതി രഹിതവുമായ സിവിൽ സർവ്വീസ് നടപ്പിലാക്കുന്നതിന് ഫലപ്രദമായ നടപടികളാണ് സർക്കാർ സ്വീകരിച്ചുവരുന്നത്. ഭരണരംഗം കൂടുതൽ കാര്യക്ഷമവും സുതാര്യവുമാക്കുന്നതിന് ഭരണ പരിഷ്കാര കമ്മീഷൻ സമർപ്പിച്ച ശിപാർശകൾ നടപ്പിലാക്കിവരികയാണ്. ശിപാർശകൾ പരിശോധിച്ച് നിർദ്ദേശങ്ങൾ സമർപ്പിക്കാൻ ചീഫ് സെക്രട്ടറിതല സമിതി രൂപീകരിച്ചിട്ടുണ്ട്. കമ്മീഷൻ സമർപ്പിച്ചിട്ടുള്ള 13 റിപ്പോർട്ടുകളിൽ 7 എണ്ണത്തിൽ ചീഫ് സെക്രട്ടറിതല സമിതി പരിശോധന പൂർത്തിയാക്കിയിട്ടുണ്ട്. 5 എണ്ണം മന്ത്രിസഭ പരിഗണിച്ച് തീരുമാനമെടുത്തിട്ടുണ്ട്.<br><br>ജീവനക്കാരുടെ സ്ഥലംമാറ്റത്തിന് കൃത്യമായ മാനദണ്ഡം ആവിഷ്കരിച്ചു. സെക്രട്ടേറിയറ്റിൽ ഏർപ്പെടുത്തിയ ബയോമെട്രിക് പഞ്ചിംഗ് സംവിധാനം എല്ലാ സർക്കാർ ഓഫീസുകളിലും |

| | | | | |
|---|---|---|---|---|
| | | | | നടപ്പിലാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. ശാസ്ത്രീയമായ പ്രവൃത്തി അവലോകനത്തിന്റെ അടിസ്ഥാനത്തിൽ തസ്തികകളുടെ എണ്ണത്തിൽ കുറവ് വരുത്താതെ ജീവനക്കാരുടെ പുനർവിന്യാസം നടത്തുന്നത് പരിശോധിച്ചു വരുന്നു.<br>സെക്രട്ടേറിയറ്റിൽ ഫയൽ തട്ടുകളുടെ എണ്ണം കുറച്ച് തീരുമാനമെടുത്തിട്ടുണ്ട്. സെക്രട്ടേറിയറ്റിലെ നിയമം, ധനകാര്യം ഉൾപ്പെടെയുള്ള വകുപ്പുകളിലെ ഫയൽ നീക്കത്തിന്റെ തട്ടുകൾ നിജപ്പെടുത്തികൊണ്ടും ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഫയൽ നീക്കം വേഗത്തിലാക്കുന്നതിനായി സെക്രട്ടേറിയറ്റിൽ പൂർണ്ണമായും ഇലക്ട്രോണിക് ഫയൽ സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. മറ്റു ഓഫീസുകളിൽ ഇലക്ട്രോണിക് ഫയൽ സംവിധാനം നടപ്പിലാക്കുന്നതിന്റെ നടപടികൾ പുരോഗമിച്ചുവരുന്നു. |
| 2 | 15/6 | 28 | (സി) സിവിൽ സർവീസ് ജനോപകാരപ്രദമാക്കുന്നതിനുവേണ്ടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദമാക്കാമോ; | (സി) സംസ്ഥാനത്തെ സിവിൽ സർവീസ് കാര്യക്ഷമമാക്കുന്നതിനും ആധുനികവത്കരിക്കുന്നതിനുമായി സമഗ്രമായ നിർദ്ദേശങ്ങൾ സമർപ്പിക്കുവാൻ ലക്ഷ്യമിട്ട് നാലാം ഭരണ പരിഷ്കാര കമ്മീഷൻ രൂപീകരിച്ചു. കമ്മീഷൻ |

| | | | | |
|---|---|---|---|---|
| | | | | 13 റിപ്പോർട്ടുകൾ സർക്കാരിന് സമർപ്പിക്കുകയുണ്ടായി. ഭരണ നവീകരണവും സുതാര്യതയും കാര്യക്ഷമതയും ഉറപ്പാക്കുന്ന തിനായുള്ള നിരവധി നിർദ്ദേശങ്ങൾ കമ്മീഷൻ റിപ്പോർട്ടുകളിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടുകൾ വിലയിരുത്തി നടപ്പിലാക്കുവാനായി ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായി സെക്രട്ടറിമാരുടെ സമിതി രൂപീകരിക്കുകയും പ്രസ്തുത സമിതി നാളിതുവരെ 6 റിപ്പോർട്ടുകൾ പരിശോധിച്ച് ശിപാർശകൾ സമർപ്പിച്ചിട്ടുമുണ്ട്. പ്രസ്തുത ശിപാർശകൾ സർക്കാരിന്റെ പരിഗണനയിലാണ്. |

## XVII. പരിസ്ഥിതി വകുപ്പ്

| ക്രമ നമ്പർ | നിയമസഭ/ സമ്മേളനം | ഉറപ്പ് നമ്പർ | സഭയിൽ ഉന്നയിക്കപ്പെട്ട ചോദ്യം | മന്ത്രി നൽകിയ ഉറപ്പ് |
|---|---|---|---|---|
| 1 | 15/5 | 67 | (സി) കൗൺസിലിന്റെ കീഴിലുള്ള സ്ഥാപനങ്ങളിൽ സ്പെഷ്യൽ റൂൾ നടപ്പിലാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ സ്പെഷ്യൽ റൂൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ? | കേരള പബ്ലിക് സർവ്വീസ് കമ്മീഷനുമായും, കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലുമായും, ഗവേഷണ വികസന സ്ഥാപനങ്ങളുമായും കൂടിയാലോചിച്ച്, 1998-ലെ "The Kerala Public Service Commission (Consultation by Committee of Co-operative Societies) Rules -ന് സമാനമായ കരട് ചട്ടങ്ങൾ തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

## XVIII. ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ്

| ക്രമ നമ്പർ | നിയമസഭ/ സമ്മേളനം | ഉറപ്പ് നമ്പർ | സഭയിൽ ഉന്നയിക്കപ്പെട്ട ചോദ്യം | മന്ത്രി നൽകിയ ഉറപ്പ് |
|---|---|---|---|---|
| 1 | 15/5 | 69 | വയനാട് പാക്കേജ് സമയബന്ധിതമായി നടപ്പാക്കുന്നതിനുവേണ്ട അടിയന്തര നടപടികൾ സ്വീകരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | വയനാട് ജില്ലാകളക്ടർ സമർപ്പിച്ച പ്രോജക്റ്റുകളുടെ ലിസ്റ്റ് പരിശോധിക്കുകയും മുൻഗണനാക്രമം നിശ്ചയിച്ചിട്ടുള്ളതും പാക്കേജ് സമയബന്ധിതമായി നടപ്പാക്കുന്നതിനുവേണ്ട നടപടികൾ പുരോഗമിച്ചുവരികയുമാണ്. |

## XIX. പട്ടികജാതി പട്ടികവർഗ്ഗ വികസനവകുപ്പ്

| ക്രമ നമ്പർ | നിയമസഭ/ സമ്മേളനം | ഉറപ്പ് നമ്പർ | സഭയിൽ ഉന്നയിക്കപ്പെട്ട ചോദ്യം | മന്ത്രി നൽകിയ ഉറപ്പ് |
|---|---|---|---|---|
| 1 | 15/4 | 34 | എ) സംസ്ഥാനത്ത് പട്ടികജാതി വികസന വകുപ്പിന് കീഴിലുള്ള വ്യാവസായിക പരിശീലന കേന്ദ്രങ്ങൾ ആധുനികവൽ കരിക്കുന്നതിനും പഠനനിലവാരം മെച്ചപ്പെടുത്തുന്നതിനും എന്തെല്ലാം പദ്ധതികളാണുള്ളതെന്ന് വിശദമാക്കുമോ? | എ) നിലവിൽ നടത്തുന്ന കോഴ്സുകളിൽ കാലഹരണപ്പെട്ട ട്രേഡുകൾക്ക് പകരം, സാങ്കേതിക പരിശീലന വകുപ്പിന്റെ അഭിപ്രായം കൂടി പരിഗണിച്ചുകൊണ്ട്, സംസ്ഥാനത്തിന്റെ നിലവിലെ സാമ്പത്തിക സ്ഥിതിയിൽ അധിക സാമ്പത്തിക ബാധ്യത വരാത്ത രീതിയിൽ പുതിയ ട്രേഡുകൾ ആരംഭിക്കുന്ന കാര്യവും പരിഗണനയിലാണ്. |

| | | | | |
|---|---|---|---|---|
| 2 | 15/5 | 70 | (സി) ഭൂരഹിതരായ പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ഭൂമി ലഭ്യമാക്കുന്നതിനായി സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ? | ഭൂരഹിതരായ പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ഭൂമി ലഭ്യമാക്കുന്നതിനായി ലാന്റ് ബാങ്ക് പദ്ധതി, നിക്ഷിപ്ത വനഭൂമി വിതരണം എന്നീ പദ്ധതികൾ പ്രകാരം ആദിവാസി പുനരധിവാസ വികസന മിഷൻ മുഖേന ഭൂമി കണ്ടെത്തി പുനരധിവസിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. |
| 3 | 15/5 | 76 | പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് വിദേശ പഠനത്തിന് ധനസഹായം അഡ്വാൻസായി ലഭിക്കാൻ നടപടി സ്വീകരിക്കുമോ ? | വിദേശപഠനത്തിന് സെലക്ഷൻ കിട്ടുന്ന മുഴുവൻ കുട്ടികളെയും പഠിപ്പിക്കുന്നതിനാവശ്യമായിട്ടുള്ള നടപടികൾ സർക്കാർ സ്വീകരിക്കുന്നതാണ്. വിദേശ പഠനത്തിനുവേണ്ടി അഡ്വാൻസായി തുക നൽകുന്ന കാര്യം പ്രത്യേകമായി പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കാവുന്നതാണ്. |
| 4 | 15/5 | 77 | എ) സംസ്ഥാനത്തെ ആദിവാസി മേഖലയിലെ പൊതുവിദ്യാഭ്യാസ/ഉന്നത വിദ്യാഭ്യാസ മേഖലയിലെ വിദ്യാർത്ഥികളിൽ ഡിജിറ്റൽ പഠന സൗകര്യമില്ലാത്ത എത്ര കുട്ടികളുണ്ടെന്ന് വ്യക്തമാക്കാമോ ? | എ) ഡിജിറ്റൽ ഉപകരണങ്ങൾ ഇല്ലാത്ത പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ എണ്ണം ശേഖരിക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. എല്ലാ കുട്ടികൾക്കും ഡിജിറ്റൽ ഉപകരണങ്ങൾ ലഭ്യമാക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതാണ്. |

| | | | | |
|---|---|---|---|---|
| 5 | 15/6 | 52 | ഡി) ഭൂരഹിതരായ പട്ടികഗോത്ര കുടുംബങ്ങൾ ഇല്ലാത്ത ജില്ലയായി തിരുവനന്തപുരത്തെ മാറ്റുന്നതിന് നടത്തുന്ന പ്രവർത്തനങ്ങൾ അറിയിക്കാമോ ? | ഡി) തിരുവനന്തപുരം ജില്ലയിലെ ഭൂരഹിതരാണെന്ന് കണ്ടെത്തിയ പട്ടികവർഗ്ഗ ഗുണഭോക്താക്കൾക്ക് ലാന്റ് ബാങ്ക് പദ്ധതി പ്രകാരം വീരണകാവ് വില്ലേജിൽ വാങ്ങിയ 2.49 ഏക്കർ ഭൂമി വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ വനാവകാശ നിയമപ്രകാരം 128 പേർക്ക് 73.0643 ഏക്കർ ഭൂമിയുടെ കൈവശാവകാശ രേഖയും വിതരണം ചെയ്തിട്ടുണ്ട്.<br>വനാവകാശ നിയമപ്രകാരം കൈവശരേഖയ്ക്കായി സമർപ്പിക്കപ്പെട്ട അപേക്ഷകളിന്മേൽ ത്വരിത നടപടികൾ കൈക്കൊണ്ട് തിരുവനന്തപുരം ജില്ലയെ ഭൂരഹിതരായ പട്ടികവർഗ്ഗക്കാരില്ലാത്ത ജില്ലയാക്കി മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| 6 | 15/6 | 53 | (എ) സംസ്ഥാനത്ത് പട്ടികജാതി കുടുംബത്തിലെ ഒരാൾക്കെങ്കിലും സ്ഥിര വരുമാനമുള്ള തൊഴിൽ നൽകുന്നതിനുള്ള പദ്ധതി നിലവിലുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;<br>(ബി) പ്രസ്തുത പദ്ധതിയിലൂടെ തൊഴിൽ ലഭിച്ചവരുടെ കണക്കെടുത്തിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ? | (എ)ഉണ്ട്. പട്ടികജാതി വികസന വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികൾ എല്ലാം തന്നെ പട്ടികജാതി വിഭാഗക്കാരുടെ ക്ഷേമവും ഉന്നമനം ലക്ഷ്യം വച്ചിട്ടുള്ളതാണ്. പട്ടികജാതി വിഭാഗത്തിപ്പെട്ട തൊഴിൽരഹിതർക്ക് നൈപുണ്യ വികസന പരിശീലന പരിപാടികൾ സംഘടിപ്പിച്ച് സംസ്ഥാനത്തും, വിദേശത്തും തൊഴിൽ ലഭ്യമാക്കുന്നതിനും സ്വയം തൊഴിൽ |

| | | | | |
|---|---|---|---|---|
| | | | | സംരംഭങ്ങൾ ആരംഭിക്കുന്നതിനും പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.<br>(ബി) പട്ടികവിഭാഗത്തിൽപ്പെട്ട അഭ്യസ്തവിദ്യരായ യുവതിയുവാക്കളെ ഒരേ സമയം തൊഴിൽ സംരംഭകരും തൊഴിൽദാതാക്കളുമാക്കുന്നതിനു വേണ്ടി എംപവർമെന്റ് സൊസൈറ്റികൾ രൂപീകരിക്കുന്ന നടപടികൾ പുരോഗമിച്ചു വരുന്നു. അഭ്യസ്തവിദ്യരും തൊഴിൽരഹിതരുമായ പട്ടികവിഭാഗം വിദ്യാർത്ഥികൾക്ക് പരിശീലനവും തൊഴിലും നൽകുകയെന്ന ലക്ഷ്യത്തോടെ 500 അക്രെഡിറ്റഡ് എഞ്ചിനീയർമാരെ പട്ടിക വിഭാഗത്തിൽ നിന്നും തദ്ദേശസ്ഥാപനാടിസ്ഥാനത്തിൽ നിയമിക്കുന്നതിനുള്ള നടപടി പട്ടികജാതി/പട്ടികവർഗ്ഗ വികസനവകുപ്പുകൾ സ്വീകരിച്ചിട്ടുണ്ട്. സമാനമായ രീതിയിൽ നഴ്സുമാർ, പാരാമെഡിക്കൽ സ്റ്റാഫ്, ടീച്ചർമാർ, സോഷ്യൽ വർക്കർമാർ, ലീഗൽ കൗൺസിലർമാർ, അപ്രന്റീസ് ക്ലർക്കുകൾ, മാനേജ്മെന്റ് ട്രെയിനികൾ എന്നിവരെയും നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്. |

| | | | | |
|---|---|---|---|---|
| 7 | 15/6 | 55 | എ) സംസ്ഥാനത്ത് ആദിവാസികളുടെ ഭൂപ്രശ്ന പരിഹാരത്തിന്റെ ഭാഗമായി മുഴുവൻ ഭൂരഹിത ആദിവാസികൾക്കും ഭൂമി വിതരണം ചെയ്യുന്നതിനായി പ്രത്യേകമായ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; ലാന്റ് ബാങ്ക് പദ്ധതി അനുസരിച്ച് ആദിവാസി കുടുംബങ്ങൾക്ക് ഭൂമി വിതരണം നടത്തി യിട്ടുണ്ടോ; വിശദാംശം നൽകാമോ? | എ) ഭൂരഹിതരായ പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ഭൂമി കണ്ടെത്തി വാങ്ങി നൽകുന്ന ലാന്റ് ബാങ്ക് എന്ന പദ്ധതി പ്രകാരം നാളിതുവരെയായി 263 പേർക്ക് 43.81 ഏക്കർ ഭൂമി വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ ഭൂരഹിതരായവർക്ക് വിതരണം ചെയ്യുന്നതിനായി പത്തനംതിട്ട, പാലക്കാട്, കോഴിക്കോട്, തിരുവനന്തപുരം എന്നീ ജില്ലകളിലായി 21.2 ഏക്കർ ഭൂമി വാങ്ങി രജിസ്റ്റർ ചെയ്തിട്ടുണ്ട്. ടി ഭൂമി വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| 8 | 15/7 | 1 | (ബി)പട്ടികജാതി വിഭാഗത്തിൽപ്പെട്ട യുവതി, യുവാക്കളെ ഒരേ സമയം തൊഴിൽ സംരംഭകരും തൊഴിൽദായകരും ആക്കുന്നതിന് പ്രത്യേകമായ എംപവർമെന്റ് സൊസൈറ്റികൾ രൂപീകരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; ഇതുവഴി എന്തൊക്കെ കാര്യങ്ങളാണ് ലക്ഷ്യമിടുന്നത്; വിശദാംശം നൽകാമോ? | (ബി) ഉണ്ട്. പട്ടികജാതി വിഭാഗം യുവതീ യുവാക്കളെ ഒരേ സമയം തൊഴിൽസംരംഭകരും തൊഴിൽദായകരും ആക്കുന്നതിന് ശരിയായ മാർഗ്ഗനിർദേശവും പരിശീലനവും സാമ്പത്തിക സഹായവും പിന്തുണയും നൽകാനുള്ള പദ്ധതി യാണ് കേരള എംപവർമെന്റ് സൊസൈറ്റി. 2022-23-ലെ നയപ്രഖ്യാപനത്തിൽ ഉൾപ്പെട്ടിട്ടുള്ള ഈ പദ്ധതി രൂപീകരിക്കുന്നതുമായി ബന്ധപ്പെട്ട് സർക്കാർ ഈ വിഷയം പരിശോധിച്ചു വരികയാണ്. |

| | | | | |
|---|---|---|---|---|
| 9 | 15/7 | 2 | (എ) പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിലെ മുഴുവൻ യുവതീ യുവാക്കൾക്കും ജോലി ലഭ്യമാക്കാൻ നടപ്പിലാക്കുന്ന ട്രെയിനിംഗ് ഫോർ കരിയർ എക്സലൻസ്(ട്രേസ്) പദ്ധതിയുടെ വിശദാംശം ലഭ്യമാക്കാമോ? | (എ) വിവിധ മേഖലകളിൽ യോഗ്യത നേടിയ ഉദ്യോഗാർത്ഥികളെ കണ്ടെത്തി അവരുടെ യോഗ്യതയ്ക്കനുസൃതമായ തൊഴിൽ ലഭിക്കുന്നതിന് ആവശ്യമായ പരിശീലനവും പിന്തുണയും ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെയാണ് Training for Career Excellence(TRACE) എന്ന പേരിൽ പദ്ധതി നടപ്പിലാക്കുവാൻ പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് ഉദ്ദേശിക്കുന്നത്. |

## XX. വ്യവസായ വകുപ്പ്

| ക്രമ നമ്പർ | നിയമസഭ/ സമ്മേളനം | ഉറപ്പ് നമ്പർ | സഭയിൽ ഉന്നയിക്കപ്പെട്ട ചോദ്യം | മന്ത്രി നൽകിയ ഉറപ്പ് |
|---|---|---|---|---|
| 1 | 15/4 | 28 | മലബാർ സിമന്റ്സിന്റെ ഉൽപാദനവും വിപണനവും ഉയർത്തുന്നതിന് എന്തെല്ലാം പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ? | മലബാർ സിമന്റ്സ് ലിമിറ്റഡിൽ സിമന്റ് ഉത്പാദനം വർദ്ധിപ്പിച്ച് കമ്പനിയെ കൂടുതൽ ലാഭകരമാക്കുന്നതിനും സംസ്ഥാനത്തെ സിമന്റ് വിപണിയിൽ ഇടപെട്ട് വില നിയന്ത്രിക്കുന്നത് ലക്ഷ്യമിട്ടുകൊണ്ടുള്ള പ്രവർത്തനങ്ങളാണ് സർക്കാർ നടത്തി വരുന്നത്. |

| | | | | |
|---|---|---|---|---|
| 2 | 15/4 | 29 | സ്വകാര്യ വ്യവസായ എസ്റ്റേറ്റുകൾ സ്ഥലം നൽകുന്നതും ഇത് സംബന്ധിച്ചുള്ള കരാറിൽ ഏർപ്പെടുന്നതും എസ്റ്റേറ്റ് ഉടമയും സംരഭകനും നേരിട്ടായിരിക്കുമോ; ഇതു സംബന്ധിച്ച് സർക്കാരിന്റെ സമീപനം എന്തായിരിക്കു മെന്ന് വിശദീകരിക്കാമോ? | സ്വകാര്യ വ്യവസായ എസ്റ്റേറ്റുകളിലെ ഉടമയും സംരംഭകനും തമ്മിലുള്ള ബന്ധത്തെക്കുറിച്ച് എസ്റ്റേറ്റ് രൂപീകരണവുമായി ബന്ധപ്പെട്ട നിലവിലുള്ള സർക്കാർ ഉത്തരവിൽ പരാമർശമില്ല. എന്നാൽ സ്വകാര്യ വ്യവസായ എസ്റ്റേറ്റ് രൂപീകരണത്തിന് പുതിയ നയം രൂപീകരിക്കുന്നതുമായി ബന്ധപ്പെട്ട വിഷയം സർക്കാർ പരിശോധിച്ചു വരുന്നുണ്ട്. |
| 3 | 15/4 | 30 | നിലവിൽ എത്ര വകുപ്പുകൾ ഏകജാലക പ്രസ്തുത സംവിധാനം പ്രയോജനപ്പെടുത്തുന്നുണ്ട്? | നിലവിൽ സർക്കാരിന്റെ 21 വകുപ്പുകളും ഏജൻസികളും അവരവരുടെ അനുമതികളുൾപ്പെടെയുള്ള വിവിധ സേവനങ്ങൾ കെ-സ്വിഫ്റ്റ് ഓൺലൈൻ ഏകജാലക സംവിധാനത്തിലൂടെ ലഭ്യമാക്കിവരുന്നു. കൂടുതൽ വകുപ്പുകളുടെ കൂടുതൽ സേവനങ്ങൾ കെ-സ്വിഫ്റ്റ് വഴി ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. |
| 4 | 15/4 | 31 | കേരളത്തിൽ ഉല്പാദിപ്പിക്കുന്ന ഖാദി, കൈത്തറി ഉൽപ്പന്നങ്ങൾ വിൽക്കുന്നതിന് ഓൺലൈൻ വിപണനം അടക്കമുള്ള നൂതന വിപണന മാർഗ്ഗങ്ങൾ നിലവിലുണ്ടോ; ഇല്ലെങ്കിൽ ഇതിനുള്ള നടപടി സ്വീകരിക്കുമോ? | കേരള ഖാദി ഗ്രാമ വ്യവസായ ബോർഡിൽ ഖാദി ഉൽപ്പന്നങ്ങൾ വിൽക്കുന്നതിന് ഓൺ ലൈൻ വിപണനം നിലവിലില്ല. ആയത് പ്രാവർത്തികമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |

| | | | | |
|---|---|---|---|---|
| 5 | 15/5 | 73 | സി) കയർ മേഖലയിലെ പ്രതിസന്ധി പരിഹാരം നിർദ്ദേശിക്കാൻ വിദഗ്ധ സമിതി രൂപീകരിച്ചിട്ടുണ്ടോ? | സി) കയർ മേഖലയിലെ നിലവിലുള്ള പ്രശ്നങ്ങൾ പഠിച്ച് അടിയന്തിര പരിഹാരങ്ങൾ നിർദ്ദേശിക്കുന്നതിനായി കയർ മേഖലയിലെ വിദഗ്ധർ ഉൾപ്പെടുന്ന ഒരു സമിതി രൂപീകരിക്കുന്ന വിഷയം പരിഗണനയിലുണ്ട്. |
| 6 | 15/5 | 74 | എ) സ്വകാര്യ വ്യക്തികൾക്ക് വ്യവസായ പാർക്കുകൾ അനുവദിക്കുന്നതിനുള്ള നടപടി ക്രമം വ്യക്തമാക്കാമോ ? | എ) സ്വകാര്യ വ്യക്തികൾക്ക് വ്യവസായ പാർക്കുകൾ അനുവദിക്കുന്നതിന് നിലവിൽ വ്യവസ്ഥയില്ല. നിലവിലുള്ള പദ്ധതിയിൽ കമ്പനികൾ, സഹകരണ സ്ഥാപനങ്ങൾ, ചാരിറ്റബിൾ സൊസൈറ്റികൾ, രജിസ്റ്റേഡ് പാർട്ണർഷിപ്പുകൾ എന്നിവയെയാണ് പരിഗണിക്കുക. എന്നാൽ വ്യക്തികളെക്കൂടി ഉൾപ്പെടുത്തുന്നതിനുള്ള നിർദ്ദേശം പരിഗണനയിലാണ്. |
| 7 | 15/5 | 78 | ഡി) വ്യവസായ പാർക്കുകളിൽ സൗരോർജ്ജ ഉൽപാദനം പ്രോത്സാഹിപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ; വിശദാംശം ലഭ്യമാക്കാമോ ? | ഡി) വ്യവസായ പാർക്കുകളിൽ സൗരോർജ്ജ ഉൽപാദനം പ്രോത്സാഹിപ്പിക്കുന്നതിന് പ്രൊ പ്പോസലുകൾ ലഭിക്കുന്ന പക്ഷം അനുയോജ്യമാണെന്ന് കണ്ടാൽ നടപടി സ്വീകരിക്കുന്നതാണ്. |
| 8 | 15/5 | 79 | സി) കേരള റബ്ബർ ലിമിറ്റഡ് കമ്പനി എന്ന് പ്രവർത്തന സജ്ജമാക്കാനാണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ ? | സി) കേരള റബ്ബർ ലിമിറ്റഡ് 2023 ഏപ്രിലോടെ പ്രവർത്തനം ആരംഭിക്കാൻ നടപടികൾ സ്വീകരിച്ച് വരുന്നു. |

| | | | | |
|---|---|---|---|---|
| 9 | 15/6 | 42 | (ബി) കാസർഗോഡ് കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷന്റെ കീഴിലുള്ള 1.99 ഏക്കർ സ്ഥലത്ത് പുതുതായി വ്യവസായം ആരംഭിക്കുന്നതിനാവശ്യമായ എസ്റ്റിമേറ്റും പ്ലാനും തയ്യാറാക്കിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ? | (ബി) പദ്ധതിയുടെ നടത്തിപ്പിനായി കിറ്റ്കോയെ പ്രോജക്ട് മേനേജ്മെന്റ് കൺസൾട്ടന്റ് ആയി നിയമിച്ചിട്ടുണ്ട്. നിലവിൽ ടോപ്പോഗ്രാഫിക്കൽ സർവ്വേ പൂർത്തിയായിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ എസ്റ്റിമേറ്റും പ്ലാനും തയ്യാറാക്കി വരികയാണ്. |
| 10 | 15/6 | 49 | (ബി) വിവിധ പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ പെൻഷൻ പ്രായം വ്യത്യസ്തമാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇവരുടെ പെൻഷൻ പ്രായം ഏകീകരിക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ? | (ബി) വിവിധ പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ പെൻഷൻ പ്രായം വ്യത്യസ്തമാണ്. എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളിലെയും ജീവനക്കാരുടെ ശമ്പളപരിഷ്കരണവും പെൻഷൻ പ്രായവും ഏകീകരിക്കുന്നത് സംബന്ധിച്ച് വിദഗ്ധ സമിതി സമർപ്പിച്ച പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചു വരികയാണ്. |
| 11 | 15/6 | 50 | (എ) ചെറുകിട സംരംഭകർക്ക് അവരുടെ ഉത്പന്നങ്ങൾ വില്പന നടത്തുന്നതിനും കയറ്റുമതി ചെയ്യുന്നതിനുമായി വാണിജ്യ രംഗത്ത് എന്തെല്ലാം സഹായങ്ങളാണ് നൽകി വരുന്നതെന്ന് വ്യക്തമാക്കാമോ? | (എ) പുതിയ സംരംഭങ്ങളുടെയും അതുപോലെ നിലവിൽ പ്രവർത്തിച്ചു വരുന്ന സംരംഭങ്ങളുടെയും കയറ്റുമതി പ്രോത്സാഹിപ്പിക്കുന്നതിന് ഈ പദ്ധതി ലക്ഷ്യമിടുന്നു. വിപണനത്തിന്റെ ഭാഗമായി അന്താരാഷ്ട്ര വിപണന മേളകളിൽ പങ്കെടുക്കൽ, ഉത്പ്പന്നത്തിന്റെ മാതൃക വിദേശത്തേയ്ക്ക് അയയ്ക്കുക, കയറ്റുമതി ചെയ്യുന്നതിന്റെ ഭാഗമായി സംരംഭത്തിന്റെ |

| | | | | |
|---|---|---|---|---|
| | | | | നിലവിലുള്ള അടിസ്ഥാന സൗകര്യം വികസിപ്പിക്കൽ, വിവിധ ഗുണമേന്മാ സർട്ടിഫിക്കറ്റുകൾ ലഭ്യമാക്കുക എന്നിവയുടെ ഭാഗമായി വരുന്ന വിവിധ ചെലവുകൾക്ക് സഹായം നൽകുന്നതിനുള്ള പദ്ധതിയാണിത്. പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |
| 12 | 15/6 | 51 | (ഡി) സ്വകാര്യ വ്യക്തികൾ വ്യവസായ പാർക്കുകൾ തുടങ്ങുമ്പോൾ ഭൂപരിഷ്കരണ നിയമത്തിൽ ഇളവുകൾ നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ? | (ഡി) നിലവിൽ സ്വകാര്യ വ്യക്തികൾക്ക് വ്യവസായ പാർക്കുകൾ തുടങ്ങാൻ ചട്ടമില്ല. 10 ഏക്കർ ഭൂമിയോ അതിൽ കൂടുതലോ കൈവശമുള്ള സഹകരണ സ്ഥാപനങ്ങൾ, കമ്പനികൾ, പാർട്ട്ണർഷിപ്പ് സ്ഥാപനങ്ങൾ, ചാരിറ്റബിൾ സൊസൈറ്റികൾ എന്നിവർക്ക് സ്വകാര്യ വ്യവസായ എസ്റ്റേറ്റ് പെർമിറ്റിനായി അപേക്ഷിക്കാം. ഭൂപരിഷ്കരണ നിയമത്തിൽ ഇളവുകൾ നൽകുന്ന വിഷയം പരിശോധിക്കാവുന്നതാണ്. |
| 13 | 15/7 | 25 | സംസ്ഥാനത്ത് നിലവിലുള്ള ഇലക്ട്രോണിക്സ് മേഖലയിലെ മാനുഫാക്ചറിങ് കമ്പനികൾക്ക് സഹായകമാകുന്ന വിധം ഇലക്ട്രോണിക് കംപോണന്റ് എക്കോ സിസ്റ്റം രൂപീകരിക്കാൻ | സാധ്യത പഠന റിപ്പോർട്ടിൽ 'സെമികണ്ടക്ടർ ഡിസൈൻ ആൻഡ് ട്രെയിനിങ് ഇക്കോ സിസ്റ്റം' സ്ഥാപിക്കുന്നതിനുള്ള പദ്ധതിയും ഉൾപ്പെടുത്തിയിട്ടുണ്ട്. പദ്ധതി പ്രാവർത്തിക |

629/2025.

| | | | | |
|---|---|---|---|---|
| | | | ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ? | മാക്കുന്നതോടെ പുതിയ ഉത്പന്നങ്ങളുടെ ഡിസൈനിങ്ങിനും വികസനത്തിനുമായി തദ്ദേശീയമായ കഴിവുകൾ പരമാവധി പ്രയോജനപ്പെടുത്തുവാൻ സാധിക്കുന്നതും ഉയർന്ന തൊഴിൽ സാധ്യതയ്ക്കും MSME കളുടെ വളർച്ചയ്ക്കും ഇത് വളരെയധികം സഹായിക്കുന്നതുമാണ്. |
| 14 | 15/7 | 31 | സംസ്ഥാനത്ത് വ്യവസായ മേഖലയുടെ ശാക്തീകരണം സാധ്യമാക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ അറിയിക്കാമോ;<br>മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകളുടെ ഉപയോഗമില്ലാതെ കിടക്കുന്ന സ്ഥലം, കെട്ടിടം എന്നിവ നിലവിലുള്ള കൈവശക്കാരെ ഒഴിവാക്കി പുനർലേലം നടത്താൻ നടപടി സ്വീകരിക്കുമോ? | ഉത്പന്ന വിപണനത്തിനുവേണ്ടി ഓപ്പൺ നെറ്റ്‌വർക്ക് പ്ലാറ്റ്-ഫോം, ജി.ഐ. മാർക്കിങ് പോർട്ടൽ എന്നിവ ആരംഭിക്കുന്നതിനുള്ള നടപടികളും തുടരുന്നു.<br>സംരംഭകർക്ക് അനുവദിച്ചതും ഉപയോഗിക്കാതെ കിടക്കുന്നതുമായ ഭൂമി, വ്യവസായ ഷെഡ്ഡ് എന്നിവ തിരിച്ചെടുത്ത് പുതിയ സംരംഭകർക്ക് അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| 15 | 15/7 | 32 | സംസ്ഥാന സർക്കാരിന്റെ തനത് ലാപ്ടോപ് സംരംഭമായ കോക്കോണിക്സ് പദ്ധതി പ്രകാരമുള്ള ലാപ് ടോപ്പുകൾ പ്രവർത്തനക്ഷമമല്ലാത്തതിനാൽ പദ്ധതി പരാജയപ്പെട്ടതിനെ തുടർന്ന് പുതിയ | കോക്കോണിക്സ് നിർമ്മിച്ച ലാപ്ടോപ്പുകളിൽ ഒരു മോഡൽ ഒഴികെ മറ്റെല്ലാ മോഡലുകളും നല്ല രീതിയിൽ വിറ്റുപോയതും പ്രവർത്തിച്ചു കൊണ്ടിരിക്കുന്നതുമാണ്. കമ്പനി നിർമ്മിച്ച ഒരു മോഡലിലെ കുറച്ചു ലാപ്ടോപ്പുകളിൽ |

| | | | | |
|---|---|---|---|---|
| | | | ലാപ് ടോപ് ഇറക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ? | കീബോർഡിലെ പവർ സ്വിച്ചുമായി ബന്ധപ്പെട്ട് തകരാർ കണ്ടെത്തിയ ലാപ്ടോപ്പുകൾ തിരിച്ചെടുത്ത് പുതിയത് സൗജന്യമായി മാറ്റി നൽകുകയുണ്ടായി.<br>കോക്കോണിക്സ് പുനരുദ്ധീകരിച്ച് പുതിയ ലാപ്ടോപ്പുകളും മറ്റ് അനുബന്ധ ഉപകരണങ്ങളും നിർമ്മിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിന്റെ സജീവ പരിഗണനയിലാണ്. |
| 16 | 15/7 | 33 | ഉത്തരവാദിത്ത വ്യവസായം, ഉത്തരവാദിത്ത നിക്ഷേപം എന്ന ആശയം ഇന്ത്യയിൽ ആദ്യമായി മുന്നോട്ട് വെക്കുമ്പോൾ, ഇത് നടപ്പാക്കുന്നതിനും; ഈ മേഖലയിൽ കൂടുതൽ നിക്ഷേപം സമാഹരിക്കുന്നതിനും എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ? | ഉത്തരവാദിത്ത വ്യവസായം, ഉത്തരവാദിത്ത നിക്ഷേപം എന്ന ആശയം നടപ്പിലാക്കുന്നതിന് വേണ്ടി പ്രിൻസിപ്പൽ സെക്രട്ടറി, വ്യവസായ വകുപ്പ്, എം.ഡി, കെ.എസ്.ഐ.ഡി.സി, ഈ മേഖലയിലെ വിദഗ്ധർ എന്നിവർ അടങ്ങുന്ന ഒരു Expert Committee യെ സർക്കാർ നിയോഗിച്ചിട്ടുണ്ട്. ഈ കമ്മിറ്റി, ഇ.എസ്.ജി. ഫ്രെയിം വർക്ക്, ഉത്തരവാദിത്ത വ്യവസായം, ഉത്തരവാദിത്ത നിക്ഷേപം എന്ന ആശയം കേരളത്തിലെ വിവിധ വ്യവസായ മേഖലകളിൽ എങ്ങനെ നടപ്പിലാക്കണമെന്നതിനെപ്പറ്റി വിശകലനം ചെയ്തു റിപ്പോർട്ട് സമർപ്പിക്കുന്ന മുറയ്ക്ക് ആയത് പരിശോധിച്ച് വ്യവസായ വാണിജ്യനയത്തിൽ അനുസൃതമായി നടപടി സ്വീകരിക്കുന്നതാണ്. |

| | | | | |
|---|---|---|---|---|
| 17 | 15/7 | 34 | സംസ്ഥാനത്ത് നിക്ഷേപകരെ ആകർഷിക്കുന്നതിന് നടപ്പിലാക്കിയിട്ടുള്ള പദ്ധതികൾ വിശദമാക്കാമോ? | കേരളത്തിലേയ്ക്ക് നിക്ഷേപങ്ങൾ ആകർഷിക്കുന്നതിനായി ഈ സർക്കാർ വന്നതിന് ശേഷം ഒരു ഇൻവെസ്റ്റ്മെന്റ് പ്രമോഷൻ സ്ട്രാറ്റജി രൂപീകരിക്കുകയും, ഇതിന്റെ ഭാഗമായി കേരളത്തിൽ സാധ്യതയുള്ള 21-ഓളം സെക്ടറുകൾ തിരിച്ചറിയുകയും അതിൽ 6 സെക്ടറുകളിൽ നിക്ഷേപകരുമായി കൂടിക്കാഴ്ച നടത്തി അതിനുവേണ്ട പ്രവർത്തന പദ്ധതി തയ്യാറാക്കി വരുകയാണ്. കൂടാതെ പ്രവാസി മലയാളികളുടെ നിക്ഷേപങ്ങൾ എളുപ്പത്തിലാക്കുന്നതിനും അവർക്കുവേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതിനും, അവരുമായി സ്ഥിരം സംവദിക്കുവാനുമുള്ള ഒരു സംവിധാനം കൊണ്ടുവരുവാനും അവരുടെ നിക്ഷേപങ്ങളെ കേരളത്തിലേക്ക് കൊണ്ടുവരുവാനും ദുബായിലും, ഡൽഹിയിലും ഇൻവെസ്റ്റ്മെന്റ് ഫെസിലിറ്റേഷൻ ഓഫീസ് തുടങ്ങുന്ന കാര്യവും സർക്കാരിന്റെ സജീവ പരിഗണനയിലുണ്ട്. വിദേശ നിക്ഷേപകരെ ആകർഷിക്കുന്നതിലേയ്ക്കായി, ഇൻഡ്യയിൽ (പ്രത്യേകിച്ചും കേരളത്തിൽ) നിക്ഷേപങ്ങൾ നടത്തിയിട്ടുള്ള രാജ്യങ്ങളിൽ പോവുകയും അവിടെയുള്ള നിക്ഷേപകരെ കൂടുതലായി ഇവിടേയ്ക്ക് ആകർഷിക്കുവാനുമായുള്ള നടപടികൾ സ്വീകരിച്ചു വരുകയാണ്. |

| | | | | |
|---|---|---|---|---|
| 18 | 15/7 | 35 | 2019-ൽ ജപ്പാൻ, കൊറിയ എന്നീ രാജ്യങ്ങളിലെ സന്ദർശനത്തെ തുടർന്ന് പ്രഖ്യാപിച്ച മുന്നൂറ് കോടി രൂപയുടെ വ്യവസായം കൊണ്ടുവരാൻ സംസ്ഥാന സർക്കാരിന് സാധിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ? | നീറ്റാ ജലാറ്റിൻ കമ്പനി അവരുടെ കേരളത്തിലെ ഫെസിലിറ്റീസ് വികസിപ്പിക്കുന്നതിനുള്ള 200 കോടി രൂപയുടെ അധിക നിക്ഷേപം നടത്താനുള്ള പദ്ധതിയും ജപ്പാനിലെ ടെറുമോ കോർപ്പറേഷൻ അവരുടെ സമ്പൂർണ്ണ ഉടമസ്ഥതയിലുള്ള സബ്സിഡിയറി കമ്പനിയായ തിരുവനന്തപുരത്തെ ടെറുമോ പെൻപോളിൽ 105 കോടി രൂപയുടെ നിക്ഷേപം നടത്തുന്നതിനുള്ള പദ്ധതിയും ആയിരുന്നു. ഇതിൽ നീറ്റ ജലാറ്റിൻ ഇന്ത്യ ലിമിറ്റഡിന്റെ കേരളത്തിലെ അടിസ്ഥാന സൗകര്യങ്ങൾ വിപുലീകരിക്കുന്നതിനുള്ള 107 കോടി രൂപയുടെ പദ്ധതി കമ്പനിയുടെ ഡയറക്ടർ ബോർഡ് അംഗീകരിച്ചിട്ടുണ്ട്. വിശദമായ പ്രോജക്ട് റിപ്പോർട്ടിന്റെ (സിപിആർ) അടിസ്ഥാനത്തിൽ ഈ പദ്ധതിക്കായി കാക്കനാട്ടെ കിൻഫ്ര ഇൻഡസ്ട്രിയൽ പാർക്കിൽ സ്ഥലം അനുവദിച്ച് നൽകിയിട്ടുണ്ട്. പദ്ധതി പുരോഗമിക്കുകയാണ്. അതുപോലെ ടെറുമോ പെൻപോളിലെ നിക്ഷേപവുമായി ബന്ധപ്പെട്ടും തുടർനടപടികൾ സ്വീകരിച്ചു വരുന്നു. |

## XXI. വനം-വന്യജീവി വകുപ്പ്

| ക്രമ നമ്പർ | നിയമസഭ/ സമ്മേളനം | ഉറപ്പ് നമ്പർ | സഭയിൽ ഉന്നയിക്കപ്പെട്ട ചോദ്യം | മന്ത്രി നൽകിയ ഉറപ്പ് |
|---|---|---|---|---|
| 1 | 15/5 | 80 | ഡി) പരിസ്ഥിതിയെ ഏറ്റവും ദോഷകരമായി ബാധിക്കുന്ന തരത്തിൽ വനമേഖലയിൽ മാലിന്യം നിക്ഷേപിക്കുന്നവർക്ക് കടുത്ത ശിക്ഷ നൽകുന്ന നിയമം നിലവിലുണ്ടോ; ഇല്ലെങ്കിൽ ആവശ്യമായ നിയമനിർമ്മാണം നടത്തുമോ ; വിശദമാക്കുമോ? | ഡി) വനമേഖലയിൽ മാലിന്യം നിക്ഷേപിക്കുന്നവർക്കെതിരെ കൂടുതൽ ഫലപ്രദമായ നടപടി കൈക്കൊള്ളുന്നതിനാവശ്യമായ വ്യവസ്ഥകൾ ഉൾപ്പെടുത്തിയിട്ടുള്ള കേരള ഫോറസ്റ്റ് ആക്ടിന്റെ ഭേദഗതിയുടെ കരട് നിയമവ്യവസ്ഥകൾ സർക്കാരിന്റെ പരിഗണനയിലാണ്. |
| 2 | 15/7 | 3 | പാതയോരങ്ങളിൽ അപകടാവസ്ഥയിലുള്ള മരങ്ങൾ മുറിച്ചു മാറ്റുന്നതിനായി വനം വകുപ്പ് സോഷ്യൽ ഫോറസ്ട്രി മുഖേന മരങ്ങൾക്ക് വില നിശ്ചയിച്ചു നൽകുമ്പോൾ നിലവിലെ മാർക്കറ്റ് നിരക്കിനേക്കാൾ ഉയർന്ന വില നിശ്ചയിച്ചു നൽകുന്നതുമൂലം പലപ്പോഴും ടെണ്ടർ നടപടി യഥാസമയം പൂർത്തിയാക്കാൻ കഴിയാത്ത സാഹചര്യം ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;<br>വില നിശ്ചയിക്കുമ്പോൾ മാർക്കറ്റ് നിരക്കിനാനുപാതികമായി നിശ്ചയിക്കാനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ? | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br>പരിശോധിക്കുന്നതാണ്. |

## XXII. ധനകാര്യ വകുപ്പ്

| ക്രമ നമ്പർ | നിയമസഭ/ സമ്മേളനം | ഉറപ്പ് നമ്പർ | സഭയിൽ ഉന്നയിക്കപ്പെട്ട ചോദ്യം | മന്ത്രി നൽകിയ ഉറപ്പ് |
|---|---|---|---|---|
| 1 | 15/6 | 22 | സംസ്ഥാനത്തെ പുഴകളിലും ഡാമുകളിലും അടിഞ്ഞുകൂടിയിരിക്കുന്ന മണൽ നിയമാനുസൃതമായി വിൽപ്പന നടത്തിയും റോഡുകളിലും പൊതുസ്ഥലങ്ങളിലും പോലീസ് കസ്റ്റഡിയിലെടുത്തിട്ടുള്ള വാഹനങ്ങൾ വിൽപ്പന നടത്തിയും ഫോറസ്റ്റുകളിലും റോഡരികുകളിലും വീണുകിടക്കുന്ന മരങ്ങളുടെ വിൽപ്പനയ്ക്കുള്ള സംവിധാനം ഏർപ്പെടുത്തിയും സർക്കാരിന്റെ വരുമാനം വർദ്ധിപ്പിക്കാനുള്ള നടപടികൾ സ്വീകരിക്കുമോ? | ഇക്കാര്യത്തിൽ കൂടുതൽ കാര്യക്ഷമമായ നടപടികൾ സ്വീകരിക്കുന്നതിന് ബന്ധപ്പെട്ട വകുപ്പുകളെ സംയോജിപ്പിച്ചുകൊണ്ട് പ്രത്യേക പദ്ധതികൾ ആവിഷ്കരിക്കുന്നതാണ്. ഈ പറയുന്ന കാര്യങ്ങളെല്ലാം നിയമത്തിലുണ്ടെങ്കിലും നമ്മുടെ നദികളിലെല്ലാം വെള്ളപ്പൊക്കത്തിനുശേഷം മണൽ നിറഞ്ഞ് വലിയ മണൽത്തിട്ടകൾ രൂപംകൊണ്ടിരിക്കുകയാണ്. ഡാമുകളിലും ഈ പ്രശ്നമുണ്ട്. ബന്ധപ്പെട്ട വകുപ്പുകളെ ചേർത്ത് പ്രത്യേകമായൊരു സ്കീം ഉണ്ടാക്കി വളരെ പെട്ടെന്നുതന്നെ ഇക്കാര്യങ്ങൾ ചെയ്യാം. |
| 2 | 15/6 | 43 | (എ) സംസ്ഥാന സർക്കാർ ജീവനക്കാർക്കും, പെൻഷൻകാർക്കുമുള്ള "മെഡിസെപ്പ്" ഇൻഷ്വറൻസ് പദ്ധതിയിൽ മെച്ചപ്പെട്ട ആശുപത്രികൾ കുറവാണ് എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br>(ബി) എങ്കിൽ പ്രസ്തുത പരാതി പരിഹരിക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ? | (എ) ഉണ്ട്. സംസ്ഥാനത്തെ മെച്ചപ്പെട്ട ആശുപത്രികളെ പദ്ധതിയിൽ ഉൾപ്പെടുത്തുവാൻ കമ്പനി നിരന്തരം ആശുപത്രികളുമായി ബന്ധപ്പെടുകയും ചർച്ചകൾ നടത്തിവരുകയുമാണ്.<br>(ബി) ഉണ്ട്. സംസ്ഥാനത്തെ മെച്ചപ്പെട്ട ആശുപത്രികളെ പദ്ധതിയിൽ ഉൾപ്പെടുത്തുവാൻ കമ്പനി നിരന്തരം ആശുപത്രികളുമായി ബന്ധപ്പെടുകയും ചർച്ചകൾ നടത്തിവരുകയുമാണ്. |

| | | | | |
|---|---|---|---|---|
| 3 | 15/6 | 44 | (ബി) സംസ്ഥാനത്ത് സ്കൂളുകളുടെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നതിനായി കിഫ്ബി ധനസഹായമായി സംസ്ഥാനത്തെ ഓരോ ജില്ലയിലുമായി എത്ര തുകയുടെ പ്രവർത്തനങ്ങൾക്ക് ലക്ഷ്യമിട്ടു എന്നും ആയതിൽ ധനകാര്യ അനുമതി എത്ര തുകയ്ക്ക് നാളിതുവരെ ലഭ്യമായി എന്നും ഉദ്യോഗസ്ഥ വീഴ്ച മൂലം ധനകാര്യ അനുമതി ലഭ്യമാകാത്തത് എത്ര തുകയുടെ എന്നും വ്യക്തമാക്കുമോ? | (ബി) ധനാനുമതി സംബന്ധിച്ച വിശദാംശങ്ങൾ, ഓരോ ജില്ലയിലും പൂർത്തീകരിച്ച സ്കൂളുകളുടെ എണ്ണം എന്നിവ അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുണ്ട്. ചില സ്കൂളുകൾക്കായി സമർപ്പിക്കപ്പെട്ട പദ്ധതികളുടെ എസ്റ്റിമേറ്റിലുള്ള കുറവുകൾ കാരണം മറ്റ് അടിസ്ഥാന പ്രശ്നങ്ങൾ കാരണവുമാണ് കിഫ്ബി ഇതുവരെയും അത്തരം പദ്ധതികൾക്ക് ധനാനുമതി നൽകാത്തത്. ആയത് പരിഹരിക്കുന്ന മുറയ്ക്ക് ഫണ്ടിംഗിനായി പരിഗണിക്കുന്നതാണ്. |
| 4 | 15/7 | 29 | സർക്കാർ ജീവനക്കാരുടെ പങ്കാളിത്ത പെൻഷൻ പദ്ധതി പുനഃപരിശോധിക്കാൻ നിയമിച്ച സമിതിയുടെ റിപ്പോർട്ടിന്മേൽ സ്വീകരിച്ച നടപടി വിശദമാക്കുമോ;<br>പങ്കാളിത്ത പെൻഷൻ പദ്ധതി പിൻ വലിക്കണമെന്ന് സർവ്വീസ് സംഘടനകൾ ആവശ്യപ്പെട്ടിട്ടുണ്ടോ; വിശദാംശം നൽകുമോ? | പങ്കാളിത്ത പെൻഷൻ പദ്ധതി പരിശോധിക്കുന്നതുമായി ബന്ധപ്പെട്ട് നിയമിച്ച സമിതി സമർപ്പിച്ച റിപ്പോർട്ട് സർക്കാർ പരിശോധിച്ച് വരികയാണ്.<br>പങ്കാളിത്ത പെൻഷൻ പദ്ധതി പിൻവലിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് വിവിധ സർവ്വീസ് സംഘടനകൾ സർക്കാരിലേയ്ക്ക് നിവേദനങ്ങൾ സമർപ്പിച്ചിരുന്നു. ടി വിഷയം ഉൾപ്പെടെ പങ്കാളിത്ത പെൻഷൻ പദ്ധതിയുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങൾ സർക്കാർ പരിശോധിച്ചു വരുന്ന സാഹചര്യത്തിൽ ആയതിന്മേലുള്ള തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്. |

## XXIII. സാമൂഹ്യനീതി വകുപ്പ്

| ക്രമ നമ്പർ | നിയമസഭ/സമ്മേളനം | ഉറപ്പ് നമ്പർ | സഭയിൽ ഉന്നയിക്കപ്പെട്ട ചോദ്യം | മന്ത്രി നൽകിയ ഉറപ്പ് |
|---|---|---|---|---|
| 1 | 15/6 | 23 | (സി) സർക്കാർ ഗ്രാന്റ് ലഭിക്കാത്ത ധർമ്മസ്ഥാപനങ്ങളിലെ അന്തേവാസികൾക്ക് പെൻഷൻ ലഭിക്കുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇവർക്ക് പെൻഷൻ നൽകുന്ന കാര്യം പരിഗണിക്കുമോ? | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പരിശോധിക്കാവുന്നതാണ്. |

## XXIV. വിവര സാങ്കേതികവിദ്യാ വകുപ്പ്

| ക്രമ നമ്പർ | നിയമസഭ/സമ്മേളനം | ഉറപ്പ് നമ്പർ | സഭയിൽ ഉന്നയിക്കപ്പെട്ട ചോദ്യം | മന്ത്രി നൽകിയ ഉറപ്പ് |
|---|---|---|---|---|
| 1 | 15/6 | 24 | (ബി) ഐ.ടി. ഉല്പന്നങ്ങളും സേവനങ്ങളും ഇരട്ടിയാക്കുകയെന്ന ലക്ഷ്യത്തോടെ ഐ.ടി. മേഖലയുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി നടത്തുന്ന പ്രവർത്തന ങ്ങളെക്കുറിച്ച് വിശദമാക്കാമോ? | (ബി) ഐ.ടി. മേഖലയിൽ 5G സാങ്കേതിക വിദ്യയിൽ അധിഷ്ഠിതമായി NH66-ന സമാന്തരമായി തിരുവനന്തപുരം മുതൽ കണ്ണൂർ വരെ 20 ചെറുകിട ഐ.ടി. പാർക്കുകൾ ഉൾപ്പെടുന്ന ഐ.ടി. ഇടനാഴി സ്ഥാപിക്കുവാനും അതുവഴി ഉത്പാദനവും സേവനവും വർദ്ധിപ്പി ക്കുന്നതിനും 2 ലക്ഷത്തോളം തൊഴിലവസരങ്ങൾ സൃഷ്ടിക്കുവാനും ലക്ഷ്യമിടുന്നു. |

## XXV. ആഭ്യന്തര വകുപ്പ്

| ക്രമ നമ്പർ | നിയമസഭ/സ മ്മേളനം | ഉറപ്പ് നമ്പർ | സഭയിൽ ഉന്നയിക്കപ്പെട്ട ചോദ്യം | മന്ത്രി നൽകിയ ഉറപ്പ് |
|---|---|---|---|---|
| 1 | 15/6 | 25 | (ഡി) കുട്ടികൾക്കെതിരെയുള്ള ഓൺലൈൻ അതിക്രമങ്ങൾ വർദ്ധിക്കുന്ന സാഹചര്യത്തിൽ ഓൺലൈൻ കുറ്റകൃത്യങ്ങൾക്കെതിരെ കൗൺസിലിംഗ് സെന്ററുകൾ സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ? | (ഡി) ഒരു വിഭാഗം കുട്ടികളെ ഇന്റർനെറ്റ് ദുരുപയോഗത്തിലേയ്ക്കും കുറ്റകൃത്യങ്ങളിലേയ്ക്കും നയിക്കുന്നുവെന്ന അനുബന്ധ കണ്ടെത്തലിനെ തുടർന്ന് ഇന്റർനെറ്റിന്റെ ദുരുപയോഗവും മറ്റ് നിയമ സാമൂഹികവിരുദ്ധ പ്രവർത്തനങ്ങളും തടയുക എന്ന ലക്ഷ്യത്തോടെ കേരള പോലീസ് ആവിഷ്കരിച്ച് നടപ്പിലാക്കാൻ പോകുന്ന മൂന്ന് വർഷത്തെ പദ്ധതിയാണ് ഡിജിറ്റൽ ഡി-അഡിക്ഷൻ സെന്റർ (D-DAD). D-DAD സെന്റർ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |
| 2 | 15/6 | 26 | (സി) സ്ത്രീകൾ നേരിടുന്ന വിവേചനവും അതിക്രമവും തടയാൻ ജനമൈത്രി പോലീസ് സംവിധാനം കാര്യക്ഷമമാക്കിക്കൊണ്ടും കുടുംബശ്രീയുടെ പങ്കാളിത്തം ഉറപ്പാക്കിക്കൊണ്ടും പദ്ധതി ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ? | (സി) ജനമൈത്രി പോലീസുമായി ചേർന്ന് സ്ത്രീധന ഗാർഹിക പീഡന സംബന്ധമായ പരാതികളിന്മേൽ സമയബന്ധിതമായി നടപടി സ്വീകരിക്കുന്നതിനും സ്ത്രീകൾക്ക് നീതി ഉറപ്പാക്കുന്നതിനുമായി പോലീസ് സ്റ്റേഷൻ അടിസ്ഥാനത്തിൽ വനിത ശിശു വികസന വകുപ്പ് ഐ.സി.ഡി.എസ്. സൂപ്പർവൈസർ, |

| | | | | |
|---|---|---|---|---|
| | | | | ജനമൈത്രി പോലീസ്, അങ്കണവാടി വർക്കർ , പാര ലീഗൽ വോളന്റിയർ എന്നിവരെ ഉൾപ്പെടുത്തി ടാസ്ക് ആക്ഷൻ ഫോഴ്സ് എന്ന പദ്ധതി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| 3 | 15/7 | 26 | സംസ്ഥാനത്ത് അന്ധവിശ്വാസവും ദുരാചാരങ്ങളും ഉന്മൂലനം ചെയ്യാൻ നിമയനിർമ്മാണം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ? | ഇക്കാര്യം ആഭ്യന്തര വകുപ്പിന്റെ പരിശോധനയിലാണ്. |

## XXVI. ഊർജ്ജ വകുപ്പ്

| ക്രമ നമ്പർ | നിയമസഭ/ സമ്മേളനം | ഉറപ്പ് നമ്പർ | സഭയിൽ ഉന്നയിക്കപ്പെട്ട ചോദ്യം | മന്ത്രി നൽകിയ ഉറപ്പ് |
|---|---|---|---|---|
| 1 | 15/6 | 40 | (സി) മൂലധന നിക്ഷേപം നടത്തി ചെറുകിട ജലവൈദ്യുത പദ്ധതികൾ ഏറ്റെടുത്ത് നടപ്പിലാക്കാൻ സഹകരണ ബാങ്കുകൾക്കും പൊതുമേഖലാ സ്ഥാപനങ്ങൾക്കും അനുമതി നൽകുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദമാക്കാമോ? | (സി) ഉണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും, സഹകരണ സ്ഥാപനങ്ങളുടെയും പങ്കാളിത്തത്തോടെ SPV-കൾ രൂപീകരിച്ച് ചെറുകിടജലവൈദ്യുത പദ്ധതികൾ നടപ്പിലാക്കുന്നതിന് ഇ.എം.സി. തദ്ദേശസ്വയംഭരണ വകുപ്പിനും, സഹകരണ വകുപ്പിനും പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്.<br>ഇതിന്റെ ആദ്യ ചുവട് വെയ്പ്പായി പാലക്കാട് ജില്ലയിലെ ലോവർ വട്ടപ്പാറ (3MW) ചെറുകിട ജലവൈദ്യുത പദ്ധതി പൈലറ്റ് അടിസ്ഥാനത്തിൽ |

| | | | | |
|---|---|---|---|---|
| | | | | സഹകരണ-തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടെ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്. പ്രസ്തുത ലോവർ വട്ടപ്പാറ (3MW) ചെറുകിട ജലവൈദ്യുതപദ്ധതിയുടെ ഡി.പി.ആർ. ഇ.എം.സി. തയ്യാറാക്കി വരുന്നു. |
| 2 | 15/6 | 41 | (സി) കെ.എസ്.ഇ.ബി. പെൻഷൻ ഫണ്ട് ഇതുവരെ കാര്യക്ഷമമാക്കിയിട്ടില്ലാത്തതിന്റെ കാരണം വിശദമാക്കാമോ? | (സി) 2013-ലെ ആക്ച്യൂറിയൽ വാല്യൂവേഷൻ അനുസരിച്ച് പെൻഷൻ ഫണ്ടിനു വേണ്ട 12419 കോടി രൂപ സമാഹരിക്കുന്നതിന് 2 ബോണ്ടുകൾ പുറപ്പെടുവിച്ചിട്ടുണ്ട്. 3-11-2011-ലെ സ.ഉ. (കൈ).നമ്പർ 43/2011/പി.ഡി. ഉത്തരവ് പ്രകാരം 524 കോടി രൂപ 10 തുല്യ ഗഡുക്കളായി 2012-13 സാമ്പത്തികവർഷം മുതൽ ബഡ്ജറ്റിൽ വകയിരുത്തി നൽകി വരുന്നു. പത്ത് വർഷക്കാലയളവിലേക്ക് ഇലക്ട്രിസിറ്റി ഡ്യൂട്ടിയിനത്തിൽ ലഭിക്കുന്ന 5861 കോടി രൂപ ബോർഡിൽ തന്നെ നിലനിർത്തി മാസ്റ്റർ ട്രസ്റ്റിനുവേണ്ടി ഉപയോഗിക്കാൻ 28-1-2015-ലെ സർക്കാർ ഉത്തരവ് പ്രകാരം അനുമതി നൽകിയിട്ടുണ്ട്. 2013-ന് ശേഷം പെൻഷൻ ബാദ്ധ്യതയിലുണ്ടായ വർദ്ധനവ് ഫണ്ട് ചെയ്യുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്. |

| | | | | |
|---|---|---|---|---|
| 3 | 15/7 | 27 | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ ചെറുകിട ജലവൈദ്യുത പദ്ധതികൾ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ? | ചെറുകിട ജലവൈദ്യുത പദ്ധതികൾ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്. |
| 4 | 15/7 | 30 | സ്മാർട്ട് മീറ്റർ സ്ഥാപിക്കുന്നത് സംബന്ധിച്ച് തൊഴിലാളി യൂണിയനുകൾ എതിർപ്പ് ഉന്നയിച്ചിട്ടുണ്ടോ; എങ്കിൽ തൊഴിലാളികൾ ഉന്നയിച്ച പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടിട്ടുണ്ടോ; വിശദാംശം നൽകുമോ? | ഉണ്ട്. പ്രശ്ന പരിഹാരത്തിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

## XXVII. നികുതി വകുപ്പ്

| ക്രമ നമ്പർ | നിയമസഭ/ സമ്മേളനം | ഉറപ്പ് നമ്പർ | സഭയിൽ ഉന്നയിക്കപ്പെട്ട ചോദ്യം | മന്ത്രി നൽകിയ ഉറപ്പ് |
|---|---|---|---|---|
| 1 | 15/7 | 4 | കുട്ടികൾക്കെതിരായിട്ടുള്ള കുറ്റകൃത്യങ്ങൾ കൈകാര്യം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ? | ജുവനൈൽ ജസ്റ്റിസ് നിയമത്തിലെ വകുപ്പുകൾ പ്രകാരം കേസെടുക്കുന്നതിന് എക്സൈസ് ഉദ്യോഗസ്ഥരെക്കൂടി അധികാരപ്പെടുത്തുന്നത് സംബന്ധിച്ച എക്സൈസ് കമ്മീഷണറുടെ ശിപാർശ സർക്കാരിന്റെ പരിഗണനയിലാണ്. |

## XXVIII. ജലവിഭവ വകുപ്പ്

| ക്രമ നമ്പർ | നിയമസഭ/ സമ്മേളനം | ഉറപ്പ് നമ്പർ | സഭയിൽ ഉന്നയിക്കപ്പെട്ട ചോദ്യം | മന്ത്രി നൽകിയ ഉറപ്പ് |
|---|---|---|---|---|
| 1 | 15/7 | 23 | ജൽ ജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായി നടക്കുന്ന പ്രവർത്തനങ്ങളിൽ ഇതിന്റെ സ്രോതസ്സുകളുടെയും ജലാശയ ങ്ങളുടെയുമൊക്കെ കുറവ് വളരെ വലുതാണ്. ജലസേചന വകുപ്പിൽ കിഫ്ബി വഴിയാണ് ജൽ ജീവൻ മിഷന്റെ പദ്ധതികളും പ്രവർത്തനങ്ങളുമൊക്കെ നടക്കുന്നത്. അത് സൂപ്പർ വിഷൻ നടത്തുന്നതിന് ചുമതല പ്പെടുത്തിയിട്ടുള്ളത് റിട്ടയർ ചെയ്തയാളുക ളെയായതിനാൽ അതിന്റെയൊക്കെ പോരായ്മകളും പ്രയാസങ്ങളും അനുഭവി ക്കുകയാണ്. അതിന് പരിഹാരമായി പി.ഡബ്ല്യൂ.ഡി-യിലെ KRFB (Kerala Road Fund Board) ഏറ്റെടുത്ത് നടത്തുന്നതു പോലെ ജലവകുപ്പിൽ അത്തരമൊരു സംവിധാനം ഏർപ്പെടുത്തിക്കൊണ്ട് എത്രയും വേഗം പ്രവൃത്തികൾ പൂർത്തീകരിക്കുന്ന തിനുള്ള നടപടികൾ സ്വീകരിക്കാൻ തയ്യാറാകുമോ? | ജൽ ജീവൻ മിഷന്റെ പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ പൂർത്തീകരിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതോടൊപ്പം ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ച സാങ്കേതിക പ്രശ്നത്തെക്കുറിച്ച് പരിശോധിക്കുന്നതാണ്. |

| | | | | |
|---|---|---|---|---|
| 2 | 15/7 | 24 | നൂതന സാങ്കേതികവിദ്യയുടെ സഹായത്തോടെ സംസ്ഥാനത്തെ എല്ലാ കുളങ്ങളും ജിയോ ടാഗ് ചെയ്യുന്നതിനും സെൻസറുകൾ സ്ഥാപിച്ച് ജലഗുണനിലവാരം മനസ്സിലാക്കി പ്രസിദ്ധപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കാനാകുമോ? | കേരളത്തിലെ കിണറുകളിൽ ജിയോ ടാഗിംഗ് സിസ്റ്റം കൊണ്ടുവരുന്നത്, ആ കിണറിലെ ജലത്തിന്റെ അളവ് കൃത്യമായി അറിയാനും ഓരോ വർഷവും ഓരോ ദിവസവും ആ മാറ്റം നിരീക്ഷിക്കാനും കഴിയുന്നതിലൂടെ ജലത്തിന്റെ ഉപയോഗവും വിനിയോഗവും എങ്ങനെ വേണമെന്ന് ശാസ്ത്രീയമായി മനസ്സിലാക്കാനുതകുന്ന ഒരു പദ്ധതി യാണിത്. അത് വ്യാപിപ്പിക്കുന്നതിനാവശ്യമായ നടപടികൾ വിവിധ ഡിപ്പോർട്ട്മെന്റിന്റെ സഹായത്തോടെ നടപ്പിലാക്കാൻ കഴിയുമോ എന്ന് പരിശോധിച്ചുവരികയാണ്. |

## XXIX. ഭക്ഷ്യ പൊതുവിതരണ വകുപ്പ്

| ക്രമ നമ്പർ | നിയമസഭ/ സമ്മേളനം | ഉറപ്പ് നമ്പർ | സഭയിൽ ഉന്നയിക്കപ്പെട്ട ചോദ്യം | മന്ത്രി നൽകിയ ഉറപ്പ് |
|---|---|---|---|---|
| 1 | 15/7 | 15 | (ബി) സംസ്ഥാനത്ത് എ.എ.വൈ. കാർഡ് ഉപഭോക്താക്കളുടെ ഒഴിവുകൾ നികത്താൻ നിലവിൽ സ്വീകരിച്ച് നടപടികൾ വിശദമാക്കാമോ? | (ബി) സംസ്ഥാനത്തിന് കേന്ദ്രസർക്കാർ അനുവദിച്ചിട്ടുള്ള 1,54,80,040, (എ.എ.വൈ., പി.എച്ച്.എച്ച്.) മുൻഗണനാ കാർഡുകളിൽ, എ.എ.വൈ വിഭാഗത്തിന് 595800 കാർഡു |

| | | | | |
|---|---|---|---|---|
| | | | | കളാണുള്ളത്. ഇതിൽ ഒഴിവുള്ള കാർഡുകളിലേക്ക് തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ സഹായ ത്തോടെ സമൂഹത്തിലെ അതിദരിദ്രരെ കണ്ടെത്തി അവരുടെ ആധാർ കാർഡിന്റെ അടിസ്ഥാനത്തിൽ എ.എ.വൈ. വിഭാഗത്തിൽ ഉൾപ്പെടുത്തി റേഷൻകാർഡ് അനുവദിക്കുന്ന തിനും ഗുരുതരരോഗം ബാധിച്ചവർ ഉൾപ്പെട്ടിട്ടുള്ള സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുടുംബങ്ങളുടെ റേഷൻകാർഡ് എ.എ.വൈ. വിഭാഗത്തിലേക്ക് മാറ്റുന്നതിനും ആവശ്യമായ നടപടി സ്വീകരിച്ചു വരുന്നു. |
| 2 | 15/7 | 16 | (എ) ഭക്ഷ്യ-പൊതുവിതരണ വകുപ്പ് ആരംഭിച്ച ന്യായവില ഹോട്ടലുകൾ എത്ര എണ്ണമാണ് നിലവിൽ പ്രവർത്തിച്ചുവരുന്നത്; കൂടുതൽ ഹോട്ടലുകൾ ആരംഭിക്കുന്നത് പരിഗണനയിൽ ഉണ്ടോയെന്ന് വ്യക്തമാക്കുമോ? | (എ) വിശപ്പുരഹിത കേരളം (സുഭിക്ഷ) പദ്ധതിയുടെ ഭാഗമായി 'സുഭിക്ഷ' ഹോട്ടലുകളാണ് ഭക്ഷ്യ പൊതുവിതരണ വകുപ്പിന്റെ കീഴിൽ ആരംഭിച്ചിട്ടുള്ളത്. ഒരു നിയോജക മണ്ഡലത്തിൽ ഒന്ന് എന്ന ക്രമത്തിൽ 50 നിയോജക മണ്ഡലങ്ങളിൽ ആരംഭിച്ച സുഭിക്ഷ ഹോട്ടലുകളിൽ ആറ്റിങ്ങൽ നിയോജക മണ്ഡലത്തിലെ ചിറയിൻകീഴ് താലൂക്കിൽ |

| | | | | |
|---|---|---|---|---|
| | | | | ആരംഭിച്ച സുഭിക്ഷ ഹോട്ടൽ ഒഴികെ ബാക്കി 49 എണ്ണവും നിലവിൽ പ്രവർത്തിക്കുന്നുണ്ട്. കൂടുതൽ സുഭിക്ഷ ഹോട്ടലുകൾ ആരംഭിക്കുന്നതിനുള്ള ഉചിതമായ ശിപാർശകൾ ലഭിക്കുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്. |
| 3 | 15/7 | 18 | (ബി) സുഭിക്ഷ ഹോട്ടൽ പദ്ധതി വിപുല പ്പെടുത്തുന്നതിനു നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ? | (ബി) സുഭിക്ഷ ഹോട്ടലുകൾ പുതിയതായി ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസലുകൾ ജില്ലകളിൽ നിന്നും ലഭിക്കുന്ന മുറയ്ക്ക് പരിശോധന നടത്തി ഉചിതമായ ശിപാർശകളിന്മേൽ തുടർനടപടികൾ സ്വീകരിക്കുന്നുണ്ട്. |
| 4 | 15/7 | 19 | (സി) ഒരു ഊണിന് അഞ്ച് രൂപ എന്ന നിരക്കിൽ ലഭിക്കുന്ന കമ്മീഷൻ കൊണ്ട് കുടുംബശ്രീ യൂണിറ്റുകൾക്ക് ഹോട്ടൽ നടത്തിക്കൊണ്ട് പോകുന്നതിനുള്ള ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ? | (സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയത് പരിഹരി ക്കുന്നതിനായി സ്വീകരിക്കേണ്ട നടപടികൾ വിവിധ തലങ്ങളിൽ പരിശോധിച്ച് വരുന്നു. |

## അനുബന്ധം - II
## സമിതി അംഗീകരിച്ച നടപടി റിപ്പോർട്ടുകളുടെ പട്ടിക

### I. ആരോഗ്യ കുടുംബക്ഷേമ വകുപ്പ്

| ക്രമ നമ്പർ | നിയമസഭ സമ്മേളനം | ഉറപ്പ് നമ്പർ | സഭയിൽ ഉന്നയിക്കപ്പെട്ട ചോദ്യങ്ങളും ഉറപ്പുകളും | സർക്കാരിൽ നിന്ന് ലഭിച്ച സ്റ്റേറ്റ്മെന്റ് |
|---|---|---|---|---|
| 1 | 13/1 | 79 | സർക്കാർ ആശുപത്രികളിലെ നഴ്സുമാരുടെ ജോലിഭാരം കുറയ്ക്കുന്നതിന് ഒഴിവുകൾ അടിയന്തിരമായി നികത്താൻ നടപടി സ്വീകരിക്കുമോ? | സ്റ്റാഫ് നഴ്സുമാരുടെ ഒഴിവുകൾ അടിയന്തരമായി നികത്തുന്നതിന് എല്ലാ ജില്ലാ മെഡിക്കൽ ആഫീസർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. പി.എസ്.സി റാങ്ക് ലിസ്റ്റ് നിലവിലില്ലാത്ത ജില്ലകളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖാന്തിരമോ സ്റ്റൈപ്പന്ററി ബോൺഡഡ് വ്യവസ്ഥയിൽ സ്കൂൾ ഓഫ് നഴ്സിംഗ് വിദ്യാർത്ഥികളെ നിയമിച്ചോ പ്രസ്തുത ഒഴിവുകൾ നികത്തുന്നുണ്ട്. |
| 2 | 13/11 | 150 | ഡ്രഗ്സ് കൺട്രോൾ സംവിധാനം ആയുർവേദ രംഗത്ത് വേണ്ടത്ര ഫലപ്രദമല്ല. പുതിയ ധാരാളം മരുന്നുകൾ വിപണിയിൽ വരുന്നുണ്ട്. എന്തെങ്കിലും പരീക്ഷണ നിരീക്ഷണങ്ങൾ ഇതുമായി ബന്ധപ്പെട്ട് നടത്തിയിട്ടുണ്ടോ; അതുപോലെ മറ്റ് സംസ്ഥാനങ്ങളിൽ നിന്നും ജലാറ്റിൻ ഗുളികകൾ ഉൾപ്പെടെയുള്ള ധാരാളം | വിപണിയിൽ ലഭ്യമാകുന്ന എല്ലാവിധ ആയുർവേദ മരുന്നുകളും അതാത് സംസ്ഥാന ഡ്രഗ്സ് കൺട്രോൾ വകുപ്പിന്റെ ലൈസൻസിംഗ് അനുമതിയോടെ മാത്രമാണ് നിർമ്മിക്കപ്പെടുന്നതെന്ന് ഡ്രഗ്സ് കൺട്രോൾ വകുപ്പിലെ ആയുർവേദ വിഭാഗം ഉറപ്പാക്കുന്നുണ്ട്. ആയുർവ്വേദ ഗ്രന്ഥങ്ങൾക്കനുസൃതമായി നിർമ്മിക്കുന്ന പരമ്പരാഗത ആയുർവ്വേദ മരുന്നുകൾ കാലാകാലങ്ങളായി ഫലപ്രദമാണെന്ന് |

| | | | | |
|---|---|---|---|---|
| | | | മരുന്നുകൾ ഇവിടെ വരുന്നുണ്ട്. ഇതിന്റെ ഗുണനിലവാരം പരിശോധിക്കപ്പെടുന്നില്ല. അതിൽ എക്സ്പയറി ഡേറ്റ് രേഖപ്പെടുത്തുന്നില്ല. അതിന്റെ പേരിലും നിരവധി തട്ടിപ്പുകൾ നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരം കാര്യങ്ങളൊക്കെ പരിശോധിക്കുന്നതിനും നമ്മുടെ ഡ്രഗ്സ് കൺട്രോൾ സംവിധാനം ഫലപ്രദമാക്കുന്നതിനുമാവശ്യമായ നടപടികൾ സ്വീകരിക്കുമോ? | തെളിയിക്കപ്പെട്ടിട്ടുള്ളതാണ്. പേറ്റന്റ് ആന്റ് പ്രൊപ്രൈറ്ററി മെഡിസിൻ വിഭാഗത്തിൽ വരുന്ന ആയുർവ്വേദ മരുന്നുകൾക്ക് എല്ലാം തന്നെ ക്ലിനിക്കൽ ട്രയൽ പഠനങ്ങൾ നടത്തിയാണ് ലൈസൻസുകൾ അനുവദിക്കുന്നത്. ആയതിനാൽ ഇവയുടെ ഗുണനിലവാരവും ഉറപ്പാക്കപ്പെട്ടിട്ടുണ്ട്. കൂടാതെ ആയുർവ്വേദ വിഭാഗം വിപണിയിൽ നിന്നും മരുന്നുകളുടെ റാൻഡം സാംപ്ലിങ്ങ് നടത്തിയും ഗുണനിലവാരം ഉറപ്പാക്കുന്നുണ്ട്. ഇതിലേയ്ക്കായി തിരുവനന്തപുരം ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറി കൂടാതെ എറണാകുളം റീജിയണൽ ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറിയിലും സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. |
| 3 | 13/12 | 18 | കാസർഗോഡ് ജില്ലയിൽ മെഡിക്കൽ കോളേജ് സ്ഥാപിക്കാൻ പദ്ധതിയുണ്ടോ; വിശദാംശം ലഭ്യമാക്കാമോ? | കാസർഗോഡ് മെഡിക്കൽ കോളേജിന്റെ ആദ്യ ഘട്ടത്തിൽ 99.75 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയ ആന്തരിക റോഡുകളുടെയും കുഴൽ കിണറിന്റെയും ജോലികൾ പൂർത്തിയായി കഴിഞ്ഞു. നാല് നിലകളുടെ ഘടനാപരമായ ജോലികൾ പൂർത്തീകരിക്കുകയും അക്കാഡമിക്ക് ബ്ലോക്കിന്റെ നിർമ്മാണം പുരോഗമിച്ച് വരികയും ചെയ്യുന്നു. നിർമ്മാണ മേൽനോട്ട ഏജൻസിയായ കിറ്റ്കൊയുമായി 282.7 കോടി രൂപയുള്ള നിർമ്മാണ പ്രവർത്തനങ്ങൾക്കാണ് ധാരണാപത്രം തയ്യാറാക്കിയിട്ടുള്ളത്. 2013-14 മുതൽ |

| | | | | |
|---|---|---|---|---|
| | | | | ഉള്ള നാല് സാമ്പത്തിക വർഷങ്ങളിലായി 27.57 കോടി രൂപ പദ്ധതിയിനത്തിൽ സർക്കാർ അനുവദിച്ചിട്ടുണ്ട്. ഇതു കൂടാതെ കാസർഗോഡ് പാക്കേജിൽ ഉൾപ്പെടുത്തി 25.25 കോടി രൂപ പ്ലാനിംഗ് & ഇക്കണോമിക്സ് ഡിപ്പാർട്ട്മെന്റിൽ നിന്നും കാസർഗോഡ് ജില്ലാ കളക്ടർക്ക് നേരിട്ട് അനുവദിച്ചിട്ടുണ്ട്. നബാർഡിന്റെ ധനസഹായത്തോടെയുള്ള (58.1825 കോടി രൂപ) ഹോസ്പിറ്റൽ ബ്ലോക്കിന്റെ നിർമ്മാണത്തിന് 68.45 കോടി രൂപയുടെ ഭരണാനുമതിയും നബാർഡിൽ നിന്നും 2015 ൽ 582 ലക്ഷം രൂപ ലഭിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ എസ്റ്റിമേറ്റ് പരിശോധിച്ച ടെക്നിക്കൽ കമ്മിറ്റി ചില മാറ്റങ്ങൾ നിർദ്ദേശിച്ചതിനെ തുടർന്ന് പുതുക്കിയ എസ്റ്റിമേറ്റ്, നിർമ്മാണ മേൽനോട്ട ഏജൻസിയായ കിറ്റ്കോ സമർപ്പിച്ചിട്ടുണ്ട്. |
| 4 | 13/12 | 30 | വൃക്കരോഗ ചികിത്സയ്ക്ക് താലൂക്ക് ആശുപത്രികൾ കേന്ദ്രീകരിച്ച് ചികിത്സാ സൗകര്യങ്ങൾ ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ? | വൃക്കരോഗ ചികിത്സയ്ക്ക് താലൂക്കാശുപത്രി കേന്ദ്രീകരിച്ച് ചികിത്സാ സൗകര്യങ്ങൾ ഏർപ്പെടുത്താൻ കിഫ്ബി മുഖേനയും പ്ലാൻ ഫണ്ട് മുഖേനയും സംസ്ഥാനത്തെ വിവിധ ജില്ലകളിൽ നിന്നും 4 ജനറൽ ആശുപത്രികളിലും 3 ജില്ലാ ആശുപത്രികളിലും 37 താലൂക്ക് ആശുപത്രികളിലും ഡയാലിസിസ് യൂണിറ്റുകൾ തുടങ്ങുന്നതിന് അനുമതി നൽകിയിട്ടുണ്ട്. |

| | | | | |
|---|---|---|---|---|
| 5 | 13/14 | 5 | കേന്ദ്ര സർക്കാർ സ്ഥാപനമായ ബ്യൂറോ ഓഫ് ഫാർമ പബ്ലിക് സെക്ടർ അണ്ടർടേക്കിംഗ് ഓഫ് ഇന്ത്യ (ബി.പി.പി.ഐ)യുമായി ചേർന്ന് ജനറിക് മരുന്നുകൾ കുറഞ്ഞ വിലയ്ക്ക് നൽകാനുള്ള പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | കെ.എം.എസ്.സി.എൽ-ന്റെ മേൽനോട്ടത്തിൽ സർക്കാർ ആശുപത്രി കെട്ടിടങ്ങളോട് ചേർന്ന് പ്രവർത്തിക്കുന്ന 50-ഓളം കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികളുടെ കൂടെ പ്രത്യേകം ജൻ ഔഷധി കൗണ്ടറുകൾ തുടങ്ങുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. അതോടൊപ്പം സർക്കാർ ആശുപത്രികൾ വഴി ജനറിക് മരുന്നുകൾ സൗജന്യമായി വിതരണം ചെയ്യുന്നുണ്ടെങ്കിലും ചില കുറിപ്പടികളെങ്കിലും പുറത്തുപോകുന്നവഴി സാധാരണക്കാരന് ഉണ്ടായേക്കാവുന്ന സാമ്പത്തിക ബാദ്ധ്യത ലഘൂകരിക്കുക എന്ന ഉദ്ദേശ്യത്തോടുകൂടി കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ കീഴിൽ ആരംഭിച്ച പുതിയ സംരംഭമാണ് കേരള ജനറിക്സ്. ബ്രാൻഡഡ് നാമത്തിലല്ലാതെ രാസനാമത്തിൽ തന്നെ പൊതുവിപണിയിൽ ലഭ്യമാകുന്ന ഇത്തരം മരുന്നുകൾ ബ്രാൻഡഡ് മരുന്നുകളെപ്പോലെത്തന്നെ തുല്യഗുണനിലവാരമുള്ള വയാണ്. കേന്ദ്ര-സംസ്ഥാന സർക്കാരുകൾ ആവിഷ്കരിച്ച വിവിധയിനം പദ്ധതികളിലൂടെയും ഡോക്ടർമാരുടെ കുറിപ്പടികളിലൂടെയും ആവർത്തിച്ചുവരുന്ന മരുന്നുകൾ വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിലാണ് കേരള ജനറിക്സ് ഫാർമസിയ്ക്ക് ആവശ്യമായ മരുന്നുകളുടെ |

| | | | | |
|---|---|---|---|---|
| | | | | പട്ടിക തയ്യാറാക്കിയിരിക്കുന്നത്. കേരളത്തിലെ ജനങ്ങളിൽ ഏറ്റവും കൂടുതൽ കണ്ടുവരുന്ന ജീവിത ശൈലീ രോഗങ്ങളായ പ്രമേഹം, രക്തസമ്മർദ്ദം, ഹൃദ്രോഗങ്ങൾ തുടങ്ങിയവയ്ക്കുള്ള മരുന്നുകളും പൊതുവായുള്ള ആൻറിബയോട്ടിക്കുകളും ഉൾപ്പെടെ 94 ഇനം ജനറിക് മരുന്നുകളാണ് നിലവിൽ കേരള ജനറിക്സ് ഫാർമസികളിലൂടെ വിതരണം ചെയ്യുന്നത്. |
| 6 | 13/14 | 19 | വിപണനം ചെയ്യപ്പെടുന്ന ഭക്ഷണ പാനീയങ്ങളിൽ മായം ചേർക്കുന്നതും കീടനാശിനികൾ അമിതമായി പ്രയോഗിക്കപ്പെടുന്നതുമായി ബന്ധപ്പെട്ട് ജനങ്ങളിൽ ബോധവൽക്കരണം നടത്തുന്നതിനും ജനങ്ങളുടെ പങ്കാളിത്തത്തോടെ പരിഹാരമാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനും നടപടി സ്വീകരിക്കുമോ? | 2014-15 കാലഘട്ടത്തിൽ "സുരക്ഷിത ആഹാരം ആരോഗ്യത്തിന് ആധാരം" എന്ന പദ്ധതി 140 സ്കൂളുകളിൽ നടപ്പാക്കി. 2015-16 കാലഘട്ടത്തിൽ പ്രസ്തുത പദ്ധതി 250 സ്കൂളുകളിൽ നടപ്പാക്കി. 2016-2017 സാമ്പത്തിക വർഷത്തിൽ ഓരോ ജില്ലയിലെയും 20 സ്കൂളുകൾ ഉൾപ്പെടുത്തി സംസ്ഥാനത്തെ 280 സ്കൂളുകളിൽ പ്രസ്തുത പദ്ധതി നടപ്പാക്കി. "സുരക്ഷിത ആഹാരം ആരോഗ്യത്തിന് ആധാരം" എന്ന വിഷയത്തിൽ സെമിനാറുകളും ബോധവത്കരണ ക്ലാസ്സുകളും ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥരുടെയും ന്യൂട്രീഷ്യൻസിന്റെയും നേതൃത്വത്തിൽ സംഘടിപ്പിച്ചു. ഇതു കൂടാതെ ഈ പദ്ധതി പ്രകാരം സ്കൂൾ കുട്ടികളെ പങ്കെടുപ്പിച്ചുകൊണ്ട് "സുരക്ഷിത ആഹാരം ആരോഗ്യത്തിന് ആധാരം" എന്ന വിഷയത്തിൽ |

| | | | | |
|---|---|---|---|---|
| | | | | ഉപന്യാസ മത്സരം പോസ്റ്റർ രചനാ മത്സരം എന്നിവ നടത്തിയിട്ടുണ്ട്. 2017-18 സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്തെ 140 നിയമസഭാ മണ്ഡലങ്ങളിലും ഒരു സ്കൂളിലെ 8,9,11, ക്ലാസ്സിലെ 150 വിദ്യാർത്ഥികൾക്ക് SNF@ School എന്ന പേരിൽ പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന്റെ നടപടികൾ പുരോഗമിച്ചുവരുന്നു. |
| 7 | 13/14 | 49 | കേരളത്തിലേയ്ക്ക് ദിനംപ്രതി വരുന്ന നൂറ് കണക്കിന് ലോഡ് പാരഫിൻ വാക്സ് എന്താവശ്യത്തിനാണ് കൊണ്ടുവരുന്നതെന്ന് കണ്ടെത്തുവാൻ നടപടി സ്വീകരിക്കുമോ? | പാരഫിൻ വാക്സ് കേരളത്തിലെ ചെക്ക് പോസ്റ്റുകളിൽ കൂടി കേരളത്തിലേക്ക് കൊണ്ടുവരുന്നുണ്ട്. ഈ പാരഫിൻ വാക്സ് ഭക്ഷണപദാർത്ഥങ്ങളിൽ ചേർക്കാനായിട്ടാണ് കൊണ്ടു വരുന്നതെന്ന് പരിശോധനയിൽ കണ്ടെത്തിയിട്ടില്ല. വെളിച്ചെണ്ണയിൽ പാരഫിൻ വാക്സ് ചേർക്കുന്നതായുള്ള പത്രവാർത്തകളുടെ അടിസ്ഥാനത്തിൽ ഭക്ഷ്യസുരക്ഷാ വകുപ്പ് സംസ്ഥാനത്തെ വിവിധ ഭാഗങ്ങളിൽ നിന്ന് സാമ്പിളുകൾ ശേഖരിച്ച് ഭക്ഷ്യസുരക്ഷാവകുപ്പിന്റെ കീഴിലുള്ള ലാബുകളിലും CFTRI, മൈസൂർ, ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കെമിക്കൽ ടെക്നോളജി എന്നീ ഗവേഷണ കേന്ദ്രങ്ങളിലും ശാസ്ത്രീയമായി പരിശോധിച്ചുവെങ്കിലും ഇത്തരം സാമ്പിളുകളിൽ യാതൊരുവിധ പാരഫിൻ വാക്സിൻപോലുള്ള മിനറൽ ഓയിലുകൾ ഉള്ളതായി നാളിതുവരെ കണ്ടെത്തിയിട്ടില്ല. |

| | | | | |
|---|---|---|---|---|
| 8 | 13/14 | 71 | തിമിര രോഗികളെ കണ്ടെത്തുക, സ്കൂൾ കുട്ടികളുടെ നേത്ര വൈകല്യങ്ങൾ കണ്ടെത്തുക തുടങ്ങിയ അന്ധതാ നിവാരണ പ്രവർത്തനങ്ങൾ ഗ്രാമപ്രദേശങ്ങളിൽ നടപ്പിലാക്കുന്നതിനായി നേത്ര പരിശോധകരില്ലാത്ത സാമൂഹ്യ ആരോഗ്യ കേന്ദ്രങ്ങളിൽ നേത്ര പരിശോധകരെ നിയമിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ? | ആർദ്രം പദ്ധതിയിൽ ഉൾപ്പെട്ട ആരോഗ്യ സ്ഥാപനങ്ങളിൽ ആവശ്യമായ തസ്തികകൾ സൃഷ്ടിക്കുന്നതിനാണ് സർക്കാർ പ്രഥമ പരിഗണന നൽകുന്നത്. ആദ്യ ഘട്ടത്തിൽ സി.എച്ച്.സി-കൾ ആർദ്രം പദ്ധതിയിൽ ഉൾക്കൊള്ളിച്ചിട്ടില്ലാത്തതിനാൽ നേത്ര പരിശോധകരുടെ തസ്തിക സൃഷ്ടിക്കുന്ന വിഷയം തല്ക്കാലം സർക്കാരിന്റെ പരിഗണനയിലില്ല. |
| 9 | 13/14 | 89 | കോഴിക്കോട് മെഡിക്കൽ കോളേജിൽ മെഡിക്കൽ ഓങ്കോളജി യൂണിറ്റ് നിലവിലുണ്ടോ; ഉണ്ടെങ്കിൽ രോഗികളുടെ സൗകര്യാർത്ഥം ഇവിടെ മെഡിക്കൽ ആന്റ് ഹെമറ്റോളജി ഡിപ്പാർട്ട്മെന്റ് കൂടി ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | കോഴിക്കോട് സർക്കാർ മെഡിക്കൽ കോളേജിൽ ഓങ്കോളജി ഡിപ്പാർട്ട്മെന്റ് ആരംഭിക്കുന്നതിന് അനുമതി നൽകിയും ഇതിനാവശ്യമായ 21 തസ്തികകൾ സൃഷ്ടിച്ചും സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. മെഡിക്കൽ ആന്റ് ഹെമറ്റോളജി ഡിപ്പാർട്ട്മെന്റ് ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസൽ നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല. |
| 10 | 13/15 | 1 | തിരുവനന്തപുരം മെഡിക്കൽ കോളേജിലെ റേഡിയോളജി വിഭാഗത്തിന്റെ ചികിത്സാ സൗകര്യങ്ങളും ഭൗതിക സൗകര്യങ്ങളും മെച്ചപ്പെടുത്തുന്നതിന് അടിയന്തര പരിഗണന നൽകി നടപടി സ്വീകരിക്കുമോ? | തിരുവനന്തപുരം മെഡിക്കൽ കോളേജ് എച്ച്.എൽ.എൽ -മായി സഹകരിച്ച് എം.ആർ.ഐ ,സി.റ്റി സ്കാൻ എന്നിവ ആരംഭിച്ചിട്ടുണ്ട്. |

| | | | | |
|---|---|---|---|---|
| 11 | 13/15 | 24 | ബഹുമാനപ്പെട്ട മുഖ്യമന്ത്രി കാര്യമായി ഇടപെട്ടാൽ മാത്രമേ കാസർഗോഡ് മെഡിക്കൽ കോളേജിന്റെ നിർമ്മാണ പ്രവൃത്തി ആരംഭിക്കാൻ സാധിക്കുകയുള്ളൂ. ബഹുമാനപ്പെട്ട മുഖ്യമന്ത്രി സജീവമായി ഈ വിഷയത്തിൽ ഇടപെടണമെന്ന് വിനയപൂർവ്വം അപേക്ഷിക്കുന്നു. | 24-3-2012 തീയതിയിലെ ജി.ഒ (എം.എസ്) നം.98/2012/എച്ച് & എഫ് ഡബ്ളിയൂ.ഡി ഉത്തരവ് പ്രകാരം കാസർഗോഡ് ജില്ലയിൽ സർക്കാർ നിയന്ത്രണത്തിൽ മെഡിക്കൽ കോളേജ് ആരംഭിക്കാൻ ഉത്തരവായിട്ടുണ്ട്. തുടർന്ന് സർക്കാർ ഉത്തരവ് ജി.ഒ (എം.എസ്) നം.432/2012/എച്ച് & എഫ് ഡബ്ളിയൂ.ഡി തീയതി 21-12-12 ഉത്തരവ് പ്രകാരം ഗവൺമെന്റ് മെഡിക്കൽകോളേജിന്റെ നിർമ്മാണ ചുമതല M/S KITCO-യെ ഏൽപിച്ച് ഉത്തരവായിട്ടുണ്ട്.<br>ഒന്നാംഘട്ട നിർമ്മാണത്തിന് സർക്കാർ ഉത്തരവ് ജി.ഒ (എം.എസ്) നം.23/2013/എച്ച് & എഫ് ഡബ്ളിയൂ.ഡി തീയതി 1-2-2013 പ്രകാരം അനുമതി നൽകുകയും ടി പ്രവൃത്തി പൂർത്തീകരിക്കപ്പെടുകയും ചെയ്തിട്ടുണ്ട്.<br>അക്കാദമിക്ക് കെട്ടിടത്തിന്റെ നിർമ്മാണത്തിന് കാസർഗോഡ് വികസനപദ്ധതിയിൽ ജി.ഒ (എം.എസ്)നം.16/2014/പി.എൽ.ജി തീയതി 8-1-15 ഉൾപ്പെടുത്തി 25 കോടി രൂപയുടെ അനുമതി നൽകിയിട്ടുണ്ട്. നിലവിൽ ടി പ്രവൃത്തിയുടെ സിവിൽ വർക്കിന്റെ 35% ത്തോളം പൂർത്തിയാക്കികഴിഞ്ഞു.<br>8-8-2017 തീയതിയിലെ സർക്കാർ ഉത്തരവ് ജി.ഒ |

| | | | | |
|---|---|---|---|---|
| | | | | (ആർ.റ്റി ) നം.98/2012/എച്ച്&എഫ് ഡബ്ളിയൂ. ഡി പ്രകാരം ആശുപത്രി ബ്ലോക്കി ന്റെ നിർമ്മാണത്തിന് 95 കോടി രൂപയുടെ ഭരണാനുമതി ലഭ്യമായിട്ടുണ്ട്. ഇലക്ട്രിഫിക്കേഷൻ, ഫയർ പ്രൊട്ടക്ഷൻ സിസ്റ്റം എന്നിവയുടെ വർക്ക് അവാർഡ് ചെയ്തു കഴിഞ്ഞു. |
| 12 | 13/16 | 1 | തിരുവനന്തപുരം, കോഴിക്കോട് മെഡിക്കൽ കോളേജുകളെ ടെറിഷ്യറി ക്യാൻസർ കെയർ സ്ഥാപനങ്ങളാക്കി മാറ്റുമെന്ന പ്രഖ്യാപനം നടപ്പിലാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ എപ്പോൾ നടപ്പാക്കുമെന്ന് വ്യക്തമാക്കുമോ? | കോഴിക്കോട് മെഡിക്കൽ കോളേജിൽ കേന്ദ്രാവിഷ്കൃത പദ്ധതിയിൽ ഉൾപ്പെടുത്തി 45 കോടി രൂപയുടെ ടെറിഷ്യറി ക്യാൻസർ സെന്ററിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്. അതിന്റെ ഭാഗമായി 16 കോടി രൂപയ്ക്ക് Linear Accelerator വാങ്ങുന്നതിന് അനുമതി നൽകിയിട്ടുണ്ട്. തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ടെറിഷറി ക്യാൻസർ സെന്ററിനായി കേന്ദ്ര സഹായമൊന്നും ലഭിച്ചിട്ടില്ല. എന്നിരുന്നാലും കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ് മുഖേന 18 കോടി രൂപയ്ക്ക് Linear Accelerator വാങ്ങുന്നതിനായി അനുമതി നൽകുകയും ടെൻഡർ നടപടികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. |
| 13 | 13/16 | 9 | സ്വകാര്യ ആശുപത്രികളിൽ ചികിത്സ തേടുന്നവരിൽ നിന്ന് ഈടാക്കുന്ന നിരക്കുകൾ നിശ്ചയിച്ച് നൽകുവാൻ സർക്കാരിന് നിയമപരമായി അധികാരമുണ്ടോ | സ്വകാര്യ ആശുപത്രികൾ, ലാബുകൾ, സ്കാനിംഗ് സെന്ററുകൾ തുടങ്ങിയ എല്ലാ ചികിത്സാ സ്ഥാപനങ്ങളുടെയും പ്രവർത്തനം വ്യവസ്ഥാപിതമായ നിയമം മുഖേന നിയന്ത്രിക്കുക എന്ന ലക്ഷ്യത്തോടെ |

| | | | | |
|---|---|---|---|---|
| | | | എന്ന് വ്യക്തമാക്കുമോ; ഉണ്ടെങ്കിൽ നിരക്കുകൾ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ; ഇല്ലെങ്കിൽ ഇക്കാര്യത്തിൽ നിയമനിർമ്മാണം നടത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ? | "കേരള ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് (രജിസട്രേഷൻ & റഗുലേഷൻ) ബിൽ 2017"-ന് രൂപം നൽകിയിട്ടുണ്ട്. പ്രസ്തുത ബിൽ നിയമസഭയിൽ 10-8-2017-ന് അവതരിപ്പിക്കുകയുണ്ടായി. ബിൽ ഇപ്പോൾ സബ്ജക്ട് കമ്മറ്റിയുടെ പരിഗണനയിലാണ്. ബിൽ നിയമമാകുന്ന മുറയ്ക്ക് സ്വകാര്യ ആശുപത്രികൾ ഉൾപ്പെടെയുള്ള സ്വകാര്യ ആരോഗ്യ സ്ഥാപനങ്ങളുടെ ഫീസ് ഘടന ഉൾപ്പെടെയുള്ള പ്രവർത്തന മേഖലയെ നിയമം മുഖേന നിയന്ത്രിക്കുവാൻ സാധിക്കുന്നതാണ്. |
| 14 | 13/16 | 26 | ജൻ ഔഷധ സെന്ററുകൾ ജില്ലാ താലൂക്ക് ആശുപത്രികളിൽ നടപ്പാക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദമാക്കുമോ? | നിലവിൽ സംസ്ഥാനത്തെ വിവിധ ജില്ലകളിലായി ആകെ 265 ജൻ ഔഷധി മെഡിക്കൽ സ്റ്റോറുകൾ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ നോർത്ത് പറവൂരിലെ താലൂക്ക് ആശുപത്രിയിൽ ഒരു സ്വകാര്യ വ്യക്തിയുടെ ഉടമസ്ഥതയിൽ ജൻ ഔഷധി സ്റ്റോർ തുടങ്ങിയിട്ടുണ്ട്. മറ്റ് ജില്ലാ/താലൂക്ക് ആശുപത്രികളിൽ ജൻ ഔഷധി മെഡിക്കൽ സ്റ്റോറുകൾ തുടങ്ങിയിട്ടില്ല. എന്നിരുന്നാലും കേരളത്തിലെ എല്ലാ ഗവൺമെന്റ് ആശുപത്രികളിലും രോഗികൾക്ക് മരുന്നുകൾ സൗജന്യമായാണ് നൽകുന്നത്. |
| 15 | 14/1 | 38 | സംസ്ഥാനത്തെ താലൂക്ക്, ജില്ലാ ജനറൽ ആശുപത്രികളിൽ ആധുനിക രോഗ നിർണ്ണയ സൗകര്യവും ചികിത്സയും വേണ്ട അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിന് നടപടി | സംസ്ഥാനത്തെ ജില്ലാ ജനറൽ ആശുപത്രികളിൽ അത്യാധുനിക ചികിത്സാ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് സംസ്ഥാന ആരോഗ്യ വകുപ്പ് വിവിധ നടപടികൾ സ്വീകരിച്ച് വരുന്നു. ഹൃദ്രോഗ |

| | | | | |
|---|---|---|---|---|
| | | | സ്വീകരിക്കുമോ; ഇത്തരം ആശുപത്രികളിൽ ക്യാൻസർ ചികിത്സ, ഡയാലിസിസ് സൗകര്യങ്ങൾ മുതലായവ ഉറപ്പുവരുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ? | സംബന്ധമായ ചികിത്സ ഉറപ്പാക്കുന്നതിന് ജീവിതശൈലി രോഗനിർണ്ണയ ചികിത്സയിലൂടെ കൊറോണറി കെയർ യൂണിറ്റുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. മൂന്ന് ജില്ലാ ആശുപത്രികളിൽ കാത്ത് ലാബ് ഉൾപ്പടെയുള്ള അത്യാധുനിക ചികിത്സാരീതി പ്രവർത്തന സജ്ജമാണ്. എല്ലാ ജില്ലാ ആശുപത്രികളിലും പക്ഷാഘാത ചികിത്സാ യൂണിറ്റ് ആരംഭിക്കുന്നതിനുള്ള നടപടി പുരോഗമിച്ചു വരുന്നു. എട്ട് ആശുപത്രികളിൽ പക്ഷാഘാത ചികിത്സാ യൂണിറ്റ് ആധുനിക സാങ്കേതികവിദ്യയുടെ സഹായത്തോടുകൂടി നടപ്പിലാക്കി വരുന്നു. എല്ലാ ജില്ലാ ആശുപത്രികളിലും ഗുരുതര ശ്വാസകോശ രോഗമായ COPD നിയന്ത്രിക്കുന്നതിനുള്ള ശ്വാസ് ക്ലിനിക്കുകൾ പ്രവർത്തനസജ്ജമാണ്. പ്രമേഹം മൂലം ഉണ്ടാകുന്ന നേത്ര പടല അന്ധത നിർണ്ണയിക്കുന്നതിനും, ചികിത്സിക്കുന്നതിനും ഡയബറ്റിക് റെറ്റിനോപ്പതി ക്ലിനിക്കുകൾ ആരംഭിച്ചിട്ടുണ്ട്. ക്യാൻസർ ചികിത്സഉറപ്പാക്കുന്നതിനായി സംസ്ഥാനത്ത് ജില്ലാ/ജനറൽ ആശുപത്രി ഉൾപ്പടെ ഇരുപത് ആശുപത്രികളിൽ കീമോതെറാപ്പിയും, പാലിയേറ്റീവ് കീമോതെറാപ്പിയും ആരംഭിച്ചിട്ടുണ്ട്. ഇതിനു പുറമേ ജില്ലാ ആശുപത്രികളിൽ ജീവിതശൈലി |

| | | | | |
|---|---|---|---|---|
| | | | | രോഗനിർണ്ണയ ക്ലിനിക്കുകളും പ്രവർത്തന സജ്ജമാണ്. ജില്ലാ/ജനറൽ ആശുപത്രി ഉൾപ്പടെ നാൽപ്പതോളം ആശുപത്രികളിൽ ഡയാലിസിസ് സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്. |
| 16 | 14/1 | 42 | പി.എച്ച്.സി.കളിലെ കിടത്തി ചികിത്സ പുനരാരംഭിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; ഇതിനായി എന്തൊക്കെ സൗകര്യങ്ങളാണ് അധികമായി പി.എച്ച്.സി.കളിൽ ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ? | ഔട്ട് പേഷ്യന്റ് ചികിത്സ, രോഗ പ്രതിരോധം, മാതൃശിശു ആരോഗ്യം, പകർച്ചവ്യാധി നിർമ്മാർജ്ജനം തുടങ്ങിയ ദേശീയ സംസ്ഥാന ആരോഗ്യ പരിപാടികൾക്ക് ഊന്നൽ നൽകി പ്രവർത്തിക്കുന്ന സ്ഥാപനങ്ങളാണ് പി.എച്ച്.സി.കൾ മൂന്ന് നാല് ഒബ്സർവേഷൻ ബഡുകൾ മാത്രമാണ് ടി കേന്ദ്രങ്ങളിൽ ലഭ്യമാക്കി വരുന്നത്. സമഗ്ര പ്രാഥമിക ആരോഗ്യ പരിചരണം ലക്ഷ്യമാക്കിക്കൊണ്ട് പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളായി മാറ്റുന്ന പ്രവർത്തനമാണ് ഇപ്പോൾ ആരോഗ്യ വകുപ്പ് നടപ്പിലാക്കി വരുന്നത്. ഇതിന്റെ ഭാഗമായി കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കുന്ന പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ പ്രവർത്തന സമയം ദീർഘിപ്പിക്കുക, അധികമായി ഡോക്ടർമാരെയും പാരാമെഡിക്കൽ ജീവനക്കാരെയും നിയമിക്കുക, ലബോറട്ടറി സൗകര്യങ്ങൾ ഏർപ്പെടുത്തുക, ഉപകേന്ദ്രതലത്തിലേയ്ക്കും ഫീൽഡ് തലത്തിലേയ്ക്കും പൊതുജനാരോഗ്യ പ്രവർത്തനങ്ങൾ വിപുലപ്പെടുത്തുക തുടങ്ങിയ കാര്യങ്ങൾ ചെയ്തു വരുന്നു. |

| | | | | |
|---|---|---|---|---|
| 17 | 14/1 | 48 | ഒരു പി.എച്ച്.സി യുടെ കീഴിൽ വരുന്ന മുഴവൻ കുടുംബങ്ങളുടേയും ആരോഗ്യ പരിരക്ഷ ഉറപ്പു വരുത്തുന്നതിനായി 'ഹെൽത്ത് ഡാറ്റാ' ഉൾപ്പെടെ രൂപപ്പെടുത്തുന്ന തരത്തിൽ പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളുടെ പ്രവർത്തനം പുന:ക്രമീകരിക്കാൻ ശ്രമമുണ്ടോ; വ്യക്തമാക്കാമോ? | സംസ്ഥാനത്തെ വിവിധ ജില്ലകളിലായി നഗര പ്രദേശങ്ങളൊഴികെയുള്ള 2.58 കോടി ജനങ്ങളുടെ ആധാർ അധിഷ്ഠിത വിവര ശേഖരണം പൂർത്തിയായിട്ടുണ്ട്. ഇത് പ്രാരംഭഘട്ടംമാത്രമാണ്. വിവര ശേഖരണം റിപ്പോർട്ട് അനുബന്ധമായി ചേർക്കുന്നു. ഇതിന്റെ രണ്ടാം ഘട്ടമായി വ്യതിരക്ത നമ്പർ മുഖേന ഓരോ വ്യക്തിയുടെയും ഇലക്ട്രോണിക് ഹെൽത്ത് ഡാറ്റാ സമാഹരിക്കുന്നത് സാങ്കേതികമായി ഒട്ടേറെ മുന്നൊരുക്കങ്ങൾ ആവശ്യമുള്ളതും കൃത്യത ഉറപ്പാക്കേണ്ടതുമായ സംഗതി ആയതിനാൽ അതിനുവേണ്ടി സോഫ്റ്റ്‌വെയറിൽ ആവശ്യമായ ഭേദഗതി വരുത്തുന്നതുൾപ്പടെ ഉള്ള നടപടികൾ ത്വരിതഗതിയിൽ പുരോഗമിച്ചുവരുന്നു. നഗര പ്രദേശങ്ങളിലുള്ള ജനങ്ങളുടെ ആധാർ അധിഷ്ഠിത വിവര ശേഖരണത്തിന് ദേശീയ ആരോഗ്യ മിഷന്റെ സഹായത്തോടെ സാങ്കേതിക ഉപകരണങ്ങൾ ലഭ്യമാക്കി വിവര ശേഖരണം പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. |

Survey Status (As on 28-1-2020)

| | | |
|---|---|---|
| Thiruvananthapuram | House Survey | 688556 |
| | Member Survey | 2401736 |
| Kollam | House Survey | 623968 |
| | Member Survey | 2165893 |
| Pathanamthitta | House Survey | 308814 |
| | Member Survey | 1021926 |
| Alappuzha | House Survey | 435258 |
| | Member Survey | 1515843 |
| Kottayam | House Survey | 415563 |
| | Member Survey | 1519077 |
| Idukki | House Survey | 239613 |
| | Member Survey | 864069 |
| Ernakulam | House Survey | 512297 |
| | Member Survey | 1864853 |
| Thrissur | House Survey | 629226 |
| | Member Survey | 2287584 |
| Palakkad | House Survey | 602365 |
| | Member Survey | 2341591 |

<table>
<tr><td></td><td></td><td></td><td></td><td>
<table>
<tr><td rowspan="2">Malappuram</td><td>House Survey</td><td>844587</td></tr>
<tr><td>Member Survey</td><td>3836372</td></tr>
<tr><td rowspan="2">Kozhikode</td><td>House Survey</td><td>600599</td></tr>
<tr><td>Member Survey</td><td>2495478</td></tr>
<tr><td rowspan="2">Wayanad</td><td>House Survey</td><td>165956</td></tr>
<tr><td>Member Survey</td><td>621085</td></tr>
<tr><td rowspan="2">Kannur</td><td>House Survey</td><td>497283</td></tr>
<tr><td>Member Survey</td><td>1935076</td></tr>
<tr><td rowspan="2">Kasargod</td><td>House Survey</td><td>251012</td></tr>
<tr><td>Member Survey</td><td>1011201</td></tr>
<tr><td></td><td>Total House Survey</td><td>6815097</td></tr>
</table>
</td></tr>
<tr><td>18</td><td>14/2</td><td>27</td><td>മെറ്റേണിറ്റി യൂണിറ്റുകൾ നിലവിലില്ലാത്ത താലൂക്കാശുപത്രികളിൽ അവ സ്ഥാപിക്കുന്നതിന് സത്വര നടപടി സ്വീകരിക്കുമോ?</td><td>2016-17 കാലയളവിൽ പഴയങ്ങാടി താലൂക്ക് ആസ്ഥാന ആശുപത്രിക്ക് 300 ലക്ഷം രൂപയും, ചാവക്കാട് താലൂക്ക് ആസ്ഥാന ആശുപത്രിക്ക് 360 ലക്ഷം രൂപയും മെറ്റേണിറ്റി യൂണിറ്റ് സ്ഥാപിക്കുന്നതിനായി അനുവദിച്ചു. 2017-18 കാലയളവിൽ താഴെപ്പറയുന്ന താലൂക്ക് ആശുപത്രികളിൽ മെറ്റേണിറ്റി യൂണിറ്റുകൾ അനുവദിക്കുന്നതിനും നിലവിലുള്ളവ നവീകരിക്കുന്നതിനുമായി തുക അനുവദിച്ചിട്ടുണ്ട്.</td></tr>
</table>

| | | | | |
|---|---|---|---|---|
| | | | | 1 താലൂക്ക് ആശുപത്രി, പുളിങ്കുന്ന് - 40 ലക്ഷം<br>2 താലൂക്ക് ആശുപത്രി, ഹരിപ്പാട് - 30 ലക്ഷം<br>3 താലൂക്ക് ആശുപത്രി, താമരശ്ശേരി - 40 ലക്ഷം<br>4 താലൂക്ക് ആശുപത്രി, തൃക്കരിപ്പൂർ - 100 ലക്ഷം<br>5 താലൂക്ക് ആശുപത്രി, അരീക്കോട് - 50 ലക്ഷം<br>6 താലൂക്ക് ആശുപത്രി, ചിറയിൻകീഴ് - 50 ലക്ഷം<br>7 താലൂക്ക് ആശുപത്രി, കൂത്തുപറമ്പ് - 115 ലക്ഷം<br>8 താലൂക്ക് ആശുപത്രി, റാന്നി - 16.5 ലക്ഷം<br>9 താലൂക്ക് ആശുപത്രി, പട്ടാമ്പി - 36 ലക്ഷം<br><br>2018-2019 കാലയളവിൽ താലൂക്ക് ആശുപത്രികളിൽ മെറ്റേണിറ്റി യൂണിറ്റുകൾ അനുവദിക്കുന്നതിനും നിലവിലുള്ളവ നവീകരിക്കുന്നതിനും താഴെപറയും പ്രകാരം തുക അനുവദിച്ചിട്ടുണ്ട്.<br>താലൂക്ക് ആശുപത്രി, കൊയിലാണ്ടി - 350 ലക്ഷം<br>താലൂക്ക് ആശുപത്രി, പാറശ്ശാല - 165.46 ലക്ഷം<br>ഡബ്ല്യു & സി ആശുപത്രി, തൈക്കാട് - 35 ലക്ഷം<br>2019-2020 സാമ്പത്തിക വർഷത്തിൽ മെറ്റേണിറ്റി യൂണിറ്റുകളിലേക്ക് ഉപകരണങ്ങൾ ലഭ്യമാക്കുന്നതിനായി 7 കോടി രൂപ അനുവദിച്ചിട്ടുണ്ട്. |

| | | | | |
|---|---|---|---|---|
| 19 | 14/2 | 58 | അർബുദ പരിശോധനാ സംവിധാനവും ഹൃദയശസ്ത്രക്രിയക്കുള്ള സൗകര്യവും ഇതിനാവശ്യമായ കാത്ത് ലാബും എല്ലാ താലൂക്ക് ആശുപത്രികളിലും സ്ഥാപിക്കുന്നതിന് ആലോചിക്കുന്നുണ്ടോ ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | ആരോഗ്യ വകുപ്പിൽ നിലവിൽ ഒരു ജില്ലയിൽ ഒരു കാത്ത് ലാബ് എന്ന രീതിയിൽ ജില്ലാ/ജനറൽ ആശുപത്രികളിലാണ് കാത്ത് ലാബുകൾ സ്ഥാപിച്ചു വരുന്നത്. നിലവിൽ ജനറൽ ആശുപത്രി പത്തനംതിട്ട, എറണാകുളം, ജില്ലാ ആശുപത്രി കൊല്ലം, പാലക്കാട് എന്നിവിടങ്ങളിൽ കാത്ത് ലാബിന്റെ പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞു. കാത്ത് ലാബ് സ്ഥാപിക്കുന്നതിനും പ്രവർത്തനം സജ്ജമാക്കുന്നതിനും ഹൃദ്രോഗ വിദഗ്ധരുടേയോ പരിശീലനം ലഭിച്ച ഡോക്ടറുടേയോ സേവനം അനിവാര്യമാണ്. ആയതിനാൽ ഇത് താലൂക്ക് ആശുപത്രികളിൽ ആരംഭിക്കുന്നതിനെപ്പറ്റി ഇപ്പോൾ ആലോചനയില്ല. |
| 20 | 14/4 | 43 | കേരള ജനറിക് സ്റ്റോറുകൾ ആരംഭിക്കുവാൻ പദ്ധതിയുണ്ടോ; വിശദാംശങ്ങൾ നൽകുമോ? | കേരളത്തിലെ ജനങ്ങളിൽ ഏറ്റവും കൂടുതൽ കണ്ടുവരുന്ന ജീവിതശൈലീ രോഗങ്ങളായ പ്രമേഹം, രക്തസമ്മർദം, ഹൃദ്രോഗങ്ങൾ തുടങ്ങിയവയ്ക്കുള്ള മരുന്നുകളും പൊതുവായുള്ള ആന്റിബയോട്ടിക്കുകളും ഉൾപ്പെടെ 94 ഇനം ജനറിക് മരുന്നുകളാണ് ആദ്യഘട്ടത്തിൽ കേരള ജനറിക്സ് ഫാർമസികളിലൂടെ വിതരണം ചെയ്യുന്നത്. പരീക്ഷണാടിസ്ഥാനത്തിൽ കേരളത്തിലെ 5 സർക്കാർ മെഡിക്കൽ കോളേജുകളിലും (തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, തൃശ്ശൂർ, കോഴിക്കോട്) എറണാകുളം ജനറൽ ആശുപത്രിയിലും പ്രവർത്തനമാരംഭിച്ചു. കേരള ജനറിക്സ് ഫാർമസികളിൽ |

| | | | | |
|---|---|---|---|---|
| | | | | വരുന്ന ഉപഭോക്താക്കളുടെ അന്വേഷണങ്ങളും അഭിപ്രായങ്ങളും കണക്കിലെടുത്ത് രണ്ടാം ഘട്ടത്തിൽ 60 മരുന്നുകൾ കൂടി കേരള ജനറിക്സ് ഫാർമസി കളിലൂടെ വിതരണം ചെയ്യുന്നതിനുള്ള നടപടിയെടു ക്കുകയും ടി പട്ടികയിൽ നിന്ന് 40-ഓളം മരുന്നുകൾ ഫാർമസികളിൽ വിതരണം ചെയ്തുവരികയും ചെയ്യുന്നു. കൂടാതെ കേരള ജനറിക്സ് പദ്ധതിയുടെ വിപുലീകരണ ത്തിന്റെ ഭാഗമായി കേരള ജനറിക്സ് ഫാർമസികളിൽ ഏറ്റവുമധികം വിറ്റുവരവുള്ളതും ഉപഭോക്താക്കൾ കൂടുതലുള്ളതുമായ തിരഞ്ഞെടുക്കപ്പെട്ട മരുന്നുകൾക്ക് കൂടുതൽ ഗുണമേന്മ ഉറപ്പുവരുത്തുന്ന തരത്തിൽ, പുതുക്കിയ നിബന്ധനകളുമായി കമ്പനികളുടെയും അവർ ഉല്പാദിപ്പിക്കുന്ന മരുന്നുകളുടെയും ഗുണ നിലവാരം ഉറപ്പുവരുത്തുന്ന WHO-GMP (World Health Organization-Good Manufacturing Practice), COPP (Certificate of Pharmaceutical Product) തുടങ്ങിയവ പുതിയ ക്വട്ടേഷൻ ക്ഷണിക്കുകയും അതിലൂടെ കേരള ജനറിക്സ് എന്ന ബ്രാൻഡിംഗോടു കൂടി പ്രമുഖ കമ്പനികളുടെ ജനറിക് മരുന്നുകൾ ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിനുള്ള നടപടി ക്രമങ്ങൾ നടന്നുവരികയുമാണ്. തുടർന്ന് കൂടുതൽ കേരള ജനറിക്സ് ഫാർമസികൾ തുടങ്ങുന്നതിനുള്ള നടപടിക്രമങ്ങളും നടന്നുവരുന്നു. |

## II. ആഭ്യന്തര വകുപ്പ്

| ക്രമ നമ്പർ | നിയമസഭ സമ്മേളനം | ഉറപ്പ് നമ്പർ | സഭയിൽ ഉന്നയിക്കപ്പെട്ട ചോദ്യങ്ങളും ഉറപ്പുകളും | സർക്കാരിൽ നിന്ന് ലഭിച്ച സ്റ്റേറ്റ്മെന്റ് |
|---|---|---|---|---|
| 1 | 13/7 | 56 | പോലീസ് സ്റ്റേഷനടിസ്ഥാനത്തിൽ പുതിയ വിമൻസ് ഇൻവെസ്റ്റിഗേഷൻ ടീമുകളെ നിയമിച്ച് ഇൻവെസ്റ്റിഗേഷൻ സജീവമാക്കുവാൻ പോലീസ് സ്റ്റേഷൻ തലത്തിൽ പ്രത്യേക സെല്ലുകൾ രൂപീകരിക്കാൻ തയ്യാറാകുമോ? | സ്ത്രീകൾക്കും കുട്ടികൾക്കുമെതിരായ കുറ്റകൃത്യങ്ങൾ കൈകാര്യം ചെയ്യാൻ കേരള പോലീസ് നിരവധി പദ്ധതികൾ സംസ്ഥാനത്ത് സ്വീകരിച്ചിട്ടുണ്ട്.<br>സ്ത്രീകൾക്കും കുട്ടികൾക്കുമെതിരായ കുറ്റകൃത്യങ്ങൾ കൈകാര്യം ചെയ്യുന്നതിനായി നിലവിൽ നിർഭയ, പിങ്ക് പട്രോൾ, ജനമൈത്രി സുരക്ഷ, അപരാജിത ഓൺലൈൻ, ഡൊമസ്റ്റിക് കോൺഫ്ലിക്ട് റെസല്യൂഷൻ സെന്റേഴ്സ്, ശിശു സൗഹൃദ പോലീസ് സ്റ്റേഷനുകൾ, മാലാഖ, ചിൽഡ്രൻ & പോലീസ്, ഹോപ്പ്, കവചം, ചിരി-ഹെൽപ് ഡെസ്ക്, ഓപ്പറേഷൻ പി ഹണ്ട്, കൗണ്ടർ ചെൽഡ് സെക്ഷ്വൽ എക്സ്പ്ലോയിറ്റേഷൻ സെന്റർ തുടങ്ങിയ പദ്ധതികൾ സംസ്ഥാനത്ത് സ്വീകരിച്ചിട്ടുണ്ട്.<br>കൂടാതെ സ്ത്രീകൾക്കും കുട്ടികൾക്കും എതിരെയുള്ള അതിക്രമങ്ങൾ ഫലപ്രദമായും ത്വരിതഗതിയിലും അന്വേഷിക്കുന്നതിനും ശിക്ഷ ഉറപ്പാക്കുന്നതിനും ചുവടെ പറയുന്ന സംവിധാനങ്ങളും ഏർപ്പെടുത്തിയിട്ടുണ്ട്.<br>വനിതാ പോലീസ് സ്റ്റേഷനുകൾ - സ്ത്രീകൾക്കും കുട്ടികൾക്കും എതിരായ കുറ്റകൃത്യങ്ങളുടെ അന്വേഷണത്തിനായി സംസ്ഥാനത്ത് നിലവിൽ 14 വനിതാ പോലീസ് സ്റ്റേഷനുകളുണ്ട്. |

| | | | | |
|---|---|---|---|---|
| | | | | വനിതാ ഹെൽപ് ഡെസ്ക്, വനിത സെൽ- പോലീസ് സഹായം ആവശ്യമുള്ള സ്ത്രീകൾക്കും കുട്ടികൾക്കും യാതൊരു ഭയവും തടസ്സങ്ങളുമില്ലാതെ പോലീസ് സ്റ്റേഷനുകളെ സമീപിക്കുന്നതിലേക്കായി വനിതാ പോലീസ് ഉദ്യോഗസ്ഥർ ചുമതല വഹിക്കുന്ന വനിതാ ഹെൽപ് ഡെസ്കുകൾ പോലീസ് സ്റ്റേഷനുകളിൽ പ്രവർത്തിച്ചുവരുന്നു. കേരളത്തിലെ എല്ലാ ജില്ലാ പോലീസ് ജില്ലകളിലും സ്ത്രീകളുടെ പരാതികൾ കൈകാര്യം ചെയ്യുന്നതിനു മാത്രമായി വനിത സെല്ലുകൾ പ്രവർത്തിച്ചുവരുന്നുണ്ട്. സ്ത്രീകൾക്ക് അവരുടെ പരാതികൾ നേരിട്ടു ഫോൺ മുഖാന്തിരം അറിയിക്കുന്നതിനായി (No.0471 2338100) എന്ന നമ്പരിലും, spwomen.pol@kerala.gov.in എന്ന ഇ-മെയിലിലും ബന്ധപ്പെടാവുന്നതാണ്.<br>അതിജീവിതരായ സ്ത്രീകളും കുട്ടികളും അവരുടെ കുടുംബാംഗങ്ങളും അനുഭവിക്കുന്ന ഒറ്റപ്പെടൽ ഒഴിവാക്കി സാമൂഹ്യ പരിരക്ഷ ഉറപ്പാക്കുന്നതിനും അവരെ പോലീസ് അന്വേഷണവുമായി ഏകോപിപ്പിക്കുന്നതിനുമായി വിക്ടിം ലെയ്സൻ ഓഫീസർമാരെ ചുമതലപ്പെടുത്തുന്നുണ്ട്.<br>കുട്ടികളുടെ ക്ഷേമത്തിനും കുട്ടികൾക്കെതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിനായി പോക്സോ നിയമം കാര്യക്ഷമമായി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് പോലീസ് സ്റ്റേഷൻ തലത്തിൽ Child Welfare Officer (CWO) മാരെയും Assistant Child Welfare |

| | | | | |
|---|---|---|---|---|
| | | | | Officer (ACWO) മാരെയും നിയമിക്കുന്നുണ്ട്. സ്ത്രീകൾക്കും കുട്ടികൾക്കും എതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിനും അതിജീവിതർക്ക് വിവിധ സേവനങ്ങൾ ഒരു കുടക്കീഴിൽ നൽകുവാൻ വിഭാവനം ചെയ്തിട്ടുള്ള സ്ഥാപനങ്ങളാണ് 'One Stop Crisis Centres'. അതിക്രമങ്ങൾ ചെറുക്കുന്നതിനും അതിജീവിതർക്ക് സുരക്ഷാ സഹായം, ആവശ്യമായ കൗൺസിലിംഗ്, വൈദ്യസഹായം, പോലീസ് സംരക്ഷണം, നിയമസഹായം, സുരക്ഷിതഅഭയം, റെഫറൽ സർവീസ് എന്നിവ ഉറപ്പുവരുത്തുന്നതിനും പ്രവർത്തിക്കുന്ന സ്ഥാപനങ്ങളാണ് ഈ സെന്ററുകൾ. പോലീസ് സേനയിൽ നിന്നും പ്രാഗൽഭ്യം സിദ്ധിച്ച വനിതാപോലീസ് ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകി ഈ സെന്ററുകളിൽ പോലീസ് ഫെസിലിറ്റേഷൻ ഓഫീസർമാരായി നിയമിക്കുന്നുണ്ട്. റേഞ്ച് ലെവലിൽ വനിതാ ഇൻസ്പെക്ടറുടെ കീഴിൽ വുമൺ ഇൻവെസ്റ്റിഗേഷൻ ടീം രൂപീകരിക്കുന്നതിനും ഗൗരവമുള്ള കേസുകൾ ഏൽപ്പിക്കുന്നതിനുമുള്ള നിർദ്ദേശവും റേഞ്ച് ഡി.ഐ.ജിമാർക്ക് സംസ്ഥാന പോലീസ് മേധാവി നൽകിയിട്ടുണ്ട്. |
| 2 | 13/9 | 104 | സംസ്ഥാനത്ത് ആന്റി ടെറർ സ്ക്വാഡ് രൂപവൽകരിക്കാൻ തീരുമാനമെടുത്തിട്ടുണ്ടോ; എങ്കിൽ ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളും പ്രവർത്തനങ്ങളും എന്തൊക്കെയാണ്; ഇതിന് | 6-2-2019 തീയതിയിലെ സ.ഉ (സാധാ) നം. 481/2019/ആഭ്യന്തരം നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ആന്റി ടെററിസ്റ്റ് സ്ക്വാഡ് രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്. തീവ്രവാദ പ്രവർത്തനങ്ങൾ |

| | | | | |
|---|---|---|---|---|
| | | | എന്തെല്ലാം സൗകര്യങ്ങളാണ് നൽകാനുദ്ദേശിക്കുന്നത്; ആരുടെ ചുമതലയിലാണ് ഇത് പ്രവർത്തിപ്പിക്കാൻ ഉദ്ദേശിക്കുന്നത്; വിശദീകരിക്കാമോ? | ഫലപ്രദമായി കൈകാര്യം ചെയ്യുകയെന്നതാണ് ആന്റി ടെററിസ്റ്റ് സ്ക്വാഡിന്റെ പ്രധാന ലക്ഷ്യം. ഇതിന്റെ പ്രവർത്തനം, സൗകര്യങ്ങൾ, ആരുടെ ചുമതലയിലാണ് പ്രവർത്തിക്കുന്നത് തുടങ്ങിയ വിശദാംശങ്ങൾ ഉൾക്കൊള്ളിച്ച് 6-2-2019 തീയതിയിലെ സ.ഉ. (സാധാ) നം.481/2019/ ആഭ്യന്തരം നമ്പറായി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട് |
| 3 | 13/11 | 25 | നിർഭയ കേരളം സുരക്ഷിത കേരളം പദ്ധതി കാര്യക്ഷമമായി നടപ്പാക്കുന്നുണ്ടെന്ന് ഉറപ്പാക്കാൻ പോലീസ് വകുപ്പിൽ എന്തൊക്കെ മാറ്റങ്ങൾ ആവശ്യമുണ്ടെന്നും, അവ എങ്ങനെയാണ് പ്രയോഗത്തിൽ കൊണ്ടുവരാൻ ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കുമോ? | സ്ത്രീകളുടെ സുരക്ഷിതത്വത്തിനുവേണ്ടി ആവിഷ്ക്കരിച്ച പദ്ധതിയാണ് 'നിർഭയ കേരളം സുരക്ഷിത കേരളം'. ഇതിനായി എല്ലാ പഞ്ചായത്ത്/മുനിസിപ്പാലിറ്റി/ കോർപ്പറേഷനുകളിലും സ്ത്രീ-സുരക്ഷ ഉറപ്പാക്കാൻ പോലീസിനെ സഹായിക്കുന്നതിനായി നിർഭയ വോളന്റിയേഴ്സ്മാരെ തിരഞ്ഞെടുക്കുകയും, അത്തരത്തിൽ തിരഞ്ഞെടുക്കപ്പെട്ട വനിതകൾക്ക് പ്രത്യേക പരിശീലനവും നൽകുന്നു. ഈ പദ്ധതി ലക്ഷ്യം വയ്ക്കുന്നത് സ്ത്രീകളിൽ സുരക്ഷാബോധം ഉണ്ടാക്കുക, ഭയം അകറ്റുക, ആവശ്യക്കാരുടെ അടുത്ത് എത്രയും വേഗം എത്തിച്ചേർന്ന് അവർക്ക് വേണ്ട സഹായങ്ങൾ ചെയ്യുക, കൗൺസിലിംഗ് നൽകുക, വിചാരണക്കാലത്ത് മാനസികമായ പിന്തുണ നൽകുക എന്നിവയാണ്. കേരളത്തിൽ 5 സിറ്റി പോലീസ് ജില്ലകളിലും നിർഭയ വോളന്റിയർമാർ ക്കുള്ള പരിശീലനം നൽകിക്കഴിഞ്ഞു. |

| | | | | |
|---|---|---|---|---|
| | | | | നിർഭയ പദ്ധതിക്കായി സംസ്ഥാന പ്ലാൻ ഫണ്ടിൽ തുക വകയിരുത്താറുണ്ട്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് 2016-17-ൽ സ്ത്രീകൾക്ക് സ്വയം പ്രതിരോധ പരിശീലനം നൽകുന്നതിനായി 100 ലക്ഷം രൂപയും 2017-18-ൽ 100 ലക്ഷം രൂപയും 2018-19-ൽ 75 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. 2017-18-ലും 2018-19-ലുമായി നിർഭയ വോളന്റിയർമാർക്ക് വേതനം നൽകുന്നതിനായി യഥാക്രമം 75 ലക്ഷം രൂപ, 85 ലക്ഷം രൂപ എന്നിങ്ങനെ തുക അനുവദിക്കുകയുമുണ്ടായി. സംസ്ഥാനത്ത് 400 നിർഭയ വോളന്റിയർമാർ പ്രവർത്തിച്ചു വരുന്നു.<br>ഇതു കൂടാതെ പോലീസ് സ്റ്റേഷനുകളിലെ വനിതാ സന്ദർശകർക്കുള്ള സൗകര്യം വർദ്ധിപ്പിക്കുന്നതിന്റെയും സ്ത്രീ സൗഹൃദമാക്കുന്നതിന്റേയും ഭാഗമായി 2016-17-ൽ സ്റ്റേറ്റ് പ്ലാൻ സ്കീമിൽ 6 പോലീസ് സ്റ്റേഷനുകൾക്ക് 5 ലക്ഷം രൂപ വീതവും, 2017-2018-ൽ 125 പോലീസ് സ്റ്റേഷനുകൾക്ക് 4 ലക്ഷം രൂപ വീതവും 2018-2019-ൽ 56 പോലീസ് സ്റ്റേഷനുകൾക്ക് 5 ലക്ഷം രൂപ വീതവും നൽകിയിട്ടുണ്ട്.<br>സംസ്ഥാനത്ത് ഇപ്പോൾ 10 വനിതാ പോലീസ് സ്റ്റേഷനുകൾ പ്രവർത്തിക്കുന്നുണ്ട്.<br>പോലീസ് സേനയുടെ അംഗബലം 49920 ആണ് |

| | | | | |
|---|---|---|---|---|
| | | | | (ടെക്നിക്കൽ കാറ്റഗറി, ഡ്രൈവർമാർ, മിനിസ്റ്റീരിയൽ ജീവനക്കാർ, സി.എഫ്. മാർ ഒഴികെ). ഇതിൽ വനിതാ പോലീസിന്റെ എണ്ണം 4236 ആണ്. ഇത് മേൽ പറയുന്ന പോലീസ് സേനയുടെ അംഗബലത്തിന്റെ 8.49 ശതമാനമാണ്. |
| 4 | 13/12 | 12 | സംസ്ഥാനത്ത് CCTNS പദ്ധതി എങ്ങനെയാണ് നടപ്പാക്കുവാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ? | CCTNS പ്രോജക്ടിന്റെ ഭാഗമായുള്ള കമ്പ്യൂട്ടർ വൽക്കരണം സംസ്ഥാനത്തെ 513 പോലീസ് സ്റ്റേഷനുകളിലും കൂടാതെ ക്രൈംബ്രാഞ്ച് സി.ഐ.ഡി. പോലീസ് സ്റ്റേഷനിലും നടപ്പിലാക്കിയിട്ടുണ്ട്. ഇതിൽ ക്രൈംബ്രാഞ്ച് സി.ഐ.ഡി. പോലീസ് സ്റ്റേഷൻ ഒഴികെയുള്ള 513 പോലീസ് സ്റ്റേഷനുകളിൽ CCTNS ആപ്ലിക്കേഷന്റെ ഭാഗമായുള്ള GD, FIR, Investigation, Prosecution മുതലായ എല്ലാ മോഡ്യൂകളും നടപ്പിലാക്കിയിട്ടുണ്ട്. CCTNS ആപ്ലിക്കേഷനിൽ 94% പോലീസുകാർക്ക് ട്രെയിനിംഗ് നൽകി കഴിഞ്ഞു. ടി പദ്ധതിയുടെ ഭാഗമായി 98% കേസ് ഡാറ്റയും (2003-2013) ഡിജിറ്റൈസ് ചെയ്തിട്ടുണ്ട്. |
| 5 | 13/14 | 65 | അന്യസംസ്ഥാന തൊഴിലാളികളുടെ കുറ്റ കൃത്യങ്ങൾ ഒഴിവാക്കാനും കുറ്റം ചെയ്തവരെ കണ്ടെത്താനും തൊഴിലാളികൾ ജോലിക്കു വരുന്ന സ്ഥലത്തെ പൊലീസ് സ്റ്റേഷനിൽ | കേരളത്തിൽ ദിനംപ്രതി ഇതര സംസ്ഥാന തൊഴിലാളികളും അവരുൾപ്പെടുന്ന കുറ്റകൃത്യങ്ങളും വർദ്ധിച്ചു വരുന്ന സാഹചര്യത്തിൽ അവരുടെ ഒരു database ഉണ്ടാക്കുക എന്ന ലക്ഷ്യത്തോടെ തുടങ്ങിയ |

| | | | | |
|---|---|---|---|---|
| | | | ഓൺലൈനായി ഒറ്റത്തവണ നിർബന്ധിത രജിസ്ട്രേഷൻ നടത്താൻ നടപടി സ്വീകരിക്കുമോ;<br>രജിസ്ട്രേഷൻ ഇല്ലാത്ത തൊഴിലാളിയെ കൊണ്ട് ജോലി ചെയ്യിക്കുന്ന കരാറുകാർക്കെതിരെ കർശനമായ നിയമനടപടി സ്വീകരിക്കാൻ സർക്കാർ തയ്യാറാകുമോ? | പദ്ധതിയാണ് Building Database of other State Labourers. E-Rekha എന്ന ആൻഡ്രോയിഡ് ആപ്ലിക്കേഷൻ വഴിയാണ് ഡാറ്റാ എൻട്രി നടത്തുന്നത്. ഇതര സംസ്ഥാന തൊഴിലാളികളുടെ ഫോട്ടോ, അഡ്രസ്, ഫോൺ നമ്പർ, സ്പോൺസർ വിവരങ്ങൾ, ID കാർഡ് വിവരങ്ങൾ, താമസ വിവരങ്ങൾ എന്നിവ ആപ്ലിക്കേഷൻ വഴി സെർവ്വറിലേക്ക് സേവ് ചെയ്യുന്നു. ഇങ്ങനെ സേവ് ചെയ്ത ഡേറ്റകൾ സ്റ്റേഷൻ ഹൗസ് ഓഫീസർമാർക്ക് അവരുടെ സ്റ്റേഷൻ പരിധിയിൽ ഏതൊക്കെ സംസ്ഥാനങ്ങളിലെ തൊഴിലാളികൾ താമസിക്കുന്നുണ്ട് എന്ന് E-Rekha എന്ന ആൻഡ്രോയിഡ് ആപ്ലിക്കേഷൻ വഴി പരിശോധിക്കാൻ സാധിക്കുന്നു.<br>അഞ്ചോ അതിൽ കൂടുതലോ തൊഴിലാളികളെ കരാറുകാരൻ മുഖേന ജോലി എടുപ്പിക്കുകയാണെങ്കിൽ 1979-ലെ ഇതര സംസ്ഥാന തൊഴിലാളി നിയമ പ്രകാരം തൊഴിലുടമ രജിസ്ട്രേഷനും കരാറുകാരൻ ലൈസൻസും നിർബന്ധമായും എടുക്കേണ്ടതാണ്. കേരളത്തിൽ ഇപ്പോൾ എത്തിച്ചേരുന്ന ഇതര സംസ്ഥാന തൊഴിലാളികളിൽ ഭൂരിഭാഗവും കോൺട്രാക്ടർമാരുടെ കീഴിൽ അല്ലാതെ നേരിട്ട് തൊഴിൽ തേടി എത്തുന്നവരുമാണ് എന്നതിനാൽ |

| | | | | |
|---|---|---|---|---|
| | | | | കൃത്യമായ കണക്ക് തൊഴിൽ വകുപ്പിന്റെ കൈവശമില്ല. സംസ്ഥാനത്ത് ജില്ലാ ലേബർ ഓഫീസർ (എൻഫോഴ്സ്മെന്റ്)-മാരുടെ നേതൃത്വത്തിൽ 1979-ലെ ഇന്റർസ്റ്റേറ്റ് മൈഗ്രന്റ് വർക്ക്മെൻ (റഗുലേഷൻ ഓഫ് എംപ്ലോയ്മെന്റ് ആന്റ് കണ്ടീഷൻസ് ഓഫ് സർവ്വീസ്) ആക്ട്, 1970-ലെ കോൺട്രാക്ട് ലേബർ (റഗുലേഷൻ & അബോളിഷൻ) ആക്ട്, 1996-ലെ ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വെൽഫെയർ (റഗുലേഷൻ ഓഫ് എംപ്ലോയ്മെന്റ് ആന്റ് കണ്ടീഷൻ ഓഫ് സർവ്വീസ്) നിയമം എന്നിവ പ്രകാരം നടത്തുന്ന പരിശോധനയിൽ കണ്ടെത്തുന്ന നിയമലംഘനങ്ങൾക്കെതിരെ നിയമനടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. |
| 6 | 13/14 | 97 | തടവുകാർക്ക് മിനിമം വേതനം പ്രഖ്യാപിക്കാനും ജയിൽപ്പുള്ളികളുടെ ചികിത്സാർത്ഥം സൂപ്രണ്ടിന് പ്രതിദിനം പിൻവലിക്കുവാനുള്ള തുകയുടെ പരിധി 500 രൂപയിൽനിന്നും 2500 രൂപയായി വർദ്ധിപ്പിക്കുന്നതിനും, ജയിൽപ്പുള്ളികൾക്ക് വോട്ടവകാശം നൽകുവാനും നടപടി സ്വീകരിക്കുമോ? | 2-3-2016-ലെ സർക്കാർ ഉത്തരവ് (കൈ) 78/2016/ ആഭ്യന്തരം പ്രകാരം തടവുകാരുടെ വേതനം വർദ്ധിപ്പിച്ച ഉത്തരവായിട്ടുണ്ട്. 2014-ലെ കേരളാ പ്രിസണുകളും സംശുദ്ധീകരണ സാന്മാർഗ്ഗീകരണ സേവനങ്ങളും (നിർവ്വഹണം) ചട്ടങ്ങൾ 543 പ്രകാരം പ്രത്യേകമായ രോഗ സാഹചര്യങ്ങളിൽ അസാധാരണമായ ആവശ്യം നിർവഹിക്കുന്നതിന് ജയിൽ മെഡിക്കൽ ഓഫീസറുടെ ശുപാർശ പ്രകാരം ജയിൽ സൂപ്രണ്ടിന് വാർഷിക ബഡ്ജറ്റ് വിഹിതത്തിനു വിധേയമായി ഒരു |

| | | | | |
|---|---|---|---|---|
| | | | | സമയത്തു സർക്കാർ മെഡിക്കൽ സ്റ്റോറിൽനിന്നും വിതരണം ചെയ്യാത്ത ആയിരം രൂപയുടെ മരുന്നുകൾ തദ്ദേശീയമായി വാങ്ങാവുന്നതാണ്.<br>നിലവിലുള്ള ജനപ്രാധിനിത്യ നിയമത്തിലെ വ്യവസ്ഥ അനുസരിച്ച് തടവുകാർക്ക് വോട്ടവകാശം നിഷേധിക്കപ്പെട്ടിട്ടുണ്ട്. ടി നിയമത്തിലെ ഭേദഗതി കേന്ദ്ര സർക്കാരിന്റെ അധികാര പരിധിയിൽ വരുന്നതിനാൽ സംസ്ഥാന സർക്കാരിന് മാത്രമായി തീരുമാനമെടുക്കാൻ കഴിയില്ല. |
| 7 | 13/14 | 107 | ഇന്റർനെറ്റ്, ഫേസ് ബുക്ക്, വാട്ട്സ് ആപ്പ് തുടങ്ങിയ സാമൂഹ്യ മാധ്യമങ്ങളിലൂടെ സ്ത്രീകൾക്ക് നേരെ വർദ്ധിച്ചുവരുന്ന അതിക്രമം തടയാൻ ഒരു വനിത സൗഹൃദ സൈബർ പോലീസ് സ്റ്റേഷൻ കൊച്ചി ആസ്ഥാനമാക്കി ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ? | 10-9-2015-ലെ ജി.ഒ. (എം.എസ്)നം.197/2015/ ആഭ്യന്തരം പ്രകാരം കൊച്ചി സിറ്റിയിലെ ഇൻഫോ പാർക്കിൽ പുതിയ സൈബർ പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നതിനുള്ള അനുമതി നല്കിയിട്ടുണ്ട്. ഇൻഫോ പാർക്ക് പോലീസ് സ്റ്റേഷനും സൈബർ പോലീസ്സ്റ്റേഷനും ആരംഭിക്കുന്നതിനായി ഇൻഫോ പാർക്കിന്റെ കൈവശമുള്ള 45 സെന്റ് സ്ഥലം പോലീസ് വകുപ്പിന് കൈമാറുന്നതിനായുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇൻഫോ പാർക്ക്, സൈബർ പോലീസ് സ്റ്റേഷനുകൾക്കായി കെട്ടിടം നിർമ്മിക്കുന്നതിലേയ്ക്ക് 2 കോടി രൂപ കെ.പി.എച്ച്.സി.സി-യ്ക്ക് അനുവദിച്ചിട്ടുള്ളതും 1-5-2017-ലെ എച്ച്11/65360/17 നമ്പർ പ്രകാരം കെ.പി.എച്ച്.സി.സി സമർപ്പിച്ച പ്ലാനും സ്കെച്ചും അംഗീകരിച്ചിട്ടുള്ളതുമാണ്. |

| | | | | |
|---|---|---|---|---|
| 8 | 13/15 | 13 | അരൂർ ഫയർ സ്റ്റേഷൻ നിർമ്മിച്ച് നൽകുന്നതിന് അരൂർ ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് അസോസിയേഷന് സമ്മതമാണെന്ന് അറിയിച്ചിട്ടും സ്ഥലം ഫയർ ഡിപ്പാർട്ട്മെന്റിന്റെ അധീനതയിലാക്കിയാൽ മാത്രമേ നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കാനാവൂ എന്നത് മനസ്സിലാക്കി പ്രസ്തുത സ്ഥലം ലഭ്യമാക്കി ഫയർസ്റ്റേഷൻ നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | ആലപ്പുഴ ജില്ലയിലെ അരൂരിൽ ഫയർസ്റ്റേഷൻ നിർമ്മാണത്തിനായി സർവ്വെ നം.409/5 ൽ ഉൾപ്പെടുന്ന 17.78 സെന്റ് സ്ഥലവും, കെട്ടിടവും ഇൻഡസ്ട്രീസ് & കോമേഴ്സ്യൽ വകുപ്പ് ഫയർ & റെസ്ക്യൂ സർവ്വീസസ് വകുപ്പിന് കൈമാറുകയും, തുടർന്ന് 24-4-2017-ലെ സ.ഉ.(എം.എസ്.)നം.86/2017/ആഭ്യന്തരം പ്രകാരം അരൂർ ഫയർസ്റ്റേഷൻ ആരംഭിക്കുന്നതിന് ഭരണാനുമതി നൽകിക്കൊണ്ടും ഇതിനായി 21 തസ്തികകൾ സൃഷ്ടിച്ചു കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. |
| 9 | 14/1 | 96 | സമൂഹ നന്മ ലക്ഷ്യമിട്ട് സംസ്ഥാനത്തെ പോലീസ് സംവിധാനത്തിൽ എന്തെങ്കിലും മാറ്റങ്ങൾ വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ എന്തെല്ലാം പുതിയ സംവിധാനങ്ങളാണ് കൊണ്ടുവരാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ? | സമൂഹ നന്മ ലക്ഷ്യമിട്ട് പൊതുജനങ്ങളുടെ പ്രയോജനത്തിനായി ക്രൈം ആന്റ് ക്രിമിനൽ ട്രാക്കിംഗ് നെറ്റ് വർക്ക് (CCTNS) പ്രോജക്ട് സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുള്ളതിന്റെ തൽസ്ഥിതി ചുവടെ ചേർക്കുന്നു.<br>CCTNS പ്രോജക്ടിന്റെ ഭാഗമായി പൊതുജനങ്ങൾക്ക് പോലീസ് സ്റ്റേഷനുകളിലേക്കും മറ്റ് ഇതര പോലീസ് ഓഫീസുകളുമായും ബന്ധപ്പെടുന്നതിനായി കേരള പോലീസ് സിറ്റിസൺ പോർട്ടൽ ആരംഭിച്ചിട്ടുണ്ട്. ഇതിന്റെ ഏറ്റവും വലിയ മെച്ചം പൊതുജനങ്ങൾക്ക് ഒരേ കാര്യത്തിനായി പല തവണ പോലീസ് സ്റ്റേഷനുകളെ സമീപിക്കുന്നത് ഒഴിവാക്കാനാവുന്നതാണ്. സിറ്റിസൺ പോർട്ടൽ മുഖേന ലഭ്യമാകുന്ന |

| | | | | |
|---|---|---|---|---|
| | | | | സേവനങ്ങൾ<br>a) Petition Registration:<br>പൊതുജനങ്ങൾക്ക്, പോലീസ് സ്റ്റേഷനിൽ പോകാതെ തന്നെ പരാതികൾ ഓൺലൈനായി പോലീസ് സ്റ്റേഷനിലേക്കോ മറ്റുയർന്ന പോലീസ് ഓഫീസുകളിലോ സമർപ്പിക്കാവുന്നതാണ്.<br>b) Petition Status:<br>ഓൺലൈനായി സമർപ്പിച്ച പരാതിയുടെ തൽസ്ഥിതി അറിയുവാൻ സാധിക്കുന്നു.<br>c) FIR Copies:<br>പൊതുജനങ്ങൾക്ക് പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത കേസ്സുകളുടെ എഫ്.ഐ.ആർ-ന്റെ പകർപ്പ് ലഭിക്കുന്നതാണ്.<br>d) GD Copy:<br>ആക്സിഡന്റ് കേസ്സുകളുടെ ജി.ഡി പകർപ്പ് ലഭിക്കുന്നതാണ്.<br>e) Arrested/Wanted Criminal Details:<br>ഏതെങ്കിലും കേസ്സിൽ അറസ്റ്റ് ചെയ്യപ്പെട്ട ആൾക്കാരുടേയും പിടികിട്ടാപ്പുള്ളികളുടേയും സംശയിക്കപ്പെടുന്നവരുടേയും വിവരങ്ങൾ ലഭിക്കുന്നതാണ്.<br>f) Details of Missing Persons:-<br>കാണാതായ വ്യക്തികളെക്കുറിച്ചുള്ള വിവരങ്ങൾ ലഭ്യമാകുന്നതാണ്. |

| | | | | |
|---|---|---|---|---|
| | | | | g) Auto mobile Enquiry:<br>ഏതെങ്കിലും വാഹനങ്ങൾ കുറ്റകൃത്യങ്ങളുമായി ബന്ധപ്പെട്ടവയാണോ എന്നുള്ള വിവരങ്ങൾ ലഭ്യമാകുന്നതാണ്.<br>h) No Objection Certificate Request:<br>വാഹനങ്ങളുടെ NOC അപേക്ഷകൾ സമർപ്പിക്കാനും, NOC ഓൺലൈനായി കൈപ്പറ്റുന്നതിനും സാധിക്കുന്നതാണ്.<br>i) Verification requests (PCC, Employee Verification, Procession):<br>സമ്മേളനങ്ങൾ, കലാപ്രകടനങ്ങൾ, സമരങ്ങൾ, ജാഥകൾ, പ്രചാരണ പരിപാടികൾ എന്നിവ നടത്തുന്നതിന് പോലീസിന്റെ അനുവാദത്തിനായി അപേക്ഷ സമർപ്പിക്കാനും കൂടാതെ പോലീസ് വെരിഫിക്കേഷൻ സർട്ടിഫിക്കറ്റിനുള്ള അപേക്ഷകൾ സമർപ്പിക്കുന്നതിനും സർട്ടിഫിക്കറ്റ് കൈപ്പറ്റുന്നതിനും സാധിക്കുന്നതാണ്.<br>j) Mike Sanction request:<br>പൊതുജനങ്ങൾക്ക് ഉച്ചഭാഷിണി ഉപയോഗിക്കാനുള്ള അനുവാദത്തിനുള്ള അപേക്ഷ ഓൺലൈനായി സമർപ്പിക്കാനും പോലീസിന്റെ അനുവാദം ഓൺലൈനായി കൈപ്പറ്റുന്നതിനും സാധിക്കുന്നതാണ്.<br>k) Citizen Tip:<br>സംശയകരമായ സാഹചര്യങ്ങളിൽ കാണപ്പെടുന്ന |

| | | | | |
|---|---|---|---|---|
| | | | | വസ്തുക്കൾ, വ്യക്തികൾ, സംഭവങ്ങൾ എന്നിവയെക്കുറിച്ച് പോലീസിന് അജ്ഞാത വിവരങ്ങൾ നൽകാൻ പൊതുജനങ്ങൾക്കും അവസരം ലഭിക്കുന്നു.<br>l) Online library:<br>പ്രധാനപ്പെട്ട കോടതി ഉത്തരവുകൾ, വിധികൾ, പോലീസ് മാനുവൽ, സ്റ്റാന്റിംഗ് ഓർഡറുകൾ, ക്രൈം ഇൻ ഇന്ത്യ തുടങ്ങിയവ ഉൾപ്പെടുന്ന ഓൺലൈൻ ലൈബ്രറിയുടെ സൗകര്യവും ലഭ്യമാണ്. |
| 10 | 14/2 | 15 | സംസ്ഥാനത്തെ ജയിലുകളിൽ മാനസികാ സ്വാസ്ഥ്യമുള്ള തടവുകാരെ പാർപ്പിക്കുന്നതിന് പ്രത്യേക സംവിധാനം നിലവിലുണ്ടോയെന്ന് വ്യക്തമാക്കുമോ;<br>ഇത്തരം തടവുകാരെ മറ്റ് തടവുകാർക്കൊപ്പം പാർപ്പിക്കുന്നത് കൊണ്ടുണ്ടാകുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ജയിലുകളിൽ പുനരധിവാസ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനെക്കുറിച്ച് ആലോചിക്കുന്നുണ്ടോയെന്ന് അറിയിക്കാമോ; എങ്കിൽ എല്ലാ ജയിലുകളിലും പ്രസ്തുത കേന്ദ്രങ്ങൾ സ്ഥാപിക്കുന്നത് പരിഗണനയി ലുണ്ടോ; വിശദാംശം ലഭ്യമാക്കാമോ; | 2018-19 ജയിലുകളുടെ നവീകരണം വാർഷിക പദ്ധതി 2018-19-ൽ ഉൾപ്പെടുത്തി കേരളത്തിലെ മൂന്നു സെൻട്രൽ ജയിലുകളിലും മാനസിക രോഗികളായ തടവുകാരെ പാർപ്പിക്കുന്നതിനുള്ള ബ്ലോക്കുകളുടെ നിർമ്മാണത്തിനായി 26-7-2018-ലെ സ.ഉ(കൈ) നം.122/2018/ആഭ്യന്തരം ഉത്തരവ് പ്രകാരം ഭരണാനുമതി നൽകുകയും 5.98 കോടി രൂപയുടെ ഫണ്ട് അനുവദിക്കുകയും ചെയ്തിരുന്നു. തിരുവനന്തപുരം, കണ്ണൂർ സെൻട്രൽ ജയിലുകളിൽ ടി ബ്ലോക്കുകൾ നിർമ്മിക്കുന്നതിനുവേണ്ടി 2 കോടി രൂപയും വിയ്യൂർ സെൻട്രൽ ജയിലിൽ 1.98 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. ടി പ്രവൃത്തി ആരംഭിക്കുന്നതിനായി പി.ഡബ്ല്യു.ഡി.യ്ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

| | | | | |
|---|---|---|---|---|
| 11 | 14/5 | 46 | തൃത്താലയിൽ നിലവിൽ ഫയർ സ്റ്റേഷൻ ഇല്ല. എന്തെങ്കിലുമൊരു അത്യാഹിതം സംഭവിക്കുകയാണെങ്കിൽ ഫയർ എഞ്ചിൻ വരേണ്ടത് ഒന്നുകിൽ പത്തിരുപത് കിലോമീറ്ററിന് അപ്പുറത്തുള്ള ഷൊർണ്ണൂരിൽ നിന്ന് അല്ലെങ്കിൽ മലപ്പുറം ജില്ലയിലെ പൊന്നാനിയിൽ നിന്ന് അതുമല്ലെങ്കിൽ തൃശ്ശൂർ ജില്ലയിലെ കുന്നംകുളത്തുനിന്നുമാണ്. തൃത്താലയിൽ ഫയർ ആക്സിഡന്റ് മാത്രമല്ല ഉണ്ടാകുന്നത് അവിടെ ഭാരതപ്പുഴയുമായി ബന്ധപ്പെട്ട് വെള്ളിയാംകല്ല് റിസർവോയറുണ്ട്. അതിനുശേഷം കൂട്ടക്കടവ് റെഗുലേറ്ററുണ്ടാകുന്നുണ്ട് ഇവിടെ മുങ്ങിമരണമടക്കം നിരവധി അപകടങ്ങളാണുണ്ടാകുന്നത്. ഈ സാഹചര്യത്തിൽ ഒരു ഫയർ സ്റ്റേഷനും അതോടൊപ്പം ഡിസാസ്റ്റർ മാനേജ്മെന്റിനുമുള്ള സംവിധാനവും ഉണ്ടാവുകയെന്ന് പറയുന്നത് വർഷങ്ങളായിട്ടുള്ള ആവശ്യമാണ്. കൂറ്റനാട് മലറോഡിനടുത്ത് അതിനനുയോജ്യമായ സ്ഥലം കണ്ടെത്തി അനുകൂലമായിട്ടുള്ള റിപ്പോർട്ട് സഹിതം ഡിപ്പാർട്ട്മെന്റിലേക്ക് സമർപ്പിച്ചിട്ടുണ്ടെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. തൃത്താലയുടെ കാര്യംകൂടി പ്രത്യേകമായി പരിഗണിക്കണമെന്നാണ് ഈ സബ് മിഷനിലൂടെ അഭ്യർത്ഥിക്കാനുള്ളത്. | പാലക്കാട് ജില്ലയിൽ തൃത്താല ആസ്ഥാനമാക്കി പുതുതായി അഗ്നിരക്ഷാ നിലയം ആരംഭിക്കുന്നതിന് തൃത്താല നിയോജകമണ്ഡലത്തിൽ മലറോഡ് എന്ന സ്ഥലത്ത് ചാലിശ്ശേരി വില്ലേജ്, ഫീൽഡ് നം.-19, സർവ്വേ നം.20-ൽ 1 ഏക്കർ സ്ഥലം റവന്യൂ വകുപ്പിൽ നിന്നും ലഭ്യമാക്കുന്നതിനായി വകുപ്പ് മേധാവി സാക്ഷ്യപ്പെടുത്തിയ അർത്ഥനാ പത്രം പട്ടാമ്പി ഭൂരേഖാ തഹസീൽദാർക്ക് നൽകിയിരുന്നു. ആയതിൽ നടപടി പുരോഗമിക്കുന്നു. എന്നാൽ പട്ടാമ്പി താലൂക്കിൽ കൂറ്റനാടിനടുത്ത് ആലപ്പറമ്പിൽ റവന്യൂ പുറമ്പോക്കായ 50 സെന്റ് സ്ഥലം ഫയർസ്റ്റേഷൻ നിർമ്മാണത്തിന് വിട്ട് നൽകണമെന്ന് തൃത്താല എം.എൽ.എ. പാലക്കാട് ജില്ലാ കളക്ടറോട് അഭ്യർത്ഥിച്ചത് പ്രകാരം ടി രണ്ട് ഭൂമിയിൽ ഏതാണ് സ്റ്റേഷൻ നിർമ്മാണത്തിന് കൂടുതൽ അനുയോജ്യം എന്ന് കണ്ടെത്തുന്നതിനും എം.എൽ.എ. നിർദ്ദേശിച്ച ഭൂമിയുടെ ഉടമസ്ഥാവകാശം ഏതു വകുപ്പിന്റേതാണെന്ന് കണ്ടെത്തുന്നതിനും വകുപ്പ് തലത്തിൽ നടപടി സ്വീകരിച്ച് വരുന്നു. |

| | | | | |
|---|---|---|---|---|
| 12 | 14/11 | 119 | കോവളത്ത് സുരക്ഷ ക്രമീകരണം ടൂറിസം പോലീസിൽ നിക്ഷിപ്തമാക്കുമോയെന്നും ഇവിടെ ക്രൈം മാപ്പിംഗ് സംവിധാനം കൊണ്ടുവരാൻ ആലോചിക്കുന്നുണ്ടോയെന്നും വ്യക്തമാക്കാമോ;<br>കോവളത്ത് എത്തുന്ന ടൂറിസ്റ്റുകൾക്ക് പൂർണ്ണ സുരക്ഷിതത്വം ഒരുക്കുന്നതിന് വിവിധ വകുപ്പുകളുമായി ചേർന്ന് അടിയന്തര നടപടികൾ സ്വീകരിക്കുമോയെന്ന് വിശദമാക്കുമോ? | തിരുവനന്തപുരം കോവളത്ത് സുരക്ഷാ ക്രമീകരണത്തിനായി ടൂറിസം പോലീസിനെ നിയോഗിച്ചിട്ടുണ്ട്. GIS Enabled Crime Mapping സംവിധാനം കോവളം പോലീസ് സ്റ്റേഷനിൽ നടപ്പാക്കിയിട്ടുണ്ട്.<br>കോവളത്തെത്തുന്ന ടൂറിസ്റ്റുകൾക്ക് പൂർണ്ണ സുരക്ഷിതത്വം ഒരുക്കുന്നതിന് വിവിധ വകുപ്പുകളുമായി ചേർന്ന് അടിയന്തര നടപടികൾ സ്വീകരിച്ചു വരുന്നു. എല്ലാ വർഷവും ടൂറിസ്റ്റ് സീസൺ ആരംഭിക്കുന്നതിന് മുമ്പേ തന്നെ വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ട് ബഹു. ടൂറിസം വകുപ്പുമന്ത്രി മീറ്റിംഗ് വിളിക്കുകയും സീസണിൽ നടപ്പിലാക്കേണ്ട സുരക്ഷാ ക്രമീകരണങ്ങളെക്കുറിച്ച് വിലയിരുത്തുകയും ഇതിനായി ഓരോ വകുപ്പുകളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് അത് സസൂക്ഷ്മം നിരീക്ഷിക്കുകയും ചെയ്തു വരുന്നു.<br>ക്രിസ്തുമസ് ന്യൂഇയർ ആഘോഷ പരിപാടികളിൽ നിരവധി വിദേശികൾ പങ്കെടുക്കുന്നതായതിനാൽ ഇത്തരത്തിലുള്ള ആഘോഷങ്ങൾ നിയന്ത്രിക്കുന്നതിന് ടൂറിസം പോലീസിന് പ്രത്യേക പരിശീലനം ആവശ്യമാണെന്ന് കണ്ട് ഈ മേഖലയിൽ ജോലി ചെയ്തു വരുന്ന വിദഗ്ധരായ faculty കളെക്കൊണ്ട് ടൂറിസം പോലീസ് ഉദ്യോഗസ്ഥർക്കായുള്ള Soft Skill Training Programme പോലീസ് അക്കാദമിയിൽ നടത്തിയിട്ടുണ്ട്. |

| | | | | |
|---|---|---|---|---|
| 12 | 14/15 | 115 | അഗ്നിശമനസേനയുടെ പ്രവർത്തനം ശാക്തീകരിക്കാൻ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണ് വ്യക്തമാക്കാമോ;<br>അഗ്നി സുരക്ഷയുമായി ബന്ധപ്പെട്ട് നാഷണൽ ബിൽഡിംഗ് കോഡ് അനുശാസിക്കുന്ന വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ ഫയർഫോഴ്സ് ആക്റ്റ് പരിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ? | 1. 30-8-2019-ലെ സ.ഉ.(കൈ)132/2019/ആഭ്യന്തരം പ്രകാരം ഫയർ & റെസ്ക്യൂ വകുപ്പിന് കീഴിൽ സിവിൽ ഡിഫൻസ് രൂപീകരിച്ച് ഉത്തരവായിരുന്നു.<br>2. കേരള ഫയർ & റെസ്ക്യൂ സർവ്വീസസ് വകുപ്പിലേയ്ക്ക് 2 എണ്ണം ടേൺ ടേബിൾ ലാഡറുകൾ വാങ്ങുന്നതിനായി 19-8-18 ലെ സ.ഉ.(സാധാ)നം.2403/18/ ആഭ്യന്തരം പ്രകാരം ഭരണാനുമതിയും, ആയത് കേന്ദ്ര സർക്കാർ പൊതുമേഖലാ സ്ഥാപനമായ State Trading Corporation മുഖേന വാങ്ങുന്നതിനായി അനുമതിയും നൽകിയിരുന്നു. കേന്ദ്ര സർക്കാരിന്റെ 15-5-20 ലെ എഫ്. നം.12/17/2019-പിപിഡി നമ്പർ സർക്കുലർ പ്രകാരം State Trading Corporation സ്വീകരിച്ചു വരുന്ന എല്ലാ വ്യാപാര നടപടികളും അവസാനിപ്പിക്കുവാൻ Ministry of Commerce, Government of India, State Trading Corporation ന് നിർദ്ദേശം നൽകിയിട്ടുള്ളതിനാൽ ഫയർ & റെസ്ക്യൂ സർവ്വീസസ് വകുപ്പിലേയ്ക്ക് രണ്ട് ടേൺടേബിൾ ലാഡറുകൾ വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ സാധ്യമല്ലായെന്ന് State Trading Corporation അറിയിച്ച സാഹചര്യത്തിൽ ഇന്ത്യൻ നിർമ്മാതാക്കൾ മുഖേനയോ, ഇന്ത്യയിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഡീലർമാർ മുഖേനയോ ടേൺടേബിൾ ലാഡർ ലഭ്യമാക്കുന്നതിന് നിലവിൽ സർക്കാർ |

| | | | | |
|---|---|---|---|---|
| | | | | അംഗീകരിച്ചിട്ടുള്ള സ്പെസിഫിക്കേഷൻ ഉപയോഗിച്ച് ടെണ്ടർ ക്ഷണിച്ച് വാങ്ങുന്നതിന് പുതുക്കിയ ഭരണാനുമതി 31-3-2021-ലെ സ.ഉ(സാധാ)നം. 1000/2021/ആഭ്യന്തരം പ്രകാരം നൽകിയിരുന്നുവെങ്കിലും ഏരിയൽ ലാഡർ പ്ലാറ്റ്ഫോം വാങ്ങുന്നതാണ് വകുപ്പിന് കൂടുതൽ ഉപയോഗപ്രദം എന്നതിനാൽ 2022-23 സാമ്പത്തിക വർഷത്തെ പ്ലാൻ ഫണ്ട് ഉപയോഗിച്ച് വകുപ്പിൽ ഒരു ഏരിയൽ ലാഡർ പ്ലാറ്റ്ഫോം വാങ്ങുന്നതിന് 5-8-2022-ലെ സ.ഉ.(സാധാ)2162/2022/ആഭ്യന്തരം പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്.<br>3. 15-11-2019-ലെ സ.ഉ.(കൈ) 181/2019/ആഭ്യന്തരം പ്രകാരം ഫോർട്ട് കൊച്ചി കേന്ദ്രമാക്കി അഡ്വാൻസ്ഡ് വാട്ടർ റെസ്ക്യൂ ട്രെയിനിംഗ് സെന്റർ ആരംഭിച്ചിട്ടുണ്ട്.<br>4. 17-11-2021-ലെ സ.ഉ.(കൈ) 201/2021/ആഭ്യന്തരം പ്രകാരം സ്പെഷ്യൽ ടാസ്ക് ഫോഴ്സ് രൂപീകരിച്ചിട്ടുണ്ട്.<br>5. സർക്കാർ പരിശോധിച്ച വന്നിരുന്ന കരട് ഫയർ & റെസ്ക്യൂ സർവ്വീസസ് ബില്ലിന്റെ നടപടിക്രമങ്ങൾ അന്തിമഘട്ടത്തിലെത്തിയിരുന്നെങ്കിലും സെൻട്രൽ മോഡൽ ബില്ലിന് അനുസൃതമായി ഫയർ ഫോഴ്സ് ബിൽ പരിഷ്കരിക്കണം എന്ന കേന്ദ്രസർക്കാർ നിർദ്ദേശത്തെത്തുടർന്ന് തയ്യാറാക്കിയ പുതുക്കിയ കരട് സർക്കാർ പരിശോധിച്ച് വരുന്നു. |

## III. പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ്

| ക്രമ നമ്പർ | നിയമസഭ/ സമ്മേളനം | ഉറപ്പ് നമ്പർ | സഭയിൽ ഉന്നയിക്കപ്പെട്ട ചോദ്യങ്ങളും ഉറപ്പുകളും | സർക്കാരിൽ നിന്ന് ലഭിച്ച സ്റ്റേറ്റ്മെന്റ് |
|---|---|---|---|---|
| 1 | 13/14 | 41 | പട്ടികജാതി പിന്നോക്ക വിഭാഗങ്ങൾക്ക് നൽകി വരുന്ന ക്ഷേമ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമവും കാലോചിതവുമായി നടപ്പാക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടി ക ൾ വ്യക്തമാക്കാമോ? | എ) ഇ-ഹൗസിംഗ് മുഖേന നടപ്പിലാക്കുന്ന ഭവന പുനരുദ്ധാരണ പദ്ധതികൾക്ക പുറമേ, താഴെക്കാണുന്ന പദ്ധതികൾക്കും ഓൺലൈൻ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.<br>1. വൃത്തിഹീന തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരുടെ ആശ്രിതർക്കുള്ള ധനസഹായം.<br>2. സ്കോളർഷിപ്പ്- അപ്ഗ്രഡേഷൻ ഓഫ് മെറിറ്റ്.<br>3. പ്രീ-മെട്രിക് സ്കോളർഷിപ് (9 & 10).<br>4. പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ്.<br>5. ചികിത്സാധനസഹായം ( t-grantz).<br>6. ചികിത്സാ, വിവാഹം, മിശ്രവിവാഹം എന്നീ പദ്ധതികളുടെ വരുമാനപരിധി 50,000-ൽ നിന്ന് 1 ലക്ഷമായി ഉയർത്തി.<br>7. വിവാഹം, മിശ്രവിവാഹധനസഹായം പദ്ധതികളുടെ ആനുകൂല്യം 50,000 ൽ നിന്ന് 75,000 മാക്കി ഉയർത്തി.<br>8. വിദേശ തൊഴിൽ സഹായം 50,000 ൽ നിന്ന് 1 ലക്ഷമാക്കി ഉയർത്തി.<br>9. വിദേശ പഠനസ്കോളർഷിപ്പിനു മാർഗ്ഗരേഖയുണ്ടാക്കി. |

| | | | | |
|---|---|---|---|---|
| 2 | 13/14 | 67 | സംസ്ഥാനത്ത് നിലവിലുള്ള നിയമന സംവരണതോത് വർദ്ധിപ്പിക്കാൻ ദേശീയ പട്ടികജാതി കമ്മീഷന്റെ ശിപാർശയുടെ വിശദവിവരം അറിയിക്കാമോ; അതിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ അറിയിക്കാമോ;<br>നിലവിലുള്ള സംവരണ തോത് ജനസംഖ്യാനുപാതികമാണോ; വ്യക്തമാക്കാമോ? | നിലവിൽ തുടർന്നു വരുന്ന സംവരണതത്വ പ്രകാരം സംവരണം 50% കവിയാൻ പാടില്ല. പട്ടികജാതി വിഭാഗത്തിന് നിലവിലുള്ള സംവരണ തോത് വർദ്ധിപ്പിക്കുമ്പോൾ ആയത് മറ്റു സമുദായങ്ങളുടെ സംവരണ തോതിനെ പ്രതികൂലമായി ബാധിക്കും. ടി സാഹചര്യത്തിൽ ജനസംഖ്യാനുപാതികമായി സംവരണതോത് വർദ്ധിപ്പിക്കണമെന്ന ശിപാർശ പരിഗണിക്കാൻ കഴിയില്ല. |
| 3 | 13/15 | 6 | പട്ടികജാതി വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന മാവേലിക്കര ഉമ്പർനാട് ഐ.ടി.ഐ. -യിൽ ഇലക്ട്രീഷ്യൻ, ഡ്രാഫ്റ്റ്സ്മാൻ സിവിൽ, മെക്കാനിക് (മോട്ടോർ വെഹിക്കിൾ) കോഴ്സുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ;<br>പ്രസ്തുത ഐ.ടി.ഐ.-കളുടെ നവീകരണത്തിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ? | മാവേലിക്കര ഐ.റ്റി.ഐയിൽ കാർപ്പെന്റർ, MRTV എന്നീ ട്രേഡുകൾ ഉണ്ടായിരുന്നതിൽ MRTV കോഴ്സ് DGE &T നിറുത്തലാക്കിയപ്പോൾ ഇലക്ട്രോണിക്സ്, മെക്കാനിക് എന്ന പുതിയ ട്രേഡുകൾ ആരംഭിച്ചിട്ടുണ്ട്. നിലവിലുള്ള സ്ഥല സൗകര്യമനുസരിച്ചുള്ള കോഴ്സുകൾ നടന്നുവരുന്നു. നിലവിലെ കെട്ടിടം പൊളിച്ചുമാറ്റി NCVT നോംസ് അനുസരിച്ചുള്ള സൗകര്യങ്ങളോടു കൂടിയ പുതിയ കെട്ടിടം പണിഞ്ഞു കഴിഞ്ഞാൽ പുതിയ ട്രേഡുകൾ ആരംഭിക്കാവുന്നതാണ്. പഴയ കെട്ടിടം പൊളിച്ചുമാറ്റുന്നതിന് പൊതുമരാമത്ത് വകുപ്പ് അധികൃതരെ സമീപിച്ചിട്ടുണ്ട്. |
| 4 | 14/1 | 17 | ഇ-ഗ്രാന്റ്സുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ ലഘൂകരിക്കണമെന്ന ആവശ്യം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; ഇക്കാര്യത്തിൽ എന്തു നടപടി സ്വീകരിക്കുമെന്ന് വിശദമാക്കുമോ? | പട്ടികജാതി പട്ടികവർഗ്ഗ മറ്റർഹ വിഭാഗം വിദ്യാർത്ഥികളുടെ വിദ്യാഭ്യാസാനുകൂല്യങ്ങൾ വിതരണം ചെയ്യുന്ന ഇ-ഗ്രാന്റ്സ് സോഫ്റ്റ് വെയർ വിപുലീകരിച്ചു കൂടുതൽ കാര്യക്ഷമവും യൂസർ ഫ്രണ്ട്‌ലിയുമാക്കിയിട്ടുണ്ട്. |

| | | | | |
|---|---|---|---|---|
| 5 | 14/1 | 68 | സംസ്ഥാനത്തെ പട്ടികജാതി ക്ഷേമവകുപ്പിൻ കീഴിലുള്ള ഐ.ടി.ഐ.കളിൽ അവർക്ക് അനുയോജ്യമായ തൊഴിൽ കണ്ടെത്തുന്നതിനും സാമ്പത്തികവും, സാമൂഹ്യവുമായ പുരോഗതി കൈവരിക്കുന്നതിനും ഉതകുന്ന തരത്തിൽ ഈ തൊഴിലധിഷ്ഠിത കേന്ദ്രങ്ങളെ ഉദ്ധരിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | തൊഴിലധിഷ്ഠിത കേന്ദ്രങ്ങളെ ഉദ്ധരിക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്ന ചോദ്യത്തിന്റെ ഉറപ്പ് നം. 68 നുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.<br>• പട്ടികജാതി വികസന വകുപ്പിന്റെ കീഴിലുള്ള 44 ഐ.ടി.ഐ.-കളിൽ വർക്കല, വി.ആർ പുരം, മര്യാപുരം, പന്തളം , ഏലത്തൂർ, മംഗലം, മാവേലിക്കര എന്നീ ഐ.ടി,ഐ.-കളിൽ പുതുതായി കോഴ്സുകൾ ആരംഭിച്ചു. ഈ കോഴ്സുകൾക്ക് NCVT അംഗീകാരം ലഭിച്ചിട്ടുണ്ട്.<br>• കൂടാതെ പൊതു സ്വകാര്യ പങ്കാളിത്തത്തോടെ നടപ്പിലാക്കി വരുന്ന അപ്ഗ്രഡേഷൻ ഓഫ് ഗവൺമെന്റ് ഐ.ടി.ഐ. ത്രൂ പബ്ലിക് പ്രൈവറ്റ് പാർട്ട്ണർഷിപ്പ് എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി വകുപ്പിന്റെ ഐ.ടി.ഐ.കളായ ഏലത്തൂർ, മംഗലം, പന്തളം, മര്യാപുരം എന്നീ ഐ.ടി.ഐ.-കളിൽ പുതിയ കോഴ്സുകൾ ആരംഭിച്ചു.<br>• മര്യാപുരം, ഓച്ചിറ, പന്തളം, ഐക്കാട്, എങ്കക്കാട്, മംഗലം, കുറിച്ചി എന്നീ 7 ഐ.റ്റി.ഐ.-കൾ ഹോസ്റ്റൽ സൗകര്യത്തോടുകൂടി MRITI-കൾ ആയി പ്രവർത്തനം ആരംഭിച്ചു.<br>• ആദ്യകാലത്തുള്ള പഴയ കെട്ടിടങ്ങളിൽ |

| | | | | | |
|---|---|---|---|---|---|
| | | | | | പ്രവർത്തനം ആരംഭിച്ച ഐ.ടി.ഐ.-കളിൽ ഭൂരിഭാഗവും പുതിയ കെട്ടിടങ്ങൾ നിർമ്മിച്ചിട്ടുണ്ട്. ഇങ്ങനെ പണി കഴിപ്പിച്ച കെട്ടിട സൗകര്യങ്ങൾ ഉപയോഗപ്പെടുത്തി പുതിയ കോഴ്സുകൾ തുടങ്ങിയ ഐ.ടി.ഐ.കൾക്ക് പുറമേ 8 ഐ.ടി.ഐ.-കളിൽ കൂടെ പുതിയ കോഴ്സുകൾ ആരംഭിക്കുന്നതിനും നിലവിൽ ഏകവത്സര കോഴ്സുകൾ ആയ പ്ലംബർ, വെൽഡർ, കാർപെന്റർ എന്നീ കോഴ്സുകളിൽ പരിശീലനം നൽകുന്ന ഐ.ടി.ഐ,കളിൽ ഓരോ അഡീഷണൽ ബാച്ച് ആരംഭിക്കുന്നതിനുമുള്ള വിഷയം സർക്കാർതലത്തിൽ പരിശോധിച്ച് വരുന്നു.<br>• ഐ.ടി.ഐ.കളിൽ പ്രായോഗിക പരിശീലനത്തിനാവശ്യമായ പഠനോപകരണങ്ങളും മെഷിനറികളും ഉൾപ്പെടുത്തി പ്രാക്ടിക്കൽ ഹാൾ, കമ്പ്യൂട്ടർ ലാബ്, തിയറി ക്ലാസുകളുടെ സൗകര്യം വർദ്ധിപ്പിക്കുന്നതിന് LCD പ്രൊജക്ടർ, ഫോട്ടോകോപ്പിയർ തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ സജ്ജമാക്കിയിട്ടുണ്ട്. എല്ലാ ഐ.ടി.ഐ.കളിലും ബന്ധപ്പെട്ട ട്രേഡിൽ പരിജ്ഞാനം നല്കുന്നതിനോടൊപ്പം കമ്പ്യൂട്ടർ പരിജ്ഞാനവും നല്കി വരുന്നു. |

| | | | | |
|---|---|---|---|---|
| | | | | എല്ലാ ഐ.ടി.ഐ.കളിലും 3 DM വിഷ്വൽ ടീച്ചിംഗ് എയ്ഡും സ്ഥാപിച്ചു.<br>• എല്ലാ ട്രെയിനികൾക്കും പോഷകാഹാരം, ഉച്ചഭക്ഷണ പദ്ധതി എന്നിവ നടപ്പിലാക്കി. പരിശീലനം വിജയകരമായി പൂർത്തീകരിക്കുന്നവർ, സ്വദേശത്തും, വിദേശത്തും തൊഴിൽ മേഖലകളിൽ എത്തിപ്പെടുന്നുണ്ട്. ഐ.ടി.ഐ.യിൽ നിന്നും പാസ്സാകുന്ന ട്രെയിനികൾക്ക് ഐ.ടി.ഐ.തലത്തിൽ ട്രെയിനിംഗ് സൂപ്രണ്ട്മാർ വിവിധ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് പ്ലെയ്സ്മെന്റ് അസിസ്റ്റൻസ് നല്കുന്നുണ്ട്.<br>• വകുപ്പിന് കീഴിൽ ഐ.ടി.ഐ.-കളിൽ നിന്നും പാസ്സാകുന്ന ട്രെയിനികളെ സംഘടിപ്പിച്ച് കൊണ്ട് സംസ്ഥാന തലത്തിൽ വിവിധ കമ്പനികളെ ഉൾപ്പെടുത്തി 2016, 2017 എന്നീ വർഷങ്ങളിൽ ജോബ് ഫെയർ നടത്തുകയും ട്രെയിനികൾക്ക് ജോലി ഉറപ്പു വരുത്തുകയും ചെയ്തിട്ടുണ്ട്. 2016-ൽ 205 പേർക്കും 2017-ൽ 149 പേർക്കും ഇപ്രകാരം വിവിധ കമ്പനികളിൽ ജോലി ലഭിച്ചിട്ടുണ്ട്. |

<table>
<tr>
<td>6</td>
<td>14/1</td>
<td>71</td>
<td>കഴിഞ്ഞ 5 വർഷം (2011-2016) പട്ടികജാതി മേഖലയിൽ വിദ്യാഭ്യാസ ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതിൽ കുടിശ്ശിക ആയിട്ടുണ്ടോ; കുടിശ്ശിക തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; പ്രസ്തുത കുടിശ്ശിക അടിയന്തിരമായി വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുമോ?</td>
<td>പട്ടികജാതി മേഖലയിൽ വിദ്യാഭ്യാസ ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതിൽ നിലവിൽ കുടിശ്ശികയില്ല. കുടിശ്ശികയുണ്ടായിരുന്ന തുക വിതരണം ചെയ്തു കഴിഞ്ഞു. കുടിശ്ശിക സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.
<table>
<tr><th>Academic year</th><th>Sanctioned amount</th><th>Disbursed amount</th></tr>
<tr><td>2011-2012</td><td>1,45,90,19,243</td><td>1,45,56,54,543</td></tr>
<tr><td>2012-2013</td><td>1,83,73,21,713</td><td>1,83,57,89,849</td></tr>
<tr><td>2013-2014</td><td>2,08,71,83,362</td><td>2,08,43,17,101</td></tr>
<tr><td>2014-2015</td><td>2,18,30,97,157</td><td>2,17,95,21,543</td></tr>
<tr><td>2015-2016</td><td>2,38,16,01,369</td><td>2,37,94,30,297</td></tr>
<tr><td>2016-2017</td><td>2,50,70,81,182</td><td>2,50,41,51,141</td></tr>
<tr><td>2017-2018</td><td>2,67,02,40,532</td><td>2,65,69,02,669</td></tr>
</table>
</td>
</tr>
<tr>
<td>7</td>
<td>14/1</td>
<td>72</td>
<td>പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥി കൾക്കുള്ള സ്റ്റൈപ്പന്റ് സമയബന്ധിതമായി വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ?</td>
<td>പട്ടികജാതി വിഭാഗത്തിൽപ്പെട്ട സ്റ്റൈപ്പന്റ് ഫണ്ടിന്റെ ലഭ്യത അനുസരിച്ച് സമയബന്ധിതമായി വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതിനായി കൂടുതൽ വിപുലമായ സൗകര്യങ്ങൾ ഉൾക്കൊള്ളിച്ചു കൊണ്ട് software updation പൂർത്തിയായിട്ടുണ്ട്.</td>
</tr>
</table>

| | | | | |
|---|---|---|---|---|
| 8 | 14/2 | 16 | പട്ടികജാതി/പട്ടികവർഗ്ഗ, ഒ.ഇ.സി. വിദ്യാർത്ഥികളുടെ വിവിധ വിദ്യാഭ്യാസത്തിനായുള്ള ആനുകൂല്യം കൂട്ടുവാൻ നടപടി സ്വീകരിക്കുമോ? | പട്ടികജാതി പട്ടികവർഗ്ഗ മറ്റർഹ വിഭാഗം വിദ്യാർത്ഥികളുടെ ലംപ്സംഗ്രാന്റും സ്റ്റൈപ്പന്റും 25-6-2016-ലെ സ.ഉ. (എം.എസ്) നം.43/2016/പജപവവിവ പ്രകാരം 25% വർദ്ധിപ്പിച്ചുത്തരവായിരുന്നു. തുടർന്ന് 23-7-2016-ലെ സ.ഉ. (പി) നം.4/2016/പജപവവിവ പ്രകാരം അത് അടുത്ത 10 ലേക്ക് ക്രമപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഇതിനുപുറമെ ഒന്ന് മുതൽ എട്ടുവരെയുള്ള ക്ലാസുകളിലെ എസ്.സി വിദ്യാർത്ഥികൾക്ക് പ്രൈമറി എഡ്യൂക്കേഷൻ എയ്ഡ് എന്നപേരിൽ രണ്ടായിരം രൂപ പ്രതിവർഷ ഗ്രാന്റ് അനുവദിച്ചിട്ടുണ്ട്. പോസ്റ്റ് മെട്രിക് തലത്തിൽ, സ്വാശ്രയ കോളേജുകളിലെ വിദ്യാർത്ഥികൾക്ക് എ.ബി.എൽ.സി ഇനത്തിൽ നൽകുന്ന പ്രതിമാസ ഗ്രാന്റ് 3500 രൂപയിൽനിന്ന് 4500 രൂപയായും സ്വകാര്യ ഹോസ്റ്റലുകളിൽ താമസിക്കുന്നതിനുള്ള ഗ്രാന്റ് 1500 രൂപയിൽ നിന്ന് പ്രതിമാസം 3000 രൂപയായും ഉയർത്തിട്ടുണ്ട്. |
| 9 | 14/2 | 24 | വിഷരഹിത പച്ചക്കറികൾ ശേഖരിച്ച് തളിർ എന്ന ബ്രാൻഡിൽ വിപണിയിൽ എത്തിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചെന്ന് വ്യക്തമാക്കാമോ? | വെജിറ്റബിൾ & ഫ്രൂട്ട് പ്രൊമോഷൻ കൗൺസിലിലെ കർഷകർ ഉൽപ്പാദിപ്പിക്കുന്ന വിഷരഹിത പച്ചക്കറികളും മൂല്യവർദ്ധിത ഉൽപ്പന്നങ്ങളും നേരിട്ട് ശേഖരിച്ച് തളിർ എന്ന ബ്രാൻഡിൽ വിപണനം ചെയ്യുന്നതിനായി സംസ്ഥാനത്തെ പ്രധാന സ്ഥലങ്ങളിൽ ബ്രാൻഡഡ് രീതിയിൽ ഔട്ട് ലെറ്റുകൾ സ്ഥാപിക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കുകയും കൊല്ലം ജില്ലയിലെ കൊട്ടാരക്കരയിലും കടപ്പാക്കടയിലും ഓരോ "തളിർ" ബ്രാൻഡിലുള്ള ചില്ലറ വില്പന ശാലകൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. |

| | | | | |
|---|---|---|---|---|
| 10 | 14/4 | 10 | പട്ടികജാതിയിൽപ്പെട്ടവരുടെ ചികിത്സ ധന സഹായത്തിനുള്ള വരുമാന പരിധി ഉയർത്താൻ തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ? | പട്ടികജാതി വിഭാഗക്കാരുടെ ചികിത്സാ ധനസഹായം അനുവദിക്കുന്നതിനുള്ള വാർഷിക കുടുംബ വരുമാന പരിധി 11-5-2017-ലെ സ.ഉ(കൈ)നം.35/17/പജപവവിവ പ്രകാരം 50,000 രൂപയിൽ നിന്നും 1,00,000 (ഒരു ലക്ഷം രൂപ മാത്രം) രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. |
| 11 | 14/4 | 29 | എല്ലാ ജില്ലകളിലും പട്ടികജാതി വിഭാഗങ്ങൾക്കായി മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ ആരംഭിച്ച് അവരുടെ പഠനനിലവാരം മെച്ചപ്പെടുത്തുന്നതിനും അവരെ മുഖ്യധാരയിലേക്ക് കൊണ്ടുവരുന്നതിനും നടപടി സ്വീകരിക്കുമോ? | പട്ടികജാതി വികസന വകുപ്പിനു കീഴിൽ തിരുവനന്തപുരം, ആലപ്പുഴ, എറണാകുളം, തൃശ്ശൂർ, പാലക്കാട്, ഇടുക്കി, കാസർഗോഡ് ജില്ലകളിലായി 9 എം.ആർ.എസു-കൾ നിലവിൽ പ്രവർത്തിച്ചുവരുന്നു. ഇതിനു പുറമേ കണ്ണൂർ ജില്ലയിലെ പെരിങ്ങോമിലും, തിരുവനന്തപുരം ജില്ലയിലെ തോന്നയ്ക്കലിലും, മറ്റൊരു എം.ആർ.എസ് കൂടി ആരംഭിക്കുന്നതിനുള്ള കെട്ടിട നിർമ്മാണ നടപടികൾ KIIFB മുഖേന സ്വീകരിച്ചു വരുന്നു. കോഴിക്കോട് ജില്ലയിലെ ചക്കിട്ടപ്പാറയിൽ പുതിയൊരു എം.ആർ.എസ്. ആരംഭിക്കുന്നതിനുള്ള കെട്ടിട നിർമ്മാണ നടപടികൾ KIIFB മുഖേന സ്വീകരിച്ചുവരുന്നു. കൂടാതെ കോഴിക്കോട് ജില്ലയിലെ മരുതോങ്കരയിൽ പുതിയ എം.ആർ.എസ് തുടങ്ങുന്നതിനുള്ള കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തിയായി വരുന്നു. അവശേഷിക്കുന്ന 5 ജില്ലകളിൽ കൂടി എം.ആർ.എസ്. ആരംഭിക്കണമെങ്കിൽ ഗതാഗത സൗകര്യവും ജലലഭ്യതയുമുള്ള 5 ഏക്കറിൽ കുറയാത്ത സ്ഥലവും അനുയോജ്യമായ സ്ഥലമുള്ള ജില്ലകളിൽ കുട്ടികളുടെ ലഭ്യതയും ഉറപ്പുവരുത്തേണ്ടതുണ്ട്. മേൽ |

| | | | | |
|---|---|---|---|---|
| | | | | ഘടകങ്ങൾ ലഭ്യമാകാത്തതിനാൽ കൊല്ലം, പത്തനംതിട്ട, കോട്ടയം, മലപ്പുറം, വയനാട് എന്നീ ജില്ലകളിൽ പുതിയ എം.ആർ.എസ്. പട്ടികജാതി വികസന വകുപ്പിനു കീഴിൽ ആരംഭിക്കുന്ന കാര്യം ഇപ്പോൾ സർക്കാർ പരിഗണിക്കുന്നില്ല. |
| 12 | 14/4 | 30 | പട്ടികസമുദായ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ ആനുകൂല്യങ്ങൾ വർഷാരംഭത്തിൽ തന്നെ നൽകുന്നതിനു നടപടികൾ ഉണ്ടാകുമോ? | പട്ടികജാതി വിഭാഗം വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ ആനുകൂല്യങ്ങൾ വർഷാരംഭത്തിൽ തന്നെ നൽകുന്നതിനു നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതിനായി കൂടുതൽ വിപുലമായ സൗകര്യങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് software updation പൂർത്തിയായിട്ടുണ്ട്. |
| 13 | 14/5 | 28 | പട്ടികജാതിക്കാർക്കും പട്ടികവർഗ്ഗക്കാർക്കും വേണ്ടിയുള്ള പ്രീമെട്രിക് ഹോസ്റ്റലുകളിൽ ഇൻറർനെറ്റ് സൗകര്യമുള്ള കമ്പ്യൂട്ടറുകൾ, ലൈബ്രറി മുതലായ സൗകര്യങ്ങൾ ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ? | വകുപ്പിന് കീഴിലുള്ള 107 പ്രീമെട്രിക് ഹോസ്റ്റലുകളിൽ 96 ഹോസ്റ്റലുകളിൽ കമ്പ്യൂട്ടർ സൗകര്യം ഉണ്ട്. അട്ടപ്പാടി പ്രോജക്ട് ഓഫീസറുടെ കീഴിൽ പ്രവർത്തിക്കുന്ന 11 ഹോസ്റ്റലുകളിൽ സ്ഥല സൗകര്യത്തിന്റെ അഭാവം മൂലം 10:1 അനുപാതത്തിൽ കമ്പ്യൂട്ടറുകൾ ലഭ്യമാക്കുന്നതിന് കഴിഞ്ഞിട്ടില്ല. കൂടാതെ പ്രവർത്തനരഹിതമായ കമ്പ്യൂട്ടറുകൾ മാറ്റി പുതിയ കമ്പ്യൂട്ടറുകൾ 10:1 എന്ന അനുപാതത്തിൽ വാങ്ങുന്നതിന് നടപ്പ് സാമ്പത്തിക വർഷത്തിൽ തന്നെ നടപടി സ്വീകരിക്കാൻ ബന്ധപ്പെട്ട പ്രോജക്ട് ഓഫീസർ/ട്രൈബൽ ഡെവലപ്പമെന്റ് ഓഫീസർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. വകുപ്പിന് കീഴിലുള്ള പുതിയതായി ആരംഭിച്ച 4 ഹോസ്റ്റലുകൾ ഒഴികെ ബാക്കി എല്ലാ ഇടങ്ങളിലും ലൈബ്രറി |

| | | | | |
|---|---|---|---|---|
| | | | | സംവിധാനം നിലവിലുണ്ട്. മുഴുവൻ ബുക്കുകളും സൂക്ഷിക്കുന്നതിനുള്ള ഷെൽഫുകളുടെ അപര്യാപ്തത 22 ഹോസ്റ്റലുകളിൽ ഉള്ളതായി മനസ്സിലാക്കിയതിനെ ത്തുടർന്ന് ഷെൽഫുകൾ അടിയന്തിരമായി വാങ്ങുന്നതിന് പ്രോജക്റ്റ് ഓഫീസർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. പുതിയതായി ആരംഭിച്ച നാല് ഹോസ്റ്റലുകളിൽ ലൈബ്രറി സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടികളും സ്വീകരിച്ച് വരുന്നു. |
| 14 | 14/7 | 9 | പട്ടികജാതിക്കാർക്ക് എന്തെല്ലാം പുതിയ പദ്ധതികളാണ് ഈ സർക്കാർ ആവിഷ്കരി ച്ചിരിക്കുന്നതെന്ന് വെളിപ്പെടുത്തുമോ; ഇവയിൽ ഏതെല്ലാം പദ്ധതികൾ തുടക്കം കുറിച്ച് നടപ്പാക്കിവരുന്നു എന്ന് വ്യക്തമാക്കുമോ? | പട്ടികജാതി വിഭാഗത്തിൽപ്പെട്ട പെൺകുട്ടികളുടെ സമഗ്ര വികസനത്തിനായി സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന ഒരു ലക്ഷം രൂപ വരെ വരുമാന പരിധിയുള്ള മാതാപിതാക്കളുടെ പെൺകുട്ടികൾക്ക് വാത്സല്യനിധി എന്ന പേരിൽ ഇൻഷ്വറൻസ് അധിഷ്ഠിത സമഗ്ര വികസന പദ്ധതി നടപ്പിലാക്കിയിരുന്നു.1-4-2017 മുതൽ ജനിച്ച പെൺ കുട്ടികളെയാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. |
| 15 | 14/19 | 12 | പഠനമുറി പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | പഠനമുറി പദ്ധതി പ്രകാരം ആനുകൂല്യം ലഭിക്കുന്ന ഗുണഭോക്താക്കളുടെ പഠനമുറി നിർമ്മാണം സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് ആവശ്യമായ നടപടികൾ വകുപ്പ് തലത്തിൽ സ്വീകരിക്കുന്നുണ്ട്. ഏതെങ്കിലും കാരണത്താൽ ആനുകൂല്യം ലഭിച്ച ഗുണഭോക്താവ് പദ്ധതി നിർമ്മാണം യഥാസമയം പൂർത്തീകരിക്കാതെ വന്നാൽ ആയത് സ്പിൽ ഓവർ പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മാണം പൂർത്തീകരിക്കുന്നുണ്ട്. |

| | | | | |
|---|---|---|---|---|
| 16 | 15/4 | 34 | സംസ്ഥാനത്ത് പട്ടികജാതി വികസന വകുപ്പിന് കീഴിലുള്ള വ്യാവസായിക പരിശീലന കേന്ദ്രങ്ങൾ ആധുനികവൽകരിക്കുന്നതിനും പഠനനിലവാരം മെച്ചപ്പെടുത്തുന്നതിനും എന്തെല്ലാം പദ്ധതികളാണുള്ളതെന്ന് വിശദമാക്കുമോ? | പട്ടികജാതി വികസന വകുപ്പിന് കീഴിലുള്ള വ്യവസായിക പരിശീലന കേന്ദ്രങ്ങൾ ആധുനികവത്കരിക്കുന്നതിനും പഠന നിലവാരം മെച്ചപ്പെടുത്തുന്നതിനും ആധുനിക സൗകര്യങ്ങളോട് കൂടിയ പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുകയും അതോടൊപ്പം പരിശീലന കേന്ദ്രങ്ങളിലാവശ്യമായ അറ്റകുറ്റപ്പണികളും റിനോവേഷൻ പ്രവൃത്തികളും നടത്തുകയും ചെയ്തിട്ടുണ്ട്. ഐ.റ്റി.ഐ.-കളിൽ സ്മാർട്ട് ക്ലാസ് റൂമുകൾ സജ്ജീകരിക്കുന്നതിനാവശ്യമായ വിവിധ ഉപകരണങ്ങൾ, ഫർണിച്ചർ തുടങ്ങിയവ ലഭ്യമാക്കിയിട്ടുണ്ട്. എല്ലാ ഐ.റ്റി.ഐ.-കളിലും ഇന്റർനെറ്റ് സൗകര്യത്തോട് കൂടിയ കമ്പ്യൂട്ടർ ലാബുകളും സജ്ജീകരിച്ചിട്ടുണ്ട്. കൂടാതെ ഐ.റ്റി.ഐ-കളിൽ പരിശീലനത്തിനാവശ്യമായ പഠനോപകരണങ്ങൾ, അസംസ്കൃത സാധനങ്ങൾ തുടങ്ങിയവ സംഭരിച്ച് നൽകുന്നു. ഐ. റ്റി. ഐ. കളിൽ കെ ഫോൺ പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി വകുപ്പിന്റെ കീഴിലുള്ള 34 ഐ.റ്റി.ഐ.-കളിൽ കെ-ഫോൺ സ്ഥാപിക്കുകയും 10 ഐ.റ്റി.ഐ-കളിൽ കെ-ഫോൺ പ്രവർത്തന സജ്ജമാക്കുകയും ചെയ്തിട്ടുണ്ട്. കെട്ടിട സൗകര്യമുള്ള ഐ.റ്റി.ഐ കളിൽ കൂടുതൽ ട്രേഡുകൾ ആരംഭിക്കുന്നതും നിലവിൽ പരിശീലനം നൽകുന്ന ട്രേഡുകളോടൊപ്പം Add on course-കൾ ആരംഭിക്കുന്നതും സംബന്ധിച്ച കാര്യങ്ങൾ പരിശോധിച്ച് വരുന്നു. |

# IV. ജലവിഭവ വകുപ്പ്

| ക്രമ നമ്പർ | നിയമസഭ സമ്മേളനം | ഉറപ്പ് നമ്പർ | സഭയിൽ ഉന്നയിക്കപ്പെട്ട ചോദ്യങ്ങളും ഉറപ്പുകളും | സർക്കാരിൽ നിന്ന് ലഭിച്ച സ്റ്റേറ്റ്മെന്റ് |
|---|---|---|---|---|
| 1 | 13/1 | 79 | മൂർക്കനാട് ഗ്രാമീണ കുടിവെള്ള പദ്ധതിയുടെ പൂർത്തീകരണത്തിന് നടപടി സ്വീകരിക്കുമോ? | മൂർക്കനാട് പദ്ധതി, മൂർക്കനാട്, കുറുവ, പുഴക്കാട്ടിരി, മങ്കട, മക്കരപ്പറമ്പ്, കൂട്ടിലങ്ങാടി പഞ്ചായത്തുകൾക്ക വേണ്ടി വിഭാവനം ചെയ്ത പദ്ധതിയാണ്. അതിനായി ആദ്യ ഘട്ടത്തിൽ ദേശീയ ഗ്രാമീണ കുടിവെള്ള പദ്ധതിയിലുൾപ്പെടുത്തി 28.75 കോടി രൂപയുടെ ഭരണാനുമതി ആണ് ലഭിച്ചിരുന്നത്. ഈ പദ്ധതി 13-2-2016-ൽ ഭാഗികമായി കമ്മീഷൻ ചെയ്തിരുന്നു. ഇതിന്റെ ഭാഗമായി നിളാപ്പറമ്പ് കടവിൽ 10 മീറ്റർ വ്യാസമുള്ള കിണറും 15 MLD ജലശുദ്ധീകരണ പ്ലാന്റും 4 ജല സംഭരണികളും നിർമ്മിച്ചിട്ടുണ്ട്. ഈ പദ്ധതിയുടെ ബാക്കി വരുന്ന വിതരണ ശൃംഖല സ്ഥാപിക്കുന്നതിനായി ദേശീയ ഗ്രാമീണ കുടിവെള്ള പദ്ധതിയിലുൾപ്പെടുത്തി രണ്ടാം ഘട്ടമായി 5.8 കോടി രൂപയും പിന്നീട് 21.44 കോടി രൂപയും ഭരണാനുമതി ലഭിക്കുകയും പ്രവൃത്തികളെല്ലാം പൂർത്തീകരിച്ച് പദ്ധതിയിൽ നിന്ന് ജലവിതരണം നടത്തി വരികയും ചെയ്യുന്നു. |

| | | | | |
|---|---|---|---|---|
| 2 | 13/4 | 35 | കോട്ടത്തുരുത്തി തുരുത്തിന് റിവർ മാനേജ്മെൻറ് ഫണ്ട് ഉപയോഗിച്ച് ചുറ്റുമതിൽ കെട്ടുന്നതിന് നടപടികൾ സ്വീകരിക്കുമോ? | കോട്ടത്തുരുത്തിയിൽ തുരുത്തിന്റെ ആകെ നീളം 1200 മീറ്റർ ആണ്. ഇവിടെ 634 മീറ്റർ നീളത്തിൽ പല ഘട്ടങ്ങളിലായി സംരക്ഷണ പ്രവൃത്തി നടത്തിയിട്ടുണ്ട്. ശേഷിക്കുന്ന പടിഞ്ഞാറേ പറമ്പ്, ചക്കളയിൽ പറമ്പ് എന്നീ ഭാഗങ്ങളിൽ 350 മീറ്റർ നീളത്തിൽ സംരക്ഷണ പ്രവൃത്തി നടത്തുന്നതിനായി രണ്ട് പ്രവൃത്തികളുടെ Rough Cost എസ്റ്റിമേറ്റ് 2022-23 വർഷത്തെ മുൻഗണനാ ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു.<br><br>1) Protection work of West side of Kottathuruthi island in Kuttyadi river at Padinjarevalappil in Ward No.2 in Payyoli Municipality Rs.60 Lakh<br><br>2) Protection work of West side of Kottathuruthi island in Kuttyadi river at Padinjarekuniparamba - Chakkalyil Paramb in Ward No.2 of Payyoli Municipality - Rs.80 Lakh |
| 3 | 13/5 | 126 | മലപ്പുറം ജില്ലയിലെ ഭാരതപ്പുഴ, കടലുണ്ടിപ്പുഴ, ചാലിയാർ എന്നീ നദികളിൽ കൂടുതൽ റിസർവോയറുകൾ നിർമ്മിക്കുന്ന കാര്യം പരിഗണിക്കുമോ? | മലപ്പുറം ജില്ലയിലെ ഭാരതപ്പുഴ, കടലുണ്ടിപ്പുഴ, ചാലിയാർ എന്നീ നദികളിൽ റിസർവോയർ നിർമ്മിക്കുന്നതിന്റെ നിലവിലെ സ്ഥിതി സംബന്ധിച്ച റിപ്പോർട്ട് ചുവടെ ചേർക്കുന്നു. |

| | | | | |
|---|---|---|---|---|
| | | | | മലപ്പുറം ജില്ലയിലെ കുറ്റിപ്പുറം പഞ്ചായത്തിൽ ഭാരതപ്പുഴയ്ക്ക് കുറുകെ കാങ്കക്കടവിൽ റെഗുലേറ്റർ-കം-ബ്രിഡ്ജ് നിർമ്മാണത്തിന് കിഫ്ബിയിൽ അംഗീകാരം ലഭിച്ചിട്ടുണ്ട്. മലപ്പുറം ജില്ലയിലെ കുട്ടിലങ്ങാടി ഗ്രാമ പഞ്ചായത്തിൽ കടലുണ്ടിപ്പുഴയ്ക്ക് കുറുകെ ആനപ്പാറ പൊറ്റമ്മൽ കടവിലെ തടയണ നിർമ്മാണ പ്രവൃത്തി പൂർത്തീകരിച്ചു. മഞ്ചേരി മുനിസിപ്പാലിറ്റിയിൽ കടലുണ്ടിപ്പുഴയ്ക്ക് കുറുകെ പുഴങ്കാവിൽ കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് കോർപ്പറേഷൻ മുഖാന്തിരം ഒരു റെഗുലേറ്റർ നിർമ്മാണം പുരോഗമിച്ചു വരുന്നു. മലപ്പുറം മുനിസിപ്പാലിറ്റിയിലെ നമ്പ്രാണിയിൽ ഒരു റെഗുലേറ്റർ നിർമ്മിക്കുന്നതിന് മലപ്പുറം മുനിസിപ്പാലിറ്റി ജലസേചന വകുപ്പിൽ 15.77 കോടി രൂപ നിക്ഷേപിക്കുകയും നിലവിൽ ടെണ്ടർ നടപടികൾക്ക് ശേഷം ബന്ധപ്പെട്ട കരാറുകാരന് സെലക്ഷൻ നോട്ടീസ് നൽകുകയും ചെയ്തിട്ടുണ്ട്. മലപ്പുറം ജില്ലയിലെ കടലുണ്ടിപ്പുഴയ്ക്കു കുറുകെ വേങ്ങര പഞ്ചായത്തിൽ ജലനിധി പദ്ധതിയായ ബാക്കിക്കയം റെഗുലേറ്ററിന്റെ നിർമ്മാണം പൂർത്തിയായിവരുന്നു. |

| | | | | |
|---|---|---|---|---|
| | | | | മലപ്പുറം ജില്ലയിലെ മേലാറ്റൂർ പഞ്ചായത്തിലെ മണിയാനീരി കടവിൽ വെള്ളിയാറിന് കുറുകെ തടയണ നിർമ്മാണത്തിനായുള്ള ഡി.പി.ആർ. സർക്കാർ പരിശോധിച്ചുവരുന്നു. എടവണ്ണ ഗ്രാമ പഞ്ചായത്തിലെ പന്നിപ്പാറ പള്ളിമുക്കിൽ ചാലിയാറിന് കുറുകെ ഒരു റെഗുലേറ്റർ നിർമ്മിക്കുന്നതിന് പ്രസ്തുത പ്രവൃത്തിയുടെ പര്യവേഷണ പ്രവൃത്തി പൂർത്തീകരിച്ച് റിപ്പോർട്ട് സർക്കാർ പരിശോധിച്ച് വരുന്നു.<br><br>ചാലിയാർ പുഴയിൽ പുതിയ റെഗുലേറ്റർ, റെഗുലേറ്റർ-കം-ബ്രിഡ്ജ് തുടങ്ങിയ നിർമ്മിതികൾ നടപ്പിലാക്കുന്നതിനുമുമ്പായി 2018, 2019 വർഷത്തിലെ പ്രളയ സാഹചര്യവും എൻവയോൺമെന്റ് ഇംപാക്ട് അസ്സസ്സ്മെന്റ് സ്റ്റഡിയും കൂടി കണക്കിലെടുത്ത് ഒരു സംയോജിത മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിന് സി.ഡബ്യു.ആർ.ഡി.എം.-നെ ചുമതലപ്പെടുത്താനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇറിഗേഷൻ വകുപ്പിന് കീഴിൽ വരുന്ന പുഴകളുടെ ഭാഗങ്ങളിൽ പുതിയ റിസർവോയർ നിർമ്മിക്കുന്നത് ആയതിന്റെ ആവശ്യകതക്കനുസൃതമായാണ്. |

| | | | | |
|---|---|---|---|---|
| 4 | 13/5 | 166 | കോളനികളിലോ അതുപോലെ ഒറ്റപ്പെട്ടു കിടക്കുന്ന പ്രദേശങ്ങളിലോ ചെറിയ കുടിവെള്ള പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള രാജീവ് ഗാന്ധി കുടിവെള്ള പദ്ധതിയ്ക്ക് ആവശ്യത്തിന് പണം ലഭ്യമല്ലാത്തതിനാൽ സംസ്ഥാന സർക്കാർ അത്തരം ചെറുകിട കുടിവെള്ള പദ്ധതികൾ നടപ്പിലാക്കാൻ ശ്രമിക്കുമോ? | കേന്ദ്ര സഹായത്തോടെ സംസ്ഥാനത്തെ ഗ്രാമീണ മേഖലയിലെ കോളനികളിലോ അതുപോലെ ഒറ്റപ്പെട്ടുകിടക്കുന്ന പ്രദേശങ്ങളിലോ ചെറിയ കുടിവെള്ള പദ്ധതികൾ നടപ്പിലാക്കുന്നതിനായി കേന്ദ്ര സർക്കാർ വിഭാവനം ചെയ്തിരുന്ന പദ്ധതിയാണ് രാജീവ് ഗാന്ധി കുടിവെള്ള പദ്ധതി. പ്രസ്തുത പദ്ധതി ഇപ്പോൾ നിലവിലില്ല. നിലവിൽ ഗ്രാമീണ മേഖലയിലെ എല്ലാ വീടുകൾക്കും അംഗീകൃത ഗുണ നിലവാര മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് ഗാർഹിക കുടിവെള്ള കണക്ഷനുകൾ ലഭ്യമാക്കി കുടിവെള്ള വിതരണം നടപ്പിലാക്കുന്നത് ലക്ഷ്യമിട്ട് കേന്ദ്ര-സംസ്ഥാന സർക്കാരുകൾ സംയുക്തമായി ജല ജീവൻ മിഷൻ പദ്ധതി നടപ്പിലാക്കിവരുന്നുണ്ട്. സംസ്ഥാനത്ത് പ്രസ്തുത ജല ജീവൻ മിഷൻ പദ്ധതി 2020-21 സാമ്പത്തിക വർഷം മുതൽ നടപ്പിലാക്കിവരുന്നു. ജലജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി 2024-ലോടുകൂടി ഗ്രാമീണ മേഖലയിലെ എല്ലാവർക്കും കുടിവെള്ള കണക്ഷൻ വഴി കുടിവെള്ളം എത്തിക്കുക എന്ന ലക്ഷ്യം പൂർത്തീകരിക്കുന്നതിന്റെ ഭാഗമായി 5334736 ഗ്രാമീണ വീടുകൾക്ക് കുടിവെള്ള കണക്ഷനുകൾ നൽകുന്നതിനുള്ള 4020361.27 ലക്ഷം രൂപയുടെ പദ്ധതികൾക്ക് കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ അനുമതി ലഭ്യമാക്കി ഭരണാനുമതി നൽകിയിട്ടുണ്ട്. |

| | | | | |
|---|---|---|---|---|
| | | | | കൂടാതെ ലോകബാങ്ക് ധനസഹായത്തോടെ കേരള സർക്കാർ സംസ്ഥാനത്തെ ഗ്രാമ പഞ്ചായത്തുകളിൽ കേരള റൂറൽ വാട്ടർ സപ്ലൈ ആന്റ് സാനിട്ടേഷൻ ഏജൻസി മുഖേന നടപ്പിലാക്കിയ കുടിവെള്ള വിതരണ പദ്ധതിയാണ് ജലനിധി പദ്ധതി. ഓരോ പ്രദേശത്തും രൂപീകരിക്കുന്ന ഗുണ ഭോക്തൃ സമിതികൾ തന്നെയാണ് പദ്ധതിയുടെ ആസൂത്രണം മുതൽ നിർവഹണം വരേയും, പദ്ധതി കമ്മീഷൻ ചെയ്തതിനു ശേഷം തുടർ നടത്തിപ്പ്, പരിപാലനം എന്നിവയും നടത്തുന്നത്. പ്രാദേശികമായി ചെറുതും വലുതുമായ സ്രോതസുകൾ നിർമ്മിച്ച് ഗ്രാമീണ തലത്തിൽ നടപ്പിലാക്കുന്ന ഈ പദ്ധതി അതാതു സമിതികൾ സാമൂഹ്യ ഉടമസ്ഥതയിലാണ് നടത്തുന്നത്. |
| 5 | 13/5 | 208 | സ്കൂളുകളിൽ ജലശ്രീ ക്ലബ്ബ് പദ്ധതിയുടെ നടത്തിപ്പിനായി ഏതെല്ലാം വകുപ്പുകളുടെ സഹകരണം തേടിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ? | പ്രകൃതി വിഭവങ്ങളിൽ പ്രഥമ സ്ഥാനത്തുള്ള ജലത്തിന്റെ സംരക്ഷണം ജീവന്റെ നിലനിൽപ്പിന് അത്യാവശ്യമാണ്. അമൂല്യമായ ജലസമ്പത്തിനെ വിവേകത്തോടെ വിനിയോഗിക്കുന്നതിന് ഫലപ്രദമായ പ്രചാരണ പരിപാടികളും പരിശീലനവും അനിവാര്യമാണ്. ജലസംരക്ഷണ ശുചിത്വ പാഠങ്ങൾ കുട്ടികൾക്ക് പകർന്ന് കൊടുക്കുന്നതിന് വിദ്യാലയങ്ങളിൽ ജലശ്രീ ക്ലബ്ബുകൾ ആരംഭിക്കുന്നതിനും ജലസംരക്ഷണ |

| | | | | |
|---|---|---|---|---|
| | | | | ശുചിത്വ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതിനും സുസ്ഥിരമാക്കുന്നതിനും സംസ്ഥാന സർക്കാരും ജലവിഭവ വകുപ്പും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളും പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. ജൽ ജീവൻ മിഷൻ പദ്ധതിയുടെ പഞ്ചായത്തുതല നിർവഹണ സഹായ ഏജൻസികളുടെ (ഐ.എസ്.എ.-കളുടെ) പിന്തുണയോടെയാണ് ഈ വർഷം സ്കൂൾ ജലശ്രീ ക്ലബ് പ്രവർത്തനങ്ങൾ ക്രമീകരിച്ചിട്ടുള്ളത്. വിദ്യാർത്ഥികൾക്കും മാതാപിതാക്കൾക്കുമായി പരിശീലനങ്ങൾ, പെയിന്റിംഗ്, കാർട്ടൂൺ, ക്വിസ്, ഉപന്യാസം, ചെറുകഥ, കവിത എന്നിവയിൽ മത്സരങ്ങളും, ജലശ്രീ ക്ലബിനെ കുറിച്ചുള്ള ചുവരെഴുത്തും എല്ലാ പഞ്ചായത്തുകളിലെയും സർക്കാർ-എയ്ഡഡ് സ്കൂളുകളിലും ഘട്ടം ഘട്ടമായി നടത്തുന്നതിനാണ് വിഭാവനം ചെയ്തിട്ടുള്ളത്. കയ്യെഴുത്തു മാസികയും ജലശ്രീ ക്ലബ് പ്രവർത്തനങ്ങളുടെ ഭാഗമായി സ്കൂളുകൾ തയ്യാറാക്കുന്നു. ജലശ്രീ ക്ലബ് മാർഗരേഖയും ബ്രോഷറും ജലനിധി തയ്യാറാക്കിയിട്ടുണ്ട്. പതിനാല് ജില്ലകളിലും തിരഞ്ഞെടുക്കപ്പെട്ട സ്കൂളുകളിലെ അധ്യാപകർക്ക് (ഈ വർഷം ആകെ 560 പേർക്ക്) വേണ്ടിയുള്ള പരിശീലന പരിപാടികളും നടത്തുന്നുണ്ട്. |

| | | | | |
|---|---|---|---|---|
| | | | | പഞ്ചായത്ത് തലത്തിൽ മികച്ച പ്രകടനം നടത്തുന്ന വിദ്യാർത്ഥികൾക്കായി ഫണ്ടിന്റെ ലഭ്യത അനുസരിച്ച് ജില്ലാ തലത്തിലും ജില്ലാ തലത്തിൽ മികച്ച പ്രകടനം നടത്തുന്നവർക്കായി സംസ്ഥാന തലത്തിലും മത്സരങ്ങൾ ആസൂത്രണം ചെയ്തിട്ടുണ്ട്. വീഡിയോ ഓഡിയോ ഡോക്കുമെന്റേഷൻ നടത്താനും മികച്ച രീതിയിൽ ജലശ്രീ ക്ലബ് പ്രവർത്തനം നടത്തുന്ന സ്കൂളുകളെയും പഞ്ചായത്തുകളെയും ജില്ലാതലത്തിൽ ആദരിക്കുന്നതിനും മാതൃകാപരമായി ജലശ്രീ ക്ലബ് പ്രവർത്തനം നടത്തുന്ന സ്കൂളുകളെയും പഞ്ചായത്തുകളെയും ജൽ ജീവൻ മിഷൻ ഐ.എസ്.എ.-കളെയും സംസ്ഥാന തലത്തിൽ ആദരിക്കുന്നതിനും കർമ്മ പരിപാടി തയ്യാറാക്കിയിട്ടുണ്ട്. |
| 6 | 13/11 | 72 | ഡ്രിപ് ഫെർട്ടിഗേഷൻ പദ്ധതി സംസ്ഥാന മൊട്ടാകെ വ്യാപിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | കേന്ദ്ര ഗവൺമെന്റിന്റെ ഡി.എസ്.ടി.-യുടെ ധനസഹായത്തോടെ 2012-2015 കാലയളവിൽ ജലവിഭവ വികസന വിനിയോഗ കേന്ദ്രവും (സി ഡബ്ല്യൂ. ആർ.ഡി.എം.) സംസ്ഥാന കൃഷിവകുപ്പും സംയുക്തമായി നടപ്പിലാക്കുന്ന പ്രോജക്ടിൽ തിരുവനന്തപുരം, ഇടുക്കി, ആലപ്പുഴ, എറണാകുളം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട്, കാസർഗോഡ് ജില്ലകളിൽ 22 കൃഷിക്കാരുടെ സ്ഥലത്ത് തെങ്ങ്, കവുങ്ങ്, വാഴ, ഏലം, പച്ചക്കറി |

| | | | | |
|---|---|---|---|---|
| | | | | എന്നീ വിളകൾക്ക് ഡ്രിപ് ഫെർട്ടിഗേഷൻ പ്രദർശന തോട്ടങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. ഈ പ്രദർശന തോട്ടങ്ങളിൽ വച്ച് നടത്തിയ പരിശീലനത്തിലൂടെ കൃഷിക്കാരെ ഡ്രിപ് ഫെർട്ടിഗേഷനെക്കുറിച്ച് ബോധവത്ക്കരിച്ചിട്ടുണ്ട്.<br><br>പാലക്കാട് ജില്ലയിലെ വടകരപതി പെരുമാട്ടി എന്നീ പഞ്ചായത്തുകളിൽ കൃഷിക്കാർ വിവിധ വിളകൾക്ക് വ്യാപകമായി നടപ്പിലാക്കിയ ഡ്രിപ് ഫെർട്ടിഗേഷനെ കുറിച്ചും, അതിലൂടെ അവർക്ക് ലഭിച്ച ഗുണങ്ങളെ ക്കുറിച്ചും ഒരു വീഡിയോ തയ്യാറാക്കുകയും കൃഷിക്കാർക്കുള്ള പരിശീലന പരിപാടികളിൽ ഇത് പ്രദർശിപ്പിക്കുകയും ചെയ്തു വരുന്നു.<br><br>കൃഷിക്കാർക്കുവേണ്ടി ഡ്രിപ് ജലസേചനത്തെ/ ഫെർട്ടിഗേഷനെക്കുറിച്ചും വിവിധ വിളകൾക്ക് പല ഗവേഷണ സ്ഥാപനങ്ങളും കേരളത്തിൽ നടത്തിയ പഠനങ്ങളുടെ വിവരങ്ങൾ ഉൾക്കൊള്ളിച്ച് "കണിക ജലസേചനം" എന്ന പ്രസിദ്ധീകരണം 2013-ൽ സി.ഡബ്ല്യു.ആർ.ഡി.എം. തയ്യാറാക്കിയിട്ടുണ്ട്. |
| 7 | 13/11 | 120 | ഡാമുകളിൽ നിന്നും എടുക്കാവുന്ന മണൽ എടുക്കാനുള്ള സംവിധാനം ഉണ്ടാക്കാൻ ഗവൺമെന്റ് ശ്രമിക്കുമോ? | സംസ്ഥാനത്തെ അണക്കെട്ടുകളിൽ അടിഞ്ഞുകൂടിയ മണൽ, കളിമണ്ണ് എന്നിവ നീക്കം ചെയ്ത് സംഭരണശേഷി പൂർവ രൂപത്തിൽ ആക്കുന്നതിനായി |

| | | | | |
|---|---|---|---|---|
| | | | | ഒരു സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് പ്രൊസീഡിയർ (SOP) തയ്യാറാക്കുകയും 26-9-2017-ലെ സർക്കാർ ഉത്തരവ് (എംഎസ്.) നമ്പർ 79/2017/ജവിവ. പ്രകാരം ആയത് സർക്കാർ അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. എസ്.ഒ.പി.-യിൽ പറഞ്ഞിരിക്കുന്ന സാങ്കേതിക വിദ്യ ഉപയോഗിച്ച് പൈലറ്റ് പദ്ധതിയായി മംഗലം, ചുള്ളിയാർ എന്നീ ഡാമുകളിൽ ഒരെണ്ണം Work Contract Method ഉം അടുത്തത് Turn Key Method ഉം ഉപയോഗിച്ച് ഡീസിൽറ്റിംഗ് നടത്തുവാനും അംഗീകാരം നൽകി. ഈ ഡാമുകളിൽ കേരള എഞ്ചിനീയറിംഗ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (K.E.R.I.) വഴി ഡീസിൽറ്റിംഗ് ന്റെ പര്യവേഷണ (Investigation) പ്രവൃത്തികൾ പുരോഗമിക്കുന്നു. പൈലറ്റ് പദ്ധതിയുടെ ഫലം അപഗ്രഥിച്ച് ന്യൂനതകൾ പരിഹരിച്ച് പദ്ധതി കാര്യക്ഷമമായി മറ്റ് ഡാമുകളിൽ കൂടി നടപ്പിലാക്കാവുന്നതാണ്. |
| 8 | 13/14 | 11 | പൈപ്പ് പൊട്ടി വെള്ളം നഷ്ടമാകാതെ യുദ്ധകാലാടിസ്ഥാനത്തിൽ അറ്റകുറ്റപണി നടത്തുന്നതിന് ടാസ്ക് ഫോഴ്സിനെ നിയമിക്കാൻ നടപടി സ്വീകരിക്കുമോ; വിശദാംശം നൽകാമോ? | ജലവിതരണ പദ്ധതികളിലെ അറ്റകുറ്റപണികൾ സമയബന്ധിതമായി പരിഹരിക്കുന്നതിന് ബ്ലൂ ബ്രിഗേഡ് സംവിധാനം എല്ലാ കോർപ്പറേഷനുകളിലും മറ്റു ജില്ലാ ആസ്ഥാനങ്ങളിലും ഏർപ്പെടുത്തിയിട്ടുണ്ട്. |

| | | | | |
|---|---|---|---|---|
| 9 | 13/14 | 18 | എറണാകുളത്ത് ജപ്പാൻ അന്താരാഷ്ട്ര സഹകരണ ഏജൻസിയുടെ സഹായത്തോടെ നടപ്പാക്കുമെന്ന് പ്രഖ്യാപിച്ച ആയിരം കോടി രൂപയുടെ ശുദ്ധജല വിതരണ പദ്ധതി എന്നത്തേക്ക് യാഥാർത്ഥ്യമാക്കാനാണ് ഉദ്ദേശിച്ചിരുന്നത്; സർക്കാർ ഈ പദ്ധതിക്കായി എത്ര തുക ചെലവഴിച്ചെന്ന് അറിയിക്കാമോ;<br><br>പ്രസ്തുത പദ്ധതിയുടെ വിശദമായ രൂപരേഖ അറിയിക്കാമോ; പ്രസ്തുത പദ്ധതിക്ക് പുറമെയാണോ ഈ വർഷത്തെ നയ പ്രഖ്യാപനത്തിലൂടെ അറിയിച്ച പ്രതിദിനം 10 കോടി ലിറ്റർ ശേഷിയുള്ള കൊച്ചിയിലെ ജലവിതരണ പദ്ധതിയെന്ന് വ്യക്തമാക്കുമോ? | എറണാകുളത്ത് ജപ്പാൻ അന്താരാഷ്ട്ര സഹകരണ ഏജൻസിയുടെ സഹായത്തോടെയുള്ള ആയിരം കോടി രൂപയുടെ ശുദ്ധജല വിതരണ പദ്ധതിയ്ക്ക് അനുമതി ലഭിച്ചിട്ടില്ല.<br><br>കൊച്ചിയിലെ ജൻറം ശുദ്ധജല വിതരണ പദ്ധതി 2016 ഫെബ്രുവരി മാസം കമ്മീഷൻ ചെയ്ത് ശുദ്ധജല വിതരണം നടത്തിവരുന്നു. |
| 10 | 13/14 | 103 | പൊതുസ്ഥലങ്ങളിൽ അക്വാ വാട്ടറിന്റെ വെൻഡിംഗ് മെഷീനുകൾ സ്ഥാപിച്ചു കൊണ്ട് വെള്ളം വിതരണം ചെയ്താൽ ഗുണമേന്മ ഉറപ്പുവരുത്തുവാനും ജനങ്ങളുടെ വിശ്വാസ്യത ഉറപ്പുവരുത്തുവാനും കഴിയും. അതിന് പരിശ്രമിക്കുമോ ? | പൊതുജനങ്ങൾ കൂടുതലായി എത്തുന്ന ബസ് സ്റ്റേഷൻ, ആശുപത്രി പരിസരം എന്നിവിടങ്ങളിൽ ഹില്ലി അക്വയുടെ പ്രത്യേകം ബൂത്തുകൾ സ്ഥാപിക്കുന്നതിന് സ്ഥലം അനുവദിച്ചുകിട്ടുന്നതിനായി ബന്ധപ്പെട്ട അധികാരികളുമായി കത്തിടപാടുകൾ നടത്തിവരുന്നു. കെ.എസ്.ആർ.ടി.സി.-യോട് ഇതിനായി സ്ഥലം ആവശ്യപ്പെട്ടുവെങ്കിലും അനുവദിച്ച |

| | | | | |
|---|---|---|---|---|
| | | | | കിട്ടിയിട്ടില്ല. ആശുപത്രി പരിസരങ്ങളിൽ ഹില്ലി അക്വയുടെ പ്രത്യേക ബൂത്തുകൾ സ്ഥാപിക്കുന്നതിനായി ആരോഗ്യവകുപ്പ് അധികൃതർക്ക് കത്ത് നൽകിയിട്ടുണ്ട്. വിവിധ ജയിൽ യൂണിറ്റുകൾ മുഖേനയും ജയിലുകളുടെ മൊബൈൽ വില്പനശാഖ വഴിയും 'ഹില്ലി അക്വ' കുപ്പിവെള്ളം പൊതു ജനങ്ങൾക്ക് ലിറ്ററിന് 10 രൂപയ്ക്ക് ലഭിക്കുവാനുള്ള അവസരം ഉണ്ടാക്കുവാൻ കഴിഞ്ഞിട്ടുണ്ട്. |
| 11 | 13/14 | 109 | കേരളത്തിലെ ജലസ്രോതസ്സുകളിലെ മലിനീകരണം സംബന്ധിച്ച് വിദഗ്ധ പഠനം നടത്തി ഒരു ജലനയം നടപ്പിലാക്കാനും റിവർ അതോറിറ്റി രൂപീകരിക്കാനും നടപടി സ്വീകരിക്കുമോ? | സംസ്ഥാനത്ത് 2008-ൽ രൂപീകൃതമായ ഒരു ജലനയം നിലവിലുണ്ട്. ഇതിൽ സമഗ്രമായ നീർത്തട സംരക്ഷണത്തിന്റെയും പരിപാലനത്തിന്റെയും പ്രാധാന്യത്തിന് ഊന്നൽ കൊടുക്കുകയും ജലത്തിന്റെ ഗുണനിലവാരം ദീർഘകാല ജലവിനിയോഗ പദ്ധതികൾ, അവയുടെ നിരന്തരമായ ജാഗ്രതാ പൂർണ്ണമായ വിലയിരുത്തൽ എന്നിവയെല്ലാം അതിൽ സംയോജിപ്പിക്കുകയും ചെയ്യുന്നതിന് പ്രധാന്യം നൽകിയിട്ടുണ്ട്. ഇതിനു പുറമെ ഒരു പുതിയ ജലനയം രൂപീകരിക്കുന്നതിനായി സർക്കാർ നടപടി സ്വീകരിച്ചുവരുന്നു. അതിന്റെ ഭാഗമായി 14-11-2017-ലെ സ. ഉ. (സാധാ.) നം.922/2017/ജവിവ. പ്രകാരം ഒരു ഡ്രാഫ്റ്റിംഗ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ഒരു മാസത്തിനകം ജലനയത്തിന്റെ കരട് സമർപ്പിക്കാൻ കമ്മിറ്റിയ്ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

| | | | | |
|---|---|---|---|---|
| 12 | 14/4 | 3 | സമയാസമയങ്ങളിൽ കനാലുകളുടെ അറ്റകുറ്റപ്പണി നിർവ്വഹിക്കാത്തതുമൂലവും കനാലുകളുടെ വശങ്ങളിൽ ഉണ്ടാകുന്ന കാട്ടുകൾ യഥാസമയം വെട്ടിനീക്കാത്തതു മൂലവും കനാലുകൾക്ക് ചോർച്ചയും അതുവഴി ജലനഷ്ടത്തിനും കാരണമാകുന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കുന്നതിനായി പമ്പ ഇറിഗേഷൻ പ്രോജക്ടിന്റെ മെയിന്റനൻസിനായി ഒരു പ്രത്യേക പദ്ധതി നടപ്പാക്കാൻ സർക്കാർ തയ്യാറാകുമോ? | പമ്പാ ഇറിഗേഷൻ പ്രോജക്ടുമായി ബന്ധപ്പെട്ട് കനാലുകളുടെ വാർഷിക അറ്റകുറ്റപ്പണികൾക്കും പുനരുദ്ധാരണ പ്രവൃത്തികൾക്കുമായി പി.ഐ.പി. ആക്ഷൻ പ്ലാൻ 2022-23-ൽ ഉൾപ്പെടുത്തി 54 സിവിൽ പ്രവൃത്തികൾക്കും 2 മെക്കാനിക്കൽ പ്രവൃത്തികൾക്കും എമർജൻസി വർക്കുകൾക്കുമായി 23-5-2022-ലെ ഡബ്ല്യു.പി 2-1992/ 2022/ഡി3 നമ്പർ ഉത്തരവ് പ്രകാരം 350 ലക്ഷം രൂപയുടെ അനുമതി നൽകുകയും ആയതിൽ 6 സിവിൽ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. ബാക്കിയുള്ള പ്രവൃത്തികൾക്ക് ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകി ടെണ്ടർ ചെയ്യുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. കൂടാതെ, ചെങ്ങന്നൂർ നിയോജക മണ്ഡലത്തിലെ പി.ഐ.പി. കനാലുകളുടെ പുനരുദ്ധാരണ പ്രവൃത്തികൾക്കായി 31-3-2022-ലെ സ. ഉ. (സാധാ.) നം. 264/2022/ജവിവ ഉത്തരവ് പ്രകാരം 6.99 കോടി രൂപയ്ക്ക് 4700-16-PAMBA IRRIGATION PROJECT (Non Commercial) - 800-97 DAM AND APPURTENANT WORKS (PV) എന്ന ഹെഡ് ഓഫ് അക്കൗണ്ടിൽ ഭരണാനുമതി നൽകിയിട്ടുണ്ട്. ഹെഡ് ഓഫ് അക്കൗണ്ട് |

| | | | | |
|---|---|---|---|---|
| | | | | അനുവദിച്ചതിനെത്തുടർന്ന് ട്രഷറി വകുപ്പ് ആയത് BAMS-ൽ ഉൾപ്പെടുത്തി. 5-8-2022-ൽ ടി ഹെഡ് ഓഫ് അക്കൗണ്ട് PRICE-ൽ ലഭ്യമായിട്ടുണ്ട്. തുടർനടപടികൾ സ്വീകരിച്ചുവരുന്നു. |
| 13 | 14/5 | 37 | നഗരങ്ങളിൽ കുടിവെള്ളമെത്തിക്കുന്നതിന് ഏഷ്യൻ ഡവലപ്മെന്റ് ബാങ്കിന്റെ സഹായത്തോടെയുള്ള പദ്ധതികൾ പരിഗണനയിലുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ; | ഏഷ്യൻ ഡെവലപ്മെന്റ് ബാങ്കിന്റെ (ADB) ധനസഹായത്തോടെ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന കേരള അർബൻ വാട്ടർ സർവ്വീസ് ഇമ്പ്രൂവ്മെന്റ് പ്രോജക്ട് (KUWSIP), തിരുവനന്തപുരം, കൊച്ചി നഗരങ്ങളിൽ 24x7 ജലവിതരണ സംവിധാനം ഏർപ്പെടുത്തുവാൻ ഉദ്ദേശിച്ചിട്ടുള്ളതാണ്. ടി പദ്ധതിക്കായി 2511 കോടി രൂപയുടെ ഭരണാനുമതി 7-2-2020 തീയതിയിലെ G. O. (Ms.) No. 13/ 2020/ WRD. പ്രകാരം നൽകിയിട്ടുണ്ട്. എ.ഡി.ബി-യും സംസ്ഥാന സർക്കാരും 70:30 അനുപാത ത്തിലാണ് പദ്ധതിയുടെ ചെലവ് പങ്കിടുന്നത്. ഇതിനനുസരിച്ച് 1757.70 കോടി രൂപ എ.ഡി.ബി വായ്പയായും 753.30 കോടി രൂപ സംസ്ഥാന സർക്കാർ വിഹിതവുമായി ഉൾപ്പെടുത്തിയിരിക്കുന്നു. ഈ പദ്ധതിയിലെ ഒന്നാം ഘട്ടത്തിൽ കൊച്ചി നഗരത്തിലെ ജല വിതരണ ശൃംഖല നവീകരിയ്ക്കലും, വിപുലപ്പെടുത്തലും, തിരുവനന്തപുരം, കൊച്ചി എന്നീ നഗരങ്ങളിലെ ജലശുദ്ധീകരണശാലകളുടെ |

| | | | | |
|---|---|---|---|---|
| | | | | നവീകരണവും ആണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. തിരുവനന്തപുരം നഗരത്തിലെ ജലവിതരണ ശൃംഖലയുടെ നവീകരണവും, ജീവനക്കാർക്കുള്ള പരിശീലനം, സ്ഥാപന ശാക്തീകരണ നടപടികൾ തുടങ്ങിയ പ്രവൃത്തികൾ രണ്ടാം ഘട്ടത്തിൽ ഉൾക്കൊള്ളിക്കുവാനും ലക്ഷ്യമിട്ടിട്ടുണ്ട്.<br><br>എ.ഡി.ബി. മാനദണ്ഡങ്ങൾക്കനുസൃതമായി ലോൺ ഇമ്പ്ലിമെന്റേഷൻ സപ്പോർട്ട് യൂണിറ്റ് (LISU) കൺസൽട്ടന്റ് ഈ പദ്ധതി നടപ്പിലാക്കുന്നതിന് വാട്ടർ അതോറിറ്റിയെ സഹായിക്കുന്നതാണ്. ഈ കൺസൾട്ടൻസിയെ നിയമിക്കുന്നതിനുവേണ്ടിയുള്ള താത്പര്യപത്രം (Expression of Interest) ക്ഷണിച്ച്, ചുരുക്കപ്പട്ടികയിൽപ്പെടുത്തിയ വിദഗ്ധരിൽ നിന്നും ടെക്നിക്കൽ പ്രൊപ്പോസലുകളും, ഫിനാൻഷ്യൽ പ്രൊപ്പോസലുകളും സ്വീകരിക്കുന്നതിനുള്ള റിക്വസ്റ്റ് ഫോർ പ്രൊപ്പോസലിന് (RFP), എ.ഡി.ബി-യുടെ അംഗീകാരം ലഭ്യമായിട്ടുണ്ട്. ഇതോടൊപ്പം, കൊച്ചി നഗരത്തിലെ വിതരണ ശൃംഖല പുനരുദ്ധരിക്കുന്നതിനുള്ള നിർമ്മാണ കരാറിന്റെ ദർഘാസ് ക്ഷണിക്കുന്നതിനായി, എ.ഡി.ബി. മാനദണ്ഡങ്ങൾക്കനുസൃതമായി കേരള വാട്ടർ അതോറിറ്റി തയ്യാറാക്കിയ ദർഘാസ് പ്രമാണങ്ങൾക്ക് എ.ഡി.ബി.-യുടെ അംഗീകാരം ലഭ്യമായിട്ടുണ്ട്. |

| | | | | |
|---|---|---|---|---|
| | | | | സർക്കാർ നിർദ്ദേശിച്ച മാറ്റങ്ങൾ റിക്വസ്റ്റ് ഫോർ പ്രൊപ്പോസലിലും ദർഘാസ് പ്രമാണങ്ങളിലും ഉൾപെടുത്താൻ വേണ്ടി എ.ഡി.ബി.-യെ അറിയിക്കുകയും, എ.ഡി.ബി-യിൽ നിന്നും ലഭ്യമായ മറുപടി പരിശോധിച്ച് 3-6-2022 തീയതിയിലെ G. O. (Ms.) No.32/2022/WRD പ്രകാരം ലോൺ ഇമ്പ്ലിമെന്റേഷൻ സപ്പോർട്ട് യൂണിറ്റ് (LISU) റിക്വസ്റ്റ് ഫോർ പ്രൊപ്പോസലിന് (RFP) സർക്കാർ അനുമതി നൽകി. ആയതിൽ എ.ഡി.ബി ഭേദഗതികൾ ശുപാർശ ചെയ്യുകയും, ആയത് പരിശോധിച്ച് 22-11-2022 തീയതിയിലെ G. O. (Ms.) No.61/2022/WRD പ്രകാരം മേൽ പരാമർശിത ഉത്തരവിൽ ഭേദഗതി വരുത്തുകയും ചെയ്തു. ആയതിന്റെ അടിസ്ഥാനത്തിൽ കൺസൾട്ടന്റിനെ നിയമിക്കാനും, കൊച്ചി നഗരത്തിലെ ജലവിതരണ ശൃംഖലയുടെ പുനരുദ്ധാരണത്തിനുമായുള്ള ദർഘാസ് നടപടികളും കേരള വാട്ടർ അതോറിറ്റി സ്വീകരിക്കുന്നതാണ്. ഇതോടൊപ്പം കേന്ദ്ര, സംസ്ഥാന സർക്കാരുകളും, എ.ഡി.ബി.-യുമായിട്ടുള്ള അന്തിമകരാറിൽ ഏർപ്പെടാനുള്ള നടപടികളും ആരംഭിക്കുന്നതാണ്. |
| 14 | 14/16 | 9 | നെതർലാൻഡ്സ് സർക്കാരിന്റെ സഹായത്തോടെ നടപ്പാക്കുന്ന പദ്ധതി സംസ്ഥാനത്ത് എവിടെയെല്ലാമാണ് | കുട്ടനാട്ടിൽ 2018-ലുണ്ടായ അതിതീവ്രമായ പ്രളയത്തിന്റെ മുഖ്യകാരണം എ.സി.കനാലിന്റെ നിർമ്മാണം പൂർത്തിയാകാത്തതും തോട്ടപ്പള്ളി |

| | | | | |
|---|---|---|---|---|
| | | | നടപ്പാക്കുന്നതെന്നും നാളിതുവരെ സർക്കാർ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികളും വ്യക്തമാക്കാമോ ? | സ്പിൽവേയുടെ ലീഡിംഗ് ചാനലിലും മറ്റും മണ്ണ് അടിഞ്ഞു നീരൊഴുക്ക കുറഞ്ഞതിനാലും പൊഴിമുഖം വേണ്ടത്ര വീതിയില്ലാത്തതിനാലുമാണെന്നതിന്റെ അടിസ്ഥാനത്തിൽ ഈ രണ്ടു പ്രവൃത്തികളും റൂം ഫോർ റിവർ പദ്ധതിയിലുൾപ്പെടുത്തി നടപ്പിലാക്കുവാൻ തീരുമാനിച്ചു. പ്രസ്തുത പദ്ധതിയുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിനായി റീ ബിൽഡ് കേരള ഇനിഷിയേറ്റീവിൽ ഉൾപ്പെടുത്തി 4.50 കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ഈ പദ്ധതി നടപ്പിലാക്കുന്നതിന് വിശദമായ ഹൈഡ്രോഡൈനാമിക് പഠനത്തിനായി ചെന്നൈ ഐ.ഐ.റ്റി.-യെ ചുമതലപ്പെടുത്തുകയും 1-3-2021-ൽ ധാരണാ പത്രത്തിൽ ഒപ്പുവയ്ക്കുകയും ചെയ്തു. ചെന്നൈ ഐ.ഐ.റ്റി. സൈറ്റ് സന്ദർശിക്കുകയും പ്രാരംഭ പഠനം നടത്തിയതിന്റെ ഫൈനൽ റിപ്പോർട്ട് 4-11-2022-ൽ ചീഫ് എഞ്ചിനീയർക്ക് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. റിപ്പോർട്ടിൽ താഴെ കൊടുത്തിരിക്കുന്ന തരത്തിൽ ധാരാളം ശുപാർശകൾ അടങ്ങിയിട്ടുണ്ട്.<br><br>1. കായംകുളം കായലിലേക്ക് ഒഴുകുന്ന കരിപ്പുഴയാറിന്റെ വീതി വർദ്ധിപ്പിക്കുന്നത് വെള്ളപ്പൊക്കം ഭാഗികമായി തടയുന്നതിന് ഫലപ്രദമല്ല. |

| | | | | |
|---|---|---|---|---|
| | | | | 2. എ.സി. കനാൽ പള്ളാത്തുരുത്തി വരെ നീട്ടുന്നത് ചെറിയ രീതിയിൽ വെള്ളപ്പൊക്കം തടയുന്നതിന് മാത്രമേ ഉപകരിക്കുകയുള്ളൂ.<br><br>3. പമ്പാനദിയിൽ പരുമലയ്ക്കടുത്തുള്ള കത്തിയതോട് ഫ്ലഡ് റെഗുലേറ്റർ നിലവിലെ ബണ്ട് നിരപ്പിൽ നിന്നും 0.5 മുതൽ 1 മീറ്റർ വരെ ജലനിരപ്പ് കുറയ്ക്കുന്നു. അതിനാൽ കുട്ടനാട്ടിലെ കാവാലം പ്രദേശത്തിന്റെ വടക്കോട്ടും കീഴ് പ്രദേശങ്ങളിലും വെള്ളം കരകവിയുന്നത് തടയും.<br><br>4. കരുമാടി (തകഴി പഞ്ചായത്ത്), തകഴി (തകഴി പഞ്ചായത്ത്) ചെറുതന (ചെറുതന പഞ്ചായത്ത്) എന്നിവിടങ്ങളിലെ റെഗുലേറ്ററുകൾ ചമ്പക്കുളം, നെടുമുടി, കൈനകരി തുടങ്ങി താഴ്ന്ന പ്രദേശങ്ങളിലെ വെള്ളപ്പൊക്കം കുറയ്ക്കുകയും തോട്ടപ്പള്ളി സ്പിൽവേ യിലേക്കുള്ള ഒഴുക്ക് വർദ്ധിപ്പിക്കുകയും ചെയ്യും.<br><br>5. മുകളിൽ സൂചിപ്പിച്ച റെഗുലേറ്ററിന്റെ മുകൾ ഭാഗത്ത് (ചെങ്ങന്നൂർ, തിരുവൻ വണ്ടൂർ, പാണ്ടനാട്) നിലവിലുള്ള ബണ്ട് നിരപ്പിൽ നിന്ന് 0.8 മീറ്റർ വരെ ജലനിരപ്പ് ഉയരും.<br><br>6. നദിയിലെ ജലനിരപ്പിന് ആനുപാതികമായി ഗേറ്റ് ഓപ്പറേഷൻ നടത്തണം. |

| | | | | |
|---|---|---|---|---|
| | | | | 7. മുകളിൽ സൂചിപ്പിച്ച വെള്ളക്കെട്ട് ലഘൂകരിക്കുന്നതിന് അനുയോജ്യമായ ബണ്ടുകൾ നിർമ്മിക്കേണ്ടതുണ്ട്.<br><br>8. തോട്ടപ്പള്ളി സ്പിൽവേയുടെ മുകളിലുള്ള (U/S) ചാനലിന് നിലവിൽ 80 മീറ്റർ വീതിയുണ്ട്. ഈ വീതി 300 മീറ്ററായി വർദ്ധിപ്പിച്ചാൽ തോട്ടപ്പള്ളി സ്പിൽവേയുടെ കാര്യക്ഷമത പരമാവധി അതായത് 1600 m3 സെക്കന്റിൽ എത്തിക്കാൻ കഴിയും.<br><br>9. തോട്ടപ്പള്ളിയിലേക്ക് ഒഴുകി വരുന്ന അധികജലം പൊഴിമുഖത്ത് മണ്ണ് അടിയുന്നതിനെ ഒഴുക്കി ക്കളയുന്നതാണ്.<br><br>10. നിർദ്ദിഷ്ട വെള്ളപ്പൊക്ക ലഘൂകരണ പ്രവർത്തനങ്ങളുടെ പ്രകടനം പരിശോധിച്ചതിനു ശേഷം ഒന്നോ രണ്ടോ മഴക്കാലത്തിനുശേഷം മാത്രമേ പുലിമുട്ട് നിർമ്മിക്കുന്നത് പരിഗണിക്കാൻ സാധിക്കുകയുള്ളൂ.<br><br>11. ചാനലുകലിൽ നിശ്ചിത ഡ്രെഡ്ജിംഗ് നടത്തുന്നതിലൂടെ വെള്ളത്തിന്റെ ലെവൽ 0.2-0.3 വരെ കുറയ്ക്കാൻ സാധിക്കും. ഫ്ലഡ് റെഗുലേറ്റർ മൂലമുള്ള വെള്ളപ്പൊക്കം നിയന്ത്രിക്കാൻ ഒരു പരിധി വരെ ഇതിലൂടെ സാധിക്കും.<br><br>മേൽ ശിപാർശകൾ നടപ്പിലാക്കുന്നതിന്റെ സാധ്യത (feasibility) പരിശോധിച്ചതിനുശേഷം മാത്രമേ പദ്ധതി നിർവ്വഹണം സാധിക്കുകയുള്ളൂ. |

## V. വ്യവസായ വകുപ്പ്

| ക്രമ നമ്പർ | നിയമസഭ സമ്മേളനം | ഉറപ്പ് നമ്പർ | സഭയിൽ ഉന്നയിക്കപ്പെട്ട ചോദ്യങ്ങളും ഉറപ്പുകളും | സർക്കാരിൽ നിന്ന് ലഭിച്ച സ്റ്റേറ്റ്മെന്റ് |
|---|---|---|---|---|
| 1 | 13/4 | 103 | സംസ്ഥാനത്ത് പേഴ്സണൽ റാപ്പിഡ് ട്രാൻസിറ്റ് സിസ്റ്റം പദ്ധതി നടപ്പാക്കാൻ തീരുമാനിച്ചിട്ടുണ്ടോ ?<br>ഇത് നടപ്പിലാക്കുന്നത് ഏതെല്ലാം ഏജൻസി വഴിയാണെന്ന് വെളിപ്പെടുത്തുമോ? | പേഴ്സണൽ റാപ്പിഡ് സിസ്റ്റം എന്ന പദ്ധതി നടപ്പിലാക്കുവാനായി സാദ്ധ്യതാ റിപ്പോർട്ട് തയ്യാറാക്കാൻ M/s INKEL-നെ ഗതാഗത വകുപ്പ് ചുമതലപ്പെടുത്തിയെങ്കിലും പദ്ധതി പ്രാവർത്തികമല്ല എന്ന് കണ്ടെത്തിയതിനാൽ പിന്നീട് പ്രസ്തുത പദ്ധതി ഉപേക്ഷിക്കുകയുണ്ടായി. |
| 2 | 13/11 | 126 | കൂടുതൽ തൊഴിൽദിനങ്ങൾ ലഭ്യമാക്കുന്നതിനുവേണ്ട തോട്ടണ്ടി വാങ്ങുന്നതിനും ഫാക്ടറികളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും ഉദ്ദേശിച്ചാണ് സർക്കാർ ധനസഹായം നൽകുന്നത്. കേരളത്തിൽ ഏറ്റവും ഗുണ നിലവാരമുള്ള കശുവണ്ടി ഉൽപ്പാദിപ്പിക്കുന്ന ജില്ലകളിലൊന്ന് കണ്ണൂരാണ്. കയറ്റുമതി അടിസ്ഥാന ത്തിൽ കണക്കിലെടുത്താൽ പൗണ്ടിന് 150 എന്ന കൗണ്ട് കിട്ടുന്ന പരിപ്പ് ലഭ്യമാകുന്ന കശുവണ്ടിയാണ് | കശുവണ്ടി ഫാക്ടറികൾ അടച്ചിടാതെ പരമാവധി തൊഴിൽദിനങ്ങൾ നൽകണമെന്ന സർക്കാരിന്റെ പ്രഖ്യാപിതലക്ഷ്യം നടപ്പിലാക്കുന്നതിനായി സർക്കാർ ഇടപെടലിലൂടെ പൊതുമേഖലാ സ്ഥാപനങ്ങളായ കെ.എസ്.സി.ഡി.സി.-ലേയും കാപെക്സിലേയും ഫാക്ടറികൾ 2016 ഓണത്തിന് മുമ്പ് പ്രവർത്തനം ആരംഭിച്ചു. തോട്ടണ്ടിയുടെ ദൗർലഭ്യം പരിഹരിക്കുന്നതിനായി കേരളത്തിൽ ഉല്പാദിപ്പിക്കുന്ന കശുവണ്ടി സംഭരിക്കുന്നതിന്റെ ഭാഗമായി കൃഷി വകുപ്പിന്റേയും, പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന്റേയും കീഴിലുള്ള ഫാമുകൾ, പ്ലാന്റേഷൻ കോർപ്പറേഷന്റെ കാസർഗോഡ് ജില്ലയിലെ കാസർഗോഡ്, രാജപുരം, |

| | | | | |
|---|---|---|---|---|
| | | | കണ്ണൂരിൽ നിന്നും ഉല്പാദിപ്പിക്കപ്പെടുന്നത്. സംസ്ഥാനത്ത് ഉല്പാദിപ്പിക്കുന്ന കശുവണ്ടി പൂർണ്ണമായും സംഭരിക്കുന്നതിനാവശ്യമായ നടപടി ഗവൺമെന്റ് സ്വീകരിക്കുമോ? | ചീമേനി, കണ്ണൂർ ജില്ലയിലെ നാടുകാണി എന്നീ എസ്റ്റേറ്റുകൾ, റീഹാബിലിറ്റേഷൻ പ്ലാന്റേഷൻ കോർപ്പറേഷൻ ലിമിറ്റഡ്, സ്റ്റേറ്റ് ഫാമിംഗ് കോർപ്പറേഷൻ, കേരള കൊല്ലം ജില്ലാ പഞ്ചായത്തിന്റെ വിവിധ ഫാമുകൾ എന്നിവിടങ്ങളിൽ ഉല്പാദിപ്പിക്കുന്ന നാടൻ തോട്ടണ്ടി സംഭരിക്കുന്നതിനുള്ള ക്രമീകരണങ്ങൾ കോർപ്പറേഷനും കാപെക്സും സംയുക്തമായി ഏറ്റെടുത്തിട്ടുള്ളതും ഇപ്രകാരം പ്ലാന്റേഷൻ കോർപ്പറേഷൻ, ആറളം ഫാമുകളിൽ നിന്നുള്ള തോട്ടണ്ടി ഉപയോഗിച്ച് കോർപ്പറേഷൻ പ്രോസസിംഗ് ചെയ്തിട്ടുള്ളതുമാണ്. ആഭ്യന്തരമായി ഉല്പാദിപ്പിക്കുന്ന കശുവണ്ടി പരമാവധി സംഭരിക്കുന്നതോടൊപ്പം ഇറക്കുമതി ചെയ്ത കശുവണ്ടി സംഭരിച്ചും തൊഴിലാളികൾക്ക് ജോലി നൽകുന്നതിനുള്ള ശ്രമങ്ങൾ നടത്തിവരുന്നു. കശുവണ്ടി വ്യവസായത്തെ സംരക്ഷിക്കുന്നതിന്റെ ഭാഗമായി വിദേശ രാജ്യങ്ങളിൽ നിന്നും ഇടനിലക്കാരെ ഒഴിവാക്കി കശുവണ്ടി സംഭരിക്കുന്നതിന് ലക്ഷ്യമിട്ട് ഗവൺമെന്റ് കൊല്ലം ആസ്ഥാനമായി കേരളാ കാഷ്യൂ ബോർഡ് ലിമിറ്റഡ് എന്ന പ്രൈവറ്റ് ലിമിറ്റഡ് കമ്പനിക്ക് രൂപം നൽകിയിട്ടുണ്ട്. കാഷ്യൂ ബോർഡിന്റെ പ്രവർത്തനം ഇതിനോടകം ആരംഭിച്ചിട്ടുണ്ട്. |

| | | | | |
|---|---|---|---|---|
| 3 | 13/14 | 35 | കശുവണ്ടി വികസന കോർപ്പറേഷൻ ഫാക്ടറികളിലെ തൊഴിലാളികൾ ഉന്നയിച്ച ആവശ്യങ്ങൾ എന്തെന്നും അവയോടുള്ള നിലപാടും അറിയിക്കാമോ? | പ്രവർത്തന മൂലധനത്തിന്റെ അപര്യാപ്തതയും തോട്ടണ്ടിയുടെ ലഭ്യതക്കുറവുംമൂലം അടഞ്ഞു കിടന്നിരുന്ന കശുവണ്ടി വികസന കോർപ്പറേഷന്റെയും കാപെക്സിന്റേയും ഫാക്ടറികൾ ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം നടത്തിയ നിരന്തര ഇടപെടലുകളെ തുടർന്ന് 17-8-2016 മുതൽ തുറന്ന് പ്രവർത്തനം പുനരാരംഭിച്ചിട്ടുണ്ട്. പൂട്ടിക്കിടക്കുന്ന സ്വകാര്യ വ്യവസായ സ്ഥാപനങ്ങൾ തുറന്നു പ്രവർത്തിപ്പിക്കുന്നതിനായി ധനകാര്യ സ്ഥാപനങ്ങളുടെ പ്രതിനിധികൾ ഫാക്ടറി ഉടമകളുടെ പ്രതിനിധികൾ എന്നിവരെ പങ്കെടുപ്പിച്ച് കശുവണ്ടി വ്യവസായ വകുപ്പ് മന്ത്രിയും ബഹു. മുഖ്യമന്ത്രിയും സംയുക്തമായി യോഗങ്ങൾ വിളിച്ച് തുടർനടപടികൾ സ്വീകരിച്ചു വരുന്നു. കശുവണ്ടി ഉല്പാദകരായ വിദേശ രാജ്യങ്ങളിൽ നിന്നും ഇടനിലക്കാരില്ലാതെ തോട്ടണ്ടി നേരിട്ട് ഇറക്കുമതി ചെയ്ത് തൊഴിലാളികൾക്ക് പരമാവധി തൊഴിൽ നൽകുന്നതിനായും വ്യവസായ ത്തെ സംരക്ഷിക്കുന്നതിനായും കേരള കാഷ്യൂ ബോർഡ് ലിമിറ്റഡ് എന്ന പേരിൽ കൊല്ലം ആസ്ഥാനമായി ഒരു പ്രൈവറ്റ് ലിമിറ്റഡ് കമ്പനി രൂപീകരിച്ചു പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. കേരളത്തിലെ |

| | | | | |
|---|---|---|---|---|
| | | | | കശുവണ്ടി വ്യവസായം നേരിടുന്ന പ്രതിസന്ധി കൾക്ക് ഒരു പരിധിവരെ പരിഹാരം കാണാൻ കേരളാ കാഷ്യൂ ബോർഡിന് സാധിക്കുമെന്നാണ് സർക്കാർ പ്രതീക്ഷിക്കുന്നത്. |
| 4 | 13/15 | 5 | ടൈറ്റാനിയം കമ്പനി നല്ല നിലയിൽ പ്രവർത്തനക്ഷമമാക്കുന്നതിന് വിവിധ തലങ്ങളിൽ നിന്നു വന്ന നിർദ്ദേശങ്ങൾ പരിഗണിച്ചിട്ടുണ്ടോ? വ്യക്തമാക്കാമോ? | 2016-17 സാമ്പത്തിക വർഷം കമ്പനിയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുള്ള സഹായത്തിന്റെ ഭാഗമായി പ്രവർത്തന മൂലധനമായി 5 കോടി രൂപയും സൾഫ്യൂരിക് ആസിഡ് പ്ലാന്റിന്റെ ആദ്യ ഘട്ടത്തിനായി 5 കോടി രൂപയും സർക്കാർ നല്കിയിട്ടുണ്ട്. ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് ലിമിറ്റഡിന്റെ മലിനീകരണ നിയന്ത്രണ പദ്ധതിയായ കോപ്പറാസ് റിക്കവറി പ്ലാന്റിന്റെ പൂർത്തീകരണത്തിനും മറ്റ് നവീകരണ പദ്ധതിയായ ഫൈബർ ഗ്രേഡ് ടൈറ്റാനിയം ഡൈ ഓക്സൈഡിന്റെ ഉല്പാദനം ആരംഭിക്കുന്നതിനും സൾഫ്യൂരിക് ആസിഡ് പ്ലാന്റിന്റെ നവീകരണം പൂർത്തീകരിക്കുന്നതിനും വേണ്ടി 2017-18 സാമ്പത്തിക വർഷം 26.8 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിലൂടെ കമ്പനിയെ കൂടുതൽ പ്രവർത്തനക്ഷമമാക്കാൻ സാധിക്കുന്നതാണ്. |

| | | | | |
|---|---|---|---|---|
| 5 | 13/16 | 7 | കൊരട്ടി കിൻഫ്രയുടെ വികസനത്തിനായി അധിക സ്ഥലം ലഭ്യമാക്കുന്നതിനായി സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ;<br>ഇതിനായി അടിയന്തര നടപടികൾ സ്വീകരിക്കുമോ? | കൊരട്ടി കിൻഫ്ര വ്യവസായ പാർക്കിന്റെ വികസനത്തിനായി കേന്ദ്ര സർക്കാരിന്റെ അധീനതയിലുള്ള സെക്യൂരിറ്റി പ്രസ്സിന്റെ കൈവശമുള്ള ഭൂമി ലഭ്യമാക്കുന്നതിനുള്ള ശ്രമങ്ങൾ കിൻഫ്രയും സർക്കാർ തലത്തിലും നടത്തിവരുന്നുണ്ട്. പ്രസ്തുത നടപടികൾ ത്വരിതപ്പെടുത്തുവാൻ 1-11-2017-ലെ വ്യവസായ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ കത്തു മുഖേന കേന്ദ്ര നഗരകാര്യ വികസന മന്ത്രാലയത്തോട് അഭ്യർത്ഥിച്ചിട്ടുണ്ട്. |
| 6 | 14/1 | 8 | ട്രാവൻകൂർ ടൈറ്റാനിയത്തിനുവേണ്ട അസംസ്കൃതവസ്തു ലഭ്യമാക്കുന്നതിന് എന്ത് സംവിധാനമാണ് നിലവിലുള്ളത്; നിലവാരം കുറഞ്ഞ അസംസ്കൃതവസ്തുക്കൾ ഇറക്കുമതി ചെയ്ത് ഉല്പന്നങ്ങളുടെ നിലവാരം തകർക്കുന്നത് മൂലം വിപണിയിൽ നിന്നും സ്ഥാപനത്തിന്റെ ഉല്പന്നങ്ങൾ പുറത്താകാനിടയുണ്ടെന്നുള്ളതു പരിഗണിച്ച്, ഇത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ? | ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് ലിമിറ്റഡ്, അസംസ്കൃത വസ്തുവായ കരിമണൽ (ഇൽമനൈറ്റ്) സാധാരണയായി വാങ്ങാറുള്ളത് കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ ഐ.ആർ.ഇ.-യിൽ നിന്നും, സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനമായ കെ.എം.എം.എൽ.-ൽ നിന്നുമാണ്. ആ രണ്ട് സ്ഥാപനങ്ങളിൽ നിന്നും, ഇൽമനൈറ്റിന് ദൗർലഭ്യം നേരിടുന്ന സാഹചര്യങ്ങളിൽ മാത്രമാണ് കമ്പനി സ്വകാര്യ ഏജൻസികളിൽ നിന്നും കരിമണൽ വാങ്ങിയിട്ടുള്ളത്. 2011 മുതൽ 2014 വരെയുള്ള കാലയളവിൽ കമ്പനി രൂക്ഷമായ കരിമണൽ ക്ഷാമത്തെത്തുടർന്ന് M/s. Miracle Sands |

| | | | | |
|---|---|---|---|---|
| | | | | & Chemical, Tuticorin, M/s. Indchem Inc, Mumbai and M/s. Textile Dye Chem, Chennai എന്നീ സ്വകാര്യ ഏജൻസികളിൽ നിന്നും 15533 ടൺ കരിമണൽ വാങ്ങുകയുണ്ടായി. ഇപ്രകാരം വാങ്ങിയ കരിമണലിൽ നിന്നും ഉല്പാദിപ്പിച്ച ഉത്പന്നങ്ങളുടെ ഗുണനിലവാരം ഉയർത്തുന്നതിനായി കമ്പനി തുടർനടപടികൾ സ്വീകരിക്കുകയും 2015 മുതലുള്ള കാലയളവിൽ ഈ ഉല്പന്നങ്ങൾ മുഴുവനായും വിറ്റഴിക്കുകയും ചെയ്തിട്ടുണ്ട്. ഇപ്പോൾ കമ്പനി ഐ.ആർ.ഇ-യിൽ നിന്ന് മാത്രമേ കരിമണൽ വാങ്ങാറുള്ളൂ. കമ്പനിക്ക് ഒരു വർഷത്തേക്കാവശ്യമായ ഏകദേശം 36000 ടൺ കരിമണൽ ഐ.ആർ.ഇ.-യിൽ നിന്നും ലഭ്യമായാൽ ഗുണനിലവാരം നഷ്ടപ്പെടാതെ കമ്പനിക്ക് ഉല്പാദനം മുൻപോട്ട് കൊണ്ടുപോകാൻ കഴിയുന്നതാണ്. അതിന് വേണ്ട നടപടികൾ സ്വീകരിച്ചുവരികയാണ്. |
| 7 | 14/1 | 23 | കയർ വ്യവസായത്തിലെ പ്രതിസന്ധി പരിഹരിക്കുന്നതിനായി പരിഗണിക്കപ്പെടുന്ന മാർഗ്ഗങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ? | പരമ്പരാഗത തൊഴിലാളികൾക്ക് തൊഴിലും അടിസ്ഥാന വേതനവും ഉറപ്പാക്കുന്നത് :<br><br>കയർ മേഖലയിലെ തൊഴിലാളികൾക്ക് തൊഴിലും |

| | | | | |
|---|---|---|---|---|
| | | | | കൂലിയും ഉറപ്പുവരുത്തുവാൻ ആധുനിക സാങ്കേതിക വിദ്യയുടെ സഹായത്തോടെ കുടുംബശ്രീ യൂണിറ്റുകൾ, ഫാർമേഴ്സ് സർവ്വീസ് സെന്ററുകൾ, നാളികേര ഉൽപ്പാദന കമ്പനികൾ, ആഗ്രോ സർവ്വീസ് സെന്ററുകൾ തുടങ്ങിയവയെ ഉൾപ്പെടുത്തിക്കൊണ്ട് തൊണ്ട് സംഭരണം ശക്തമാക്കുന്നതിനും പൂർണ്ണമായ യന്ത്രവത്ക്കരണം നടപ്പാക്കി പരമാവധി ചകിരി ഉൽപ്പാദിപ്പിച്ച് കയർ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും ഉൽപ്പന്ന വൈവിദ്ധ്യവത്ക്കരണത്തിലൂടെ വിപണനം ശക്തിപ്പെടുത്തി കയർ മേഖലയെ സ്വയം പര്യാപ്തമാക്കുന്നതിനും കയർ രണ്ടാം പുനഃസംഘടന യിലൂടെ കഴിഞ്ഞിട്ടുണ്ട്. പരമ്പരാഗത മേഖലയിൽ തുടരുന്ന തൊഴിലാളികൾക്ക് തൊഴിലും അംഗീകൃത കൂലിയും ഉറപ്പാക്കിക്കൊണ്ടാണ് പുനഃസംഘടന നടപ്പിലാക്കിയിരിക്കുന്നത്.<br><br>2017-ലെ "കയർ കേരള" അന്താരാഷ്ട്ര മേളയിൽ, 120 കോടി രൂപയുടെ കയർ ഭൂവസ്ത്ര വിപണന പദ്ധതിക്ക് കയർ വകുപ്പിന്റെ പ്രോജക്ട് ഓഫീസർ, ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർ, എം.ജി.എൻ.ആർ. ഇ.ജി.എസ്. പ്രോഗ്രാം കോ-ഓർഡിനേറ്റർമാർ എന്നിവർ ചേർന്ന് ധാരണാപത്രം ഒപ്പുവച്ചു. |

| | | | | |
|---|---|---|---|---|
| | | | | ചകിരി ഉൽപ്പാദന, കയർപിരി, ഉൽപ്പന്ന മേഖലയിലെ തൊഴിലാളികൾക്ക് ഇതിന്റെ ഗുണം ലഭിക്കുന്നു. സബ്സിഡി നൽകി കയർഫെഡുവഴി സർക്കാർ സംഘങ്ങൾക്ക് ചകിരി ലഭ്യമാക്കുന്നു. വരുമാനം ഉറപ്പാക്കൽ പദ്ധതി പ്രകാരം തൊഴിലും അംഗീകൃത കൂലിയും ഉറപ്പാക്കുന്നു.<br><br>പരമ്പരാഗത കയർ ഉത്പാദന മേഖലയിലെ തൊഴിലാളികളുടെ വേതനം വർദ്ധിപ്പിക്കാനും തൊഴിൽ സംരക്ഷിക്കാനും സർക്കാർ ചുവടെ ചേർക്കും പ്രകാരം നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br><br>1.കയർ സഹകരണ സംഘങ്ങൾക്ക് പുനരുദ്ധാരണ പദ്ധതി പ്രകാരം സ്ഥിര/പ്രവർത്തന മൂലധനം നൽകുന്നു.<br><br>2.കയർ സഹകരണ സംഘങ്ങൾക്ക് അടിസ്ഥാന സൗകര്യ വികസനം ഉൾപ്പെടെയുള്ള ധനസഹായം നൽകുന്നു.<br><br>3.കയറും കയറുൽപ്പന്നങ്ങളുടെയും വിൽപ്പനയ്ക്കുള്ള വിപണി വികസന സഹായം (എം.ഡി.എ.) നൽകി വരുന്നു. |

| | | | | |
|---|---|---|---|---|
| | | | | 4. കയർ മേഖലയിലെ സംരംഭകർക്ക് മാർജിൻ മണി വായ്പ നൽകുന്നു.<br><br>5. പ്രത്യേക നിക്ഷേപ സഹായ പദ്ധതിയിലൂടെ (സ്പെഷ്യൽ ഇൻവെസ്റ്റ്മെന്റ് സബ്സിഡി) നൽകി വരുന്നു.<br><br>6. കയർ വ്യവസായത്തിൽ യന്ത്രവൽക്കരണം നടപ്പിലാക്കുന്നു.<br><br>7. ഉൽപ്പാദനവും വിപണന പ്രചോദനവും (പി.എം.ഐ.) പദ്ധതിയിലൂടെ ആനുകൂല്യം നൽകി വരുന്നു.<br><br>8.വില വ്യതിയാനം പരിഹരിക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കി വരുന്നു.<br><br>9.കയർ മേഖലയിൽ ക്ലസ്റ്റർ വികസന പരിപാടി നടപ്പിലാക്കിവരുന്നു.<br><br>10.കയർ സഹകരണ സംഘങ്ങളിൽ സർക്കാരിന്റെ ഓഹരി പങ്കാളിത്തം നൽകുന്നു.<br><br>11. കയർ ഭ്രവസ്ത്ര പദ്ധതി നടപ്പിലാക്കി വരുന്നു.<br><br>12. പരമ്പരാഗത കയർപിരി മേഖലയിൽ കൂലിയിൽ 110 രൂപ പ്രതിദിനം സർക്കാർ വിഹിതമായി തന്നെ നൽകുന്ന രീതിയിൽ ഇൻകം സപ്പോർട്ട് പദ്ധതി നടപ്പിലാക്കി വരുന്നു. |

| | | | | |
|---|---|---|---|---|
| | | | | 13. കയർ തൊഴിലാളികൾക്ക് പെൻഷൻ പദ്ധതി.<br><br>14. യന്ത്രവൽക്കരണം പൂർത്തീകരിക്കുന്നതോടെ വേതന ഘടനയിൽ മാറ്റം ഉണ്ടാക്കാനാകും. നിലവിൽ വരുമാനം ഉറപ്പാക്കൽ പദ്ധതി വഴി സർക്കാർ സഹായം നൽകിവരുന്നുണ്ട്.<br><br>15. കയർഫെഡ്, ഫോം മാറ്റിംഗ്സ് (ഇന്ത്യ) ലിമിറ്റഡ്, കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ എന്നീ പൊതുമേഖലാ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ കേരളത്തിൽ സ്റ്റാളുകളിലൂടെ കയർ ഉൽപ്പന്നങ്ങൾ ആകർഷകമായ സമ്മാന പദ്ധതികളിലൂടെ വിറ്റഴിക്കാനുള്ള പദ്ധതിയും നടപ്പിലാക്കിയിട്ടുണ്ട്.<br><br>ഉൽപ്പാദിപ്പിക്കുന്ന കയറും കയർ ഉൽപ്പന്നങ്ങളും പൂർണ്ണമായും കയർഫെഡ്, കയർ കോർപ്പറേഷൻ എന്നിവ വഴി നിശ്ചയിക്കപ്പെടുന്ന ക്രയവില നൽകി സമാഹരണം, ഇപ്രകാരം സംഭരിക്കപ്പെടുന്ന ഉൽപപന്നങ്ങൾ വിറ്റഴിക്കുമ്പോൾ കയർ കോർപ്പറേഷനും. കയർഫെഡിനും വരുന്ന നഷ്ടം സർക്കാർ നികത്തുന്നത് :<br><br>ഉൽപ്പാദിപ്പിക്കുന്ന കയറും കയർ ഉൽപ്പന്നങ്ങളും പൂർണ്ണമായും കയർഫെഡ്, കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ എന്നിവ വഴി സമാഹരിക്കുന്നതിന് |

| | | | | |
|---|---|---|---|---|
| | | | | 2016-17 സാമ്പത്തിക വർഷം മുതൽ നാളിതുവരെ അനുവദിച്ച തുക ചുവടെ ചേർക്കുന്നു.<br>കയർഫെഡിന് പ്രവർത്തനമൂലധനമായും,സംഭരിച്ച കയർ ഉൽപ്പന്നമേഖലയിലെ സംഘങ്ങൾ നൽകുമ്പോൾ അവയെ സഹായിക്കുന്നതിന് അനുവദിക്കുന്ന ഡിസ്കൗണ്ട് തിരികെ നൽകുന്നതിനുമാണ് പി.പി.എസ്.എസ്. പദ്ധതി (ക്രയ വില സ്ഥിരത പദ്ധതി) പ്രകാരം തുക അനുവദിക്കുന്നത്. കൂടാതെ കയർ സഹകരണ സംഘങ്ങൾക്ക് ചകിരി സംഭരിച്ച് നൽകുമ്പോൾ വില പിടിച്ചുനിർത്തുന്നതിനായി സംഘങ്ങൾക്ക് കയർഫെഡ് നൽകുന്ന ഡിസ്കൗണ്ട് തുക തിരിച്ചുനൽകിവരുന്നു.<br>**2016-17**<br>കയർഫെഡ് - 21,38,00,000/- രൂപ<br>കയർ കോർപ്പറേഷൻ - 55,62,00,000/- രൂപ<br>ആകെ - 77,00,00,000/- രൂപ<br>**2017-18**<br>കയർഫെഡ് - 25,40,71,758/- രൂപ<br>കയർ കോർപ്പറേഷൻ -23,29,28,242/- രൂപ<br>ആകെ - 48,70,00,000/- രൂപ |

| | | | | |
|---|---|---|---|---|
| | | | | **2018-19**<br>(നാളിതുവരെ അനുവദിച്ച തുക)<br>കയർഫെഡ് - 16,93,30,834 രൂപ<br>കയർ കോർപ്പറേഷൻ - 20,00,00,000 രൂപ<br>ആകെ - 36,93,30,834 രൂപ<br>(1) കയർ സംഭരണം, വിപണനം എന്നിവയിൽ ഈ സർക്കാരിന്റെ കാലത്ത് ഉണ്ടായ വർദ്ധനവിന്റെ കണക്ക് ചുവടെ ചേർക്കുന്നു.<br>**സംഭരണം:-**<br>ഈ സർക്കാർ അധികാരത്തിൽ വന്ന സാമ്പത്തിക വർഷത്തിന് മുൻപുള്ള 3 വർഷത്തിലെ ആകെ സംഭരണം 9068.74 ലക്ഷം രൂപ വിലവരുന്ന 206392.14 ക്വിൻറൽ കയർ ആയിരുന്നു.എന്നാൽ 2015-2016 മുതലുള്ള മൂന്ന് സാമ്പത്തിക വർഷത്തെ ആകെ കയർ സംഭരണം 15805.38 ലക്ഷം രൂപ വില വരുന്ന 303681.08 ക്വിൻറൽ കയർ ആണ്. ഇങ്ങനെ ളുക്കത്തിൽ 47% വർദ്ധനവുണ്ടായിട്ടുണ്ട്.<br>**വിപണനം:-**<br>ഈ സർക്കാർ അധികാരത്തിൽ വന്ന സാമ്പത്തിക വർഷത്തിന് മുൻപുള്ള 3 വർഷത്തിലെ ആകെ വിപണനം 9579.1 ലക്ഷം രൂപ വിലവരുന്ന |

| | | | | |
|---|---|---|---|---|
| | | | | 205726.96 ക്വിൻറൽ കയർ ആയിരുന്നു. എന്നാൽ 2015-2016 മുതലുള്ള മൂന്ന് സാമ്പത്തിക വർഷത്തെ ആകെ കയർ വിപണനം 16349.32 ലക്ഷം രൂപ വില വരുന്ന 311824.125 ക്വിൻറൽ കയർ ആണ്. ഇങ്ങനെ ളുക്കത്തിൽ 52% വർദ്ധനവുണ്ടായിട്ടുണ്ട്.<br><br>(2) ഉല്പന്ന സംഭരണത്തിലെ വർദ്ധനവിന്റെയും, സംഭരണ വിലയിൽ വരുത്തിയ മാറ്റം കൂടി കണക്കാക്കുമ്പോൾ ഉണ്ടായ വർദ്ധനവിന്റെയും വിശദാംശങ്ങൾ<br><br>കയർഫെഡ് 2013-2014 സാമ്പത്തിക വർഷത്തിന് ശേഷം കയർ വിലയിൽ വർദ്ധനവ് വരുത്തിയിട്ടില്ല. എന്നാൽ കയർ കോർപ്പറേഷന് ഉല്പന്ന സംഭരണത്തിലെ വർദ്ധനവിന്റെയും, സംഭരണ വിലയിൽ വരുത്തിയ മാറ്റവും കൂടി കണക്കാക്കുമ്പോൾ 25% വർദ്ധനവുണ്ടായിട്ടുണ്ട്.<br><br>(3) പിരിതൊഴിലാളികളുടെ കൂലിയിൽ വരുത്തിയ വർദ്ധനവ്, ഉല്പന്ന മേഖലയിലെ കൂലി വർദ്ധനവ് എന്നിവയിലെ വിശദാംശങ്ങൾ<br><br>ഉല്പന്ന മേഖലയിൽ<br><br>ഫോമിൽ:-<br><br>ദിവസവേതന വിഭാഗത്തിൽ 8.18% വർദ്ധനവുണ്ടായിട്ടുണ്ട്. പീസ് റേറ്റ് വേതനം വാങ്ങിക്കൊണ്ടിരിക്കുന്ന ലോഡിംഗ് & അൺലോ ഡിംഗ് വിഭാഗത്തിന് |

| | | | | |
|---|---|---|---|---|
| | | | | 4% വർദ്ധനവാണുണ്ടായിട്ടുള്ളത്, നെയ്ത്ത് വിഭാഗത്തിൽ 8.18% വർദ്ധനവും വണ്ടിച്ചുറ്റ് വിഭാഗത്തിൽ 25% കൂലി വർദ്ധനവും, ഉണ്ടച്ചുറ്റ് വിഭാഗത്തിൽ 20% കൂലി വർദ്ധനവും ഉണ്ടായിട്ടുണ്ട്.<br><br>കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ:-<br><br>ഉല്പന്ന മേഖലയിലെ കൂലി വർദ്ധനവിൽ ശരാശരി 20% വർദ്ധനവുണ്ടായിട്ടുണ്ട്.<br><br>പിരിമേഖലയിൽ<br><br>1-1-2019 മുതൽ പരമ്പരാഗത കയർപിരി മേഖലയിൽ 350 രൂപ പ്രതിദിന വേതനവും അനുബന്ധ തൊഴിലാളികൾക്ക് ആനുപാതിക വർദ്ധനവും വരുത്തി ഉത്തരവായിട്ടുണ്ട്.<br><br>(4) കയർ ഭ്രവസ്ത്ര പദ്ധതിയിൽ അധികമായി സൃഷ്ടിച്ച തൊഴിൽ ദിനങ്ങളുടെ കണക്ക്.<br><br>കയർ ഭ്രവസ്ത്ര പദ്ധതിപ്രകാരം 50% താല്ക്കാലിക തൊഴിലാളികൾക്ക് ഏകദേശം 7500 തൊഴിൽ ദിനങ്ങൾ നൽകുന്നതിന് ഫോം മാറ്റിംഗ്സ് (ഇൻഡ്യാ) ലിമിറ്റഡിനും, അധികമായി 100 തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കാൻ കയർ കോർപ്പറേഷനും സാധിച്ചിട്ടുണ്ട്. |

| | | | | |
|---|---|---|---|---|
| 8 | 14/1 | 24 | വ്യാവസായിക അന്തരീക്ഷം മികച്ചതാക്കുന്നതിനുവേണ്ടി ഈ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് വിശദമാക്കാമോ? | കേരളത്തിൽ വ്യാവസായിക നിക്ഷേപം വർദ്ധിപ്പിക്കുന്നതിലൂടെ തൊഴിലും,വരുമാനവും ഉയർത്തുന്നതിനായി വിവിധ വകുപ്പുകളിലായി നിലനിന്നിരുന്ന ഏഴ് ആക്ടുകളിൽ ഭേദഗതി വരുത്തി 2018-ലെ കേരള നിക്ഷേപം പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും (2-ാം നമ്പർ) ആക്റ്റ് (2018-ലെ 14-ാം നിയമം) ആയി പ്രസിദ്ധീകരിച്ചിട്ടുണ്ട്. വ്യവസായ സംരംഭകർക്ക് ലൈസൻസുകളും, ക്ലിയറൻസുകളും ലഭ്യമാക്കുന്നതിന്റെ ഭാഗമായി നിലവിലുള്ള സിംഗിൾ വിൻഡോ ക്ലിയറൻസ് ബോർഡ് ആക്റ്റ് (2000-ലെ 5)-ൽ മേൽ വിജ്ഞാപനപ്രകാരം ഭേദഗതി വരുത്തിയിട്ടുണ്ട്. |
| 9 | 14/1 | 56 | കയർ മേഖലയിലെ ചകിരിയുടെ ദൗർലഭ്യത്തിന് എപ്രകാരം പരിഹാരം കാണാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ? | കയർ മേഖലയ്ക്കായി രണ്ടാം പുനഃസംഘടനാ പദ്ധതിയാണ് നടപ്പാക്കുന്നത്. ആധുനിക സാങ്കേതിക വിദ്യയുടെ സഹായത്തോടെ കുടുംബശ്രീ യൂണിറ്റുകൾ, ഫാർമേഴ്സ് സർവ്വീസ് സെന്ററുകൾ, നാളികേര ഉൽപാദക കമ്പനികൾ, അഗ്രോസർവ്വീസ് സെന്ററുകൾ തുടങ്ങിയവയെ ഉൾപ്പെടുത്തിക്കൊണ്ട് തൊണ്ട് സംഭരണം ശക്തമാക്കുന്നതിനും പൂർണ്ണമായി യന്ത്രവൽക്കരണം നടപ്പിലാക്കി പരമാവധി ചകിരി ഉൽപ്പാദിപ്പിച്ച് കയർ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും ഉൽപ്പന്ന വൈവിദ്ധ്യവൽക്കരണത്തിലൂടെ വിപണനം ശക്തിപ്പെടുത്തി കയർ |

| | | | | |
|---|---|---|---|---|
| | | | | മേഖലയെ സ്വയംപര്യാപ്തമാക്കുന്നതിനും രണ്ടാം പുനഃസംഘടന ലക്ഷ്യമിടുന്നു.<br><br>കുടുംബശ്രീ യൂണിറ്റുകളുമായി ബന്ധപ്പെട്ട് എല്ലാ ജില്ലകളിലും ഡി.എഫ്. മെഷീനുകൾ സ്ഥാപിക്കുന്നതിനുള്ള 8,15,00,000 രൂപയുടെ പ്രൊപ്പോസലിന് ഭരണാനുമതി നൽകിയിട്ടുണ്ട്. കണ്ണൂർ പ്രോജക്ട് പരിധിയിൽ വരുന്ന അമ്മാനപ്പാറ വില്ലേജിൽ ദിവസേന 8000 തൊണ്ട് ചകിരിയാക്കാൻ ശേഷിയുള്ള ഡി.എഫ്. യൂണിറ്റ് കുടുംബശ്രീ യൂണിറ്റായി 13-7-2017-ന് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. മൊത്തം 6 ഡി.എഫ് യൂണിറ്റുകൾ ആരംഭിക്കുന്നതിന് കുടുംബശ്രീ യൂണിറ്റുകൾ മുന്നോട്ട് വന്നിട്ടുണ്ട്. 90% സബ്സിഡിയിൽ മെഷീനറി നൽകിയിട്ടും കുടുംബശ്രീയുടെ ഭാഗത്തുനിന്നും ആശാവഹമായ സഹകരണം ഉണ്ടാകുന്നില്ല. എങ്കിലും ചകിരിയുടെ ക്ഷാമം പരിഹരിക്കുന്നതിനായി സമ്പൂർണ്ണ ആധുനീകരണത്തിന്റെ ഭാഗമായുള്ള യന്ത്രവൽക്കരണം നടപ്പിലാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നു. എന്നാൽ ഈ രംഗത്തുള്ള പരമ്പരാഗത തൊഴിലാളികളുടെ തൊഴിലും കൂലിയും സംരക്ഷിച്ചുകൊണ്ടുമാത്രമേ |

| | | | | |
|---|---|---|---|---|
| | | | | യന്ത്രവൽക്കരണം നടപ്പാക്കുകയുള്ളൂ. ആധുനിക സാങ്കേതിക വിദ്യയുടെ സഹായത്തോടെ കയർഫെഡിന്റെ നേതൃത്വത്തിൽ തൊണ്ട് സംഭരണ ചകിരി വിതരണ സംവിധാനം രൂപീകരിക്കുന്ന തിനായി മൊബൈൽ ആപ്ലിക്കേഷൻ തയ്യാറാക്കാൻ ഉദ്ദേശിക്കുന്നുണ്ട്. തുടർന്ന് സ്വകാര്യ സംരഭകരെ ഈ രംഗത്തേയ്ക്ക് സർക്കാർ 50% സബ്സിഡിയും ചകിരി കയർഫെഡ് വഴി സംഭരിക്കുക എന്ന വിപണന സഹായവും ഉറപ്പാക്കി ക്ഷണിച്ചുകഴിഞ്ഞു. കേരളത്തിലെ കയർ വ്യവസായത്തിന് ആവശ്യമായി വരുന്ന ചകിരിയുടെ ഒരു നിർണ്ണായക ശതമാനം ഈ രണ്ടാം പുനഃസംഘടനയിൽ സ്വന്തമായി ഉൽപ്പാദിപ്പിച്ച് സ്വാശ്രയത്വം കൈവരിക്കുക എന്നതാണ് ലക്ഷ്യമിടുന്നത്. |
| 10 | 14/4 | 11 | വർക്കല അയിരൂർ വില്ലേജിൽ കിൻഫ്ര സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്ന ഗ്ലോബൽ ആയുർവേദ വില്ലേജിന് വേണ്ടി ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടിയെന്തായി എന്ന് വ്യക്തമാക്കാമോ? | വർക്കല അയിരൂർ വില്ലേജിൽ കിൻഫ്ര സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്ന ഗ്ലോബൽ ആയുർവേദ വില്ലേജിന് വേണ്ടി 30.93 ഏക്കർ ഭൂമി ഏറ്റെടുത്തിട്ടുണ്ട് എന്നുള്ള വിവരം അറിയിക്കുന്നു. |

| | | | | |
|---|---|---|---|---|
| 11 | 14/4 | 53 | സംസ്ഥാനത്തെ ടെക് സ്റ്റൈൽ മേഖലയിലെ മാനേജ്മെന്റുകളെ കാര്യക്ഷമമാക്കിയും ഉല്പാദനക്ഷമത വർദ്ധിപ്പിച്ചും ഈ മേഖലയെ ശക്തിപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ? | കേരളത്തിലെ പൊതുമേഖലയിലെയും സഹകരണ മേഖലയിലെയും ടെക്സ്റ്റൈൽ മില്ലുകളുടെ നവീകരണത്തിനായി രൂപീകൃതമായ വിദഗ്ധ സമിതി സർക്കാരിൽ റിപ്പോർട്ട് സമർപ്പിക്കുകയുണ്ടായി. പ്രസ്തുത കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ടിന്മേൽ ബഹു.വ്യവസായ വകുപ്പുമന്ത്രിയുടെ അധ്യക്ഷതയിൽ 19-10-2017-ൽ യോഗം ചേരുകയും താഴെപ്പറയുന്ന തീരുമാനങ്ങൾ കൈക്കൊള്ളുകയും ചെയ്തിട്ടുണ്ട്.<br><br>(i) പൊതു-സഹകരണ മേഖലയിലെ എല്ലാ ടെക്സ്റ്റൈൽ മില്ലുകളും നവീകരിക്കുന്നതിനും നവീകരണ കാലഘട്ടത്തിൽ മില്ലുകളുടെ പ്രവർത്തനം മുടങ്ങിപ്പോകാതിരിക്കുവാൻ അത്യാവശ്യം വേണ്ട ഫണ്ടും സർക്കാർ നൽകുന്നതാണ്.<br><br>(ii) ജീവനക്കാരുടെയും തൊഴിലാളികളുടെയും മുടങ്ങിക്കിടക്കുന്ന statutary dues ഉം തുടർന്നുള്ള statutary ആനുകൂല്യങ്ങളും നൽകുന്നതിനു സർക്കാർ സത്വര നടപടികൾ സ്വീകരിക്കും<br><br>(iii) മില്ലുകളുടെയും മാനേജുമെന്റുകളുടെയും പ്രവർത്തനം ശരിയായ തരത്തിലുള്ള മോണിറ്ററിംഗിലൂടെ സർക്കാർ പരിശോധിക്കും. മോണിറ്ററിംഗ് കമ്മിറ്റിയിൽ തൊഴിലാളി പ്രാതിനിധ്യം ഉറപ്പാക്കും. |

| | | | | |
|---|---|---|---|---|
| | | | | (iv) സഹകരണ സ്പിന്നിംഗ് മില്ലുകൾക്ക് ആവശ്യമായ പ്രവർത്തന മൂലധനം NCDC വഴി ലഭ്യമാക്കും.<br><br>(v) കേരളത്തിലെ കൈത്തറി-പവർലൂം സംഘങ്ങൾക്ക് ആവശ്യമായ നൂൽ കേരളത്തിലെ മില്ലുകളിൽ നിന്നു തന്നെ വാങ്ങുന്നതിനു നടപടി സ്വീകരിക്കും<br><br>(vi) തൊഴിലാളികളുടെ വേതന പരിഷ്കരണത്തിനു മില്ലുകളുടെ നവീകരണത്തോടൊപ്പം നടപടികൾ സ്വീകരിക്കും<br><br>കൂടാതെ, എക്സ്പെർട്ട് കമ്മിറ്റിയുടെ റിപ്പോർട്ടിന്മേൽ ലഭ്യമായ ധനകാര്യ വകുപ്പിന്റെ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ, ടി കമ്മിറ്റിയുടെ ശിപാർശ പ്രകാരമുള്ള ആധുനിക വത്കരണ പ്രവർത്തനങ്ങൾക്കാവശ്യമായ മൂലധന സ്രോതസ്സ് കണ്ടെത്തുന്നതിനും തുടർന്നു പൊതു-സഹകരണ മേഖലകളിൽ പ്രവർത്തിക്കുന്ന ടെക്സ്റ്റൈൽ മില്ലുകളുടെ നവീകരണത്തിനുതകുന്നതും നിലവിൽ ടെക്സ്ഫെഡിന്റെ കീഴിലുള്ള സഹകരണ സ്പിന്നിംഗ് മില്ലുകളുടെ പുനരുദ്ധാരണത്തിനായി അനുവദിച്ചുവരുന്ന പദ്ധതി വിഹിതം കൂടി പരിഗണിച്ച് DPR തയ്യാറാക്കുന്നതിനും സർക്കാർ റിയാബിനു നിർദ്ദേശം നൽകിയിട്ടുണ്ട്. |

| | | | | |
|---|---|---|---|---|
| 12 | 14/4 | 54 | പൂട്ടിക്കിടക്കുന്ന ചെറുകിട ഖാദി വ്യവസായ യൂണിറ്റുകൾ തുറന്നു പ്രവർത്തിപ്പിക്കാൻ സർക്കാർ എന്തെങ്കിലും പദ്ധതി തയ്യാറാക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദ വിവരങ്ങൾ ലഭ്യമാക്കാമോ? | പ്രവർത്തനരഹിതമായ ഖാദി ഉല്പാദനകേന്ദ്രങ്ങൾ പ്രവർത്തന സാധ്യമായവ തുറന്ന് പ്രവർത്തിച്ച് തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് ആവശ്യമായ നടപടികൾസ്വീകരിച്ചിട്ടുണ്ട്. വിശദ വിവരങ്ങൾ അനുബന്ധം I ആയി ചേർക്കുന്നു. |
| 13 | 14/5 | 40 | സംസ്ഥാനത്തെ ജില്ലാ വ്യവസായ കേന്ദ്രങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കുന്നതിനുള്ള പദ്ധതി ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ;<br><br>പുതിയ സംരംഭങ്ങൾക്ക് എത്ര നാളുകൾക്കുള്ളിൽ ലൈസൻസ് നൽകുവാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്; വിശദാംശങ്ങൾ എന്തെല്ലാം? | സംസ്ഥാനത്തിനെ നിക്ഷേപ സൗഹൃദമാക്കുന്നതിനായി, അനുമതികൾ അതിവേഗം ലഭ്യമാക്കുന്നതിന് വിവിധ വകുപ്പുകളിലെ ഏഴ് ആക്റ്റുകളിൽ ആവശ്യമായ ഭേദഗതി വരുത്തി 2018-ലെ കേരള നിക്ഷേപം പ്രോൽസാഹിപ്പിക്കലും (2-ാം നമ്പർ) ആക്റ്റ് എന്ന പേരിൽ നിയമനിർമ്മാണം നടത്തിയിട്ടുണ്ട്. വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിന് വിവിധ വകുപ്പുകളിൽ നിന്നുള്ള ആവശ്യമായ ലൈസൻസുകൾ/ ക്ലിയറൻസുകൾ ലഭിക്കുന്നതിലേയ്ക്കായി സംരംഭകർക്ക് ഓൺലൈൻ മുഖാന്തരം അപേക്ഷിക്കുന്നതിനും ആയത് 30 ദിവസത്തിനകം ലഭിക്കുന്നതിലേയ്ക്കുമായി K-SWIFT (സിംഗിൾ വിൻഡോ ഇന്റർഫെയ്സ് ഫോർ ഫാസ്റ്റർ ഡിസ്പോസൽ ആന്റ് ട്രാൻസ്പെരൻസി) എന്ന പേരിൽ ഒരു പോർട്ടൽ വികസിപ്പിച്ചിട്ടുണ്ട്. ഈ സംവിധാനത്തിന്റെ ഔദ്യോഗികമായ ഉത്ഘാടനം 11-2-2019-ൽ ബഹു. മുഖ്യമന്ത്രി നിർവ്വഹിച്ചു. |

| | | | | |
|---|---|---|---|---|
| 14 | 14/9 | 12 | പരമ്പരാഗത തറികളിൽ ഉല്പാദിപ്പിക്കുന്ന കയർ ഉല്പന്നങ്ങളുടെ ആഭ്യന്തര വില്പന ഉയർത്തുന്നതിന് പ്രത്യേക കമ്പനിക്ക് രൂപം നൽകുവാൻ ഉദ്ദേശിക്കുന്നുണ്ടോ;<br><br>എങ്കിൽ കയർ മേഖലയുമായി ബന്ധമുള്ള വിദഗ്ധരെ മാത്രം ഉൾപ്പെടുത്തി കമ്പനി രൂപീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | കയർ ഉൽപ്പന്നങ്ങൾക്ക് വിപണി കണ്ടെത്തുന്നതിനായി **20-7-2018 തീയതിയിലെ സ. ഉ. (കൈ.) നം.53/2018/വ്യവ.** ഉത്തരവ് പ്രകാരം 10 കോടി രൂപയുടെ അംഗീകൃത ഓഹരി മൂലധനത്തോടെ "കേരള കയർ മാർക്കറ്റിംഗ് കമ്പനി പ്രൈവറ്റ് ലിമിറ്റഡ്" എന്ന പേരിൽ ഒരു കമ്പനി രൂപീകരിച്ചു. **25-2-2019 തീയതിയിലെ സ. ഉ. (കൈ.) നം. 18/2019/വ്യവ. ഉത്തരവ്** പ്രകാരം കമ്പനിയുടെ പേര് "കേരള കയർ മാർക്കറ്റിംഗ് പ്രൈവറ്റ് ലിമിറ്റഡ്" എന്ന് ഭേദഗതി ചെയ്തിട്ടുണ്ട്. 8-4-2019-ൽ 474999KL2019PTC057555 എന്ന കോർപ്പറേറ്റ് ഐഡൻറിറ്റി നമ്പറിൽ കമ്പനി രജിസ്റ്റർ ചെയ്തു. കമ്പനിയുടെ 49% ഓഹരി സംസ്ഥാന സർക്കാരിനും, 51% ഓഹരി കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ, മറ്റ് സ്ഥാപനങ്ങൾ, വ്യക്തികൾ എന്നിവർക്ക് സർക്കാർ തീരുമാന പ്രകാരം കൂട്ടായും നൽകുന്നതാണ്. നിലവിൽ ഡയറക്ടർ ബോർഡിൽ കയർ വകുപ്പ് സെക്രട്ടറി, കയർ വികസന ഡയറക്ടർ, കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർ എന്നിവർ അംഗങ്ങളാണ്. |

# VI. കൃഷി വകുപ്പ്

| ക്രമ നമ്പർ | നിയമസഭ സമ്മേളനം | ഉറപ്പ് നമ്പർ | സഭയിൽ ഉന്നയിക്കപ്പെട്ട ചോദ്യങ്ങളും ഉറപ്പുകളും | സർക്കാരിൽ നിന്ന് ലഭിച്ച സ്റ്റേറ്റ്മെന്റ് |
|---|---|---|---|---|
| 1 | 13/8 | 55 | കർഷകർക്ക് സഹായം നൽകുന്നതിനുള്ള 'വരുമാന ഭദ്രത' പദ്ധതി നടത്തിപ്പിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വിശദാംശങ്ങൾ എന്തെല്ലാം ? | കർഷകരുടെ വരുമാന പരിരക്ഷ ഉറപ്പാക്കുന്നതിനായി നിലവിൽ സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിയും കേന്ദ്ര സംസ്ഥാന സർക്കാരുകൾ സംയുക്തമായി നടപ്പിലാക്കുന്ന പ്രധാനമന്ത്രി ഫസൽ ഭീമ യോജനയും കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതിയും നടപ്പിലാക്കി വരുന്നു.<br>സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം തെങ്ങ്, വാഴ, റബ്ബർ, കുരുമുളക്, കമുക്, ഏലം, കശുമാവ്, കൈതച്ചക്ക, കാപ്പി, ഇഞ്ചി, തേയില, മരച്ചീനി, മഞ്ഞൾ, കൊക്കോ, നിലക്കടല, എള്ള്, പച്ചക്കറി, ജാതി, ഗ്രാമ്പൂ, വെറ്റില, പയർ വർഗ്ഗങ്ങൾ, കിഴങ്ങു വർഗ്ഗങ്ങൾ, കരിമ്പ്, പുകയില, നെല്ല്, മാവ്, ചെറു ധാന്യങ്ങൾ എന്നീ വിളകൾക്ക് പ്രകൃതിക്ഷോഭം മൂലം സംഭവിക്കുന്ന കൃഷിനാശത്തിന് നഷ്ടപരിഹാരം നൽകി വരുന്നു.<br>വരൾച്ച, വെള്ളപ്പൊക്കം, ഉരുൾപൊട്ടൽ, മണ്ണിടിച്ചിൽ, ഭൂകമ്പം, കടലാക്രമണം, ചുഴലിക്കാറ്റ്, ഇടിമിന്നൽ, കാട്ടുതീ എന്നീ പ്രകൃതിക്ഷോഭങ്ങൾ കൊണ്ടും വന്യമൃഗങ്ങളുടെ ആക്രമണം കൊണ്ടും ഉണ്ടാകുന്ന |

| | | | | |
|---|---|---|---|---|
| | | | | നാശനഷ്ടങ്ങൾക്ക് ഈ പദ്ധതിയുടെ സംരക്ഷണം ലഭിക്കും. കാലാകാലങ്ങളിൽ സർക്കാർ നിശ്ചയിക്കുന്ന നിരക്കിലും നിബന്ധനകൾക്കും വിധേയമായി നഷ്ടപരിഹാരതുക നൽകുന്നതാണ്. സ്വന്തമായോ പാട്ടത്തിനോ കൃഷിയിറക്കുന്ന കർഷകർക്ക് ഈ പദ്ധതിയിൽ അംഗമാകുന്നതിന് അർഹതയുണ്ട്.<br><br>പ്രധാനമന്ത്രി ഫസൽ ഭീമ യോജന എന്ന ഇൻഷുറൻസ് പദ്ധതി പ്രകാരം വരൾച്ച, വെള്ളപ്പൊക്കം, ഉരുൾപൊട്ടൽ, കൊടുങ്കാറ്റ്, പേമാരി, ചുഴലിക്കാറ്റ്, അത്യുഷ്ണം, ഇടിമിന്നൽ, സ്വാഭാവിക മായി ഉണ്ടാകുന്ന തീ പിടിത്തം മുതലായ പ്രകൃതി ക്ഷോഭങ്ങൾ മൂലമോ, രോഗ കീടങ്ങളുടെ ആക്രമണം മൂലമോ പ്രഖ്യാപിത വിളകൾക്കുണ്ടാകുന്ന ഉല്പാദന നഷ്ടത്തിൽ നിന്നും കർഷകർക്ക് ഇൻഷുറൻസ് സംരക്ഷണവും സാമ്പത്തിക സഹായവും ഈ പദ്ധതി മുഖേന നൽകുന്നു.<br>കാലാവസ്ഥാധിഷ്ഠിത വിള ഇൻഷുറൻസ് പദ്ധതിയിൽ വിളയെ ബാധിക്കുന്ന വിജ്ഞാപനം ചെയ്ത പ്രതികൂല സാഹചര്യങ്ങൾക്കെതിരെയാണ് പരിരക്ഷ നൽകുന്നത്. പദ്ധതി നടപ്പിലാക്കുന്ന ജില്ലകളിൽ കാലാവസ്ഥാ നിലയങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. അഗ്രികൾച്ചറൽ ഇൻഷുറൻസ് കമ്പനി മുഖേന നടപ്പിലാക്കിവരുന്ന |

629/2025.

| | | | | |
|---|---|---|---|---|
| | | | | ഈ പദ്ധതിയിൽ ആലപ്പുഴ, പത്തനംതിട്ട ഒഴികെയുള്ള മറ്റ് ജില്ലകൾക്കാണ് ആനുകൂല്യം കിട്ടുന്നത്. |
| 2 | 13/9 | 32 | കാർഷികോത്പാദക സംഘങ്ങൾ ആരംഭിക്കുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ? | 2013-14 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ കാർഷികോല്പാദക സംഘങ്ങൾ രൂപീകരിക്കുന്നതിന് തുകയൊന്നും വകകൊള്ളിച്ചിരുന്നില്ല. ആയതിനാൽ പ്രസ്തുത പദ്ധതി ആരംഭിച്ചിട്ടില്ല എന്നാൽ നടപ്പു സാമ്പത്തിക വർഷം (2017-18) പച്ചക്കറി വികസന പദ്ധതിയിൻ കീഴിൽ പച്ചക്കറി പ്രൊഡ്യൂസർ കമ്പനികൾ രൂപീകരിക്കുന്നതിനായി 500 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ടെന്നും അത് നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും അറിയിച്ചുകൊള്ളുന്നു. |
| 3 | 13/12 | 48 | സംസ്ഥാനത്ത് പക്ഷിപ്പനി മൂലം ഉണ്ടായ ആശങ്കകൾ പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ? | നടപടികൾ സ്വീകരിച്ചു.കർമപദ്ധതി ആസൂത്രണം ചെയ്തത് പ്രകാരം ആലപ്പുഴയിലെ മങ്കൊമ്പ് വെറ്ററിനറി പോളിക്ലിനിക് കേന്ദ്രമാക്കി താറാവ് കർഷകർക്ക് സേവനം ഒറ്റ കുടക്കീഴിൽ നൽകുന്നതിനായി ഏകജാലകസംവിധാനം ഏർപ്പെടുത്തി. |
| 4 | 13/14 | 53 | 2011-12 ലെ ബജറ്റിൽ പ്രഖ്യാപിച്ച സമഗ്ര കാർഷിക ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കിയോ? | കേന്ദ്ര സർക്കാർ കാർഷിക മേഖലയിലുണ്ടാകുന്ന വ്യതിയാനങ്ങൾക്കനുസരിച്ച് പുതിയ കാർഷിക ഇൻഷ്വറൻസ് പദ്ധതികൾ ആവിഷ്കരിക്കുകയും നടപ്പാക്കുകയുമാണ് ചെയ്തുവരുന്നത്. ഇപ്രകാരം |

| | | | | |
|---|---|---|---|---|
| | | | | വിഭാവനം ചെയ്ത് നടപ്പാക്കിയ പദ്ധതികളാണ് പുനർരൂപീകരിച്ച കാലാവസ്ഥാതിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതി, പ്രധാനമന്ത്രി ഫസൽ ഭീമാ യോജന എന്നിവ. കൃഷി പൂർണ്ണമായും സംസ്ഥാന വിഷയമാണ്. സംസ്ഥാനത്ത് വിള ഇൻഷ്വറൻസ് പദ്ധതി നിലവിലുണ്ട്. കൂടാതെ കേരളത്തിൽ പ്രത്യേക പ്രദേശങ്ങളിലുണ്ടാകുന്ന മുൻകൂട്ടിത്തിരിച്ചറിയാൻ കഴിയാത്ത തരത്തിലുള്ള വിള നഷ്ടങ്ങൾക്ക് സംസ്ഥാന സർക്കാർ പ്രത്യേക നഷ്ടപരിഹാരത്തുകയും നൽകി വരുന്നതിനാൽ കാലാകാലങ്ങളിലുണ്ടാകുന്ന കേന്ദ്ര വിള ഇൻഷ്വറൻസ് പദ്ധതികളെക്കൂടി കൂട്ടിയോജിപ്പിച്ച് സമഗ്ര ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കുക എന്നത് പ്രായോഗികമല്ല എന്ന് കണ്ടതിനാൽ നടപ്പാക്കിയിട്ടില്ല. |
| 5 | 14/1 | 1 | കേരളത്തിൽ റൈസ് ബയോപാർക്ക് സ്ഥാപിക്കുന്ന കാര്യം പരിഗണന യിലുണ്ടോ? | സംസ്ഥാന സർക്കാർ 2019-ലെ ബജറ്റിൽ പ്രഖ്യാപിച്ച KINFRA വഴി നടപ്പിലാക്കുന്ന മൂന്ന് റൈസ് ടെക്നോളജി പാർക്കുകൾ തൃശ്ശൂർ, പാലക്കാട്, ആലപ്പുഴ എന്നീ ജില്ലകളിൽ തുടങ്ങുന്നതിന് KINFRA-യെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പാലക്കാട് ജില്ലയിൽ റൈസ് പാർക്ക് സ്ഥാപിക്കുന്നതിന് സംബന്ധിച്ച നിർമ്മാണ പ്രവർത്തികൾ നടന്നു വരുന്നു. ആലപ്പുഴയിൽ പ്രഖ്യാപിച്ച റൈസ് പാർക്കിന്റെ നിർമ്മാണ പ്രവർത്തികൾ ഫണ്ടിന്റെ |

| | | | | |
|---|---|---|---|---|
| | | | | അപര്യാപ്തത മൂലം ആരംഭിക്കുവാൻ സാധിച്ചിട്ടില്ല. തൃശ്ശൂർ ജില്ലാ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ജില്ലാകൃഷി തോട്ടത്തിൽ നിന്നും ആവശ്യമായ സ്ഥലം കിൻഫ്രയ്ക്ക് വിട്ട് നൽകുന്നതിന് തൃശ്ശൂർ ജില്ലാ പഞ്ചായത്തിന് സമ്മതമാണെന്ന് അറിയിച്ചത് പ്രകാരം തൃശ്ശൂർ ജില്ലയിൽ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന റൈസ് പാർക്ക്, ചേലക്കര ജില്ലാ കൃഷി തോട്ടത്തിലെ ഫാമിന്റെ പ്രവർത്തനങ്ങൾക്ക് വിഘാതമാകാത്ത വിധം സ്ഥാപിക്കുന്നതിനുള്ള മുൻകൂർ പ്രവർത്തനാനുമതി കാർഷിക വികസന കർഷകക്ഷേമ വകുപ്പ് ഡയറക്ടർക്ക് 28-2-2019-ൽ നൽകുകയും അപ്രകാരം കണ്ടെത്തിയ വെങ്ങാനെല്ലൂർ വില്ലേജിലെ ബ്ലോക്ക് നമ്പർ 71-ൽ സർവ്വെ 320 പാർട്ടിൽപെട്ട 3.1355 ഹെക്ടർ ഭൂമി അളന്ന് തിട്ടപ്പെടുത്തി ഭൂമിയുടെ സ്കെച്ച് സഹിതം കിൻഫ്രയ്ക്ക് വിട്ട് നൽകുന്നതിന് തലപ്പിള്ളി, തഹസീൽദാർ നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. പഞ്ചായത്തിൽ നിക്ഷിപ്തമായ പ്രസ്തുത ഭൂമി പഞ്ചായത്ത് രാജ് ചട്ടങ്ങളിലെ ചട്ടം 218 പ്രകാരം റവന്യൂ വകുപ്പിൽ പുനർനിക്ഷിപ്തമാക്കിയ ശേഷം മാത്രമേ കിൻഫ്രയ്ക്ക് പതിച്ച് നൽകാൻ സാധിക്കുകയുള്ളൂ എന്നതിനാൽ ആയതിനുള്ള നടപടി വ്യവസായ വകുപ്പ് സ്വീകരിച്ചിട്ടുണ്ട്. |

| | | | | |
|---|---|---|---|---|
| 6 | 14/1 | 2 | കർഷക ആത്മഹത്യകൾ ഇല്ലാതാക്കാൻ എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിക്കുവാൻ ഉദ്ദേശിക്കുന്നത്; വിശദവിവരം നൽകുമോ? | (1)<br><br>(i) കർഷകർ എടുക്കുന്ന ഹ്രസ്വകാല വായ്പകൾ റിസർവ് ബാങ്ക് ഓഫ് ഇന്ത്യയുടെ Interest subvention പദ്ധതി പ്രകാരം 7% പലിശ നിരക്കിലാണ് നൽകുന്നത്. പ്രസ്തുത ലോണുകൾ കൃത്യമായി തിരിച്ചടയ്ക്കുന്നവർക്ക് 3% കൂടി സബ്സിഡി അനുവദിച്ചിട്ടുണ്ട്.<br><br>(ii) കർഷകരുടെ ദീർഘകാല വിളകൾക്കു വേണ്ട പുതിയ ലോണുകളുടെ 9% വരെ പലിശ വായ്പ എടുക്കുന്ന തീയതി മുതൽ ഒരു വർഷത്തേക്ക് സർക്കാർ നൽകുന്നു.<br><br>(iii) കർഷകർക്ക് കൃഷിക്കും മറ്റു ആവശ്യങ്ങൾക്കുമായി വേണ്ട സമയത്തും അളവിലും ലളിതമായ നടപടികളിലൂടെ ബാങ്ക് വായ്പ കിസ്സാൻ ക്രഡിറ്റ് കാർഡിലൂടെ നൽകിവരുന്നുണ്ട്.<br><br>(iv) 2018-ൽ ഉണ്ടായ പ്രളയത്തിൽ സർക്കാർ പ്രളയബാധിതമായി പ്രഖ്യാപിച്ച 1260 വില്ലേജുകളിലെ ക്ഷീര കർഷകർ, പൗൾട്രി കർഷകർ, അലങ്കാര പക്ഷി കർഷകർ, തേനീച്ച കർഷകർ, കിസാൻ ക്രഡിറ്റ് കാർഡ് ഉടമകൾ തുടങ്ങിയവർക്ക് ഷെഡ്യൂൾഡ് ബാങ്കുകളിൽ നിന്നും സഹകരണ ബാങ്കുകളിൽ നിന്നും എടുക്കുന്ന വായ്പകൾക്ക് ധനസഹായം നൽകുന്നതിനായി ഉജ്ജീവന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. |

| | | | | |
|---|---|---|---|---|
| | | | | 2. സംസ്ഥാന നാണ്യവിളകളായ റബ്ബർ, കാപ്പി, തേയില, കുരുമുളക്, ഏലം, കശുവണ്ടി എന്നിവയുടെ വില അന്താരാഷ്ട്ര വിലയും അന്താരാഷ്ട്ര ഉല്പാദനത്തിനേയും ആശ്രയിച്ചിരിക്കുന്നതിനാൽ നാണ്യവിളകളുടെ ഇറക്കുമതി നയങ്ങൾ പുനഃപരിശോധിക്കണമെന്നും നാണ്യവിളകളെ സംരക്ഷണപ്പട്ടികയിൽ ഉൾപ്പെടുത്തണമെന്നും കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.<br><br>റബ്ബറിന് ന്യായമായ വില ഉറപ്പാക്കുന്നതിനായി റബ്ബർ പ്രൊഡക്ഷൻ ഇൻസന്റീവ് പദ്ധതി നടപ്പിലാക്കി വരുന്നു. 2016-17-ൽ 500 കോടി രൂപയും 2017-18-ൽ 125 കോടി രൂപയും 2018-19 ൽ 359 കോടി രൂപയും നൽകിയിട്ടുണ്ട്. കൂടാതെ ഉണക്ക റബ്ബറിന് ഇറക്കുമതി ചുങ്കം പരമാവധി വർദ്ധിപ്പിച്ച് 20% -മോ 30 രൂപയോ ഏതാണോ കുറവ് അത് ചുമത്തണമെന്ന സംസ്ഥാന സർക്കാരിന്റെ ആവശ്യം കേന്ദ്ര സർക്കാർ നടപ്പിലാക്കിയിട്ടുണ്ട്. നിലവിലുള്ള RPK പദ്ധതിയിൽ റബ്ബർ കിലോഗ്രാമിന് 150 രൂപ MSP എന്നുള്ളത് 200 രൂപയാക്കി ഉയർത്തുവാൻ കേന്ദ്ര സർക്കാരിനോടു ആവശ്യപ്പെട്ടിട്ടുണ്ട്.<br><br>നെല്ലിന്റെ താങ്ങുവില കിലോഗ്രാമിന് കേന്ദ്ര സർക്കാർ വിഹിതമായ 17.50 രൂപയ്ക്ക് പുറമെ |

| | | | | |
|---|---|---|---|---|
| | | | | സംസ്ഥാന ബോണസ് 7.80 രൂപയിൽ നിന്നും 8.50 രൂപ ആക്കി വർദ്ധിപ്പിച്ച് മൊത്തം 26.30 രൂപ ആക്കിയിട്ടുണ്ട്.<br><br>കിലോയ്ക്ക് 27 രൂപ നിരക്കിൽ പച്ചത്തേങ്ങ സംഭരിക്കുവാനും കൂടാതെ കേരഫെഡ് വഴി കൊപ്ര സംഭരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്ന തിനായി നാഫെഡിനെ ചുമതലപ്പെടുത്തിയും ഉത്തരവായിട്ടുണ്ട്.<br><br>3. കാർഷിക വിളകളുടെ ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പുവരുത്തുകയും നഷ്ടപരിഹാരത്തുക വർദ്ധിപ്പി ക്കുകയും ചെയ്ത് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. 45 ദിവസം വരെ പ്രായമുള്ള നെൽകൃഷി നശിച്ചാൽ ഹെക്ടറിന് 15000 രൂപ വീതവും 45 ദിവസ ത്തിനുമേൽ പ്രായമുള്ള നെൽകൃഷി നശിച്ചാൽ ഹെക്ടറിന് 35000 രൂപ വീതവും വിള ഇൻഷ്വറൻസ് നഷ്ട പരിഹാരം ലഭിക്കുന്നതാണ്. കാലാവസ്ഥാ ധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതിയിൽ പരമാവധി വിളകളെ ഉൾക്കൊള്ളിക്കുവാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.<br><br>കൂടാതെ പ്രധാൻമന്ത്രി ഫസൽ ഭീമാ യോജന മുഖേന കർഷകർക്ക് ഇൻഷ്വറൻസ് സംരക്ഷണവും സാമ്പത്തിക സഹായവും നൽകിവരുന്നു. |

| | | | | |
|---|---|---|---|---|
| | | | | 4. അർഹതയുള്ള നെൽകർഷകർക്ക് പലിശ രഹിത വായ്പ സഹകരണ വകുപ്പ് മുഖാന്തിരം ഇപ്പോൾ നൽകി വരുന്നു.<br>5. കാർഷിക മേഖലയിലെ അടിസ്ഥാന സൗകര്യ വികസനത്തിനായി ഗ്രാമീണ അടിസ്ഥാന സൗകര്യ വികസന പദ്ധതി നടപ്പിലാക്കിവരുന്നു. പാടശേഖരങ്ങളിലെ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങളായ ജലസേചന/ജലനിർഗ്ഗമന ചാലുകളുടെ നിർമ്മാണം/പുനരുദ്ധാരണം, ബണ്ടുകളുടെ നിർമ്മാണം/പുനരുദ്ധാരണം, ഫാം റോഡുകളുടെ നിർമ്മാണം/പുനരുദ്ധാരണം തുടങ്ങിയ പ്രവർത്തികൾ ഉൾപ്പെടുന്നു. കൃഷി വകുപ്പിന് കീഴിൽ വരുന്ന ഫാമുകളുടെ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങളായ ജലസേചന സൗകര്യമൊരുക്കൽ, ഫാം റോഡുകളുടെ വികസനം, സംരക്ഷണ വേലികളുടെ/മതിലുകളുടെ നിർമ്മാണം, ഫാം കെട്ടിടങ്ങളുടെ നിർമ്മാണം/കളങ്ങളുടെ നിർമ്മാണം/ പുനരുദ്ധാരണം, ധാന്യപ്പുരകളുടെ നിർമ്മാണം/ പുനരുദ്ധാരണം തുടങ്ങിയവ നടപ്പിലാക്കി. |
| 7 | 14/1 | 11 | തരിശുഭൂമി കൃഷിക്കായി ഏറ്റെടുക്കാൻ എന്തെങ്കിലും സംവിധാനം സർക്കാരിന്റെ പരിഗണനയിലുണ്ടോ; | സമഗ്ര പച്ചക്കറി വികസന പദ്ധതി പ്രകാരം 2016-17 മുതൽ 2018-19 വരെ തരിശു ഭൂമി പാട്ടത്തിനെടുത്ത് പച്ചക്കറി കൃഷി 2477.995 ഹെക്ടർ സ്ഥലത്ത് |

| | | | | |
|---|---|---|---|---|
| | | | ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ? | നടപ്പിലാക്കി. 2016-17 മുതൽ 2018-19 വരെ കൃഷി വകുപ്പിന്റെ കീഴിലുള്ള ഫാമുകളിൽ ഒഴിഞ്ഞുകിടക്കുന്ന മുഴുവൻ പ്രദേശത്തും നല്ല കൃഷി മുറകൾ അവലംബിച്ച് കൊണ്ട് 74.94 ഹെക്ടർ സ്ഥലത്ത് (കുരുമുളക്, മഞ്ഞൾ, കൊക്കൊ, തെങ്ങ്, ഔഷധ സസ്യങ്ങൾ, ഫലവൃക്ഷങ്ങൾ, പച്ചക്കറി, വാഴ, കശുമാവ്, നെല്ല് മുതലായവ ഉൾപ്പെടെ) ജൈവ കൃഷി നടപ്പിലാക്കി. 2016-17 മുതൽ 2018-19 വരെ ആകെ 2552.935 ഹെക്ടർ തരിശു ഭൂമി കൃഷിയ്ക്ക് യോഗ്യമാക്കി. തരിശു ഭൂമി പാട്ടത്തിനെടുത്ത് കൃഷി ചെയ്യുന്നതിനു ഒരു ഹെക്ടറിന് നിലവിൽ നൽകിവരുന്ന ആനുകൂല്യം 30,000 രൂപയിൽ നിന്നും വർദ്ധിപ്പിച്ചിട്ടില്ല. കൂടാതെ 2013-14 മുതൽ 2018-19 വരെ ഉത്തമ കൃഷി മുറകൾ അവലംബിച്ച് ക്ലസ്റ്ററടിസ്ഥാനത്തിൽ ജൈവ കൃഷി 30975 ഹെക്ടർ സ്ഥലത്ത് നടപ്പിലാക്കി. |
| 8 | 14/1 | 32 | നാളികേര അധിഷ്ഠിത അനുബന്ധ വ്യവസായം ആരംഭിക്കാൻ ആവശ്യമായ എന്തെങ്കിലും സംവിധാനമുണ്ടോ? | നാളികേരത്തിന്റെ മൂല്യവർധിത ഉത്പന്നങ്ങൾ ഉണ്ടാക്കാൻ കഴിയുന്ന നാളികേര പാർക്കുകൾ സ്ഥാപിക്കുന്നതിന് വേണ്ടി കോഴിക്കോട് ജില്ലയിൽ കുത്താ ളിയിലും വേങ്ങേരിയിലും ഓരോ നാളികേര പാർക്ക് Kerala Infrastructure Investment Fund Board (KIIFB)-ന്റെ ധനസഹായത്തോടുകൂടി ആരംഭിക്കുന്നതിന് G. O. (Ms.) 1/2018/AD തീയതി |

| | | | | |
|---|---|---|---|---|
| | | | | 1-1-2018 പ്രകാരം) 40 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ DPR തയ്യാറാക്കി KIIFB-യ്ക്ക് സമർപ്പിച്ചി ട്ടുണ്ട്. DPR അംഗീകരി ച്ചതിന് ശേഷം തുടർനടപടികൾ കൈക്കൊള്ളുന്നതാണ്. |
| 9 | 14/2 | 24 | വിഷരഹിത പച്ചക്കറികൾ ശേഖരിച്ച് തളിർ എന്ന ബ്രാൻഡിൽ വിപണിയിൽ എത്തിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചെന്ന് വ്യക്തമാക്കാമോ? | വെജിറ്റബിൾ & ഫ്രൂട്ട് പ്രൊമോഷൻ കൗൺസിലിലെ കർഷകർ ഉൽപ്പാദിപ്പിക്കുന്ന വിഷരഹിത പച്ചക്കറികളും മൂല്യവർദ്ധിത ഉൽപ്പന്നങ്ങളും നേരിട്ട് ശേഖരിച്ച് തളിർ എന്ന ബ്രാൻഡിൽ വിപണനം ചെയ്യുന്നതിനായി സംസ്ഥാനത്തെ പ്രധാന സ്ഥലങ്ങളിൽ ബ്രാൻഡഡ് റീട്ടെയിൽ ഔട്ട് ലെറ്റുകൾ സ്ഥാപിക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കുകയും കൊല്ലം ജില്ലയിലെ കൊട്ടാരക്കരയിലും കടപ്പാക്കടയിലും ഓരോ "തളിർ" ബ്രാൻഡിലുള്ള ചില്ലറ വില്പന ശാലകൾ ആരംഭി ക്കുകയും ചെയ്തിട്ടുണ്ട്. |
| 10 | 14/2 | 25 | വെറ്ററിനറി സർവ്വകലാശാലയുടെ കീഴിൽ ഭാവിയിൽ തുടങ്ങാനുദ്ദേശിക്കുന്ന സ്ഥാപനങ്ങൾ/ പദ്ധതികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ? | കേരള വെറ്ററിനറി ആൻഡ് അനിമൽ സയൻസസ് സർവകലാശാലയുടെ ഗവേഷണ നേട്ടങ്ങൾ കർഷകരിൽ എത്തിക്കുന്നതിനും കർഷകരുടെ പ്രാദേശിക ആവശ്യങ്ങൾ തിരിച്ചറിയുന്നതിനുമായി ഒരു പ്രാദേശിക ഗവേഷണ വിജ്ഞാനവ്യാപനകേന്ദ്രം Veterinary University Teaching Research and |

| | | | | |
|---|---|---|---|---|
| | | | | Entrepreneurship Centre (VURTC) ആരംഭിക്കുന്നതിന് വിഭാവനം ചെയ്യുന്നുണ്ട്. ഇതിനായി കോഴിക്കോട് ജില്ലയിലെ കൊയിലാണ്ടിയിൽ 4.5 ഏക്കർ ഭൂമി വെറ്ററിനറി സർവകലാശാലയ്ക്ക് കൈമാറികൊണ്ട് സ. ഉ. (അച്ചടി) നം. 60/2022/ത.സ്വ.ഭ.വ. തീയതി 15-3-2022 പ്രകാരം ഉത്തരവായിട്ടുണ്ട്. പാലക്കാട് ജില്ലയിൽ പുതിയൊരു വെറ്ററിനറി കോളേജിനായും വയനാട് ജില്ലയിൽ വെസ്റ്റേൺ ഘട്ട് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ വൈൽഡ് ലൈഫ് റിസേർച്ച് ആൻഡ് ട്രൈബൽ വെൽഫെയർ സ്ഥാപിക്കുന്നതിനായും രണ്ട് പ്രൊപ്പോസലുകൾ RKVY പദ്ധതിയുടെ കീഴിൽ അംഗീകാരത്തിനായി വെറ്ററിനറി സർവകലാശാല സർക്കാരിലേക്ക് സമർപ്പിച്ചിരുന്നുവെങ്കിലും പരിഗണിക്കുവാൻ നിർവാഹമില്ലായിരുന്നു. എന്നാൽ വെസ്റ്റേൺ ഘട്ട് റീജിയണൽ ഇൻസ്റ്റിറ്റ്യൂട്ട്-ന് സമാനമായ മറ്റൊരു പദ്ധതിയായ വെസ്റ്റേൺ ഘട്ട് ബയോ ഡൈവേഴ്സിറ്റി വൈൽഡ് ലൈഫ് ഹ്യൂമൻ ഇന്റർഫേസ് ആൻഡ് സൂനോട്ടിക് ഡിസീസസ് (സെന്റർ ഓഫ് എക്സലൻസ് ഇൻ വൺ ഹെൽത്ത്) എന്ന പദ്ധതി KIIFB-യുടെ സഹായത്തോടെ നടപ്പിലാക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു. |

| | | | | |
|---|---|---|---|---|
| 11 | 14/2 | 40 | ഒക്ടോബർ ആദ്യവാരം അപ്പർ കുട്ടനാടൻ മേഖലയിൽ നെല്ല് കൊയ്ത്താരംഭിക്കുകയാണ്. ഈ അവസരത്തിൽ നെല്ല് സംഭരിയ്ക്കുന്നതിനാവശ്യമായ എന്തു നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; നെല്ലിന്റെ വില തീരുമാനിച്ചിട്ടുണ്ടോ? | 2016-ന് ശേഷം നെല്ലിന്റെ താങ്ങുവില വർദ്ധിപ്പിച്ചിട്ടുണ്ട്. 2019-ൽ നെല്ലിന്റെ താങ്ങുവില കേന്ദ്രത്തിന്റേത് കിലോയ്ക്ക് 18.15 രൂപയും സ്റ്റേറ്റ് ഇൻസെന്റീവ് ബോണസ് കിലോയ്ക്ക് 8.80 രൂപയും ചേർത്ത് നിലവിൽ 26.95 രൂപയാണ് നെല്ലിന്റെ താങ്ങുവില. |
| 12 | 14/2 | 59 | ചകിരിയും ചകിരിച്ചോറും അന്യ സംസ്ഥാനങ്ങളിൽ നിന്ന് ഇറക്കുമതി ചെയ്യുന്ന സാഹചര്യത്തിൽ ആലപ്പുഴയിലും സമീപ ജില്ലകളിലുമെങ്കിലും കൃഷിഭവനുകൾ വഴി തൊണ്ടോടുകൂടിയ പച്ചത്തേങ്ങ സംഭരിച്ച് സ്വയം സഹായ സംഘങ്ങളുടെ പങ്കാളിത്തത്തോടെ തേങ്ങ പൊതിച്ച് തൊണ്ട് സംഭരണം നടത്തുന്നതിനെക്കുറിച്ച് പരിശോധിക്കുമോ? | പച്ചത്തേങ്ങ സംഭരണം പുനഃസംഭരിക്കുന്നതിനുള്ള ഉത്തരവ് അനുസരിച്ച്, പച്ചത്തേങ്ങ കർഷകരിൽ നിന്നും, അംഗീകരിച്ച വിവിധ ഏജൻസികളായ കാർഷിക സഹകരണ സംഘങ്ങൾ, കേന്ദ്ര നാളികേരള വികസന ബോർഡിന് കീഴിലുള്ള ഉൽപ്പാദക സംഘങ്ങൾ, ഫെഡറേഷനുകൾ, ഡ്രയർ സൗകര്യമുള്ള എന്നിവ മുഖേന നേരിട്ട് സംഭരിച്ച് കൊപ്രയാക്കി കേരഫെഡിന് കൊടുക്കുന്ന ഒരു സംവിധാനമാണ് നിലവിലുള്ളത് .<br><br>കർഷകരിൽനിന്നും സംഭരിക്കുന്ന തൊണ്ടോടുകൂടിയ നാളികേരത്തിൽ നിന്നും നീക്കം ചെയ്യുന്ന തൊണ്ട്, സംഭരിക്കുന്നതിനായി, കയർ ഡവലപ്പ്മെന്റ് ഡയറക്ടറുമായി ബന്ധപ്പെട്ട് ആവശ്യമായ നടപടികൾ വിവിധ സംഭരണ ഏജൻസികൾ സ്വീകരിക്കണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട് . |

| | | | | |
|---|---|---|---|---|
| 13 | 14/2 | 63 | ഇപ്പോൾ വെള്ളായണി കാർഷിക കോളേജിൽ പ്രവർത്തിക്കുന്ന പച്ചക്കറിയിലെ വിഷാംശങ്ങൾ കണ്ടെത്തുന്ന റെസിഡ്യൂൽ ലാബ് ജില്ലാ കേന്ദ്രങ്ങളിൽ ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ? | നിലവിൽ പ്രസ്തുത കീടനാശിനി അവശിഷ്ട വിഷാംശ പരിശോധന ലാബുകൾ തിരുവനന്തപുരം വെള്ളായണി കാർഷിക കോളേജിനു പുറമേ തൃശ്ശൂർ വെള്ളാനിക്കര, കാർഷിക കോളേജ്, കാസർഗോഡ്, പടന്നക്കാട് കാർഷിക കോളേജ് എന്നിവിടങ്ങളിൽ പുതുതായി പ്രവർത്തനം ആരംഭിച്ച് കഴിഞ്ഞിട്ടുണ്ട്. ഇപ്രകാരം സംസ്ഥാനത്തിന്റെ സെൻട്രൽ, സതേൺ, നോർത്തേൺ റീജിയണുകളിൽ ഇപ്പോൾ കീടനാശിനി അവശിഷ്ട വിഷാംശ പരിശോധനാ ലാബുകൾ പ്രവർത്തിച്ചുവരുന്നു. ജില്ലാടിസ്ഥാനത്തിൽ ഇപ്രകാരം ലാബുകൾ സ്ഥാപിക്കുന്നതിന് സർക്കാർ തീരുമാനം ആയിട്ടില്ല. |
| 14 | 14/2 | 64 | സംസ്ഥാനത്ത് വിഷരഹിത പച്ചക്കറി ഉറപ്പാക്കാൻ എന്തെല്ലാം സംവിധാനങ്ങൾ ആസൂത്രണം ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?<br>(സി) പച്ചക്കറി പരിശോധനയ്ക്കായി കൃഷി വകുപ്പിൽ മൊബൈൽ ലബോറട്ടറി ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ? | സംസ്ഥാനത്ത് വിഷരഹിത പച്ചക്കറി ഉത്പാദനം ഉറപ്പാക്കാൻ ജൈവ കൃഷിയും ഉത്തമ കാർഷിക മുറകളും പദ്ധതി പ്രകാരം ജൈവ കൃഷി ക്ലസ്റ്ററുകൾ രൂപീകരിച്ച് പ്രവർത്തനങ്ങൾ നടപ്പാക്കുന്നു. നടപ്പു സാമ്പത്തിക വർഷം ഇത്തരം 200 ക്ലസ്റ്ററുകൾ നടപ്പാക്കുന്നുണ്ട്. ഇതിനു പുറമേ കേന്ദ്ര-സംസ്ഥാന സർക്കാർ സംയുക്തമായി നടപ്പാക്കുന്ന പരമ്പരാഗത കൃഷി വികാസ് യോജന പദ്ധതി പ്രകാരവും ഇതേ മാതൃകയിൽ 619 ജൈവ ക്ലസ്റ്ററുകൾ സ്ഥാപിച്ച് കൃഷി |

| | | | | |
|---|---|---|---|---|
| | | | | നടപ്പാക്കിവരുന്നുണ്ട്. പൊതുജനങ്ങൾക്ക് വിഷരഹിത പച്ചക്കറി ലഭ്യമാക്കുന്നതിനുവേണ്ടി ക്ലസ്റ്റർ ഉല്പന്നങ്ങൾ ഇക്കോഷോപ്പുകൾ സ്ഥാപിച്ച് വിൽപന നടത്തുന്നുണ്ട്. ഇത്തരം 241 ഇക്കോഷോപ്പുകൾ നിലവിലുണ്ട്. ഇവയുടെ പ്രവർത്തനങ്ങൾക്ക് 2 ലക്ഷം രൂപ വീതം ധനസഹായം നൽകുന്നുണ്ട്. ഇതിനു പുറമെ മുൻവർഷങ്ങളിൽ സ്ഥാപിച്ച ഇക്കോഷോപ്പുകൾക്ക് 1 ലക്ഷം രൂപ ക്രമത്തിൽ റിവോൾവിംഗ് ഫണ്ടും ലഭ്യമാക്കുന്നുണ്ട്. നടപ്പുസാമ്പത്തിക വർഷം (2019-20) 15 പുതിയ ഇക്കോഷോപ്പുകൾ സ്ഥാപിക്കുന്നതിനു 30.00 ലക്ഷം രൂപ പദ്ധതിയിൽ വകയിരുത്തിയിട്ടുണ്ട്. ഗുണനിലവാരത്തിന്റെ അടിസ്ഥാനത്തിൽ ജൈവ ഉല്പന്നങ്ങൾ ബ്രൻഡ് ചെയ്ത് കേരള ഓർഗാനിക് എന്ന ലേബലിൽ ലഭ്യമാക്കുന്നുണ്ട്.<br><br>ഭക്ഷ്യസുരക്ഷാ വകുപ്പിനു കീഴിൽ ഇപ്പോൾ മൂന്ന് മൊബൈൽ ലാബുകൾ പ്രവർത്തിക്കുന്നുണ്ട്. ഈ മൂന്ന് ലാബിലും പച്ചക്കറികളിലെ രാസ സാന്നിദ്ധ്യം പരിശോധിക്കുന്നതിനുള്ള സംവിധാനങ്ങൾ നിലവിലില്ല. |

## VII. റവന്യൂ വകുപ്പ്

| ക്രമ നമ്പർ | നിയമസഭ സമ്മേളനം | ഉറപ്പ് നമ്പർ | സഭയിൽ ഉന്നയിക്കപ്പെട്ട ചോദ്യങ്ങളും ഉറപ്പുകളും | സർക്കാരിൽ നിന്ന് ലഭിച്ച സ്റ്റേറ്റ്മെന്റ് |
|---|---|---|---|---|
| 1 | 13/2 | 5 | ശബരിമല പുല്ലുമേട് ദുരന്തത്തിൽ മരിച്ച മുഴുവൻ പേരുടെയും ആശ്രിതർക്ക് നാലു ലക്ഷം രൂപ വീതം ധനസഹായം ലഭ്യമാക്കുന്നതിനുള്ള തീരുമാനം നടപ്പാക്കിയിട്ടുണ്ടോ? | ശബരിമല പുല്ലുമേട് ദുരന്തത്തിൽ മരണമടഞ്ഞവരുടെ ആശ്രിതർക്ക് 5 ലക്ഷം രൂപ വീതം അനുവദിക്കാൻ തീരുമാനിക്കുകയും ആയതിൽ രണ്ടര ലക്ഷം രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും രണ്ടര ലക്ഷം രൂപ തിരുവിതാംകൂർ ദേവസ്വം ബോർഡിൽ നിന്നും അനുവദിച്ച് നൽകുവാനും തീരുമാനിച്ചതിൻ പ്രകാരം സർക്കാർ ഉത്തരവ് (എം.എസ്.) 103/2011/റവ. തീയതി 25-2-2011 പ്രകാരം ശബരിമല പുല്ലുമേട് ദുരന്തത്തിൽ മരണമടഞ്ഞവരുടെ ആശ്രിതർക്ക് 2,50,000 രൂപ വീതം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിച്ച് ഉത്തരവായിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ മരണമടഞ്ഞ 102 പേരിൽ 93 പേർക്കായി 2,32,50,000 രൂപ വിതരണം ചെയ്തിട്ടുള്ളതായും ശേഷിക്കുന്ന 9 പേരുടെ ലീഗൽ ഹെയർഷിപ്പ് സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ലാത്തതിനാൽ ധനസഹായം അനുവദിച്ചിട്ടില്ലാത്തതും നിയമപരമായ അവകാശികൾ ബന്ധപ്പെട്ട രേഖകൾ ഹാജരാക്കുന്ന മുറയ്ക്ക് ധനസഹായം അനുവദിക്കുന്നതാണെന്നും |

| | | | | |
|---|---|---|---|---|
| | | | | ഇടുക്കി ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ദേവസ്വം ബോർഡ് വിഹിതമായ 2,50,000 രൂപ വീതം മരണമടഞ്ഞ 102 പേരുടെയും ആശ്രിതർക്ക് അനുവദിച്ച് നൽകിയിട്ടുള്ളതായി തിരുവിതാംകൂർ ദേവസ്വം ബോർഡ് കമ്മീഷണർ അറിയിച്ചിട്ടുണ്ട്. |
| 2 | 13/10 | 49 | ദേവസ്വം ഭൂമിയിലെ കയ്യേറ്റം തിരിച്ച് പിടിക്കുന്നതിന് മുൻ സർക്കാരിന്റെ കാലത്ത് സ്വീകരിച്ചുപോന്ന നടപടികൾ തുടരുന്നുണ്ടോ; എങ്കിൽ കയ്യേറ്റങ്ങൾ ആവർത്തിക്കുന്നത് എന്തുകൊണ്ടാണെന്ന് പരിശോധിച്ചിട്ടുണ്ടോ; ദേവസ്വം ഭൂമി കയ്യേറ്റം ചെയ്യുന്നില്ലെന്നുറപ്പാക്കാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്നറിയിക്കാമോ? | ദേവസ്വം ബോർഡുകളുടെ അധീനതയിലുള്ള വസ്തുക്കളിൽ അനധികൃത കൈയ്യേറ്റം കാരണം അന്യാധീനപ്പെട്ടിട്ടുള്ള വസ്തു വീണ്ടെടുക്കുന്നതിനായി ലാന്റ് കൺസർവൻസി യൂണിറ്റുകൾ പ്രവർത്തിച്ച് വരുന്നുണ്ട്. സംസ്ഥാനത്തെ ദേവസ്വം ബോർഡുകളുടെ നിയന്ത്രണത്തിലുള്ള ദേവസ്വങ്ങളുടെ ഉടമസ്ഥതയിലുള്ള ഭൂമി കൈയ്യേറ്റം ഒഴിപ്പിക്കുന്നതിനും അതുമൂലമുണ്ടാകുന്ന തർക്കങ്ങൾ പരിഹരിക്കുന്നതിനുമായി ഒരു ഏകാംഗ ദേവസ്വം ട്രിബ്യൂണൽ രൂപീകരിക്കുന്നത് സംബന്ധിച്ച നടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നു . |
| 3 | 13/11 | 36 | സർക്കാർ ഭൂമിയിൽ പാട്ടത്തിനു പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ ഭീമമായ തുക പാട്ടക്കുടിശ്ശികയുള്ളവയുടെ പാട്ടവ്യവസ്ഥ റദ്ദാക്കി പ്രസ്തുത ഭൂമി ഏറ്റെടുക്കാൻ നടപടി സ്വീകരിക്കുമോ? | ലീസ് കാലാവധി കഴിഞ്ഞിട്ടും പാട്ട കുടിശ്ശിക ഉള്ള കേസുകളിൽ ലാൻഡ് റവന്യൂ കമ്മീഷണറുടെ 6-5-2008-ലെ എൽ.ആർ.ജെ. 8-7022/08 നമ്പർ സർക്കുലർ പ്രകാരം സമയബന്ധിതമായി എൽ.സി. നടപടികൾ സ്വീകരിച്ചിട്ടുണ്ട് റവന്യൂ റിക്കവറി നിയമം പ്രകാരം പലിശസഹിതമുള്ള കുടിശിക തുക |

| | | | | |
|---|---|---|---|---|
| | | | | ഈടാക്കാനും അത്തരം കേസുകളിൽ ലീസ് പുതുക്കാതെ സ്ഥലം സർക്കാരിലേക്ക് ഏറ്റെടുക്കാനും നടപടി സ്വീകരിച്ചു വരുന്നു. |
| 4 | 13/11 | 54 | വില്ലേജാഫീസുകളിൽ പൗരാവകാശരേഖ പ്രസിദ്ധീകരിക്കുവാനും സോഷ്യൽ ഓഡിറ്റിംഗിന് വിധേയമാക്കാനും വില്ലേജ്തല സമിതികൾ കാര്യക്ഷമമാക്കാനും ആലോചിക്കുന്നുണ്ടോ ? | സർക്കാർ നിർദ്ദേശ പ്രകാരം 2010-ൽ ഐ.എൽ.ഡി.എം.-ൽ നിന്നും പൗരാവകാശരേഖ പ്രസിദ്ധീകരിച്ചിട്ടുള്ളതും അവ എല്ലാ വില്ലേജ് ഓഫീസുകളിലൂടെയും വിതരണം ചെയ്തിട്ടുള്ളതുമാകുന്നു. |
| 5 | 13/12 | 24 | പുഴകളുടെ പുനരുജ്ജീവനത്തിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ;<br>എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്;<br>എന്തെല്ലാം പ്രവർത്തനങ്ങളാണ് പദ്ധതിയുടെ ഭാഗമായി നടത്തുന്നത്? | ഉണ്ട്. മണൽ ഖനനവും അനധികൃത കൈയ്യേറ്റവുംമൂലം നദികൾ നശിച്ചുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ ഇവയെ സംരക്ഷിക്കുന്നതിനും, പുനരുദ്ധരിക്കുന്നതിനും പുനഃസ്ഥാപിക്കുന്നതിനും വേണ്ടി "പുഴ മുതൽ പുഴവരെ " എന്ന ഒരു പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്.<br>പരിസ്ഥിതിക്ക് ആഘാതമാണ്ടാക്കുന്ന തരത്തിലുള്ള പുഴയിൽ നിന്നുള്ള മണലെടുപ്പ്, മാലിന്യങ്ങളുടെ അതിപ്രസരം, മഴയുടെ അപര്യാപ്തത എന്നിവയെല്ലാം മൂലം നശിച്ചുകൊണ്ടിരിക്കുന്ന പുഴകളെ പുനരുജ്ജീവിപ്പിക്കുന്നതിനായി അനധികൃത മണൽ വാരൽ പൂർണ്ണമായും ഇല്ലാതാക്കുക, പുഴകളുടെ സ്വാഭാവികത നിലനിർത്തുക, പുഴകളെ മാലിന്യ വിമുക്തമാക്കി പുഴകളുടെ ജൈവഘടന സംരക്ഷിക്കുക, വരൾച്ചയെ |

| | | | | |
|---|---|---|---|---|
| | | | | തടയുന്നതിനായി തടയണകൾ നിർമ്മിക്കുക, സംരക്ഷണ ഭിത്തികൾ സ്ഥാപിക്കുക, നദീതീരം അളന്ന് തിട്ടപ്പെടുത്തുക. വൃക്ഷതൈകൾ നട്ടു വളർത്തുക. നദീതീരങ്ങളിൽ പാർക്കുകൾ സ്ഥാപിക്കുക, ടൂറിസം പ്രോത്സാഹിപ്പിക്കുക, തുടങ്ങിയ ലക്ഷ്യങ്ങൾ മുൻനിർത്തിയുള്ള പദ്ധതികൾ നടപ്പിലാക്കിവരുന്നുണ്ട്.<br><br>ഭാരതപ്പുഴയുടെ സംരക്ഷണത്തിനായി രൂപം കൊടുക്കുന്ന "പുഴ മുതൽ പുഴ വരെ" പദ്ധതി സർക്കാരിന്റെ അനുമതിയ്ക്കായി സമർപ്പിച്ചിട്ടുണ്ട്. മണൽ മാഫിയയെ തടയുന്നതിനുള്ള സ്ക്വാഡ് പ്രവർത്തനം സർക്കാരിന്റെ ഭരണാനുമതി ലഭിച്ച പരാതികൾ മലപ്പുറം ജില്ലയിലെ റിവർ മാനേജ്മെന്റ് ഫണ്ട് ഉപയോഗിച്ച് ചെയ്തു വരുന്നുണ്ട്. വരട്ടാർ പുന:സ്ഥാപിക്കുന്നതിനായി നദീതീരത്തെ അളന്നു തിട്ടപ്പെടുത്തുകയും കൈയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. നദിയിൽ അടിഞ്ഞു കൂടിയിട്ടുള്ള മണലുകൾ ഖനനം ചെയ്യുന്നതിന് മണ്ണൽ ഓഡിറ്റിംഗ് നടത്തുന്നതിന് സർക്കാരിലേയ്ക്ക് അനുവാദത്തിനായി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ടി പദ്ധതിയുടെ ഭാഗമായി |

| | | | | |
|---|---|---|---|---|
| | | | | പത്തനംതിട്ട ജില്ലയിൽ വള്ളിക്കോട്, ഐരവൺ, കോന്നി വില്ലേജുകളിലായി 10 ഏക്കർ ഭൂമി അളന്നു തിട്ടപ്പെടുത്തുകയും അവിടെ ഫലവൃക്ഷ തൈകൾ നട്ടുപിടിപ്പിക്കുന്നതിനും, കുട്ടികൾക്കും മുതിർന്നവർക്കും ഉപയോഗിക്കുന്നതിനായി പാർക്കുകൾ സ്ഥാപിക്കുന്നതിനും പത്തനംതിട്ട ജില്ലാ നിർമ്മിതി കേന്ദ്രം മുഖേന പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ട്. |
| 6 | 13/12 | 54 | കൈമാറ്റം ചെയ്യപ്പെടുന്ന വസ്തുവിന്റെ പോക്കുവരവ് ചെയ്ത് നൽകുന്നതിലെ കാലതാമസം ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ? | കൈമാറ്റം ചെയ്യുന്ന വസ്തുക്കളുടെ പോക്കുവരവ് സംബന്ധിച്ച് കാലതാമസം ഒഴിവാക്കുന്നതിനായി ലാന്റ് റവന്യൂ കമ്മീഷണറേറ്റ്, ജില്ലാ കളക്ടറേറ്റുകൾ എന്നിവടങ്ങളിൽ കർശന നടപടി സ്വീകരിക്കുന്നുണ്ട്. കൂടാതെ കേരളത്തിലെ പകുതിയിൽ കൂടുതൽ വില്ലേജുകളിൽ ഓൺലൈൻ പോക്കുവരവ് സംവിധാനം നിലവിൽ വന്നിട്ടുണ്ട്.<br><br>ലാന്റ് റവന്യൂ കമ്മീഷണറേറ്റിലെ പരിശോധന വിഭാഗം ടി കാര്യത്തിൽ പ്രത്യേക പരിഗണന നൽകുന്നുണ്ട്. താലൂക്കിലെ എല്ലാ വില്ലേജുകളിലെയും പോക്കുവരവ് കേസുകൾ അഡീഷണൽ തഹസിൽദാരുടെ നേതൃത്വത്തിലുള്ള സംഘം മാസംതോറും പരിശോധിക്കാനും, ജില്ലാ കളക്ടറുടെ പരിശോധനാ വിഭാഗം താലൂക്ക് ഓഫീസിലും |

| | | | | |
|---|---|---|---|---|
| | | | | വില്ലേജ് ഓഫീസുകളിലും പരിശോധന നടത്തി ജില്ലാ കളക്ടർക്ക് റിപ്പോർട്ട് നൽകാനും, ജില്ലാ പോക്കുവരവ് സംബന്ധിച്ച പരിശോധന റിപ്പോർട്ടുകൾ ക്രോഡീകരിച്ച് ജില്ലാ കളക്ടർമാർ മൂന്നു മാസത്തിലൊരിക്കൽ ലാന്റ് റവന്യൂ കമ്മീഷണർക്ക് നൽകാൻ നിർദ്ദേശം നൽകുന്നുണ്ട്. |
| 7 | 13/15 | 7 | ചൈത്രവാഹിനി പുഴയുടെ കൈവഴി പ്രദേശവും ആനത്താരയുള്ള പ്രദേശവുമായ മാലോം കണ്ടുപ്പള്ളി-പടയങ്കല്ലിൽ അനധികൃത ക്വാറിയും ക്രഷറും യാഥാർത്ഥ്യ മായാൽ ഗൗരവമായ പാരിസ്ഥിതിക ആഘാതം ഉണ്ടാകുമെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ? | ചൈത്ര വാഹിനിപ്പുഴയുടെ കൈവഴി പ്രദേശവും ആനത്താരയുള്ള പ്രദേശവുമായ മാലോം കണ്ടുപ്പള്ളി പടയങ്കല്ലിൽ ക്വാറിയും ക്രഷറും നിലവിൽ വന്നാൽ പാരിസ്ഥിതിക ആഘാതം ഉണ്ടാകാൻ സാദ്ധ്യതയുണ്ടെന്ന് കാസർഗോഡ് ജില്ലാ കളക്ടർ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ടി സ്ഥലത്ത് നിലവിൽ ക്വാറിയും ക്രഷറും പ്രവർത്തിക്കുന്നില്ല. |
| 8 | 13/16 | 19 | കൊരട്ടി ഐ.ടി. പാർക്കിന്റെ വൻ വികസന സാദ്ധ്യത കണക്കിലെടുത്ത്, ആവശ്യമായ അടിസ്ഥാന സൗകര്യ വികസനത്തിനായി കൊരട്ടി ജംഗ്ഷനോട് ചേർന്ന കമ്പനി വക സ്ഥലത്തുനിന്നും ബസ് സ്റ്റാന്റ്, വാണിജ്യ കേന്ദ്രം, തുടങ്ങിയ അവശ്യ വികസന സൗകര്യങ്ങൾ ഒരുക്കുന്നതിനുള്ള സ്ഥലം | സ്ഥലം സർവ്വെ പൂർത്തിയാക്കി ഇക്കാര്യത്തിൽ ജില്ലാ കളക്ടറിൽ നിന്നും പ്രൊപ്പോസൽ ലഭിക്കുന്ന മുറയ്ക്ക് അർഹത പരിശോധിച്ച് ഭൂമി നൽകുന്നതിന് വേണ്ട അനന്തരനടപടി കൈക്കൊള്ളാവുന്നതാണ്. |

| | | | | |
|---|---|---|---|---|
| | | | കൊരട്ടി പഞ്ചായത്തിന് വിട്ടു നൽകുന്നതിന് സത്വര നടപടികൾ സ്വീകരിക്കുമോ? | |
| 9 | 14/1 | 59 | 1977-ന് മുമ്പുള്ള കൈവശക്കാർക്ക് ഭൂമി വിതരണം ചെയ്യുന്നതിന് എന്തു നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ ? | കല്ലട ജലസേചന പദ്ധതി അടിയന്തിരമായി കമ്മീഷൻ ചെയ്യുന്നതിന്റെ ഭാഗമായി പരപ്പാർ ഡാമിന്റെ വൃഷ്ടിപ്രദേശത്ത് ഏകദേശം 131 ഹെക്ടറിൽ അധികം വരുന്ന സ്ഥലത്ത് താമസിച്ചിരുന്ന 400 ഓളം കുടുംബങ്ങളെ 1980 കാലഘട്ടത്തിൽ ഒഴിപ്പിച്ച് തിങ്കൾക്കരിക്കം വില്ലേജിൽ സർവ്വെ 745/1-ൽപ്പെട്ട കല്ലുവെട്ടാംകുഴി എന്ന സ്ഥലത്ത് സാംനഗർ എന്നറിയപ്പെടുന്ന 90 ഏക്കർ ഭൂമിയിൽ പുനരധിവസിപ്പിക്കുകയും ടി കക്ഷികളെ ഒഴിപ്പിച്ചതിന് പകരം ഭൂമി നൽകുന്നതിന്റെ ഭാഗമായി ടി ഭൂമി പുനലൂർ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറിൽ നിന്നും ഏറ്റുവാങ്ങി 388 കുടുംബങ്ങൾക്കായി വിതരണം ചെയ്തിട്ടുള്ളതുമാണ്.<br><br>ടി ഭൂമി ടിയാളുകൾക്ക് പതിച്ച് നൽകുന്നതിനായി വനം വകുപ്പിന് പകരം റവന്യൂ ഭൂമി നൽകണമെന്ന നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ കൊല്ലം ജില്ലയിൽ റവന്യൂ ഭൂമി ലഭ്യമല്ലാത്തതിനാൽ ഇടുക്കി ജില്ലയിൽ ഭൂമി കണ്ടെത്തി റിപ്പോർട്ട് ചെയ്യുന്നതിന് ഇടുക്കി ജില്ലാ കളക്ടറെ ചുമതലപ്പെടുത്തിയതിൽ ഇടുക്കി ജില്ലയിൽ ഉടുമ്പൻചോല താലൂക്കിൽ |

| | | | | |
|---|---|---|---|---|
| | | | | ചിന്നക്കനാൽ വില്ലേജിൽ ഭൂമി കണ്ടെത്തിയിട്ടുള്ളതും ടി ഭൂമിയുടെ വിവരങ്ങൾ പുനലൂർ തഹസിൽദാർ മുഖേന പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ, ഫോറസ്റ്റ് ക്വാർട്ടേഴ്സ്, വഴുതക്കാട് കാര്യാലയത്തിൽ സമർപ്പിച്ചിട്ടുള്ളതുമാണ്.<br><br>എന്നാൽ 4-4-2018-ൽ ടി വിഷയം സംബന്ധിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ ടി സ്ഥലം (സാംഗനർ കോളനി പ്രദേശം) ഓയിൽപാം കോർപ്പറേഷൻ ലിമിറ്റഡിന് 1980-ന് മുമ്പ് കൈമാറിയിട്ടുള്ളതാണെന്നും കോളനി നിവാസികൾ 1984 മുതൽ ടി സ്ഥലത്ത് താമസിച്ച് വരുന്നതായും ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ അറിയിച്ചതിൽ ഫോറസ്റ്റ് കൺസർവേഷൻ ആക്ട് 1980 നിലവിൽ വരുന്നതിന് മുമ്പ് ടി ഭൂമി ഓയിൽ പാം കോർപ്പറേഷൻ ലിമിറ്റഡിന് കൈമാറിയിട്ടുള്ളതിനാൽ ടി ഭൂമിയ്ക്ക് പകരം റവന്യൂ ഭൂമി കൈമാറേണ്ടതില്ലാത്തതിനാൽ വനം വകുപ്പിന് കൈമാറാൻ ഇടുക്കി ജില്ലയിൽ കണ്ടെത്തിയ ഭൂമി റിസർവ് ചെയ്ത് വയ്ക്കുവാനും ഭൂമി അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാനും തീരുമാനമായിരുന്നു. |

| | | | | |
|---|---|---|---|---|
| | | | | ടി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പട്ടയം നൽകുന്നതിനായി നിലവിൽ ടി സ്ഥലത്ത് താമസിക്കുന്ന 640 ഓളം കൈവശങ്ങൾ സർവ്വെ ചെയ്ത് സർവ്വെ റിക്കാർഡുകൾ തയ്യാറാക്കുന്നതിന് സർവ്വെയർമാരെ നിയോഗിച്ചിട്ടുള്ളതും സർവ്വെ നടപടികൾ നടന്നുവരുന്നതുമാണ്. സർവ്വെ നടപടികൾക്ക് ആവശ്യമായി തുക (ചെയിൻമാൻ വേജസ് ഇനത്തിലും മറ്റും) സർവ്വെ ഡയറക്ടറുടെ ഫണ്ടിൽ നിന്നും അനുവദിച്ച് ഉത്തരവായിട്ടുണ്ട്. സർവ്വെ നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് പതിവ് റിക്കാർഡുകൾ തയ്യാറാക്കി പട്ടയം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |
| 10 | 14/1 | 61 | എറണാകുളം ജില്ലയിലെ കൊച്ചി താലൂക്കിൽപ്പെട്ട ഫോർട്ടുകൊച്ചി, മട്ടാഞ്ചേരി, രാമേശ്വരം, തോപ്പുംപടി വില്ലേജുകളിലെ ഭൂരഹിതരുടെ പ്രശ്നപരിഹാരത്തിന് എന്ത് ഉപാധിയാണ് നിലവിലുള്ളതെന്ന് അറിയിക്കുമോ ? | ഭൂരഹിതരില്ലാത്ത കേരളം പദ്ധതിക്ക് 2018-19 സാമ്പത്തിക വർഷം മുതൽ തുകയൊന്നും വകയിരുത്തിയിട്ടില്ല. 2011-ൽ കേന്ദ്ര സർക്കാർ നടത്തിയ സാമൂഹിക - സാമ്പത്തിക - ജാതി സെൻസസിൽ നിന്നും ലഭിച്ചിട്ടുള്ള ഭൂരഹിതർ ഭൂമിയുള്ള ഭവന രഹിതർ എന്നീ വിഭാഗങ്ങളിൽ ഉൾപ്പെട്ടിട്ടുള്ളവരുടെ പട്ടികയും, വിവരങ്ങളും, കോർപ്പറേഷൻ/മുൻസിപ്പാലിറ്റി/ഗ്രാമപഞ്ചായത്ത് എന്നിവയിൽ നിലവിൽ വിവിധ പദ്ധതികൾക്കായി തയ്യാറാക്കിയിട്ടുള്ള ഭൂരഹിത ഭവനരഹിതരുടെ പട്ടികയും അടിസ്ഥാന രേഖയായി പരിഗണിച്ച് |

| | | | | |
|---|---|---|---|---|
| | | | | നിലവിലുള്ള പദ്ധതി പ്രകാരം അർഹരായ ഭൂരഹിത, ഭവനരഹിതരെ സർക്കാരിന്റെ സമ്പൂർണ്ണ പാർപ്പിട സുരക്ഷാ പദ്ധതിയായ ലൈഫ് മിഷൻ പദ്ധതിയിൽ ആനുകൂല്യത്തിന് പരിഗണിച്ചുവരുന്നു. ഭൂരഹിതരില്ലാത്ത കേരളം പദ്ധതി പ്രകാരം ലഭിച്ചിരുന്ന അപേക്ഷകൾ സർക്കാരിന്റെ സമ്പൂർണ്ണ പാർപ്പിട പദ്ധതിയായ ലൈഫ് മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി പരിഗണിച്ചു വരുന്നു |
| 11 | 14/2 | 18 | ഗ്രൂപ്പ് വില്ലേജുകൾ സിംഗിൾ വില്ലേജുകളായി മാറ്റുന്നതിന് നടപടി സ്വീകരിക്കുമോ? | സംസ്ഥാനത്തെ വില്ലേജുകളിലെ വർദ്ധിച്ച ജനസംഖ്യയും ഭൂപ്രകൃതിയും പരിഗണിച്ച് അടിയന്തിര പ്രാധാന്യം നൽകി വിഭജന നടപടികൾ തുടർന്നുവന്നിരുന്നു. എന്നാൽ സംസ്ഥാനത്തിന്റെ നിലവിലെ സാമ്പത്തികസ്ഥിതി കണക്കിലെടുത്ത് വില്ലേജ് വിഭജനം ഇപ്പോൾ സർക്കാർ പരിഗണനയിലില്ല. |
| 12 | 14/4 | 13 | മുഖ്യമന്ത്രിയുടെ ചികിത്സ ദുരിതാശ്വാസ നിധിയിൽ നിന്നും ചികിത്സ ധനസഹായം ലഭിക്കുന്നതിനുവേണ്ടി എം.എൽ.എ.-യുടെ ശിപാർശപ്രകാരം അയക്കുന്ന അപേക്ഷ യിന്മേൽ അനുവദിക്കുന്ന വിശദാംശങ്ങൾ ബന്ധപ്പെട്ട എം.എൽഎ.-മാരെ അറിയി ക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുമോ? | ജനപ്രതിനിധികൾ സി.എം.ഒ. പോർട്ടലിലൂടെ സമർപ്പിക്കുന്ന സി.എം.ഡി.ആർ.എഫ്. അപേക്ഷകളുടെ തൽസ്ഥിതി അറിയാനുള്ള സംവിധാനം പോർട്ടലിൽ ലഭ്യമാണ്. എം.എൽ.എ.-മാർ പോർട്ടലിലൂടെ സമർപ്പിക്കുന്ന അപേക്ഷകളുടെ തൽസ്ഥിതി അതാത് എം.എൽ.എ.-മാർക്ക് പോർട്ടലിലൂടെ അറിയാൻ സാധിക്കും. അതോടൊപ്പം സി.എം.ഡി.ആർ.എഫ്. |

| | | | | |
|---|---|---|---|---|
| | | | | അപേക്ഷയുടെ നീക്കം എസ്.എം.എസ്.-ലൂടെ അപേക്ഷകരെ അറിയിക്കുന്നുണ്ട് |
| 13 | 14/4 | 22 | കുടിയേറ്റ കർഷകർക്ക് പട്ടയം നൽകുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നത് എന്നറിയിക്കാമോ? | 1-1-1977-ന് മുൻപ് വനഭൂമിയിൽ കുടിയേറിയവർക്ക് പട്ടയം നൽകുന്നതിനുള്ള 1993-ലെ പ്രത്യേക ഭൂമി പതിവ് ചട്ടങ്ങൾ പ്രകാരം ഇടുക്കി ജില്ലയിൽ കേന്ദ്രാനുമതി ലഭിച്ച ഭൂമിയ്ക്ക് 7 ഭൂമി പതിവ് സ്പെഷ്യൽ തഹസിൽദാർ ഓഫീസുകൾ മുഖാന്തിരം നാളിതുവരെ 15898.6395 ഹെക്ടർ ഭൂമിയ്ക്ക് 57,660 പട്ടയങ്ങൾ വിതരണം ചെയ്തിട്ടുള്ളതാണ്. |
| 14 | 14/7 | 3 | പാട്ടക്കാലാവധി കഴിഞ്ഞ വൻകിട തോട്ടങ്ങൾ സർക്കാർ ഏറ്റെടുക്കണമെന്ന് സ്പെഷ്യൽ ഓഫീസറായിരുന്ന ശ്രീ. രാജമാണിക്യം റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; പ്രസ്തുത റിപ്പോർട്ടിന്മേൽ സർക്കാർ തീരുമാനമെടുത്തിട്ടുണ്ടോ? | സ്പെഷ്യൽ ഓഫീസർ & കളക്ടർ 4-6-2016-ൽ സമർപ്പിച്ച റിപ്പോർട്ടിനെ തുടർന്ന് "കേരളാ ലാൻഡ് ഗ്രാബിംഗ് (പ്രോഹിബിഷൻ) ബിൽ 2017 " -ന്റെ കരട് തയ്യാറാക്കി നിയമ വകുപ്പിന്റെ പരിശോധനയ്ക്കുശേഷം അഡ്വക്കേറ്റ് ജനറലിന്റെ വിദഗ്ധാഭിപ്രായത്തിനായി കൈമാറിയപ്പോൾ അഡ്വക്കേറ്റ് ജനറലിന്റെ ഓഫീസിൽ നിന്നും ഭേദഗതികളോടെ മടക്കി നൽകിയ പ്രസ്തുത കരട് ബിൽ സർക്കാർ ഭൂമിയിലെ സമീപകാല കൈയ്യേറ്റം ഒഴിപ്പിക്കുന്നതിനു മാത്രമേ ഉപകരിക്കുകയുള്ളൂ എന്നു കണ്ടതിനാൽ വീണ്ടും നിയമവകുപ്പിന്റെ അഭിപ്രായത്തിനായി ഇതുസംബന്ധിച്ച ഫയൽ സമർപ്പിച്ചിരിക്കുകയാണ്. 11-4-2018-ലെ WP(C)33122/2014 & Ors കേസുകളിലെ ബഹു. ഹൈക്കോടതിയുടെ |

629/2025.

| | | | | |
|---|---|---|---|---|
| | | | | വിധിന്യായത്തിൽ തർക്കഭൂമിയുടെ ഉടമസ്ഥത സ്ഥാപിക്കുന്നതിനായി സർക്കാർ സിവിൽ കോടതിയിൽ കേസുകൾ ഫയൽ ചെയ്യണമെന്നാണ് ഉത്തരവായിരുന്നത്. ഭൂമിയുടെ ഉടമസ്ഥത (title) അന്തിമമായി നിർണ്ണയിക്കേണ്ടത് സിവിൽ കോടതിയാലാണെന്ന് വിധിച്ചിട്ടുള്ള സാഹചര്യത്തിൽ സർക്കാർ പുതിയ നിയമ നിർമ്മാണം നടത്തിയാലും തർക്കഭൂമിയുടെ ഉടമസ്ഥത നിർണ്ണയിക്കുന്നതിനു സിവിൽ കോടതിയെ തന്നെ സമീപിക്കേണ്ട സാഹചര്യമാണ് നിലനിൽക്കുന്നത്. സർക്കാരുമായി ഉടമസ്ഥതാതർക്കം നിലനിൽക്കുന്ന ഭൂമിയുടെ ഉടമസ്ഥത ഏകപക്ഷീയമായി നിർണ്ണയിച്ച് ഭൂമി സർക്കാരിനു ഏറ്റെടുക്കാനാവില്ല എന്ന് ബഹു.ഹൈക്കോടതി വിധിച്ചിട്ടുള്ളതും പ്രസ്തുത വിധിക്കെതിരെ സർക്കാർ സമർപ്പിച്ച അപ്പീൽ ബഹു. സുപ്രീംകോടതി തള്ളിയതുമായ സാഹചര്യത്തിൽ ഹാരിസൺ മലയാളം ലിമിറ്റഡോ അവരിൽ നിന്നോ അവരുടെ മുൻഗാമികളിൽ നിന്നോ ഭൂമി നേടിയവരോ കൈവശം വച്ചിരിക്കുന്നതോ സമാനമായ നിലയിൽ മറ്റു വിദേശ കമ്പനികളോ വ്യക്തികളോ കൈവശംവച്ചിരുന്നതും സ്വാതന്ത്ര്യാനന്തരം നിലവിലെ കൈവശക്കാർക്ക് കേരള സർക്കാരോ കേന്ദ്ര സർക്കാരോ നിയമപ്രകാരം കൈമാറിയിട്ടില്ലാത്തതോ ആയ മുഴുവൻ ഭൂമിയിലും |

| | | | | |
|---|---|---|---|---|
| | | | | സർക്കാരിന്റെ ഉടമസ്ഥത സ്ഥാപിക്കാൻ പ്രസ്തുത ഭൂമി സ്ഥിതിചെയ്യുന്ന സ്ഥലങ്ങളുടെ അധികാര പരിധിയിൽ വരുന്ന സിവിൽ കോടതികളിൽ സർക്കാരിന് വേണ്ടി കേസുകൾ ഫയൽ ചെയ്യുന്നതിനായി ജില്ലാ കളക്ടർമാരെ ചുമതലപ്പെടുത്തി കൊണ്ട് 6-6-2019-ൽ സ. ഉ. (കൈ.) 172/2019/റവ. നമ്പർ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. തുടർന്ന്, കോട്ടയം ജില്ലയിൽ ഹാരിസൺ മലയാളം ലിമിറ്റഡ് കമ്പനി 2005-ൽ ഗോസ്പൽ ഫോർ ഏഷ്യ (GFA) യ്ക്ക് ഉടമസ്ഥാവകാശം സ്ഥാപിക്കാതെ വിൽപ്പന നടത്തിയതും നിലവിൽ അയന ചാരിറ്റബിൾ ട്രസ്റ്റിന്റെ കൈവശം ഇരിക്കുന്നതുമായ 2263 ഏക്കർ (ചെറുവള്ളി എസ്റ്റേറ്റ്) തോട്ടം ഭൂമിയുടെ ഉടമസ്ഥത സ്ഥാപിക്കുന്നതിനായി പാലാ സബ്കോടതി മുമ്പാകെ സർക്കാർ OS 72/2019 കേസ് ഫയൽ ചെയ്യുകയുണ്ടായി. കൊല്ലം ജില്ലയിൽ ഹാരിസൺ മലയാളം ലിമിറ്റഡ് അനധികൃതമായി 2005-ൽ വിൽപ്പന നടത്തിയിട്ടുള്ളതും, നിലവിൽ റിയാ റിസോർട്ട്സ് & പ്രോപ്പർട്ടീസ് പ്രൈവറ്റ് ലിമിറ്റഡ് കമ്പനിയുടെ കൈവശമുള്ളതുമായ 206 ഏക്കർ ഭൂമിയുടെ ഉടമസ്ഥത സ്ഥാപിക്കുന്നതിനായി OS10/2020 കേസ് പുനലൂർ സബ് കോടതിയിൽ ഫയൽ ചെയ്തിട്ടുണ്ട്. പത്തനംതിട്ട ജില്ലയിൽ ഹാരിസൺ മലയാളം ലിമിറ്റഡ് കമ്പനിയുടെ കൈവശമുള്ള 9293 ഏക്കർ ഭൂമിയുടെ |

| | | | | |
|---|---|---|---|---|
| | | | | ഉടമസ്ഥത സ്ഥാപിക്കുന്നതിനായി OS 47/2020 പത്തനംതിട്ട സബ്കോടതി മുമ്പാകെ ഫയൽ ചെയ്തിട്ടുണ്ട്. ഇടുക്കി-കോട്ടയം ജില്ലകളിലായി ട്രാവൻകൂർ റബ്ബർ & ടീ കമ്പനിയുടെ കൈവശമുള്ള 7373.67 ഏക്കർ ഭൂമിയുടെ ഉടമസ്ഥത സ്ഥാപിക്കുന്നതിനായി OS 56/2020 കട്ടപ്പന സബ്കോടതി മുമ്പാകെയും ഫയൽ ചെയ്തിട്ടുണ്ട്. മറ്റുജില്ലകളിലും ടൈറ്റൽ കേസുകൾ ഫയൽ ചെയ്യുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു . |

## VIII. നികുതി വകുപ്പ്

| ക്രമ നമ്പർ | നിയമസഭ സമ്മേളനം | ഉറപ്പ് നമ്പർ | സഭയിൽ ഉന്നയിക്കപ്പെട്ട ചോദ്യങ്ങളും ഉറപ്പുകളും | സർക്കാരിൽ നിന്ന് ലഭിച്ച സ്റ്റേറ്റ്മെന്റ് |
|---|---|---|---|---|
| 1 | 13/11 | 18 | അവയവം മാറ്റിവയ്ക്കുന്നതിന് ദാനം ചെയ്യുന്നവർക്കും സ്വീകരിക്കുന്നവർക്കും കാരുണ്യ ബനവലന്റ് ഫണ്ടിൽ നിന്നും നൽകുന്ന ധനസഹായം എത്രയാണ്? | വൃക്കരോഗികൾക്ക് കാരുണ്യ ബനവലന്റ് പദ്ധതിയിൽ നിന്നും ധനസഹായമായി 2 ലക്ഷം രൂപ നൽകിയിരുന്നത് 14-3-2017-ലെ G. O. (Rt.) No. 197/17/TD നമ്പർ ഉത്തരവിലൂടെ 3 ലക്ഷം രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. വൃക്ക ദാതാവിനു കൂടി 1 ലക്ഷം രൂപ അനുവദിച്ചുകൊണ്ട് 14.10.2014-ലെ സ. ഉ. (സാധാ.) നം.810/2014/നി.വ പ്രകാരം ഉത്തരവായിട്ടുണ്ട്. |

| | | | | |
|---|---|---|---|---|
| 2 | 13/11 | 60 | ആധാരം രജിസ്ട്രേഷന് ഓൺലൈൻ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കുമോ? | 2015 മുതൽ ആധാരങ്ങൾ ഓൺലൈനായി സമർപ്പിക്കുവാനും കക്ഷിയുടെ സൗകര്യത്തിന് അനുസരിച്ച് തീയതിയും സമയവും നിശ്ചയിച്ചുകൊണ്ടുള്ള ടോക്കൺ എടുക്കുവാനും സൗകര്യം ഏർപ്പെടുത്തുകയുണ്ടായി. |
| 3 | 13/11 | 156 | മുൻ ഗവൺമെന്റ് തെന്മലയിൽ സമഗ്ര ചെക്ക് പോസ്റ്റ് ഒരുക്കുന്നതിനാവശ്യമായ ആലോചന നടത്തിയിരുന്നു. പക്ഷേ ഫോറസ്റ്റ് വകുപ്പും റവന്യൂ വകുപ്പും തമ്മിലുള്ള തർക്കത്തെത്തുടർന്ന് ആ പദ്ധതി നടക്കാതെ വന്നു. ആ ഭൂമിയെ സംബന്ധിച്ച് ആലോചിക്കണം. വനം വകുപ്പിന്റെ കൈവശമാണ് ആ ഭൂമി എന്നുകണ്ടാൽ പകരം ഭൂമി നൽകി തെന്മലയിൽ സമഗ്ര ചെക്ക്പോസ്റ്റ് സ്ഥാപിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ ? | ചരക്ക് സേവന നികുതി നിയമം രാജ്യത്താകമാനം നടപ്പിലായ സാഹചര്യത്തിൽ വാണിജ്യനികുതി വകുപ്പിന് ചെക്ക് പോസ്റ്റുകൾ പ്രവർത്തിപ്പിക്കുന്നതിന് നിയമപരമായ അധികാരം ഇല്ലാത്തതിനാൽ സമഗ്ര ഡാറ്റാ കളക്ഷൻ ആന്റ് ഫെസിലിറ്റേഷൻ സെന്റർ സ്ഥാപിക്കുന്നതിലേയ്ക്ക് നോഡൽ ഡിപ്പാർട്ട്മെന്റായി എക്സൈസ് വകുപ്പിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| 4 | 13/12 | 66 | പൂർണ്ണമായ തോതിൽ കമ്പ്യൂട്ടർ സൗകര്യങ്ങളൊരുക്കി, സംസ്ഥാന ലോട്ടറി വകുപ്പിനെ ആധുനികവല്ക്കരിക്കുന്നതിനും ആവശ്യമായ സ്റ്റാഫിനെ നിയമിക്കുന്നതിനും ലോട്ടറി പ്രിന്റിംഗ് കാര്യക്ഷമത | ഭാഗ്യക്കുറി വകുപ്പിന് കീഴിലുള്ള എല്ലാ ഓഫീസുകളിലും ആവശ്യമായ കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ നൽകിയിട്ടുണ്ട്. ഭാഗ്യക്കുറി ഓഫീസുകളിലെ വർദ്ധിച്ചുവരുന്ന തിരക്ക് കുറയ്ക്കുന്നതിലേയ്ക്ക് വേണ്ടി 18 പുതിയ ഓഫീസുകൾ |

| | | | | |
|---|---|---|---|---|
| | | | വർദ്ധിപ്പിക്കുന്നതിനും എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ? | പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. പ്രസ്തുത ഓഫീസുകളിൽ കമ്പ്യൂട്ടറുകൾ ഉൾപ്പെടെ എല്ലാ അടിസ്ഥാന സൗകര്യങ്ങളും ഒരുക്കിയിട്ടുണ്ട്. വകുപ്പിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനു വേണ്ടി 2 പുതിയ ഹൈ എൻഡ് സെർവറുകൾ വാങ്ങുകയും, 10 ജില്ലാ ഓഫീസുകളിൽ നെറ്റ് വർക്കിംഗ് revamp ചെയ്യുകയും ചെയ്തു. കൂടാതെ സൗകര്യങ്ങൾ കുറവായിരുന്ന ഓഫീസുകളായ തിരുവനന്തപുരം, തൃശ്ശൂർ എന്നീ ജില്ലാ ഓഫീസുകൾ പുതിയ കെട്ടിടത്തിലേയ്ക്ക് മാറ്റിയിട്ടുണ്ട്. ഭാഗ്യക്കുറി വിൽപ്പന ഏജന്റുമാർക്ക് ഓഫീസിൽ നിന്നും മെച്ചപ്പെട്ട സേവനങ്ങൾ ലഭ്യമാക്കുന്ന തരത്തിൽ പരിഷ്കരിച്ച പുതിയ സോഫ്റ്റ് വെയറിന്റെ നിർമ്മാണം NIC-യുടെ മേൽനോട്ടത്തിൽ അവസാനഘട്ടത്തിലാണ്. ഭാഗ്യക്കുറി ടിക്കറ്റുകളുടെ പ്രിന്റിംഗ് പരിഷ്കരിക്കുന്നതുമായി ബന്ധപ്പെട്ട് അഞ്ചോളം സെക്യൂരിറ്റി ഫീച്ചറുകൾ ടിക്കറ്റിൽ ഉൾപ്പെടുത്തി ടിക്കറ്റുകളുടെ സെക്യൂരിറ്റി വർദ്ധിപ്പിച്ചിട്ടുണ്ട്. പ്രിന്റിംഗ് സംബന്ധിച്ച പ്രവർത്തനം പരിഷ്കരിക്കുന്നതിലേയ്ക്ക് രൂപീകരിച്ച സാങ്കേതിക വിദഗ്ദ്ധ സമിതിയുടെ ശുപാർശകൾ നടപ്പിലാക്കി വരുന്നുണ്ട്. |

| | | | | |
|---|---|---|---|---|
| | | | | 2. ഭാഗ്യക്കുറി ടിക്കറ്റുകൾ അച്ചടിക്കുന്നതിന് ആവശ്യമായ ആർട്ട് വർക്കുകൾ തയ്യാറാക്കുന്നതിനും, സുരക്ഷാ മാനണ്ഡങ്ങൾ ടിക്കറ്റുകളിൽ ഏർപ്പെടുത്തുന്നതിനും വേണ്ടി സി-ഡിറ്റിന്റെ സഹകരണത്തോടെ വകുപ്പിൽ കമ്പ്യൂട്ടർവൽകൃത സെക്യൂരിറ്റി ലാബ് പ്രവർത്തിക്കുന്നുണ്ട്. ലോട്ടറി ടിക്കറ്റുകളുടെ അച്ചടി കാര്യക്ഷമമായി നടത്തുന്നതിന് ടിക്കറ്റുകൾ അച്ചടിക്കുന്ന കെ.ബി.പി.എസ്. പ്രസ്സിന് അത്യാധുനിക അച്ചടിയന്ത്രം വാങ്ങുന്നതിന് 6 (ആറ് കോടി രൂപ) കോടി രൂപയുടെ വായ്പ അനുവദിക്കുകയും കെ.ബി.പി.എസ്. ആധുനിക മെഷീൻ വാങ്ങി പ്രവർത്തിപ്പിച്ചു വരികയും ചെയ്യുന്നുണ്ട്. കൂടാതെ ഭാഗ്യക്കുറി ടിക്കറ്റുകളുടെ സുതാര്യതയും, സുരക്ഷിതത്വവും ഉറപ്പാക്കുന്നതിനും അതുവഴി വ്യാജ ലോട്ടറി ടിക്കറ്റുകളുടെ അച്ചടിയും, വിപണനവും തടയുന്നതിനും വേണ്ടി 7 സുരക്ഷാ മാനദണ്ഡങ്ങൾ ടിക്കറ്റുകളിൽ ആലേഖനം ചെയ്തിട്ടുണ്ട്. അവ താഴെ പറയുന്നു.<br>1) Guilloche Pattern<br>2) Relief Pattern<br>3) Opaque Text Pattern |

| | | | | |
|---|---|---|---|---|
| | | | | 4) Void Pandograph Pattern<br>5) Micro Letter Pattern<br>6) Linear barcode<br>7) Invert Microline Pattern |
| 5 | 13/13 | 17 | കാരുണ്യ ബനവലന്റ് ഫണ്ട് മുഖേനയുള്ള ചികിത്സാധനസഹായം ലഭ്യമാക്കുന്ന തിനായി ജില്ലാ ലോട്ടറി ഓഫീസുകളിൽ കൂടാതെ താലൂക്ക് ലോട്ടറി ഓഫീസുകളിൽ കൂടി അപേക്ഷകൾ സമർപ്പിക്കുന്നതിനുള്ള സൗകര്യം അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ? | നിലവിൽ ജില്ലാ ഭാഗ്യക്കുറി ഓഫീസുകളിൽ മാത്രമാണ് കെ.ബി.എഫ്. അപേക്ഷകൾ സ്വീകരിക്കുന്നത്. ഓരോ ജില്ലാ ഭാഗ്യക്കുറി ഓഫീസിനും അനുവദിച്ചിട്ടുള്ള ടിക്കറ്റുകളുടെ 25 ശതമാനം ടിക്കറ്റുകൾ ഓരോ ജില്ലയിലും ഭാഗ്യക്കുറി സബ് ഓഫീസുകൾ വഴി വിൽപ്പന നടത്തി വരുന്നു. തദനുസൃതമായി ഉണ്ടാകുന്ന സമ്മാന വിതരണം, ക്യാഷ്, എസ്റ്റാബ്ലിഷ്മെന്റ് എന്നീ വിഭാഗങ്ങളിലെ ജോലികൾ നിർവ്വഹിക്കുന്നതിന് ആകെ രണ്ടു ക്ലർക്കുമാർ (ഒന്ന് ദിവസവേതനാടിസ്ഥാനത്തിൽ താൽക്കാലിക നിയമനം) മാത്രമാണ് ഉള്ളത്. ജോലികളുടെ മേൽനോട്ടം വഹിക്കുന്നതിന് എ.ഡി.എൽ.ഒ. ജെ.എസ്. തസ്തികകളിൽ ഒരോ ഉദ്യോഗസ്ഥരാണുള്ളത്. ഈ ജോലിഭാരംമൂലം ഏജന്റുമാർ/പൊതുജനങ്ങൾ എന്നിവർ ഹാജരാക്കുന്ന സമ്മാന ക്ലെയിമുകൾ പോലും സമയബന്ധിതമായി പാസ്സാക്കി നൽകാൻ കഴിയാത്ത സാഹചര്യം നിലനിൽക്കുകയാണ്. ഇത്രയും ജീവനക്കാരെ |

| | | | | |
|---|---|---|---|---|
| | | | | ഉപയോഗിച്ചുകൊണ്ട് കാരുണ്യ ചികിത്സാ ധനസഹായത്തിനുള്ള അപേക്ഷകൾ കൂടി സ്വീകരിച്ച് തുടർ നടപടി സ്വീകരിക്കുന്നത് നിലവിലെ സാഹചര്യത്തിൽ പ്രായോഗികമല്ല. |
| 6 | 13/16 | 8 | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം രജിസ്ട്രേഷൻ വകുപ്പിൽ പ്രഖ്യാപിക്കപ്പെട്ട പദ്ധതികൾ ഏതെല്ലാം? | 600-ഓളം വില്ലേജ് ഓഫീസുകളുടെ അധികാര പരിധിയായിട്ടുള്ള സബ് രജിസ്ട്രാർ ഓഫീസുകളിൽ ഓൺലൈനായി പോക്കുവരവ് ചെയ്യാനുള്ള സമ്പ്രദായം നടപ്പിലാക്കി. |
| 7 | 14/1 | 41 | സർക്കാർ ഖജനാവിന് ലഭിക്കേണ്ട നികുതി നഷ്ടപ്പെടുത്തുന്ന ഉദ്യോഗസ്ഥരെ കണ്ടെത്തി അഴിമതി തടയുന്നതിന് സർക്കാർ എന്ത് നടപടിയാണ് സ്വീകരിക്കുന്നത്? | സംസ്ഥാന ചരക്കു സേവന നികുതി വകുപ്പിൽ, പരാതികളുടെയും വിജിലൻസ് പരിശോധന കളുടേയും, വകുപ്പുതല പരിശോധന യുടെയും അടിസ്ഥാനത്തിൽ കണ്ടെത്തിയിട്ടുള്ള അഴിമതി ക്കാരായ ഉദ്യോഗസ്ഥർക്കെതിരെ വകുപ്പുതല അന്വേഷണം നടത്തി ഉചിതമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. നികുതി സംബന്ധമായ ക്രമക്കേടുകൾ കണ്ടെത്തിയ കേസുകളിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ക്കെതിരെ മാതൃകാപരവും കർക്കശവുമായ ശിക്ഷാ നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. ഇത്തരം നടപടികൾ, ഉദ്യോഗസ്ഥരുടെ ഭാഗത്തു നിന്നുള്ള ക്രമക്കേടുകളും അഴിമതിയും തടയുന്നതിൽ ഗണ്യമായ പങ്ക് വഹിച്ചിട്ടുണ്ട്. ജി.എസ്.ടി. നടപ്പിൽ |

| | | | | |
|---|---|---|---|---|
| | | | | വന്നതോടുകൂടി ചെക്ക് പോസ്റ്റുകൾ നിർത്തലാക്കിയതുകാരണം ചെക്ക് പോസ്റ്റിലെ ജീവനക്കാരെക്കുറിച്ചുള്ള പരാതികളും ഇല്ലാതായിട്ടുണ്ട് |
| 8 | 14/1 | 44 | മാരകമായ രോഗങ്ങൾക്ക് ശസ്ത്രക്രിയ നടത്തുന്നതിന് പത്ത് ലക്ഷത്തിലധികം രൂപ ചെലവ് വരുന്നതിനാൽ ഈ തുക താങ്ങാനാവാത്ത പാവപ്പെട്ട രോഗികൾക്ക് കാരുണ്യ ബെനവലന്റ് സ്കീമിൽനിന്ന് പര്യാപ്തമായ സഹായം അനുവദിക്കുമോ? | 29-5-2018 -ലെ GO(Rt)No.1739/2018/H&FWD. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം കാരുണ്യ ബനവലന്റ് ഫണ്ട് പദ്ധതി കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയിൽ (KASP) ലയിപ്പിച്ച് നവീകരിച്ചിട്ടുണ്ട്. |
| 9 | 14/5 | 20 | 2008/2009 മുതൽ കേന്ദ്ര വിൽപ്പന നികുതി അടച്ച് ഫോറം 'സി' നൽകിയ ശേഷവും കോടിക്കണക്കിന് രൂപ വീണ്ടും അടയ്ക്കാൻ ഡിമാന്റ് നോട്ടീസ് നൽകിയത് ഒഴിവാക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദീകരിക്കാമോ? | കേന്ദ്ര വിൽപന നികുതി നിയമവും വിജ്ഞാപനങ്ങളും അനുസരിച്ച് റബ്ബറിന്റെ അന്തർസംസ്ഥാന വിൽപനയ്ക്ക് നികുതി ഒഴിവ് നൽകിയിട്ടുണ്ടായിരുന്നുവെങ്കിലും ചില വ്യാപാരികൾ അന്തർസംസ്ഥാന വില്പനയ്ക്ക് സി ഫോറം നൽകിക്കൊണ്ട് രണ്ട് ശതമാനം നികുതി ഒടുക്കുകയും മൂല്യവർദ്ധിത നികുതി നിയമപ്രകാരം ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് എടുക്കുകയും ചെയ്യുന്നത് തുടർന്നുകൊണ്ടിരുന്നു. ഇത്തരം വ്യാപാരികളുടെ കാര്യത്തിൽ രണ്ട് ശതമാനം കേന്ദ്ര വില്പന നികുതി കളക്ട് ചെയ്തത് നിയമാനുസൃതമല്ലെന്നുള്ള നിലപാട് നികുതി നിർണ്ണയാധികാരികൾ സ്വീകരിക്കുകയും പ്രസ്തുത തുക കണ്ടുകെട്ടുകയും ചെയ്തു. എന്നാൽ SRO 521/2019 നമ്പർ സർക്കാർ വിജ്ഞാപന പ്രകാരം |

| | | | | |
|---|---|---|---|---|
| | | | | എസ്.ആർ.ഒ. 753/2011 നമ്പരായി പുറപ്പെടുവിച്ചിട്ടുള്ള സർക്കാർ വിജ്ഞാപനത്തിൽ ഭേദഗതി വരുത്തിയിട്ടുണ്ട് (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു). പ്രസ്തുത വിജ്ഞാപന പ്രകാരം കേരളത്തിനകത്ത് നിന്ന് വാങ്ങുന്ന റബ്ബറിന് നിയമാനുസൃതമായ 4%, 5% നികുതി, അന്തർ സംസ്ഥാന നികുതിയടക്കം ഒടുക്കിയെന്ന് സ്ഥാപിക്കുന്ന സാഹചര്യത്തിൽ, 'സി' ഫോറങ്ങൾ ഉപയോഗിച്ച് വ്യാപാരം നിയമാനുസൃത മാക്കിയിട്ടുണ്ട്. |

## IX. ഭക്ഷ്യപൊതുവിതരണ വകുപ്പ്

| ക്രമ നമ്പർ | നിയമസഭ സമ്മേളനം | ഉറപ്പ് നമ്പർ | സഭയിൽ ഉന്നയിക്കപ്പെട്ട ചോദ്യങ്ങളും ഉറപ്പുകളും | സർക്കാരിൽ നിന്ന് ലഭിച്ച സ്റ്റേറ്റ്മെന്റ് |
|---|---|---|---|---|
| 1 | 13/7 | 8 | സംസ്ഥാനത്തിന്റെ വർദ്ധിച്ചുവരുന്ന ഉപഭോഗ ആവശ്യങ്ങൾ കണക്കിലെടുത്ത് ഭക്ഷ്യധാന്യങ്ങളുടെ സംഭരണത്തിന് കൂടുതൽ ഗോഡൌണുകൽ സർക്കാർ മേഖലയിൽ ആരംഭിക്കാൻ സത്വര നടപടികൾ കൈക്കൊള്ളുമോ ? | 29-8-2016-ലെ സ. ഉ. (കൈ.) നമ്പർ 11/2016/ ഭ.പൊ.വി.വ. നമ്പർ ഉത്തരവ് പ്രകാരം സ്വകാര്യ മൊത്ത വിതരണശാലകളെ ഒഴിവാക്കി സർക്കാർ അധീനതയിൽ ബ്ലോക്ക് തലത്തിൽ ഗോഡൗണുകൾ ആരംഭിക്കുവാൻ ഉത്തരവായിരുന്നു. ഇതനുസരിച്ച് സപ്ലൈകോ-ഗോഡൗണുകൾ കണ്ടെത്തുകയും ചെയ്തിട്ടുണ്ട്. |

| | | | | |
|---|---|---|---|---|
| 2 | 13/11 | 42 | റേഷൻ കടകൾ വഴിയുള്ള അവശ്യ വസ്തുക്കളുടെ വിതരണം പുനരാരംഭി ക്കാനുദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ? | നിലവിൽ അരി, ഗോതമ്പ്, ആട്ട എന്നീ ഭക്ഷ്യസാധനങ്ങളാണ് റേഷൻകടകൾ വഴി വിതരണം ചെയ്തു വരുന്നത്. സിവിൽ സപ്ലൈസ് കോർപ്പറേഷൻ മുഖേന വിതരണം ചെയ്തു വരുന്ന സബ്സിഡി ഇതര/നോൺ മാവേലി സാധനങ്ങൾ തെരഞ്ഞെടുത്ത റേഷൻകടകൾ വഴി വിതരണം ചെയ്യുന്ന പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം 2018 മേയ് മാസം 18-ാം തീയതി കണ്ണൂരിൽ വച്ച് ബഹു. മുഖ്യമന്ത്രി നിർവ്വഹിച്ചിരുന്നു. ആയതിന്റെ പുരോഗതി വിലയിരുത്തി പ്രസ്തുത പദ്ധതി സംസ്ഥാനമൊട്ടാകെ വ്യാപിപ്പിക്കുന്ന വിഷയം പരിശോധിച്ചു വരുന്നു. |
| 3 | 13/11 | 90 | ഗുണഭോക്തൃകമ്മിറ്റികൾ രൂപീകരിച്ച സ്ഥലങ്ങളിൽ മാവേലിസ്റ്റോറുകളിൽ എന്തെല്ലാം മാറ്റങ്ങൾ വരുത്താൻ കഴിഞ്ഞിട്ടുണ്ടെന്ന് വ്യക്തമാക്കുമോ? | മാവേലി സ്റ്റോറുകളുടെയും സൂപ്പർ മാർക്കറ്റുകൾ അടക്കമുള്ള സപ്ലൈകോ വിപണന കേന്ദ്രങ്ങളുടെയും പ്രവർത്തനം മെച്ചപ്പെടുത്തുക, പരാതികൾക്ക് കാലതാമസമെന്യേ പരിഹാരം കാണുക, വിപണന കേന്ദ്രങ്ങളുടെ പ്രവർത്തനങ്ങളിൽ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ പ്രതിനിധികൾ വഴി ജനങ്ങളുടെ അഭിപ്രായങ്ങളും ഉപദേശങ്ങളും സഹായങ്ങളും ലഭ്യമാക്കുക എന്നീ ഉദ്ദേശ്യ ലക്ഷ്യങ്ങളോടെ രൂപീകൃതമായ ഗുണഭോക്തൃ കമ്മിറ്റികൾമൂലം സപ്ലൈകോ വിൽപ്പന ശാലകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുവാനും ഉപഭോക്താക്കളുടെ പരാതികൾക്ക് ഒരു പരിധിവരെ പരിഹാരം കാണുവാനും സാധിച്ചിട്ടുണ്ട്. |

| | | | | |
|---|---|---|---|---|
| 4 | 13/16 | 20 | പുതുക്കിയ റേഷൻ കാർഡുകൾ എന്നേയ്ക്ക് നൽകാൻ കഴിയുമെന്ന് വ്യക്തമാക്കാമോ? | 1-6-2017 മുതൽ പുതുക്കിയ റേഷൻകാർഡുകൾ വിതരണം ചെയ്തു തുടങ്ങുകയും ആയത് ഏകദേശം പൂർത്തിയാവുകയും ചെയ്തിട്ടുണ്ട്. |
| 5 | 14/1 | 98 | സംസ്ഥാനത്ത് മാവേലി സ്റ്റോറുകൾ ഇല്ലാത്ത പഞ്ചായത്തുകളിൽ അവ തുടങ്ങാൻ വേണ്ട നടപടികൾ സ്വീകരിക്കുമോ? | സംസ്ഥാനത്ത് മാവേലി സ്റ്റോറുകൾ ഇല്ലാതിരുന്ന 17 പഞ്ചായത്തുകളിൽ കൂടി ഇതിനകം മാവേലി സ്റ്റോറുകൾ ആരംഭിച്ചു. നിലവിൽ 21 ഗ്രാമ പഞ്ചായത്തുകളിൽ മാത്രമാണ് മാവേലി സ്റ്റോറുകൾ ഇല്ലാത്തത്. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ അനുയോജ്യമായ കെട്ടിടം ലഭ്യമാക്കുന്ന മുറയ്ക്ക് വില്പനശാലകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരികയാണ്. ഇതിൻ പ്രകാരം പാലക്കാട് ജില്ലയിലെ ഒതുക്കുങ്ങൽ പഞ്ചായത്തിൽ പുതുതായി മാവേലി സ്റ്റോർ അനുവദിക്കാൻ അനുമതി നല്കിയിട്ടുണ്ട്. |
| 6 | 14/4 | 42 | അമിത വില ഈടാക്കുന്നത് തടയുവാൻ ഹോട്ടൽ വില ഏകീകരണത്തിനായി നിയമനിർമ്മാണം നടത്തുവാൻ നടപടി സ്വീകരിക്കുമോ? | ഹോട്ടലുകളിലെ ഭക്ഷണ പദാർത്ഥങ്ങളുടെ വില ക്രമീകരിക്കുന്നതിനായി രൂപം നൽകിയ "2015-ലെ കേരള ഹോട്ടലുകൾ (ഭക്ഷണ വില ക്രമീകരണം) ബില്ല്" നമ്പർ 182 ആയി പ്രസിദ്ധീകരിച്ചുവെങ്കിലും പതിമൂന്നാം കേരള നിയമസഭ സമ്മേളന |

| | | | | |
|---|---|---|---|---|
| | | | | കാലയളവിൽ നിയമ നിർമാണത്തിനായി വയ്ക്കുവാൻ കഴിയാത്തതിനാൽ ലാപ്സായിരിന്നു. തുടർന്ന് ഈ വിഷയം പരിശോധിക്കുകയും ഹോട്ടൽ വ്യവസായത്തിന്റെ പ്രത്യേകതകളും ഓരോ ഹോട്ടലും നൽകുന്ന ഭക്ഷണ സാധനങ്ങളുടെ ഗുണ നിലവാരം, അടിസ്ഥാന സൗകര്യങ്ങൾ, നൽകുന്ന സേവനങ്ങൾ ഇവയുടെ വ്യത്യസ്തതകളും കണക്കിലെടുത്തതിന്റെയും കേന്ദ്ര നിയമമായ അവശ്യ സാധന നിയമം പ്രകാരം ഹോട്ടൽ ഭക്ഷണത്തെ അവശ്യ സാധനമാക്കി മാറ്റി നിയമം നിർമ്മിക്കാൻ സംസ്ഥാനത്തിന് കഴിയുമെങ്കിലും പ്രസ്തുത നിയമ വ്യവസ്ഥ പ്രകാരം ഹോട്ടൽ ഭക്ഷണത്തിനു വില ഏകീകരണം നടത്തുന്നതിന് നിയമം നിർമ്മിക്കുന്നതിന് പ്രായോഗിക ബുദ്ധിമുട്ടുണ്ടെന്നു കണ്ടെത്തുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ ബില്ലിന് സാധുത ഇല്ലെന്ന് കണ്ട സാഹചര്യത്തിൽ ഇക്കാര്യത്തിൽ തുടർ നടപടികൾ സ്വീകരിക്കാൻ സാധിച്ചിട്ടില്ല |
| 7 | 14/10 | 67 | ഭക്ഷ്യോൽപ്പന്നങ്ങൾ വിലകുറച്ച് നൽകുന്ന ന്യായവില ഭക്ഷണ ഷോപ്പുകൾ എല്ലാ താലൂക്കുകളിലും ആരംഭിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്? | വിശപ്പ് രഹിത കേരളം പദ്ധതി 2017-ൽ ആലപ്പുഴ ജില്ലയിൽ ആരംഭിയ്ക്കുകയും പദ്ധതിയുടെ ഒന്നാം ഘട്ടമായി ആലപ്പുഴ നഗരസഭ പ്രദേശത്ത് കിടപ്പ് രോഗികൾക്ക് അവരുടെ വീടുകളിൽ ഭക്ഷണം സൗജന്യമായി എത്തിച്ചു നൽകുകയും ചെയ്തു.രണ്ടാം |

| | | | | |
|---|---|---|---|---|
| | | | | ഘട്ടത്തിൽ കുറഞ്ഞ വിലക്ക് ഭക്ഷണം നൽകുന്ന സുഭിക്ഷ ഹോട്ടലുകൾ ആരംഭിക്കുകയും ചെയ്തു. സർക്കാരിന്റെ 100 ദിന കർമ്മ പരിപാടിയുടെ ഭാഗമായി എല്ലാ നിയോജക മണ്ഡലങ്ങളിലും സുഭിക്ഷ ഹോട്ടലുകൾ ആരംഭിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ട് . എല്ലാ ജില്ലകളിലും സുഭിക്ഷ ഹോട്ടലുകൾ ആരംഭിച്ചിട്ടുണ്ട്. നിലവിൽ മൊത്തം 46 സുഭിക്ഷ ഹോട്ടലുകൾ സംസ്ഥാനത്ത് പ്രവത്തിക്കുന്നുണ്ട് . |
| 8 | 14/10 | 141 | റേഷൻ സാധനങ്ങൾ പൊതുജനങ്ങൾക്ക് യഥാവിധി ലഭിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തുന്നതിനും റേഷൻ വിതരണത്തിലെ ക്രമക്കേടുകൾ കണ്ടെത്തുന്നതി നുമായി ഭക്ഷ്യോപദേശക വിജിലൻസ് സമിതികൾ രൂപീകരിച്ചിട്ടുണ്ടോ;<br><br>എങ്കിൽ ഏതെല്ലാം തലങ്ങളിലാണ് ഇവ രൂപീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ;<br><br>പൊതുവിതരണം സംബന്ധിച്ച് ജനങ്ങൾ നൽകുന്ന പരാതികൾ സമയബന്ധി തമായി പരിഹരിക്കുന്നതിന് പ്രസ്തുത സമിതികൾ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കാമോ? | ദേശീയ ഭക്ഷ്യഭദ്രതാ നിയമം, 2013 നെ അടിസ്ഥാനപ്പെടുത്തി സംസ്ഥാന, ജില്ലാ, താലൂക്ക്, റേഷൻകടതല വിജിലൻസ് സമിതികൾ രൂപീകരിക്കുന്നതിന് 17-8-2018-ലെ 417/2018/ ഭ.പൊ.വി.വ, 418/2018/ഭ.പൊ.വി.വ. 419/2018/ ഭ.പൊ.വി.വ, 420/2018/ഭ.പൊ.വി.വ. സർക്കാർ ഉത്തരവുകൾ പ്രകാരം നിർദ്ദേശം നൽകിയ തനുസരിച്ച് സംസ്ഥാന, ജില്ലാ, താലൂക്ക്തല സമിതികൾ രൂപീകരിക്കുകയും നാമനിർദ്ദേശ പ്രകാരമുള്ള അംഗങ്ങളെ ഉൾപ്പെടുത്തി യഥാസമയങ്ങളിൽ കമ്മിറ്റി പുനഃസംഘടിപ്പിച്ച് കൃത്യമായ ഇടവേളകളിൽ യോഗം ചേരുകയും ചെയ്തു വരുന്നു. എന്നാൽ റേഷൻകടതല സമിതിയുടെ യോഗം ചേരുന്നതിനുള്ള സമിതിയിലെ |

| | | | | |
|---|---|---|---|---|
| | | | | ഔദ്യോഗിക/അനൗദ്യോഗിക അംഗങ്ങളുടെ പ്രായോഗിക ബുദ്ധിമുട്ടുകൾ കണക്കിലെടുത്ത് സമിതിയുടെ ഘടനയിൽ മാറ്റം വരുത്തുന്നതിന് തീരുമാനിക്കുകയും അതുപ്രകാരമുള്ള മാറ്റങ്ങൾ ഉൾപ്പെടുത്തി സംസ്ഥാന ഭക്ഷ്യഭദ്രതാ ചട്ടം, 2018 ഭേദഗതി ചെയ്യുന്നതിനുള്ള കരട് വിജ്ഞാപനം പൊതുജനാഭിപ്രായത്തിനായി സർക്കാർ വെബ്സൈറ്റിലും വകുപ്പ് വെബ്സൈറ്റിലും പ്രസിദ്ധീകരിച്ചിട്ടുമുണ്ട്. ലഭ്യമാകുന്ന പൊതുജനാഭി പ്രായം കൂടി പരിശോധിച്ച് ആവശ്യമായ മാറ്റങ്ങൾ വരുത്തി ചട്ടം ഭേദഗതി ചെയ്ത് റേഷൻകടതല സമിതിയുടെ ഘടനാമാറ്റം പ്രാബല്യത്തിൽ വരുന്ന മുറയ്ക്ക് പ്രസ്തുത തലത്തിലുള്ള കമ്മിറ്റികളും പൂർണ്ണതോതിൽ പ്രവർത്തനക്ഷമമാകുന്നതാണ്. |
| 9 | 14/16 | 3 | സംസ്ഥാനത്ത് ഉപഭോക്തൃ ഡയറക്ടറേറ്റ് രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ? | പ്രത്യേക ഉപഭോക്തൃ കാര്യ ഡയറക്ടറേറ്റ് രൂപീകരിക്കുക അഥവാ പൊതുവിതരണ വകുപ്പിനെ പൊതുവിതരണ ഉപഭോക്തൃ കാര്യ വകുപ്പ് എന്ന് പുനർനാമകരണം ചെയ്യുക എന്ന വിഷയം ചർച്ച ചെയ്യുന്നതിനായി ചീഫ് സെക്രട്ടറിയുടെ അധ്യക്ഷതയിൽ 17-8-2021-ൽ ഒരു യോഗം ചേരുകയും പൊതുവിതരണ വകുപ്പ് പൂർണ്ണമായും കമ്പ്യൂട്ടർ അധിഷ്ഠിതമാകുന്നതോടെ വകുപ്പിലെ |

| | | | | |
|---|---|---|---|---|
| | | | | മനുഷ്യവിഭവ ശേഷി ഉപഭോക്തൃ വിഷയങ്ങൾ കൈകാര്യം ചെയ്യുന്നതിനായി ഫലപ്രദമായി ഉപയോഗിക്കാൻ കഴിയുമെന്നതിനാൽ പൊതുവിതരണ ഡയറക്ടർ, പൊതുവിതരണ കമ്മീഷണർ എന്നീ തസ്തികകൾ സംയോജിപ്പിച്ച് ഒറ്റ തസ്തികയാക്കാനും പൊതുവിതരണ വകുപ്പിനെ പൊതുവിതരണ ഉപഭോക്തൃ കാര്യ വകുപ്പ് എന്ന് പുനർനാമകരണം ചെയ്യാനും ശിപാർശ ചെയ്യുകയും സർക്കാർ അത് അംഗീകരിക്കുകയും ചെയ്തു. തൽഫലമായി പ്രത്യേക ഉപഭോക്തൃ കാര്യ ഡയറക്ടറേറ്റ് എന്ന വിഷയത്തിലെ തുടർനടപടികൾ ഉപേക്ഷിച്ചിട്ടുള്ളതാണ്. ഭക്ഷ്യ പൊതുവിതരണ (എ) വകുപ്പിന്റെ 21-2-2022-ലെ സ.ഉ.(കൈ) നം. 4/2022/F&CS പ്രകാരം പൊതുവിതരണ ഡയറക്ടർ, പൊതുവിതരണ കമ്മീഷണർ എന്നീ തസ്തികകൾ സംയോജിപ്പിച്ച് ഒറ്റ തസ്തികയാക്കിയിട്ടുള്ളതും പൊതുവിതരണ വകുപ്പിനെ പൊതുവിതരണ-ഉപഭോക്തൃ കാര്യ വകുപ്പ് എന്ന് പുനർനാമകരണം ചെയ്തിട്ടുള്ളതുമാണ് (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു). |

# X. തദ്ദേശസ്വയംഭരണ വകുപ്പ്

| ക്രമ നമ്പർ | നിയമസഭ സമ്മേളനം | ഉറപ്പ് നമ്പർ | സഭയിൽ ഉന്നയിക്കപ്പെട്ട ചോദ്യങ്ങളും ഉറപ്പുകളും | സർക്കാരിൽ നിന്ന് ലഭിച്ച സ്റ്റേറ്റ്മെന്റ് |
|---|---|---|---|---|
| 1 | 13/11 | 84 | തൊഴിലുറപ്പ് പദ്ധതിയെ സോഷ്യൽ ഓഡിറ്റിംഗിന് വിധേയമാക്കുമോ ? | സംസ്ഥാനത്ത്, മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയെ സോഷ്യൽ ഓഡിറ്റിംഗിന് വിധേയമാക്കുന്നതിനായി 2011-ലെ സോഷ്യൽ ഓഡിറ്റ് ചട്ടങ്ങൾ അനുസരിച്ച്, 'മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി സോഷ്യൽ ഓഡിറ്റ് സൊസൈറ്റി' എന്ന പേരിൽ ഒരു സോഷ്യൽ ഓഡിറ്റ് സൊസൈറ്റി , ട്രാവൻകൂർ കൊച്ചിൻ ലിറ്ററി സയന്റിഫിക് ആൻഡ് ചാരിറ്റബിൾ സൊസൈറ്റീസ് രജിസ്ട്രേഷൻ ആക്ട് പ്രകാരം 30/01/2017-ൽ രജിസ്റ്റർ ചെയ്ത് പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട് |
| 2 | 13/11 | 114 | സംസ്ഥാനത്ത് പാതയോരങ്ങളിൽ പ്രാഥമികാവശ്യങ്ങൾ നിർവ്വഹിക്കുന്നതിനാവശ്യമായ കേന്ദ്രങ്ങൾ ആവശ്യാനുസരണം സ്ഥാപിക്കുന്നതിനും അവ പരിപാലിക്കുന്നതിനും നടപടികൾ സ്വീകരിക്കുമോ? | സംസ്ഥാനത്ത് പാതയോരങ്ങളിൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രാഥമികാവശ്യങ്ങൾ നിർവ്വഹിക്കുന്നതിനാവശ്യമായ 288 കേന്ദ്രങ്ങൾ നിലവിലുണ്ട്. ആയവ ലേലം നൽകിയും കരാർ, കുടുംബശ്രീ, പേ & യൂസ് എന്നീ രീതികൾ മുഖേനയും പഞ്ചായത്ത് നേരിട്ടും പരിപാലിച്ചുവരുന്നുണ്ട്. |
| 3 | 13/12 | 36 | ബഹു. സുപ്രീംകോടതിയുടെ ഉത്തരവു പ്രകാരം സംസ്ഥാനത്ത് സ്ഥാപിക്കുന്ന | കൊച്ചി ബ്രഹ്മപുരത്തെ സെപ്റ്റേജ് ട്രീറ്റ് മെന്റ് പ്ലാന്റ് പ്രവർത്തന ക്ഷമമാണ്. കൊച്ചി വെല്ലിംഗ്ടൺ |

| | | | | |
|---|---|---|---|---|
| | | | സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റുകളിൽ പ്രവർത്തനക്ഷമമായിട്ടുള്ളവ ഒഴിച്ച് ബാക്കിയുള്ളവ എന്നത്തേക്ക് പ്രവർത്തനക്ഷമമാവുമെന്ന് വിശദമാക്കാമോ? | ഐലന്റിൽ നിർമ്മിക്കപ്പെട്ട പുതിയ സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റ് കമ്മീഷൻ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾക്ക് കിഫ്ബി മുഖേന ഫണ്ട് നൽകുന്നതിന് സംസ്ഥാന ബഡ്ജറ്റിൽ 150 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. കൂടാതെ പ്ലാന്റ് സ്ഥാപിക്കുന്നതിന് അനുയോജ്യമായ സ്ഥലം കണ്ടെത്തുന്നതിനുള്ള നിർദേശം ജില്ലാ കളക്ടർമാർക്ക് നൽകിയിട്ടുമുണ്ട്". |
| 4 | 13/12 | 78 | തെരുവുനായ്ക്കളുടെ ശല്യം ദൂരീകരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നത്? | സംസ്ഥാനത്ത് തെരുവുനായ ശല്യം പരിഹരിയ്ക്കുന്നതിന് ജില്ലാപഞ്ചായത്തിന്റെയും മൃഗ സംരക്ഷണ വകുപ്പിന്റെയും നേതൃത്വത്തിൽ എ ബി സി പ്രോഗ്രാം എല്ലാ ജില്ലകളിലും നടപ്പിലാക്കിവരുന്നു. തെരുവ് നായ ശല്യം കുറയ്ക്കുന്നതിനായി റോഡുകളുടെ വശങ്ങളിലും പൊതു സ്ഥലങ്ങളിലും മാലിന്യം നിക്ഷേപിക്കുന്നത് തടയാൻ നടപടി സ്വീകരിച്ച് വാർഡ്തല ശുചീകര പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. കൂടാതെ തെരുവ് നായ വംശ വർദ്ധനവ് തടയാൻ കുടുംബശ്രീ അംഗങ്ങൾക്ക് പരിശീലനവും നൽകുന്നുണ്ട്.<br><br>റാബീസ് ഫ്രീ കേരള വാക്സിനേഷൻ കാമ്പയിൽ (RFKVC) പദ്ധതി പ്രകാരം മൃഗസംരക്ഷണ വകുപ്പിന്റെ കീഴിലുള്ളതും നഗരസഭകൾക്ക് |

| | | | | |
|---|---|---|---|---|
| | | | | വിട്ടുകിട്ടിയതുമായ മൃഗാശുപത്രികൾ മുഖേന നഗരസഭാ പരിധിയിലുള്ള വളർത്തുനായകൾക്ക് ടി വകുപ്പിന്റെ ആഭിമുഖ്യത്തിൽ സൗജന്യമായി നഗരസഭയുടെ സഹായത്തോടെ പേവിഷബാധ യ്ക്കെതിരെയുള്ള പ്രതിരോധ കുത്തിവയ്പ്പ് നൽകിവരുന്നുണ്ട്. |
| 5 | 13/14 | 25 | കാസർഗോഡ് ജില്ലയിൽ ചട്ടങ്ങൾ പാലിക്കാതെ എത്ര കെട്ടിടങ്ങൾ നിർമ്മിച്ചിട്ടുണ്ടെന്നും ഇത്തരം കെട്ടിടങ്ങൾക്കെതിരെ നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്നുമുള്ള വിശദാംശങ്ങൾ നൽകാമോ? | കാസർഗോഡ് ജില്ലയിൽ ചട്ട ലംഘനങ്ങളോട് കൂടി കണ്ടെത്തിയ 3004 നിർമ്മാണങ്ങളിൽ 2776 എണ്ണം വിവിധ പഞ്ചായത്ത് പരിധിയിലുള്ളവയും ബാക്കി 228 എണ്ണം നഗരസഭ/മുനിസിപ്പാലിറ്റി പരിധിയിലുള്ളതുമാണ്.<br><br>കാസർഗോഡ് ജില്ലയിൽ വിവിധ പഞ്ചായത്ത് പരിധികളിൽ അനധികൃതമായി നിർമ്മിച്ചിട്ടുള്ള 2776 കെട്ടിടങ്ങളിൽ 2678 റസിഡൻഷ്യൽ കെട്ടിടങ്ങളും 98 മറ്റ് ഉപയോഗങ്ങൾക്കുള്ള കെട്ടിടങ്ങളുമാണുള്ളത് . ഇതിൽ 49 റസിഡൻഷ്യൽ കെട്ടിടങ്ങൾ റഗുലറൈസ് ചെയ്തിട്ടുള്ളതും 7 കെട്ടിടങ്ങൾ പൊളിച്ചു മാറ്റിയിട്ടുമുണ്ട്. 2116 റസിഡൻഷ്യൽ കെട്ടിടങ്ങൾക്കും 35 നോൺ റസിഡൻഷ്യൽ കെട്ടിടങ്ങൾക്കും അൺ ഓതറൈസ്ഡ് നമ്പർ നൽകിയിട്ടുണ്ട്. നടപടി തുടരുന്നതിൽ 37 റസിഡൻഷ്യൽ കെട്ടിടങ്ങളും 42 നോൺ റസിഡൻഷ്യൽ കെട്ടിടങ്ങളുമുണ്ട്. 16-11-2016-ലെ |

| | | | | |
|---|---|---|---|---|
| | | | | സ.ഉ. (എംഎസ്.) 170/2016/തസ്വഭവ, 23-11-2016-ലെ സ.ഉ. (എം.എസ്) 174/16/തസ്വഭവ എന്നീ ഉത്തരവുകൾ പ്രകാരം 1500 Sq. Ft. വരെയുള്ള വാസഗൃഹങ്ങൾക്ക് യു/എ നമ്പർ നൽകാമെന്നുള്ള തിനാലും, ആയവ നിയമപരമായ നടപടികളിൽ നിന്നും ഒഴിവാക്കപ്പെടുന്നില്ല എന്നതിനാലും 469 റസിഡൻഷ്യൽ കെട്ടിടങ്ങൾക്കും 21 നോൺ റസിഡൻഷ്യൽ കെട്ടിടങ്ങൾക്കുമെതിരെ മറ്റ് തുടർ നടപടികളൊന്നും സ്വീകരിച്ചിട്ടില്ല.<br><br>കാസർഗോഡ് ജില്ലയിലെ നഗരസഭ/മുനിസിപ്പാലിറ്റി പരിധികളിൽ അനധികൃതമായി നിർമ്മിച്ചിട്ടുള്ള 228 കെട്ടിടങ്ങളാണുള്ളത്. 16-11-2016-ലെ സ.ഉ. (എം.എസ്.) 170/2016/തസ്വഭവ, 23-11-2016-ലെ സ.ഉ. (എംഎസ്.) 174/16/തസ്വഭവ. എന്നീ ഉത്തരവുകൾ പ്രകാരം 1500 Sq. Ft. വരെയുള്ള വാസഗൃഹങ്ങൾക്ക് യു/എ നമ്പർ നൽകുന്നതിന് ഉത്തരവായിട്ടുണ്ട്. കാഞ്ഞങ്ങാട് മുനിസിപ്പാലിറ്റി പരിധിയിൽ കണ്ടെത്തിയിട്ടുള്ള അനധികൃത നിർമ്മാണങ്ങളിൽ 26 എണ്ണം പൊളിച്ചു നീക്കുകയും 2 എണ്ണം ക്രമവൽക്കരിക്കുന്നതിന് അപേക്ഷി ക്കുകയും, 35 കെട്ടിടങ്ങൾക്കെതിരെ പ്രൊവിഷണൽ ഓർഡർ നൽകി കേരള മുനിസിപ്പാലിറ്റി ആക്ട് 242 |

| | | | | |
|---|---|---|---|---|
| | | | | പ്രകാരം നികുതി ഈടാക്കുകയും, 8 കെട്ടിടങ്ങൾക്ക് കാരണം കാണിക്കൽ നോട്ടീസ് നൽകുകയും ചെയ്തിട്ടുണ്ട്. നീലേശ്വരം മുനിസിപ്പാലിറ്റി പരിധിയിൽ കണ്ടെത്തിയിട്ടുള്ള കെട്ടിടങ്ങൾക്കെതിരെ കൺഫർമേഷൻ ഓർഡർ നൽകി നടപടി സ്വീകരിച്ചിട്ടുണ്ട്.ആയതിൽ 2 കെട്ടിടങ്ങൾക്ക് നൽകിയ നോട്ടീസ് സംബന്ധിച്ച് ട്രൈബ്യൂണൽ മുൻപാകെയും, ഒരു കെട്ടിടത്തിന് നൽകിയ നോട്ടീസ് സംബന്ധിച്ച് ബഹു: ഹൈക്കോടതി മുൻപാകെയും കേസ് നിലവിലുണ്ട്. കാസർഗോഡ് നഗരസഭാ പരിധിയിൽ കണ്ടെത്തിയിട്ടുള്ള അനധികൃത നിർമ്മാണങ്ങളിൽ 40 കെട്ടിടങ്ങൾ പൊളിച്ചു നീക്കുകയും, 36 കെട്ടിടങ്ങൾക്കെതിരെ കൺഫർമേഷൻ ഓർഡർ നൽകി നടപടി സ്വീകരിക്കുകയും, 5 കെട്ടിടങ്ങൾക്ക് പാർക്കിംഗ് സൗകര്യം ഇല്ലായെന്ന് പരിശോധനയിൽ കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ കേരള മുനിസിപ്പാലിറ്റി ആക്ട് 406 പ്രകാരം നോട്ടീസ് നൽകിയിട്ടുമുണ്ട്. |
| 6 | 13/14 | 55 | മലിനജലവും ജൈവമാലിന്യവും പരിസ്ഥിതിക്കും മനുഷ്യനും ഹാനികരമല്ലാത്ത രീതിയിൽ കുറഞ്ഞ ചെലവിൽ സംസ്കരിക്കുന്നതിനുള്ള "പ്രസന്നൻസ് | പ്രസന്നൻസ് എക്കോ-ബയോ സിസ്റ്റം എന്ന സംവിധാനത്തെ സംബന്ധിച്ച പ്രൊപ്പോസൽ ശുചിത്വ മിഷൻ സാങ്കേതിക സമിതി 10-6-2015-ൽ പരിശോധിക്കുകയും ശ്രീ.പ്രസന്നകുമാറിൽ നിന്നും |

| | | | | |
|---|---|---|---|---|
| | | | ഇക്കോ ബയോസിസ്റ്റംസ്" എന്ന തദ്ദേശീയമായി വികസിപ്പിച്ചെടുത്ത സാങ്കേതികവിദ്യ ഉപയോഗിച്ചുള്ള സംസ്കരണ പ്ലാന്റുകൾ വ്യാപകമായി നടപ്പാക്കുന്ന കാര്യം അടിയന്തിരമായി പരിശോധിക്കുമോ? | വിശദാംശങ്ങൾ ആരായുകയും ചെയ്തു. പ്രസ്തുത സംവിധാനത്തിന്റെ ടെക്നോളജി, സാങ്കേതിക സാമ്പത്തിക വിവരങ്ങൾ എന്നിവ പഠനവിധേയ മാക്കേണ്ടതുള്ളതിനാൽ 28-11-2015-ൽ കൂടിയ ശുചിത്വമിഷന്റെ സാങ്കേതിക സമിതി മുമ്പാകെ പ്രസന്നൻസ് എക്കോ-ബയോ സിസ്റ്റം സംബന്ധിച്ച് ടെക്നിക്കൽ പ്രസന്റേഷൻ അവതരിപ്പിക്കാൻ ടിയാനെ ക്ഷണിക്കുകയും അതിൻപ്രകാരം ടിയാൻ ഒരു പ്രസന്റേഷൻ അവതരിപ്പിക്കുകയും ചെയ്തു. എന്നാൽ ടി എക്കോ-ബയോ സിസ്റ്റത്തിന്റെ സാങ്കേതിക വിദ്യയുടെ പ്രവർത്തന രീതി, ഡിസൈൻ, അതിന്റെ ശാസ്ത്രം, അന്തിമ വസ്തുവിന്റെ ഗുണമേന്മ എന്നിവയെ സംബന്ധിച്ചോ അത് ശാസ്ത്രീയ പരിശോധനാ വിധേയമാക്കിയ റിപ്പോർട്ടോ, സാമ്പത്തിക നിക്ഷേപത്തെ സംബന്ധിച്ചോ ഒന്നുംതന്നെ കൃത്യമായ വസ്തുതകൾ നൽകുവാൻ അദ്ദേഹത്തിന് കഴിഞ്ഞിരുന്നില്ല. ആയതിനാൽ ഈ അവസ്ഥയിൽ ടിയാന്റെ പ്രൊപ്പോസൽ പരിഗണിക്കേണ്ട ആവശ്യമില്ലായെന്ന് തീരുമാനിച്ചിട്ടുണ്ട് |
| 7 | 13/14 | 59 | എം.എൽ.എ. ഹോസ്റ്റലിന് മുമ്പിൽ വെളിച്ചമില്ലാത്ത ഈ ന്യൂനത പരിഹരിക്കുന്നതിനായി ആശാൻ | ശ്രീ.വി.എസ്. ശിവകുമാർ എം.എൽ.എ.-യുടെ ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി യൂണിവേഴ്സിറ്റി ഓഫീസിനു മുൻവശം ആശാൻ സ്ക്വയറിൽ ഒരു മിനി |

| | | | | |
|---|---|---|---|---|
| | | | സ്ക്വയറിൽ ഒരു ഹൈമാസ്റ്റ് ലാംബ് സ്ഥാപിക്കുന്ന കാര്യം പരിഗണിക്കുമോ? | ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ തിരുവനന്തപുരം ജില്ലാ കളക്ടറേറ്റ് മുഖേന സ്വീകരിച്ചുവരുന്നു. ആയതിന് തിരുവനന്തപുരം നഗരസഭ കൗൺസിൽ അംഗീകാരം നൽകിയിട്ടുണ്ട്. |
| 8 | 13/15 | 19 | കേരളത്തിൽ ചില്ലറ വ്യാപാരം നടത്തുന്നവരിൽ 15 ശതമാനത്തിലധികം പേരും തെരുവോര കച്ചവടക്കാരാണ്. ഓരോ സ്ഥലത്തിന്റെയും പ്രത്യേകത കണക്കിലെടുത്തുകൊണ്ട് മറ്റൊരു ഉപജീവന മാർഗ്ഗമില്ലാത്ത ഈ തെരുവോര കച്ചവടക്കാർക്ക് ലൈസൻസിംഗ് സംവിധാനമേർപ്പെടുത്തുവാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ; അത് സംബന്ധിച്ച് എന്തു നടപടിയാണ് സ്വീകരിക്കുന്നത് ? | ദേശീയ തെരുവോര കച്ചവട സംരക്ഷണ നിയമം സംസ്ഥാനത്ത് നടപ്പിലാക്കുന്നതിന്റെ ഭാഗമായി നടത്തിയ സർവ്വേയിൽ നാളിതുവരെ ആകെ **19863** തെരുവ് കച്ചവടക്കാരെ കണ്ടെത്തിയിട്ടുണ്ട്. ഇപ്രകാരം കണ്ടെത്തിയ മുഴവൻ പേർക്കും തിരിച്ചറിയൽ കാർഡും ലൈസൻസും വിതരണം ചെയ്യുന്ന നടപടി പുരോഗമിച്ചുവരുന്നു.നാളിതുവരെ **1119** പേർക്ക് തിരിച്ചറിയൽ കാർഡ് നൽകിയിട്ടുണ്ട്. |
| 9 | 13/15 | 25 | കുടുംബശ്രീ അയൽക്കൂട്ടങ്ങൾ മുഖേന സി.ഡി എസിനു നൽകേണ്ട മാച്ചിംഗ് ഗ്രാന്റും പലിശ സബ്സിഡിയും (മാസങ്ങളായി മുടങ്ങി കിടക്കുന്നത്) പൂർണ്ണമായും വിതരണം ചെയ്യാൻ നടപടി സ്വീകരിക്കുമോ? | 2015-16 സാമ്പത്തിക വർഷം വരെ മുടങ്ങിക്കിടന്നിരുന്ന പലിശ സബ്സിഡിയും മാച്ചിംഗ് ഗ്രാന്റും 2016-17 സാമ്പത്തിക വർഷത്തിൽത്തന്നെ വിതരണം ചെയ്തിട്ടുണ്ട്. 2016-17 സാമ്പത്തിക വർഷം 27.21 കോടി രൂപ പലിശ സബ്സിഡി ഇനത്തിലും 8.12 കോടി രൂപ മാച്ചിംഗ് ഗ്രാന്റ് ഇനത്തിലും നൽകിയിട്ടുണ്ട്. കൂടാതെ ഈ സാമ്പത്തിക വർഷം ഇതുവരെ 29.5 കോടി രൂപയുടെ പലിശ സബ്സിഡിയും 2 കോടി രൂപയുടെ മാച്ചിംഗ് ഗ്രാന്റും വിതരണം ചെയ്തിട്ടുണ്ട്. |

| | | | | |
|---|---|---|---|---|
| 10 | 13/16 | 13 | നഗരങ്ങളിൽ റോഡുവക്കുകളിലും പൊതുസ്ഥലങ്ങളിലും നിറഞ്ഞ് കിടന്ന് പൊട്ടി കാൽനടയാത്രക്കാർക്ക് അപകടം വരുത്തുന്ന ഗ്ലാസ് നിർമ്മിത മദ്യകുപ്പികൾ ശേഖരിച്ച് മാറ്റാനുള്ള ഉത്തരവാദിത്വം, നിലവിലെ നിയമമനുസരിച്ച് അതത് മദ്യക്കമ്പനികൾക്കോ, മദ്യവിതരണ കമ്പനികൾക്കോ ഉണ്ടോയെന്ന് വ്യക്തമാക്കുമോ; എങ്കിൽ ആ നിയമം നടപ്പാക്കുമോ? | ഗ്ലാസ്സ് മാലിന്യം ഉൾപ്പെടെയുള്ള ഖരമാലിന്യ പരിപാലനം സംബന്ധിച്ച് കേന്ദ്ര സർക്കാർ ഖരമാലിന്യ മാനേജ്മെന്റ് ചട്ടങ്ങൾ, 2016 (Solid Waste Management Rules, 2016) വിജ്ഞാപനം ചെയ്തിട്ടുണ്ട്. ടി ചട്ടങ്ങൾ പ്രകാരം ഖരമാലിന്യം വേർതിരിച്ച് ശേഖരിച്ച് ശാസ്ത്രീയമായ രീതിയിൽ സംസ്കരിക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നടപടി സ്വീകരിക്കേണ്ടതുണ്ട്. ഖരമാലിന്യം ഉണ്ടാക്കുന്നവർ അത് വേർതിരിച്ച് ശേഖരിച്ച് (ബയോഡിഗ്രേഡബിൾ, നോൺ ബയോ ഡീഗ്രേഡബിൾ എന്നിങ്ങനെ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നിശ്ചയിച്ചിട്ടുള്ള ഫീസ് ഒടുക്കി തദ്ദേശ സ്വയംഭരണ സ്ഥാപനം വഴി നേരിട്ടോ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അംഗീകൃത ഏജൻസികൾ മുഖേനയോ കൈമാറേണ്ടതാണ്. പ്രസ്തുത ചട്ടങ്ങളിൽ ഗ്ലാസ്സ് മാലിന്യം ശേഖരിച്ച് മാറ്റുന്നതിന് ഉല്പാദകന്/വിതരണ കമ്പനികൾക്ക് (ഗ്ളാസ്സ് കുപ്പികളിൽ പാനീയങ്ങൾ വിൽക്കുന്ന ഉല്പാദകന്/ബ്രാൻറ് ഓണേഴ്സിന്) മറ്റ് പ്രത്യേക ഉത്തരവാദിത്തങ്ങൾ നിഷ്കർഷിച്ചിട്ടില്ല. |

629/2025.

| | | | | |
|---|---|---|---|---|
| 11 | 13/16 | 21 | ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇലക്ട്രിക്കൽ ആന്റ് ഇലക്ട്രോണിക്സ് എഞ്ചിനീയറിംഗ് അന്താരാഷ്ട്ര തലത്തിൽ പ്ലാസ്റ്റിക് മാലിന്യ സംസ്കരണത്തിന് പരിഹാരം തേടി നടത്തിയ മത്സരത്തിൽ സമർപ്പിക്കപ്പെട്ട പ്രോജക്ടുകളിൽ ഒന്നാം സമ്മാനാർഹമായ പ്രോജക്ടിൽ അവതരിപ്പിക്കപ്പെട്ട സാങ്കേതിക വിദ്യയുടെ പ്രായോഗികതയും, പ്രവർത്തനച്ചെലവും സംബന്ധിച്ച കാര്യങ്ങൾ പഠനവിധേയമാക്കി, സംസ്ഥാനത്തെ പ്ലാസ്റ്റിക് മാലിന്യ നിർമ്മാർജ്ജനത്തിന് ഉപയുക്തമാണോ എന്ന് പരിശോധിക്കാൻ ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകുമോ;<br><br>പരിശോധനാഫലം ആശാവഹമെങ്കിൽ പ്രസ്തുത സാങ്കേതികവിദ്യ പ്രായോഗിക മാക്കാൻ നടപടി സ്വീകരിക്കുമോ? | ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇലക്ട്രിക്കൽ ആന്റ് ഇലക്ട്രോണിക്സ് എഞ്ചിനീയറിംഗ് അന്താരാഷ്ട്ര തലത്തിൽ പ്ലാസ്റ്റിക് മാലിന്യ സംസ്കരണത്തിന് പരിഹാരം തേടി നടത്തിയ മത്സരത്തിൽ സമർപ്പിക്കപ്പെട്ട പ്രോജക്ടുകളിൽ ഒന്നാം സമ്മാനർഹമായ പ്രോജക്ടിൽ പൈറോലിസിസ് അല്ലെങ്കിൽ കാറ്റലിറ്റിക് ഡിഗ്രഡേഷൻ പ്രക്രിയയിലൂടെ പ്ലാസ്റ്റിക് മാലിന്യം ഫ്യൂവൽ ഗ്യാസായും, ക്രൂഡ് ഓയിലായും, കാർബൺ റെസിഡ്യൂ ആയും മാറ്റുന്ന സാങ്കേതിക വിദ്യയായിരുന്നു അവതരിപ്പിച്ചത്. നിലവിൽ ആധുനിക സാങ്കേതിക വിദ്യയിൽ അധിഷ്ഠിതമായ മാലിന്യത്തിൽ നിന്നും ഊർജ്ജം ഉല്പാദിപ്പിക്കുന്ന Waste-to-Energy പ്ലാന്റുകൾ Design, Build, Finance, Operate & Transfer (DBFOT) വ്യവസ്ഥയിൽ സ്ഥാപിക്കുന്നതിനാണ് സർക്കാർ നയപരമായ തീരുമാനം എടുത്തിട്ടുള്ളത്. ഇത്തരം പ്ലാന്റുകളിൽ പ്ലാസ്റ്റിക് മാലിന്യങ്ങൾ ഉൾപ്പെടെയുള്ള Municipal Solid Waste ആണ് ഉപയോഗിക്കുന്നത്. തെരഞ്ഞെടുക്കപ്പെട്ട സ്ഥലങ്ങളിൽ സ്ഥാപിക്കുന്ന ഇത്തരം Waste-to-Energy പ്ലാന്റുകളിലെ സാങ്കേതിക വിദ്യ തീരുമാനിക്കുന്നത് ആഗോള ടെണ്ടറിലൂടെ പദ്ധതി നടത്തിപ്പിനായി തെരഞ്ഞെടുക്കുന്ന അതാത് കൺസഷണയർ കമ്പനി ആണ്. കൺസഷണയർ കമ്പനി വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി |

| | | | | |
|---|---|---|---|---|
| | | | | ആവശ്യമായ പാരിസ്ഥിതിക പഠനം നടത്തി ബന്ധപ്പെട്ട ഏജൻസികളുടെ അംഗീകാരം ലഭ്യമാക്കിയ ശേഷമാണ് പ്ലാന്റിന്റെ പ്രവർത്തനം ആരംഭിക്കുന്നത്. അതിനാൽ മേല്പറഞ്ഞ ഒന്നാം സമ്മാനർഹമായ പ്രോജക്ടിലെ സാങ്കേതിക വിദ്യയുടെ പ്രായോഗികതയും, പ്രവർത്തനച്ചെലവും സംബന്ധിച്ച കാര്യങ്ങൾ സർക്കാർ പഠനവിധേയമാക്കി, സംസ്ഥാനത്തെ പ്ലാസ്റ്റിക് മാലിന്യ നിർമ്മാർജ്ജന ത്തിന് ഉപയുക്തമാണോ എന്ന് പരിശോധിക്കേണ്ട സാഹചര്യം ഇപ്പോൾ നിലവിലില്ല. |
| 12 | 14/1 | 101 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൻകീഴിൽ നടപ്പിലാക്കുന്ന പ്രവൃത്തികളുടെ സോഷ്യൽ ഓഡിറ്റിംഗ് നിർബന്ധവും കർശനവു മാക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ വ്യക്തമാക്കാമോ? | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൻ കീഴിൽ നടപ്പിലാക്കുന്ന പ്രവൃത്തികളുടെ സോഷ്യൽ ഓഡിറ്റിംഗ് ഗ്രാമസഭകളിലൂടെ നടത്തണമെന്ന് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമത്തിൽ പ്രതിപാദിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാർ 3-6-2011-ന് വിജ്ഞാപനം ചെയ്ത മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി സോഷ്യൽ ഓഡിറ്റ് ചട്ടം 2011-ലെ ഖണ്ഡിക 4 പ്രകാരം സോഷ്യൽ ഓഡിറ്റ് നടത്തുന്നതിനായി ഒരു സ്വതന്ത്ര സോഷ്യൽ ഓഡിറ്റ് യൂണിറ്റ് സംസ്ഥാന സർക്കാർ രൂപീകരിക്കേണ്ടതാണെന്ന് നിർദ്ദേശി ച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഉത്തരവ് നം.3106/2015/തസ്വഭവ. തീയതി |

| | | | | |
|---|---|---|---|---|
| | | | | 30-12-2015 പ്രകാരം Travancore Cochin Literary Scientific and Charitable Society Act 1955- ന് കീഴിൽ ഒരു സ്വതന്ത്ര സോഷ്യൽ ഓഡിറ്റ് സൊസൈറ്റി രജിസ്റ്റർ ചെയ്ത് പ്രവൃത്തിക്കുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ 31-1-2017-ന് TVM/TC/123/ 2017 നമ്പർ പ്രകാരം സോഷ്യൽ ഓഡിറ്റ് സൊസൈറ്റി രജിസ്റ്റർ ചെയ്ത് പ്രവർത്തിച്ചുവരുന്നു. സംസ്ഥാനതലത്തിൽ സോഷ്യൽ ഓഡിറ്റ് ഡയറക്ടർ, സോഷ്യൽ ഓഡിറ്റ് സ്പെഷ്യലിസ്റ്റ്, സോഷ്യൽ ഓഡിറ്റ് എക്സ്പെർട്ട് എന്നിവരുടെ നേതൃത്വത്തിൽ സോഷ്യൽ ഓഡിറ്റ് സെൽ പ്രവർത്തിച്ചുവരുന്നു. ഗ്രാമപഞ്ചായത്ത് തലത്തിലുള്ള മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രവർത്തനങ്ങൾ സോഷ്യൽ ഓഡിറ്റിന് വിധേയമാക്കുന്ന നടപടികൾ ടി സെല്ലിന്റെ നേതൃത്വത്തിൽ നടന്നുവരുന്നു. |
| 13 | 14/14 | 76 | ഗ്രാമവികസന വകുപ്പിൽ ബിരുദം യോഗ്യതയായുള്ള തസ്തിക ഗസറ്റഡും ബിരുദാനന്തര ബിരുദം യോഗ്യതയുള്ള തസ്തിക നോൺ ഗസറ്റഡുമായി ഉൾപ്പെടുത്തി ചട്ടങ്ങൾ രൂപീകരിക്കാനുണ്ടായ സാഹചര്യം വ്യക്തമാക്കാമോ; | ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പിന്റെ സ്പെഷ്യൽ റൂൾ സ്റ്റേറ്റ് സർവ്വീസിന്റേത് 27-10-2022 തീയതിയിലെ G. O. (p) No.74/2022/LSGD പ്രകാരവും, സബോർഡിനേറ്റ് സർവ്വീസിന്റേത് G.O. (P) No.75/2022/LSGD പ്രകാരവും നിലവിൽ വന്നിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ |

| | | | | |
|---|---|---|---|---|
| | | | പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ? | ബിരുദാനന്തര ബിരുദം യോഗ്യതയായുള്ള നോൺ ഗസറ്റഡ് തസ്തികയായി ചട്ടങ്ങളിൽ ഉൾപ്പെടുത്തിട്ടുള്ള ഗ്രാമവികസന വകുപ്പിലെ ETC Lecturer തസ്തിക സംബന്ധിച്ച വിഷയം ബന്ധപ്പെട്ട വകുപ്പിന് പരാതി പരിഹാര സംവിധാനത്തിന്റെ ശ്രദ്ധയിൽ പ്പെടുത്താവുന്നതാണ്. |

## XI. പൊതുമരാമത്ത് വകുപ്പ്

| ക്രമ നമ്പർ | നിയമസഭ സമ്മേളനം | ഉറപ്പ് നമ്പർ | സഭയിൽ ഉന്നയിക്കപ്പെട്ട ചോദ്യങ്ങളും ഉറപ്പുകളും | സർക്കാരിൽ നിന്ന് ലഭിച്ച സ്റ്റേറ്റ്മെന്റ് |
|---|---|---|---|---|
| 1 | 13/5 | 85 | കേന്ദ്ര റോഡ് ശൃംഖല ഏതെല്ലാം മേഖലകളുടെ പങ്കാളിത്തത്തോടെയാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്? | സംസ്ഥാന പാതകളും പ്രധാന ജില്ലാ റോഡുകളും ഉൾപ്പെടുത്തി കേന്ദ്രറോഡ് ശൃംഖല - കോർ റോഡ് നെറ്റ്‌വർക്കിന് 7-4-2020-ലെ ജി. ഒ. (പി) നം.01/2020/ പി.ഡബ്ല്യു.ഡി. പ്രകാരം രൂപം നൽകിയിട്ടുണ്ട് (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു). സാമ്പത്തികവും സാംസ്കാരികവുമായ വളർച്ചയെ മുൻ നിർത്തി വിവിധ സംസ്ഥാനങ്ങളെ തമ്മിൽ പരസ്പരം ബന്ധിപ്പിക്കുന്നതും വാഹനസാന്ദ്രത കൂടിയതുമായ സംസ്ഥാന പാതകളും, വിനോദ സഞ്ചാര കേന്ദ്രങ്ങൾ, തുറമുഖങ്ങൾ, വിമാനത്താവളങ്ങൾ, എന്നിവയെ പരസ്പരം ബന്ധിപ്പിക്കുന്ന പ്രധാന റോഡുകളും ഉൾപ്പെട്ട ശൃംഖലയാണ് കോർ റോഡ് നെറ്റ്‌വർക്ക് |

| | | | | |
|---|---|---|---|---|
| | | | | കൊണ്ടുദ്ദേശിക്കുന്നത്. 20% വരുന്ന ഈ കോർ റോഡുകൾ 80% ട്രാഫിക് ഉൾക്കൊള്ളുന്നവയാണ്. സംസ്ഥാന ബജറ്റ് വിഹിതം, ലോകബാങ്ക് സാമ്പത്തിക സഹായം എന്നിവയുടെ പങ്കാളിത്തത്തോടെയാണ് കോർ റോഡ് നെറ്റ്‌വർക്ക് നടപ്പിലാക്കാൻ ഉദ്ദേശിച്ചിട്ടുള്ളത്. |
| 2 | 13/8 | 79 | പൊതുമരാമത്ത് വകുപ്പ് റോഡ് സേഫ്റ്റി ഓഡിറ്റ് നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ;<br><br>പ്രസ്തുത ഓഡിറ്റിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തൊക്കെയായിരുന്നു;<br><br>സംസ്ഥാനത്തെ റോഡുകളിലെ അപകടനിവാരണം, സുരക്ഷ എന്നിവയുമായി ബന്ധപ്പെട്ട് എന്തെല്ലാം കാര്യങ്ങളാണ് പ്രസ്തുത ഓഡിറ്റിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; വിശദമാക്കുമോ;<br><br>പ്രസ്തുത ഓഡിറ്റിന്റെ തുടർ നടപടികൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ നൽകുമോ? | കേരള റോഡ് സുരക്ഷാ അതോറിറ്റിയുടെ 42 ആം മീറ്റിംഗ് മിനിട്ട്സ് (അജണ്ട നമ്പർ 26) പ്രകാരം നിലവിൽ MoRTH പ്രോട്ടോക്കോൾ പ്രകാരമുള്ള ബ്ലാക്ക് സ്പോട്ട് ഐഡന്റിഫിക്കേഷൻ & റെക്ടിഫിക്കേഷൻ പ്രവൃത്തി നടക്കുന്നതിനാൽ നാറ്റ്പാക്കിന്റെ റോഡ് സേഫ്റ്റി ഓഡിറ്റ് പ്രൊപ്പോസൽ ഡ്രോപ്പ് ചെയ്യാൻ തീരുമാനിച്ചിട്ടുണ്ട്.<br><br>പൊതുമരാമത്ത് വകുപ്പ് റോഡ് സുരക്ഷാ വിഭാഗം മുൻകൈ എടുത്തു നടത്തിയ റോഡ് സുരക്ഷാ പ്രവൃത്തികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br><br>1.പദ്ധതി / പദ്ധതിയേതര പ്രവൃത്തികൾ.<br><br>പദ്ധതി / പദ്ധതിയേതരം, കേരള റോഡ് സുരക്ഷാ അതോറിറ്റി ഫണ്ട് എന്നീ മൂന്ന് ഫണ്ടുകൾ മുഖേനയാണ് റോഡ് സുരക്ഷാ വിഭാഗം സുരക്ഷാ പ്രവൃത്തികൾ നടപ്പിലാക്കി വരുന്നത്. ഇതിൽ പദ്ധതി |

| | | | | |
|---|---|---|---|---|
| | | | | വിഹിതം മുഖേന റോഡ് സുരക്ഷാ പ്രവൃത്തികൾ, പദ്ധതിയേതര വിഹിതം മുഖേന ട്രാഫിക്ക് സൈൻ ബോർഡുകളുടെ സ്ഥാപിക്കലും പരിപാലനവും, കേരള റോഡ് സുരക്ഷാ അതോറിറ്റി ഫണ്ട് മുഖേന ബ്ലാക്ക്സ്പോട്ടുകളുടെ തിരുത്തൽ നടപടികൾ, ക്രാഷ്ബാരിയർ സ്ഥാപിക്കൽ, സ്കൂൾമേഖല നവീകരണ പദ്ധതികൾ എന്നിവ നടപ്പിലാക്കി വരുന്നു. വിവിധ റോഡ്സ് ഡിവിഷൻ ഓഫീസുകളിൽ നിന്നും ലഭിക്കുന്ന എസ്റ്റിമേറ്റുകൾ IRC മാനദണ്ഡ പ്രകാരമാണോ എന്ന് പരിശാധിച്ചാണ് ഭരണാനുമതി നൽകിവരുന്നത്.<br><br>2. <u>ബ്ലാക്ക്സ്പോട്ട്</u><br><br>2017-ൽ നാറ്റ്പാക് കണ്ടെത്തിയ 46 ബ്ലാക്ക്സ്പോട്ടുകളിൽ 37 എണ്ണം പൊതുമരാമത്ത് വകുപ്പ് നിരത്തു വിഭാഗത്തിന്റെ പരിധിയിൽ ഉണ്ടായിരുന്നു (Annexure-1). 7 ബ്ലാക്ക്സ്പോട്ടുകൾ കെ.എസ്.ടി.പി യുടെ പരിധിയിലും ഓരോ ബ്ലാക്ക്സ്പോട്ടുകൾ വീതം കെ.ആർ.എഫ്.ബിയുടെയും കോർപ്പറേഷന്റെയും പരിധിയിലും ആണ്. ഇതിൽ 34 എണ്ണം റോഡ് സുരക്ഷാ പദ്ധതി വിഹിതം മുഖേന നടപ്പിലാക്കി. അധിക തുക ആവശ്യമായിവന്ന 3 ബ്ലാക്ക്സ്പോട്ടുകളുടെ തിരുത്തൽ നടപടികൾ കേരള റോഡ്സുരക്ഷാ അതോറിറ്റി ഫണ്ട് മുഖേന നടപ്പിലാക്കിവരുന്നു. (2,87,86,000/-രൂപ). |

| | | | | |
|---|---|---|---|---|
| | | | | ദേശീയപാതയിൽ MoRTH കണ്ടെത്തിയ 18 ബ്ലാക്ക്സ്പോട്ടുകളിൽ (Annexure 2) പൊതുമരാമത്ത് വകുപ്പ് ദേശീയപാതാ വിഭാഗം തിരുത്തൽ നടപടികൾ നടപ്പിലാക്കി വരുന്നുണ്ട്. പൊതുമരാമത്ത് ദേശീയപാത വിഭാഗത്തിന്റെ അഭ്യർത്ഥന പ്രകാരം പ്രസ്തുത ബ്ലാക്ക്സ്പോട്ടുകളുടെ തിരുത്തൽ നടപടികൾക്ക് ആവശ്യമായ മാർഗനിർദ്ദേശങ്ങളും റോഡുസുരക്ഷാ വിഭാഗം നൽകാറുണ്ട്.<br><br>2019-ൽ നാറ്റ്പാക് കേരളത്തിലുടനീളം കണ്ടെത്തി തയ്യാറാക്കിയ ബ്ലാക്ക് സ്പോട്ട് പട്ടികയിൽ ഉൾപ്പെട്ട 75 ബ്ലാക്ക്സ്പോട്ടുകളിൽ പൊതുമരാമത്ത് വകുപ്പ് നിരത്തു വിഭാഗത്തിന്റെ അധീനതയിലുള്ള 58 ബ്ലാക്ക്സ്പോട്ടുകളുടെ അടിയന്തിര ഹ്രസ്വകാല സുരക്ഷാ ക്രമീകരണങ്ങളും റോഡുസുരക്ഷാ വിഭാഗം നടപ്പിലാക്കിവരുന്നു (Annexure-3). പഠന റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് തിരുത്തൽ പ്രവൃത്തികൾ നടപ്പിലാക്കുന്നതാണ്.<br><br>മേൽപറഞ്ഞ പ്രവർത്തി കൂടാതെ വിവിധ ജില്ലകളിലെ ഉദ്യോഗസ്ഥരിൽ നിന്നും ലഭ്യമാകുന്ന പരാതി കണക്കിലെടുത്തു പൊതുമരാമത്ത് വകുപ്പ് |

| | | | | |
|---|---|---|---|---|
| | | | | നിരത്തു വിഭാഗം ചീഫ് എഞ്ചിനീയറുടെ നിർദ്ദേശപ്രകാരം പൊതുമരാമത്ത് വകുപ്പ് നിരത്തു വിഭാഗത്തിന്റെ പരിധിയിൽ വരുന്ന റോഡുകൾ, കെ.എസ്.ടി.പി, റിക്ക്, ദേശീയപാതാ എന്നീ വിഭാഗങ്ങളുടെ പരിധിയിൽ വരുന്ന അത്യധിക അപകട സാധ്യതാ മേഖലകൾ/പ്രധാന അപകടങ്ങൾ നടന്ന സ്ഥലങ്ങൾ/ബ്ലാക്ക്സ്പോട്ട് എന്നിവയുടെ സുരക്ഷാ പരിശോധന/റോഡ്സുരക്ഷാ ആഡിറ്റ് എന്നിവ നടത്തി തിരുത്തൽ നടപടികൾക്കുള്ള എസ്റ്റിമേറ്റ് സമർപ്പിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ ഉൾക്കൊള്ളിച്ച റിപ്പോർട്ടും റോഡ് സുരക്ഷാ വിഭാഗം തയ്യാറാക്കി നൽകുന്നു. ഇത് കൂടാതെ പൊതുജനങ്ങളുടെ പരാതിയിൽ ചൂണ്ടികാണിക്കുന്ന അപകടമേഖലകളുടെ പരിശോധന നടത്തുകയും തിരുത്തൽ നടപടികൾക്കുള്ള നിർദ്ദേശങ്ങൾ ഉൾക്കൊള്ളിച്ച റിപ്പോർട്ട് തയ്യാറാക്കി നിർവഹണ ഉദ്യോഗസ്ഥർക്ക് നൽകുകയും ചെയ്യുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കി സമർപ്പിക്കുന്ന റോഡ് സുരക്ഷാ പ്രവൃത്തികൾക്കുള്ള എസ്റ്റിമേറ്റുകൾ പരിശോധിച്ച് ഫണ്ട് ലഭ്യത അനുസരിച്ച ഭരണാനുമതി നൽകുകയും ചെയ്യുന്നു. |

| | | | | |
|---|---|---|---|---|
| | | | | <u>3. കെ.എസ്.റ്റി.പി.സുരക്ഷാ ഇടനാഴി.</u><br><br>കെ.എസ്.റ്റി.പി നടപ്പിലാക്കിയ സുരക്ഷാ ഇടനാഴി പ്രകടന പദ്ധതിയുടെ (State Corridor Demonstration Project) പ്രവർത്തിയും റോഡ്സുരക്ഷാ വിഭാഗം ഉദ്യോഗസ്ഥരുടെ മേൽനോട്ടത്തിലാണ് നടപ്പിലാക്കിയത്. 9-1-2018-ലെ ജി.ഒ. (ആർടി.)നം.68/2018/പി.ഡബ്ല്യൂ.ഡി. പ്രകാരം റോഡ്സുരക്ഷാ വിഭാഗത്തിലെ ഉദ്യോഗസ്ഥരുടെ പ്രവർത്തന ക്രമീകരണം പ്രസ്തുത പ്രവൃത്തി നടപ്പിലാക്കുന്നതിനായി വിന്യസിക്കുകയും ചെയ്തിട്ടുള്ളതുമാണ്.<br><br>4. <u>മറ്റു പ്രവൃത്തികൾ</u><br><br>2019 മുതൽ നാളിതുവരെയുള്ള കാലയളവിൽ താഴെ പറയുന്ന അപകട സാധ്യതാ മേഖലകൾ/ പ്രധാന അപകടങ്ങൾ നടന്ന സ്ഥലങ്ങൾ എന്നിവയുടെ സുരക്ഷാ പരിശോധന നടപ്പിലാക്കി തിരുത്തൽ നടപടികൾക്കുള്ള മാർഗ്ഗനിർദ്ദേശങ്ങൾ ഉൾക്കൊള്ളിച്ച റിപ്പോർട്ടും റോഡ് സുരക്ഷാ വിഭാഗം തയ്യാറാക്കി നൽകിയിട്ടുണ്ട്. |

| | | | | |
|---|---|---|---|---|
| | | | | • മൂന്നാർ മറയൂർ റോഡിലെ ക്രാഷ്ബാരിയറിന്റെ സുരക്ഷാ ഓഡിറ്റ്.<br>• ഇടുക്കി ഡിവിഷന്റെ കീഴിലെ ഹിൽറോഡുകളിലെ ക്രാഷ്ബാരിയർ സ്ഥാപിക്കാനുള്ള പരിശോധന.<br>• കഴക്കൂട്ടം മുക്കോല എൻ.എച്ച് ബൈപ്പാസ്സിന്റെ റോഡ് സുരക്ഷാ പഠനം.<br>• കിള്ളിപ്പാലം ബണ്ട് റോഡിലെ ആറ്റുകാൽ ജംഗ്ഷനിലെ സുരക്ഷാ പരിശോധന.<br>• അയിലം കളമച്ചൽ റോഡിലെ സുരക്ഷാ പരിശോധന.<br>• എൻ.എച്ച് 66 ലെ പൂവമ്പാറ ജംഗ്ഷനിലെ അപകടമേഖലയിലെ സുരക്ഷാ പരിശോധന.<br>• എറണാകുളം എച്ച്.എം.റ്റി ജംഗ്ഷനിലെ പരാതിയെ സംബന്ധിച്ച റോഡ് സുരക്ഷാ പരിശോധന.<br>• കണ്ണൂർ ജില്ലയിലെ ഇരിണാവ് പുതിയ പാലത്തിന്റെ റോഡ് സുരക്ഷാ പരിശോധന.<br>• തൊടുപുഴയിലെ നെല്ലാപ്പാറ കുരിശുപ്പള്ളി വളവിലെ സുരക്ഷാ പരിശാധന. |

| | | | | |
|---|---|---|---|---|
| | | | | • എൻ.എച്ച് 66 ലെ പൊങ്ങമൂടിനു സമീപം ലഭിച്ച പരാതിയെ സംബന്ധിച്ച റോഡ് സുരക്ഷാ പരിശോധന.<br>• എറണാകുളത്തെ തിരുവാങ്കുളം കോട്ടയത്തുപാറ റോഡിലെ സുരക്ഷാ പരിശോധന.<br>• വെട്ടമുക്ക് ജംഗ്ഷനിലെ അപകട മേഖലയിലെ സുരക്ഷാ പരിശോധന.<br>• എം.സി റോഡിലെ കരമ്പാലയിലും വട്ടത്തറപ്പടി ജംഗ്ഷനിലെയും സ്ഥല പരിശോധന.<br>• തിരുവഞ്ചിയൂർ അയർക്കുന്നം റോഡിലെ സുരക്ഷാ പരിശോധന<br>• ശാസ്തമംഗലം കിഴക്കേകോട്ട റോഡിലെ സുരക്ഷാ പരിശോധന.<br>• തൃശ്ശൂർ ജില്ലയിലെ മാപ്രാണം ബ്ലാക്ക്സ്പോട്ട് പരിശോധന.<br>• പെട്രോൾ പമ്പുകളുടെ റോഡ് സുരക്ഷാ പഠനം. |

| | | | | |
|---|---|---|---|---|
| | | | | • വെട്ടത്തു കവല ജംഗ്ഷനിലെ സുരക്ഷാ പരിശോധന.<br>• സൈൻ ബോർഡുകളുടെ റിഫ്ലക്റ്റിവിറ്റി പരിശോധന<br>• അഞ്ചുവിളക്കു പണ്ടകശാല റോഡിലെ സുരക്ഷാ പരിശോധന.<br>• ഇ.എം.എസ്. പെരുന്ന റോഡിലെ സുരക്ഷാ പരിശോധന<br>• എൻ.എച്ച് 66-ലെ എടപ്പള്ളിക്കോട്ടയിലെ സുരക്ഷാ പരിശോധന.<br>• കണ്ണൂർ ജില്ലയിലെ മലയോര ഹൈവേയുടെ റോഡ് സുരക്ഷാ ഓഡിറ്റ് (51 KM)<br>• കടുത്തുരുത്തിയിലെ പരാതിയെ സംബന്ധിച്ച റോഡ് സുരക്ഷാ പരിശോധന<br>• കൊപ്പം സ്കൂൾ മേഖലയിലെ റോഡ് സുരക്ഷാ പരിശോധന<br>• എൻ.എച്ച്.183-ലെ മുണ്ടൻകാവ് ജംഗ്ഷനിലെ റോഡ് സുരക്ഷാ പരിശോധന |

| | | | | | |
|---|---|---|---|---|---|
| | | | | | • നന്ദൻകോഡ് ജംഗ്ഷനിലെ സുരക്ഷാ പരിശോധന<br>• നെത്തല്ലൂർ ജംഗ്ഷനിലെ സുരക്ഷാ പരിശോധന<br>• പൂവാർ ലീല ഹോട്ടലിലെ പരാതിയെ സംബന്ധിച്ച റോഡ് സുരക്ഷാ പരിശോധന<br>• വെള്ളനാട് ആര്യനാട് വിതുര ചെറ്റച്ചൽ റോഡിലെ റോഡ് സുരക്ഷാ ഓഡിറ്റ് (21 Km)<br>• വെമ്പള്ളി കടപൂർ റോഡിലെ സുരക്ഷാ പരിശോധന<br>• വെട്ടിക്കവലയിലെ റോഡിലെ സുരക്ഷാ പരിശോധന<br>• കേരളാദിത്യപുരം മണ്ണന്തല റോഡിലെ ബസ്ബേ സംബന്ധിച്ച പരിശോധന<br>• കടയ്ക്കാവൂർ ROB-ക്ക് സമീപം ലഭിച്ച അപേക്ഷയെ സംബന്ധിച്ച റോഡ് സുരക്ഷാ പരിശോധന.<br>• കാഞ്ഞിരംപാറ സെക്ഷനിലെ റോഡുകളുടെ സുരക്ഷാപരിശോധന |

| | | | | |
|---|---|---|---|---|
| | | | | • കൊല്ലം എൻ.എച്ച്. ബൈപാസ്സിന്റെ സുരക്ഷാ പരിശോധന<br>• പാരിപ്പള്ളി മുക്കടയിലെ സുരക്ഷാ പരിശോധന<br>• പുതുവേലി, മോനിപ്പള്ളി ജംഗ്ഷനുകളുടെ സുരക്ഷാ പരിശോധന<br>• എറണാകുളത്തെ പ്രഷർ റെഗുലേറ്റർ സ്കിഡ് സംബന്ധിച്ച സുരക്ഷാ പരിശോധന<br>• പുള്ളിക്കാനം റോഡിലെ അപേക്ഷയെ സംബന്ധിച്ച റോഡ് സുരക്ഷാ പരിശോധന<br>• വിഴിഞ്ഞം പോർട്ടിലേക്കുള്ള റോഡിന്റെ അപേക്ഷയെ സംബന്ധിച്ച റോഡ് സുരക്ഷാ പരിശോധന<br>• പുതിയകാവ് ചക്കുവള്ളി റോഡിലെ ചിറ്റുമല റെയിൽവേ ക്രോസ്സിലെ റോഡ് സുരക്ഷാ പരിശോധന<br>• കൈമനം തിരുവല്ലം റോഡിലെ സുരക്ഷാ പരിശോധന |

| | | | | |
|---|---|---|---|---|
| | | | | • തിരുവല്ല ബൈപ്പാസ് പുഷ്പഗിരി മെഡിക്കൽ കോളേജിന്റെ പ്രവേശന മാർഗ്ഗം സംബന്ധിച്ച റോഡ് സുരക്ഷാ പരിശോധന. |
| 3 | 14/10 | 62 | പൊതുമരാമത്ത് വകുപ്പിലെ റോളർ ഡ്രൈവർ, റോളർ ക്ലീനർ, ബ്ലൂപ്രിന്റർ എന്നീ തസ്തികയിലെ ജീവനക്കാർ നിലവിൽ ഒരുജോലിയും ചെയ്യാതെ ശമ്പളം വാങ്ങുന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br><br>റോളർ ഡ്രൈവർ, റോളർ ക്ലീനർ, ബ്ലൂപ്രിന്റർ എന്നീ തസ്തികകൾ അബോളിഷ്ചെയത് മേൽ സൂചിപ്പിച്ച ജീവനക്കാരെ റെസ്റ്റ് ഹൗസുകൾ ഉൾപ്പെടെയുള്ള ഓഫീസുകളിലേക്കോ ജീവനക്കാരുടെ യോഗ്യതയനുസരിച്ചുള്ള മറ്റ് തസ്തികകളിലേക്കോ പുനർ വിന്യസിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ വിശദാംശങ്ങൾ ലഭ്യമാക്കുമോ? | 4-11-2003-ലെ സ.ഉ. (സാധാ.)നം. 1078/2003/ പൊ.മ.വ നമ്പർ ഉത്തരവ് പ്രകാരം അബോളിഷ് ചെയ്യപ്പെട്ട റോളർ ഡ്രൈവർ, റോളർ ക്ലീനർ എന്നീ തസ്തികകളിലെ അവശേഷിക്കുന്ന ജീവനക്കാരെ 18-10-2021-ലെ എ 2/84/2016/പൊ.മ.വ. നമ്പർ സർക്കാർ കത്തിൽ നിർദ്ദേശിച്ച പ്രകാരം ഭരണവിഭാഗം ചീഫ് എഞ്ചിനീയറുടെ 26-10-2021 ലെ ഇഇ 3/16135/2021/സിഇ (ഭരണം) നമ്പർ നടപടിക്രമത്തിന്റെ അടിസ്ഥാനത്തിൽ വിവിധ റസ്റ്റ് ഹൗസുകളിൽ കെയർ ടേക്കർ തസ്തികകളിൽ താല്ക്കാലിക ചുമതല നൽകി നിയമിച്ചിട്ടുണ്ട്. (ഈ തസ്തികയിലെ എല്ലാ ജീവനക്കാരും 2033-34-ൽ വിരമിക്കുന്നതോടുകൂടി ഈ തസ്തിക തന്നെ ഇല്ലാതാകുന്നതാണ്) അതുപോലെ വകുപ്പിലെ ബ്ലൂപ്രിന്റർ തസ്തികയിലെ ശേഷിക്കുന്ന 21 ജീവനക്കാരെ ഭരണവിഭാഗം ചീഫ് എഞ്ചിനീയറുടെ 28-12-2017-ലെ ഇബി 5/9382/13/സി.ഇ. നമ്പർ നടപടിക്രമം പ്രകാരം 3rd ഗ്രേഡ് ഓവർസീയർ മാരായി പ്രോമോഷൻ നൽകി നിയമിച്ചിട്ടുള്ളതും |

| | | | | |
|---|---|---|---|---|
| | | | | പ്രസ്തുത തസ്തികയിൽ ഇനി ആരും തന്നെ ഇല്ലാത്തതിനാൽ 15-3-2019-ലെ സ.ഉ. (കൈ) നം. 7/2019/പൊ.മ.വ നമ്പർ ഉത്തരവ് പ്രകാരം ബ്ലൂപ്രിന്റർ തസ്തിക അബോളിഷ് ചെയ്തിട്ടുള്ളതുമാണ്. |
| 4 | 13/12 | 25 | ഉപയോഗരഹിതമായതും വിവേചന രഹിതമായി പാതകളിലൂടെ സ്ഥാപിച്ചി ട്ടുള്ളതുമായ കേബിളുകളും പൈപ്പുകളും ഉണ്ടാക്കുന്ന അപകടങ്ങളും മറ്റും തടയാൻ അടിയന്തര നിർദ്ദേശം നൽകുമോ? | പൊതുമരാമത്ത് പാതകളിലെ അപകടപരമായ കുഴികളും പോസ്റ്റുകളും കേബിളുകളും മാറ്റി അപകടാവസ്ഥ ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ എല്ലാ സൂപ്രണ്ടിംഗ് എഞ്ചിനീയർ/ എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്കും പൊതുമരാമത്ത് നിരത്ത് വിഭാഗം ചീഫ് എഞ്ചിനീയർ നിർദ്ദേശം നൽകിയിട്ടുണ്ടെന്ന് അറിയിക്കുന്നു. |
| 5 | 13/13 | 23 | കുടിശ്ശിക ലഭിക്കാത്തതുമൂലമുള്ള കരാറുകാരുടെ പിന്മാറ്റവും അസംസ്കൃത വസ്തുക്കളുടെ ലഭ്യത നിലച്ചതും സംസ്ഥാനത്തെ റോഡ് നിർമ്മാണ / നവീകരണത്തിന് കാരണമായിട്ടുണ്ടോ; എങ്കിൽ എന്ത് പരിഹാര നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ? | പൊതുമരാമത്ത് റോഡ്സ് വിഭാഗത്തിൽ ബി.ഡി.എസ് സംവിധാനം വഴി 2018 സെപ്റ്റംബർ വരെയുള്ള ബില്ലുകളുടെ പേയ്മെന്റ് നൽകിയിട്ടുണ്ട്. കരാറുകാർക്കുള്ള കുടിശ്ശിക കാരണം പ്രവൃത്തികൾ തടസ്സപ്പെട്ടിട്ടില്ല. ദേശീയപാതാ വിഭാഗത്തിൽ, അസംസ്കൃത വസ്തുക്കളുടെ ലഭ്യതക്കുറവ് ചെറിയ തോതിൽ തടസ്സങ്ങൾ ഉണ്ടാക്കിയിട്ടുണ്ട്. ആയത് അതാത് ജില്ലാ കളക്ടർമാരുമായി ബന്ധപ്പെട്ട് പരിഹരിച്ചിട്ടുണ്ട്. |

| | | | | |
|---|---|---|---|---|
| 6 | 13/13 | 30 | കേരള സ്റ്റേറ്റ് കോർപ്പറേഷന് നൽകിവരുന്ന ആനുകൂല്യങ്ങൾ മൂലം പൊതുമരാമത്ത് പ്രവർത്തികളിൽ സ്വകാര്യ കരാറുകാർ നടത്തുന്ന അധിക സാമ്പത്തിക ബാദ്ധ്യതയ്ക്ക് തടയിടാൻ ഫലപ്രദമായ ഇടപെടൽ നടത്തുന്ന സർക്കാർ നിയന്ത്രിത സ്ഥാപനം ഇല്ലാതാകുമെന്ന വിഷയം പരിശോധിച്ചിട്ടുണ്ടോ;<br><br>എങ്കിൽ കെ.എസ്.സി.സി.യെ ഈ മേഖലയിൽ നിലനിർത്തുന്നതിന് ആനുകൂല്യങ്ങൾ പുനസ്ഥാപിച്ച് നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ അറിയിക്കാമോ? | നിലവിൽ അക്രഡിറ്റഡ് ഏജൻസി എന്ന നിലയിൽ സർക്കാർ ഉത്തരവ് വഴി നേരിട്ട് മറ്റ് ഡിപ്പാർട്ടുമെന്റുകൾ (SC/ST,ITD,GIDA എന്നീ ഡിപ്പാർട്ടുമെന്റുകൾ)വർക്കുകൾ KSCC-യെ ഏൽപ്പിക്കുന്നുണ്ട് .ഇപ്പോൾ SC/ ST,Registration എന്നീ ഡിപ്പാർട്ടുമെന്റുകളുടെ KIIFB പ്രവൃത്തികളുടെ special Purpose vehicle ആയി KSCC യെ നിയമിച്ചിട്ടുണ്ട്. ഇതിന് Consultancy charge പ്രത്യേകം നിശ്ചയിച്ചിട്ടുണ്ട്. ഇങ്ങനെയുള്ള പ്രവൃത്തികളിൽ നിന്ന് കോർപ്പറേഷന് upfront fee ആയി കിട്ടുന്നതാണ് കോർപ്പറേഷന്റെ വരുമാനം. ഇപ്പോഴത്തെ കണക്കനുസരിച്ച് കേരളത്തിൽ ലാഭത്തിൽ പ്രവർത്തിക്കുന്ന അഞ്ചാമത്തെ സ്ഥാപനമാണ് KSCC . 10% പ്രൈസ് പ്രിഫറൻസ് കമ്പനി നേരിട്ട് നടത്തുന്ന പ്രവൃത്തികൾക്ക് നൽകി വരുന്നുണ്ട്. |
| 7 | 13/14 | 17 | സംസ്ഥാനത്തെ ദേശീയപാതകളിൽ ക്രോസ് റോഡുകൾ വന്നുചേരുന്ന പ്രധാന ജംഗ്ഷനുകളിൽ ഫ്ലൈ ഓവറുകൾ നിർമ്മിക്കാനുള്ള പദ്ധതി പരിഗണനയിലുണ്ടോ; | NH 17 ൽ കോഴിക്കോട് ബൈപാസിൽ, രാമനാട്ടുകര, തൊണ്ടയാട് ഫ്ലൈ ഓവറുകളുടെ നിർമ്മാണം പുരോഗമിക്കുന്നു. വൈറ്റില, കുണ്ടന്നൂർ ഫ്ലൈ ഓവറുകളുടെ നിർമ്മാണത്തിന് ടെൻഡർ നടപടികൾ ചെയ്തു വരുന്നു . കഞ്ചിക്കുഴി, കണ്ണൂർ സൗത്ത് ബസാർ ഫ്ലൈ ഓവറുകളുടെ നിർമ്മാണം പൊതുമരാമത്ത് |

| | | | | |
|---|---|---|---|---|
| | | | ഇല്ലെങ്കിൽ ദേശീയ പാതകളിലെ പ്രധാന ജംഗ്ഷനുകൾ കണ്ടെത്തി അവിടങ്ങളിൽ ഫ്ലൈഓവർ നിർമ്മിച്ച് ഗതാഗത തടസ്സവും അപകടങ്ങളും ഒഴിവാക്കുന്നതിനുള്ള ഒരു സമഗ്ര പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കുമോ? | വകുപ്പിന്റെ പരിഗണനയിലുണ്ട്. കേന്ദ്ര ഗവൺമെന്റിൽ നിന്ന് അനുമതി ലഭിക്കുന്ന മുറയ്ക്ക് തിരക്കേറിയ ജംഗ്ഷനുകളിലെ ഫ്ലൈ ഓവറുകളുടെ നിർമ്മാണം നടത്താവുന്നതാണ്. |
| 8 | 13/14 | 23 | തിരുവനന്തപുരം, കോഴിക്കോട് നഗരങ്ങളിലെ ലൈറ്റ് മെട്രോ പദ്ധതികളുടെ പഠന റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; പദ്ധതി സംബന്ധിച്ച തുടർ നടപടികൾ വിശദമാക്കാമോ ? | തിരുവനന്തപുരം, കോഴിക്കോട് നഗരങ്ങളിൽ ലൈറ്റ് മെട്രോ പദ്ധതി നടപ്പാക്കുന്നതിനായി വിശദമായ പദ്ധതി റിപ്പോർട്ടും (ഡി.പി.ആർ.) രൂപരേഖയും ഡി.എം.ആർ.സി. തയ്യാറാക്കുകയും പ്രസ്തുത പദ്ധതിക്ക് ജി.ഒ (എം.എസ്.) നം.74/2015/ പി.ഡബ്ല്യു.ഡി., തീയതി 11-9-2015 പ്രകാരം 6728 കോടി രൂപയ്ക്ക് ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ സംയുക്ത സംരംഭമായി കൊച്ചിമെട്രോ മാതൃകയിൽ പദ്ധതി നടപ്പിലാക്കാനാണ് തീരുമാനിച്ചത്. കേന്ദ്ര സർക്കാരിന്റെ അംഗീകാരത്തിനായി പദ്ധതിയുടെ ഡി.പി.ആർ - ഉം മറ്റു വിശദാംശങ്ങളും ഉൾപ്പെടെ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. പദ്ധതി നടത്തിപ്പിനായി കേരള റാപ്പിഡ് ട്രാൻസിറ്റ് കോർപ്പറേഷൻ ലിമിറ്റഡ് എന്ന പേരിൽ പൊതുമരാമത്ത് വകുപ്പിന്റെ കീഴിൽ ഒരു SPV (Special Purpose Vehicle) രൂപീകരിച്ചു. |

| | | | | |
|---|---|---|---|---|
| | | | | കൂടാതെ ലൈറ്റ് മെട്രോ പദ്ധതിയോടനുബന്ധിച്ചുള്ള പ്രാരംഭ നടപടികൾക്കായി ഇടക്കാല കൺസൽറ്റന്റായി ഡി.എം.ആർ.സി.-യെ നിയമിച്ചുകൊണ്ടുള്ള കരാർ 20-1-2016-ന് ഒപ്പുവയ്ക്കുകയും ചെയ്തു.<br><br>തിരുവനന്തപുരത്ത് ലൈറ്റ് മെട്രോ പദ്ധതിയുടെ പ്രാരംഭ പ്രവർത്തനങ്ങളുടെ ഭാഗമായി ശ്രീകാര്യം, പട്ടം, ഉള്ളൂർ എന്നിവിടങ്ങളിൽ മേൽ പാലങ്ങൾ നിർമ്മിക്കാൻ സംസ്ഥാന സർക്കാർ 8-9-2016-ലെ ജി. ഒ. (എംഎസ്.)നം. 67/2016 പി.ഡബ്ല്യു.ഡി. പ്രകാരം72.84 കോടി രൂപയ്ക്ക് ഭരണാനുമതി നൽകി. തിരുവനന്തപുരം ലൈറ്റ് മെട്രോ പദ്ധതിയുടെ മറ്റൊരു പ്രധാന പ്രാരംഭ പ്രവർത്തനമായ കഴക്കൂട്ടം-കേശവദാസപുരം പാത വികസനത്തിനും 16-1-2017-ലെ ജി.ഒ. (എംഎസ്.) നം.79/2017/പി.ഡബ്ല്യു.ഡി. പ്രകാരം അനുമതി നൽകിയിട്ടുണ്ട്. കോഴിക്കോട് ലൈറ്റ് മെട്രോയുടെ പ്രധാന പ്രാരംഭ പ്രവർത്തനമായ മാനാഞ്ചിറ-മീഞ്ചന്ത പാത വികസനത്തിനും 28-7-2017-ലെ ജി.ഒ. (ആർടി.) നം.1108/2017/ പി.ഡബ്ല്യു.ഡി. പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്. |

| | | | | |
|---|---|---|---|---|
| 9 | 14/1 | 26 | തൃശ്ശൂർ മുതൽ കോഴിക്കോട് വരെയുള്ള ദേശീയപാത വീതി കൂട്ടുന്നതുമായി ബന്ധപ്പെട്ട് സ്ഥലം വിട്ടു നൽകുന്നവർക്ക് മാർക്കറ്റ് വില ലഭ്യമാക്കുന്നതിന് നടപടി സ്വീകരിയ്ക്കുമോ? | ദേശീയപാത 66-ന്റെ വികസനത്തിന് ഏറ്റെടുക്കുന്ന ഭൂമിയുടെ വില നിശ്ചയിക്കുന്നത് ബന്ധപ്പെട്ട പൊന്നുംവില തഹസീൽദാരാണ് (CALA) അതുപോലെ NH Act 1956 (CentralAct)-ലെ മാനദണ്ഡങ്ങൾക്കനുസൃതമായാണ് ഭൂമി ഏറ്റെടുക്കുന്നത് എങ്കിലും ഭൂമി നഷ്ടപ്പെടുന്നവർക്ക് വർദ്ധിപ്പിച്ച വില ലഭിക്കുന്നതിന് 2013-ലെ പരിഷ്കരിച്ച RFCTLARR നിയമത്തിന്റെ അടിസ്ഥാനത്തിൽ ഭൂമിയുടെ വില വിതരണം ചെയ്യാൻ കേന്ദ്രസർക്കാർ ഉത്തരവായിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ വർദ്ധിപ്പിച്ച നഷ്ടപരിഹാരം നൽകിവരുന്നു. |
| 10 | 14/1 | 86 | ദേശീയപാത വികസനത്തിനായി ഭൂമി ഏറ്റെടുക്കുമ്പോഴുണ്ടാകുന്ന പ്രശ്നപരിഹാരത്തിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ? | കർണ്ണാടക അതിർത്തിയിൽ ചെയിനേജ് 17.20 കി.മീ. മുതൽ വെങ്ങളം (230.00) വരെയുള്ള ഭാഗത്തെ ഡി.പി.ആർ. തയ്യാറാക്കുന്നതിനായി നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ M/S AICOM Asia Co.ltd എന്ന സ്ഥാപനത്തിന് അനുമതി നൽകിയിട്ടുള്ളതാണ്. വെങ്ങളം മുതൽ ഇടപ്പള്ളി വരെയുള്ള ഭാഗത്തിന്റെ ഡി.പി.ആർ. തയ്യാറാക്കുന്നത് M/S Feedback Infra Pvt. Ltd എന്ന സ്ഥാപനമാണ്. |

| | | | | |
|---|---|---|---|---|
| | | | | കൺസൾട്ടൻസി സ്ഥാപനങ്ങൾ തയ്യാറാക്കിയ വിശദമായ പദ്ധതി രൂപരേഖയുടെ ഡ്രാഫ്റ്റ് അലൈൻമെന്റ് ബന്ധപ്പെട്ട ജില്ലാ കളക്ടർമാരുടെ സാന്നിദ്ധ്യത്തിൽ ജനപ്രതിനിധികൾ മുമ്പാകെ അവതരിപ്പിച്ചിട്ടുള്ളതും, ജനപ്രതിനിധികളുടെ അഭിപ്രായം ഉൾക്കൊണ്ട് അന്തിമ അലൈൻമെന്റ് പ്ലാൻ തയ്യാറാക്കിയിട്ടുള്ളതും. പ്രസ്തുത അലൈൻമെന്റിന് സർക്കാർ അംഗീകാരം നൽകുകയും അതിൻ പ്രകാരം ഭൂമി ഏറ്റെടുക്കൽ നടപടികൾ ആരംഭിച്ചിട്ടുള്ളതുമാണ്.<br><br>ആലപ്പുഴ ജില്ലയിൽ LA ACT 3A പ്രകാരമുള്ള നോട്ടിഫിക്കേഷൻ പരസ്യപ്പെടുത്തിയിട്ടുണ്ട്. സാങ്കേതികമായ തകരാറുകൾമൂലം ഭൂമി ഏറ്റെടുക്കലിന് കാലതാമസം നേരിട്ടിട്ടുള്ളതാണ്. നാഷണൽ ഹൈവേ അതോറിറ്റിയും ഡി.പി.ആർ. കൺസൾട്ടന്റും വീണ്ടും സർവേ നടപടികൾ നടത്തി വരുന്നു.<br><br>കേരള സർക്കാർ ഭൂമി പൊന്നുംവില നടപടികൾ ത്വരിതപ്പെടുത്താനും, ദേശീയപാതകളുടെ ഭൂമി ഏറ്റെടുക്കൽ നടപടികൾക്ക് മേൽനോട്ടം വഹിക്കാനും ശ്രീ കെ. ബിജു IAS എന്ന ഉദ്യോഗസ്ഥനെ NHAI യുടെ സ്പെഷ്യൽ ഓഫീസർ ആയി നിയമിച്ചിട്ടുള്ളതാണ്. |

| | | | | |
|---|---|---|---|---|
| | | | | ദേശീയപാതയ്ക്കായി ഭൂമി ഏറ്റെടുക്കുമ്പോൾ ജനങ്ങൾക്ക് നഷ്ടപരിഹാരം നിശ്ചയിക്കുന്നത് കേന്ദ്രസർക്കാരിന്റെ 2013-ലെ ലാന്റ് അക്വിസിഷൻ ആക്റ്റ് പ്രകാരമാണ്. സംസ്ഥാനത്തെ പ്രത്യേക അവസ്ഥ കണക്കിലെടുത്ത് റവന്യൂ വകുപ്പ് ഇറക്കിയ റീഹാബിലിറ്റേഷൻ സംബന്ധിച്ച ഉത്തരവുകളും<br>[സ.ഉ.(കൈ)448-2017/റവന്യൂ തീയതി 29-12-2017, സ. ഉ. (പി)17-2017/റവന്യൂ] നിലവിലുണ്ട്. |
| 11 | 14/2 | 35 | പബ്ലിക് ഓഫീസുകളിൽ സ്ത്രീ സൗഹൃദ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ;<br>മിക്ക പബ്ലിക് ഓഫീസുകളിലും സ്ത്രീകൾക്കായുള്ള പ്രത്യേക ടോയ്‌ലറ്റ് സൗകര്യങ്ങളുടെ അപര്യാപ്തത കണക്കിലെടുത്ത് ആയത് പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ? | പബ്ലിക് ഓഫീസുകളിൽ സ്ത്രീ സൗഹൃദ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനായി 2016-17 സാമ്പത്തിക വർഷത്തിൽ ജൻഡർ ബഡ്ജറ്റ് സ്കീമിൽ ഉൾപ്പെടുത്തി 247.12 ലക്ഷം രൂപ വകയിരുത്തിയിരുന്നു. പ്രസ്തുത സാമ്പത്തിക വർഷത്തിൽ 22 പ്രവൃത്തികൾക്കായി 414.67 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുള്ളതും പ്രവൃത്തികൾ എല്ലാം തന്നെ പൂർത്തീകരിച്ചിട്ടുള്ളതുമാണ്. |

| | | | | |
|---|---|---|---|---|
| 12 | 14/2 | 51 | റോഡുകൾ കുഴിച്ചതിനുശേഷം നിലവിലുള്ള റോഡിന്റെ ടാറിംഗ് ഉപയോഗിച്ചതിനേക്കാൾ നിലവാരം കുറഞ്ഞ വസ്തുക്കൾ ഉപയോഗിച്ച് റോഡുകൾ പുനർനിർമ്മിക്കുന്ന പ്രവണത അവസാനിപ്പിക്കുന്നതിനും പുനർ നിർമ്മാണത്തിന് സമയപരിധി നിശ്ചയിച്ച് യഥാസമയം പുനർനിർമ്മിക്കുന്നുണ്ടോയെന്ന് വിലയിരുത്തുന്നതിനും കർശന നടപടി സ്വീകരിക്കു മോ? | റോഡുകൾ പുനർനിർമ്മിക്കുമ്പോൾ മുമ്പ് ഉപയോഗിച്ചിരുന്ന തരത്തിലുള്ള ടാറിംഗ് തന്നെ ഉപയോഗിച്ചാണ് പുതിയ പ്രവൃത്തികൾ നടപ്പിലാക്കി വരുന്നത്. കൂടാതെ ഗുണനിലവാരമുള്ള നിർമ്മാണ സാമഗ്രികൾ ഉപയോഗിച്ചാണ് റോഡുകളിൽ കുഴിയടപ്പ് നടത്തിവരുന്നത്.<br>പ്രളയം ആവർത്തിക്കുന്ന പശ്ചാത്തലത്തിലും കാലവർഷം 6 മാസത്തിൽ അധികരിക്കുന്നതിനാലും ഗുണമേന്മ ഉറപ്പുവരുത്തിയുള്ള റോഡ് പുനർനിർമ്മാണ മാണ് നടത്തിവരുന്നത്. |
| 13 | 14/10 | 62 | പൊതുമരാമത്ത് വകുപ്പിലെ റോളർ ഡ്രൈവർ, റോളർ ക്ലീനർ, ബ്ലൂപ്രിന്റർ എന്നീ തസ്തികയിലെ ജീവനക്കാർ നിലവിൽ ഒരു ജോലിയും ചെയ്യാതെ ശമ്പളം വാങ്ങുന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br>റോളർ ഡ്രൈവർ, റോളർ ക്ലീനർ, ബ്ലൂപ്രിന്റർ എന്നീ തസ്തികകൾ അബോളിഷ്ചെയ്തത് മേൽ സൂചിപ്പിച്ച | 4-11-2003-ലെ സ.ഉ. (സാധാ.)നം. 1078/2003/ പൊ.മ.വ നമ്പർ ഉത്തരവ് പ്രകാരം അബോളിഷ് ചെയ്യപ്പെട്ട റോളർ ഡ്രൈവർ, റോളർ ക്ലീനർ എന്നീ തസ്തികകകളിലെ അവശേഷിക്കുന്ന ജീവനക്കാരെ 18-10-2021-ലെ എ 2/84/2016/പൊ.മ.വ. നമ്പർ സർക്കാർ കത്തിൽ നിർദ്ദേശിച്ച പ്രകാരം ഭരണ വിഭാഗം ചീഫ് എഞ്ചിനീയറുടെ 26-10-2021-ലെ ഇ 3/16135/2021/സിഇ (ഭരണം) നമ്പർ നടപടി ക്രമത്തിന്റെ അടിസ്ഥാനത്തിൽ വിവധ റസ്റ്റ് ഹൗസുകളിൽ കെയർ ടേക്കർ തസ്തികകളിൽ |

| | | | | |
|---|---|---|---|---|
| | | | ജീവനക്കാരെ റെസ്റ്റ് ഹൗസുകൾ ഉൾപ്പെടെയുള്ള ഓഫീസുകളിലേക്കോ ജീവനക്കാരുടെ യോഗ്യതയനുസരിച്ചുള്ള മറ്റ് തസ്തികകളിലേക്കോ പുനർ വിന്യസിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ വിശദാംശങ്ങൾ ലഭ്യമാക്കുമോ? | താല്ക്കാലിക ചുമതല നൽകി നിയമിച്ചിട്ടുണ്ട്. (ഈ തസ്തികയിലെ എല്ലാ ജീവനക്കാരും 2033-34-ൽ വിരമിക്കുന്നതോടുകൂടി ഈ തസ്തിക തന്നെ ഇല്ലാതാകുന്നതാണ്) അതുപോലെ വകുപ്പിലെ ബ്ലൂപ്രിന്റർ തസ്തികയിലെ ശേഷിക്കുന്ന 21 ജീവനക്കാരെ ഭരണവിഭാഗം ചീഫ് എഞ്ചിനീയറുടെ 28-12-2017-ലെ ഇബി 5/9382/13/സി.ഇ. നമ്പർ നടപടിക്രമം പ്രകാരം 3rd ഗ്രേഡ് ഓവർസീയർ മാരായി പ്രോമോഷൻ നൽകി നിയമിച്ചിട്ടുള്ളതും പ്രസ്തുത തസ്തികയിൽ ഇനി ആരും തന്നെ ഇല്ലാത്തതിനാൽ 15-3-2019-ലെ സ. ഉ. (കൈ) നം. 7/2019/പൊ.മ.വ. നമ്പർ ഉത്തരവ് പ്രകാരം ബ്ലൂപ്രിന്റർ തസ്തിക അബോളിഷ് ചെയ്തിട്ടുള്ളതുമാണ്. |

## XII. മത്സ്യബന്ധന തുറമുഖ വകുപ്പ്

| ക്രമ നമ്പർ | നിയമസഭ സമ്മേളനം | ഉറപ്പ് നമ്പർ | സഭയിൽ ഉന്നയിക്കപ്പെട്ട ചോദ്യങ്ങളും ഉറപ്പുകളും | സർക്കാരിൽ നിന്ന് ലഭിച്ച സ്റ്റേറ്റ്മെന്റ് |
|---|---|---|---|---|
| 1 | 13/11 | 163 | കടലിൽവച്ചുണ്ടാകുന്ന അപകടങ്ങളിൽ നിന്നും മത്സ്യത്തൊഴിലാളികളെ | മത്സ്യത്തൊഴിലാളികളുടെ സുരക്ഷയ്ക്കും കടൽ രക്ഷാപ്രവർത്തനങ്ങൾക്കുമായി സ്പീഡ് ബോട്ടുകൾക്ക് |

629/2025.

| | | | | |
|---|---|---|---|---|
| | | | രക്ഷിക്കാൻ ഒരു മറൈൻ ആംബുലൻസ് സ്കീം കൊണ്ടുവരാൻ ശ്രമിക്കുമോ ? | പകരം പ്രഥമ ശുശ്രൂഷ സംവിധാനങ്ങൾ ഉൾപ്പെടെയുള്ള മറൈൻ ആംബുലൻസ് സംവിധാനം ഏർപ്പെടുത്തുന്നതിന് മറൈൻ ആംബുലൻസിന്റെ രൂപകല്പന ചെയ്യുന്നതിനായി പോർട്ട് ഡയറക്ടർ ചെയർമാനായ ടെക്നിക്കൽ കമ്മിറ്റിയെ ചുമതലപ്പെടുത്തുകയും ടി കമ്മിറ്റി ഡിസൈനും സ്പെസിഫിക്കേഷനും തയ്യാറാക്കി നൽകുന്നതിന് കൊച്ചിൻ ഷിപ്പ്‌യാർഡിനെ ചുമതലപ്പെടുത്തുകയും ആയത് പ്രകാരം ലഭിച്ച ഡിസൈനും സ്പെസിഫിക്കേഷനും ടി കമ്മിറ്റി അംഗീകരിച്ച് പ്രൊപ്പോസൽ സമർപ്പിക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ 2 കോടി രൂപ നിരക്കിൽ 3 മറൈൻ ആംബുലൻസുകൾ വാങ്ങുന്നതിനായി 6 കോടി രൂപയുടെ ഭരണാനുമതി നൽകുകയും ചെയ്തു. മറൈൻ ആംബുലൻസ് പദ്ധതിയ്ക്ക് 1000 രൂപയുടെ ടോക്കൺ പ്രൊവിഷൻ ലഭിച്ചിട്ടുണ്ട്. ടി പദ്ധതിയുടെ ടെണ്ടർ ഡോക്കുമെന്റിന് അന്തിമ രൂപം നൽകുകയും ചെയ്തിട്ടുണ്ട്. ടി പദ്ധതിയ്ക്കായി ടോക്കൺ പ്രൊവിഷൻ ലഭിച്ച സാഹചര്യത്തിൽ തുക അനുവദിക്കുന്നതിനായും, Component-wise details ഉൾപ്പെടുത്തി പുതുക്കിയ sanction order നൽകുന്ന കാര്യം പരിശോധിച്ചുവരികയാണ്. കൂടാതെ 2017-18-ലെ |

| | | | | |
|---|---|---|---|---|
| | | | | ബഡ്ജറ്റിൽ ഒരു മറൈൻ ആംബുലൻസ് വാങ്ങുന്നതിന് 2 കോടി രൂപ വകയിരുത്തിയിട്ടുമുണ്ട്. |
| 2 | 13/11 | 168 | 2010 -ലെ ഉൾനാടൻ ഫിഷറീസും അക്വാകൾച്ചറും, ആക്ടിൽ പറയുന്ന സംസ്ഥാന ഫിഷറീസ് മാനേജ്മെൻറ് ഉപദേശക സമിതികളും രൂപീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ? | കേരള ഉൾനാടൻ ഫിഷറീസും അക്വാകൾച്ചറും ആക്ടിൽ "ഫിഷറീസ് മാനേജ്മെന്റ് ഉപദേശക സമിതികൾ" വ്യവസ്ഥപ്പെടുത്തിയിരിക്കുന്ന 41-ാം വകുപ്പിന് പകരമായി "സംസ്ഥാന ഉൾനാടൻ ഫിഷറീസ് മാനേജ്മെന്റ് കൗൺസിൽ" രൂപീകരിക്കുന്നതിനായി 41 A എന്ന പുതിയ വകുപ്പ് ഉൾപ്പെടുത്തി കേരള ഉൾനാടൻ ഫിഷറീസും അക്വാകൾച്ചറും (ഭേദഗതി) ആക്ടിനായുള്ള ബില്ലിന്റെ കരട് പരിശോധനയിലാണ്. സംസ്ഥാന ഉൾനാടൻ ഫിഷറീസ് മാനേജ്മെൻറ് ഉപദേശക സമിതിയുടെ സ്ഥാനത്ത് കൂടുതൽ അധികാരത്തോടെയുള്ള സംസ്ഥാന മാനേജ്മെൻറ് കൗൺസിലാണ് ഇപ്പോൾ സർക്കാർ വിഭാവനം ചെയ്യുന്നത്. |
| 3 | 13/14 | 85 | കൊയിലാണ്ടി-വടകര ഭാഗങ്ങളിലെ കടലിൽ അപകടങ്ങളിൽപ്പെടുന്ന മത്സ്യത്തൊഴിലാളികളുടെ രക്ഷക്കായി ബേപ്പൂർ ബേസിൽ നിന്നും രക്ഷാബോട്ട് അയക്കുന്നത് പ്രായോഗികമല്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | കൊയിലാണ്ടി-വടകര ഭാഗങ്ങളിലെ കടലിൽ അപകടങ്ങളിൽപ്പെടുന്ന മത്സ്യത്തൊഴിലാളികളുടെ രക്ഷക്കായി കൂടുതൽ കടൽ അപകടങ്ങൾ സംഭവിക്കുന്ന മൺസൂൺ കാലയളവിൽ കടൽ രക്ഷാ പ്രവർത്തനങ്ങൾക്കും കടൽ പട്രോളിംഗിനുമായി കൊയിലാണ്ടി, ചോമ്പാല (വടകര) ഫിഷിംഗ് |

| | | | | |
|---|---|---|---|---|
| | | | എങ്കിൽ ഈ പ്രശ്നം പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ? | ഹാർബറുകൾ കേന്ദ്രീകരിച്ച് രക്ഷാ ബോട്ടുകൾ സജ്ജമാക്കി നിർത്തുന്നതിനുള്ള നടപടികൾ എല്ലാ വർഷവും കൈക്കൊണ്ടിട്ടുണ്ട്. മറ്റു കാലയളവിൽ രക്ഷാ പ്രവർത്തനവും കടൽ പട്രോളിംഗും നടത്തുന്നത് ബേപ്പൂർ ഫിഷറീസ് സ്റ്റേഷൻ കേന്ദ്രീകരിച്ചാണ്. |
| 4 | 14/1 | 85 | കടൽ സുരക്ഷയ്ക്ക് ഉതകുന്ന ഫലപ്രദമായ പദ്ധതികൾ ആസൂത്രണം ചെയ്തു നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ? | കെ. എം. എഫ്. ആർ. ആക്ട് കാര്യക്ഷമമായി നടപ്പിലാക്കുന്നതിനും, കടൽ പട്രോളിംഗും, കടൽ രക്ഷാപ്രവർത്തനങ്ങളും കൂടുതൽ കാര്യക്ഷമമാക്കുന്നതിനും 14-6-2021-ലെ സ.ഉ. (കൈ) നം. 12/2021/മതുവ. പ്രകാരം ഫിഷറീസ് സ്റ്റേഷനുകൾ ഇല്ലാതിരുന്ന ആലപ്പുഴ (തോട്ടപ്പള്ളി), തൃശ്ശൂർ (അഴീക്കോട്), മലപ്പുറം (പൊന്നാനി), കാസർഗോഡ് (കീഴൂർ) എന്നീ ജില്ലകളിൽ ഫിഷറീസ് സ്റ്റേഷൻ സ്ഥാപിക്കുന്നതിനുള്ള അനുമതി നൽകുകയും 4-2-2022-ലെ സ.ഉ.(കൈ) നം. 02/2022/മതുവ നം. ഉത്തരവ് പ്രകാരം ഫിഷറീസ് സ്റ്റേഷനുകളുടെ പ്രവർത്തനത്തിനാവശ്യമായ തസ്തികകൾ സൃഷ്ടിച്ച് ഉത്തരവാകുകയും ചെയ്തിട്ടുണ്ട്. 4 ഹിഷറീസ് സ്റ്റേഷനുകളും പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.<br>കടലിൽ അപകടത്തിൽപ്പെടുന്ന മത്സ്യത്തൊഴിലാളികളെ വേഗത്തിൽ രക്ഷിച്ച് പ്രാഥമിക ചികിത്സ |

| | | | | |
|---|---|---|---|---|
| | | | | ഉറപ്പാക്കുന്നതിനായി 3 മറൈൻ ആംബുലൻസുകൾ പ്രതീക്ഷ, പ്രത്യാശ, കാരുണ്യ എന്നീ പേരുകളിൽ യഥാക്രമം വിഴിഞ്ഞം, വൈപ്പിൻ, ബേപ്പൂർ എന്നീ ഫിഷറീസ് സ്റ്റേഷനുകൾ കേന്ദ്രീകരിച്ച് പ്രവർത്തിച്ച വരുന്നു.<br><br>2015-16 സാമ്പത്തിക വർഷത്തെ പദ്ധതിയി ലുൾപ്പെടുത്തി 300 മത്സ്യബന്ധന ബോട്ടുകളിൽ കെൽട്രോണിന്റെ സഹായത്തോടെ AIS (Automatic Identification System) സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. പരമ്പരാഗത മത്സ്യത്തൊഴിലാളി കൾക്ക് സുസ്ഥിരവും സുരക്ഷിതവുമായ മത്സ്യബന്ധനം ഉറപ്പാക്കുന്നതിന് കടൽ സുരക്ഷാ പദ്ധതിയിൽ ഉൾപ്പെടുത്തി നാളിതുവരെ 2093 Handheld GPS (Global Positioning System) കളും, 902 Mounting type GPS കളും, 1132 എണ്ണം ലൈഫ് ബോയെയും, 66 എക്കോ സൂണ്ടറുകളും 64 DAT (Distress Alert Transmitter) കളും മത്സ്യത്തൊഴിലാളികൾക്ക് വിതരണം ചെയ്തിട്ടുണ്ട്.<br><br>കേന്ദ്ര സർക്കാർ നിർദ്ദേശ പ്രകാരമുള്ള കളർ കോഡിംഗ് കേരളത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ള എല്ലാ യന്ത്രവത്കൃത മത്സ്യബന്ധനയാനങ്ങളിലും പ്രാബല്യത്തിൽ വരുത്തിയിട്ടുണ്ട്. ഇതിനായി |

| | | | | |
|---|---|---|---|---|
| | | | | കെ.എം.എഫ്.ആർ. ആക്റ്റിലും റൂളിലും ആവശ്യമായ ഭേദഗതികൾ വരുത്തിയിട്ടുണ്ട്. |
| 5 | 14/1 | 89 | ട്രോളിംഗ് നിരോധന സമയത്ത് മത്സ്യത്തൊഴിലാളികളുടെ പട്ടിണി മാറ്റുന്നതിനായി എന്തെല്ലാം സഹായ പദ്ധതികളാണ് നടപ്പിലാക്കിവരുന്നത് എന്ന് വ്യക്തമാക്കുമോ ? | ട്രോളിംഗ് നിരോധന സമയത്ത് തൊഴിൽ നഷ്ടപ്പെടുന്ന ബോട്ടിലെ തൊഴിലാളികൾക്കും ഹാർബറിലെ പീലിംഗ് തൊഴിലാളികൾക്കും അനുബന്ധതൊഴിലാളികൾക്കും APL/BPL വ്യത്യാസമില്ലാതെ സൗജന്യ റേഷൻ വിതരണം ചെയ്യുന്നു. നിലവിൽ സമ്പാദ്യസമാശ്വാസ പദ്ധതി തുക 4500 രൂപയായി ഉയർത്തിയിട്ടുണ്ട്. തൊഴിൽ വകുപ്പിന്റെ സഹായത്തോടെ ഒറ്റ തവണ ധനസഹായമായി 1,350 രൂപയും എല്ലാ വർഷവും മത്സ്യത്തൊഴിലാളികൾക്കു നൽകിവരുന്നു. |
| 6 | 14/2 | 69 | തീരമൈത്രി സൂപ്പർമാർക്കറ്റുകളിൽ സാധനങ്ങൾ സബ്സിഡി നിരക്കിൽ സിവിൽ സപ്ലൈസ് കോർപ്പറേഷനിൽ നിന്നും അനുവദിക്കുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | ഫിഷറീസ് വകുപ്പും സിവിൽ സപ്ലൈസ് വകുപ്പും സംയുക്തമായി 2017 മുതൽ തീരമാവേലി പദ്ധതി നടപ്പിലാക്കി വരുന്നു. സപ്ലൈകോയുടെ മാവേലി ഇനത്തിൽപ്പെട്ട 14 തരം സബ്സിഡി സാധനങ്ങളും നോൺമാവേലി ഇനത്തിൽപ്പെട്ട ഫാസ്റ്റ് മൂവിംഗ് കൺസ്യൂമർ ഗുഡ്സ് (FMCG), F.S.S.R. ഇനങ്ങളും ശബരി ഉൽപ്പന്നങ്ങളും 10 തീരമൈത്രി സൂപ്പർമാർക്കറ്റുകൾ, 6 കമ്മ്യൂണിറ്റി പ്രൊവിഷൻ സ്റ്റോർ എന്നിവയിലൂടെ കുറഞ്ഞ നിരക്കിൽ വിതരണം |

| | | | | |
|---|---|---|---|---|
| | | | | ചെയ്തുവരുന്നു. തീരദേശ ജില്ലകളിലെ 20000-ത്തോളം മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് ഇതിന്റെ പ്രയോജനം ലഭിക്കുന്നുണ്ട്.<br><br>മാവേലി ഉൽപ്പന്നങ്ങളോടൊപ്പം സാഫ് യൂണിറ്റുകൾ ഉൽപ്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങളും തീരമാവേലി സൂപ്പർ മാർക്കറ്റുകൾ വഴി വിപണനം ചെയ്യുന്നുണ്ട്. മത്സ്യത്തൊഴിലാളികളുടെ ഉൽപന്നങ്ങൾക്ക് വിപണി കണ്ടെത്താനും മത്സ്യത്തൊഴിലാളി വനിതകൾക്ക് ബദൽ ജീവനോപാധി കണ്ടെത്തുന്നതിനും ഇത് മൂലം സാധിച്ചിട്ടുണ്ട്. |
| 7 | 14/4 | 25 | സംസ്ഥാനത്തെ തീരദേശ നഗരങ്ങളെ ബന്ധപ്പെടുത്തി അതിവേഗ യാത്രാ കപ്പൽ സർവ്വീസ് ആരംഭിക്കുന്നതിന് നടപടിയെടുത്തിട്ടുണ്ടോ; വിശദമാക്കുമോ? | തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് നഗരങ്ങളെ ബന്ധപ്പെടുത്തിക്കൊണ്ട് അതിവേഗ യാത്രാകപ്പൽ സർവ്വീസ് നടത്തുന്നതിന് താല്പര്യപത്രം ക്ഷണിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ 29-3-2016-ൽ പ്രൈവറ്റ് പാർട്ടിയായ മെസേഴ്സ്. സേഫ് ബോട്ട് ട്രിപ്പ് പ്രൈവറ്റ് ലിമിറ്റഡുമായി എഗ്രിമെന്റിലേർപ്പെടുകയും ചെയ്തിട്ടുണ്ട്. ഇതിനായി മെസേഴ്സ്. സേഫ് ബോട്ട് ട്രിപ്പ് പ്രൈവറ്റ് ലിമിറ്റഡ് വിദേശത്തുനിന്ന് രണ്ട് കപ്പലുകൾ കൊച്ചിയിൽ എത്തിച്ചിട്ടുണ്ട്. എഗ്രിമെന്റ് പ്രകാരം കപ്പൽ വാങ്ങുന്നതും, നിയമപരമായ നടപടിക്രമങ്ങൾ |

| | | | | |
|---|---|---|---|---|
| | | | | പൂർത്തിയാക്കി കപ്പൽ സർവ്വീസ് നടത്തേണ്ട ചുമതലയും സ്വകാര്യ പങ്കാളിയ്ക്കാണ്. നിലവിലുള്ള തുറമുഖങ്ങളുടെ/വാർഫുകളെ ഉപയോഗപ്പെടുത്തി ക്കൊണ്ടാണ് സർവ്വീസ് നടത്താൻ ധാരണ യായിട്ടുള്ളത്. സർവ്വീസ് നടത്തുന്നതിന് കപ്പലുകൾക്ക് മുംബൈ ആസ്ഥാനമായ ഡയറക്ടർ ജനറൽ ഓഫ് ഷിപ്പിംഗിന്റെ അനുമതി ലഭിക്കേണ്ടതുണ്ട്. ടി അനുമതി ലഭിച്ചാൽ മാത്രമേ സർവ്വീസ് ആരംഭിക്കാൻ കഴിയൂ." |
| 8 | 14/5 | 7 | മത്സ്യത്തൊഴിലാളികൾക്ക് നൽകി വന്നിരുന്ന പെൻഷൻ എത്ര മാസമായി മുടങ്ങിക്കിടക്കുന്നു എന്നറിയിക്കാമോ;<br><br>രോഗികളായ മത്സ്യത്തൊഴിലാളികൾക്ക് മരുന്ന് വാങ്ങുവാൻ പോലും നിവൃത്തി യില്ലാത്ത സാഹചര്യം കണക്കിലെടുത്ത് ആയത് എത്രയും വേഗം വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ? | മത്സ്യബോർഡിൽ മത്സ്യത്തൊഴിലാളി, അനുബന്ധ തൊഴിലാളി, വിധവ എന്നീ വിഭാഗങ്ങളിലായി 65,300 പേരാണ് പെൻഷണർമാരായി ഉണ്ടായിരുന്നത്. ആധാർ ലിങ്കിംഗ് പൂർത്തിയാക്കിയ 49,898 പേർക്ക് 31/03/2017 വരെയുള്ള പെൻഷൻ വിതരണം നടത്തിയിരുന്നു. ആധാർ ലിങ്കിംഗ് പൂർത്തിയാകാത്തതിനാൽ ബാക്കിയുള്ള 15,402 പെൻഷണർമാർക്ക് പെൻഷൻ വിതരണം നടത്താൻ കഴിഞ്ഞിരുന്നില്ല. എന്നാൽ നിലവിൽ 65,300 പെൻഷണർമാർക്കും 2022 സെപ്റ്റംബർ മാസം വരെയുള്ള പെൻഷൻ വിതരണം ചെയ്തിട്ടുണ്ട്. |

| | | | | |
|---|---|---|---|---|
| 9 | 14/22 | 4 | മത്സ്യത്തൊഴിലാളികളുടെ ക്ഷേമത്തിനായി ഈ സർക്കാർ നടപ്പിലാക്കിയ പുനരധിവാസ പാക്കേജിന്റെ വിശദാംശം നൽകുമോ? | മത്സ്യത്തൊഴിലാളികളുടെ പുനരധിവാസത്തിനായി സർക്കാർ 2,450 കോടി രൂപയുടെ പുനർഗേഹം എന്ന ബൃഹദ് പദ്ധതിയാണ് ആവിഷ്കരിച്ചിട്ടുള്ളത്. തീരദേശത്ത രൂക്ഷമായ കടലാക്രമണ ഭീഷണി അനുഭവപ്പെടുന്ന പ്രദേശമായ വേലിയേറ്റ രേഖയിൽ നിന്നും 50 മീറ്റർ പരിധിക്കുള്ളിൽ അധിവസിക്കുന്ന മുഴുവൻ കുടുംബങ്ങളേയും സുരക്ഷിത മേഖലയിൽ ഭവനമൊരുക്കി പുരനധിവസിപ്പിക്കുകയാണ് ഈ പദ്ധതിയുടെ ലക്ഷ്യം. വേലിയേറ്റ രേഖയിൽ നിന്നും 50 മീറ്റർ പരിധിക്കുള്ളിൽ അധിവസിക്കുന്ന 18,685 കുടുംബങ്ങൾ ഉണ്ടെന്ന് കണ്ടെത്തിയിട്ടുണ്ട്. അപ്പീൽ അപേക്ഷകൾ ഉൾപ്പെടെ നിലവിൽ ആകെ ഗുണഭോക്താക്കളുടെ എണ്ണം 21,219 ആണ്. ആയതിൽ 11,809 ഗുണഭോക്താക്കളെ ജില്ലാതല അപ്രൂവൽ കമ്മിറ്റി (DLAC) അംഗീകരിച്ചിട്ടുണ്ട്. 8,675 പേരാണ് മാറിത്താമസിക്കുവാൻ സന്നദ്ധത അറിയിച്ചിട്ടുള്ളത്. വിവിധ ജില്ലകളിലായി ഭൂമി കണ്ടെത്തി വില നിശ്ചയിച്ച 3,930 ഗുണഭോക്താക്കളിൽ 3,344 പേർ ഭൂമി രജിസ്റ്റർ ചെയ്യുകയും 1,968 പേർ ഭവന നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. |

| | | | | |
|---|---|---|---|---|
| | | | | പുനർഗേഹം പദ്ധതി പ്രകാരം തിരുവനന്തപുരം ജില്ലയിൽ കാരോട് (128), ബീമാപ്പള്ളി (20) മലപ്പുറം ജില്ലയിൽ പൊന്നാനി (128), കൊല്ലം ജില്ലയിലെ Q.S.S കോളനി (144) എന്നിവിടങ്ങളിലായി 390 ഫ്ലാറ്റുകൾ പുനർഗേഹം പദ്ധതി പ്രകാരം ഇതിനോടകം നിർമ്മിച്ച് കൈമാറിയിട്ടുണ്ട്. 2018-ൽ മുട്ടത്തറയിൽ 192 ഫ്ലാറ്റുകൾ നിർമ്മിച്ച് ക്യാമ്പുകളിലും മറ്റും കഴിഞ്ഞവരെ പുനരധിവസിപ്പിച്ചിട്ടുണ്ട്.<br><br>ആലപ്പുഴ ജില്ലയിൽ മണ്ണുംപുറം (228), മലപ്പുറം ജില്ലയിൽ നിറമരുതൂർ (16), തിരുവനന്തപുരം ജില്ലയിൽ മുട്ടത്തറ (400) എന്നിവിടങ്ങളിലായി 644 ഫ്ലാറ്റുകളുടെ നിർമ്മാണം പുരോഗമിക്കുന്നു.<br><br>ഇതിനു പുറമെ വലിയതുറ (192), കാരോട് (24), പൊന്നാനി (100), കോഴിക്കോട് ജില്ലയിലെ വെസ്റ്റ്ഹിൽ (80), കാസർഗോഡ് ജില്ലയിലെ കോയിപ്പാടി (144) എന്നിവിടങ്ങളിലായി 540 ഫ്ലാറ്റുകൾ നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. |
| 10 | 14/22 | 21 | 2019, 2020 വർഷങ്ങളിൽ എത്ര മത്സ്യത്തൊഴിലാളികൾക്ക് മത്സ്യബന്ധന ഉപകരണങ്ങൾ വിതരണം ചെയ്തിട്ടുണ്ട് എന്ന വിവരം ജില്ല തിരിച്ച് വിശദമാക്കാമോ? | 2018-19 വർഷത്തെ ബ്ലൂ റെവല്യൂഷൻ പദ്ധതി പ്രകാരം ആകെ 204 FRP വള്ളങ്ങൾ വിതരണം ചെയ്തിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിവരം അനുബന്ധം 1 ആയി ചേർക്കുന്നു. |

| | | | | |
|---|---|---|---|---|
| | | | | ഓഖി പുനരധിവാസ പദ്ധതിയിൽ ഉൾപ്പെടുത്തി 120 FRP യാനങ്ങൾ നൽകുന്ന പദ്ധതി പ്രകാരം നൽകിയ യാനങ്ങളുടെ വിവരം അനുബന്ധം 2 ആയി ചേർക്കുന്നു. |

## XIII. ധനകാര്യ വകുപ്പ്

| ക്രമ നമ്പർ | നിയമസഭ സമ്മേളനം | ഉറപ്പ് നമ്പർ | സഭയിൽ ഉന്നയിക്കപ്പെട്ട ചോദ്യങ്ങളും ഉറപ്പുകളും | സർക്കാരിൽ നിന്ന് ലഭിച്ച സ്റ്റേറ്റ്മെന്റ് |
|---|---|---|---|---|
| 1 | 13/15 | 11 | കണ്ണൂർ അഴീക്കോട് നിയോജക മണ്ഡലത്തിലെ പൊട്ടക്കുണ്ട്-താണ റോഡ് പുനർനിർമ്മാണത്തിനുള്ള ഭരണാനുമതി ലഭിച്ചശേഷം സൗജന്യമായി ലഭിച്ച ഭൂമിയിലെ നിർമ്മിതികൾ നീക്കുന്നതിന് 2012 ലെ ഭരണാനുമതി പ്രകാരം ഒരു ലക്ഷത്തിലധികം രൂപ ചെലവഴിച്ചി ട്ടുള്ളതിനാൽ ഭരണാനുമതി പുതുക്കി ലഭിക്കാൻ അർഹതയുണ്ടായിട്ടും പ്രസ്തുത ഫയലിൽ കാലതാമസം ഉണ്ടാകുന്ന തിനുള്ള കാരണം എന്തെന്ന് | പൊടിക്കുണ്ട്-താണ റോഡിന് പുതുക്കിയ ഭരണാനുമതി നൽകുന്നതിന് 6-1-2016-ൽ ധനകാര്യവകുപ്പ് 94406/I&PW-B1/2015(AD file 6398/PS2/2015/PWD) ഫയലിൽ അംഗീകാരം നൽകിയിട്ടുണ്ട്. |

| | | | | |
|---|---|---|---|---|
| | | | വ്യക്തമാക്കുമോ; പ്രസ്തുത വിഷയത്തിൽ ധനകാര്യ വകുപ്പിന്റെ അന്തിമ ഉത്തരവ് എന്നത്തേക്ക് ലഭ്യമാകുമെന്ന് വ്യക്തമാക്കുമോ? | |
| 2 | 13/15 | 12 | മാവേലിക്കര ജില്ലാ ആശുപത്രിയിലെ ഡയാലിസിസ് സെന്റർ ആരംഭിക്കുന്നതിന് ആരോഗ്യവകുപ്പിൽ നിന്നും ആവശ്യമായ റിപ്പോർട്ട് ലഭിച്ചിട്ടും പ്രവൃത്തിക്ക് ഭരണാനുമതി ലഭ്യമാക്കാത്തതിന്റെ കാരണം വിശദമാക്കുമോ;<br>പ്രസ്തുത പ്രവൃത്തിയ്ക്ക് ഭരണാനുമതി ലഭ്യമാക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ? | മാവേലിക്കര ജിലാ ആശുപത്രിയിലെ ഡയാലിസിസ് സെന്റർ ആരംഭിക്കുന്നതിനുള്ള ശുപാർശ മാവേലിക്കര എം.എൽ.എ. ശ്രീ. രാജേഷ് സമർപ്പിച്ചിരുന്നുവെങ്കിലും പ്രസ്തുത യൂണിറ്റ് ആരംഭിക്കുന്നതിന് 20 അധിക തസ്തിക സൃഷ്ടിക്കലും ആവർത്തന ചിലവും വേണ്ടി വരുമെന്ന ആരോഗ്യ വകുപ്പ് റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ ധനവകുപ്പ് പ്രസ്തുത ശുപാർശയ്ക്കുള്ള അനുമതി നിരസിക്കുകയുണ്ടായി. ആയതിനാൽ നിയമസഭാ ചോദ്യത്തിന് മറുപടി നല്കിയ പ്രകാരം ഭരണാനുമതി നല്കുന്നതിനുള്ള നിർദ്ദേശം ഭരണവകുപ്പിന് നല്കാൻ കഴിഞ്ഞിട്ടില്ല. |
| 3 | 14/1 | 53 | നിയോജക മണ്ഡലങ്ങളിൽ നടക്കുന്ന വിവിധ വകുപ്പുകളുടെ നിർമ്മാണ-വികസന പ്രവൃത്തികളുടെ പുരോഗതി, ഭരണാനുമതി ലഭിച്ചത് മുതൽ | 2017-18 മുതലുള്ള നിയോജക മണ്ഡല ആസ്തി വികസന പദ്ധതികൾ (ADF), WWW.ads 2.kerala.gov.in എന്ന പോർട്ടൽ മുഖേനയാണ് നിലവിൽ കൈകാര്യം ചെയ്തുവരുന്നത്. എം.എൽ.എ. |

| | | | | |
|---|---|---|---|---|
| | | | പ്രവൃത്തികൾ ഏതു ഘട്ടം വരെ എത്തി എന്നത് സംബന്ധിച്ച വിശദാംശങ്ങൾ തുടങ്ങിയവ നിയമസഭാംഗങ്ങൾക്ക് ഓൺലൈനായി ലഭ്യമാക്കുന്നതിനുള്ള ഒരു സോഫ്റ്റ്‌വെയർ സംവിധാനം ഏർപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ? | മാർക്ക് ആസ്തി വികസന ഫണ്ട് ഫയലുകളുടെ നീക്കം സംബന്ധിച്ച വിവരങ്ങൾ അറിയുന്നതിന് യൂസർ ഐ.ഡി., പാസ്‌വേർഡ് എന്നിവ ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ എം.എൽ.എ. മാരുടെ പ്രത്യേക വികസന നിധിയ്ക്ക് (SDF)നിലവിൽ അപ്രകാരം പോർട്ടൽ സൗകര്യം ഇല്ലാത്തതാണ്. എസ്.ഡി.എഫ്., എ.ഡി.എഫ്. പദ്ധതികൾ കൂടി ഉൾപ്പെടുത്തി വിപുലമായ ഒരു ഇ-നിയമസഭാ പോർട്ടൽ രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്.<br><br>കൂടാതെ, വാർഷിക പദ്ധതികളുടെ നിർവ്വഹണ പുരോഗതി ഓൺലൈനായി നിരീക്ഷിക്കുന്നതിനും വിലയിരുത്തുന്നതിനുമായി സംസ്ഥാന ആസൂത്രണ ബോർഡ് രൂപകൽപന ചെയ്ത വെബ് അധിഷ്ഠിത സംവിധാനമാണ് 'പ്ലാൻസ്പേസ്'. PLANSPACE-KERALA (System for Progress Analysis and Concurrent Evaluation) എന്ന വെബ് അധിഷ്ഠിത സംവിധാനത്തിലൂടെ ഇപ്പോൾ സംസ്ഥാനത്തിലെ എല്ലാ വകുപ്പുകളിലെയും Plan Schemes-ന്റെ നിർവ്വഹണ പുരോഗതി ഓൺലൈനായി നിരീക്ഷി |

| | | | | |
|---|---|---|---|---|
| | | | | ക്കുന്നതിനും വിലയിരുത്തുന്നതിനും സാധിക്കും. ജില്ലാ വികസന സമിതി യോഗങ്ങളിലെ പദ്ധതികളുടെ നിർവ്വഹണ പുരോഗതി നിരീക്ഷിക്കുന്നത് പ്ലാൻസ്പേസിലൂടെയാണ്. സ്റ്റേറ്റ് പ്ലാൻ സ്കീമുകളുടെ various components, physical/financial progress, implementation status എന്നിവ www.planspace.kerala.gov.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. |
| 4 | 14/2 | 61 | ട്രഷറി നവീകരണത്തിനായി സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ അറിയിക്കാമോ; കോർബാങ്കിങ് സംവിധാനത്തോടൊപ്പം എ.ടി.എം. സംവിധാനം കൂടി ഏർപ്പെടുത്തുമോ? | ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ടുകൾ വഴി വൈദ്യുതി, വെള്ളക്കരം, ടെലിഫോൺ ചാർജ്ജ് തുടങ്ങിയവ ഒടുക്കാനുള്ള സൗകര്യം ഏർപ്പെടുത്തുന്നതിനുള്ള സോഫ്റ്റ് വെയർ നിർമ്മാണത്തിനുള്ള നിർദ്ദേശം NIC-യ്ക്ക് നൽകിയിട്ടുണ്ട്. കൂടാതെ ഇക്കാര്യങ്ങൾ നടപ്പിലാക്കുന്നത് സംബന്ധിച്ച വിവരം KSEB, Kerala Water Authority, BSNL എന്നീ സ്ഥാപനങ്ങളിലെ മേധാവികളെ അറിയിക്കുകയും ചെയ്തിട്ടുണ്ട്.<br><br>കോളേജ് വിദ്യാർത്ഥികൾക്ക് സർവകലാശാല ഫീസുകൾ ഓൺലൈനായി കോളേജിന്റെ സൈറ്റിലൂടെ ഇ-ട്രഷറി വഴി അടയ്ക്കാൻ നിലവിൽ സാധിക്കുന്നുണ്ട്. |

| | | | | |
|---|---|---|---|---|
| | | | | ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ട് ഉടമകൾക്ക് ഇന്റർനെറ്റ് ബാങ്കിംഗ് സംവിധാനമായ TSB Online, 2019 ജൂൺ മാസം മുതൽ നിലവിൽ വന്നു. ഈ സംവിധാനം മുഖേന ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ട് ഉടമകൾക്ക് തങ്ങളുടെ TSB അക്കൗണ്ടുകളിൽ നിലനിൽക്കുന്ന തുക സ്വമേധയാ മറ്റൊരു TSB അക്കൗണ്ടിലേക്കോ ബാങ്ക് അക്കൗണ്ടുകളിലേക്കോ മാറ്റാവുന്നതും, ഇപ്രകാരം ബാങ്ക് അക്കൗണ്ടിലേക്ക് മാറ്റിയ തുക ATM മുഖേന പിൻവലിക്കാൻ സാധിക്കുന്നതുമാണ്. |
| 5 | 14/4 | 52 | എം.എൽ.എ.-മാരുടെ ആസ്തി വികസന ഫണ്ട് സംബന്ധിച്ച ഫയൽ നീക്കം കൃത്യമായി അറിയുന്നതിന് പ്രത്യേകം വെബ് പോർട്ടലിൽ ലോഗിൻ ചെയ്തു കയറുന്നതിനുള്ള ലോഗിൻ ഐ.ഡി.യും പാസ്സ് വേർഡും എം.എൽ.എ.-ക്കോ അല്ലെങ്കിൽ പി.എ.-ക്കോ നൽകുന്നതിനുള്ള ക്രമീകരണം കൂടി അടിയന്തിരമായി ഏർപ്പെടുത്തുമോയെന്ന് വ്യക്തമാക്കുമോ? | ആസ്തിവികസന പദ്ധതി കൈകാര്യം ചെയ്യുന്നതിനായി തയ്യാറാക്കിയിട്ടുള്ള വെബ് പോർട്ടലിൽ (https:/www.ads2.kerala.gov.in) ലോഗിൻ ചെയ്തു കയറുന്നതിനായി എം.എൽ.എ.-മാർക്ക് ലോഗിൻ ഐ.ഡി.-യും പാസ്സ് വേർഡും ലഭ്യമാക്കിയിട്ടുണ്ട്. |

| | | | | |
|---|---|---|---|---|
| 6 | 14/4 | 59 | നോട്ട് നിരോധനം വിവിധ മേഖലകളിൽ ഏൽപ്പിച്ച ആഘാതം കൊണ്ടുണ്ടായ നഷ്ടത്തിന് പരിഹാരമായി കേന്ദ്ര സർക്കാരിൽ നിന്നും പ്രത്യേക പാക്കേജുകളും ധനസഹായവും ആവശ്യപ്പെടുമോ;<br>സംസ്ഥാനത്തെ നികുതി വരുമാനത്തിലുണ്ടായ ഇടിവും അത് വികസന ക്ഷേമ പ്രവർത്തനങ്ങളെ എങ്ങനെയെല്ലാം ബാധിക്കുമെന്നും വ്യക്തമാക്കുമോ; മാന്ദ്യം മറികടക്കാനായി ഉദ്ദേശിക്കുന്ന നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ? | 2017-ലെ ബഹു. ഗവർണ്ണറുടെ നയപ്രഖ്യാപന പ്രസംഗം അടിസ്ഥാനപ്പെടുത്തിയാണ് മേൽ പറഞ്ഞ നിയമസഭാ ചോദ്യത്തിന് മറുപടി നൽകിയിട്ടുള്ളത്. സംസ്ഥാനത്ത് 1500 സൂക്ഷ്മ വ്യവസായങ്ങൾ ആരംഭിക്കുന്നതിനുള്ള ഒരു പദ്ധതിയുടെ പ്രൊപ്പോസൽ കെ.എഫ്.സി. 6-8-2016-ലെ കത്ത് മുഖേന സമർപ്പിച്ചിരുന്നു. മേൽ വിഷയം ഈ വകുപ്പിൽ പരിശോധിക്കുകയും KSIDC, Kerala State IT Mission, Employment Directorate, State Planning Board എന്നിവയ്ക്ക് കീഴിലുള്ള സമാനമായ സ്റ്റാർട്ടപ്പുകളെ സംബന്ധിച്ച് വിവരങ്ങൾ ആരാഞ്ഞെങ്കിലും പിന്നീട് ഈ വിഷയത്തിൽ തുടർ നടപടികൾ ഒന്നും ഉണ്ടായിട്ടില്ല. |
| 7 | 14/11 | 127 | കിഫ്ബി പദ്ധതികളുടെ ഗുണനിലവാരവും സാങ്കേതിക മികവും എപ്രകാരമാണ് പരിശോധിക്കുന്നത്; അതിനായി ഏർപ്പെടുത്തിയിട്ടുള്ള സംവിധാനം എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ? | കിഫ് ബോർഡിന് കീഴിൽ നിർമ്മാണ വസ്തുക്കളുടെ ഗുണനിലവാരം പരിശോധിക്കുന്നതിനായി ഓട്ടോ ലാബ് (മൊബൈൽ ക്വാളിറ്റി ടെസ്റ്റിംഗ് വെഹിക്കിൾ) സജ്ജീകരിച്ചിട്ടുണ്ട്. മെറ്റീരിയലുകൾ പരിശോധിക്കുവാനും സൈറ്റ് പരിശോധിക്കുവാനും രൂപകൽപ്പന ചെയ്തിട്ടുള്ള സംവിധാനം ആണ് ഓട്ടോ ലാബ്. |

| | | | | |
|---|---|---|---|---|
| | | | | കൂടാതെ സർവ്വേ, ദൃശ്യവിവരങ്ങളുടെ സമാഹരണം, ഫീൽഡുകളിലും നിന്നും ശേഖരിക്കുന്ന സാമ്പിളുകളുടെ പരിശോധന എന്നിവയും ഓട്ടോലാബ് ഏറ്റെടുത്തു നടത്തുന്നു.<br><br>പദ്ധതികളുടെ തൽസമയ പുരോഗതി വിലയിരുത്തുന്നതിനായി കിഫ്ബിയുടെ ആസ്ഥാന ഓഫീസിൽ ക്വാളിറ്റി മോണിറ്ററിങ് സ്റ്റുഡിയോ സജ്ജമാക്കിയിട്ടുണ്ട്. നിർമ്മാണം നടന്നു കൊണ്ടിരിക്കുന്ന പദ്ധതികളുടെ പുരോഗതി ക്വാളിറ്റി മോണിറ്ററിങ് സ്റ്റുഡിയോ വഴി ഉദ്യോഗസ്ഥർ വിലയിരുത്തുന്നു. |
| 8 | 14/22 | 27 | ട്രഷറി ഇടപാടുകൾ കൂടുതൽ ജനകീയമാക്കുന്നതിന് ഗൂഗിൾ പേ, ഫോൺ പേ തുടങ്ങിയ മാതൃകയിൽ ട്രഷറി പേ എന്ന പേരിൽ ഒരു ആപ്പ് കൊണ്ടു വരാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ? | ട്രഷറി ഇടപാടുകൾ കൂടുതൽ ജനകീയമാക്കുന്നതിന് ട്രഷറി പേ എന്ന പേരിൽ ഒരു ആപ്പ് കൊണ്ടുവരുന്നതിനുള്ള സാധ്യത ട്രഷറി വകുപ്പ് പരിശോധിച്ചു. ട്രഷറി അക്കൗണ്ടിൽ നിന്നും ബാങ്ക് അക്കൗണ്ടിലേക്ക് ഫണ്ട് ട്രാൻസ്ഫർ ചെയ്യുന്നത് RBI-യുടെ e-Kuber portal മുഖേനയാണ്. നിലവിൽ ഇപ്രകാരം ഫണ്ട് ട്രാൻസ്ഫർ ചെയ്യുന്നതിന് കുറഞ്ഞത് രണ്ട് മണിക്കൂർ സമയം എടുക്കുന്നതാണ്. |

| | | | | |
|---|---|---|---|---|
| | | | | ആയതിനാൽ തത്സമയ ഫണ്ട് ട്രാൻസ്ഫർ എന്ന നിലയ്ക്ക് "ട്രഷറി പേ" ആപ്ലിക്കേഷൻ നടപ്പിലാക്കുവാൻ പ്രോയോഗികമായി കഴിയുന്നതല്ല എന്ന് റിപ്പോർട്ട് ചെയ്തുകൊള്ളുന്നു. |

## XIV. പൊതുവിദ്യാഭ്യാസ വകുപ്പ്

| ക്രമ നമ്പർ | നിയമസഭ സമ്മേളനം | ഉറപ്പ് നമ്പർ | സഭയിൽ ഉന്നയിക്കപ്പെട്ട ചോദ്യങ്ങളും ഉറപ്പുകളും | സർക്കാരിൽ നിന്ന് ലഭിച്ച സ്റ്റേറ്റ്മെന്റ് |
|---|---|---|---|---|
| 1 | 13/5 | 79 | വിദ്യാലയങ്ങളിൽ ധാർമ്മികസേന രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ,<br>ഇതിന്റെ ഘടനയും പ്രവർത്തനവും അധികാരാവകാശങ്ങളും സംബന്ധിച്ച് വിശദാംശങ്ങൾ വെളിപ്പെടുത്തുമോ? | ധാർമ്മികസേന രൂപീകരിക്കുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ സ്കൂളുകളിൽ തുടങ്ങിയിരുന്നു. എങ്കിലും ആയത് പ്രസ്തുത പേരിൽ സുസംഘടിതമായ രീതിയിൽ പിന്നീട് മുന്നോട്ട് കൊണ്ടുപോകാൻ കഴിഞ്ഞിട്ടില്ല. എന്നാൽ സ്കൂൾ ജാഗ്രതാ സമിതികൾ എല്ലാ സ്കൂളുകളിലും രൂപീകരിക്കപ്പെടുകയും പ്രസ്തുത സമിതികൾ ധാർമ്മിക സേനയിലൂടെ വിഭാവനം ചെയ്ത് പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തുകയും ചെയ്യുന്നുണ്ട്. |
| 2 | 13/11 | 6 | വിദ്യാഭ്യാസ അവകാശനിയമം നടപ്പിലാക്കുന്നതിന്റെ ഭാഗമായി അംഗീകാരമില്ലാത്ത വിദ്യാലയങ്ങൾ | 2009-ൽ കേന്ദ്ര സർക്കാർ, കുട്ടികളുടെ സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസ അവകാശ നിയമം പ്രാബല്യത്തിൽ കൊണ്ടുവന്നു. 2011-ൽ സംസ്ഥാനത്ത് |

| | | | | |
|---|---|---|---|---|
| | | | അടച്ചുപൂട്ടുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ? | ഇതു സംബന്ധിച്ച് ചട്ടം നിലവിൽ വന്നു. പ്രസ്തുത നിയമം/ചട്ടത്തിൽ സ്കൂളുകളുടെ അംഗീകാരം/നടത്തിപ്പ് സംബന്ധിച്ച് വ്യക്തമായ വ്യവസ്ഥകൾ മുന്നോട്ട് വെച്ചിട്ടുണ്ട്. വിദ്യാഭ്യാസ അവകാശ നിയമം സംസ്ഥാനത്ത് നടപ്പിലാക്കുന്നതിന്റെ ഭാഗമായി വിദ്യാഭ്യാസ അവകാശ ചട്ടം 2011-ലെ ചട്ടം 14 പ്രകാരം സംസ്ഥാനത്ത് അംഗീകാരമില്ലാതെ പ്രവർത്തിക്കുന്ന സ്കൂളുകൾക്ക് അംഗീകാരം നൽകുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചു. ഇതനുസരിച്ച് 10-6-2013-ലെ സ. ഉ. (കൈ) നം. 184/2013/പൊ.വി.വ. പ്രകാരം സംസ്ഥാന പാഠ്യപദ്ധതിയിൽ ഉൾപ്പെട്ട അംഗീകാരമില്ലാത്ത സ്കൂളുകൾക്ക് അംഗീകാരം നേടുന്നതിന് സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുകയും അംഗീകാരത്തിന് സമർപ്പിച്ച അപേക്ഷകളിന്മേൽ സർക്കാർ നിശ്ചയിച്ച മാനദണ്ഡങ്ങൾ പാലിക്കുകയും പൊതു വിദ്യാഭ്യാസ ഡയറക്ടർ ശുപാർശ ചെയ്യുതുമായി 395 സ്കൂളുകൾക്ക് 14-5-2015-ലെ സ.ഉ. (കൈ) നം. 114/2015/പൊ.വി.വ., 9-11-2015-ലെ സ.ഉ. (കൈ) നം. 282/2015/പൊ.വി.വ. എന്നീ സർക്കാർ ഉത്തരവുകൾ പ്രകാരം അംഗീകാരം നൽകുകയുമുണ്ടായി. |

| | | | | |
|---|---|---|---|---|
| | | | | വിദ്യാഭ്യാസ അവകാശ നിയമം അനുസരിച്ച് സംസ്ഥാനത്ത് അംഗീകാരമില്ലാതെ പ്രവർത്തിക്കുന്ന സ്കൂളുകൾ അടച്ചുപൂട്ടണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് സർക്കാരിലും കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷനിലും നിവേദനങ്ങൾ ലഭിക്കുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ, 16-3-2016-ലെ 4426/05/LA1/2015/ KeSCPCR നമ്പറിലെ ഉത്തരവിൽ സംസ്ഥാനത്ത് അംഗീകാരമില്ലാതെ പ്രവർത്തിക്കുന്ന സ്കൂളുകൾ അടച്ചുപൂട്ടുന്നതിന് 2009-ലെ വിദ്യാഭ്യാസ അവകാശ നിയമത്തിലും 2011-ലെ വിദ്യാഭ്യാസ അവകാശ ചട്ടത്തിലും അനുശാസിക്കുന്ന പ്രകാരമുള്ള നടപടി സ്വീകരിക്കുവാൻ ഉത്തരവായി.<br><br>സംസ്ഥാനത്ത് അംഗീകാരമില്ലാതെ പ്രവർത്തിക്കുന്ന സ്കൂളുകൾ അടച്ചു പൂട്ടുന്നത് സംബന്ധിച്ച് 2009-ലെ കുട്ടികളുടെ സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസ അവകാശ നിയമ പ്രകാരവും 2011-ലെ വിദ്യാഭ്യാസ അവകാശ ചട്ടപ്രകാരവും കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷന്റെ ഉത്തരവിന്റെയും അടിസ്ഥാനത്തിൽ, സർക്കാർ വിശദമായി പരിശോധിക്കുകയും സംസ്ഥാനത്ത് |

| | | | | |
|---|---|---|---|---|
| | | | | നിലവിൽ അംഗീകാരമില്ലാതെ പ്രവർത്തിക്കുന്ന സ്കൂളുകൾ 2018-19 അദ്ധ്യയനവർഷം മുതൽ അടച്ചുപൂട്ടുന്നതിന് തീരുമാനിക്കുകയും ആയത് നടപ്പിലാക്കുന്നത് സംബന്ധിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതിന് 19-7-2017-ലെ GEDN-F1/27/2017/പൊ.വി.വ. നമ്പർ കത്ത് പ്രകാരം (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു) പൊതുവിദ്യാഭ്യാസ ഡയറക്ടറെ ചുമതലപ്പെടുത്തുകയും ചെയ്യുകയുണ്ടായി. ഇതനുസരിച്ച് അംഗീകാരമില്ലാതെ പ്രവർത്തിക്കുന്ന സ്കൂളുകൾ അടച്ചുപൂട്ടുന്നതിനുള്ള സത്വരനടപടി സ്വീകരിക്കുവാൻ 11-8-2017-ലെ എൻ.എസ്.(2) 53500/2017/ഡി.പി.ഐ. നമ്പർ കത്ത് പ്രകാരം പൊതുവിദ്യാഭ്യാസ ഡയറക്ടർ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| 3 | 13/14 | 30 | സ്കൂളുകളിൽ ഉച്ചഭക്ഷണ വിതരണം കുടുംബശ്രീ പോലുള്ള ഏജൻസികളെ ഏൽപിക്കുന്നതിനുദ്ദേശിക്കുന്നുണ്ടോ? | ഈ വിഷയം സംബന്ധിച്ച് കുടുംബശ്രീയുടെ പ്രോജക്ട് റിപ്പോർട്ട് ലഭ്യമായിട്ടില്ല.സ്കൂൾ പാചകതൊഴിലാളി യൂണിയൻ ടി വിഷയം സംബന്ധിച്ച് പ്രതിനിധി കളുമായി 7-10-2015-ൽ ചർച്ച നടത്തുകയും ഈ പദ്ധതിയോടുള്ള ശക്തമായ എതിർപ്പ് പ്രകടിപ്പി ച്ചിട്ടുള്ളതായും പൊതുവിദ്യാഭ്യാസ ഡയറക്ടർ സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. |

| | | | | |
|---|---|---|---|---|
| 4 | 13/14 | 47 | ആദിവാസി കുട്ടികളുള്ള സ്കൂളുകളിൽ അദ്ധ്യാപകർ, ഹെഡ്മാസ്റ്റർ, കെട്ടിടം എന്നീ സൗകര്യങ്ങൾ ഒരുക്കുന്നതിന് ഗവൺമെന്റ് നടപടി സ്വീകരിക്കുമോ ? | കേരളത്തിലെ ആദിവാസി സ്കൂളുകളിലെ അദ്ധ്യാപകരെ പി.എസ്.സി. റാങ്ക് ലിസ്റ്റിൽ നിന്നും ക്രമമനുസരിച്ച് അതാത് വിദ്യാഭ്യാസ ഉപഡയറക്ടർമാർ നിയമനം നടത്തുന്നുണ്ട്. ടി സ്കൂളുകളിലെ കെട്ടിടങ്ങളുടെ സൗകര്യമൊരുക്കുന്നതിന് നിലവിലുള്ള കെ.ഇ.ആർ. നിയമ പ്രകാരം സർക്കാർ നടപടി എടുക്കുന്നുണ്ട്. |
| 5 | 14/1 | 35 | മാനസികവും ശാരീരികവുമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികൾ പഠിക്കുന്ന സ്പെഷ്യൽ സ്കൂളുകളെയും ബഡ്സ് സ്കൂളുകളെയും എയ്ഡഡ് ആക്കുവാനുള്ള മുൻ സർക്കാരിന്റെ തീരുമാനം പുന:പരിശോധിക്കാൻ ഈ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ;<br><br>ഇതു സംബന്ധിച്ച മന്ത്രിസഭ ഉപസമിതിയുടെ കണ്ടെത്തലുകൾ എന്തെല്ലാമാണ് വിശദാംശം നൽകുമോ;<br><br>പൊതു വിദ്യാഭ്യാസ ഡയറക്ടർ ഉൾപ്പെടെ ഉന്നത ഉദ്യോഗസ്ഥർ നേരിട്ട് പരിശോധന നടത്തിയ നിശ്ചിത യോഗ്യതയുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളെ മാത്രം എയ്ഡഡ് ആക്കിയാൽ | മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികളെ പഠിപ്പിക്കുന്ന 100 വിദ്യാർത്ഥികളിൽ കൂടുതലുള്ള സ്പെഷ്യൽ സ്കൂളുകൾക്ക് എയ്ഡഡ് പദവി അനുവദിച്ച് കൊണ്ട് 9-2-2016-ലെ സ.ഉ. (എംഎസ്.) നം.38/2016/പൊ.വി.വ. നമ്പരായി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. എന്നാൽ 1-1-2016 മുതൽ 30-4-2016 വരെയുള്ള മന്ത്രിസഭാ തീരുമാനങ്ങൾ പുനപരിശോധിച്ച മന്ത്രിസഭാ ഉപസമിതി ഈ വിഷയവും പുനഃപരിശോധിക്കാൻ തീരുമാനിച്ചിരുന്നു. ഇക്കാര്യം പരിശോധിച്ചതിൽ ടി ഉത്തരവ് നടപ്പിലാക്കുന്നതിനായി എയ്ഡഡ് പദവി അനുവദിച്ചുനൽകപ്പെട്ട 33 സ്പെഷ്യൽ സ്കൂളുകൾക്ക് ആയതു പ്രകാരമുള്ള ആനുകൂല്യങ്ങൾ ലഭിക്കുന്നതിന് സ്പെഷ്യൽ റൂൾസ് തയ്യാറാക്കുകയോ തസ്തികകൾ അനുവദിക്കുകയോ ആവശ്യമായ തുക ബഡ്ജറ്റിൽ |

| | | | | |
|---|---|---|---|---|
| | | | മതിയെന്ന ശുപാർശയുടെ അടിസ്ഥാന ത്തിൽ പുറപ്പെടുവിച്ച സർക്കാർ ഉത്തരവ് പുനഃപരിശോധന നടത്തേണ്ട സാഹചര്യം എന്താണെന്ന് വ്യക്തമാക്കാമോ;<br><br>രക്ഷിതാക്കളുടെ ഏറെ നാളത്തെ ആവശ്യമെന്ന നിലയ്ക്ക് 33 സ്കൂളുകൾക്കും എയ്ഡഡ് പദവി നൽകുന്ന ഉത്തരവ് നിലനിർത്തുമോ? | വകയിരുത്തുകയോ ചെയ്തിരുന്നില്ല. എന്നാൽ മാനസിക വെല്ലുവിളികൾ നേരിടുന്നവരുടെ അവകാശങ്ങൾ സംബന്ധിച്ച വിഷയം ചർച്ച ചെയ്യുന്നതിന് 27-11-2017-ന് ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ നിശ്ചിത യോഗ്യതയുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് മാത്രമായി എയ്ഡഡ് പദവി നൽകിയത് കൊണ്ടുമാത്രം മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികളുടെ അതുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന അദ്ധ്യാപകരുടേയും മറ്റ് ജീവനക്കാരുടേയും പ്രശ്നങ്ങൾക്ക് പരിഹാരമാവുകയോ വിദ്യാർത്ഥികൾക്ക് കൂടുതൽ പ്രയോജനം ലഭിക്കുകയോ ചെയ്യില്ലെന്ന് ബോധ്യമായതിന്റെ അടിസ്ഥാനത്തിൽ, ബുദ്ധിപരമായി വെല്ലുവിളികൾ നേരിടുന്നവർക്കായി എന്തെല്ലാം ചെയ്യാനാവുമെന്ന് പഠിച്ച് സമഗ്രമായ ഒരു ആശ്വാസ പാക്കേജ് തയ്യാറാക്കാൻ സാമൂഹ്യനീതി വകുപ്പ് ഡയറക്ടറെ ചുമതലപ്പെടുത്തുകയുണ്ടായി. ആയത് പ്രകാരം ബഡ്സ് സ്കൂളുകളടക്കമുള്ള ഈ വിഭാഗത്തിൽപ്പെട്ട എല്ലാ സ്പെഷ്യൽ സ്കൂളുകളേയും സംബന്ധിച്ച് സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ തയ്യാറാക്കി സമർപ്പിച്ച പ്രൊപ്പോസൽ |

| | | | | |
|---|---|---|---|---|
| | | | | ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 9-8-2018-ന് കൂടിയ യോഗത്തിൽ ചർച്ച ചെയ്ത് തത്വത്തിൽ അംഗീകരിച്ചിട്ടുണ്ട്. ടി പ്രൊപ്പോസൽ ആരോഗ്യം. തദ്ദേശ സ്വയംഭരണം, വിദ്യാഭ്യാസം, സാമൂഹ്യനീതി, ധനകാര്യം, തുടങ്ങിയ വിവിധ വകുപ്പുകളുമായി ബന്ധപ്പെട്ടതാകയാൽ ടി വകുപ്പുകളുമായി ബന്ധപ്പെട്ട് തുടർ നടപടികൾ സ്വീകരിച്ചു വരികയാണ്. |
| 6 | 14/1 | 37 | സംസ്ഥാനത്ത് പ്രവർത്തിക്കുന്ന അംഗീകാരമില്ലാത്ത സ്കൂളുകളുടെ ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ;<br>അംഗീകാരമില്ലാത്ത സ്കൂളുകൾ അടച്ചു പൂട്ടാൻ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ? | (സി) വിദ്യാഭ്യാസ അവകാശ നിയമം സംസ്ഥാനത്ത് നടപ്പിലാക്കുന്നതിന്റെ ഭാഗമായി വിദ്യാഭ്യാസ അവകാശ ചട്ടം 2011-ലെ ചട്ടം 14 പ്രകാരം സംസ്ഥാനത്ത് അംഗീകാരമില്ലാതെ പ്രവർത്തിക്കുന്ന സ്കൂളുകൾക്ക് അംഗീകാരം നൽകുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിക്കുകയും ഇതനുസരിച്ച് 7-10-2011-ലെ സ. ഉ. (കൈ) നം. 202/2011/പൊ.വി.വ., 10-6-2013-ലെ സ.ഉ. (കൈ) നം. 184/2013/ പൊ.വി.വ. എന്നീ ഉത്തരവുകൾ പ്രകാരം സി.ബി.എസ്.ഇ./ഐ.സി.എസ്.ഇ. സ്കൂളുകൾ അഫിലിയേഷൻ നേടുന്നതിന് എൻ.ഒ.സി. നൽകുവാനും സംസ്ഥാന പാഠ്യപദ്ധതിയിൽ അംഗീകാരമില്ലാത്ത സ്കൂളുകൾക്ക് അംഗീകാരം |

| | | | | |
|---|---|---|---|---|
| | | | | നേടുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുകയും അപ്രകാരം ലഭിച്ച അപേക്ഷകളിൽ സർക്കാർ നിശ്ചയിച്ച മാനദണ്ഡങ്ങൾ പാലിച്ചവയ്ക്ക് എൻ.ഒ.സി./അംഗീകാരം നൽകുകയുമുണ്ടായി. ഇപ്രകാരം സംസ്ഥാന പാഠ്യപദ്ധതി പിന്തുടരുന്ന 395 സ്കൂളുകൾക്ക് 14-5-2015-ലെ സ.ഉ. (കൈ) നം. 114/2015/പൊ.വി.വ. 9-11-2015-ലെ സ.ഉ. (കൈ.) നം. 282/2015/പൊ.വി.വ. എന്നീ സർക്കാർ ഉത്തരവുകൾ പ്രകാരം അംഗീകാരം നൽകി (അനുബന്ധം I). സി.ബി.എസ്.ഇ./ഐ.സി.എസ്.ഇ. പാഠ്യപദ്ധതി പിന്തുടരുന്ന ഏകദേശം 576 സ്കൂളുകൾക്ക് അഫിലിയേഷൻ നേടുന്നതിന് എൻ.ഒ.സി.-യും നൽകിയിരുന്നു. സംസ്ഥാനത്ത് അംഗീകാരമില്ലാതെ പ്രവർത്തിക്കുന്ന സ്കൂളുകൾ അടച്ചു പൂട്ടുന്നതിന് സർക്കാർ സ്വീകരിച്ച നടപടിക്കെതിരെ സ്കൂളുകൾ ബഹു. കേരള ഹൈക്കോടതിയെ സമീപിക്കുകയും 5-7-2018-ൽ റിട്ട് ഹർജി 31912/2014 ഉൾപ്പെടെ ഒരു കൂട്ടം ഹർജികളിന്മേൽ പൊതുവിധി ന്യായം പുറപ്പെടുവിക്കുകയുണ്ടായി. തുടർന്ന് സർക്കാർ വിഷയം വിശദമായി പരിശോധിക്കുകയും സി.ബി.എസ്.ഇ./ഐ.സി.എസ്.ഇ. |

| | | | | |
|---|---|---|---|---|
| | | | | സ്കൂളുകൾക്ക് അംഗീകാരവും എൻ.ഒ.സി.-യും നൽകുന്നതിനും സംസ്ഥാന പാഠ്യപദ്ധതി പിന്തുടരുന്ന സ്കൂളുകൾക്ക് അംഗീകാരം നൽകുന്നതിനും 1-3-2019-ലെ സ. ഉ. (കൈ) നം. 22/2019/പൊ.വി.വ., 22-5-2019 -ലെ സ.ഉ. (കൈ) നം. 45/2019/പൊ.വി.വ. എന്നീ ഉത്തരവുകൾ പ്രകാരം മാനദണ്ഡങ്ങൾ പുറപ്പെടുവിച്ചു. പ്രസ്തുത മാനദണ്ഡങ്ങൾക്കനുസരിച്ച് അപേക്ഷ നൽകിയ സ്കൂളുകളുടെ ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധം II ആയി ഉള്ളടക്കം ചെയ്യുന്നു. ആയതിൽ സി.ബി.എസ്.ഇ./ഐ.സി.എസ്.ഇ. പാഠ്യപദ്ധതി പിന്തുടരുന്ന 39 സ്കൂളുകൾക്ക് അംഗീകാരവും എൻ.ഒ.സി.-യും ഇതുവരെ നൽകിയിട്ടുണ്ട്.<br><br>(ഡി) കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ, 16-3-2016-ലെ 4426/05/LA1/2015/ KeSCPCR നമ്പരിലെ ഉത്തരവിൽ സംസ്ഥാനത്ത് അംഗീകാരമില്ലാതെ പ്രവർത്തിക്കുന്ന സ്കൂളുകൾ അടച്ചു പൂട്ടുന്നതിന് 2009-ലെ വിദ്യാഭ്യാസ നിയമത്തിലും 2011-ലെ വിദ്യാഭ്യാസ അവകാശ ചട്ടത്തിലും അനുശാസിക്കുന്ന പ്രകാരമുള്ള നടപടി സ്വീകരിക്കുവാൻ ഉത്തരവായിരുന്നു. അതിൻ |

| | | | | |
|---|---|---|---|---|
| | | | | പ്രകാരം സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും സംസ്ഥാനത്ത് അംഗീകാര മില്ലാതെ പ്രവർത്തിക്കുന്ന സ്കൂളുകൾ 2018-19 അദ്ധ്യയന വർഷം മുതൽ അടച്ചുപൂട്ടുന്നതിന് തീരുമാനിക്കുകയും ആയത് നടപ്പിലാക്കുന്നത് സംബന്ധിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതിന് 19-7-2017-ലെ GEDN-F1/27/2017/പൊ.വി.വ. നമ്പർ കത്തുപ്രകാരം പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് നിർദ്ദേശം നൽകുകയും ചെയ്തു. എന്നാൽ ടി സർക്കാർ നടപടിക്കെതിരെ സ്കൂളുകൾ ബഹു. കേരള ഹൈക്കോടതിയെ സമീപിക്കുകയും ഇതു സംബന്ധിച്ച കേസ്സുകൾ പരിഗണിച്ച കോടതി അംഗീകാരമില്ലാത്ത സ്കൂളുകൾ അംഗീകാരം/ എൻ.ഒ.സി. നൽകുന്നതിന് വേണ്ട നടപടി സ്വീകരിക്കുവാൻ 5-7-2018-ൽ റിട്ട് ഹർജി 31912/2014 ഉൾപ്പെടെ ഒരു കൂട്ടം ഹർജികളിന്മേൽ പൊതു വിധിന്യായം പുറപ്പെടുവിച്ചു. തുടർന്ന് സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ച് സി.ബി.എസ്.ഇ./ഐ.സി.എസ്.ഇ. പാഠ്യപദ്ധതി പിന്തുടരുന്ന സ്കൂളുകൾക്ക് അതാത് ബോർഡുകളുടെ അഫിലിയേഷൻ നേടുന്നതിന് വേണ്ടി അംഗീകാരവും എൻ.ഒ.സി.-യും നൽകുന്നതിനും സംസ്ഥാന |

| | | | | |
|---|---|---|---|---|
| | | | | പാഠ്യപദ്ധതി പിന്തുടരുന്ന സ്കൂളുകൾക്ക് അംഗീകാരം നൽകുന്നതിനും മാനദണ്ഡങ്ങൾ പുറപ്പെടുവിച്ച് അപ്രകാരം നടപടി സ്വീകരിച്ചുവരുന്നു. |
| 7 | 14/2 | 54 | പൊതു വിദ്യാലയങ്ങളിലെ വിദ്യാർത്ഥി കൾക്ക് ഇൻഷുറൻസ് പരിരക്ഷ ഏർപ്പെടുത്തുന്നതിന് പദ്ധതിയുണ്ടോ;<br>ഉണ്ടെങ്കിൽ പദ്ധതിയുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ? | 30-9-2016-ലെ സർക്കാർ ഉത്തരവ് (എംഎസ്.) നം.163/2016/പൊവിവ പ്രകാരം 'സ്കൂൾ വിദ്യാർത്ഥി കൾക്കുള്ള സൗജന്യ അപകട ഇൻഷ്വറൻസ് പദ്ധതി' പൊതുവിദ്യാഭ്യാസ ഡയറക്ടർ മുഖേന നടപ്പിലാക്കി ഉത്തരവായിട്ടുണ്ട്. പദ്ധതിയുടെ വിശദാംശങ്ങൾ താഴെച്ചേർക്കുന്നു.<br>i) വിദ്യാർത്ഥിയുടെ മരണം സംഭവിച്ചാൽ 50,000/- രൂപ<br>ii) ഗുരുതരമായി പരിക്ക് പറ്റിയാൽ 10,000/- രൂപ<br>iii) ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുട്ടികളുടെ രക്ഷിതാക്കൾ മരണപ്പെട്ടാൽ 50,000 രൂപ ട്രഷറി അക്കൗണ്ടിൽ ഫിക്സഡ് ഡെപ്പോസിറ്റായി നിക്ഷേപിക്കുകയും പലിശയിനത്തിൽ ലഭിക്കുന്ന തുക കുട്ടിയുടെ പഠനാവശ്യത്തിനായി ഉപയോഗിക്കുന്ന തരത്തിലും. |

## XV. ഗതാഗത വകുപ്പ്

| ക്രമ നമ്പർ | നിയമസഭ സമ്മേളനം | ഉറപ്പ് നമ്പർ | സഭയിൽ ഉന്നയിക്കപ്പെട്ട ചോദ്യങ്ങളും ഉറപ്പുകളും | സർക്കാരിൽ നിന്ന് ലഭിച്ച സ്റ്റേറ്റ്മെന്റ് |
| --- | --- | --- | --- | --- |
| 1 | 13/11 | 96 | കെ.എസ്.ആർ.ടി.സി.യിലെ പർച്ചെയ്സിംഗിൽ കാലോചിതവും പഴുതുകളടച്ചതുമായ അത്യാധുനിക രീതി നടപ്പിൽ വരുത്തുന്നതിന് ആലോചനയുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ? | കെ.എസ്.ആർ.ടി.സി.-യിലെ പർച്ചേസുകൾ ഇ-പ്രൊക്യൂർമെന്റ് സിസ്റ്റം വഴിയാക്കുന്നതിന്റെ ഭാഗമായി (Stores Purchase Manual 2013, Clause 1.10, e Government procurement shall be followed in all Government Departments/ Boards /Public Sector under takings for all tenders above Rs.5 Lakh (G.O.(MS) No. 13/2015/ITD Dated 12-5-2015) by 31st March 2013) പ്രകാരം നിലവിൽ 5 ലക്ഷം രൂപയ്ക്കു മേൽ മതിപ്പുവില വരുന്ന ടെൻഡറുകൾ കേരളാ ഐ.ടി. മിഷന്റെ നിയന്ത്രണത്തിലുള്ള ഇ-ടെൻഡർ പ്രൊക്യൂർമെന്റ് സംവിധാനം ഉപയോഗിച്ച് നടത്തി വരുന്നു. ഈ കാലയളവിൽ നടത്തിയ ഇ-ടെൻഡറുകളുടെ എണ്ണം ചുവടെ ചേർക്കുന്നു.<br>2013 4 എണ്ണം<br>2014 140 എണ്ണം<br>2015 106 എണ്ണം<br>2016 123 എണ്ണം<br>2017 98 എണ്ണം |

| | | | | |
|---|---|---|---|---|
| 2 | 13/11 | 138 | മദ്യപിച്ചുകൊണ്ടുള്ള ഡ്രൈവിംഗ് മൂലമുണ്ടാകുന്ന അപകടങ്ങളെ സംബന്ധിച്ച വിവരശേഖരണം നടത്തിയിട്ടില്ലെങ്കിൽ അപകടങ്ങളിൽ ഡ്രൈവറുടെ ഭാഗത്തു നിന്നുണ്ടാകുന്ന വീഴ്ചയിൽ മദ്യത്തിനുള്ള പങ്കിനെക്കുറിച്ച് പഠനവും വിവരശേഖരണവും നടത്താൻ നടപടി സ്വീകരിക്കുമോ? | മദ്യപിച്ചുകൊണ്ടുള്ള ഡ്രൈവിംഗ് അപകടങ്ങൾക്ക് കാരണമാകുന്നുണ്ടെന്ന് മോട്ടോർവാഹന വകുപ്പ് വിലയിരുത്തിയിട്ടുണ്ട്. ഡ്രൈവർമാർ മദ്യപിച്ചിട്ടുണ്ടോ എന്നറിയാൻ ആൽക്കോമീറ്റർ ഉപയോഗിക്കുന്നുണ്ട്. നിലവിൽ അമിത വേഗം, അമിതഭാരം കയറ്റി വാഹനമോടിക്കൽ, സിഗ്നൽ ലംഘനം, ഡ്രൈവിംഗിനിടയിൽ മൊബൈൽ ഫോൺ ഉപയോഗം, മദ്യപിച്ച വാഹനമോടിക്കൽ എന്നീ ട്രാഫിക് നിയമ ലംഘനങ്ങൾക്ക് കർശനമായും ലൈസൻസ് റദ്ദാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. മദ്യപിച്ച് വാഹനമോടിക്കൽ, സിഗ്നൽ ലംഘനം, ഡ്രൈവിംഗിനിടയിൽ മൊബൈൽ ഫോൺ ഉപയോഗം എന്നീ നിയമലംഘനങ്ങൾക്ക് പിടിക്കപ്പെടുന്നവരുടെ ലൈസൻസ് റദ്ദാക്കുന്നതിലേക്കായി ബന്ധപ്പെട്ട ലൈസൻസിംഗ് അതോറിറ്റിക്ക് അയച്ചുകൊടുക്കുന്നതിനായി അതാതു ജില്ലാ പോലീസ് മേധാവികൾക്ക് നിർദ്ദേശം നൽകുന്നതിനു പോലീസ് വകുപ്പ് മേധാവിയോട് അഭ്യർത്ഥിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ പോലീസ് വകുപ്പുമായി ചേർന്ന് മേൽപ്പറഞ്ഞ ട്രാഫിക് നിയമ ലംഘകർക്കെതിരെ കർശന നടപടികൾ സ്വീകരിച്ചു വരുന്നു. |

| | | | | |
|---|---|---|---|---|
| | | | | നിലവിൽ 2014 വർഷത്തിൽ 18,251 ലൈസൻസുകളും, 2015 വർഷത്തിൽ 13,229 ലൈസൻസുകളും 2016 വർഷത്തിൽ 11,127 ലൈസൻസുകളും 2017 വർഷത്തിൽ 31-9-2017 വരെ 14,434 ലൈസൻസുകളും റദ്ദ് ചെയ്യുകയുണ്ടായിട്ടുണ്ട്. |
| 3 | 13/15 | 18 | സംസ്ഥാനത്ത് മോട്ടോർ വാഹന അപകടങ്ങൾ വർദ്ധിച്ചുവരുന്നതിന്റെ പ്രധാനപ്പെട്ട കാരണം കുണ്ടും കുഴിയും നിറഞ്ഞ റോഡുകളുടെ സ്ഥിതിഗതിയും മദ്യപിച്ചും ഉറക്കമൊഴിഞ്ഞുമുള്ള മോട്ടോർ ഡ്രൈവിംഗുമാണ് എന്നതിനാൽ ഇത്തരം സംഭവങ്ങൾ ഉണ്ടാകുമ്പോൾ അപകടം കുറച്ചുകൊണ്ടുവരാൻ ഗവൺമെന്റ് ശാസ്ത്രീയമായി പ്രശ്നത്തെക്കുറിച്ച് പഠിച്ച് പരിഹാരം കാണാൻ നടപടി സ്വീകരിക്കുമോ? | മദ്യപിച്ചുള്ള ഡ്രൈവിംഗ് വാഹനാപകടങ്ങൾ വരുത്തിവെയ്ക്കുന്നുവെന്നതിനാൽ ഇത്തരം കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്ന ഡ്രൈവർമാരെ പിടികൂടാനായി വകുപ്പ് വാഹനപരിശോധനകൾ നടത്തിവരുന്നു. ഇതിനായി പരിശോധനയ്ക്കായി ആൽക്കോമീറ്ററുകൾ ഉപയോഗി ക്കുന്നുണ്ട്. 2016-ാം മാണ്ടിൽ വാഹനപരിശോധ നയിൽ മദ്യപിച്ച വാഹനമോടിച്ച 4380 കുറ്റകൃത്യങ്ങൾ കണ്ടെത്തി യിട്ടുണ്ട്.' വെയറബിൾ സ്ലീപ്പിങ് അലാറം' നിർബന്ധമാക്കുന്ന വിഷയത്തിൽ വിശദമായ പഠനറിപ്പോർട്ട് NATPAC-ൽ നിന്നും തേടിയിരുന്നു ആദ്യമായി ഒരു പൈലറ്റ് പ്രൊജക്റ്റ് നടത്തി പ്രായോഗികതയുടെ പ്രതിഫലനവും പഠിക്കേണ്ട താണെന്നു അഭിപ്രായപ്പെട്ടിരുന്നു. 2007-ൽ ഓസ്ട്രേലിയയിലെ വിക്ടോറിയ സംസ്ഥാനം ഇത്തരം |

| | | | | |
|---|---|---|---|---|
| | | | | ഉപകരണങ്ങളുടെ ഉപയോഗം നിരോധിച്ചിരുന്നുവെന്നും അറിയിച്ചിരുന്നു. ഇത്തരം ഉപകരണങ്ങൾ അവ ഉപയോഗിക്കുകയോ പരിശോധിക്കുകയോ ചെയ്തിട്ടില്ലാത്തതിനാൽ ഇതിന്റെ പ്രയോഗികതയിൽ കൂടുതൽ വിവരങ്ങൾ നല്കാൻ ബുദ്ധിമുട്ടാണെന്ന് NATPAC അറിയിച്ചിരുന്നു. നിലവിൽ വെയറബിൾ സ്ലീപ്പിങ് അലാറം നിർബന്ധമാക്കുന്ന തീരുമാനങ്ങൾ എടുത്തിട്ടില്ല |
| 4 | 13/15 | 23 | ട്രാഫിക് സിഗ്നലുകൾ കേടാകുമ്പോൾ അത് റിപ്പയർ ചെയ്ത് നന്നാക്കി എടുക്കാനുള്ള സമയം വളരെ കൂടുതൽ എടുക്കുന്നു. ബന്ധപ്പെട്ട റോഡ് പി.ഡബ്ല്യൂ.ഡി-യുടെ ആണെങ്കിൽ ട്രാഫിക് പോലീസ് പി.ഡബ്ല്യൂ.ഡി-ക്കാരെ എഴുതി അറിയിക്കുകയാണ് ചെയ്യുന്നത്. അതു കഴിഞ്ഞ് പി.ഡബ്ല്യൂ.ഡി. ബന്ധപ്പെട്ട ട്രാഫിക് സിഗ്നലിന്റെ ചുമതലയുള്ള കെൽട്രോണോ അതുപോലുള്ള ഏജൻസിയോ ആയി കറസ്പോണ്ടൻസ് നടത്തുന്നു. ഇതൊക്കെ ഒഴിവാക്കിക്കൊണ്ട് ഒരു കോൺഫറൻസ് നടത്തി പോലീസ് | സംസ്ഥാനത്ത് വിവിധ റോഡുകളിൽ ട്രാഫിക് സിഗ്നലുകൾ സ്ഥാപിച്ചിരിയ്ക്കുന്നത് വിവിധ ഏജൻസികളാണ്. ആയതിനാൽ, ഇവയുടെ നിയന്ത്രണവും വിവിധ ഏജൻസികൾക്കായിരുന്നു. അക്കാരണത്താൽ, ഇവയ്ക്ക് എന്തെങ്കിലും വിധത്തിലുള്ള കേടുപാടുകൾ ഉണ്ടാകുന്ന അവസരത്തിൽ ഇവയുടെ കേടുപാടുകൾ തീർക്കുന്നതിന് കാലതാമസത്തിന് കാരണമാകാറുണ്ട്.<br><br>സംസ്ഥാനത്തെ വിവിധ ജംഗ്ഷനുകളിൽ സ്ഥാപിച്ചിട്ടുള്ള ട്രാഫിക് സിഗ്നലുകളുടെ നിയന്ത്രണം, മെയിന്റനൻസ്, റിപ്പയറിംഗ് എന്നിവ മുമ്പുതന്നെ പോലീസ് വകുപ്പിന്റെ ഇൻസ്പെക്ടർ ജനറൽ ഓഫ് |

| | | | | |
|---|---|---|---|---|
| | | | ഡിപ്പാർട്ടുമെന്റ് ട്രാഫിക് പോലീസിന്റെ ചുമതലയായി ഇമ്മീഡിയറ്റായി ഇതിന്റെ ആളുകളെ അറിയിക്കുകയും ഉടൻതന്നെ സർവ്വീസ് നടത്തുന്നതിനുള്ള നടപടി എടുക്കുകയും ചെയ്യുന്നതിനു വേണ്ടിയുള്ള നടപടി സ്വീകരിക്കുമോ? | പോലീസ് (ട്രാഫിക് & റോഡ് സേഫ്റ്റി മാനേജ്മെന്റ്)-ന്റെ ചുമതലയിലാക്കിയിട്ടുണ്ട്. വിവിധ ഏജൻസികൾക്ക് ഇക്കാര്യത്തിൽ ഇൻസ്പെക്ടർ ജനറൽ ഓഫ് പോലീസ് (ട്രാഫിക് & റോഡ് സേഫ്റ്റി മാനേജ്മെന്റ്)-മായി ബന്ധപ്പെട്ട് തുടർ നടപടികൾ സ്വീകരിക്കാവുന്നതുമാണ്. |
| 5 | 13/15 | 18 | സംസ്ഥാനത്ത് മോട്ടോർ വാഹന അപകടങ്ങൾ വർദ്ധിച്ചുവരുന്നതിന്റെ പ്രധാനപ്പെട്ട കാരണം കുണ്ടും കുഴിയും നിറഞ്ഞ റോഡുകളുടെ സ്ഥിതിഗതിയും മദ്യപിച്ചും ഉറക്കമൊഴിഞ്ഞുമുള്ള മോട്ടോർ ഡ്രൈവിംഗുമാണ് എന്നതിനാൽ ഇത്തരം സംഭവങ്ങൾ ഉണ്ടാകുമ്പോൾ അപകടം കുറച്ചുകൊണ്ടുവരാൻ ഗവൺമെന്റ് ശാസ്ത്രീയമായി പ്രശ്നത്തെക്കുറിച്ച് പഠിച്ച് പരിഹാരം കാണാൻ നടപടി സ്വീകരിക്കുമോ? | മദ്യപിച്ചുള്ള ഡ്രൈവിംഗ് വാഹനാപകടങ്ങൾ വരുത്തിവെയ്ക്കുന്നുവെന്നതിനാൽ ഇത്തരം കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്ന ഡ്രൈവർമാരെ പിടികൂടാനായി വകുപ്പ് വാഹനപരിശോധനകൾ നടത്തിവരുന്നു. ഇതിനായി പരിശോധനയ്ക്കായി അൽക്കോമീറ്ററുകൾ ഉപയോഗിക്കുന്നുണ്ട്. 2016-ാമാണ്ടിൽ വാഹന പരിശോധനയിൽ മദ്യപിച്ച വാഹനമോടിച്ച 4380 കുറ്റകൃത്യങ്ങൾ കണ്ടെത്തിയിട്ടുണ്ട്.' വെയറബിൾ സ്ലീപ്പിങ് അലാറം' നിർബന്ധമാക്കുന്ന വിഷയത്തിൽ വിശദമായ പഠനറിപ്പോർട്ട് NATPAC-ൽ നിന്നും തേടിയിരുന്നു ആദ്യമായി ഒരു പൈലറ്റ് പ്രൊജക്ട് നടത്തി പ്രായോഗികതയുടെ പ്രതിഫലനവും പഠിക്കേണ്ടതാണെന്നു അഭിപ്രായപ്പെട്ടിരുന്നു. 2007-ൽ ഓസ്ട്രേലിയയിലെ വിക്ടോറിയ സംസ്ഥാനം |

629/2025.

| | | | | |
|---|---|---|---|---|
| | | | | ഇത്തരം ഉപകരണങ്ങളുടെ ഉപയോഗം നിരോധിച്ചിരുന്നുവെന്നും അറിയിച്ചിരുന്നു. ഇത്തരം ഉപകരണങ്ങൾ അവ ഉപയോഗിക്കുകയോ പരിശോധിക്കുകയോ ചെയ്തിട്ടില്ലാത്തതിനാൽ ഇതിന്റെ പ്രയോഗികതയിൽ കൂടുതൽ വിവരങ്ങൾ നല്കാൻ ബുദ്ധിമുട്ടാണെന്ന് NATPAC അറിയിച്ചിരുന്നു. നിലവിൽ വെയറബിൾ സ്ലീപ്പിങ് അലാറം നിർബന്ധമാക്കുന്ന തീരുമാനങ്ങൾ എടുത്തിട്ടില്ല. |

## XVI. സാമൂഹ്യനീതി വകുപ്പ്

| ക്രമ നമ്പർ | നിയമസഭ സമ്മേളനം | ഉറപ്പ് നമ്പർ | സഭയിൽ ഉന്നയിക്കപ്പെട്ട ചോദ്യങ്ങളും ഉറപ്പുകളും | സർക്കാരിൽ നിന്ന് ലഭിച്ച സ്റ്റേറ്റ്മെന്റ് |
|---|---|---|---|---|
| 1 | 13/5 | 119 | വൃദ്ധജനങ്ങളുടെ ചികിത്സയ്ക്കായി പ്രത്യേക ക്ലിനിക്കുകൾ ആരംഭിക്കുന്ന കാര്യം പരിഗണിക്കുമോ, വിശദമാക്കാമോ ? | സംസ്ഥാനത്തെ നഗരപ്രദേശങ്ങളിൽ വസിക്കുന്ന 65 വയസ്സ് കഴിഞ്ഞ മുതിർന്ന പൗരന്മാർക്ക് ആരോഗ്യ സംരക്ഷണവും, മാനസിക ഉല്ലാസവും നൽകുന്നതിന് വേണ്ടി കേരള സാമൂഹ്യ സുരക്ഷാ മിഷൻ നടപ്പാക്കുന്ന പദ്ധതിയാണ് "വയോമിത്രം". ടി പദ്ധതിയിലൂടെ സൗജന്യമായി മരുന്നുകൾ, പാലിയോറ്റീവ് സേവനം, കൗൺസിലിംഗ് സേവനം, ഹെൽപ് ഡെസ്കിന്റെ സേവനം എന്നിവ |

| | | | | |
|---|---|---|---|---|
| | | | | ലഭ്യമാക്കുന്നുണ്ട്. നിലവിൽ 6 കോർപ്പറേഷനിലും 74 മുനിസിപ്പാലിറ്റികളിലും പദ്ധതി നടപ്പാക്കി വരുന്നുണ്ട്, സംസ്ഥാനത്തെ ബാക്കിയുള്ള 13 നഗരസഭകളിൽ കൂടി 2 മാസത്തിനുള്ളിൽ ടി പദ്ധതി നടപ്പിലാക്കും. കൂടാതെ പരീക്ഷണാടി സ്ഥാനത്തിൽ 14 ജില്ലകളിലെയും ഓരോ ബ്ലോക്കിൽ വീതം പദ്ധതി പുതുതായി ആരംഭിക്കു ന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. |
| 2 | 13/10 | 2 | | സംസ്ഥാന സർക്കാർ വയോജന ക്ഷേമത്തിനായി നിരവധി പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നുണ്ട്. സംസ്ഥാനത്ത് പഞ്ചായത്തുകൾക്ക് കീഴിൽ പ്രവർത്തിക്കുന്ന വയോജന പരിപാലന കേന്ദ്രങ്ങൾക്ക് അധിക സൗകര്യങ്ങൾ നൽകിക്കൊണ്ട് പകൽ പരിപാലന കേന്ദ്രങ്ങളെ അപ്ഗ്രേഡ് ചെയ്യുന്ന 'സായംപ്രഭാ' ഹോം പദ്ധതി, പല്ലുകൾ പൂർണ്ണമായും നഷ്ടപ്പെട്ട ദാരിദ്ര്യ രേഖയ്ക്കു താഴെയുള്ള 60 വയസ്സു കഴിഞ്ഞ മുതിർന്ന പൗരന്മാർക്ക് പൂർണ്ണ കൃത്രിമ ദന്തനിര സൗജന്യമായി നൽകുന്ന 'മന്ദഹാസം' പദ്ധതി, സർക്കാർ വൃദ്ധ സദനങ്ങളിലെ താമസക്കാർക്ക് ആയുർവേദ ചികിത്സയുടെ പരിരക്ഷ നൽകുന്ന 'വയോ അമൃതം' പദ്ധതി വയോജനങ്ങൾക്കായി |

| | | | | |
|---|---|---|---|---|
| | | | | ഒരു മാതൃകാ സായംപ്രഭ ഹോം എന്ന ലക്ഷ്യത്തോടെ ആരംഭിച്ച മൾട്ടി സർവ്വീസ് 'ഡേ കെയർ സെന്റർ', മുതിർന്ന പൗരന്മാരുടെ അവശതകൾ പരിഹരിക്കുന്നതിനും അവരുടെ ആരോഗ്യ പരിപാലനത്തിനും വിനോദ വിജ്ഞാന പരിപാടികൾ എന്നീ ലക്ഷ്യങ്ങൾക്കായി പഞ്ചായത്തുകളെ വയോ സൗഹൃദമാക്കുന്ന തിനായുള്ള 'വയോ സൗഹൃദ ഗ്രാമ പഞ്ചായത്ത്' പദ്ധതി, വൃദ്ധ സദനങ്ങളിലെ അന്തേവാസികളുടെ മാനസിക പിരിമുറുക്കം കുറയ്ക്കുന്നതിനും അവർക്ക് മാനസികോല്ലാസം പ്രദാനം ചെയ്യുന്നതിനുമായി നടപ്പാക്കുന്ന 'മ്യൂസിക് തെറാപ്പി', സർക്കാർ വൃദ്ധ സദനങ്ങളിലെ അന്തേവാസികളുടെ മാനസിക സാമൂഹിക പരിരക്ഷ ഉറപ്പാക്കുന്നതിനു വേണ്ടി ബാംഗ്ലൂർ നിംഹാൻസുമായി ചേർന്ന് നടപ്പാക്കുന്ന 'സൈക്കോ സോഷ്യൽ കെയർ ഫോർ എൽഡർലി പേഴ്സൺസ് ഇൻ ഓൾഡ് ഏജ് ഹോം' പദ്ധതി, 65 വയസ്സ് കഴിഞ്ഞ കോർപ്പറേഷൻ/മുനിസിപ്പൽ നഗരസഭ പ്രദേശത്ത് വസിക്കുന്നവർക്ക് സൗജന്യമായി മരുന്നുകൾ, പാലിയേറ്റീവ് പരിചരണം, ഹെൽപ്പ് ഡെസ്കിന്റെ സേവനം, കൗൺസിലിംഗ് സേവനം എന്നിവ ലഭ്യമാക്കുന്ന |

| | | | | |
|---|---|---|---|---|
| | | | | 'വയോമിത്രം' പദ്ധതി എന്നിവ സംസ്ഥാനത്ത് വയോജനങ്ങൾക്കായി നടപ്പാക്കിവരുന്ന പദ്ധതികളാണ്.<br><br>സംസ്ഥാനത്തെ 90 നഗരസഭകളിൽ നടപ്പിലാക്കുന്ന വയോമിത്രം പദ്ധതി ഈ സാമ്പത്തിക വർഷം 14 ബ്ലോക്ക് പഞ്ചായത്തുകളിൽ കൂടി ആരംഭിക്കുന്നതാണ്. ഇതോടൊപ്പം ആയുർവേദ ചികിത്സ ലഭ്യമാക്കുന്നതിനായി 'ആയുർമിത്രം' എന്ന പദ്ധതി വയോമിത്രം പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പു സാമ്പത്തിക വർഷം നടപ്പാക്കുന്നതാണ്. സ്വത്തുക്കൾ കൈവശപ്പെടുത്തിയ ശേഷം രക്ഷിതാക്കളെ സംരക്ഷിയ്ക്കുന്നതിൽ വീഴ്ച വരുത്തുന്നവർക്കെതിരെ നടപടി സ്വീകരിയ്ക്കുന്നതിന് സംസ്ഥാനത്ത് റവന്യൂ ഡിവിഷണൽ ആഫീസർ അദ്ധ്യക്ഷനായുള്ള മെയിന്റനൻസ് ട്രിബ്യൂണലുകൾ രൂപീകരിച്ചിട്ടുണ്ട്.<br><br>മുതിർന്ന പൗരന്മാരുടെ പരാതികളുടെ അടിസ്ഥാനത്തിൽ കേസുകൾ രജിസ്റ്റർ ചെയ്ത് അന്വേഷണ, വിചാരണ നടപടികൾ പൂർത്തിയാക്കി അർഹരായ മുതിർന്ന പൗരന്മാർക്ക് മക്കളിൽ നിന്ന് സംരക്ഷണവും സംരക്ഷണ |

| | | | | |
|---|---|---|---|---|
| | | | | ചിലവും Maintenance and Welfare of Parents and Senior Citizens Act പ്രകാരം, മെയിന്റനൻസ് ഓഫീസർ മുഖേന ഉറപ്പാക്കുന്നു. പരമാവധി 10,000 രൂപ വരെ സംരക്ഷണ ചിലവായി എതിർ കക്ഷികളിൽ നിന്നും ഈടാക്കാൻ പ്രസ്തുത നിയമം അനുവദിയ്ക്കുന്നു. അതോടൊപ്പം നിരവധി വയോജന പ്രശ്നങ്ങളിൽ ക്രിയാത്മകവും അനുഭാവ പൂർണ്ണവുമായ ഇടപെടലുകൾ നടത്തുന്നതിനായി സംസ്ഥാന ചട്ടങ്ങൾ 2009 പ്രകാരം സംസ്ഥാന വയോജന കൗൺസിലും അനുബന്ധമായി ജില്ലാ കമ്മിറ്റികളും പ്രവർത്തിച്ചുവരുന്നു.<br><br>പരമാവധി 1500 രൂപ വരെ വാർദ്ധക്യകാല പെൻഷൻ നൽകി വരുന്നു. |
| 3 | 13/11 | 166 | പഞ്ചായത്തുകളുടെ ഫലപ്രദമായ ഇടപെടലിലൂടെ വൃദ്ധജന പരിപാലനം ഉറപ്പു വരുത്താൻ ഉതകുന്ന പദ്ധതികൾക്കു രൂപം നൽകാൻ നടപടി സ്വീകരിക്കുമോ ? | 'വയോമിത്രം' പദ്ധതി ഗ്രാമതലത്തിൽ നടപ്പാക്കുന്നതിന്റെ സംസ്ഥാനതല ഉദ്ഘാടനം 13-5-2018-ന് കോഴിക്കോട് റൂറൽ ബ്ലോക്കിൽ നടത്തിയിട്ടുണ്ട്. ടി പദ്ധതിയുടെ പ്രവർത്തനം 1-9-2018 മുതൽ അവിടെ ആരംഭിച്ചിട്ടുണ്ട്. ഈ സാമ്പത്തിക വർഷം തന്നെ ടി പദ്ധതി സംസ്ഥാനത്തെ എല്ലാ ജില്ലകളിലെയും ഓരോ |

| | | | | |
|---|---|---|---|---|
| | | | | ബ്ലോക്ക് പഞ്ചായത്തിൽ കൂടി ആരംഭിക്കുന്നതിനു വേണ്ട നടപടികൾ കേരള സാമൂഹ്യ സുരക്ഷാ മിഷൻ സ്വീകരിച്ച് വരുന്നു. |
| 4 | 13/14 | 61 | സാമൂഹ്യ നീതി വകുപ്പ് നേരിട്ട് നടത്തുന്ന ക്ഷേമസ്ഥാപനങ്ങളിൽ കാലാകാലങ്ങളിലും അപ്രതീക്ഷിതമായും ഇൻസ്പെക്ഷൻ നടത്താനും റിപ്പോർട്ടുകൾ പരിശോധിച്ച് തുടർനടപടികൾ സ്വീകരിക്കാനുമുള്ള സംവിധാനം കാര്യക്ഷമമാക്കുമോ? | സാമൂഹ്യനീതി വകുപ്പ് നേരിട്ട് നടത്തുന്ന ക്ഷേമസ്ഥാപനങ്ങളിൽ മാസത്തിലൊരിക്കലെങ്കിലും മുൻകൂട്ടി അറിയിക്കാതെ ഇൻസ്പെക്ഷൻ നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് ജില്ലാ സാമൂഹ്യനീതി ഓഫീസർമാർക്ക് സാമൂഹ്യനീതി ഡയറക്ടറുടെ 4-3-2017 തീയതിയിലെ R & D 11958/17 പരിപത്രം പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ജില്ലാ സാമൂഹ്യനീതി ഓഫീസർമാരുടെ നേതൃത്വത്തിൽ പ്രൊബേഷൻ ഓഫീസർ ഗ്രേഡ് 1, വിമൺ പ്രൊട്ടക്ഷൻ ഓഫീസർ എന്നിവരടങ്ങുന്ന കമ്മിറ്റി വകുപ്പിന് കീഴിലുള്ള ക്ഷേമസ്ഥാപനത്തിൽ മാസത്തിൽ ഒരിക്കൽ സന്ദർശനം നടത്തി ലഭിക്കുന്ന പരാതികൾ അവിടെ വച്ച് തീർപ്പാക്കുന്നതിനും ഡയറക്ടറുടെ തീരുമാനം ആവശ്യമുള്ളവ ഡയറക്ടർക്ക് നൽകുന്നതിനും ജില്ലാസാമൂഹ്യനീതി ഓഫീസർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ വകുപ്പിലെ മേലുദ്യോഗസ്ഥർ സർപ്രൈസ് ഇൻസ്പെക്ഷൻ നടത്തുന്നതിന് വേണ്ടിയുള്ള നടപടിയും സ്വീകരിച്ചുവരുന്നുണ്ട്. |

| | | | | |
|---|---|---|---|---|
| 5 | 13/14 | 79 | ഭിന്നലിംഗക്കാരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് എന്തെങ്കിലും നയം രൂപീകരിച്ചിട്ടുണ്ടോ? | ഭിന്നലിംഗക്കാരുടെ ക്ഷേമത്തിനായി 22-9-2015-ലെ സ. ഉ. (എംഎസ്.)നം. 61/2015/സാനീവ. പ്രകാരം ട്രാൻസ്ജെൻഡർ പോളിസിക്ക് അംഗീകാരം നൽകിയിട്ടുണ്ട്. ആയതിന്റെ പകർപ്പ് ഇതോടൊപ്പം അയയ്ക്കുന്നു. |
| 6 | 13/14 | 92 | നിലത്തെഴുത്ത് കളരികളിലെ കുട്ടികൾക്ക് സൗജന്യ പോഷകാഹാരം വിതരണം ചെയ്യുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ? | കേന്ദ്രാവിഷ്കൃത പദ്ധതിയായ അനുപൂരക പോഷകാഹാര പദ്ധതിയിലൂടെ അങ്കണ വാടികളിൽ രജിസ്റ്റർ ചെയ്തിട്ടുള്ളതും പഠിക്കുന്നതുമായ 0-6 വയസ്സുവരെയുള്ള കുട്ടികൾക്കാണ് പോഷകാഹാരം നൽകിവരുന്നത്. നിലത്തെഴുത്ത് കളരിയിൽ പഠിക്കുന്ന 6 വയസ്സ് വരെയുള്ള കുട്ടികൾക്ക് അടുത്തുള്ള അങ്കണവാടികളിൽ നിന്നും ടേക് ഹോം റേഷൻ വ്യവസ്ഥയിൽ ഭക്ഷണ സാധനങ്ങൾ കൈപ്പറ്റുന്നതിന് നിലവിൽ വ്യവസ്ഥയുണ്ട്. 3 വയസ്സു മുതൽ 6 വയസ്സു വരെയുള്ള ആശാൻ കളരിയിലുള്ള കുട്ടികൾക്ക് അടുത്തുള്ള അങ്കണവാടികളിൽ നേരിട്ട് വന്ന് പേര് രജിസ്റ്റർ ചെയ്ത് പാചകം ചെയ്ത പോഷകാ ഹാരങ്ങൾ കൈപ്പറ്റുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. |

| | | | | |
|---|---|---|---|---|
| 7 | 14/1 | 66 | എൻഡോസൾഫാൻ ദുരിതബാധിതരുടെ സൗജന്യചികിത്സ, പുനരധിവാസം, കടം എഴുതിത്തള്ളൽ തുടങ്ങിയ ആവശ്യങ്ങൾ സമയബന്ധിതമായി നടപ്പാക്കുമോ? | ആരോഗ്യമേഖലയിൽ കാസർഗോഡ് ജില്ലയിൽ എൻഡോസൾഫാൻ ദുരിതബാധിതർക്കായി നടപ്പിലാക്കിവരുന്ന പദ്ധതികൾ സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.<br>സൗജന്യ സ്പെഷ്യലിസ്റ്റ് & സൂപ്പർ സ്പെഷ്യാലിറ്റി ചികിത്സ<br>കാസർഗോഡ് ജില്ലയിൽ എൻഡോസൾഫാൻ ദുരിതബാധിതമേഖലകളിലെ വിവിധ ആരോഗ്യ കേന്ദ്രങ്ങളിലായി ദുരിതബാധിതർക്ക് സൗജന്യ സ്പെഷ്യലിസ്റ്റ് & സൂപ്പർ സ്പെഷ്യാലിറ്റി ചികിത്സ ലഭ്യമാക്കി വരുന്നു. രോഗികൾക്ക് വിദഗ്ധ ചികിത്സ നൽകുന്നതിനായി കേരളത്തിലും കർണ്ണാടകയിലുമായി 17 ആശുപത്രികൾ എംപാനൽ ചെയ്തിട്ടുണ്ട്.<br>ദുരിതബാധിതർക്ക് സൗജന്യ ചികിത്സ അനുവദിച്ച വകയിൽ വിവിധ എംപാനൽഡ് ആശുപത്രികൾക്കും, ആരോഗ്യ സ്ഥാപനങ്ങൾക്കും തുക അനുവദിച്ച് നല്കിയിട്ടുണ്ട്.<br>മൊബൈൽ മെഡിക്കൽ യൂണിറ്റ്<br>കിടപ്പിലായ രോഗികൾക്ക് വീട്ടിലെത്തി ചികിത്സ ലഭ്യമാക്കുന്നതിനായി മെഡിക്കൽ യൂണിറ്റ് |

629/2025.

| | | | | |
|---|---|---|---|---|
| | | | | പ്രവർത്തിക്കുന്നു. ആവശ്യമായ വീടുകളിൽ ചെന്ന് സാന്ത്വന ചികിത്സ നൽകുന്നതിനായി ജില്ലയിലെ 11 ഗ്രാമപഞ്ചായത്തുകളിൽ സ്റ്റാഫ് നഴ്സുമാരെ നിയമിച്ചിട്ടുണ്ട്.<br><br><u>ഡയാലിസിസ് യൂണിറ്റ്</u><br>വൃക്ക രോഗബാധിതരിൽ ഹീമോ ഡയാലിസിസ് ആവശ്യമായി വരുന്ന രോഗികൾക്ക് അതിന്റെ സൗകര്യം ലഭ്യമാക്കുന്നതിനായി പദ്ധതിയുടെ ഭാഗമായി കാസർഗോഡ് ജനറൽ ആശുപത്രിയിൽ ഡയാലിസിസ് യൂണിറ്റ് ആരംഭിച്ചിട്ടുണ്ട്. 8 ഡയാലിസിസ് മെഷീനുകൾ ഇതിനായി സജ്ജീകരിച്ചിട്ടുണ്ട്. ദുരിതബാധിതർക്ക് യാത്രാസൗകര്യം ദുരിതബാധിതരെ ചികിത്സയ്ക്കായി ആശുപത്രികളിൽ എത്തിക്കുന്നതിനായി ജില്ലയിലെ 11 ഗ്രാമപഞ്ചായത്തുകളിലും കരാറടിസ്ഥാനത്തിൽ വാഹനങ്ങൾ ഏർപ്പാട് ചെയ്തിട്ടുണ്ട്. ഫിസിയോ തെറാപ്പി സേവനം ജില്ലയിലെ 11 ഗ്രാമപഞ്ചായത്തുകളിലെ പി.എച്ച്.സി.,സി.എച്ച്.സി.-കളിൽ ഫിസിയോ തെറാപ്പിസ്റ്റുമാരെ നിയമിച്ചിട്ടുണ്ട്. പ്രസ്തുത പി.എച്ച്.സി/സി.എച്ച്.സി.-കളിലും കിടപ്പിലായ രോഗികളുടെ വീടുകളിലുമായി ഗുണഭോക്താക്കൾ സൗജന്യ സേവനം പ്രയോജനപ്പെടുത്തിവരുന്നു. ജനറൽ ആശുപത്രി, ജില്ലാ |

| | | | | |
|---|---|---|---|---|
| | | | | ആശുപത്രി എന്നിവിടങ്ങളിലും സുസജ്ജമായ ഫിസിയോതെറാപ്പി യൂണിറ്റുകൾ പ്രവർത്തിച്ചു വരുന്നു.<br><br><u>പീഡിയാട്രിക് ഐ.സി.യു.</u><br>നബാർഡ് RIDF പദ്ധതിയുടെ ഭാഗമായി ജില്ലയിലെ ആശുപത്രികളിൽ ഭൗതീക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുവേണ്ടി പുതിയ കെട്ടിടങ്ങൾ നിർമ്മിച്ചുവരുന്നു. കാഞ്ഞങ്ങാട് ജില്ലാ ആശുപത്രിയിൽ 4 ബെഡ്ഡ് പീഡിയാട്രിക് ഐ.സി.യൂണിറ്റ് സജ്ജീകരിച്ചിട്ടുണ്ട്.<br><br>ആരോഗ്യ സേവനങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ജില്ലയിലെ വിവിധ ആരോഗ്യ സ്ഥാപനങ്ങളിൽ സ്റ്റാഫ് നഴ്സ്, ഫാർമസിസ്റ്റ്, എക്സ്റേ ടെക്നീഷ്യൻ, ഓഡിയോളജിസ്റ്റ്, ക്ലിനിക്കൽ സൈക്കോളജിസ്റ്റ്, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ തുടങ്ങി വിവിധ കാറ്റഗറികളിലായി ജീവനക്കാരെ നിലവിലുള്ള തസ്തികയ്ക്ക് പുറമെ അധികമായി നിയമിച്ചിട്ടുണ്ട്.<br><br>ഡെത്ത് ഓഡിറ്റ് കമ്മിറ്റിയുടെ ശുപാർശ പ്രകാരമുള്ള ധനസഹായം. |

| | | | | |
|---|---|---|---|---|
| | | | | എൻഡോസൾഫാൻ ദുരിതബാധിതരുടെ പട്ടികയിൽ ഉൾപ്പെടാതെ മരണപ്പെട്ടവരും എന്നാൽ എൻഡോസൾഫാൻ ദുരിതബാധിതരെന്ന് കണ്ടെത്തിയിട്ടുള്ളവരുമായവരുടെ ആശ്രിതർക്ക് ദേശീയ മനുഷ്യാവകാശ കമ്മീഷൻ ശുപാർശ ചെയ്തിട്ടുള്ള പ്രത്യേക ധനസഹായം അനുവദിച്ചു വരുന്നുണ്ട്.<br><br><u>ട്രീറ്റ്മെന്റ് കമ്മിറ്റി</u><br>ദുരിതബാധിതരുടെ പട്ടികയിൽ ഉൾപ്പെട്ടിട്ടില്ലാത്ത എന്നാൽ എൻഡോസൾഫാൻ ദുരിതബാധിതരായി കണക്കാക്കാൻ സാധിക്കുന്ന അടിയന്തിര ചികിത്സ ആവശ്യമായിട്ടുള്ളവർക്ക് ചികിത്സ അനുവദിക്കുന്നതിനായി ട്രീറ്റ്മെന്റ് കമ്മിറ്റി പ്രവർത്തനം നടത്തിവരുന്നുണ്ട്.<br><br><u>എൻഡോസൾഫാൻ ദുരിതബാധിതരുടെ പുനരധിവാസം</u><br><br>എൻഡോസൾഫാൻ ദുരിതബാധിതർക്കായുള്ള പുനരധിവാസ ഗ്രാമത്തിന്റെ നിർമ്മാണ പ്രവർത്തികൾക്ക് ഊരാളുങ്കൽ ഗ്രൂപ്പിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത പ്രദേശത്ത് കോണ്ടൂർ സർവ്വെ ഉൾപ്പെടെയുള്ള കാര്യങ്ങൾ പൂർത്തിയാക്കിയിട്ടുണ്ട്. ജില്ലാ കളക്ടർക്ക് സമർപ്പിച്ച ഡി.പി.ആർ.-ന് |

| | | | | |
|---|---|---|---|---|
| | | | | 7-1-2019-ലെ ജില്ലാതല സെൽ യോഗത്തിൽ അംഗീകാരം ലഭിച്ചിട്ടുണ്ട്.<br>എൻഡോസൾഫാൻ ദുരിതബാധിതരുടെ കടം എഴുതിതള്ളൽ<br><br>എൻഡോസൾഫാൻ ദുരിതബാധിതരുടെ 50,000 രൂപ വരെയുള്ള 1038 കടബാധ്യതകൾക്കായി ആദ്യഘട്ടമായി 2,17,38,655 രൂപയും 50,000 രൂപ മുതൽ 3 ലക്ഷം വരെയുള്ള 455 കടബാധ്യതകൾ എഴുതിതള്ളുന്നതിനായി രണ്ടാം ഘട്ടമായി 4,39,41,274 രൂപയും കാസർഗോഡ് ജില്ലാ കളക്ടർക്ക് അനുവദിച്ചിട്ടുണ്ട്. |
| 8 | 14/4 | 19 | വയോജനങ്ങളുടെ ക്ഷേമത്തിനായി വയോജന കമ്മീഷൻ രൂപീകരിക്കുന്ന കാര്യം പരിഗണനയിലുണ്ടോ;<br><br>വയോജനങ്ങൾ അഭിമുഖീകരിക്കുന്ന വിവിധ പ്രശ്നങ്ങൾ മനസ്സിലാക്കുന്നതിനും അതിന് ക്രിയാത്മകമായ പരിഹാരം കാണുന്നതിനും സ്റ്റാറ്റ്യൂട്ടറി അധികാരത്തോടു കൂടിയ വയോജന കമ്മീഷൻ അടിയന്തരമായി രൂപീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | വയോജനങ്ങളുടെ ക്ഷേമം സംബന്ധിച്ച് നിലവിലുള്ള കേന്ദ്ര നിയമമായ Maintenance and Welfare of Parents and Senior Citizens Act 2007, വയോജന കമ്മീഷൻ രൂപീകരിക്കുന്നതിന് വ്യവസ്ഥ ചെയ്യുന്നില്ല. ആക്ടിന്റെ പിൻബലത്തോടെ രൂപീകരിക്കുന്ന കമ്മീഷനുകൾക്കു മാത്രമേ സിവിൽ കോടതിയുടെ അധികാരങ്ങൾ നിക്ഷിപ്തമാക്കുവാൻ കഴിയുകയുള്ളൂ. ഭരണഘടനയുടെ VII-ാം പട്ടികയിലെ List II (State list) ൽ വയോജനങ്ങളുടെ ക്ഷേമം സംബന്ധിച്ച വിഷയം ഉൾപ്പെടുത്തിയിട്ടില്ല. വയോജനങ്ങളുടെ ക്ഷേമത്തിനായി |

| | | | | |
|---|---|---|---|---|
| | | | | കമ്മീഷൻ രൂപീകരിക്കുന്നത് സംബന്ധിച്ച് കേന്ദ്ര നിയമത്തിന്റെ അഭാവത്തിൽ ഭരണഘടനയുടെ VII-ാം പട്ടികയിലെ സമവർത്തി ലിസ്റ്റിൽ (List III ) entry 23 (Social Security) ൽ ഉൾപ്പെടുത്തി സംസ്ഥാനത്തിന് നിയമനിർമ്മാണം പരിഗണിക്കാവുന്നതാണെങ്കിലും വയോജനങ്ങൾക്ക വേണ്ടിയുള്ള സംസ്ഥാന കമ്മീഷൻ രൂപീകരിക്കുന്ന വിഷയം തൽക്കാലം പരിഗണിക്കാൻ നിർവ്വാഹമില്ല. |
| 9 | 14/9 | 4 | വയോജനങ്ങളുടെ സുരക്ഷയും സംരക്ഷണവും ഉറപ്പുവരുത്തുന്നതിന് ജുഡീഷ്യൽ അധികാരങ്ങളോട്ടു കൂടിയ വയോജന കമ്മീഷൻ രൂപീകരിക്കുന്നതിന് ആലോചിക്കുന്നുണ്ടോ; | വയോജനങ്ങളുടെ ക്ഷേമം സംബന്ധിച്ച് നിലവിലുള്ള കേന്ദ്ര നിയമമായ Maintenance and Welfare of Parents and Senior Citizens Act 2007, വയോജന കമ്മിഷൻ രൂപീകരിക്കുന്നതിന് വ്യവസ്ഥ ചെയ്യുന്നില്ല. ആക്റ്റിന്റെ പിൻബലത്തോടെ രൂപീകരിക്കുന്ന കമ്മീഷനുകൾക്ക മാത്രമേ സിവിൽ കോടതിയുടെ അധികാരങ്ങൾ നിക്ഷിപ്തമാക്കുവാൻ കഴിയുകയുള്ളൂ. ഭരണഘടനയുടെ VII-ാം പട്ടികയിലെ List II (State list)-ൽ വയോജനങ്ങളുടെ ക്ഷേമം സംബന്ധിച്ച വിഷയം ഉൾപ്പെടുത്തിയിട്ടില്ല. വയോജനങ്ങളുടെ ക്ഷേമത്തിനായി കമ്മീഷൻ രൂപീകരിക്കുന്നത് സംബന്ധിച്ച് കേന്ദ്ര നിയമത്തിന്റെ അഭാവത്തിൽ ഭരണ ഘടനയുടെ |

| | | | | |
|---|---|---|---|---|
| | | | | VII-ാം പട്ടികയിലെ സമവർത്തി ലിസ്റ്റിൽ (List III) entry 23 (Social Security)-ൽ ഉൾപ്പെടുത്തി സംസ്ഥാനത്തിന് നിയമനിർമ്മാണം പരിഗണിക്കാവുന്നതാണെങ്കിലും വയോജനങ്ങൾക്കവേണ്ടിയുള്ള സംസ്ഥാന കമ്മീഷൻ രൂപീകരിക്കുന്ന വിഷയം തൽക്കാലം പരിഗണിക്കാൻ നിർവ്വാഹമില്ല. |

## XVII. വിനോദസഞ്ചാര വകുപ്പ്

| ക്രമ നമ്പർ | നിയമസഭ സമ്മേളനം | ഉറപ്പ് നമ്പർ | സഭയിൽ ഉന്നയിക്കപ്പെട്ട ചോദ്യങ്ങളും ഉറപ്പുകളും | സർക്കാരിൽ നിന്ന് ലഭിച്ച സ്റ്റേറ്റ്മെന്റ് |
|---|---|---|---|---|
| 1 | 13/14 | 76 | മുസിരിസ് പൈതൃക പദ്ധതി പ്രകാരം പള്ളിപ്പുറം കോട്ടയോടനുബന്ധിച്ച് മിലിട്ടറി മ്യൂസിയം നിർമ്മിക്കുന്നതിനുള്ള സ്ഥലം ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ;<br><br>പ്രസ്തുത മ്യൂസിയം എന്നത്തേയ്ക്ക് യാഥാർത്ഥ്യമാക്കാനാകുമെന്ന് വ്യക്തമാക്കാമോ? | എറണാകുളം ജില്ലയിലെ പള്ളിപ്പുറത്ത് മുസിരിസ്സ് പദ്ധതിയുടെ ഭാഗമായി പോലീസ് മ്യൂസിയം സ്ഥാപിക്കുന്നതിന് പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുകയും, 15-7-2010-ൽ അന്നത്തെ ടൂറിസം-ആഭ്യന്തര വകുപ്പ് മന്ത്രിമാരുടെ നേതൃത്വത്തിൽ കോർഡിനേഷൻ കമ്മിറ്റി ചേർന്ന് പള്ളിപ്പുറം കോട്ടയുടെ പരിസരത്ത് പോലീസ് സ്റ്റേഷനോടനുബന്ധിച്ചുള്ള ഒഴിഞ്ഞ് കിടക്കുന്ന ഭൂമിയിൽ പോലീസ് മിലിറ്ററി മ്യൂസിയം |

| | | | | |
|---|---|---|---|---|
| | | | | സ്ഥാപിക്കുന്നതിന് തീരുമാനിക്കുകയും ചെയ്തു. ഇതിനെ തുടർന്ന് കൊച്ചി താലൂക്ക്, പള്ളിപ്പുറം വില്ലേജ് സർവ്വേ നമ്പർ 127/3, 127/5 എന്നിവയിൽപെട്ട 45 ആർ സ്ഥലം ആഭ്യന്തര വകുപ്പിൽ നിന്നും വിട്ടുകിട്ടുന്നതിനായി പ്രൊപ്പോസൽ സമർപ്പിച്ചിരുന്നു. തുടർന്ന്, പ്രസ്തുത സ്ഥലത്ത് പോലീസ് മിലിറ്ററി മ്യൂസിയം സ്ഥാപിക്കുന്നതിന് പെർമിസ്സീവ് സാങ്ഷൻ ലഭിക്കുന്നതിന് അപേക്ഷ സമർപ്പിച്ചെങ്കിലും പ്രൊപ്പോസൽ അംഗീകരിക്കുവാൻ നിർവ്വാഹ മില്ലെന്ന് ആഭ്യന്തര വകുപ്പിൽ നിന്നും അറിയിക്കുക യുണ്ടായി. |
| 2 | 13/14 | 91 | ടൂറിസം കേന്ദ്രങ്ങളിലെ സുരക്ഷിതത്വം ഉറപ്പാക്കാൻ എന്തു നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുവെന്നറിയിക്കുമോ? | സംസ്ഥാനം സന്ദർശിക്കുന്ന വിനോദസഞ്ചാരികൾക്ക് ആവശ്യമായ സുരക്ഷയും സംരക്ഷണവും അതീവ പ്രാധാന്യത്തോടെ കണക്കാക്കി ഒട്ടേറെ നടപടികൾ വകുപ്പ് സ്വീകരിച്ചു വരുന്നു. ടൂറിസം കേന്ദ്രങ്ങളിലെ സുരക്ഷ വർദ്ധിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് വിനോദസഞ്ചാര കേന്ദ്രങ്ങളിലെ കച്ചവടക്കാർ, ഗൈഡുകൾ എന്നിവർക്കുൾപ്പെടെ തിരിച്ചറിയൽ രേഖകൾ, യൂണിഫോം മുതലായവ നിർബന്ധമാക്കുന്നതിനുള്ള നടപടി കൈക്കൊണ്ടു വരുന്നു. നിലവിൽ 150 സിവിൽ പോലീസ് |

| | | | | |
|---|---|---|---|---|
| | | | | ഓഫീസർമാരും 30 സീനിയർ സിവിൽ പോലീസ് ഓഫീസർമാരും ടൂറിസം പോലീസുകാരായി പോലീസ് വകുപ്പ് മുഖേന സേവനം നടത്തുന്നുണ്ട്. ടൂറിസം പോലീസിന്റെ ശക്തി വർദ്ധിപ്പിക്കുന്നതിനായി, ടൂറിസം പോലീസിന്റെ സേവനം കൂടുതൽ ആവശ്യമായ ഇടങ്ങളിൽ ഉൾപ്പെടുത്തുന്നത് പരിശോധിച്ച് ഇവരുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. ടൂറിസം പോലീസിലെ എല്ലാ ഉദ്യോഗസ്ഥർക്കും ഭാഷാ നൈപുണ്യ ക്ലാസുകൾ, ഓറിയന്റേഷൻ ക്ലാസുകൾ, അവബോധ ക്ലാസുകൾ തുടങ്ങിയവ കിറ്റ്സ് മുഖാന്തിരം നൽകിയിട്ടുണ്ട്.<br><br>വിനോദസഞ്ചാര മേഖലയിലെ സുരക്ഷ ശക്തമാക്കുന്നതിന്റെ ഭാഗമായി പ്രധാന ടൂറിസം കേന്ദ്രങ്ങളിൽ സിസിടിവി ക്യാമറ സംവിധാനവും പ്രകാശ സംവിധാനവും ഏർപ്പെടുത്തിവരുന്നു. പ്രധാന വിനോദസഞ്ചാര കേന്ദ്രങ്ങളിൽ നിരീക്ഷണ ക്യാമറകൾ സ്ഥാപിക്കുന്നതിനുള്ള കാര്യം അതാത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ/ പോലീസ് വകുപ്പ്/വനം വകുപ്പ് അധികാരികളു |

| | | | | |
|---|---|---|---|---|
| | | | | മായി ചേർന്ന് പരിശോധിച്ച് നടപടികൾ സ്വീകരിക്കുന്നതാണ്. ടൂറിസം മേഖലയിൽ അപകടസാധ്യതയുള്ള സാഹചര്യങ്ങളെക്കുറിച്ച് സഞ്ചാരികളെ ബോധവൽക്കരിക്കുന്നതിന് നിലവിലുള്ള സംവിധാനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി പ്രത്യേക നിരീക്ഷണസംവിധാനമൊരുക്കുന്നതിന് എല്ലാ വിനോദസഞ്ചാര കേന്ദ്രങ്ങളുടെയും പരിധിയിൽ വരുന്ന പോലീസ് സ്റ്റേഷനുകൾക്ക് പോലീസ് വകുപ്പ് വഴി നിർദ്ദേശം നൽകിയിട്ടുണ്ട്. പരിശീലനം ലഭിച്ച ടൂറിസം പോലീസിന്റെ സേവനം പ്രധാന ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ ഉറപ്പ് വരുത്തിയിട്ടുണ്ട്. സംസ്ഥാനത്തെ പ്രധാനപ്പെട്ട ബീച്ചുകളിൽ ടൂറിസ്റ്റുകളുടെ സംരക്ഷണം മുൻനിർത്തി പ്രാവീണ്യമുള്ള ലൈഫ് ഗാർഡുകളുടെ സേവനവും ലഭ്യമാക്കിയിട്ടുണ്ട്. അപകട സാധ്യത സൂചിപ്പിച്ച കൊണ്ടുള്ള മുന്നറിയിപ്പ് ബോർഡുകളും ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ സ്ഥാപിച്ചിട്ടുണ്ട്. വകുപ്പിന്റെ ബ്രോഷറുകളിലൂടെയും മറ്റ് വിനിമയ മാധ്യമങ്ങളിലൂടെയും ടൂറിസ്റ്റ് ഫെസിലിറ്റേഷൻ സെന്റർ മുഖാന്തിരവും ഇത്തരം |

| | | | | |
|---|---|---|---|---|
| | | | | സ്ഥലങ്ങളുടെ വിവരങ്ങൾ സംബന്ധിച്ച് ടൂറിസ്റ്റുകളെ ബോധവാൻമാരാക്കുന്നു. ജലയാനങ്ങളിൽ സഞ്ചരിക്കുന്ന വിനോദസഞ്ചാരികൾക്ക് 'Life Jacket' അടക്കമുള്ള സുരക്ഷാ സംവിധാനങ്ങൾ ധരിക്കണമെന്ന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രധാന ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ കേരള സ്റ്റേറ്റ് എക്സ് സർവ്വീസ് മെൻ ഡെവലപ്മെന്റ് ആന്റ് റീഹാബിലിറ്റേഷൻ കോർപ്പറേഷൻ, മറ്റ് സ്വകാര്യ സുരക്ഷാ ഏജൻസികൾ എന്നിവ മുഖാന്തിരവും, ഡി.ടി.പി.സി. മുഖേനയും സെക്യൂരിറ്റി ഗാർഡുകളെ നിയോഗിച്ച് സുരക്ഷാ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.<br><br>കടലോരങ്ങൾ, കായലുകൾ, നദികൾ, തടാകങ്ങൾ, മലനിരകൾ തുടങ്ങിയ വിനോദസഞ്ചാര കേന്ദ്രങ്ങൾ ഉൾപ്പെടുന്നതാണ് കേരളത്തിലെ ടൂറിസം മേഖല. പ്രധാന ബീച്ചുകളിലെല്ലാം തന്നെ പരിശീലനം നേടിയ ലൈഫ് ഗാർഡുകളെ നിയോഗിച്ചിട്ടുണ്ട്. ഇവരുടെ സേവനം നിർദ്ദിഷ്ട സ്ഥലങ്ങളിൽ ഉറപ്പാക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇവരുടെ കഴിവുകൾ |

| | | | | |
|---|---|---|---|---|
| | | | | മെച്ചപ്പെടുത്തുന്നതിന് കൂടുതൽ പരിശീലനം നൽകുന്നതിനോടൊപ്പം ആവശ്യമായ ജീവൻരക്ഷാ ഉപകരണങ്ങൾ നൽകി കൂടുതൽ പേരെ ഇതിനായി വിന്യസിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. കൂടാതെ, ടൂറിസം മേഖലയിലെ അനഭിലഷണീയമായ സംഗതികൾ നിയന്ത്രിച്ച് ഈ മേഖലയെ കാര്യക്ഷമവും ചൂഷണരഹിതവുമാക്കുന്നതിന് കേരള ടൂറിസം റെഗുലേറ്ററി അതോറിറ്റി രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| 3 | 13/14 | 94 | ടൂറിസം പദ്ധതി നടപ്പിലാക്കാൻ വനം വകുപ്പിന്റെ അനുമതിക്കുള്ള കാലതാമസം ഒഴിവാക്കുന്നതിനായി വനം വകുപ്പും ടൂറിസം വകുപ്പും ചേർന്ന് ഒരു സ്ഥിരം ലെയ്സൺ കമ്മിറ്റി രൂപീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; പ്രസ്തുത കമ്മിറ്റി രണ്ടു മാസത്തിലൊരിക്കൽ യോഗം ചേർന്ന് കാലതാമസം ഒഴിവാക്കുന്ന തരത്തിൽ നടപടി സ്വീകരിക്കുമോ; ഇതിനായി ടൂറിസം വകുപ്പ് മുൻകൈ എടുക്കുമോ; ഇക്കാര്യത്തിലുള്ള സർക്കാർ നയം | വിനോദസഞ്ചാര വകുപ്പിൽ, വിവിധ പദ്ധതികൾക്ക് ആവശ്യമായ അനുമതികൾ കാലതാമസം കൂടാതെ ലഭ്യമാക്കുന്നതിനും പദ്ധതികൾക്കായി ഭൂമി ലഭ്യത സംബന്ധിച്ച വിഷയങ്ങളിൽ പരിഹാരം കാണുന്നതിനായും 25-8-2021-ലെ സ. ഉ. (സാധാ.) നം. 251/2021/ ടൂറിസം പ്രകാരം താഴെ പറയുന്നവരെ ഉൾപ്പെടുത്തി ഉന്നതതല സമിതി രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.<br>അഡിഷണൽ ചീഫ് സെക്രട്ടറി. വിനോദ സഞ്ചാര വകുപ്പ് - ചെയർമാൻ<br>സെക്രട്ടറി /പ്രതിനിധി, വനം വകുപ്പ് - അംഗം |

| | | | | |
|---|---|---|---|---|
| | | | വിശദമാക്കുമോ? | സെക്രട്ടറി /പ്രതിനിധി, റവന്യൂ വകുപ്പ് - അംഗം<br>സെക്രട്ടറി/പ്രതിനിധി, തദ്ദേശ സ്വയംഭരണ വകുപ്പ് - അംഗം<br>സെക്രട്ടറി /പ്രതിനിധി, ജലവിഭവ വകുപ്പ് - അംഗം<br>സെക്രട്ടറി/പ്രതിനിധി, പൊതുമരാമത്തു വകുപ്പ് - അംഗം<br>ഡയറക്ടർ. വിനോദ സഞ്ചാര വകുപ്പ് - കൺവീനർ |
| 4 | 13/14 | 95 | ഫോർട്ട് കൊച്ചി പോലുള്ള പൈതൃക മേഖലയിലും കൊച്ചി മുസിരീസ് ബിനാലേ നടക്കുന്ന പ്രദേശവും ഉൾനാടൻ ജലഗതാഗതവും ഹൗസ് ബോട്ട് ടൂറിസവുമായി ബന്ധപ്പെടുത്താൻ കഴിയുന്ന ഒന്നാണ്. അതുകൊണ്ട് ഇതിന്റെ പ്രാധാന്യം കണക്കിലെടുത്ത് ഒരു ഏജൻസിയെ ഏൽപ്പിക്കുകയും ഇതിനാവശ്യമായ സാമ്പത്തിക സൗകര്യങ്ങളും ഇത് യാഥാർത്ഥ്യ മാക്കാൻ വേണ്ടിയുള്ള നടപടികളും സംസ്ഥാന ടൂറിസം വകുപ്പ് കൈക്കൊള്ളണമെന്നാണ് ഈ സബ്മിഷനിലൂടെ അവതരിപ്പിക്കുന്നത്. | ഫോർട്ട് കൊച്ചി മേഖലയിലും കൊച്ചി മുസരിസ് ബിനാലെ നടക്കുന്ന പ്രദേശവും ഉൾപ്പെടുത്തി ആവശ്യമായ ഘട്ടങ്ങളിൽ മുസരീസ് ഹെറിറ്റേജ് പ്രോജക്ട് ലിമിറ്റഡിന്റെ നിയന്ത്രണത്തിൽ ഹോപ്പ് ഓൺ ഹോപ്പ് ഓഫ് ബോട്ട് സർവ്വീസ് ആരംഭിച്ചിട്ടുണ്ട്. |

## XVIII വനം-വന്യജീവി വകുപ്പ്

| ക്രമ നമ്പർ | നിയമസഭാ സമ്മേളനം | ഉറപ്പ് നമ്പർ | സഭയിൽ ഉന്നയിക്കപ്പെട്ട ചോദ്യങ്ങളും ഉറപ്പുകളും | സർക്കാരിൽ നിന്ന് ലഭിച്ച സ്റ്റേറ്റ്മെന്റ് |
|---|---|---|---|---|
| 1 | 13/2 | 48 | വനം വകുപ്പുവക തോട്ടങ്ങളുടെ പാട്ടക്കുടിശ്ശിക തുക പിരിച്ചെടുക്കുവാൻ എന്തു നടപടിയാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത്? | വാഴച്ചാൽ ഡിവിഷനിലെ പെരുമ്പാറ എസ്റ്റേറ്റിന്റെ പാട്ടവാടക ഹെക്ടറിന് 1,300 രൂപയായി ഉയർത്തിയതിനെ തുടർന്ന് 2010-11 മുതൽ എസ്റ്റേറ്റ് അധികാരികൾ പാട്ടവാടക അടയ്ക്കാതിരിക്കുകയും, തുടർന്ന് ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത 8889/13-ാം നമ്പർ റിട്ട് പെറ്റീഷന്മേലുള്ള വിധിന്യായ പ്രകാരം പാട്ടകുടിശ്ശിക 10 തുല്യ തവണകളായി 5-4-13 മുതൽ എല്ലാമാസവും 5-ാം തീയതിക്കു മുമ്പായി അടയ്ക്കുവാൻ ഉത്തരവാകുകയും ചെയ്തു. അതിൻ പ്രകാരം 2013-14 വരെയുള്ള കുടിശ്ശിക തുകയായ 1,98,311 രൂപയിൽ 9 ഗഡുക്കളുടെ തുകയായ 1,78,479 രൂപ അടച്ചിട്ടുണ്ട്. 10-ാം ഗഡുവായ 19,832 രൂപയുടെ ചെലാൻ മാനേജിംഗ് പാർട്ട്ണർക്ക് നൽകിയിട്ടുമുണ്ട്.<br><br>ചാലക്കുടി ഡിവിഷനിൽ ഹാരിസൺ മലയാളം ലിമിറ്റഡ് കമ്പനിക്ക് പാട്ടത്തിനു നൽകിയ 2431.29 ഹെക്ടർ വനഭൂമിയിൽ സർക്കാർ ഏറ്റെടുക്കുന്നതിന് ഉത്തരവായതും ബഹു. കോടതിയുടെ സ്റ്റേ |

| | | | | |
|---|---|---|---|---|
| | | | | ഉള്ളതിനാൽ തിരിച്ചെടുക്കാൻ പറ്റാതിരിക്കുന്നതുമായ 1959.197 ഹെക്ടർ സ്ഥലം ഒഴിച്ചുള്ള സ്ഥലത്തിന്റെ 2008-09 മുതൽ 2010-11 വർഷം വരെയുള്ള പാട്ടകുടിശ്ശികയായ 17,34,858 രൂപ 10-11-2010-ലും സർക്കാർ ഏറ്റെടുക്കാൻ ഉത്തരവായിട്ടുള്ള 1959.197 ഹെക്ടർ സ്ഥലത്തിന്റെ 2010-11, 2011-12 വർഷങ്ങളിലെ പാട്ടകുടിശ്ശികയായ 50,93,912 രൂപ 8-12-2011 -ലും അടച്ചിട്ടുണ്ട്. കൂടാതെ സർക്കാർ ഏറ്റെടുക്കാൻ ഉത്തരവായ 1959.197 ഹെക്ടർ ഉൾപ്പെടെ 2431.29 ഹെക്ടർ സ്ഥലത്തിന്റെ 2012-13, 2013-14 വർഷത്തെ പാട്ടവാടകയായ 31,60,677 രൂപ 30-3-2013 -ൽ അടച്ചിട്ടുമുണ്ട്. |
| 2 | 13/5 | 120 | വംശനാശം സംഭവിച്ചുകൊണ്ടിരിക്കുന്ന വൃക്ഷസസ്യാദികളുടെ സംരക്ഷണത്തിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | സ്വാഭാവിക ആവാസവ്യവസ്ഥ തിരിച്ചറിഞ്ഞ് വംശനാശം സംഭവിച്ച് കൊണ്ടിരിക്കുന്ന വൃക്ഷസസ്യാദികളെ സംരക്ഷിക്കാനും പരിപോഷിപ്പിക്കാനും കഴിഞ്ഞ കാലയളവിൽ KFRI, IFK, IFGTB, JNTBGRI, IWST എന്നീ ഗവേഷണ സ്ഥാപനങ്ങളുമായി ചേർന്ന് നടപ്പിലാക്കിയ വിവിധ പ്രോജക്ടുകൾ അനുബന്ധമായി ചേർക്കുന്നു.<br><br>വൃക്ഷസസ്യാദികളുടെ സംരക്ഷണത്തിനായി സാമൂഹിക വനവൽക്കരണ വിഭാഗം താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നു: |

| | | | | |
|---|---|---|---|---|
| | | | | <u>കുട്ടിവനം</u><br><br>ഈ പദ്ധതി പ്രകാരം ലഭ്യമായ സ്വകാര്യഭൂമികളിലും പൊതുസ്ഥലങ്ങളിലും ചെറുവനങ്ങൾ സൃഷ്ടിക്കുന്നതിനായാണ് ലക്ഷ്യമിട്ടിരിക്കുന്നത്. ഇലഞ്ഞി, അശോകം, ചമ്പകം, ഞാവൽ, മഹാഗണി, തേക്ക്, കാഞ്ഞിരം എന്നീ വൃക്ഷത്തൈകളാണ് ടി പദ്ധതിപ്രകാരം നട്ടുപിടിപ്പിക്കുന്നതിനായി വിതരണം ചെയ്യുന്നത്. നാളിതുവരെ സംസ്ഥാനത്ത് 1380 കുട്ടിവനങ്ങൾ സ്ഥാപിച്ചിട്ടുണ്ട്.<br><br><u>ഹെർബൽ ഗാർഡൻ</u><br><br>അന്യം നിന്നുപോകുന്ന ആയുർവ്വേദ പാരമ്പര്യത്തെ പുനസ്ഥാപിക്കുന്നതിനും വംശനാശ ഭീഷണി നേരിടുന്ന അപൂർവ്വ ഔഷധ സസ്യങ്ങളെ പുതുതലമുറയ്ക്ക് പരിചയപ്പെടുത്തുന്നതിനുമായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണിത്. നാളിതുവരെ സംസ്ഥാനത്ത് 455 ഹെർബൽ ഗാർഡനുകൾ സ്ഥാപിച്ചിട്ടുള്ളതാണ്.<br><br><u>നക്ഷത്രവനം</u><br><br>അശ്വതി മുതൽ രേവതി വരെയുള്ള 27 ജന്മനക്ഷത്രങ്ങളെ പ്രതിനിധീകരിക്കുന്ന വൃക്ഷങ്ങൾ നട്ടുവളർത്തി സംരക്ഷിക്കുന്നതിനു വേണ്ടിയുള്ള പദ്ധതിയാണ് ഇത്. ഇത് വരും തലമുറയ്ക്ക് |

| | | | | |
|---|---|---|---|---|
| | | | | പരിചയപ്പെടുത്തി സംരഷണം സാദ്ധ്യമാക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. നാളിതുവരെ സംസ്ഥാനത്ത് 990 നക്ഷത്രവനങ്ങൾ സ്ഥാപിച്ചിട്ടുണ്ട്.<br><br>കാവുകൾക്കുള്ള ധനസഹായ പദ്ധതി<br><br>വനത്തിനുപുറത്തുള്ള ജൈവവൈവിധ്യ സംരക്ഷണം പരിപോഷിപ്പിക്കുന്നതിലേക്കായി ഓരോ ജില്ലയിലും തെരഞ്ഞെടുക്കപ്പെടുന്ന കാവുകൾക്ക് സാമ്പത്തിക സഹായം നൽകിവരുന്നുണ്ട്. കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തി കോട്ടയം, ആലപ്പുഴ ജില്ലകളിലെ കാവുകൾക്ക് ധനസഹായം നൽകുന്നതുകൂടാതെ കൺസർവേഷൻ ഓഫ് ബയോഡൈവേഴ്സിറ്റി സ്കീമിൽ ഉൾപ്പെടുത്തി സംസ്ഥാനത്തെ എല്ലാ ജില്ലകളിലേയും 5 വീതം കാവുകൾക്കെങ്കിലും ധനസഹായം നൽകുന്ന പദ്ധതിയും നിലവിലുണ്ട്.<br><br>സ്വകാര്യഭൂമിയിൽ വൃക്ഷത്തൈകൾ വച്ചുപിടിപ്പിക്കുന്നവർക്ക് പ്രോത്സാഹന ധനസഹായം നൽകുന്ന പദ്ധതി 17-2-2012 - ലെ ജി.ഒ. (ആർ.റ്റി.) നമ്പർ 90/12/വനം 29-9-2012-ലെ ജി.ഒ. (ആർ.റ്റി) 486/12/വനം എന്നിവ പ്രകാരമാണ് ഈ പദ്ധതി നടപ്പിലാക്കി വരുന്നത്. തേക്ക്, ചന്ദനം, മഹാഗണി, ആഞ്ഞിലി, പ്ലാവ്, ഈട്ടി, കമ്പകം, കുമ്പിൾ, |

| | | | | |
|---|---|---|---|---|
| | | | | കുന്നിവാക, തേമ്പാവ് എന്നീ പത്തിനം വൃക്ഷത്തൈകൾ നട്ടുപരിപാലിക്കുന്നവർക്ക് വൃക്ഷത്തൈ ഒന്നിന് 30 രൂപ മുതൽ 50 രൂപാവരെ പ്രോത്സാഹന ധനസഹായം ഈ പദ്ധതിയിലൂടെ കർഷകർക്ക് നൽകുന്നു.<br><br>സിറ്റിസൺ കൺസർവേറ്റർ പ്രോഗ്രാം ജൈവവൈവിധ്യ സംരക്ഷണ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന വിവിധ വ്യക്തികളെയും സംഘടനകളെയും കണ്ടെത്തി അവരെ പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി രൂപീകരിച്ചിട്ടുള്ള ഒരു പദ്ധതിയാണിത്. സംരക്ഷണ പ്രവർത്തനങ്ങളെ കുറിച്ചുള്ള അവബോധം പൊതുജനങ്ങളിലേയ്ക്ക് എത്തിക്കുന്നതിനും വനം വകുപ്പിന് ആവശ്യമായ വിവരങ്ങൾ നൽകുന്നതിനും സിറ്റിസൺ കൺസർവേറ്റർമാരുടെ പ്രവർത്തനങ്ങളെ ഉപയോഗ പ്പെടുത്താവുന്നതാണ്. നാളിതുവരെ 351 സിറ്റിസൺ കൺസർവേറ്റർമാരെ ഇതിനായി തെരഞ്ഞെടുത്തിട്ടുണ്ട്.<br><br><u>വനദീപ്തി പദ്ധതി</u><br><br>നിലവിൽ അക്കേഷ്യ, മാഞ്ചിയം, യൂക്കാലിപ്റ്റസ് എന്നീ വിദേശീയ വൃക്ഷങ്ങളുള്ള തോട്ടങ്ങൾ മുറിച്ചുമാറ്റുമ്പോൾ ടി വനപ്രദേശത്ത് തദ്ദേശീയ ഫല-ഔഷധ-വിവിധയിനം വൃക്ഷങ്ങൾ നട്ടുപിടിപ്പിച്ച് പരിപാലിക്കുന്ന പദ്ധതിയാണ്. |

| | | | | |
|---|---|---|---|---|
| | | | | <u>വനദീപ്തി പദ്ധതി</u><br><br>കൊല്ലം ജില്ലയിലെ പുനലൂർ ഡിവിഷനിൽപ്പെട്ട പത്തുപറ എന്ന സ്ഥലത്തെ 5 ഹെക്ടർ വനപ്രദേശത്തും, തിരുവനന്തപുരം ജില്ലയിലെ തിരുവനന്തപുരം ഡിവിഷനിൽപ്പെട്ട ഇളംബ്രക്കോട് എന്ന സ്ഥലത്തെ 20 ഹെക്ടർ വനപപ്രദേശത്തും പൈലറ്റ് അടിസ്ഥാനത്തിൽ വനദീപ്തി പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ടി സ്ഥലങ്ങളിലെ അക്കേഷ്യ തോട്ടങ്ങൾ മുറിച്ചുനീക്കിയശേഷം വനദീപ്തി പദ്ധതിയിൽ ഉൾപ്പെടുത്തി ഞാവൽ, മാവ്, പ്ലാവ് ,അമ്പഴം, ആഞ്ഞിലി, പേര, അത്തി, പുളി, നെല്ലി തുടങ്ങിയ ഫലവൃക്ഷങ്ങളും, കണിക്കൊന്ന, മരുത്, മണിമരുത്, ചമത, മന്ദാരം, ചെമ്പകം തുടങ്ങിയ പുഷ്പിക്കുന്ന വൃക്ഷങ്ങളും, തടിക്കനുയോജ്യമായ തേക്ക്, ഈട്ടി, മഹാഗണി, പൂവരശ്, കമ്പകം, കരിമരുത്, വെള്ളകിൽ തുടങ്ങിയവയും ഔഷധ ഇനത്തിൽപ്പെട്ട കാഞ്ഞിരം, കുമ്പിൾ, വേപ്പ്, കുടംപുളി, ചന്ദനം, ഉങ്ങ്, ആൽ, രക്തചന്ദനം, കൂവളം, താന്നി, അശോകം, പതിമുഖം തുടങ്ങിയവയും, ഇവ കൂടാതെ മുള, ഈറ, ചൂരൽ എന്നിവയും നട്ടുപിടിപ്പിച്ചിട്ടുണ്ട്.<br><br>വംശനാശ ഭീഷണി നേരിടുന്ന അപൂർവ്വയിനം |

| | | | | |
|---|---|---|---|---|
| | | | | വൃക്ഷങ്ങളുടെ ഗണത്തിൽപ്പെടുന്ന അകിൽ (Dysoxylum Malabaricum) കൂടാതെ ആപൂർവ്വ ഔഷധസസ്യഗണത്തിൽപ്പെടുന്ന മരമഞ്ഞൾ (Coscinium fenestratum) എന്നിവയുടെ സ്വഭാവിക ഉറവിട വനങ്ങളെ സംരക്ഷിക്കുന്നതിനും പീച്ചി കേരള വന ഗവേഷണ സ്ഥാപനത്തിന്റെ സഹായത്തോടെ പ്രത്യേക നഴ്സറികൾ തയ്യാറാക്കി അവയുടെ സ്വാഭാവിക ആവാസ വ്യവസ്ഥയിൽ നട്ടുപിടിപ്പിക്കുന്നതിനുള്ള പദ്ധതി വാഴച്ചാൽ ഡിവിഷനിൽ നടപ്പിലാക്കിയിട്ടുണ്ട്. അപൂർവ്വ ഔഷധ സസ്യങ്ങളുടെ സ്വാഭാവിക ആവാസം സംരക്ഷിക്കുന്നതിനും ഗവേഷണ സ്ഥാപനങ്ങളുടെ പിന്തുണയോടെ സർവ്വേ നടത്തി ദീർഘകാല സംരക്ഷണത്തിനായി MPCA ( Medicinal Plants Conservation Area) വേർതിരിച്ച് സസ്യങ്ങൾക്ക് പ്രത്യേക സംരക്ഷണവും പരിപാലനവും നടത്തി വരുന്നു.<br><br>കൂടാതെ കേരളത്തിലെ പ്രധാന നദികളുടെ തീരസംരക്ഷണത്തിനായി മുള, രാമച്ചം തുടങ്ങിയവ നട്ടുപിടിപ്പിക്കുന്ന രീതി സമൂഹ്യവനവൽക്കരണ വിഭാഗം ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. |

| | | | | |
|---|---|---|---|---|
| 3 | 14/4 | 56 | കണ്ണൂർ ജില്ലയിലെ കണ്ടൽകാടുകളെ സംരക്ഷിക്കുന്നതിനും ടൂറിസ്റ്റുകളെ കൂടുതൽ ആകർഷിക്കുന്നതിനും ഇതിനെക്കുറിച്ച് പഠനം നടത്തുന്നതിനും എന്തെങ്കിലും പദ്ധതി ആവിഷ്ക്കരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ? | കണ്ണൂർ ജില്ലയിൽ 237.015 ഹെക്ടർ കണ്ടൽവനം റിസർവ് വനമായി വിജ്ഞാപനം ചെയ്തിട്ടുണ്ട്. ഗ്രീൻ ഇന്ത്യമിഷന്റെ Restoration of Mangroves പദ്ധതിയുടെ ഭാഗമായി പൊതുജനങ്ങളുടെ പങ്കാളിത്തത്തോടുകൂടി ടി കണ്ടൽ പ്രദേശങ്ങൾ സംരക്ഷിക്കുന്നതിനായി കണ്ണൂർ ഡിവിഷന് കീഴിലെ തളിപ്പറമ്പ് റെയിഞ്ചിന് കീഴിൽ വരുന്നതും നോട്ടിഫൈ ചെയ്ത് റിസർവ് വനമായി പ്രഖ്യാപിച്ചിരിക്കുന്നതുമായ കണ്ടൽ പ്രദേശങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് കുഞ്ഞിമംഗലം ഗ്രാമ പഞ്ചായത്തിലെ മൂശാരി കൊവ്വൽ കേന്ദ്രീകരിച്ച് ഒരു കണ്ടൽ വനസംരക്ഷണ സമിതി രൂപീകരിക്കാൻ തീരുമാനിക്കുകയും ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്, വിവിധ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ ചെയർമാൻമാർ, വാർഡ് മെമ്പർമാർ പരിസ്ഥിതിപ്രവർത്തകർ വിവിധ രാഷ്ട്രീയ പ്രവർത്തകർ എന്നിവർ ഉൾപ്പെടെ 49 പേർ പങ്കെടുത്ത രൂപീകരണയോഗം 12-6-2016 -ന് കുഞ്ഞിമംഗലം ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന് കുഞ്ഞിമംഗലം തീരദേശ കണ്ടൽ സമിതി എന്ന പേര് അംഗീകരിക്കുകയും 9 പേരെ ഉൾപ്പെടുത്തി താൽക്കാലിക കമ്മിറ്റി രൂപീകരിക്കുകയും ചെയ്തു. ടി യോഗത്തിൽ 62 പേർ |

| | | | | |
|---|---|---|---|---|
| | | | | പങ്കെടുക്കുകയുണ്ടായി. ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, എഫ്.ഡി.എ, കണ്ണൂർ മേൽ സമിതിക്ക് അംഗീകാരം നൽകി പ്രവർത്തന നിർദ്ദേശം നൽകിയിരുന്നു. സമിതി സമർപ്പിച്ച സൂക്ഷ്മാസൂത്രണരേഖയ്ക്ക് ചെയർമാൻ, എഫ്.ഡി.എ, കണ്ണൂർ & ചീഫ് കൺസർവേറ്റർ നോർത്തേൺ സർക്കിൾ, കണ്ണൂർ അംഗീകാരം നൽകി 15-8-2017, 9-10-2017 എന്നീ തീയതികളിൽ എക്സിക്യൂട്ടീവ് കമ്മിറ്റി യോഗം ചേരുകയുണ്ടായി. ടി സമിതിയ്ക്ക് പി.ആർ.എ. ആവശ്യത്തിനായി 14,782 രൂപ നൽകുകയുണ്ടായിട്ടുണ്ട്. കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ സമിതി യോഗം വിളിച്ചു കൂട്ടുന്നതിനും സമിതി പുനരുജ്ജീവിപ്പിക്കുന്നതിനും സാധിക്കാതെ വരുകയും കോവിഡ് മഹാമാരി സംബന്ധിച്ച നിയന്ത്രണങ്ങളിൽ ഇളവ് വരുത്തിയ സാഹചര്യത്തിൽ പൊതുജന പങ്കാളിത്തത്തോടെ മേൽ സമിതി പുനരുജ്ജീവിപ്പിക്കുന്നതിന് കുഞ്ഞിമംഗലം തീരദേശ കണ്ടൽവന സംരക്ഷണ സമിതിയുടെ ജനറൽ ബോഡി യോഗം 4-10-2022- ന് നടത്തുകയും ടി യോഗത്തിൽ 36 പേർ പങ്കെടുക്കുകയും ചെയ്തു. ടി യോഗത്തിൽ കണ്ടൽ പ്രദേശങ്ങളെ കൂട്ടിയിണക്കികൊണ്ടുള്ള ടൂറിസം |

| | | | | |
|---|---|---|---|---|
| | | | | സാദ്ധ്യതകൾ ചർച്ച ചെയ്യുകയുണ്ടായി. കണ്ടൽ വി.എസ്.എസ്. അംഗങ്ങൾക്ക് തിരിച്ചറിയൽ കാർഡ് നൽകുന്നതിന് പ്രതിമാസ യോഗം ചേരുന്നതിനും പ്രസ്തുത യോഗത്തിൽ തീരുമാനമെടുത്തു. പ്രസ്തുത യോഗത്തിൽ 11 അംഗ കമ്മിറ്റിയ്ക്ക് രൂപം നൽകുകയും വി.എസ്.എസ്.-ന്റെ സെക്രട്ടറിയായി ബന്ധപ്പെട്ട സെക്ഷൻ ഫോറസ്റ്റ് ഓഫീസറെ നിയമിച്ച് ഭാവി പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും പുരോഗതി വിലയിരുത്തുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്. |



## XIX. ഊർജ്ജ വകുപ്പ്

| ക്രമ നമ്പർ | നിയമസഭാ സമ്മേളനം | ഉറപ്പ് നമ്പർ | സഭയിൽ ഉന്നയിക്കപ്പെട്ട ചോദ്യങ്ങളും ഉറപ്പുകളും | സർക്കാരിൽ നിന്ന് ലഭിച്ച സ്റ്റേറ്റ്മെന്റ് |
|---|---|---|---|---|
| 1 | 13/8 | 25 | സ്ട്രീറ്റ് ലൈറ്റുകൾ സോളാർ ലൈറ്റാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | പാലാ മുനിസിപ്പാലിറ്റിയും പ്രാന്തപ്രദേശങ്ങളിലും പാലാ എം. എൽ. എ. യുടെ LAC-ADS ഫണ്ടുപയോഗിച്ച് സോളാർ സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കുന്നതിന് 1.25 കോടി രൂപയുടെ വിശദമായ ഒരു എസ്റ്റിമേറ്റ് സമർപ്പിച്ചിരുന്നതു പ്രകാരം 22-4-2017-ൽ പദ്ധതിയ്ക്കായി ഗവൺമെന്റ് അനുമതി നല്കിയിരുന്നു (22-4-2017-ലെ സ.ഉ (ആർ.റ്റി.) |

| | | | | |
|---|---|---|---|---|
| | | | | നം.155/2017/ഊ.വ.). പ്രസ്തുത പദ്ധതിയുടെ തുടർ നടപടികൾക്കായി തുക ലഭ്യമാക്കുന്നതിനുള്ള അനുമതിക്കുവേണ്ടി 3-8-2017-ൽ സർക്കാരിൽ അപേക്ഷിച്ചിരുന്നുവെങ്കിലും 9-1-2018-ൽ പാലാ എം. എൽ. എ.- യുടെ അധ്യക്ഷതയിൽ കൂടിയ യോഗത്തിൽ പ്രസ്തുത പദ്ധതി പ്രായോഗിക മല്ലാത്തതിനാലും സോളാർ പാനലുകളുടെ അറ്റകുറ്റപ്പണികൾ സംബന്ധിച്ച് നഗരസഭയ്ക്കുള്ള ബുദ്ധിമുട്ടുകൾ പരിഗണിച്ചും ഈ പദ്ധതി നടപ്പാക്കേണ്ടതില്ലായെന്നും ഇതിനുവേണ്ടി ഉദ്ദേശിച്ചിരുന്ന ഫണ്ട് മേലുകാവ് പഞ്ചായത്തിലെ ചില പദ്ധതികൾക്കായി മാറ്റിയതായും എം. എൽ. എ. അറിയിച്ചു. ആയതിനാൽ ഈ പദ്ധതിയുമായി മുന്നോട്ട് പോകേണ്ടതില്ലായെന്ന് തീരുമാനിക്കുകയും ചെയ്തു |
| 2 | 13/14 | 77 | കാസർഗോഡ് ജില്ലയിൽ സമ്പൂർണ്ണ വൈദ്യുതീകരണം നടപ്പിലാക്കാത്ത നിയോജക മണ്ഡലങ്ങളിൽ പദ്ധതി നടപ്പിലാക്കുന്നതിന് ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ അറിയിക്കുമോ? | കേന്ദ്രാവിഷ്കൃത പദ്ധതിയായ ദീൻദയാൽ ഉപാദ്ധ്യായ ഗ്രാമജ്യോതി യോജന പ്രകാരം കാസർഗോഡ് ജില്ലയിൽ 4619 ബി. പി. എൽ. വീടുകൾക്ക് വൈദ്യുതി കണക്ഷൻ നൽകുന്നതിനും, അനുബന്ധ പ്രവൃത്തികൾക്കും, മറ്റു പ്രവൃത്തികൾക്കും ഉൾപ്പെടെ 2600.6 ലക്ഷം രൂപയുടെ പ്രോജക്റ്റ് റിപ്പോർട്ട് കേന്ദ്ര സർക്കാരിന്റെ അനുമതിക്കുവേണ്ടി, പദ്ധതിയുടെ നോഡൽ ഏജൻസിയായ റൂറൽ ഇലക്ട്രിഫിക്കേഷൻ കോർപ്പറേഷന് സമർപ്പിച്ചിരുന്നു. എന്നാൽ കേന്ദ്ര |

| | | | | |
|---|---|---|---|---|
| | | | | സർക്കാരിന്റെ മോണിറ്ററിംഗ് കമ്മിറ്റി 10-12-2015-ൽ 938 ലക്ഷം രൂപയുള്ള പ്രവൃത്തികൾക്കാണ് അനുമതി നൽകിയത്. ഇതിൽ 995 ബി. പി. എൽ. വീടുകൾ വൈദ്യുതീകരിക്കുന്നതും അനുബന്ധ പ്രവൃത്തികളും, മറ്റു പ്രവൃത്തികളും ഉൾപ്പെടുത്തിയിട്ടുണ്ട്. പദ്ധതി പ്രവൃത്തികൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു കഴിഞ്ഞു. |
| 3 | 14/2 | 48 | സംസ്ഥാനത്ത് മുടങ്ങിക്കിടക്കുന്ന ജല വൈദ്യുത പദ്ധതികൾ ഏതൊക്കെയെന്ന് വ്യക്തമാക്കുമോ;<br><br>ഈ പദ്ധതികളുടെ പ്രവൃത്തികൾ പുനരാരം ഭിക്കുന്നതിന് എന്തൊക്കെ നടപടികൾ കൈക്കൊള്ളാൻ ഉദ്ദേശിക്കുന്നുവെന്ന് വിശദമാക്കുമോ? | (എ) സംസ്ഥാനത്ത് മുടങ്ങിക്കിടക്കുന്ന ജലവൈദ്യുത പദ്ധതികൾ താഴെ പറയുന്നവയാണ്:<br><br>(1) പള്ളിവാസൽ എക്സ്റ്റൻഷൻ സ്കീം (60 മെഗാവാട്ട്)<br><br>(2) തോട്ടിയാർ ജലവൈദ്യുത പദ്ധതി (40 മെഗാവാട്ട്)<br><br>(3) ചാത്തൻകോട്ടുനട സ്റ്റേജ് II ചെറുകിട ജലവൈദ്യുത പദ്ധതി (6 മെഗാവാട്ട്)<br><br>(ബി) മുടങ്ങികിടക്കുന്ന ശേഷിക്കുന്ന ജോലികൾക്ക് സാങ്കേതികവും കരാർ പ്രകാരവും ഉള്ള തടസ്സങ്ങൾ ഒഴിവാക്കി പ്രവൃത്തികൾ മൂന്ന് മാസത്തിനകം പുനരാരംഭിക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. |

## XX. സഹകരണ വകുപ്പ്

| ക്രമ നമ്പർ | നിയമസഭാ സമ്മേളനം | ഉറപ്പ് നമ്പർ | സഭയിൽ ഉന്നയിക്കപ്പെട്ട ചോദ്യങ്ങളും ഉറപ്പുകളും | സർക്കാരിൽ നിന്ന് ലഭിച്ച സ്റ്റേറ്റ്മെന്റ് |
|---|---|---|---|---|
| 1 | 13/4 | 61 | സഹകരണ സ്ഥാപനങ്ങളിൽ നിന്ന് വായ്പയെടുക്കുന്ന എൻഡോസൾഫാൻ ദുരിതബാധിതരെ സഹായിക്കാൻ നടപടി തുടങ്ങിയിട്ടുണ്ടോ ? | കാസർഗോഡ് ജില്ലയിലെ എൻഡോസൾഫാൻ ദുരിത ബാധിതർക്ക് കടാശ്വാസം നൽകുന്നത് സംബന്ധിച്ച് 10-10-2014-ലെ സ.ഉ. (എം.എസ്.) 298/14/ആ.കു.വ. പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്. |
| 2 | 14/1 | 6 | സഹകരണ സ്ഥാപനങ്ങൾക്ക് ഉണർവ് പകരാനുതകുന്ന എന്തെങ്കിലും പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശങ്ങൾ അറിയിക്കുമോ? | 1. നിലവിലുള്ള പട്ടികജാതി/പട്ടികവർഗ്ഗ വനിതാ മാർക്കറ്റിംഗ് സഹകരണ സംഘങ്ങളെ ശക്തിപ്പെടുത്തുന്നതാണ്.<br><br>സംസ്ഥാനത്തെ നിലവിലുള്ള പട്ടികജാതി/ പട്ടികവർഗ്ഗ സഹകരണ സംഘങ്ങളെ ശക്തിപ്പെടുത്തുന്നതിനായി 2016-17 പദ്ധതി വർഷത്തിൽ പുനരുദ്ധാരണത്തിനുള്ള ധന സഹായമായി 39 സംഘങ്ങൾക്കായി 158 ലക്ഷം രൂപയും, കെട്ടിട ഗ്രാന്റ് ഇനത്തിൽ 32 സംഘങ്ങൾക്കായി 93.83 ലക്ഷം രൂപയും പ്രവർത്തന മൂലധന ഗ്രാന്റിനത്തിൽ 67 സംഘങ്ങൾക്കായി 134 ലക്ഷം രൂപയും സ്പെഷ്യൽ സ്കീം (സബ്സിഡി) ഇനത്തിൽ 4 |

| | | | | |
|---|---|---|---|---|
| | | | | സംഘങ്ങൾക്കായി 135.31 ലക്ഷം രൂപയും, കമ്പ്യൂട്ടർ സെന്റർ നടത്തിപ്പിനായി 2 സംഘങ്ങൾക്കായി 10 ലക്ഷം രൂപയും, മാനേജീരിയൽ സബ്സിഡി ഇനത്തിൽ 133 സംഘങ്ങൾക്കായി 61.74 ലക്ഷം രൂപയും, ഓഹരി-മൂലധന സഹായം ഇനത്തിൽ 42 സംഘങ്ങൾക്കായി 110.12 ലക്ഷം രൂപയും നൽകിയിട്ടുണ്ട്. കൂടാതെ കേരള സംസ്ഥാന പട്ടികജാതി/പട്ടികവർഗ്ഗ വികസന സഹകരണ ഫെഡറേഷന് സബ്സിഡി ഇനത്തിൽ 364.79 ലക്ഷം രൂപയും നൽകിയിട്ടുണ്ട്.<br><br>2017-18 പദ്ധതി വർഷത്തിൽ പുനരുദ്ധാരണത്തിനുള്ള ധനസഹായമായി 12 സംഘങ്ങൾക്കായി 57 ലക്ഷം രൂപയും, കെട്ടിട ഗ്രാന്റ് ഇനത്തിൽ 30 സംഘങ്ങൾക്കായി 105.40 ലക്ഷം രൂപയും, പ്രവർത്തന മൂലധന ഗ്രാന്റിനത്തിൽ 63 സംഘങ്ങൾക്കായി 126 ലക്ഷം രൂപയും സ്പെഷ്യൽ സ്കീം (സബ്സിഡി) ഇനത്തിൽ 14 സംഘങ്ങൾക്കായി 343.70 ലക്ഷം രൂപയും, കമ്പ്യൂട്ടർ സെന്റർ നടത്തിപ്പിനായി 8 സംഘങ്ങൾക്കായി 40 ലക്ഷം രൂപയും, മാനേജീരിയൽ സബ്സിഡി ഇനത്തിൽ 38 സംഘങ്ങൾക്കായി 15.12 ലക്ഷം രൂപയും, ഓഹരി-മൂലധന സഹായം ഇനത്തിൽ 23 |

| | | | | |
|---|---|---|---|---|
| | | | | സംഘങ്ങൾക്കായി 61.43 ലക്ഷം രൂപയും നൽകിയിട്ടുണ്ട്. കൂടാതെ കേരള സംസ്ഥാന പട്ടികജാതി/പട്ടികവർഗ്ഗ വികസന സഹകരണ ഫെഡറേഷന് സബ്സിഡി ഇനത്തിൽ 135 ലക്ഷം രൂപയും ഓഹരിയിനത്തിൽ 110.77 ലക്ഷം രൂപയും നൽകിയിട്ടുണ്ട്.<br><br>2. ജൈവ പച്ചക്കറി കൃഷി പദ്ധതിയുടെ ഭാഗമായ 'സുവർണ്ണം' ഷോപ്പുകൾ ആരംഭിക്കും.<br><br>2017-18 സാമ്പത്തിക വർഷം, കർഷക സേവന കേന്ദ്രം പദ്ധതികളോടനുബന്ധിച്ച് സുവർണം സ്റ്റോറുകൾ ആരംഭിക്കുന്നതിലേയ്ക്കായി വകയിരുത്തി സഹകരണ സംഘം രജിസ്ട്രാറുടെ STSB 172 നമ്പർ ട്രഷറി അക്കൗണ്ടിൽ നിക്ഷേപിച്ചിരുന്ന തുകയായ 50 ലക്ഷം രൂപ സംഘം/ബാങ്കുകൾ യഥാസമയം പ്രൊപ്പോസലുകൾ സമർപ്പിക്കാത്തതിനാൽ പ്രസ്തുത ഇനത്തിൽ തുക അനുവദിച്ചു നൽകുവാൻ കഴിഞ്ഞിട്ടില്ലാത്തതാണ്. തുടർന്ന് 2018-19 സാമ്പത്തിക വർഷവും കർഷക സേവന കേന്ദ്രം പദ്ധതികൾക്കായി അനുവദിച്ചിരുന്ന 450 ലക്ഷം രൂപയിൽ സുവർണം സ്റ്റോറുകൾ ആരംഭിക്കുന്ന തിനായി 44 ലക്ഷം രൂപ വകയിരുത്തിയി രുന്നുവെങ്കിലും പുതിയതായി ഏഴ് |

| | | | | |
|---|---|---|---|---|
| | | | | കർഷക സേവന കേന്ദ്രങ്ങൾ തുടങ്ങുന്നതിന് ഒഴികെയുള്ള ബാക്കി തുകയായ 270 ലക്ഷം രൂപ പ്രളയ ദുരിതാശ്വാസത്തിനായി സറണ്ടർ ചെയ്യേണ്ടി വന്നതിനാൽ മേൽപ്രകാരം സുവർണം പദ്ധതി ഇതുവരെ നടപ്പിലാക്കാനായിട്ടില്ല.<br><br>3. റബ്ബർമാർക്കിന്റെ ഉൽപ്പന്നങ്ങളുടെ വൈവിദ്ധ്യ വൽക്കരണത്തിനും നിലവിൽ ഉള്ള ഉൽപ്പന്നങ്ങളുടെ ഉൽപാദനം വർദ്ധിപ്പിക്കുന്നതിനും നടപടി സ്വീകരിക്കും.<br><br>കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് റബ്ബർ മാർക്കറ്റിംഗ് ഫെഡറേഷൻ (റബ്ബർമാർക്ക്), കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് മാർക്കറ്റിംഗ് ഫെഡറേഷൻ (മാർക്കറ്റ്ഫെഡ്) ഇവ മാർക്കറ്റിംഗ് സംഘങ്ങളുടെ അപ്പക്സ് സ്ഥാപനമായി പ്രവർത്തിച്ചുവരുന്നു.<br><br>റബ്ബർമാർക്കറ്റിംഗ് ഫെഡറേഷന്റെ വ്യാപാര പ്രവർത്തനങ്ങൾ വൈവിദ്ധ്യവൽക്കരിച്ച് വിപുലീ കരിക്കുന്നതിന്റെ ഭാഗമായി ബലൂൺ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനാവശ്യമായ ഒരു രണ്ടാംനിര ഡിപ്പിംഗ് മെഷീൻ ഫെഡറേഷന്റെ അനുബന്ധ സ്ഥാപനമായ റൂബക് ബലൂൺ കമ്പനിയുടെ കീഴിൽ കമ്പനിയുടെ സ്വന്തം പ്രവർത്തന മൂലധനത്തിൽ നിന്നും ചെലവ് ചെയ്ത് സ്ഥാപിക്കുന്നതിന് |

| | | | | |
|---|---|---|---|---|
| | | | | ആവശ്യമായ നടപടികൾ സ്വീകരിച്ച് വരുന്നു. കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്കിലെ റബ്ബർമാർക്കിന്റെ വായ്പാ കുടിശ്ശിക ക്രമപ്പെടുത്തുന്നതിനായി 41.39 കോടി രൂപ സർക്കാരിന്റെ 31-12-2018-ലെ G.O.(Rt.) No.728/ 2018/Co-op നമ്പർ ഉത്തരവ് പ്രകാരം അനുവദിച്ചിട്ടുണ്ട്.<br><br>4. അപ്പക്സ് ഫെഡറേഷനുകളെ ശക്തിപ്പെടുത്തും.<br><br>ടൂറിസം സംഘങ്ങളുടെ അപ്പക്സ് ഫെഡറേഷൻ എന്ന നിലയിൽ പ്രവർത്തിക്കുന്ന ടൂർഫെഡിനെ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി കൊല്ലം ജില്ലയിൽ സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്ന മിനിയേച്ചർ റെയിൽവേ പ്രോജക്റ്റിന് അംഗീകാരം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.<br><br>കൺസ്യൂമർഫെഡിൽ അഴിമതി അവസാനിപ്പിച്ച് ജനോപകാരപ്രദമാക്കി മാറ്റുന്നതിന്റെ ഭാഗമായി 3 അംഗ അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയെ ഭരണ നിർവ്വഹണത്തിനായി നിയമിച്ചു. സഹകരണ നിയമം വകുപ്പ് 65 പ്രകാരം നടത്തിയിരുന്ന അന്വേഷണം പൂർത്തിയാക്കി റിപ്പോർട്ടിൽ കണ്ടെത്തിയ ക്രമക്കേടുകളിന്മേൽ സർചാർജ്ജ് നടപടികൾ സ്വീകരിക്കുന്നതിന് നടപടികൾ |

| | | | | |
|---|---|---|---|---|
| | | | | പുരോഗമിക്കുന്നു. കൺസ്യൂമർഫെഡിൽ ദൈനംദിന പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി പുതിയ സംവിധാനത്തിന് രൂപം നൽകി. പ്രാഥമിക സഹകരണ സംഘങ്ങളുടെ പ്രതിനിധികളെ ഉൾപ്പെടുത്തി പർച്ചേസ് കമ്മിറ്റി വിപുലീകരിച്ചു, ഇ-ടെൻഡർ സംവിധാനം നടപ്പിലാക്കി, ചാർട്ടേർഡ് അക്കൗണ്ടന്റ് സ്ഥാപനത്തിന്റെ സഹായത്തോടെ ഇന്റേണൽ ആഡിറ്റ് വിഭാഗത്തിന് രൂപം നൽകി, ആവശ്യകത തിട്ടപ്പെടുത്തി അനാവശ്യ ഗോഡൗണുകൾ ഒഴിവാക്കി, കെട്ടിക്കിടന്ന സാധനങ്ങൾ, ഉപയോഗയോഗ്യമല്ലെന്ന് കണ്ടെത്തിയ വാഹനങ്ങൾ എന്നിവ നടപടി ക്രമങ്ങൾ പാലിച്ച് പരസ്യലേലം വഴി വിറ്റഴിച്ചു. ജീവനക്കാരെ ശാസ്ത്രീയമായി തിട്ടപ്പെടുത്തി പുനർവിന്യസിച്ചു. ലാഭകരമല്ലെന്ന് കണ്ടെത്തുകയും ഡാമേജിനും കെടുകാര്യസ്ഥതയ്ക്കും ഇടയാക്കിയ 741 നന്മസ്റ്റോറുകൾ ഒഴിവാക്കുകയുണ്ടായി. 2012-13 മുതൽ 2015-16 വർഷം വരെയുള്ള ഫിനാൻഷ്യൽ ആഡിറ്റ് പൂർത്തിയാക്കുന്നതിന് ചാർട്ടേർഡ് അക്കൗണ്ടന്റ് സ്ഥാപനത്തെ ചുമതലപ്പെടുത്തി. അഡ്മിനിസ്ട്രേറ്റീവ് ആഡിറ്റ് പൂർത്തീകരിക്കുന്നതിനായി കൂടുതൽ ആഡിറ്റർമാരുടെ സേവനം ലഭ്യമാക്കി. ഇപ്രകാരമുള്ള ചിട്ടയായ പ്രവർത്തനങ്ങളിലൂടെ |

| | | | | |
|---|---|---|---|---|
| | | | | 2016-17 സാമ്പത്തിക വർഷത്തിൽ 61.27 കോടി രൂപയും 2017-18 സാമ്പത്തിക വർഷത്തിൽ 71.88 കോടി രൂപയും പ്രവർത്തനലാഭം നേടി. ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം 2009 മുതൽ 2014 വരെ സബ്സിഡി ഇനത്തിൽ സർക്കാർ നൽകുവാനുണ്ടായിരുന്ന തുകയിൽ ബാക്കി നിൽപ്പുണ്ടായിരുന്ന 56.9932 കോടി രൂപ ഫെഡറേഷന് നൽകി കുടിശ്ശിക തീർപ്പാക്കി ഫെഡറേഷനിൽ തെരഞ്ഞെടുപ്പ് നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു.<br><br>കേരള സഹകരണ വനിതാ ഫെഡറേഷന് 2016-17 വർഷം സബ്സിഡിയിനത്തിൽ 1,63,95,000 രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്.<br><br>കേരള സഹകരണ ഹൗസിംഗ് ഫെഡറേഷന് 2016-17 വർഷത്തിൽ ഓഹരിയിനത്തിൽ 4,10,00,000 രൂപയും 2017-18 വർഷത്തിൽ ഓഹരിയിനത്തിൽ 5,00,00,000 രൂപയും അനുവദിക്കുകയുണ്ടായിട്ടുണ്ട്.<br><br>7. സംസ്ഥാന, ജില്ലാ സഹകരണ ബാങ്കുകളെ സംയോജിപ്പിക്കും.<br><br>സംസ്ഥാനത്തെ ഹ്രസ്വകാല വായ്പാ സഹകരണ സംഘങ്ങളെ നിലവിലുള്ള ത്രിതല സമ്പ്രദായത്തിൽ |

| | | | | |
|---|---|---|---|---|
| | | | | നിന്നും ദ്വിതല സമ്പ്രദായത്തിലേക്ക് പുനഃക്രമീകരിച്ച് ഒരു പുതിയ ബാങ്ക് രൂപീകരിക്കുന്നതിന് വ്യവസ്ഥകളോടെ RBI തത്വത്തിലുള്ള അംഗീകാരം നൽകിയിട്ടുണ്ട്.<br><br>ഇതിന്റെ ഭാഗമായി സംസ്ഥാനത്തെ ജില്ലാ ബാങ്കുകളേയും സംസ്ഥാന സഹകരണ ബാങ്കിനേയും ലയിപ്പിച്ച് പുതിയ ബാങ്ക് രൂപീകരിക്കുന്നതോടെ കേരളത്തിലെ സഹകരണ പ്രസ്ഥാനം കൂടുതൽ ശക്തിപ്പെടുന്നതാണ്. ആയത് പ്രാവർത്തികമാക്കുവാൻ ത്വരിതഗതിയിൽ നടപടി സ്വീകരിച്ചുവരുന്നു.<br><br>8. സഹകരണ ബാങ്കുകളുടെ കോർ ബാങ്കിംഗ് ശൃംഖല നടപ്പിലാക്കും.<br><br>സംസ്ഥാനത്തെ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളിൽ കോർ ബാങ്കിംഗ് ശൃംഖല ഏർപ്പെടുത്തുന്നത് സംബന്ധിച്ച വിഷയം സർക്കാരിന്റെ പരിഗണനയിലാണ്.<br><br>9. സ്വകാര്യ പണമിടപാടുകാരുടെ പിടിയിൽ നിന്നും പാവപ്പെട്ടവരെ സംരക്ഷിക്കുന്നതിന് ഒരു വിശാല വിതരണ ശേഖരണ ശൃംഖല കുടുംബശ്രീ മിഷന്റെ സഹായത്തോടെ നടപ്പിലാക്കുന്നതാണ്. |

629/2025.

| | | | | |
|---|---|---|---|---|
| | | | | ബ്ലേഡ് പലിശക്കാർ എന്ന മഹാവിപത്ത് ഗ്രാമീണ മേഖലയിൽ ഉണ്ടാക്കുന്ന കഷ്ടനഷ്ടങ്ങൾക്ക് ഒരു പരിധിവരെ അറുതിവരുത്തുന്നതിനും സമൂഹത്തിന്റെ താഴെത്തട്ടിലുള്ളവർ, കൂലിവേലക്കാർ, ചെറുകിട കച്ചവടക്കാർ എന്നിവരെ ബ്ലേഡ് പലിശക്കാരിൽ നിന്നും രക്ഷിക്കുക, സഹകരണ പ്രസ്ഥാനത്തിന്റെ ജനങ്ങളോടുള്ള പ്രതിബദ്ധത ഉയർത്തിപ്പിടിക്കുകയും ജനങ്ങളിൽ കൂടുതൽ സാമ്പത്തിക സാക്ഷരത വളർത്തുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെ കുടുംബശ്രീയുമായി സഹകരിച്ച് ആവിഷ്കരിച്ച് നടപ്പാക്കുന്ന പദ്ധതിയാണ് ഗ്രാമീണ ലഘു വായ്പാ പദ്ധതി "മുറ്റത്തെമുല്ല". പ്രസ്തുത പദ്ധതി പ്രകാരം 1,000 രൂപ മുതൽ 25,000 രൂപ വരെയാണ് ഒരാൾക്ക് വായ്പയായി നൽകുന്നത്. വായ്പക്കാരിൽ നിന്നും 12% പലിശ (നൂറു രൂപയ്ക്ക് പ്രതിമാസം 1 രൂപ) മാത്രമാണ് ഈടാക്കുക. ഇതിൽ നിന്നും 9% പലിശ പ്രാഥമിക കാർഷിക ബാങ്കുകളിൽ അടയ്ക്കണം. ബാക്കി കുടുംബശ്രീ യൂണിറ്റുകൾക്ക്/ വായ്പാ ഇടപാട് നടത്തുന്ന യൂണിറ്റ് അംഗത്തിന് അവരുടെ ഉചിതമായ തീരുമാന പ്രകാരം എടുക്കാവുന്നതാണ്. പരമാവധി 52 ആഴ്ചകളായാണ് (ഒരു വർഷം) വായ്പ തിരിച്ചടയ്ക്കേണ്ടത്. അതായത് 1,000 രൂപ വായ്പ എടുത്ത ഒരാൾ ഒരു |

| | | | | |
|---|---|---|---|---|
| | | | | വർഷം കൊണ്ട് (52 ആഴ്ചകളിൽ തുല്യ ഗഡുക്കളായി) 1120 രൂപ തിരിച്ചടയ്ക്കണം.<br><br>ടി പദ്ധതിയുടെ സുഗമവും സുതാര്യവും കാര്യക്ഷമവുമായ നടത്തിപ്പിനായി സംഘം/ജില്ലാ/ സംസ്ഥാനതലത്തിൽ മോണിറ്ററിംഗ് കമ്മിറ്റികൾ പ്രവർത്തിക്കും. വിവിധ തലങ്ങളിൽ ഉണ്ടാകുന്ന പരാതികൾ പരിഹരിക്കേണ്ട ചുമതല മോണിറ്ററിംഗ് കമ്മിറ്റിയ്ക്കാണ്.<br><br>ഈ പദ്ധതി പാലക്കാട് ജില്ലയിൽ പൈലറ്റ് പ്രോജക്ടായി നടപ്പിലാക്കുകയുണ്ടായി. മറ്റു ജില്ലകളിലും ഈ പദ്ധതി നടപ്പിലാക്കി വരുന്നു. |
| 3 | 14/4 | 47 | സഹകരണ മേഖലയുടെ വികസനത്തിന് എന്തെല്ലാം കാര്യങ്ങളാണ് നടപ്പാക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ? | സംസ്ഥാനത്തെ ഹ്രസ്വകാല വായ്പാഘടനയെ നിലവിലുള്ള ത്രിതല സംവിധാനത്തിൽ നിന്നും ദ്വിതല സംവിധാനത്തിലേയ്ക്ക് മാറ്റി 14 ജില്ലാ സഹകരണ ബാങ്കുളേയും സംസ്ഥാന സഹകരണ ബാങ്കിലേയ്ക്ക് ലയിപ്പിച്ച് എല്ലാവിധ ആധുനിക സൗകര്യങ്ങളോടും കൂടിയ ഒരു ബാങ്ക് രൂപീകരിക്കുക എന്ന സർക്കാർ ലക്ഷ്യം യാഥാർത്ഥ്യമായിരിക്കുന്നതിന്റെ ഭാഗമായി റിസർവ് ബാങ്ക് അനുമതിയോടെ മലപ്പുറം ഒഴികെയുള്ള 13 ജില്ലാ സഹകരണ ബാങ്കുകളേയും സംസ്ഥാന |

| | | | | |
|---|---|---|---|---|
| | | | | സഹകരണ ബാങ്കുമായി ലയിപ്പിച്ച് 29-1-2019-ാം തീയതി ഉത്തരവ് ഇറക്കിയിട്ടുണ്ട്. മലപ്പുറം ജില്ലാ സഹകരണ ബാങ്കിനെ സംസ്ഥാന സഹകരണ ബാങ്കിലേയ്ക്ക് ലയിപ്പിക്കുന്നതിനുള്ള നിയമാനുസൃത തുടർനടപടികൾ സ്വീകരിച്ചുവരുന്നു. കോർ ബാങ്കിംഗ് സൊല്യൂഷനു വേണ്ടിയുള്ള ടെണ്ടർ നടപടികൾ പുരോഗമിച്ചുവരുന്നു.<br>1. ന്യായവിലയ്ക്ക് ഉപഭോഗവസ്തുക്കളും മരുന്നുകളും വിതരണം ചെയ്യുക എന്ന ലക്ഷ്യത്തോടെ പ്രാഥമിക സഹകരണ സംഘങ്ങളുടെ നേതൃത്വത്തിൽ നീതി സ്റ്റോറുകളും നീതി മെഡിക്കൽ സ്റ്റോറുകളും ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചു. ഇതിന്റെ ഫലമായി ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം 232 നീതി സ്റ്റോറുകളും, 323 നീതി മെഡിക്കൽ സ്റ്റോറുകളും പുതുതായി ആരംഭിച്ചു. നിലവിൽ സംസ്ഥാനത്ത് കൺസ്യൂമർ ഫെഡ് നേരിട്ട് 78 നീതി മെഡിക്കൽ സ്റ്റോറുകളും പ്രാഥമിക സഹകരണ സംഘങ്ങളുടെ നേതൃത്വത്തിൽ 791 നീതി |

| | | | | |
|---|---|---|---|---|
| | | | | മെഡിക്കൽ സ്റ്റോറുകളും, 876 നീതി സ്റ്റോറുകളും പ്രവർത്തിച്ചുവരുന്നു. നീതിസ്റ്റോറുകൾ നീതി സൂപ്പർ മാർക്കറ്റുകളായി മാറ്റുന്നതിന് സംഘങ്ങൾക്ക് നിർദ്ദേശം നൽകിയിരുന്നെങ്കിലും ആയത് പ്രാവർത്തികമായിട്ടില്ല.<br>2. ക്രെഡിറ്റ് കാർഡ് പദ്ധതി നിലവിൽ നടപ്പിൽ വരുത്തിയിട്ടില്ല. എന്നാൽ നൂതന സാങ്കേതിക വിദ്യകൾ ഉൾപ്പെടുത്തി പരമാവധി ഉപഭോക്താക്കളെ ത്രിവേണി സ്റ്റോറുകളിലേയ്ക്ക് ആകർഷിക്കുവാൻ മൈ ത്രിവേണി സ്മാർട്ട്കാർഡ് പദ്ധതി നടപ്പിലാക്കി. എന്നാൽ സ്മാർട്ട് കാർഡിലൂടെ ഡിസ്കൗണ്ട് ആനുകൂല്യം നൽകി ആരംഭിച്ച സ്മാർട്ട് കാർഡ് സംവിധാനം പൂർണ്ണമായും വിജയപ്രദ മായിട്ടില്ല.<br>3. പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളുടെ സഹായത്തോടെ പ്രതി വർഷം 20000 തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുന്ന സംരംഭക യൂണിറ്റുകളുടെ |

| | | | | | |
|---|---|---|---|---|---|
| | | | | | സാധ്യത പരിശോധിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ കൃഷി അനുബന്ധ മേഖലയിലെ പ്രവൃത്തികൾ ഏറ്റെടുത്തു കൊണ്ട് നെല്ല് സംഭരിച്ച് സംസ്കരിച്ച് വിപണനം ചെയ്യുക എന്ന ലക്ഷ്യത്തോടെ പാലക്കാട് ജില്ലയിൽ 26 പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ അംഗങ്ങളായി പാലക്കാട് പാഡി പ്രൊക്യുർമെന്റ് പ്രോസസ്സിംഗ് ആൻഡ് മാർക്കറ്റിംഗ് സഹകരണ സംഘം ക്ലിപ്തം നമ്പർ പി.1449 (പാപ്കോസ്) എന്ന സഹകരണ സംഘം രൂപീകരിക്കുകയും ടി സംഘത്തിന്റെ അധീനതയിൽ 27.66 ഏക്കർ ഭൂമി വാങ്ങുകയും 200 മെട്രിക് ടൺ കപ്പാസിറ്റിയുള്ള റൈസ് മിൽ സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരികയും ചെയ്യുന്നു. ടി സ്ഥാപനത്തിന്റെ പ്രവർത്തനം പൂർണ്ണ പ്രാപ്തിയിൽ എത്തുമ്പോൾ നെല്ല് സംഭരിച്ച് സംസ്കരിച്ച് വിപണനം നടത്തുന്ന പ്രക്രിയയിൽ പ്രത്യക്ഷമായും പരോക്ഷ |

| | | | | | |
|---|---|---|---|---|---|
| | | | | | മായും അനവധി തൊഴിലവസരങ്ങൾ സംജാതമാക്കുവാൻ കഴിയുന്നതാണ്. 71.1005 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്ന ടി സംരംഭത്തിലേക്ക് സർക്കാർ ധനസഹായമായി ഇതിനകം 3 കോടി രൂപ നൽകുന്നതിനായുള്ള ഭരണാനുമതി നൽകിയിട്ടുള്ളതാണ്. തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനായി തൃശ്ശൂർ ജില്ലയിലെ മറ്റത്തൂർ ലേബർ കോ-ഓപ്പറേറ്റീവ് സൊസൈറ്റി ഫോർ ലോക്കൽ ഡെവലപ്മെന്റ് ആൻഡ് സോഷ്യൽ വെൽഫയർ ക്ലിപ്തം നമ്പർ 1264 എന്ന സംഘം ഔഷധ സസ്യങ്ങളുടെ സംഭരണ സംസ്കരണ പദ്ധതി നടപ്പിലാക്കി വരുന്നു. ടി പ്രോജക്ട് നടപ്പിലാക്കുന്നതിലൂടെ അനേകം കർഷകർക്കും ഗ്രാമീണ സ്ത്രീകൾക്കും ആദിവാസികൾക്കും സ്ഥിരം വരുമാനം നൽകുവാൻ സാധിക്കുന്നതാണ്. ഈ പദ്ധതിക്ക് സർക്കാർ ധന സഹായമായി 2 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ടി തുക |

| | | | | |
|---|---|---|---|---|
| | | | | റിലീസ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ച് വരുന്നു. 2020-21 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി സഹകരണ സംഭരകത്വം - തൊഴിലവസരങ്ങൾ സൃഷ്ടിക്കുവാൻ സഹായം എന്ന സ്കീമിൽ സബ്സിഡി, ഓഹരി എന്നീ ഇനങ്ങളിലായി 4 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.<br>4. കോഴിക്കോട് ജില്ലയിലെ ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സഹകരണ സംഘം 10957 വിനോദ സഞ്ചാര വകുപ്പുമായി സഹകരിച്ച് ഇരിങ്ങൽ വടകരയിൽ 10 വർഷത്തേയ്ക്ക് സർഗ്ഗാലയ ക്രാഫ്റ്റ് വില്ലേജ് എന്ന പദ്ധതിയും, തിരുവനന്തപുരത്ത് 25 വർഷത്തേയ്ക്ക് വെള്ളാർ ക്രാഫ്റ്റ് വില്ലേജ് എന്ന പദ്ധതിയും നടപ്പിലാക്കുന്നതിനുള്ള കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. കോഴിക്കോട് ജില്ലയിലെ കോട്ടക്കൽ കുഞ്ഞാലി മരക്കാർ ടൂറിസം സഹകരണ സംഘം 2719 സർഗ്ഗാലയയുമായി കരാറിൽ ഏർപ്പെട്ട് കുറ്റ്യാടി പുഴയിൽ ടൂറിസം ബോട്ട് |

| | | | | |
|---|---|---|---|---|
| | | | | സർവ്വീസ് നടത്തി വരുന്നു. തിരുവനന്തപുരം ജില്ലയിൽ ടൂറിസം സഹകരണ സംഘങ്ങളുടെ അപ്പക്സ് സ്ഥാപനമായ ടൂർഫെഡ് വിനോദ സഞ്ചാര വകുപ്പിന്റെ സഹായത്തോടെ വേളി റയിൽവേ മിനിയേച്ചർ പ്രോജക്ടിന്റെ മേൽനോട്ടം ഏറ്റെടുത്തിട്ടുണ്ട്. ഇടുക്കി ജില്ലയിൽ ഇ.202 വാഴത്തോപ്പ് സർവീസ് സഹകരണ ബാങ്ക് ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലിന്റെ സഹകരണത്തോടു കൂടി ഹിൽവ്യൂ പാർക്കിൽ 5 ഇനം അഡ്വഞ്ചർ ആക്ടിവിറ്റീസ് നടപ്പാക്കിയിട്ടുണ്ട്.<br>5. പട്ടികജാതി പട്ടികവർഗ്ഗ ഫെഡറേഷന്റെ ആഭ്യന്തര വരുമാനം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ പുതിയ വ്യാപാര പ്രവർത്തനം ഏറ്റെടുക്കുന്നതിന്റെ ഭാഗമായി ഫെഡറേഷൻ സ്വന്തമായി സിവിൽ നിർമ്മാണ യൂണിറ്റ് ആരംഭിച്ചിട്ടുണ്ട്. സർക്കാർ, അർദ്ധസർക്കാർ സ്ഥാപനങ്ങൾ, കോർപ്പറേഷനുകൾ |

| | | | | |
|---|---|---|---|---|
| | | | | എന്നിവയുടെ ഏജന്റ് എന്ന നിലയിൽ സാധന സാമഗ്രികളുടെ വിതരണ പ്രവർത്തനം ഏറ്റെടുക്കുന്നതിന് ഏജൻസി ഡിവിഷൻ ആരംഭിച്ചിട്ടുണ്ട്. ടി ഡിവിഷന്റെ പ്രാരംഭ പ്രവർത്തനമായി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിലുള്ള ഹോസ്റ്റലുകൾ, സ്കൂളുകൾ എന്നിവിടങ്ങളിലേയ്ക്കാവശ്യമായ പഴം, പച്ചക്കറി വിതരണം ഫെഡറേഷൻ ഏറ്റെടുത്ത് നടത്തി വരുന്നു. ആദിവാസികളുടെ വരുമാന വർദ്ധനവ് ലക്ഷ്യമാക്കികൊണ്ട് അവർ സംഭരിക്കുന്ന തേൻ കയറ്റുമതി ചെയ്യുന്നതിനും മൂല്യവർദ്ധനവും വഴി കൂടുതൽ വില ലഭിക്കുന്നതിനും ഉള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുള്ളതും വിദേശ വിപണി കയറ്റുമതിയ്ക്കാവശ്യമായ ഗുണമേന്മ സർട്ടിഫിക്കറ്റ് കരസ്ഥമാക്കിയിട്ടുള്ളതുമാണ്. വനവിഭവ ശേഖരണ പ്രവർത്തനങ്ങളിൽ ഫെഡറേഷന്റെ മികവ് കണക്കിലെടുത്ത് ഫെഡറേഷന് ഇറക്കുമതി കയറ്റുമതി |

| | | | | | |
|---|---|---|---|---|---|
| | | | | | ലൈസൻസ് കേന്ദ്ര സർക്കാരിൽ നിന്നും പ്രത്യേക പദ്ധതിയിൽ ഉൾപ്പെടുത്തി ലഭിച്ചിട്ടുള്ളതാണ്. ഫെഡറേഷന്റെ ഉടമസ്ഥതയിലുള്ള ഇന്ത്യൻ ഓയിൽ കോർപ്പറേഷൻ പെട്രോൾ പമ്പിന്റെ പ്രവർത്തനം ഗണ്യമായ പുരോഗതി കൈവരിച്ചിട്ടുള്ളതും പ്രതിദിന വിറ്റുവരവ് 3.50 ലക്ഷം രൂപയിൽ അധികരിച്ചിട്ടുണ്ട്. ഐ.ഒ.സി.-യുടെ ധ്രുവ സ്കീമിൽ ഉൾപ്പെടുത്തി പെട്രോൾ പമ്പിന്റെ നവീകരണ ജോലികൾ പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടുണ്ട്. വനവിഭവങ്ങളുടെയും ആയുർധാര മരുന്നുകളുടെയും ഫെഡറേഷന്റെ പേരിലുള്ള വനമാലിക ഉൽപ്പന്നങ്ങളുടെയും വിപണനം ലക്ഷ്യമാക്കിക്കൊണ്ട് സംസ്ഥാനത്തൊട്ടാകെ ഫെഡറേഷന്റെ പുതിയ ബ്രാന്റ് നാമത്തിൽ ബങ്ക്/ഔട്ട് ലെറ്റ് (കിയോസ്ക്) കൾ ആരംഭിക്കുന്നതിനുള്ള നടപടി പുരോഗതിയിലാണ്. ഫെഡറേഷൻ സംഭരിക്കുന്ന വനവിഭവങ്ങൾ മൂല്യ വർദ്ധനവ് വരുത്തി വിപണി കണ്ടെത്തു |

| | | | | | |
|---|---|---|---|---|---|
| | | | | | ന്നതിനും ആയുർധാര മരുന്നുകളുടെ വിപണി വിപുലപ്പെടുത്തുന്നതിനും ലക്ഷ്യമാക്കി സി.ഡാക്കിന്റെ സാങ്കേതിക സഹായത്തോടെ ഓൺലൈൻ ട്രേഡിംഗ് ആൻഡ് ഓക്ഷൻ പോർട്ടൽ ആരംഭിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചു. ആയുർധാര ആയുർവേദ ഉൽപ്പന്നങ്ങൾക്ക് നിലവിലുള്ള സർക്കാർ വിപണിക്കുപരി പൊതുവിപണിയിൽകൂടി പ്രചാരം നൽകുന്നതിന്റെ ഭാഗമായി സംസ്ഥാനതല സ്റ്റോക്കിസ്റ്റിനെ നിയമിച്ചിട്ടുള്ളതും സഹകരണ നീതി മെഡിക്കൽസ് അടക്കമുള്ള സ്ഥാപനങ്ങൾവഴി വിപണി വിൽപ്പന വർദ്ധിപ്പിക്കുന്നതിന് സ്റ്റോക്കിസ്റ്റിനെ ചുമതലപ്പെടുത്തിയിട്ടുള്ളതുമാണ്.<br>ആയുർധാരാ ബ്രാൻഡ് ഒരു വിപണി നാമമായി രജിസ്റ്റർ ചെയ്യുന്നതിന് ഒരു അറ്റോണിയെ നിയമിച്ചിട്ടുള്ളതും രജിസ്ട്രേഷൻ നടപടികൾ പുരോഗതിയിലുമാണ്. ആയുർധാരാ മരുന്നുകൾക്ക് പൊതു വിപണിയിൽ പ്രചാരം ലഭിക്കുന്നതിന് |

| | | | | |
|---|---|---|---|---|
| | | | | സഹായകരമായി സംസ്ഥാനത്തെ എല്ലാ നിയോജക മണ്ഡലങ്ങളിലും ആശാ എന്ന ചുരുക്ക പേരിൽ ആയുർധാരാ ആയുർവേദ ശാലകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി നിർദ്ദേശം തയ്യാറാക്കി വരുന്നു. ആയുർധാരാ ബ്രാൻഡിന്റെ വിപണി പ്രചാരം നേടുന്നതോടൊപ്പം തന്നെ ഉൽപ്പാദനം വർദ്ധിപ്പിക്കാൻ ഉതകുന്ന തരത്തിൽ കേന്ദ്ര സംസ്ഥന പദ്ധതി ധനസഹായത്തോടുകൂടി ആയുർധാരാ പ്ലാന്റിന്റെ ആധുനികവൽക്കരണ പ്രവർത്തനങ്ങൾ 2020 മധ്യത്തോടുകൂടി ആരംഭിക്കുന്നതാണ്.<br>6. പരമ്പരാഗത വ്യവസായ സഹകരണ സംഘങ്ങൾ സഹകരണ വകുപ്പിന്റെ കീഴിലല്ല നിലവിൽ പ്രവർത്തിച്ചു വരുന്നത്. എന്നാൽ കക്കാ സഹകരണ സംഘങ്ങൾക്കുള്ള ധനസഹായമായി 2016-17 സാമ്പത്തിക വർഷം പദ്ധതിയേതര ഇനത്തിൽ 12 സംഘങ്ങൾക്കായി 3 കോടി രൂപ |

| | | | | |
|---|---|---|---|---|
| | | | | ധനസഹായം അനുവദിച്ചിട്ടുണ്ട്. കൂടാതെ ആർട്ടിസാൻസ് ഡെവലപ്മെന്റ് കോർപ്പറേഷന് 2018-19 സാമ്പത്തിക വർഷം 1 കോടി രൂപ ധനസഹായം അനുവദിച്ചിട്ടുണ്ട്.<br>7. കേരള സ്റ്റേറ്റ് റബ്ബർ കോ-ഓപ്പറേറ്റീവ് ലിമിറ്റഡ് (റബ്കോ)-ന് നിലവിലുള്ള സാമ്പത്തിക ബാദ്ധ്യതകൾ പുനഃക്രമീകരിക്കുന്നതിലേയ്ക്ക് വിവിധ ഘട്ടങ്ങളിൽ സർക്കാരുമായി നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിൽ 301.98 കോടി രൂപ സർക്കാരിൽ നിന്നും ധനസഹായം ലഭിക്കുന്നതിനായി സംഘം സമർപ്പിച്ച അപേക്ഷയും, വിശദമായ പ്രോജക്ട് റിപ്പോർട്ടും പരിശോധിച്ചുവരികയാണ്. കൂടാതെ സംസ്ഥാന ജില്ലാ സഹകരണ ബാങ്കുകളിലെ റബ്കോയുടെ വായ്പാ കുടിശ്ശിക തീർപ്പാക്കുന്നതിന്റെ ഭാഗമായി സർക്കാരിന്റെ 31-12-2018-ലെ ജി.ഒ. (ആർ.റ്റി.) നമ്പർ 728/2018/സഹ. നമ്പർ ഉത്തരവ് പ്രകാരം 238.35 കോടി രൂപ അനുവദിച്ചിട്ടുണ്ട്. |

| | | | | |
|---|---|---|---|---|
| 4 | 14/4 | 48 | വിനോദസഞ്ചാര വകുപ്പിന്റെ സഹായത്തോടെ വിനോദസഞ്ചാര മേഖലയുടെ വികസനത്തിനായി, സഹകരണ വകുപ്പ് പദ്ധതികൾ ഏറ്റെടുക്കാനുദ്ദേശിക്കുന്നുണ്ടോ? | 2018 ആഗസ്റ്റ് മാസത്തിലുണ്ടായ വെള്ളപ്പൊക്കക്കെടുതിയും, നിപ്പ, കോവിഡ് - 19 എന്നിവയുടെ വ്യാപനവും കാരണം ടൂറിസം മേഖലയാകെ നിശ്ചലമാവുകയുണ്ടായി. ഈ സാഹചര്യത്തിൽ മാറ്റം വരുന്ന മുറയ്ക്ക് വിനോദ സഞ്ചാര മേഖലയുടെ വികസനത്തിനായി പ്രോജക്ടുകൾ നടപ്പിലാക്കുന്നതിനാവശ്യമായ നടപടികൾ ആരംഭിക്കുന്നതാണ്. |
| 5 | 14/13 | 31 | ഹ്രസ്വകാല കാർഷിക വായ്പകൾ ഈടില്ലാതെ നൽകി ഗ്രാമ സമ്പദ് വ്യവസ്ഥയെ താങ്ങിനിർത്തുന്ന പ്രവർത്തനത്തോടൊപ്പം കർഷകർക്കും ഉപഭോക്താക്കൾക്കും ഒരുപോലെ പ്രയോജനം ലഭിക്കാനായി കർഷകരിൽ നിന്നും നെല്ല് സംഭരിച്ച് മായം കലർത്താതെ അരിയാക്കി പൊതുവിതരണ സംവിധാനം വഴി വിതരണം ചെയ്യുന്ന പദ്ധതിയെക്കുറിച്ച് അറിയിക്കാമോ? | കേരളത്തിന്റെ നെല്ലറയായ പാലക്കാട്ടെ കർഷകരുടെ പ്രശ്നങ്ങൾക്ക് അറുതി വരുത്തുന്നതിന് വേണ്ടി പാലക്കാട് ജില്ലയിൽ ഉൽപ്പാദിപ്പിക്കുന്ന മുഴുവൻ നെല്ലും സംഭരിക്കുകയും സംസ്കരിച്ച് അരിയാക്കി മാറ്റി സിവിൽ സപ്ലൈസ് കോ-ഓപ്പറേഷൻ വഴി സർക്കാരിന്റെ പൊതു മാർക്കറ്റിലേക്ക് നൽകുകയും കൂടാതെ സ്വന്തം ബ്രാൻഡിൽ സഹകരണ സംഘങ്ങൾ വഴി വിപണന സ്റ്റാളുകൾ കണ്ടെത്തി വിപണനം നടത്തുകയും ചെയ്യുക എന്ന മുഖ്യ ലക്ഷ്യ സാക്ഷാൽക്കാരത്തിനായി മോഡേൺ റൈസ് മിൽ സ്ഥാപിക്കുന്നതിന് വേണ്ടി പാലക്കാട് ജില്ലയിലെ |

| | | | | |
|---|---|---|---|---|
| | | | | പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ (PACS) ചേർന്ന് 29-1-2019-ന് പാലക്കാട് പ്യാഡി പ്രൊക്യൂർമെന്റ് പ്രൊസസ്സിംഗ് & മാർക്കറ്റിംഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലി. നമ്പർ പി -1449 (PAPCOS) എന്ന സഹകരണ സംഘം രജിസ്റ്റർ ചെയ്ത 6-2-2019 -ൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. സംഘവും അതിന്റെ പദ്ധതി പ്രവർത്തനവുമായി ബന്ധപ്പെട്ട പുരോഗതി വിവരം ചുവടെ ചേർക്കുന്നു:<br>• നിലവിൽ 36 പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ അംഗങ്ങളായിട്ടുണ്ട്.<br>• സർക്കാർ ഓഹരി മൂലധനം ഒരു കോടിയും സബ്സിഡിയായി ഒരു കോടിയും ലഭിച്ചിട്ടുണ്ട്.<br>• അംഗങ്ങളിൽ നിന്നും ഓഹരി മുലധനം 13,70,00,000 (പതിമൂന്ന് കോടി എഴുപതു ലക്ഷം രൂപ മാത്രം) രൂപ സമാഹരിച്ചിട്ടുണ്ട്. |

| | | | | |
|---|---|---|---|---|
| | | | | • 16-7-2019-ന് മോഡേൺ റൈസ്മിൽ പദ്ധതിക്കായി പാലക്കാട് ജില്ലയിൽ കണ്ണമ്പ്ര പഞ്ചായത്തിൽ മാങ്ങോട് എന്ന സ്ഥലത്ത് 27.66 ഏക്കർ ഭൂമി 6,36,18,000 (ആറു കോടി മുപ്പത്തി ആറു ലക്ഷത്തി പതിനെട്ടായിരം രൂപ മാത്രം) രൂപയ്ക്ക് സംഘത്തിന്റെ ഉടമസ്ഥതയിൽ ഏറ്റെടുത്തിട്ടുണ്ട്.<br>• മോഡേൺ റൈസ് മിൽ പദ്ധതിയുടെ സാങ്കേതികപരമായ കാര്യങ്ങളെകുറിച്ച് അവലോകനം ചെയ്യുന്നതിന് വിവിധ മേഖലകളിലെ വിദഗ്ധർ അടങ്ങുന്ന 11 അംഗ ടെക്നിക്കൽ കമ്മിറ്റിയെ സർക്കാർ രൂപീകരിച്ചിട്ടുണ്ട്.<br>• പദ്ധതിയെ കുറിച്ചുള്ള വിശദമായ റിപ്പോർട്ട് തയ്യറാക്കുന്നതിനും ഇതിന്റെ നിർമ്മാണ പ്രവർത്തനങ്ങളിൽ ആവശ്യമായ സാങ്കേതിക ഉപദേശങ്ങൾ നൽകുന്നതിനും മേൽ നോട്ടം |

| | | | | |
|---|---|---|---|---|
| | | | | വഹിക്കുന്നതിനും NABARD-ന്റെ കൺസൾട്ടൻസി ഏജൻസിയായ NABCONS-നെയാണ് ചുമതലപ്പെടുത്തിയിക്കുന്നത്.<br>• സംഘത്തിന്റെ മോഡേൺ റൈസ് മിൽ പദ്ധതിക്ക് വേണ്ടി SRF സ്കീമിൽ ഉൾപ്പെടുത്തി കേരള ബാങ്കിൽ നിന്ന് വായ്പ ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു.<br>• സംഘത്തിന്റെ പദ്ധതിയുടെ ഇ-ടെണ്ടർ നടപടികൾ 18-11-2020 - ന് ആരംഭിക്കാൻ തുടങ്ങി വീണ്ടും രണ്ട് തവണ (27-2-2022, 31-8-2022) റീ - ടെണ്ടർ ചെയ്തു. എന്നാൽ മതിയായ യോഗ്യതയുള്ള കമ്പനിയെ ലഭിക്കാത്തതു കൊണ്ട് നിലവിൽ ടെണ്ടർ നടപടികളെല്ലാം റദ്ദു ചെയ്യേണ്ടി വന്നിട്ടുണ്ട്.<br>• പുതുക്കിയ എസ്റ്റിമേറ്റ് പ്രകാരമുള്ള ഇ-ടെണ്ടർ നടപടികൾ ആരംഭിക്കുന്നതിനായി 2022-2023 നിരക്ക് പ്രകാരമുള്ള എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് NABCONS -നെ ചുമതലപ്പെടുത്തി. |

## XXI. ഉന്നതവിദ്യാഭ്യാസ വകുപ്പ്

| ക്രമ നമ്പർ | നിയമസഭാ സമ്മേളനം | ഉറപ്പ് നമ്പർ | സഭയിൽ ഉന്നയിക്കപ്പെട്ട ചോദ്യങ്ങളും ഉറപ്പുകളും | സർക്കാരിൽ നിന്ന് ലഭിച്ച സ്റ്റേറ്റ്മെന്റ് |
|---|---|---|---|---|
| 1 | 13/11 | 108 | സംസ്ഥാനത്ത് നിയമ വിദ്യാഭ്യാസ മേഖല കാര്യക്ഷമമാക്കുന്നതിനും നിയമ സർവ്വകലാശാലയും മറ്റ് ഉന്നത പഠന കേന്ദ്രങ്ങളും സ്ഥാപിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ? | സംസ്ഥാനത്ത് നിലവിൽ സർക്കാർ മേഖലയിൽ മികച്ച രീതിയിൽ പ്രവർത്തിക്കുന്ന 4 ലോ കോളേജുകൾ നിലവിലുണ്ട്. ഏകദേശം 19 സ്വാശ്രയ ലോ കോളേജുകൾ പ്രവർത്തിക്കുന്നുണ്ട്. CUSAT-ലും നിയമപഠന കേന്ദ്രം പ്രവർത്തിക്കുന്നുണ്ട്. കേരള ലോ അക്കാഡമിയുടെ കീഴിൽ Centre for Advanced Legal Studies and Research പ്രവർത്തിക്കുന്നുണ്ട്. ഈ സാഹചര്യത്തിൽ സംസ്ഥാനത്ത് ഇതിനുപുറമെ നിയമ സർവ്വകലാശാലയും മറ്റ് ഉന്നതനിയമ പഠന കേന്ദ്രങ്ങളും പുതുതായി സ്ഥാപിക്കേണ്ടതുണ്ടെന്ന് തോന്നുന്നില്ല. നിലവിലുള്ള നിയമപഠന കേന്ദ്രങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുന്ന രീതിയിലുള്ള നടപടികൾ സ്വീകരിച്ചാൽ മതിയാകുന്നതാണ് എന്നുള്ള വിവരം സമിതിയെ അറിയിക്കുന്നു. |

| | | | | |
|---|---|---|---|---|
| 2 | 13/11 | 125 | സ്വാശ്രയ വിദ്യാഭ്യാസ മേഖലയിലെ തൊഴിൽ ചൂഷണം അവസാനിപ്പിക്കുവാനും വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം ഉറപ്പു വരുത്താനും സമഗ്രമായ ഒരു നിയമ നിർമ്മാണം നടത്താൻ സർക്കാർ തയ്യാറാകുമോ? | സംസ്ഥാനത്തെ അൺ എയ്ഡഡ് സ്ഥാപനങ്ങളിലെ അനധ്യാപകരായ ജീവനക്കാരുടെ നിബന്ധനകളും വ്യവസ്ഥകളും സംബന്ധിച്ച് ഉന്നതവിദ്യാഭ്യാസ (ബി) വകുപ്പിൽ നിന്ന് 24-1-2015 തീയതിയിൽ സ.ഉ. (കൈ.) നമ്പർ 19/2015/ഉ.വി.വ. പുറപ്പെടുവിച്ചിരുന്നു. ആയത് അനുബന്ധം I ആയി ചേർത്തിരിക്കുന്നു.<br>സംസ്ഥാനത്തു സ്വകാര്യ മേഖലയിൽ പ്രവർത്തിക്കുന്ന അധ്യാപകരുടെ നിബന്ധനകളും വ്യവസ്ഥകളും സംബന്ധിച്ച് ഉന്നതവിദ്യാഭ്യാസ (ബി) വകുപ്പിൽ നിന്നും സ.ഉ. (കൈ) 552/2014/ഉ.വി.വ. നമ്പർ ആയി ഉത്തരവായിരുന്നു. ആയത് അനുബന്ധം 2 ആയി ചേർത്തിരിക്കുന്നു. |
| 3 | 14/4 | 41 | ഡിഗ്രി ബി.എഡ്. ഇന്റഗ്രേറ്റഡ് കോഴ്സുകൾ കോളേജുകളിൽ (സെൽഫ് ഫിനാൻസിംഗ് കോളേജുകൾ ഉൾപ്പെടെ) ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ;<br>ഇത് സംബന്ധിച്ച് യൂണിവേഴ്സിറ്റികളുടെ അഭിപ്രായം ചോദിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ മറുപടി ലഭ്യമായോ; മറുപടി വിശദമാക്കാമോ? | 4 വർഷ ബി.എ. ബി.എഡ്./ബി.എസ്.സി. ബി.എഡ്. ഇന്റഗ്രേറ്റഡ് കോഴ്സുകളുടെ സ്കീം/സിലബസ്, റെഗുലേഷൻ എന്നിവ കേരള സർവ്വകലാശാല അക്കാദമിക് സമിതി അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കോഴ്സുകൾ തുടങ്ങാനായി ലഭിച്ച അപേക്ഷകൾ കേരള സർവ്വകലാശാല സിൻഡിക്കേറ്റിന്റെ പരിഗണനയിലാണ്. |

## XXII. വിവര പൊതുജനസമ്പർക്ക വകുപ്പ്

| ക്രമ നമ്പർ | നിയമസഭാ സമ്മേളനം | ഉറപ്പ് നമ്പർ | സഭയിൽ ഉന്നയിക്കപ്പെട്ട ചോദ്യങ്ങളും ഉറപ്പുകളും | സർക്കാരിൽ നിന്ന് ലഭിച്ച സ്റ്റേറ്റ്മെന്റ് |
|---|---|---|---|---|
| 1 | 13/9 | 120 | പത്രപ്രവർത്തകരല്ലാതെയുള്ള (നോൺ ജേർണലിസ്റ്റ്) പത്രജീവനക്കാർക്ക് യഥാ സമയം പെൻഷൻ ലഭ്യമാക്കാനാവശ്യമായ തുക ബഡ്ജറ്റിൽ ഉൾപ്പെടുത്തണമെന്ന് അഭ്യർത്ഥിക്കുന്നു | പത്ര ജീവനക്കാർക്ക് അർഹതപ്പെട്ട പെൻഷൻ തുക അലോട്ട്മെന്റ് ലഭിക്കുന്ന മുറയ്ക്ക് അനുവദിക്കുന്നുണ്ട്. 2016-17 സാമ്പത്തിക വർഷം അനുവദിച്ച 2 കോടി രൂപ വിനിയോഗിച്ച് 2016 സെപ്റ്റംബർ വരെയുള്ള പെൻഷൻ വിതരണം ചെയ്തിട്ടുണ്ട്. |
| 2 | 13/10 | 44 | മീഡിയാസിറ്റി പദ്ധതി നടത്തിപ്പിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം? | സംസ്ഥാന സർക്കാർ നിയന്ത്രണത്തിൽ ദുബായ് മീഡിയ സിറ്റിയുടെ മാതൃകയിൽ കേരളത്തിൽ ഒരു മീഡിയ സിറ്റി സ്ഥാപിക്കുന്നതിന് 14-11-2012-ലെ ജി.ഒ.(എം.എസ്.) നം. 15/2012/ഐ&പി. ആർ.ഡി. പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്. മീഡിയ സിറ്റി കൈവരിക്കുന്നതിനു വേണ്ട പ്രധാന പ്രവർത്തന ഘടകങ്ങൾ, നിർമ്മാണ പ്രവർത്തനങ്ങൾ, കൺസൾട്ടൻസി സേവന വിനിയോഗം, ബഡ്ജറ്റ് എസ്റ്റിമേറ്റ് തയ്യാറാക്കൽ, തുടർചെലവുകൾ, വരുമാന മാർഗങ്ങൾ, അടിസ്ഥാന |

| | | | | |
|---|---|---|---|---|
| | | | | സൗകര്യ വികസനം എന്നീ കാര്യങ്ങളിൽ പഠനം നടത്തി രൂപരേഖ തയ്യാറാക്കാനുമായി വിദഗ്ധ സമിതിയ്ക്ക് രൂപം നൽകിയിരുന്നു. ഇക്കാര്യത്തിൽ തുടർനടപടികൾ സ്വീകരിച്ചിട്ടില്ല. |

## XXIII. കോസ്റ്റൽ ഷിപ്പിംഗ് ഇൻലാൻഡ് നാവിഗേഷൻ വകുപ്പ്

| ക്രമ നമ്പർ | നിയമസഭാ സമ്മേളനം | ഉറപ്പ് നമ്പർ | സഭയിൽ ഉന്നയിക്കപ്പെട്ട ചോദ്യങ്ങളും ഉറപ്പുകളും | സർക്കാരിൽ നിന്ന് ലഭിച്ച സ്റ്റേറ്റ്മെന്റ് |
|---|---|---|---|---|
| 1 | 13/10 | 17 | കൊല്ലം-കോട്ടപ്പുറം ദേശീയജലപാത എന്ന കമ്മീഷൻ ചെയ്യാനാകുമെന്ന് അറിയിക്കുമോ? | ഉദ്യോഗമണ്ഡൽ കനാലും ചമ്പക്കര കനാലും ഭാഗമായി വരുന്ന വെസ്റ്റ് കോസ്റ്റ് കനാലിന്റെ കൊല്ലം മുതൽ കോട്ടപ്പുറം വരെയുള്ള ജലപാത ദേശീയ ജലപാത നമ്പർ -3 ആയി കേന്ദ്ര സർക്കാർ 1992-ൽ പ്രഖ്യാപിക്കുകയും 2007 നവംബർ മാസം പ്രസ്തുത ദേശീയ ജലപാതയുടെ ഉദ്ഘാടനം അന്നത്തെ മുഖ്യമന്ത്രി നിർവ്വഹിക്കുകയും ചെയ്തിട്ടുണ്ട്. ദേശീയ ജലപാതയായതിനാൽ പ്രസ്തുത പാതയുടെ നിർമ്മാണം, പരിപാലനം, സംരക്ഷണം മുതലായ കാര്യങ്ങൾ ദേശീയ |

| | | | | |
|---|---|---|---|---|
| | | | | ഏജൻസിയായ ഇൻലാന്റ് വാട്ടർവേയ്സ് അതോറിറ്റി ഓഫ് ഇന്ത്യയാണ് നിർവ്വഹിക്കുന്നത്. 168 കി. മീ. നീളമുള്ള കൊല്ലം - കോട്ടപ്പുറം ദേശീയ ജലപാത നിലവിൽ ഗതാഗതയോഗ്യമാണ്. |

## XXIV. പാർലമെന്ററികാര്യ വകുപ്പ്

| ക്രമ നമ്പർ | നിയമസഭാ സമ്മേളനം | ഉറപ്പ് നമ്പർ | സഭയിൽ ഉന്നയിക്കപ്പെട്ട ചോദ്യങ്ങളും ഉറപ്പുകളും | സർക്കാരിൽ നിന്ന് ലഭിച്ച സ്റ്റേറ്റ്മെന്റ് |
|---|---|---|---|---|
| 1 | 13/12 | 60 | ഉത്തരവുകൾ എം.എൽ.എ. മാരുടെ ഇ-മെയിൽ വിലാസത്തിൽ അയച്ചു കൊടുക്കുന്ന കാര്യം പരിഗണിക്കുമോ? | നിയമസഭക്ക് നൽകിയ ഉറപ്പിന്റെ ഭാഗമായി സർക്കാർ ഉത്തരവുകളുടെ പകർപ്പ് ബന്ധപ്പെട്ട എം.എൽ.എമാർക്ക് നൽകണമെന്നും, എം. എൽ. എമാർ ആവശ്യപ്പെടുന്നപക്ഷം പ്രസ്തുത ഉത്തരവുകൾ അവരുടെ ഇ-മെയിൽ വിലാസത്തിൽ അയച്ചുകൊടുക്കേണ്ടതാണെന്നും 20-8-2016-ലെ പാ.കാ.വ-എ 2/224/2016-പാ.കാ.വ. നം സർക്കുലർ പ്രകാരം എല്ലാ വകുപ്പുകൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. സർക്കുലറിന്റെ പകർപ്പും സമിതിയുടെ അറിവിലേക്കായി ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. |

# XXV. ഭവന നിർമ്മാണ വകുപ്പ്

| ക്രമ നമ്പർ | നിയമസഭാ സമ്മേളനം | ഉറപ്പ് നമ്പർ | സഭയിൽ ഉന്നയിക്കപ്പെട്ട ചോദ്യങ്ങളും ഉറപ്പുകളും | സർക്കാരിൽ നിന്ന് ലഭിച്ച സ്റ്റേറ്റ്മെന്റ് |
|---|---|---|---|---|
| 1 | 13/14 | 83 | സാന്ത്വനം പദ്ധതി നടത്തിപ്പിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്? | 2015-16 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ 750 ലക്ഷം രൂപ വകയിരുത്തിയിരുന്ന സാന്ത്വനം വാടക വീട് പദ്ധതി കോഴിക്കോട് മെഡിക്കൽ കോളേജിന് സമീപം ബോർഡിന്റെ ഉടമസ്ഥതയിലുള്ള ഭൂമിയിൽ 8.50 കോടി രൂപ പദ്ധതിച്ചെലവിൽ നടപ്പിലാക്കുന്നതിനായി ബോർഡ് സർക്കാർ അംഗീകാരം തേടിയെങ്കിലും ഭൂമി വിലയായ 1.78 കോടി രൂപ കഴിച്ച് ബാക്കിയുള്ള 6.72 കോടി രൂപയ്ക്കാണ് ഭരണാനുമതി ലഭ്യമായത്. ബോർഡിന്റെ ഉടമസ്ഥതയിലുള്ള ഭൂമിയിൽ രൂപകൽപ്പന ചെയ്തിരുന്ന ടി പദ്ധതി മെഡിക്കൽ കോളേജുകളിൽ ചികിത്സ തേടുന്ന രോഗികൾക്ക് കുറഞ്ഞ വാടക നിരക്കിൽ താമസ സൗകര്യം ലഭ്യമാക്കുന്നതിനുള്ള പദ്ധതിയായതിനാൽ ബോർഡിന് ഈ പദ്ധതിയിൽ നിന്നും വേണ്ടത്ര |

351

| | | | | |
|---|---|---|---|---|
| | | | | ആദായം ലഭ്യമാവില്ല. കൂടാതെ പദ്ധതി പൂർത്തിയായതിനു ശേഷം, വാർഷിക അറ്റകുറ്റപ്പണികൾ, പരിപാലനം, നികുതികൾ, ദൈനംദിന നടത്തിപ്പ് എന്നിവയ്ക്കായി ബോർഡിന് തനത് ഫണ്ടിൽ നിന്നും തുക ചെലവഴിക്കേണ്ടി വരും. ഇക്കാരണങ്ങളാൽ സർക്കാരിൽ നിന്നും ഭൂമി വില ലഭിക്കാതെ, 5 ലക്ഷം രൂപ/സെന്റ് മാർക്കറ്റ് വിലയുള്ള ബോർഡിന്റെ ഉടമസ്ഥതയിലുള്ള ഭൂമിയിൽ, നിലവിലെ സാഹചര്യത്തിൽ പദ്ധതി നടപ്പിലാക്കുന്നത് ബോർഡിന് കടുത്ത സാമ്പത്തിക ബാദ്ധ്യത വരുത്തുമെന്നതിനാൽ ഭൂമി വില കൂടി ഉൾപ്പെടുത്തിയ പദ്ധതിച്ചെലവിന് ഭരണാനുമതി ലഭ്യമാകാത്ത സാഹചര്യത്തിൽ ടി പദ്ധതി നടപ്പിലാക്കിയില്ല.<br><br>2017-18 സാമ്പത്തിക വർഷം ഇതേ ഉദ്ദേശ ലക്ഷ്യത്തോടെയുള്ള ആശ്വാസ് വാടക വീട് പദ്ധതി റവന്യൂ ഭൂമിയിൽ ബഡ്ജറ്റ് വിഹിതം വിനിയോഗിച്ച് നടപ്പിലാക്കാൻ അനുയോജ്യമായ റവന്യൂ ഭൂമി കണ്ടെത്തുന്നതിനുള്ള നടപടികൾ ജില്ലാ കളക്ടർമാരുമായി ബന്ധപ്പെട്ട് സ്വീകരിച്ചുവെങ്കിലും ആയത് പ്രാവർത്തികമായിട്ടില്ല. |

629/2025.

## XXVI. പിന്നാക്ക സമുദായ വികസന വകുപ്പ്

| ക്രമ നമ്പർ | നിയമസഭാ സമ്മേളനം | ഉറപ്പ് നമ്പർ | സഭയിൽ ഉന്നയിക്കപ്പെട്ട ചോദ്യങ്ങളും ഉറപ്പുകളും | സർക്കാരിൽ നിന്ന് ലഭിച്ച സ്റ്റേറ്റ്മെന്റ് |
|---|---|---|---|---|
| 1 | 13/13 | 11 | പട്ടികജാതി/പട്ടികവർഗ്ഗ ഉദ്യോഗാർത്ഥികളെ മത്സര പരീക്ഷകൾക്ക് സജ്ജരാക്കുന്നതിനുള്ള കോച്ചിംഗ് -കം -ഗൈഡൻസ് സെന്ററുകൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്ന മാതൃകയിൽ മറ്റ് പിന്നാക്ക സമുദായത്തിൽപ്പെടുന്ന കുട്ടികൾക്ക് ഉപയോഗപ്രദമാകുന്ന രീതിയിൽ എല്ലാ ജില്ലാ ആസ്ഥാനങ്ങളിലും ഇത്തരം സെന്ററുകൾ ആരംഭിക്കുന്നകാര്യം പരിഗണിക്കുമോ ; വിശദമാക്കുമോ ? | പിന്നാക്ക വിഭാഗത്തിൽപെട്ട വിദ്യാഭ്യാസ യോഗ്യത നേടിയിട്ടുള്ള ഉദ്യോഗാർത്ഥികൾക്ക് കേന്ദ്ര, സംസ്ഥാന സർവീസിലും പൊതുമേഖലാ സ്ഥാപനങ്ങളിലും ജോലി ലഭിക്കുന്നതിനായി മത്സരശേഷി വർദ്ധിപിച്ച് മെച്ചപ്പെട്ട ജീവിത സാഹചര്യങ്ങൾ നേടിയെടുക്കുന്നതിനായി പിന്നാക്ക വിഭാഗ വികസന വകുപ്പ് തൊഴിലവസരങ്ങൾ ഉയർത്തുന്ന പരിപാടി (Employability Enhancement Programme) വിഭാവനം ചെയ്തിട്ടുണ്ട്. ഇതിനായി 2017-18 സംസ്ഥാന ബഡ്ജറ്റിൽ ടി പദ്ധതിയുടെ നടത്തിപ്പിനായി സംസ്ഥാനം 650 ലക്ഷം രൂപ വകയിരുത്തി, തുക അനുവദിച്ചിട്ടുണ്ട്. |
| 2 | 13/14 | 101 | കണ്ണൂർ ജില്ലയിലെ വടക്കൻ മേഖലകളിലും കാസർഗോഡ് ജില്ലകളിലുമായി താമസിക്കുന്ന ഏറ്റവും ദരിദ്ര-അവശ ജനവിഭാഗമാണ് മുഖാരി/മുവാരി എന്നു പറയുന്ന വിഭാഗം | മുഖാരി / മൂവാരി വിഭാഗത്തെ സംസ്ഥാന ഒ.ബി.സി. ലിസ്റ്റിൽ ഉൾപ്പെടുത്തി 18-12-2018 -ന് സ.ഉ.(കൈ)നം.13/2018/പി.വി.വി.വ. നമ്പർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |

| | | | | |
|---|---|---|---|---|
| | | | കിർത്താഡ്സിനെ ഒഴിവാക്കി സമാനമായ മറ്റേതെങ്കിലും ഏജൻസിയെ ഉൾപ്പെടുത്തി ക്കൊണ്ട് റിപ്പോർട്ട് അടിയന്തരമായി കൊണ്ടുവന്ന് ഏറ്റവും അവശ ജനവിഭാഗമായ മുഖാരി/മുവാരി സമുദായത്തെ ഒ.ബി.സി. ലിസിറ്റിൽ ഉൾപ്പെടുത്തുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ? | |

## XXVII. കായിക യുവജനകാര്യ വകുപ്പ്

| ക്രമ നമ്പർ | നിയമസഭാ സമ്മേളനം | ഉറപ്പ് നമ്പർ | സഭയിൽ ഉന്നയിക്കപ്പെട്ട ചോദ്യങ്ങളും ഉറപ്പുകളും | സർക്കാരിൽ നിന്ന് ലഭിച്ച സ്റ്റേറ്റ്മെന്റ് |
|---|---|---|---|---|
| 1 | 14/2 | 2 | സ്കൂൾ തലത്തിൽ തന്നെ കായിക പ്രതിഭകളെ കണ്ടെത്തി ആവശ്യമായ പരിശീലനവും പ്രോത്സാഹനവും നൽകി ഒളിമ്പിക്സിൽ മെച്ചപ്പെട്ട പ്രകടനം നടത്താൻ പാകത്തിൽ മികച്ച കായിക താരങ്ങളാക്കി മാറ്റുന്നതിന് പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പാക്കുമോയെന്ന് വിശദീകരിക്കുമോ? | വിവിധ കായിക ഇനങ്ങളിൽ തൽപരരായ കുട്ടികളെ ചെറുപ്രായത്തിൽ കണ്ടെത്തി ബാസ്കറ്റ്ബോൾ, അത്‌ലറ്റിക്സ്, ഫുട്ബോൾ, നീന്തൽ, ജൂഡോ, ബോക്സിംഗ് എന്നീ കായിക ഇനങ്ങളിൽ അടിസ്ഥാന പരിശീലനം ലഭ്യമാക്കുന്നതിനായി കായിക യുവജനകാര്യാലയം മുഖേന ഗ്രാസ് റൂട്ട് പരിശീലന പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. കൂടാതെ, ആഭ്യന്തര അന്താരാഷ്ട്ര മൽസരങ്ങളിൽ നേട്ടങ്ങൾ |

| | | | | |
|---|---|---|---|---|
| | | | | കൈവരിച്ചവരും ഒളിമ്പിക്സ് പോലെയുള്ള അന്താരാഷ്ട്ര മത്സരങ്ങളിൽ മെഡൽ നേടാൻ പ്രാപ്തരുമായ കായിക താരങ്ങളെ കണ്ടെത്തി സാമ്പത്തിക സഹായം അനുവദിക്കുന്നതിനായി ഒളിമ്പ്യൻ സപ്പോർട്ട് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്.<br><br>സ്കൂൾ തലത്തിൽ തന്നെ കായിക പ്രതിഭകളെ കണ്ടെത്തി പരിശീലനവും പ്രോത്സാഹനവും നൽകി ഒളിമ്പിക്സിൽ മെച്ചപ്പെട്ട പ്രകടനം കാഴ്ചവയ്ക്കാൻ പാകത്തിൽ പ്രാപ്തമാക്കി മാറ്റുന്നതിന് വേണ്ടി സംസ്ഥാന സ്പോർട്സ് കൗൺസിലിന്റെ കീഴിൽ ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്ന പദ്ധതികൾ ചുവടെ ചേർത്തിരിക്കുന്നു.<br><br>1. <u>എലൈറ്റ് സ്കീം</u>: പ്രത്യേക മികവ് പ്രദർശിപ്പിക്കുന്ന കായിക താരങ്ങളെ ഏഷ്യൻ/കോമൺവെൽത്ത്/ഒളിമ്പിക്സ് എന്നീ രാജ്യാന്തര മത്സരങ്ങളിൽ മെഡൽ സാധ്യത ഉറപ്പാക്കുന്നതിന് പ്രാപ്തമാക്കുക എന്നതാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. |

| | | | | |
|---|---|---|---|---|
| | | | | (എ). അത് ലറ്റിക്സ്<br><br>കേരളത്തിലെ മികച്ച പ്രതിഭയുള്ള അത്‌ലറ്റുകളെ കണ്ടെത്തി കാര്യവട്ടം എൽ.എൻ.സി.പി.ഇ പരിശീലന കേന്ദ്രത്തിൽ പരിശീലനം നൽകി വരുന്നു. അന്തർ ദേശീയ നിലവാരത്തിലുള്ള കായിക സൗകര്യങ്ങളും, പരിശീലനവും മറ്റ് ഉന്നത നിലവാരത്തിലുള്ള അനുബന്ധ സൗകര്യങ്ങളും ടി പദ്ധതിയിൽ കായിക താരങ്ങൾക്ക് ലഭ്യമാക്കി വരുന്നുണ്ട്.<br><br>(ബി.) വോളിബോൾ - ഹൈ പെർഫോമൻസ് ട്രെയിനിംഗ് സെന്റർ<br><br>തൃശ്ശൂർ ജില്ലയിലെ തൃപ്പയാർ ഇൻഡോർ സ്റ്റേഡിയത്തിൽ ഒരു വോളിബോൾ അക്കാഡമി സ്ഥാപിക്കുകയും, പരിശീലനത്തിന് ആവശ്യമായ ആധുനിക കായിക ഉപകരണങ്ങൾ, മികച്ച പരിശീലകരുടെ സേവനം എന്നിവ ഉൾപ്പെടെ ആധുനിക നിലവാരത്തിലുള്ള കായിക സൗകര്യങ്ങളും മറ്റ് അനുബന്ധ സൗകര്യങ്ങളും ലഭ്യമാക്കി മികച്ച പരിശീലനം നൽകി വരുന്നു. |

| | | | | |
|---|---|---|---|---|
| | | | | (സി.)ബാസ്കറ്റ് ബോൾ<br><br>കണ്ണൂർ മുണ്ടയാട് ഇൻഡോർ സ്റ്റേഡിയത്തിൽ പ്രവർത്തിച്ചുവരുന്ന എലൈറ്റ് ബാസ്കറ്റ് ബോൾ പരിശീലന കേന്ദ്രത്തിൽ തെരെഞ്ഞെടുത്ത കായിക താരങ്ങൾക്ക് മികച്ച രീതിയിലുള്ള പരിശീലനം നൽകി വരുന്നു.<br><br>(ഡി.) ഫുട്ബോൾ<br><br>എലൈറ്റ് സ്കീമിലെ ഫുട്ബോൾ പരിശീലന കേന്ദ്രം എറണാകുളം, പനമ്പിള്ളി നഗർ സ്റ്റേഡിയത്തിൽ പ്രവർത്തിച്ചുവരുന്നു. തെരഞ്ഞെടുത്ത കായിക താരങ്ങൾക്ക് മികച്ച രീതീയിലുള്ള പരിശീലനം നൽകി വരുന്നു.<br><br>2. ജില്ലാ സ്പോർട്സ് അക്കാഡമികൾ, സ്കൂൾ സ്പോർട്സ് അക്കാഡമികൾ<br><br>ലോകോത്തര നിലവാരത്തിലുള്ള മികച്ച കായിക താരങ്ങളെ വാർത്തെടുക്കാനും കായിക താരങ്ങളെ ചെറുപ്രായത്തിൽ കണ്ടെത്തി വിദഗ്ധ പരിശീലനം നൽകുന്നതിലേക്കുമായി സംസ്ഥാനത്തൊട്ടാകെയുള്ള കായിക താരങ്ങളെ ഉൾപ്പെടുത്തി കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ, ജില്ലാ സ്പോർട്സ് |

| | | | | |
|---|---|---|---|---|
| | | | | അക്കാഡമികൾ, സ്കൂൾ സ്പോർട്സ് അക്കാഡമികൾ, കോളേജ് സ്പോർട്സ് അക്കാഡമികൾ എന്നീ സ്കീമുകൾ വഴി എട്ടാം ക്ലാസു മുതൽ ബിരുദാനന്തര ബിരുദം വരെയുള്ള യോഗ്യരായ കായിക താരങ്ങളെ മാനദണ്ഡങ്ങൾ പാലിച്ച് തെരഞ്ഞെടുത്ത് താമസവും പ്രത്യേക പോഷകാഹാരങ്ങൾ ഉൾപ്പെടുന്ന ഭക്ഷണവും കൂടാതെ പ്രഗത്ഭരായ പരിശീലകരുടെ കീഴിൽ വിദഗ്ദ്ധ പരിശീലനവും നൽകി വരുന്നു.<br><br>മേൽ സൂചിപ്പിച്ച പദ്ധതികൾക്ക് പുറമേ ദേശീയ, അന്തർദേശീയ തലങ്ങളിൽ മികവ് പുലർത്തിയ കായിക താരങ്ങൾക്ക് തുടർ പരിശീലനത്തിനുള്ള സാമ്പത്തിക സഹായവും, എ.പി.ജെ. അബ്ദുൾകലാം സ്കോളർഷിപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി സ്കോളർഷിപ്പും അനുവദിച്ചുവരുന്നു. |
| 2 | 14/13 | 29 | കായിക താരങ്ങൾക്കായി യുവജനക്ഷേമ ബോർഡ് വഴി ലഭ്യമാക്കുന്ന പദ്ധതികൾ ഏതൊക്കെ; ഇതിനായി സ്വീകരിക്കുന്ന മാനദണ്ഡങ്ങൾ വിശദമാക്കുമോ? | കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിന്റെ ആഭിമുഖ്യത്തിൽ 2019-20 സാമ്പത്തിക വർഷം 'യൂത്ത് ക്ലബ്ബുകൾ' എന്ന പദ്ധതിയുടെ ഭാഗമായി യുവജനക്ഷേമ ബോർഡുമായി സഹകരിച്ച് പ്രവർത്തിക്കുന്ന യുവജനങ്ങളുടെ കായികക്ഷമത മെച്ചപ്പെടുത്തുന്നതിനായി ജില്ലകളിലെ യൂത്ത്/ യുവാക്ലബ്ബുകളെ പങ്കെടുപ്പിച്ചുകൊണ്ട് ജില്ല/ |

| | | | | |
|---|---|---|---|---|
| | | | | സംസ്ഥാന തലങ്ങളിൽ സെവൻസ് ഫുട്ബോൾ മത്സരങ്ങൾ സംഘടിപ്പിച്ചു. ജില്ലാതലങ്ങളിൽ 1, 2, 3 സ്ഥാനങ്ങൾ നേടിയ ക്ലബ്ബുകൾക്ക് യഥാക്രമം 25,000, 10,000, 5,000 രൂപയും ട്രോഫിയും സമ്മാനം നൽകി. സംസ്ഥാനതല മത്സരത്തിൽ 1, 2, 3 സ്ഥാനങ്ങൾ നേടിയ ക്ലബ്ബുകൾക്ക് യഥാക്രമം 1,00,000, 50,000, 25,000 രൂപയും ട്രോഫിയും സമ്മാനം നൽകി. തിരുവനന്തപുരം ജില്ലയിലെ യൂത്ത്/യുവാക്ലബ്ബുകളെ സംഘടിപ്പിച്ച് കബഡി മത്സരം നടത്തി. എന്നാൽ ഫണ്ടിന്റെ അപര്യാപ്തത കാരണം മറ്റു പരിപാടികൾ 2019-20-ൽ സംഘടിപ്പിക്കുവാൻ കഴിഞ്ഞിട്ടില്ല.<br><br>എന്നാൽ 2021-22 സാമ്പത്തിക വർഷം നടപ്പിലാക്കിയ 'സ്പോർട്സ് കിറ്റ്' എന്ന പദ്ധതിയിലൂടെ യുവജനക്ഷേമ ബോർഡിൽ അഫിലിയേറ്റ് ചെയ്ത ക്ലബ്ബുകൾക്ക് കായിക ഉപകരണങ്ങൾ വാങ്ങുന്നതിന് ധനസഹായം അനുവദിച്ചിരുന്നു. ഇതുവഴി 899 യൂത്ത് ക്ലബ്ബുകൾക്കും (പൊതുവിഭാഗം) 403 യുവാക്ലബ്ബുകൾക്കും (എസ്.സി. എസ്.ടി. വിഭാഗം) കായിക ഉപകരണങ്ങൾ വാങ്ങുന്നതിനായി 8,000 രൂപ വീതം അനുവദിച്ചിട്ടുണ്ട്. |

## XXVIII. തൊഴിലും നൈപുണ്യവും വകുപ്പ്

| ക്രമ നമ്പർ | നിയമസഭാ സമ്മേളനം | ഉറപ്പ് നമ്പർ | സഭയിൽ ഉന്നയിക്കപ്പെട്ട ചോദ്യങ്ങളും ഉറപ്പുകളും | സർക്കാരിൽ നിന്ന് ലഭിച്ച സ്റ്റേറ്റ്മെന്റ് |
|---|---|---|---|---|
| 1 | 13/16 | 25 | മിനിമം വേതനം പുതുക്കുന്നതിന് ഒരു കാലയളവ് നിശ്ചയിച്ചിട്ടുണ്ട്. മിനിമം വേതനം പുതുക്കിയിട്ട് 5 വർഷം മുതൽ 8 വർഷം വരെയായ 33 മേഖലകളുണ്ടെന്നാണ് കണ്ടെത്തിയിട്ടുള്ളത്. ഇതിന് പരിഹാരം കാണുന്നതിന് നടപടി സ്വീകരിക്കുമോ? | കേരളത്തിൽ മിനിമം വേതന നിയമത്തിന്റെ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള 74 മേഖലകളിലാണ് വേതനം പുതുക്കി നിശ്ചയിക്കാനുള്ളത്. മിനിമം വേതനം പുതുക്കിയിട്ട് 5 വർഷം കഴിഞ്ഞ 15 മേഖലകളിൽ മിനിമം വേതനം പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. ബാക്കിയുള്ള 59 മേഖലകളിൽ 8 മേഖലകളിൽ പ്രാഥമിക വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. ശേഷിക്കുന്ന മേഖലകളിൽ മിനിമം വേതനം പുതുക്കി നിശ്ചയിക്കുന്നതിന് മിനിമം വേതന ഉപദേശക സമിതിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| 2 | 13/16 | 27 | തോട്ടം തൊഴിലാളികളുടെ വേതന-സേവന വ്യവസ്ഥകൾ പരിഷ്കരിക്കുമെന്നും ചികിത്സ, ഗതാഗതം, കുടിവെള്ളം, വിദ്യാഭ്യാസം, ഭവനം എന്നിവ ലയങ്ങളിൽ ലഭ്യമാക്കുവാനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുമെന്ന വാഗ്ദാനങ്ങൾ നടപ്പാക്കാൻ | തോട്ടം മേഖലയിലെ വിവിധ പ്രശ്നങ്ങളും ആയതിനുള്ള പരിഹാര നിർദ്ദേശങ്ങളും പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി സർക്കാർ നിയോഗിച്ച റിട്ടയേർഡ് ജസ്റ്റിസ് കൃഷ്ണൻ നായർ കമ്മീഷൻ റിപ്പോർട്ടിൽ ഏഴാം നമ്പർ നിർദ്ദേശമായി തോട്ടം തൊഴിലാളികൾക്ക് ഇ.എസ്.ഐ. സ്കീം |

| | | | | |
|---|---|---|---|---|
| | | | കഴിഞ്ഞിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ? | നടപ്പിലാക്കണമെന്ന് ശിപാർശ ചെയ്തിട്ടുണ്ട്. കൃഷ്ണൻ നായർ കമ്മീഷൻ റിപ്പോർട്ട് നടപ്പിലാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനായി 18-6-2017 -ലെ സ.ഉ. (എം.എസ്.) 44/2017/തൊഴിൽ നമ്പർ ഉത്തരവ്വ പ്രകാരം ചീഫ് സെക്രട്ടറി ചെയർമാനായി ഒരു ഉന്നതതല കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ടി കമ്മിറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തുടർനടപടി സ്വീകരിച്ചുവരുന്നു.<br><br>1951-ലെ പ്ലാന്റേഷൻ ലേബർ ആക്റ്റ് 1951-ലെ പ്ലാന്റേഷൻ ലേബർ റൂൾസ് എന്നിവ പ്രകാരം തോട്ടം മേഖലയിലെ തൊഴിലാളികൾക്ക് ആവശ്യമായ ക്ഷേമ പ്രവർത്തനങ്ങളായ മെഡിക്കൽ സൗകര്യം, ആശുപത്രി, താമസസൗകര്യം, കുടിവെള്ളം, വിദ്യാഭ്യാസം, ക്രഷ്, സിക്ക്നസ് ബെനിഫിറ്റ്, വെതർ പ്രൊട്ടക്റ്റീവ് തുടങ്ങിയവ തോട്ടം ഉടമകൾ നൽകണമെന്ന് വ്യവസ്ഥയുണ്ട്.<br><br>തോട്ടം തൊഴിലാളികൾക്ക് ലഭിക്കേണ്ട മെഡിക്കൽ ആനുകൂല്യങ്ങളെ കുറിച്ച് പരാമർശിക്കുന്നത് പ്ലാന്റേഷൻ ലേബർ ആക്റ്റ് 10-ലും പ്ലാന്റേഷൻ ലേബർ റൂൾസ് 32-40 വരെയുമാണ്. തോട്ടം തൊഴിലാളികളെ ഇ.എസ്.ഐ. പദ്ധതിയിൽ ഉൾപ്പെടുത്തുവാൻ ഈ നിയമത്തിലും, |

| | | | | |
|---|---|---|---|---|
| | | | | ചട്ടങ്ങളിലുമാണ് ഭേദഗതി വരുത്തേണ്ടതെന്ന് കാണുന്നു. ടി ആവശ്യത്തിലേക്കായി പ്ലാന്റേഷൻ ലേബർ ആക്റ്റ് വകുപ്പ് 10-ൽ വരുത്തേണ്ട ഭേദഗതി കേന്ദ്ര സർക്കാർ തലത്തിലും ചട്ടങ്ങളിൽ ഭേദഗതി വരുത്തേണ്ടത് സംസ്ഥാന സർക്കാരുമാണ്.<br><br>ഇ.എസ്.ഐ. പദ്ധതി തോട്ടം മേഖലയിൽ നടപ്പിലാക്കിയാൽ ആകെ പ്രീമിയം തുകയായ 6.50%- ൽ 1.75 % തൊഴിലാളിയും 4.75% ഉടമയും വിഹിതമായി അടയ്ക്കേണ്ടതുണ്ട്. പദ്ധതി ആരംഭിക്കുന്ന ആദ്യത്തെ 2 വർഷങ്ങളിൽ തുക 1% ഉം 3% ഉം ആണ്. തോട്ടം മേഖലയിലെ സാമ്പത്തിക പ്രതിസന്ധിയും, വിളകളുടെ വിലക്കുറവും തൊഴിലാളികളുടെ മറ്റ് മേഖലകളെ അപേക്ഷിച്ചുള്ള കൂലി കുറവും മൂലം ഇ.എസ്.ഐ. പ്രീമിയം തുക ഈടാക്കുന്നത് തൊഴിലാളികളുടെ സാമ്പത്തിക ഭാരം വർദ്ധിപ്പിക്കുവാൻ ഇടയുണ്ട്. മാത്രമല്ല ഇത് തൊഴിലാളികളുടെ എതിർപ്പിന് കാരണമാകും. നിലവിൽ തൊഴിലാളികളുടെ ചികിത്സാ ചെലവ് പൂർണ്ണമായും വഹിക്കേണ്ടത് തോട്ടം ഉടമകളാണ്. കൂടാതെ പ്ലാന്റേഷൻ ആശുപത്രികളിൽ ജോലി ചെയ്യുന്ന മെഡിക്കൽ വിഭാഗം ജീവനക്കാരുടെ പുനരധിവാസവും പരിഗണിക്കേണ്ടതുണ്ട്. |

| | | | | |
|---|---|---|---|---|
| | | | | ഭൂരിഭാഗം തോട്ടങ്ങളും സ്ഥിതി ചെയ്യുന്നത് വാഹന സൗകര്യം കുറവായ വിദൂര മലമ്പ്രദേശങ്ങളിലാണ്. തോട്ടങ്ങളുടെ സമീപ പ്രദേശങ്ങളിൽ നിലവിൽ ഇ.എസ്.ഐ. ആശുപത്രികൾ ഇല്ല, നിലവിലുള്ള വ്യവസ്ഥകൾ പ്രകാരം പത്തോ അതിൽ കൂടുതലോ തൊഴിലാളികളുള്ളതും, തൊഴിലാളി- തൊഴിലുടമ ബന്ധമുള്ള സ്ഥാപനങ്ങളും ഇ.എസ്.ഐ. നോട്ടിഫൈഡ് ഏരിയായിൽ ഉൾപ്പെടുന്ന സ്ഥാപനങ്ങളിലുമാണ് ഇ.എസ്.ഐ. പദ്ധതി നടപ്പിലാക്കുന്നത്. ഇ.എസ്.ഐ. ആശുപത്രി/ ഡിസ്പെൻസറിയുടെ 10 കിലോമീറ്റർ ചുറ്റളവിലുള്ള വില്ലേജുകൾ ഉൾപ്പെടുന്ന പ്രദേശങ്ങൾ മാത്രമാണ് ഇപ്പോൾ ഇ.എസ്.ഐ പരിധിയിൽ വരുന്നത്.<br><br>2015-ലെ കേരള പ്ലാന്റേഷൻ ലേബർ റൂൾസിലെ ഭേദഗതി പ്രകാരം തോട്ടങ്ങളുമായി അറ്റാച്ച് ചെയ്ത് പ്രവർത്തിക്കുന്ന സ്വകാര്യ ആശുപത്രികളിലെയോ, ഗാർഡൻ ആശുപത്രികളിലെയോ ഡോക്ടർമാർ ശിപാർശ ചെയ്യുന്നപക്ഷം ഒരു തൊഴിലാളിക്കോ / ആശ്രിതനോ തോട്ടത്തിന് പുറമെയുള്ള ആശുപത്രികളിൽ അടിയന്തിര ഘട്ടത്തിലും സ്പെഷ്യൽ ചികിത്സയ്ക്കോ, അൾട്രാ സൗണ്ട് സ്കാനിംഗ്, എൻഡോസ്കോപ്പി, ആൻജിയോഗ്രാം, |

| | | | | |
|---|---|---|---|---|
| | | | | ആൻജിയോപ്ലാസ്റ്റി തുടങ്ങിയ പരിശോധനകൾക്കോ ചെലവാകുന്ന തുക ഉടമ റീ-ഇംബേഴ്സ് ചെയത് തൊഴിലാളികൾക്ക് നൽകുവാൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്.<br>26-9-2015-ലെ ചീഫ് ഇൻസ്പെക്ടർ ഓഫ് പ്ലാന്റേഷൻസ് ഓഫീസിൽ ചേർന്ന പ്ലാന്റേഷൻ ലേബർ കമ്മിറ്റി യോഗത്തിൽ തൊഴിലാളികളിൽ നിന്നും വിഹിതം പിടിക്കാതെ വിഹിതം പൂർണ്ണമായും തൊഴിലുടമകളിൽ നിന്നും പിടിച്ച് ഇ.എസ്.ഐ. പദ്ധതി നടപ്പാക്കണമെന്ന് അഭിപ്രായം ഉയർന്നിരുന്നു. എന്നാൽ ഇ.എസ്.ഐ. ആശുപത്രികളുടെ ലിസ്റ്റ് പരിശോധിച്ചതിൽ തോട്ടങ്ങൾ കൂടുതലായി ഉള്ള ഇടുക്കി ജില്ലയിലും വയനാട് ജില്ലയിലും നിലവിൽ ഇ.എസ്.ഐ. ആശുപത്രികൾ ഉള്ളതായി കാണുന്നില്ല. നിലവിലെ എംപാനൽ ആശുപത്രികളുടെ ലിസ്റ്റ് പരിശോധിച്ചതിൽ തോട്ടം തൊഴിലാളികൾ കൂടുതൽ ഉള്ള ഇടുക്കി ജില്ലയിൽ എംപാനൽ ആശുപത്രികൾ ഒന്നും തന്നെ ഉള്ളതായി കാണുന്നില്ല, ഈ സാഹചര്യത്തിൽ ശിപാർശ ചെയ്തിരിക്കുന്ന വിധത്തിൽ തോട്ടം തൊഴിലാളികൾക്ക് ഇ.എസ്.ഐ./ റഫറൽ സൗകര്യം ലഭിക്കുന്നതിന് |

| | | | | |
|---|---|---|---|---|
| | | | | തോട്ടം മേഖലയിൽ ഇ.എസ്.ഐ. ആശുപത്രികളും എംപാനൽ ആശുപത്രികളും അധികമായി സ്ഥാപിക്കേണ്ടതിന് ഇ.എസ്.ഐ. കോർപ്പറേഷനു മായി ബന്ധപ്പെട്ട് നടപടികൾ സ്വീകരിക്കുന്നതിന്റെ ഭാഗമായി ഇടുക്കി, വയനാട് ജില്ലകളിൽ 30 കിടക്കകളുള്ള ആശുപത്രി തുടങ്ങുന്നതിനായി ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് ഡയറക്ടർ പ്രോജക്ട് ഇംപ്ലിമെന്റേഷൻ പ്ലാനിൽ ഉൾപ്പെടുത്തി പ്രൊപോസൽ ഇ.എസ്.ഐ. കോർപ്പറേഷൻ മുമ്പാകെ സമർപ്പിച്ചിരുന്നുവെങ്കിലും ആയതിന് ഇ.എസ്.ഐ. കോർപ്പറേഷൻ അനുമതി നൽകിയില്ല. വയനാട് ജില്ലയിലെ സുൽത്താൻ ബത്തേരി, മാനന്തവാടി, എന്നീ സ്ഥലങ്ങളിലും ഇടുക്കി ജില്ലയിലെ കണ്ണൻ ദേവൻ ഹിൽസ്, പീരുമേട്, മന്നാംകണ്ടം, കട്ടപ്പന, കുമളി എന്നീ സ്ഥലങ്ങളിലും പുതിയ ഏക ഡോക്ടർ ടൈപ്പ് ഇ.എസ്.ഐ. ഡിസ്പെൻസറികൾ ആരംഭിക്കുന്ന തിന് സ.ഉ. (കൈ.) നം. 75/2017/തൊഴിൽ തീയതി 15-9-2017 പ്രകാരം അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. വയനാട് ജില്ലയിൽ സെക്കൻഡറി കെയർ സ്പെഷ്യാലിറ്റി ചികിത്സാ സേവനം ഇ.എസ്.ഐ. ഗുണോഭോക്താക്കൾക്ക് |

| | | | | |
|---|---|---|---|---|
| | | | | നൽകുന്നതി നായി ഒരു സ്വകാര്യ ആശുപത്രിയെ എംപാനൽ ചെയ്തിട്ടുമുണ്ട്.<br>നിലവിൽ കേരള സർക്കാർ നടപ്പിലാക്കിവരുന്ന ചിസ് ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി ബോർഡ് അംഗങ്ങളും പെൻഷൻകാരും ഉൾപ്പെട്ടിട്ടുണ്ട്. |
| 3 | 14/1 | 47 | കേരളത്തിൽ ജോലി ചെയ്യുന്ന ഇതര സംസ്ഥാന തൊഴിലാളികളുടെ വിവര ശേഖരണം കൃത്യമായി നിർവ്വഹിക്കുന്നതിന് ഫലപ്രദമായ നടപടി കൈക്കൊള്ളു മോയെന്ന് വ്യക്തമാക്കുമോ ? | ഇതര സംസ്ഥാന തൊഴിലാളികളുടെ വിവര ശേഖരണവും രജിസ്ട്രേഷനും നടത്തി തിരിച്ചറിയൽ കാർഡ് നൽകി ആരോഗ്യ പരിരക്ഷ ഉറപ്പുവരുത്തുന്നതിന് ലക്ഷ്യമിട്ടുകൊണ്ട് 27-10-2016-ലെ സർക്കാർ ഉത്തരവ് നം.(സാധാ.).1325/2016/ തൊഴിൽ ഉത്തരവു പ്രകാരം, ആവാസ് എന്ന പദ്ധതിയ്ക്ക് രൂപം കൊടുത്തിട്ടുണ്ട്. ഇതര സംസ്ഥാനങ്ങളിൽ നിന്നും കേരളത്തിലെത്തി വിവിധ മേഖലകളിൽ ജോലി ചെയ്യുന്ന 18 വയസ്സിനും 60 വയസ്സിനും ഇടയിലുള്ള തൊഴിലാളികളാണ് 'ആവാസ്' പദ്ധതിയുടെ പരിധിയിൽ വരുന്നത്. 15,000 രൂപയുടെ ആരോഗ്യ ഇൻഷ്വറൻസും 2,00,000 രൂപയുടെ അപകടമരണ ഇൻഷ്വറൻസുമാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരി ക്കുന്നത്. സംസ്ഥാനത്തെ എല്ലാ ജില്ലകളിലും ജില്ലാ ലേബർ ഓഫീസർ (എൻഫോഴ്സ്മെന്റ്)-ന്റെ നേതൃത്വത്തിൽ എൻറോൾമെന്റ് ക്യാമ്പുകൾ |

| | | | | |
|---|---|---|---|---|
| | | | | സംഘടിപ്പിച്ചുവരുന്നു. ഇതിന്റെ ഭാഗമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ വാർഡ് മെമ്പർമാരുടെയും പൊതുപ്രവർത്തകരുടെയും വ്യാപാരി വ്യവസായി സംഘടനകളുടെയും സഹായത്തോടുകൂടി ഇതര സംസ്ഥാന തൊഴിലാളികൾ കൂട്ടത്തോടെ അധിവസിക്കുന്ന/ തൊഴിലെടുക്കുന്ന മേഖലകൾ സന്ദർശിച്ച് എൻറോൾമെന്റ് നടത്തി വരികയാണ്. ഈ രജിസ്ട്രേഷൻ ഒരു തുടർ പ്രക്രിയയാണ്. സർക്കാർ നൽകിയ തിരിച്ചറിയൽ രേഖയുടെ അടിസ്ഥാനത്തിൽ ജില്ലകളിൽ നടത്തുന്ന എൻറോൾമെന്റ് ക്യാമ്പുകളിൽ രജിസ്ട്രേഷൻ നടത്തുകയും അതിനൊപ്പം തിരിച്ചറിയൽ കാർഡുകൾ വിതരണം ചെയ്യുന്നുമുണ്ട്. 29-5-2018 തീയതി വരെ കേരളത്തിൽ ജോലി ചെയ്യുന്ന 2,65,960 ഇതര സംസ്ഥാന തൊഴിലാളികൾക്ക് രജിസ്ട്രേഷൻ കാർഡ് നൽകിയിട്ടുണ്ട്. |
| 4 | 14/1 | 65 | ലേബർ വകുപ്പിന്റെ ഇതര സംസ്ഥാന തൊഴിലാളി രജിസ്ട്രേഷൻ നടപടികൾ വേഗത്തിൽ വ്യപിപ്പിക്കാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴി രജിസ്ട്രേഷൻ നടത്തുകയും അതത് | ഇതര സംസ്ഥാന തൊഴിലാളികളുടെ വിവര ശേഖരണവും രജിസ്ട്രേഷനും നടത്തി തിരിച്ചറിയൽ കാർഡ് നൽകി ആരോഗ്യ പരിരക്ഷ ഉറപ്പുവരുത്തുന്നതിന് ലക്ഷ്യമിട്ടുകൊണ്ട് 27-10-2016-ലെ സർക്കാർ ഉത്തരവ് നം.(സാധാ).1325/ 2016/ |

| | | | | |
|---|---|---|---|---|
| | | | പോലീസ് സ്റ്റേഷൻ അതിർത്തിയിൽ പരിശോധനയ്ക്ക് പോലീസിനെ ചുമതലപ്പെടുത്തുകയും ചെയ്യുന്നതിനെക്കുറിച്ച് നിലപാട് അറിയിക്കുമോ? | തൊഴിൽ ഉത്തരവ് പ്രകാരം, ആവാസ് എന്ന പദ്ധതിയ്ക്ക് രൂപം കൊടുത്തിട്ടുണ്ട്. ഇതര സംസ്ഥാനങ്ങളിൽ നിന്നും കേരളത്തിലെത്തി വിവിധ മേഖലകളിൽ ജോലി ചെയ്യുന്ന 18 വയസ്സിനും 60 വയസ്സിനും ഇടയിലുള്ള തൊഴിലാളികളാണ് 'ആവാസ്' പദ്ധതിയുടെ പരിധിയിൽ വരുന്നത്. ആവാസ് പദ്ധതിയുടെ പ്രവർത്തനങ്ങൾക്ക് തുടർനിർദ്ദേശം നൽകുന്നതിനും ബന്ധപ്പെട്ട വകുപ്പുകളുടെ ഏകോപനം സാദ്ധ്യമാക്കുന്നതിനും പദ്ധതിയുടെ പുരോഗതി മോണിറ്ററിംഗ് ചെയ്യുന്നതിനുമായി എല്ലാ ജില്ലയിലും, ജില്ലാ കളക്ടർ ചെയർമാനായും, ജില്ലാ ലേബർ ഓഫീസർ (എൻഫോഴ്സ്മെന്റ്) കൺവീനറായും ജില്ലാ മെഡിക്കൽ ഓഫീസർ, പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ജില്ലാ പോലീസ് മേധാവി, ഫാക്ടറീസ് ആൻഡ് ബോയിലേഴ്സ് ഇൻസ്പെക്ടർ ഗ്രേഡ്-1 എന്നിവർ അംഗങ്ങളായും ജില്ലാതല മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. സംസ്ഥാനത്തെ എല്ലാ ജില്ലകളിലും ജില്ലാ ലേബർ ഓഫീസർ (എൻഫോഴ്സ്മെന്റ്)-ന്റെ നേതൃത്വത്തിൽ എൻറോൾമെന്റ് ക്യാമ്പുകൾ സംഘടിപ്പിച്ചുവരുന്നു. 29-5-2018 |

| | | | | |
|---|---|---|---|---|
| | | | | തീയതി വരെ കേരളത്തിൽ ജോലി ചെയ്യുന്ന 2,65,960 ഇതര സംസ്ഥാന തൊഴിലാളികൾക്ക് രജിസ്ട്രേഷൻ കാർഡ് നൽകിയിട്ടുണ്ട്. |
| 5 | 14/2 | 3 | മിനിമം വേതനം പുതുക്കി നിശ്ചയിച്ചിട്ട് ആറ് മുതൽ എട്ട് വരെ വർഷം കഴിഞ്ഞ 33 മേഖലകളിൽ മുൻ സർക്കാർ മിനിമം വേതനം പുതുക്കിയിരുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br>മിനിമം വേതനം നിശ്ചയിച്ചിട്ടുള്ള വിവിധ മേഖലകൾക്ക് പുറത്തുള്ള സംഘടിത മേഖലയിലെ തൊഴിലാളികളുടെ വേതന പരിഷ്കരണത്തിനായി ഈ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ അറിയിക്കാമോ? | സംഘടിത മേഖലകളിൽ സാധാരണ, മിനിമം വേതനത്തേക്കാൾ ഉയർന്ന വേതനമാണ് നിശ്ചയിച്ച് കണ്ടുവരുന്നത്. പ്രസ്തുത മേഖലകളിൽ ദീർഘകാല കരാർ, കൺസിലിയേഷൻ സെറ്റിൽമെന്റ്, ഉഭയകക്ഷി കരാർ എന്നിവ പ്രകാരമാണ് വേതന നിരക്കിലുള്ള വർധനവ് നിശ്ചയിക്കുന്നത്. ആയതിന് നിയമസാധുതയുള്ളതാണ്. മിനിമം വേതനത്തേക്കാൾ ഉയർന്ന വേതന നിരക്ക് നിലവിലുള്ള മേഖലകളിൽ ഫെയർ വേജസ് നിശ്ചയിക്കുന്നതിന് നിയമം കൊണ്ടുവരുന്നതിനുള്ള നടപടികൾ സർക്കാർ പരിഗണനയിലാണ്. |
| 6 | 14/4 | 31 | സംസ്ഥാനത്തെ ഐ.ടി.ഐ. കളിൽ നിലവിലുള്ള കോഴ്സുകൾക്ക് പുറമേ കാലാനുസൃതമായി മാറിയ തൊഴിൽ മേഖലകളിൽ പണിയെടുക്കുന്നതിനായി വൈദഗ്ധ്യം ഉള്ള തൊഴിലാളികളെ | ഐ.ടി.ഐകളിൽ നിലവിലുള്ള കോഴ്സുകൾ ക്രാഫ്റ്റ്സ്മാൻ ട്രെയിനിംഗ് സ്കീമിലാണ് (CTS) നടത്തപ്പെടുന്നത്. ഈ സ്കീമിന് കീഴിലുള്ള കോഴ്സുകളും ആയതിന്റെ സിലബസുകളും തയ്യാറാക്കുന്നതും കാലോചിതമായി പരിഷ്കരിക്കുന്നതും കേന്ദ്ര |

| | | | | |
|---|---|---|---|---|
| | | | ലഭ്യമാക്കുന്നതിന് സഹായകമായി പുതിയ കോഴ്സുകൾ ആരംഭിക്കുന്നതിന് സർക്കാർ ആലോചിക്കുന്നുണ്ടോ ;<br>എങ്കിൽ അവയുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ? | സർക്കാരിന്റെ കീഴിലുള്ള ഡയറക്ടേറ്റ് ഓഫ് ട്രെയിനിംഗ് (ഡി.ജി.റ്റി.) രൂപീകരിച്ചിട്ടുള്ള നാഷണൽ കൗൺസിൽ ഫോർ വൊക്കേഷണൽ ട്രെയിനിംഗ് (NCVT) ആണ്. കോഴ്സുകൾ നാഷണൽ കൗൺസിൽ ഫോർ വൊക്കേഷണൽ ട്രെയിനിംഗ് പരിഷ്കരിക്കുന്നതനുസരിച്ച് സംസ്ഥാനത്തെ ഐ.ടി.ഐകളിൽ കോഴ്സുകൾ പരിഷ്ക്കരിക്കുന്നുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം വിവിധ ഐ.ടി.ഐകളിലെ കാലഹരണപ്പെട്ടതും, തൊഴിൽ സാധ്യത കുറഞ്ഞതുമായ വിവിധ ട്രേഡുകളിലെ 271 യൂണിറ്റുകൾ റീ-വാമ്പിങ്ങിന്റെ ഭാഗമായി നിർത്തലാക്കി പകരം തൊഴിൽ സാധ്യത കൂടിയ 271 യൂണിറ്റുകൾ ആരംഭിച്ചിട്ടുണ്ട്. PLEP എന്നത് നിലവിൽ സംസ്ഥാനത്ത് നടപ്പിലാക്കിവരുന്ന എംപ്ലോയബിലിറ്റി സെന്റർ PMKVY, DDUGKY, ASAP എന്നീ സ്കില്ലിംഗ് പ്രോഗ്രാമുകൾക്ക് സമാനമായ പദ്ധതി ആയതിനാൽ ഇത്തരത്തിൽ ഒരു പ്രോജക്ട് നടത്തുന്നതിൽ പ്രസക്തിയില്ലായെന്ന് മനസ്സിലാക്കി ടി പദ്ധതി ഉപേക്ഷിച്ചിട്ടുണ്ട്. |

| | | | | |
|---|---|---|---|---|
| 7 | 14/4 | 58 | ലേബർ ഓഫീസിന്റെ പരിധിയിലുള്ള സ്വകാര്യ സ്ഥാപനങ്ങളിലെ തൊഴിലാളികളുടെ 2017 ജനുവരി മുതലുള്ള ശമ്പളം വേജ് പ്രൊട്ടക്ഷൻ സിസ്റ്റം വഴി വിതരണം ചെയ്യാത്ത സ്ഥാപന ഉടമകൾക്കെതിരെ ശിക്ഷാനടപടിക്ക് വ്യവസ്ഥയുണ്ടോ? എങ്കിൽ വിശദാംശം നൽകുമോ? | നിശ്ചയിച്ചിട്ടുള്ള മിനിമം വേതനം നല്കാതിരുന്നാൽ പിഴശിക്ഷ 500 രൂപയിൽ നിന്ന് ഒരു ലക്ഷമാക്കി വർദ്ധിപ്പിച്ചുകൊണ്ടും മിനിമം വേതന നിയമം/ ചട്ടങ്ങൾ എന്നിവയിലെ വ്യവസ്ഥകളുടെ ലംഘനങ്ങൾക്കുള്ള പിഴശിക്ഷ ഒരു തൊഴിലാളിക്ക് 2,000 രൂപയെന്ന വ്യവസ്ഥയ്ക്ക് വിധേയമായി 2 ലക്ഷം രൂപ വരെയാക്കി ഉയർത്തിക്കൊണ്ടും 1948- ലെ മിനിമം വേതന നിയമത്തിന് 2017-ൽ സംസ്ഥാന ഭേദഗതി വരുത്തിയിട്ടുണ്ട്, അതിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു. |
| 8 | 14/5 | 25 | സ്വകാര്യമേഖലയിലെ നഴ്സുമാരുടെ വേതനം വർദ്ധിപ്പിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ? | സ്വകാര്യ ആശുപത്രികളിൽ സേവനമനുഷ്ഠിക്കുന്ന നേഴ്സുമാരടക്കമുള്ള ജീവനക്കാരുടെ മിനിമം വേതനം 23-4-2018-ലെ സ.ഉ(പി)നം.33/2018/തൊഴിൽ നമ്പർ ഉത്തരവ് പ്രകാരം പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. |
| 9 | 14/7 | 11 | എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ എംപ്ലോയബിലിറ്റി സെന്ററുകൾ ആക്കി മാറ്റുവാൻ ഉദ്ദേശിക്കുന്നുണ്ടോ; കേരള | തൃശ്ശൂർ, മലപ്പുറം, കാസർഗോഡ് ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളോടൊപ്പം എംപ്ലോയബിലിറ്റി സെന്ററുകൾ യഥാക്രമം 19-8-2017, 5-1-2018, 9-6-2018 |

| | | | | |
|---|---|---|---|---|
| | | | അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് (കേയ്സ്) നടത്തുന്ന പ്രവർത്തനങ്ങൾ അറിയിക്കുമോ? | തീയതികളിൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. അതോടൊപ്പം കൊല്ലം, കോട്ടയം, ആലപ്പുഴ, എറണാകുളം, തൃശ്ശൂർ, മലപ്പുറം, പാലക്കാട്, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് എന്നിങ്ങനെ 10 ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളോടൊപ്പവും എംപ്ലോയബിലിറ്റി സെന്ററുകൾ പ്രവർത്തിച്ചുവരുന്നു. അവശേഷിക്കുന്ന പത്തനംതിട്ട, ഇടുക്കി, വയനാട്, തിരുവനന്തപുരം എന്നീ ജില്ലകളിൽ എംപ്ലോയബിലിറ്റി സെന്ററുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരികയാണ്. സർക്കാർ വക സ്ഥലം / കെട്ടിടം, സെന്റർ തുടങ്ങാൻ ആവശ്യമായ ഫണ്ട് എന്നിവയുടെ ലഭ്യത അനുസരിച്ചു ഈ ജില്ലകളിൽ എംപ്ലോയബിലിറ്റി സെന്ററുകൾ ആരംഭിക്കുന്നതാണ്. |
| 10 | 14/11 | 13 | സ്വകാര്യ ആശുപത്രികളിലെ നഴ്സുമാർക്ക് ന്യായ വേതനം ഉറപ്പാക്കാനായി സ്വീകരിച്ച നടപടികൾ അറിയിക്കാമോ; നഴ്സുമാർ ഉൾപ്പെടെയുള്ള ആശുപത്രി ജീവനക്കാർക്ക് നിലവിലുണ്ടായിരുന്ന | സ്വകാര്യ ആശുപത്രിയിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ കുറഞ്ഞ കൂലി നിരക്കുകൾ പുതുക്കി നിശ്ചയിച്ചുകൊണ്ട് പുറപ്പെടുവിച്ച 23-4-2018-ലെ സ.ഉ.(അ) നം. 33/2018/തൊഴിൽ പ്രകാരമുള്ള വിജ്ഞാപനം നടപ്പിലാക്കുന്നതിനെതിരെ ബഹു. |

| | | | | |
|---|---|---|---|---|
| | | | വേതനവും സർക്കാർ പുതുക്കി നിശ്ചയിച്ച വേതനവും എത്രയെന്ന് അറിയിക്കാമോ;<br>സർക്കാരിന്റെ വിജ്ഞാപനത്തെ ചോദ്യം ചെയ്തുകൊണ്ട് ആശുപത്രി ഉടമകൾ നൽകിയ കേസ് തള്ളിയിട്ടും വിജ്ഞാപന പ്രകാരം നിശ്ചയിച്ച വേതനം നൽകാത്ത സ്ഥാപനങ്ങൾക്കെതിരെ കർശന നടപടിയെടുക്കുമോ? | ഹൈക്കോടതിയിൽ 17 കേസുകൾ നിലവിലുണ്ട്. ടി കേസുകളിൽ, വിവിധ സ്വകാര്യ ആശുപത്രികൾ ഫയൽ ചെയ്ത 2018-ലെ 15059, 7503, 9634, 14349, 14778, 15198, 15243, 19105, 24067 എന്നീ നമ്പർ റിട്ട് ഹർജികളിലെ 10-7-2018-ലെ ഉത്തരവ് പ്രകാരം, ടി കേസുകളിൽ അന്തിമ തീരുമാനമാകുന്നതുവരെ, സ.ഉ.(അ)നം.33/2018/ തൊഴിൽ പ്രകാരം സർക്കാർ ടി സ്ഥാപനങ്ങൾക്കെതിരെ നിർബന്ധിത നടപടി (coercive steps) എടുക്കുന്നതിൽ സ്റ്റേ നിലനിൽക്കുകയാണ്. മറ്റു കേസുകളിലും ടി വിജ്ഞാപനത്തിനെതിരെ സ്റ്റേ നിലനിൽക്കുന്നുണ്ട്. മേൽ പ്രകാരമുള്ള സ്റ്റേ ഒഴിവാക്കുന്നതിന് വേണ്ട നടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നു. |
| 11 | 14/13 | 35 | സംസ്ഥാനത്തെ തോട്ടം മേഖലയിൽ പ്രവർത്തിക്കുന്ന തോട്ടം തൊഴിലാളികൾക്ക് ഇ.എസ്.ഐ. ആനുകൂല്യം നൽകുന്ന കാര്യം പരിഗണനയിൽ ഉണ്ടോ? | തോട്ടം മേഖലയിൽ ഇ.എസ്.ഐ. സ്കീം നടപ്പിലാക്കുന്നത് സംബന്ധിച്ച് കേന്ദ്രസർക്കാരിന്റെ പുതിയ സോഷ്യൽ സെക്യൂരിറ്റികോഡിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ |

| | | | | |
|---|---|---|---|---|
| | | | എങ്കിൽ ഇതിന്റെ നടപടി ക്രമങ്ങൾ ആരംഭിച്ചിട്ടുണ്ടോ എന്നറിയിക്കാമോ? | സോഷ്യൽ സെക്യൂരിറ്റികോഡ് പ്രാബല്യത്തിൽ വരുന്നതോടു കൂടി തോട്ടം മേഖലയും ഇ.എസ്.ഐ. പദ്ധതിയിൽ ഉൾപ്പെടുന്നതാണ്. |
| 12 | 14/15 | 91 | സർക്കാർ ആവിഷ്കരിച്ച നടപ്പിലാക്കുന്ന മദ്യനയം പരമ്പരാഗത തൊഴിൽ മേഖലയിൽ പ്രമുഖമായിരുന്ന കള്ളുചെത്തു വ്യവസായത്തെ പുനരുദ്ധരിക്കാൻ എത്ര മാത്രം പ്രയോജനപ്രദമായിട്ടുണ്ട്? | സംസ്ഥാനത്തെ പരമ്പരാഗത കള്ള് വ്യവസായം പ്രോത്സാഹിപ്പിക്കുന്നതിനും വികസിപ്പിക്കുന്നതിനുമായി കള്ള് വ്യവസായ വികസന ബോർഡ് രൂപീകരിച്ച് 2021-ലെ കേരള കള്ള് വ്യവസായ വികസന ബോർഡ് ആക്റ്റ് പ്രാബല്യത്തിലായിട്ടുണ്ട്. |
| 13 | 14/18 | 2 | തോട്ടം മേഖലയ്ക്ക് പുതുജീവൻ നൽകുന്നതിനും തൊഴിലാളികളുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനും സാധിച്ചിട്ടുണ്ടോ; അതിനായി ആവിഷ്കരിച്ച പദ്ധതികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ; | തോട്ടം മേഖലയിൽ ഇ.എസ്.ഐ. പദ്ധതി നടപ്പിലാക്കുന്നത് സംബന്ധിച്ച് കേന്ദ്ര സർക്കാരിന്റെ പുതിയ സോഷ്യൽ സെക്യൂരിറ്റി കോഡിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ സോഷ്യൽ സെക്യൂരിറ്റി കോഡ് പ്രാബല്യത്തിൽ വരുന്നതോടുകൂടി തോട്ടം മേഖലയും ഇ.എസ്.ഐ. പദ്ധതിയിൽ ഉൾപ്പെടുന്നതാണ്. |

## XXIX. പൊതുഭരണം

| ക്രമ നമ്പർ | നിയമസഭാ സമ്മേളനം | ഉറപ്പ് നമ്പർ | സഭയിൽ ഉന്നയിക്കപ്പെട്ട ചോദ്യങ്ങളും ഉറപ്പുകളും | സർക്കാരിൽ നിന്ന് ലഭിച്ച സ്റ്റേറ്റ്മെന്റ് |
|---|---|---|---|---|
| 1 | 13/9 | 37 | മുഖ്യമന്ത്രി നടത്തിയ ജനസമ്പർക്ക പരിപാടിയിൽ പരിഗണിക്കപ്പെട്ട കേസുകളിൽ ഇനിയും പരിഹാരമാകാതെ ശേഷിക്കുന്നവയെക്കുറിച്ച് പരിശോധിക്കുമോ? | ഒന്നാം ജനസമ്പർക്ക പരിപാടിയിൽ പരിഗണിക്കപ്പെട്ട കേസുകൾ വിശദമായ പരിശോധനയിൽ നടപ്പാക്കാവുന്നതെല്ലാം 2016-ന് മുമ്പ് തന്നെ നടപ്പാക്കിയെന്നും, പരിഗണിക്കാൻ പ്രയാസമായ കേസുകളിൽ നടപടികൾ സാധ്യമായില്ലെന്നും ഇപ്പോൾ ഈ കേസുകളിൽ നടപടികൾ തുടരുന്നില്ലെന്നും അറിയിക്കുന്നു. |

## XXX. പരിസ്ഥിതി വകുപ്പ്

| ക്രമ നമ്പർ | നിയമസഭാ സമ്മേളനം | ഉറപ്പ് നമ്പർ | സഭയിൽ ഉന്നയിക്കപ്പെട്ട ചോദ്യങ്ങളും ഉറപ്പുകളും | സർക്കാരിൽ നിന്ന് ലഭിച്ച സ്റ്റേറ്റ്മെന്റ് |
|---|---|---|---|---|
| 1 | 14/4 | 35 | നദികളെയും ജലത്തെയും സംരക്ഷിക്കാൻ കഴിയുന്ന സ്റ്റാറ്റ്യൂട്ടറി അധികാരമുള്ള റിവർ ബേസിൻ അതോറിറ്റി രൂപീകരിക്കുന്ന കാര്യത്തിൽ താത്പര്യമെടുക്കുമോ ? | റിവർ ബേസിൻമാനേജ്മെന്റ് അതോറിറ്റി രൂപീകരിക്കുന്നതിനുള്ള കരട് ബില്ലിന്മേൽ ബന്ധപ്പെട്ട വകുപ്പുകളുടെ അഭിപ്രായങ്ങൾ ഉൾപ്പെടുത്തി കരട് ബിൽ പുതുക്കുന്നതിനുള്ള നടപടി ജലവിഭവ വകുപ്പ് സ്വീകരിച്ചിട്ടുണ്ട്. |

## അനുബന്ധം - III

## സമിതി അംഗീകരിച്ച അധികവിവര റിപ്പോർട്ടുകളുടെ പട്ടിക

### I. കൃഷി വകുപ്പ്

| ക്രമ നമ്പർ | നിയമസഭ/ സമ്മേളനം | ഉറപ്പ് നമ്പർ | സഭയിൽ ഉന്നയിച്ച ചോദ്യം | സർക്കാരിൽ നിന്ന് ലഭ്യമായ മറുപടി |
|---|---|---|---|---|
| 1 | (2) | 3 | (3) | (4) |
| 1 | 14/2 | 64 | സംസ്ഥാനത്ത് വിഷരഹിത പച്ചക്കറി ഉറപ്പാക്കാൻ എന്തെല്ലാം സംവിധാനങ്ങൾ ആസൂത്രണം ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; പച്ചക്കറി പരിശോധ നയ്ക്കായി കൃഷി വകുപ്പിൽ മൊബൈൽ ലബോറട്ടറി ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ? | സംസ്ഥാനത്ത് വിഷരഹിത പച്ചക്കറി ഉത്പാദനം ഉറപ്പാക്കാൻ ജൈവ കൃഷിയും ഉത്തമ കാർഷിക മുറകളും പദ്ധതി പ്രകാരം ജൈവ കൃഷി ക്ലസ്റ്ററുകൾ രൂപീകരിച്ച് പ്രവർത്തനങ്ങൾ നടപ്പാക്കുന്നു. നടപ്പുസാമ്പത്തിക വർഷം ഇത്തരം 200 ക്ലസ്റ്ററുകൾ നടപ്പാക്കുന്നുണ്ട്. ഇതിനു പുറമേ കേന്ദ്ര-സംസ്ഥാന സർക്കാർ സംയുക്തമായി നടപ്പാക്കുന്ന പരമ്പരാഗത കൃഷി വികാസ് യോജന പദ്ധതി പ്രകാരവും ഇതേ മാതൃക യിൽ 619 ജൈവ ക്ലസ്റ്ററുകൾ സ്ഥാപിച്ച് കൃഷി നടപ്പാക്കിവരുന്നുണ്ട്. പൊതുജനങ്ങൾക്ക് വിഷരഹിത പച്ചക്കറി ലഭ്യമാക്കുന്നതിനുവേണ്ടി |

| | | | | |
|---|---|---|---|---|
| | | | | ക്ലസ്റ്റർ ഉല്പന്നങ്ങൾ ഇക്കോഷോപ്പുകൾ സ്ഥാപിച്ച് വിൽപ്പന നടത്തുന്നുണ്ട്. ഇത്തരം 241 ഇക്കോഷോപ്പുകൾ നിലവിലുണ്ട്. ഇവയുടെ പ്രവർത്തനങ്ങൾക്ക് 2 ലക്ഷം രൂപ വീതം ധനസഹായം നൽകുന്നുണ്ട്. ഇതിനു പുറമെ മുൻ വർഷങ്ങളിൽ സ്ഥാപിച്ച ഇക്കോഷോപ്പുകൾക്ക് 1 ലക്ഷം രൂപ ക്രമത്തിൽ റിവോൾവിംഗ് ഫണ്ടും ലഭ്യമാക്കുന്നുണ്ട്. നടപ്പുസാമ്പത്തിക വർഷം (2019-20) 15 പുതിയ ഇക്കോഷോപ്പുകൾ സ്ഥാപിക്കുന്നതിനു 30.00 ലക്ഷം രൂപ പദ്ധതിയിൽ വകയിരുത്തിയിട്ടുണ്ട്. ഗുണനിലവാരത്തിന്റെ അടിസ്ഥാനത്തിൽ ജൈവ ഉല്പന്നങ്ങൾ ബ്രാൻഡ് ചെയ്ത് കേരള ഓർഗാനിക് ലേബലിൽ ലഭ്യമാക്കുന്നുണ്ട്.<br><br>ഭക്ഷ്യസുരക്ഷാ വകുപ്പിനു കീഴിൽ ഇപ്പോൾ മൂന്ന് മൊബൈൽ ലാബുകൾ പ്രവർത്തിക്കുന്നുണ്ട്. ഈ മൂന്ന് ലാബിലും പച്ചക്കറികളിലെ രാസ സാന്നിദ്ധ്യം പരിശോധിക്കുന്നതിനുള്ള സംവിധാനങ്ങൾ നിലവിലില്ല |

| | | | | |
|---|---|---|---|---|
| | | | <u>അധിക വിവരം</u><br>വിഷരഹിത പച്ചക്കറികളിലെ രാസ സാന്നിദ്ധ്യം പരിശോധിക്കുന്നതിന് നിലവിൽ സ്വീകരിച്ച വരുന്ന നടപടികളുടെ വിശദാംശം ബന്ധപ്പെട്ട വകുപ്പിനോട് ആരായു വാൻ തീരുമാനിച്ചു. | വിഷരഹിതവും ഭക്ഷ്യ യോഗ്യവുമായ പച്ചക്കറികൾ സംസ്ഥാനത്ത് മുഴുവനും ലഭ്യമാക്കാൻ നടപ്പ് സാമ്പത്തിക (2023-24) വർഷം സംസ്ഥാന സർക്കാർ 600 ലക്ഷം രൂപ വകയിരുത്തി ജൈവ കാർഷിക പ്രോത്സാഹന പ്രവർത്തനങ്ങൾ നടപ്പിലാക്കിവരുന്നു. കേന്ദ്ര സംസ്ഥാന പദ്ധതിയായ ഭാരതീയ പ്രകൃതിക് കൃഷി പദ്ധതിയിലൂടെ വിഷമുക്തമായ ഭക്ഷ്യ വിളകളുടെയും പച്ചക്കറികളുടെയും മറ്റു ഭക്ഷ്യവിളകളുടെയും ഉല്പാദനത്തിനുള്ള പരിശീലനങ്ങളും അവബോധവും ഇടയിൽ വ്യാപകമായി നടപ്പിലാക്കി വരുന്നു.<br>കൂടാതെ കേരളത്തിലെ കർഷകരുടെയും പൊതു ജനങ്ങളുടെയും ഇടയിൽ ജൈവകാർഷിക ഉൽപ്പന്നങ്ങളുടെ ഗുണങ്ങളായ സുരക്ഷിത ഭക്ഷണം. മെച്ചപ്പെട്ട ആരോഗ്യം, പരിസ്ഥിതി സൗഹൃദം എന്നിവയെ കുറിച്ച് അവബോധം സൃഷ്ടിച്ചുകൊണ്ട് ജൈവ കൃഷി പ്രോത്സാഹിപ്പി ക്കേണ്ടത് വരും തലമുറക്ക് പ്രകൃതിയെ ഇന്നത്തെ അനുഭവയോഗ്യമാക്കുന്നരീതിയിൽ അത്യാ വശ്യമാണ്. ജനങ്ങൾക്ക് പോഷക സമൃദ്ധവും |

| | | | | |
|---|---|---|---|---|
| | | | | സുരക്ഷിതവുമായ ഭക്ഷണം ജൈവ കൃഷിയിലൂടെ ഉറപ്പാക്കി മണ്ണിനെയും പരിസ്ഥിതിയെയും സംരക്ഷിച്ച് കൊണ്ട് കർഷകർക്ക് മെച്ചപ്പെട്ട വരുമാനം ഉറപ്പാകുന്നതിന് ആവശ്യമായ സംഭരണ സംസ്കരണ പ്രവർത്തനങ്ങളിലൂടെ മൂല്യവർദ്ധന ഉൽപ്പന്നങ്ങൾ ഉണ്ടാക്കുന്നതിനുള്ള സംവിധാനമൊരുക്കി നടത്തുക വിപണി ഇടപെടലുകൾ എന്ന ലക്ഷ്യം നേടുന്നതിനാണ് 26-10-2023-ലെ സർക്കാർ ഉത്തരവ് (കൈ) നം. 102/2023/കൃഷി പ്രകാരം സംസ്ഥാനത്ത് ജൈവ കാർഷിക മിഷൻ രൂപികരിച്ചത്.<br>സമഗ്ര പച്ചക്കറി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി കേരള കാർഷിക സർവ്വകലാശാലയുടെ വെള്ളായണി ലാബിൽ നടപ്പിലാക്കി വരുന്ന "സേഫ് ടു ഈറ്റ്"എന്ന പദ്ധതി ഘടകം മുഖേന കേരളത്തിലെ പൊതു വിപണികൾ, കൃഷിയിടങ്ങൾ, ഇക്കോഷോപ്പ്, ജൈവ വിപണി എന്നിവിടങ്ങളിലെ പച്ചക്കറികലെയും പഴവർഗ്ഗങ്ങളിലെയും അവയിൽ സാമ്പിളുകൾ അടങ്ങിയിരിക്കുന്ന ശേഖരിച്ച് കീടനാശിനി അവശിഷ്ട വിഷാംശ പരിശോധന നടത്തി വരുന്നു. |

| | | | | |
|---|---|---|---|---|
| | | | | കേരള കാർഷിക സർവ്വകലാശാലയുടെ "സേഫ് ടു ഈറ്റ്"പദ്ധതി പ്രകാരമുള്ള 61-ാമത്തെ കീടനാശി അവശിഷ്ട പരിശോധന റിപ്പോർട്ട് (ഒക്ടോബർ 2023 ഡിസംബർ 2023 വരെ നടത്തിയ 61-ാമത് റിപ്പോർട്ട്) ഫലമനുസരിച്ച് സംസ്ഥാനത്തെ പൊതു വിപണിയിൽ നിന്നും ശേഖരിച്ച 209 സാമ്പിളുകളിൽ 35 എണ്ണത്തിൽ പച്ചക്കറിക്ക് ശിപാർശ ചെയ്തിട്ടില്ലാത്ത കീടനാശിനി / കുമിൾനാശിനി കണ്ടെത്തിയിട്ടുണ്ട്.<br><br>കാർഷിക സർവ്വകലാശാലയുടെ വെള്ളായണി, കാർഷിക കോളേജിലെ കീടനാശിനി അവശിഷ്ട വിഷാംശ പരിശോധന ഫലം കേരള സർക്കാരിന്റെ ഔദ്യോഗിക വെബ്പോർട്ടലായ www.kerala.gov.in ലും കേരള കാർഷിക സർവ്വകലാശാലയുടെയും കൃഷിവകുപ്പിന്റെയും വെബ് സൈറ്റിൽ എല്ലാ പൊതു ജനങ്ങൾക്കും വായിച്ചു മനസ്സിലാക്കുന്ന രീതിയിൽ മലയാളത്തിൽ പ്രസിദ്ധീകരിക്കുന്നുണ്ട്. ഇതുവഴി മാരകമായ അവയുണ്ടാക്കുന്ന സംബന്ധിച്ച് അവബോധം ഉപയോഗം ആരോഗ്യ കീടനാശിനികളെയും പ്രശ്നങ്ങളെയും ഇടയിൽ പൊതു |

| | | | | |
|---|---|---|---|---|
| | | | | ജനങ്ങളുടെ സൃഷ്ടിക്കുന്നതിനും കീടനാശിനി കറയ്ക്കുന്നതിനും പ്രേരിപ്പിക്കുനതിനും ഒരു കർഷകരെ വരെ പരിധി സഹായകരമാകുന്നു. ഇത് സുരക്ഷിത പച്ചക്കറിയുടെ ആഭ്യന്തര ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് സഹായം ആകുകയും അന്യ സംസ്ഥാനത്ത് നിന്നും എത്തുന്ന പച്ചക്കറിയുടെ ഉപയോഗം ഒരു പരിധിവരെ കുറയ്ക്കുന്നതിനും സഹായിക്കുന്നു. |

## II കോസ്റ്റൽ ഷിപ്പിംഗ് ഇൻലാന്റ് നാവിഗേഷൻ വകുപ്പ്

| ക്രമ നമ്പർ | നിയമസഭ/ സമ്മേളനം | ഉറപ്പ് നമ്പർ | സഭയിൽ ഉന്നയിച്ച ചോദ്യം | സർക്കാരിൽ നിന്ന് ലഭ്യമായ മറുപടി |
|---|---|---|---|---|
| 1 | 13/1 | 23 | സംസ്ഥാനത്തെ നദികൾ, തടാകങ്ങൾ, കായലുകൾ എന്നിവ ബന്ധിപ്പിച്ച് കൊണ്ട് ഒരു തെക്ക് വടക്ക് ജലപാത നിർമ്മിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; ഇല്ലെങ്കിൽ അത്തരമൊരു പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കുമോ; ചരക്ക് ഗതാഗതത്തിനും, ജനങ്ങളുടെ യാത്രാ സൗകര്യം വർദ്ധിപ്പിക്കുന്നതിനും ഏറ്റവും ചെലവ് കുറഞ്ഞ മാർഗ്ഗമെന്നനിലയിലും വിനോദ | തിരുവനന്തപുരം ജില്ലയിലെ കോവളം മുതൽ കാസർഗോഡ് ജില്ലയിലെ ബേക്കൽ വരെയുള്ള വെസ്റ്റ് കോസ്റ്റ് കനാലിനെ സഞ്ചാര യോഗ്യമാക്കി സുസ്ഥിരമായ ഒരു ജലഗതാഗത മാർഗ്ഗം സാധ്യമാക്കുന്നതിനായി വ്യക്തമായ പദ്ധതി സർക്കാർ തയ്യാറാക്കിയിട്ടുണ്ട്. കോവളം മുതൽ കൊല്ലം വരെയുള്ള 74.18 കി.മീ. ജലപാതയിൽ 27.50 കി.മീ. ഗതാഗത യോഗ്യമാണ്. 11.30 കി.മീ. ഭാഗികമായി ഗതാഗതയോഗ്യമാക്കിയിട്ടുണ്ട്. |

| | | | | |
|---|---|---|---|---|
| | | | സഞ്ചാര മേഖലയ്ക്ക് അനുയോജ്യമെന്ന നിലയിലും ഈ പദ്ധതിക്ക് മുൻഗണന നൽകാനും സമയബന്ധിതമായി പൂർത്തിയാക്കാനും നടപടി സ്വീകരിക്കുമോ? | ശേഷിച്ച 16.14 കി.മീ. നീളം വരുന്ന പാർവ്വതി പുത്തനാറിന്റെ സമഗ്ര വികസനം ലക്ഷ്യമാക്കി അനധികൃത കൈയേറ്റം ഒഴിപ്പിച്ചുകൊണ്ട് കനാലിന്റെ അതിർത്തി നിർണ്ണയിക്കുന്ന പ്രവൃത്തി യുദ്ധകാലാടിസ്ഥാനത്തിൽ നടന്നു വരുന്നു. വർക്കല തുരങ്കങ്ങൾ 14 മീറ്റർ വീതിയിൽ വികസിപ്പിക്കുന്നതിനുള്ള പഠനങ്ങൾ നടന്നു വരുന്നു. കൊല്ലം മുതൽ കോട്ടപ്പുറം വരെയുള്ള ജലപാത ദേശീയ പ്രഖ്യാപിക്കപ്പെട്ടിട്ടുള്ളതാണ്. ജലപാതയായി ആയത് ഗതാഗതയോഗ്യമാണ്. കേന്ദ്ര ഏജൻസിയായ IWAI ആണ് ദേശീയ ജലപാതകളുടെ നിർമ്മാണവും പരിപാലനവും നിർവ്വഹിക്കുന്നത്. കോഴിക്കോട് നഗരത്തിലൂടെ കടന്നു പോകുന്ന ഇലഞ്ഞിക്കൽ കല്ലായി കനാലിന്റെ വികസനത്തിനു പദ്ധതി തയ്യാറാക്കി വരുന്നു. കോഴിക്കോടിനും വടകരയ്ക്കും ഇടയിൽ ജലപാത ഗതാഗത യോഗ്യമാണ്. വടകര മാഹി കനാലിന്റെ പണികൾ അഞ്ചു റീച്ചുകളായി തിരിച്ച് നടപ്പാക്കി വരുന്നു. മാഹി വളപട്ടണം റീച്ചിൽ കനാൽ നിർമ്മിക്കുന്നതിന് സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ ദ്രുതഗതിയിൽ നടന്നുവരുന്നു. കൊറ്റി- കോട്ടപ്പുറം പാത, പാലക്കോടി മുതൽ |

| | | | | |
|---|---|---|---|---|
| | | | | നീലേശ്വരം വരെയുള്ള ജലപാത ആഴം കൂട്ടി ഗതാഗതയോഗ്യമാക്കുവാനുള്ള സ്വീകരിച്ചു വരുന്നു. കൂടാതെ നടപടികൾ ജലപാതകൾ വികസിപ്പിച്ച് യാത്രയ്ക്കും ചരക്കുഗതാഗതത്തിനും പ്രയോജനപ്പെടുത്തുന്നതിനും പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കുന്നതിനും വികസന പരിപാലന പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും മറ്റുമായി സാങ്കേതിക വൈദഗ്ധ്യമുള്ള സ്ഥാപനം അനിവാര്യമായ തിനാൽ സർക്കാർ ഉത്തരവ് G.O. (Ms.) No. 2/2017/CSIND തീയതി 17-6-2017 പ്രകാരം Kerala Waterways Infrastructure Limited (KWIL) എന്ന പബ്ലിക്ക് ലിമിറ്റഡ് കമ്പനി രൂപീകരിക്കുകയും പ്രവർത്തനമാ രംഭിക്കുകയും ചെയ്തിട്ടുണ്ട്. |
| | | | <u>അധിക വിവരം</u><br>തെക്ക് വടക്ക് ജലപാത സംബന്ധിച്ച ഉറപ്പിന്മേൽ ലഭ്യമാക്കിയ റിപ്പോർട്ട് പരിഗണിച്ച സമിതി പ്രസ്തുത ഉറപ്പിന്മേൽ സ്വീകരിച്ച നടപടികളുടെ നിലവിലെ സ്ഥിതി സംബന്ധിച്ച വിശദമായ റിപ്പോർട്ട് ആരായാൻ തീരുമാനിച്ചു. | കോവളം മുതൽ ബേക്കൽ വരെ 616 കി.മീ. നീളത്തിൽ പശ്ചിമതീര (വെസ്റ്റ് കോസ്റ്റ്) കനാൽ എന്ന പേരിൽ ജലപാത വികസിപ്പിക്കുന്നതിനാണ് ലക്ഷ്യമിടുന്നത്. നിലവിൽ കോവളം മുതൽ കൊല്ലം വരെയും കോഴിക്കോട് മുതൽ ബേക്കൽ വരെയും സംസ്ഥാന ജലപാതയും കൊല്ലം മുതൽ കോഴിക്കോട് വരെ ദേശീയ ജലപാതയുമാണ്. |

| | | | | |
|---|---|---|---|---|
| | | | | പശ്ചിമതീര (വെസ്റ്റ് കോസ്റ്റ്) കനാലിന്റെ വികസനം 3 ഘട്ടങ്ങളിലായാണ് നടപ്പിലാക്കി വരുന്നത്. 2020-ഓടെ അവസാനിച്ച ഒന്നാം ഘട്ടത്തിൽ കനാലുകൾ നിലവിലുള്ള വീതിയിൽ ഗതാഗത യോഗ്യമാക്കാനുള്ള നടപടി സ്വീകരിക്കുകയും, കൈയേറ്റക്കാരെ പുനരധിവസിപ്പിക്കുന്നതിനുള്ള നടപടികൾ ആരംഭിക്കുകയും ചെയ്തു. രണ്ടാം ഘട്ടത്തിൽ 2022 അവസാനത്തോടെ പുനരധിവാസം നടപ്പിലാക്കി കനാൽ പാർശ്വങ്ങളിലുള്ള സ്ഥലങ്ങൾ വീണ്ടെടുത്ത് ദേശീയ ജലപാത നിലവാരത്തിൽ കനാൽ നിർമ്മാണം നടപ്പിലാക്കാനും, 2025-ൽ അവസാനിക്കുന്ന മൂന്നാം ഘട്ടത്തിൽ ദേശീയ നിലവാരത്തിലുള്ള വികസനം, ജലപാതാ ഫീഡർ കനാലുകളുടെ വികസനം, ടൂറിസം വികസനം എന്നിവ സാദ്ധ്യമാക്കുന്നതിനുള്ള അടിസ്ഥാന സൗകര്യ വികസനവും ആണ് ലക്ഷ്യമിടുന്നത്. രണ്ടാം ഘട്ട പ്രവർത്തനങ്ങളാണ് ഇപ്പോൾ നടന്നു വരുന്നത്.<br><br>കോവളം മുതൽ കൊല്ലം വരെയുള്ള ജലപാതയിൽ താമസിക്കുന്നവരുടെ ഉറപ്പാക്കിക്കൊണ്ട് വീതിയും കനാൽ പുറമ്പോക്കിൽ പുനരധിവാസം കനാലിന്റെ കുറഞ്ഞ ആഴവും ഭാഗങ്ങൾ വികസിപ്പിക്കുന്നതിനാവശ്യമായ നടപടികളും, ആവശ്യമായ വെർട്ടിക്കൽ/ |

| | | | | |
|---|---|---|---|---|
| | | | | ഹൊറിസോണ്ടൽ ക്ലിയറൻസ് ലഭ്യമല്ലാത്ത പാലങ്ങൾ, ക്രോസ് സ്ട്രക്ചേഴ്സ് എന്നിവ പുനർനിർമ്മിക്കുന്നതിനാവശ്യമായ നടപടികളും സ്വീകരിച്ചുവരുന്നു. കോവളം മുതൽ വർക്കല വരെ കനാൽ പാർശ്വങ്ങളിൽ താമസിക്കുന്ന 1275 ഓളം കുടുംബങ്ങളെ കിഫ്ബിയുടെ ധനസഹായത്തോടെ പുനരധിവസിപ്പിക്കുന്നതിന് 247.2 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.<br>കൊല്ലം മുതൽ കോഴിക്കോട് വരെ 328 കി. മീ. ഭാഗം (കൊല്ലം മുതൽ കല്ലായിപ്പുഴ വരെ) ദേശീയ ജലപാത നം. 3 ആണ്. ദേശീയ ജലപാതയുടെ കൊല്ലം മുതൽ കോട്ടപ്പുറം (കൊടുങ്ങല്ലൂർ) വരെ 168 കി.മീ. ഭാഗത്തെ നിർമ്മാണം ഏറെക്കുറെ IWAI പൂർത്തിയാക്കിയിട്ടുള്ളതും ജലഗതാഗത യോഗ്യവുമാണ്. കോട്ടപ്പുറം മുതൽ കല്ലായി വരെ (160 കി.മീ.)-യുള്ള നിർമ്മാണ പ്രവൃത്തികൾക്ക് വിശദമായ പദ്ധതി രേഖ (DPR) ഇൻലാൻഡ് വാട്ടർവേയ്സ് അതോറിറ്റി ഓഫ് ഇൻഡ്യ (IWAI) തയ്യാറാക്കി കേന്ദ്രസർക്കാരിന്റെ അനുമതിയ്ക്കായി സമർപ്പിച്ചിട്ടുണ്ട്. ജലപാതയുടെ ഭാഗമായ കോഴിക്കോട് സിറ്റിയിൽക്കൂടി കടന്ന് പോകുന്ന 11.2 കി.മീ. ദൈർഘ്യമുള്ള കനോലി കനാൽ ജലപാതാ നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിന്റെ ഭാഗമായി ഏകദേശം 1118 |

| | | | | |
|---|---|---|---|---|
| | | | | കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്ന "കനോലി കനാൽ വികസന പദ്ധതി" കിഫ്ബി ധനസഹായം ലഭ്യമാക്കി നടപ്പിലാക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. ഇതിനായുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. വടകര മുതൽ മാഹി വരെ 17.61 കി.മീ. ദൂരത്തിൽ അഞ്ച് റീച്ചുകളായി തിരിച്ച് വികസനപ്രവർത്തനങ്ങൾ നടത്തിയതിൽ 12 കി.മീ. ദൂരം ജലഗതാഗത യോഗ്യമായിട്ടുണ്ട്. ബാക്കിയുള്ള ദൂരം ഗതാഗത യോഗ്യമാക്കു ന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു. ഈ പാതയിൽ വരുന്ന മൂഴിക്കൽ ലോക്കിന്റെയും, കരിങ്ങാലിമുക്ക് ലോക്കിന്റെയും, വെങ്ങോലി ലോക്ക്- കം-ബ്രിഡ്ജിന്റെയും നിർമ്മാണ പ്രവൃത്തികൾ പുരോഗമിക്കുന്നു.<br><br>മാഹി-വളപട്ടണം ഭാഗത്ത് ഏകദേശം 26 കിലോമീറ്ററും, നീലേശ്വരം-ബേക്കൽ ഭാഗത്തു 6.5 കിലോമീറ്ററും കനാൽ പുതിയതായി നിർമ്മിക്കുന്നതിനായുള്ള പ്രവൃത്തികൾ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ ആയ കേരള വാട്ടർവേയ്സ് & ഇൻഫ്രാ സ്ട്രക്ചേഴ്സ് ലിമിറ്റഡ് (KWIL) മുഖേന നടപ്പാക്കി വരുന്നു. സ്ഥലം ഏറ്റെടുക്കുന്നതിനായി മാഹി-വളപട്ടണം ഭാഗത്ത് 650 കോടി രൂപയും നീലേശ്വരം ബേക്കൽ ഭാഗത്തു 186 കോടി രൂപയും KIIFB മുഖേന അനുവദിച്ചിട്ടുണ്ട്. ഇതിനായുള്ള സർവ്വെ |

| | | | | |
|---|---|---|---|---|
| | | | | പ്രവൃത്തികളും വാട്ടർ ബാലൻസ് സ്റ്റഡിയും പൂർത്തിയായിട്ടുണ്ട്.<br><br>സംസ്ഥാന ജലപാത, ദേശീയ ജലപാതാ നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിന്റെ ഭാഗമായി ആവശ്യമായ വെർട്ടിക്കൽ ക്ലിയറൻസും ഹൊറിസോണ്ടൽ ക്ലിയറൻസും ലഭ്യമാകാത്ത പാലങ്ങളും മറ്റ് ക്രോസ് സ്ട്രക്ചറുകളും പുനർനിർമ്മിക്കുന്നതിന് ആവശ്യമായ ഇൻവെ സ്റ്റിഗേഷൻ പ്രവൃത്തികളും നടന്നുവരുന്നുണ്ട് |

## III സാമൂഹ്യ നീതി വകുപ്പ്

| ക്രമ നമ്പർ | നിയമസഭ/ സമ്മേളനം | ഉറപ്പ് നമ്പർ | സഭയിൽ ഉന്നയിച്ച ചോദ്യം | സർക്കാരിൽ നിന്ന് ലഭ്യമായ മറുപടി |
|---|---|---|---|---|
| 1 | 13/4 | 19 | ഗാർഹിക പീഡനം സംബന്ധിച്ച പരാതികൾ അന്വേഷിക്കുന്നതിന് നിലവിലുള്ള സംവിധാനം കൂടുതൽ കാര്യക്ഷമവും നീതിയുക്തവുമാക്കുന്നതിന് നടപടി സ്വീകരിക്കുമോ? | ഗാർഹിക പീഡനത്തിൽ നിന്നും വനിതകൾക്ക് സംരക്ഷണം നല്കുന്ന നിയമത്തിന്റെ പരിരക്ഷയെപ്പറ്റി വനിതകളെ അവബോധരാക്കുന്നതിനു ഉതകുന്ന രീതിയിൽ ജില്ലാ തലത്തിൽ ശില്പശാലകളും, സെമിനാറുകളും സംഘടിപ്പിച്ചിട്ടുണ്ട്. കൂടാതെ സംസ്ഥാനത്ത് കൂടുതൽ മേഖലകളിൽ ഈ നിയമവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ വ്യാപിപ്പിക്കുന്നതിനും, വനിതകൾക്ക് നിയമപരിരക്ഷ ഉറപ്പു വരുത്തുന്നതിലേക്ക് വേണ്ടി നിലവിലുള്ള |

| | | | | |
|---|---|---|---|---|
| | | | | സർവീസ് പ്രൊവൈഡിംഗ് സെന്ററുകൾക്ക് പുറമേ കൂടുതൽ സെന്ററുകൾ അനുവദിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പോലീസ്, ജനപ്രതിനിതികൾ, ഗാർഹിക പീഡന നിരോധന നിയമവുമായി ബന്ധപ്പെട്ട പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥർ, സർവീസ് പ്രൊവൈഡിംഗ് സെന്ററുകളിലെ ലീഗൽ കൗൺസിലമാർ, ഫാമിലി കൗൺസിലമാർ എന്നിവരുൾപ്പെടുന്ന 'പഞ്ചായത്തുതല ജാഗ്രതാ സമിതി' കളുടെ രൂപീകരണത്തിനുള്ള സത്വര നടപടികളെടുത്തിട്ടുണ്ട്. ജാഗ്രതാ സമിതികളുടെ രൂപീകരണം ഗാർഹിക പീഡന നിരോധന നിയമവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളുടെ ഏകോപനത്തിനു സഹായകരമായിട്ടുണ്ട്. ഗാർഹിക പീഡന നിരോധന നിയമവുമായി ബന്ധപ്പെട്ട കക്ഷികൾക്ക് സമയബന്ധിതമായി നോട്ടീസുകൾ എത്തിക്കുന്നതിനായി മഹിളാ സമഖ്യ സൊസൈറ്റി മുഖേന മെസ്സഞ്ചർമാരെ നിയോഗിച്ചിട്ടുമുണ്ട്. വകുപ്പുതല പരിശീലന ക്ലാസ്സുകൾക്ക് പുറമേ കേരളത്തിനകത്തും പുറത്തും വിവിധ ഏജൻസികൾ സംഘടിപ്പിക്കുന്ന സെൻസിസറ്റൈസേഷൻ പ്രോജക്ടുകളിലും, സെമിനാറുകളിലും പ്രൊട്ടക്ഷൻ ഓഫീസർമാരേയും, സർവീസ് പ്രൊവൈഡേഴ്സിനെയും പങ്കെടുപ്പിച്ചു |

| | | | | |
|---|---|---|---|---|
| | | | | വരുന്നുണ്ട്. പൊതുജനങ്ങളിൽ കൂടുതൽ അവബോധം സൃഷ്ടിക്കുന്നതിനായി, ഗാർഹിക പീഡന ദിനാചരണം എല്ലാ ജില്ലകളിലും സംഘടിപ്പിക്കുകയും സമുചിതമായി ആചരിക്കുകയും ചെയ്തുവരുന്നുണ്ട്. മേൽപ്പറഞ്ഞ് നടപടികൾ മുഖേന ഈ നിയമവും കൂടുതൽ കാര്യക്ഷമവും നീതിയുക്തവുമായി നടപ്പിലാക്കുവാൻ സാധിച്ചിട്ടുണ്ട്. |
| | | | അധികവിവരം<br>'പഞ്ചായത്തുതല ജാഗ്രതാ സമിതി' കളുടെ രൂപീകരണം ഏതു ഘട്ടത്തിലാണ്; ഏതൊക്കെ സ്ഥലങ്ങളിൽ 'പഞ്ചായത്തുതല ജാഗ്രതാ സമിതി'കൾ രൂപീകരിച്ചിട്ടുണ്ട്. അവയുടെ പ്രവർത്തനം മോണിറ്റർ ചെയ്യുന്നതിന് നിലവിൽ സംവിധാനമുണ്ടോ? | ഗാർഹികാതിക്രമങ്ങളിൽ നിന്നും സംരക്ഷിക്കുന്ന നിയമം 2005 പ്രകാരം സ്ത്രീകളെ സംസ്ഥാനത്ത് 79 സർവ്വീസ് പ്രൊവൈഡിംഗ് സെന്ററുകളും 13 ഷെൽറ്റർ ഹോമുകളും നിലവിൽ പ്രവർത്തിച്ചു വരുന്നു. സർവ്വീസ് പ്രൊവൈഡിംഗ് സെന്ററുകളുടെയും ഷെൽറ്റർ ഹോമുകളുടെയും പ്രവർത്തനം കൂടുതൽ കാര്യക്ഷമവും നീതിയുക്തവുമാക്കുന്നതിനായി സ.ഉ(കൈ)11/ സാ.നീ.വ. തീയതി 15-5-2020 പ്രകാരം 'മാതൃകാ പ്രവർത്തന നടപടിക്രമം' (Standard Operating Procedure) രൂപീകരിച്ചിട്ടുണ്ട്. കൂടാതെ, പ്രസ്തുത നിയമം ഫലപ്രദമായി നടപ്പിലാക്കുന്നതിനായി 14 ജില്ലകളിലും വനിതാ പ്രൊട്ടക്ഷൻ ഓഫീസർമാരെ നിയമിച്ചിട്ടുമുണ്ട്. |

## അനുബന്ധം IV

## മറുപടി ലഭിക്കാനുള്ള ഉറപ്പുകളുടെ വിശദാംശം

**കൃഷി വകുപ്പ്**

| ക്രമ നമ്പർ | നിയമസഭ | സമ്മേളനം | ഉറപ്പ് നമ്പർ | വിഷയം | ലെജി. ഫയൽ നമ്പർ |
|---|---|---|---|---|---|
| 1 | 13 | 9 | 75 | കാർഷിക മേഖലയുടെ തകർച്ചയ്ക്ക് പരിഹാരം | 4157/കൃ.എൻ.എ 2/2014/ നി.സെ. |
| 2 | 14 | 1 | 92 | കർഷക കൂട്ടായ്മയ്ക്ക് സഹായങ്ങൾ | 2280/കൃ.എൻ.A1/18/ലെജി. |
| 3 | 14 | 4 | 34 | പച്ചക്കറിയിലെ കീടനാശിനി സാന്നിദ്ധ്യം | 3589/കൃ.എൻ.ബി3/2019/ലെജി. |
| 4 | 14 | 5 | 39 | ക്ലസ്റ്റർ സംവിധാനത്തിൽ പച്ചക്കറി കൃഷി | 4519/കൃ.എൻ.ബി2/2019/ലെജി. |
| 5 | 14 | 7 | 20 | വയനാട് പാക്കേജ് പദ്ധതി | 1885/കൃ.എൻ.ഏ 1/2020/ലെജി. |
| 6 | 14 | 7 | 5 | വയനാട് പാക്കേജ് പദ്ധതി | 1870/കൃ.എൻ.ബി3/2020/ലെജി. |
| 7 | 14 | 7 | 25 | വയനാട് പാക്കേജ് പദ്ധതി | 1890/കൃ.എൻ.ബി1/2020/ലെജി. |
| 8 | 14 | 10 | 104 | രണ്ടാം ഘട്ട കുട്ടനാട് പാക്കേജ് | 20860/കൃ.എൻ.ബി3/2021/ലെജി. |
| 9 | 14 | 11 | 123 | കാർഷിക മേഖലയിലെ യന്ത്രവൽക്കരണം | 21431/കൃ.എൻ.ബി3/2021/ലെജി. |

| | | | | | |
|---|---|---|---|---|---|
| 10 | 14 | 22 | 12 | പുതിയ വെറ്ററിനറി കോളേജ് ആരംഭിക്കാൻ നടപടി | 10211/ക്യ.എൻ.ബി2/2022/ലെജി. |
| 11 | 15 | 2 | 41 | മൃഗസംരക്ഷണത്തിനായി ടെലിമെഡിസിൻ സംവിധാനം | 17866/ക്യ.എൻ.എ 3/2022/നി.സെ. |
| 12 | 15 | 2 | 85 | ഗുണനിലവാര പരിശോധനാ സംവിധാനം | 18990/ക്യ.എൻ.ബി1/2022/ലെജി. |
| 13 | 15 | 2 | 84 | കേരഗ്രാമം പദ്ധതി | 18989/ക്യ.എൻ.എ 1/2022/ലെജി. |
| 14 | 15 | 3 | 19 | കേരളത്തിൽ പുതുതായി ഒരു സീഡ് ഗാർഡൻ കൂടി അനുവദിക്കാൻ അനുമതി | 23024/ക്യ.എൻ. B2/2022/ലെജി. |
| 15 | 15 | 3 | 43 | ബസ് സ്റ്റേഷനുകളിൽ മീറ്റ് ഷോപ്പ് -കം-റസ്റ്റോറന്റുകൾ ആരംഭിക്കൽ | 8066/ക്യ.എൻ.ബി1/2023/നി.സെ. |
| 16 | 15 | 3 | 18 | ആധുനിക പാൽപ്പൊടി നിർമ്മാണ ഫാക്ടറി സ്ഥാപിക്കാൻ നടപടി | 23023/ക്യ.എൻ.B1/2022/ലെജി. |
| 17 | 15 | 3 | 45 | സ്മാർട്ട് കൃഷിഭവൻ പദ്ധതി | 7911/ക്യ.എൻ.B1/2023/ലെജി. |
| 18 | 15 | 4 | 4 | കാർബൺ മുക്ത കൃഷിയിടങ്ങൾ | 8245/ക്യ.എൻ.ബി3/2023/ലെജി. |
| 19 | 15 | 5 | 82 | സ്മാർട്ട് കൃഷിഭവൻ പദ്ധതി | 17417/ക്യ.എൻ.ബി1/2023/ലെജി. |
| 20 | 15 | 5 | 52 | ' ഞങ്ങളും കൃഷിയിലേയ്ക്ക് ' പദ്ധതി | 9831/ക്യ.എൻ.ബി3/2023/ലെജി. |

| | | | | | |
|---|---|---|---|---|---|
| 21 | 15 | 5 | 46 | സ്മാർട്ട് കൃഷിഭവനകൾ | 9822/ക്യൂ.എൻ.ബി3/2023/ലെജി. |
| 22 | 15 | 6 | 5 | കൃഷികാവശ്യത്തിനുള്ള സൗജന്യ വൈദ്യുതി പദ്ധതി | 17434/ക്യൂ.എൻ.എ 3/2023/ലെജി. |
| 23 | 15 | 6 | 4 | കൃഷിനാശം സംഭവിച്ചവർക്ക് നഷ്ടപരിഹാരം | 17433/ക്യൂ.എൻ.ബി2/2023/ലെജി. |
| 24 | 15 | 6 | 7 | കർഷക ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനം | 17436/ക്യൂ.എൻ.എ 1/2023/ലെജി. |
| 25 | 15 | 6 | 19 | കൃഷിയിടാധിഷ്ഠിത വികസന പദ്ധതികൾ | 17499/QN/A1/2023/ലെജി. |
| 26 | 15 | 6 | 54 | പാൽ ഉൽപ്പാദനത്തിൽ സ്വയം പര്യാപ്തത | 253/ക്യൂ.എൻ.B2/2024/ലെജി. |

**വനം-വന്യജീവി വകുപ്പ്**

| ക്രമ നമ്പർ | നിയമസഭ | സമ്മേളനം | ഉറപ്പ് നമ്പർ | വിഷയം | ലെജി. ഫയൽ നമ്പർ |
|---|---|---|---|---|---|
| 1 | 13 | 7 | 26 | വന്യമൃഗങ്ങൾക്കുള്ള കുടിവെള്ളത്തിനായി ചെക്ക് ഡാമുകൾ നിർമ്മിക്കുവാൻ നടപടി | 1935/ക്യൂ.എൻ. ബി1/2014/നി.സെ. |
| 2 | 13 | 7 | 27 | സൈലന്റ് വാലിയിലെ സ്വകാര്യ മിനറൽ വാട്ടർ പ്ലാന്റ് നിരോധിക്കാൻ നടപടി | 1936/ക്യൂ.എൻ. എ 2/2014/നി.സെ. |

| | | | | | |
|---|---|---|---|---|---|
| 3 | 13 | 8 | 28 | ആദിവാസി പാരമ്പര്യ വൈദ്യശാസ്ത്രശാഖയുടെ സംരക്ഷണവും പരിപാലനവും | 2126/ക്യൂ.എൻ.ബി2/2014/നി.സെ. |
| 4 | 13 | 11 | 47 | പെരിയാർ പറമ്പിക്കുളം ടൈഗർ പരിപാലനം | 1938/ക്യൂ.എൻ.എ 3/15/ലെജി. |
| 5 | 14 | 4 | 57 | അതിരപ്പിള്ളി പഞ്ചായത്തിലെ സോളാർ ഫെൻസിംഗ് | 3612/ക്യൂ.എൻ.ബി2/2019/ലെജി. |
| 6 | 14 | 13 | 36 | വനാന്തരഭാഗത്തുള്ള ആൾക്കാരുടെ പുനരധിവാസം | 621/ക്യൂ.എൻ.എ 2/2022/ലെജി. |
| 7 | 14 | 19 | 14 | സ്വകാര്യ കണ്ടൽ വനങ്ങൾ ഏറ്റെടുത്ത് സംരക്ഷിക്കുന്നതിനുള്ള പദ്ധതികൾ | 6342/ക്യൂ.എൻ.ബി1/2022/ലെജി. |
| 8 | 14 | 22 | 7 | ആശ്വാസ ധനസഹായം നൽകുവാൻ നടപടി | 10206/ക്യൂ.എൻ.എ 3/2022/ലെജി. |
| 9 | 15 | 2 | 8 | കായലോരങ്ങളിൽ കണ്ടൽക്കാടുകൾ | 16659/ക്യൂ.എൻ.ബി1/2022/നി.സെ. |
| 10 | 15 | 2 | 76 | വനമേഖലയിലെ കുടുംബങ്ങൾക്ക് തൊഴിൽ അവസരങ്ങൾ | 18981/ക്യൂ.എൻ.എ 3/2022/ലെജി. |
| 11 | 15 | 3 | 6 | വനം വകുപ്പിന്റെ ആധുനികവത്കരണം. | 20533/ QN./ A2/2022/ലെജി. |

| | | | | | |
|---|---|---|---|---|---|
| 12 | 15 | 4 | 25 | സ്വാഭാവിക വനം പുനസ്ഥാപനം | 8693/ക്യൂ.എൻ.എ 2/2023/ലെജി. |
| 13 | 15 | 4 | 23 | വനപ്രദേശങ്ങളുടെ അതിർത്തി നിർണ്ണയം | 8691/ക്യൂ.എൻ.എ 1/2023/ലെജി. |
| 14 | 15 | 7 | 3 | പാതയോരങ്ങളിലെ അപകടാവസ്ഥയിലുള്ള മരങ്ങൾ | 306/ക്യൂ.എൻ.ബി1/2024/ലെജി. |

**പൊതുഭരണ വകുപ്പ്**

| ക്രമ നമ്പർ | നിയമസഭ | സമ്മേളനം | ഉറപ്പ് നമ്പർ | വിഷയം | ലെജി. ഫയൽ നമ്പർ |
|---|---|---|---|---|---|
| 1 | 13 | 2 | 3 | 100 ദിന കർമ്മപരിപാടി | 713/ക്യൂ.എൻ.എ 2/2012 /ലെജി. |
| 2 | 13 | 14 | 37 | സേവനാവകാശം ഭരണ മികവിലൂടെ | 437/ക്യൂ.എൻ.എ 1/16/ലെജി. |
| 3 | 14 | 10 | 142 | ലോകകേരള സഭയുടെ പ്രധാന നിർദ്ദേശങ്ങളും ആശയങ്ങളും | /ക്യൂ.എൻ.എ 3//ലെജി. |
| 4 | 15 | 1 | 21 | പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനാവശ്യമായ ആസൂത്രണവും വകുപ്പുകളുടെ ഏകോപനവും സംബന്ധിച്ച് | 16562/ക്യൂ.എൻ.എ 1/2022/ലെജി. |
| 5 | 15 | 5 | 63 | മൈനോരിറ്റി കോച്ചിംഗ് സെന്ററുകൾ ആരംഭിക്കുന്നതിന് നടപടി | 10516/ക്യൂ.എൻ.QN A3/2023/ ലെജി. |

**പൊതുവിദ്യാഭ്യാസ വകുപ്പ്**

| ക്രമ നമ്പർ | നിയമസഭ | സമ്മേളനം | ഉറപ്പ് നമ്പർ | വിഷയം | ലെജി. ഫയൽ നമ്പർ |
|---|---|---|---|---|---|
| 1 | 13 | 2 | 139 | ഹെൽത്ത് കാർഡ് | 849/ക്യൂ.എൻ.എ 1/2012/ലെജി. |
| 2 | 13 | 4 | 45 | എഡ്യൂക്കേഷൻ വോളന്റിയർമാരുടെ ജോലി സ്ഥിരത | 3955/ക്യൂ.എൻ.എ 2/2012/ലെജി. |
| 3 | 13 | 5 | 157 | സ്കൂൾ മാനേജ്മെ ൻറ് കമ്മിറ്റികൾ | 3626/ക്യൂ.എൻ.എ 1/13/ലെജി. |
| 4 | 13 | 7 | 5 | സ്കൂൾ പാചകത്തൊഴിലാളികൾക്ക് പെൻഷൻ | 1914/ക്യൂ.എൻ.എ 3/14/ലെജി. |
| 5 | 13 | 7 | 35 | സ്കൂൾ വിദ്യാർത്ഥികൾക്ക് തിരിച്ചറിയൽ കാർഡ് | 1944/ക്യൂ.എൻ.എ 3/2014/നി.സെ. |
| 6 | 13 | 9 | 62 | പ്രഭാത ഭക്ഷണം നൽകാൻ നടപടി | 4144/ക്യൂ.എൻ.ബി1/2014/നി.സെ. |
| 7 | 13 | 10 | 69 | വിദ്യാർത്ഥികൾക്ക് ഹെൽത്ത് കാർഡ് | 760/ക്യൂ. എൻ.എ 2/2015/നി.സെ. |
| 8 | 13 | 11 | 10 | വിദ്യാഭ്യാസ രംഗത്ത പരിഷ്കാരങ്ങൾ | 1901/ക്യൂ.എൻ.ബി2/2015/നി.സെ. |

| | | | | | |
|---|---|---|---|---|---|
| 9 | 13 | 13 | 28 | സൗജന്യ യൂണിഫോം വിതരണം | 5629/ക്യു.എൻ.ബി2/15/ലെജി. |
| 10 | 14 | 1 | 20 | ഹയർ സെക്കൻഡറി ഗസ്റ്റ് അദ്ധ്യാപകർക്കുള്ള വേതനം എയ്ഡഡ് | 5848/ക്യു.എൻ.എ 1/2017/ലെജി. |
| 11 | 14 | 1 | 78 | അൺ എയ്ഡഡ് മേഖലയിലെ അദ്ധ്യാപകരുടെ പ്രശ്നങ്ങൾ | 118/ക്യു.എൻ.എ 3/18/ലെജി. |
| 12 | 14 | 2 | 21 | സ്കൂളുകളുടെ സുരക്ഷാ മാനദണ്ഡങ്ങൾ | 1264/ക്യൂഎൻബി3/2019/ലെജി. |
| 13 | 14 | 2 | 4 | മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ ആരംഭിക്കുവാൻ പദ്ധതി | 1214/ക്യു.എൻ.എ 1/2019/ലെജി. |
| 14 | 14 | 2 | 52 | സ്കൂളുകൾ സുരക്ഷിതമാക്കുക എന്ന ലക്ഷ്യം | 1356/ക്യു.എൻ.എ 1/2019/ലെജി. |
| 15 | 14 | 4 | 32 | സ്കൂളുകൾ മികവിന്റെ കേന്ദ്രങ്ങളാക്കൽ പദ്ധതി | 3587/ക്യു.എൻ.ബി1/2019/ലെജി. |
| 16 | 14 | 4 | 61 | മിനിമം വേതനം | 3616/ക്യു.എൻ.എ 3/2019/ലെജി. |
| 17 | 14 | 5 | 48 | ശ്രദ്ധ പദ്ധതി | 4526/ക്യു.എൻ.എ 2/2019/ലെജി. |
| 18 | 14 | 5 | 8 | അൺഎയ്ഡഡ് വിദ്യാലയങ്ങളിലെ തൊഴിൽ ചൂഷണം | 4488/ക്യു.എൻ.എ 3/2019/ലെജി.. |

| | | | | | |
|---|---|---|---|---|---|
| 19 | 14 | 5 | 34 | എൽ.എസ്.എസ്/ യു.എസ്.എസ്. സ്കോളർഷിപ്പ് തുക | 4514/ക്യൂ.എൻ.എ 2/2019/ലെജി. |
| 20 | 14 | 5 | 6 | സ്കൂൾ പാചകത്തൊഴിലാളികളെ സ്കൂൾ ജീവനക്കാരായി അംഗീകരിക്കൽ | 4486/ക്യൂ.എൻ.എ 1/2019/ലെജി. |
| 21 | 14 | 7 | 6 | സ്കൂളുകളുടെ ഭൗതികസൗകര്യം മെച്ചപ്പെടുത്തുന്നതിന് പദ്ധതി | 1871/ക്യൂ.എൻ.എ 3/2020/ലെജി. |
| 22 | 14 | 7 | 26 | ശാസ്ത്രപോഷിണി ലാബുകൾ | 1891/ക്യൂ.എൻ.ഏ 1/2020/ലെജി. |
| 23 | 14 | 10 | 113 | സർക്കാർ സ്കൂളുകൾക്കായുള്ള ഹാർഡ്‌വെയർ ക്ലിനിക്കുകൾ. | 20851/ക്യൂ.എൻ.എ 2/2021/ലെജി. |
| 24 | 14 | 10 | 150 | അൺ-എയ്ഡഡ് മേഖലയിലെ അദ്ധ്യാപകർക്ക് അർഹമായ വേതനം . | 19935/ക്യൂ.എൻ.ബി1/2021/ലെജി. |
| 25 | 14 | 10 | 61 | സ്കൂളുകളിൽ ബോധവത്കരണ പ്രവർത്തനങ്ങൾ | 20875/ക്യൂ.എൻ .എ 2/2021/ലെജി. |
| 26 | 14 | 10 | 148 | ഹൈസ്കൂളിൽ നിന്നും കൊഴിഞ്ഞുപോകുന്ന കുട്ടികൾ | 19952/ക്യൂ.എൻ.ബി2/2021/ലെജി. |
| 27 | 14 | 10 | 64 | എയ്ഡഡ് പദവി നൽകിയ സ്പെഷ്യൽ സ്കൂളുകൾ | 20872/ക്യൂ.എൻ.എ 1/2021/ലെജി. |

| | | | | | |
|---|---|---|---|---|---|
| 28 | 14 | 10 | 151 | സ്കൂൾകുട്ടികൾക്കുള്ള അപകടമരണ ആനുകൂല്യം | 19934/ക്യൂ.എൻ.എ 1/2021/ലെജി. |
| 29 | 14 | 11 | 14 | പ്രീ-പ്രൈമറി അദ്ധ്യാപകരുടെ സേവന-വേതന വ്യവസ്ഥ | 266/ക്യൂ.എൻ.ബി1/2022/ലെജി. |
| 30 | 14 | 11 | 7 | ബധിരവിദ്യാലയങ്ങൾക്ക് മാസ്റ്റർ പ്ലാൻ | 272/ക്യൂ.എൻ.ബി1/2022/ലെജി. |
| 31 | 14 | 11 | 132 | വിദ്യാഭ്യാസ മേഖലയിലെ പരിഷ്കാരങ്ങൾ | 21420/ക്യൂ.എൻ.എ 2/2021/ലെജി. |
| 32 | 14 | 13 | 20 | ഒരു നിയമസഭാ മണ്ഡലത്തിൽ ഒരു ഓട്ടിസം പാർക്ക് | 604/ക്യൂ.എൻ.എ 3/2022/ലെജി. |
| 33 | 14 | 13 | 42 | സ്വകാര്യമേഖലയിലെ അധ്യാപകർക്ക് ന്യായവേതനം | 616/ക്യൂ.എൻ.ബി2/2022/ലെജി. |
| 34 | 14 | 13 | 43 | ഹയർ സെക്കൻഡറി പാഠപുസ്തകങ്ങളുടെ അച്ചടി മലയാളത്തിലാക്കാൻ നടപടി | 615/ക്യൂ.എൻ.എ 2/2022/ലെജി. |
| 35 | 14 | 13 | 38 | സ്കൂളുകളിൽ നീന്തൽ പഠനം | 620/ക്യൂ.എൻ.ബി1/2022/ലെജി. |
| 36 | 14 | 15 | 88 | സ്കൂൾ തലത്തിൽ നീന്തൽ പരിശീലനത്തിനായി നീന്തൽ കുളം | 661/ക്യൂ.എൻ.എ 2/2022/ലെജി. |

| | | | | | |
|---|---|---|---|---|---|
| 37 | 14 | 15 | 109 | ഭരണഘടനാ വിദ്യാഭ്യാസം | 2099/ക്യൂ.എൻ.ബി2/2022/ലെജി. |
| 38 | 14 | 15 | 118 | ഡേ കെയറുകളുടെ പ്രവർത്തനം സംബന്ധിച്ച് സമഗ്ര നിയമ നിർമ്മാണം | 2108/ക്യൂ.എൻ.എ 1/2022/ലെജി. |
| 39 | 14 | 18 | 14 | വിദ്യാഭ്യാസ സമിതികൾക്ക് എം.എൽ.എ. ഫണ്ട് ഉപയോഗിച്ച് വാഹനങ്ങൾ വാങ്ങാനുള്ള അനുമതി സംബന്ധിച്ച് | 3605/ക്യൂ.എൻ.ബി1/2022/ലെജി. |
| 40 | 14 | 19 | 4 | വിദ്യാഭ്യാസചട്ടങ്ങളിൽ പുതിയ ഭേദഗതികൾ | 6331/ക്യൂ.എൻ.ബി2/2022 /ലെജി. |
| 41 | 14 | 19 | 5 | സ്കൂളുകൾക്ക് സുരക്ഷിത കെട്ടിടം | 6332/ക്യൂ.എൻ.എ 3 /2022 /ലെജി. |
| 42 | 15 | 2 | 67 | ഭിന്നശേഷിക്കാർക്ക് സംവരണം | 18319/ക്യൂ.എൻ.B2/2022/ലെജി. |
| 43 | 15 | 3 | 48 | ശ്രദ്ധ പദ്ധതി | 7914/ക്യൂ.എൻ.എ 3/2023/ലെജി. |
| 44 | 15 | 5 | 86 | കാളംതിരുത്തി MGLC സ്കൂളിന്റെ പ്രവർത്തനം | 17423/ക്യൂ.എൻ.ബി3/2023/ലെജി. |
| 45 | 15 | 5 | 51 | ബദൽ സ്കൂളുകളുടെ പ്രവർത്തനം | 9830/ക്യൂ.എൻ.എ 3/2023/ലെജി. |
| 46 | 15 | 5 | 27 | പരീക്ഷാ മൂല്യനിർണ്ണയം കൂടുതൽ ശാസ്ത്രീയമാക്കാനുള്ള പ്രവർത്തനങ്ങൾ | 9307/ക്യൂ.എൻ A3/ 2023 /ലെജി. |

| | | | | | |
|---|---|---|---|---|---|
| 47 | 15 | 5 | 18 | വിദ്യാർത്ഥികളുടെ സർഗ്ഗ വാസനകൾ കണ്ടെത്തി പരിപോഷിപ്പിക്കുന്നതിന് നടപടി | 9298/ക്യൂ.എൻ B1/ 2023 /ലെജി. |
| 48 | 15 | 5 | 16 | മാതൃഭാഷ പഠനം | 9296/ക്യൂ.എൻ.B3 /2023/ലെജി. |
| 49 | 15 | 5 | 5 | സ്കൂൾ സിലബസിൽ മാറ്റങ്ങൾക്കുള്ള നടപടി | 9010/ക്യൂ.എൻ.ബി3/2023/ലെജി. |
| 50 | 15 | 5 | 53 | പൊതുവിദ്യഭ്യാസ മേഖലയുടെ സംരക്ഷണം | 9832/ക്യൂ.എൻ.എ 1/2023/ലെജി. |
| 51 | 15 | 6 | 14 | പൊതുവിദ്യാഭ്യാസ മുന്നേറ്റം കാത്തുസൂക്ഷിക്കാൻ നടപടി | 17494/ QN./ B1/2023/ലെജി. |
| 52 | 15 | 7 | 5 | ഗവൺമെന്റ് സ്കൂളുകൾക്ക് സ്വന്തമായി സ്ഥലം കണ്ടെത്തുന്നതിന് പദ്ധതി | 308/ക്യൂ.എൻ.ബി2/2024/ലെജി. |
| 53 | 15 | 7 | 6 | സ്കൂളുകളിൽ കുട്ടികൾക്കുള്ള ഉച്ചഭക്ഷണ പദ്ധതി | 309/ക്യൂ.എൻ.A3/2024/ലെജി. |
| 54 | 15 | 7 | 13 | ദിവസ വേതനാടിസ്ഥാനത്തിൽ അധ്യാപക നിയമനം | 3566/ക്യൂ.എൻ.A1/ 2024/ലെജി. |

**ആരോഗ്യ കുടുംബ ക്ഷേമ വകുപ്പ്**

| ക്രമ നമ്പർ | നിയമസഭ | സമ്മേളനം | ഉറപ്പ് നമ്പർ | വിഷയം | ലെജി. ഫയൽ നമ്പർ |
|---|---|---|---|---|---|
| 1 | 13 | 5 | 199 | ഇന്ത്യൻ സിസ്റ്റം ഓഫ് മെഡിസിനിൽ നഴ്സുമാരുടെ ജോലി സമയം | 3668/ക്യൂഎൻ.എ 1/2012/ലെജി. |
| 2 | 13 | 10 | 50 | സൗജന്യ ഡയാലിസിസ് സൗകര്യങ്ങൾ | 741/ക്യൂ.എൻ.ബി1/2015/നി.സെ. |
| 3 | 14 | 1 | 97 | ശ്രുതി തരംഗം പദ്ധതി വ്യാപിപ്പിക്കുവാൻ നടപടി. | 2285/ക്യൂ.എൻ.B1/18/ലെജി. |
| 4 | 15 | 7 | 17 | അവയവമാറ്റ ശസ്ത്രക്രിയകൾ | 4329/ക്യൂ.എൻ.എ 3/2024/നി.സെ. |

**ഉന്നതവിദ്യാഭ്യാസ വകുപ്പ്**

| ക്രമ നമ്പർ | നിയമസഭ | സമ്മേളനം | ഉറപ്പ് നമ്പർ | വിഷയം | ലെജി. ഫയൽ നമ്പർ |
|---|---|---|---|---|---|
| 1 | 14 | 2 | 17 | ഓപ്പൺ സർവ്വകലാശാല | 1227/ക്യൂ.എൻ.എ 2/2019/ലെജി. |
| 2 | 14 | 5 | 35 | ഉന്നത വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം | 4515/ക്യൂ.എൻ.ബി2/2019/ലെജി. |

| | | | | | |
|---|---|---|---|---|---|
| 3 | 14 | 10 | 110 | സ്വാശ്രയ വിദ്യാഭ്യാസ മേഖലയിൽ നിയമനിർമ്മാണം | 20854/ക്യൂ.എൻ.ബി3/2021/ലെജി. |
| 4 | 14 | 13 | 58 | എഞ്ചിനീയറിംഗ് വിദ്യാഭ്യാസരംഗം നേരിടുന്ന നിലവാരത്തകർച്ച | 596/ക്യൂ.എൻ.ബി2/2022/ലെജി. |
| 5 | 14 | 14 | 53 | എഞ്ചിനീയറിംഗ് പരീക്ഷകളുടെ സമഗ്ര പരിഷ്കരണം | 634/ക്യൂ.എൻ.എ 2/2022/ലെജി. |
| 6 | 14 | 14 | 52 | എഞ്ചിനീയറിംഗ് കോളേജുകളിലെ പ്രവേശന നടപടികൾ | 635/ക്യൂ.എൻ.ബി2/2022/ലെജി. |
| 7 | 14 | 15 | 111 | കെ-മാറ്റ് പ്രവേശന പരീക്ഷ | 2101/ക്യൂ.എൻ.ബി3/2022/ലെജി. |
| 8 | 14 | 15 | 105 | ഐ.ഐ.റ്റി. സ്ഥാപിക്കുന്നതിനുള്ള പദ്ധതിയുടെ പൂർത്തീകരണം | 2095/ക്യൂ.എൻ.ബി3/2022/ലെജി. |
| 9 | 14 | 18 | 8 | വിദ്യാർത്ഥികളുടെ കായിക ക്ഷമതയ്ക്കായുള്ള യു.ജി.സി. നിർദ്ദേശങ്ങൾ | 3599/ക്യൂ.എൻ.ബി1/2022/ലെജി. |
| 10 | 15 | 2 | 71 | സർവ്വകലാശാലകളിൽ മികവിന്റെ കേന്ദ്രങ്ങൾ | 18324/ക്യൂ.എൻ.B3/2022/ലെജി. |

| | | | | | |
|---|---|---|---|---|---|
| 11 | 15 | 2 | 72 | നിയമ വിദ്യാഭ്യാസ ഡയറക്ടറേറ്റ് രൂപീകരണം | 18325/ക്യൂ.എൻ.എ 2/2022/ലെജി. |
| 12 | 15 | 2 | 42 | വിദൂര വിദ്യാഭ്യാസ പദ്ധതി | 17867/ക്യൂ.എൻ.ബി3/2022/ലെജി. |
| 13 | 15 | 3 | 41 | കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ ആക്റ്റിന്റെ ഭേദഗതി | 8064/ക്യൂ.എൻ.ബി3/2023/നി.സെ. |
| 14 | 15 | 3 | 42 | ഉന്നതവിദ്യാഭ്യാസ മേഖലയിൽ അധികം ബാച്ചുകൾ | 8065 ക്യൂ.എൻ.എ 1/2023/നി.സെ. |
| 15 | 15 | 4 | 5 | സ്വകാര്യ സർവ്വകലാശാലകൾ | 8246/ക്യൂ.എൻ.എ 1/2023/ലെജി. |
| 16 | 15 | 4 | 3 | സർവ്വകലാശാലകളിൽ ഓട്ടോണമസ് ഇന്റർ യൂണിവേഴ്സിറ്റി സെന്ററുകളും സ്കൂളുകളും സ്ഥാപിക്കാൻ നടപടി | 8244/ക്യൂ.എൻ.എ 3/2023/ലെജി. |
| 17 | 15 | 5 | 49 | സ്വകാര്യ യൂണിവേഴ്സിറ്റികൾ സ്ഥാപിക്കുന്നതിന് നടപടി | 9826/ക്യൂ.എൻ.എ 2/2023/ലെജി. |
| 18 | 15 | 5 | 45 | ഒരേ സമയം രണ്ട് ബിരുദവിഷയം പഠിക്കുന്നതിനുള്ള പദ്ധതി | 9491/ക്യൂ.എൻ.എ 3/2023/ലെജി. |

| | | | | | |
|---|---|---|---|---|---|
| 19 | 15 | 5 | 68 | ഉക്രൈനിൽ നിന്നും മടങ്ങിയെത്തിയ വിദ്യാർത്ഥികളുടെ തുടർപഠനം. | 12260/ക്യൂ.എൻ.എ 2/2023/ലെജി. |
| 20 | 15 | 5 | 48 | സർക്കാർ കോളേജുകളിൽ പുതിയ സീറ്റുകളും കോഴ്സുകളും വർദ്ധിപ്പിക്കുന്നതിന് നടപടി | 9825/ക്യൂ.എൻ.ബി1/2023/ലെജി. |
| 21 | 15 | 5 | 33 | വിദൂര വിദ്യാഭ്യാസ-പ്രൈവറ്റ് രജിസ്ട്രേഷൻ കോഴ്സുകളിലേക്കുള്ള പ്രവേശനം | 9477/ക്യൂ.എൻ.എ 2/2023/ലെജി. |
| 22 | 15 | 6 | 8 | കെ-സ്കിൽ പദ്ധതി വ്യാപിപ്പിക്കുന്നതിന് നടപടി | 17437/ക്യൂ.എൻ.ബി1/2023/ലെജി. |
| 23 | 15 | 6 | 2 | സർവകലാശാലകളിലെ പരീക്ഷാ പരിഷ്കരണം | 17431 /ക്യൂ.എൻ.ബി1/2023/ലെജി. |
| 24 | 15 | 6 | 6 | ഉന്നതവിദ്യാഭ്യാസ മേഖലയെ മെച്ചപ്പെടുത്താൻ നടപടി | 17435/ക്യൂ.എൻ.ബി3/2023/ലെജി. |
| 25 | 15 | 6 | 9 | പാഠ്യപദ്ധതി പരിഷ്കരണം | 17438/ക്യൂ.എൻ.എ 2/2023/ലെജി. |
| 26 | 15 | 6 | 21 | സർട്ടിഫിക്കറ്റുകൾ കാലതാമസം കൂടാതെ വിതരണം ചെയ്യുന്നതിന് നടപടി | 17528/ക്യൂ.എൻ.എ 2/2023/ലെജി. |

ആഭ്യന്തര വകുപ്പ്

| ക്രമ നമ്പർ | നിയമസഭ | സമ്മേളനം | ഉറപ്പ് നമ്പർ | വിഷയം | ലെജി. ഫയൽ നമ്പർ |
|---|---|---|---|---|---|
| 1 | 13 | 5 | 128 | റാഗിംഗ് നിരോധന നിയമം | 3597/ക്യൂ.എൻ.ബി1/13/ലെജി. |
| 2 | 13 | 6 | 17 | പ്രകൃതി ദുരന്തങ്ങൾ | 879/ക്യൂ.എൻ.എ 3/2014/ലെജി. |
| 3 | 13 | 7 | 54 | കേരള സിവിൽപോലീസ് കേഡർ | 1963/ക്യൂ.എൻ. ബി3/2014/നി.സെ. |
| 4 | 13 | 9 | 96 | പോലീസ് സേനയിലെ സംഖ്യാബലം | 4178/ക്യൂ.എൻ.ബി3/2014/നി.സെ. |
| 5 | 13 | 11 | 148 | സ്റ്റുഡന്റ് പോലീസ് കേഡറ്റുകൾക്ക് പി.എസ്.സി. പരീക്ഷകളിൽ വെയിറ്റേജ് | 2039/ക്യൂ.എൻ.ബി2/2015/നി.സെ. |
| 6 | 14 | 1 | 67 | ദേശീയ പോലീസ് കമ്മീഷൻ റിപ്പോർട്ട് | 107/ക്യൂ.എൻ.ബി1/18/ലെജി. |
| 7 | 14 | 2 | 38 | കോടതികളുടെ പ്രവർത്തനം മെച്ചപ്പെടുത്തൽ | 1281/ക്യൂഎൻ.ബി2/2019/ലെജി. |
| 8 | 14 | 10 | 65 | അഡീഷണൽ ലീഗൽ അഡ്വൈസർ നിയമനം | 20871/ക്യൂ.എൻ.എ 3/2021/ലെജി. |

| | | | | | |
|---|---|---|---|---|---|
| 9 | 14 | 10 | 116 | പോലീസ് സേനയിലെ ക്യാമ്പ് ഫോളോവർ ജീവനക്കാരുടെ സ്പെഷ്യൽ റൂൾസ് | 20847/ക്യു.എൻ.ബി3/2021/ലെജി. |
| 10 | 14 | 13 | 24 | ജയിലുകളുടെ നവീകരണം | 602/ക്യു.എൻ.ബി2/2022/ലെജി. |
| 11 | 14 | 13 | 56 | കേരള പോലീസിൽ വനിതാ പ്രാതിനിധ്യം | 598/ക്യു.എൻ.ബി3/2022/ലെജി. |
| 12 | 14 | 22 | 30 | പോലീസിലെ വനിതാ പ്രാതിനിധ്യം ഉയർത്തുന്നതിനുള്ള നടപടി | 10415/ക്യു.എൻ.എ 2/2022/ലെജി. |
| 13 | 14 | 22 | 31 | സംസ്ഥാന പോലീസ് സേനയെ നവീകരിക്കുന്നതിനും മെച്ചപ്പെടുത്തുന്നതിനുമുള്ള നടപടി | 10417/ക്യു.എൻ.ബി2/2022/ലെജി. |
| 14 | 15 | 2 | 22 | പുതിയ ട്രാഫിക് എൻഫോഴ്സ്മെന്റ് യൂണിറ്റുകൾ അനുവദിക്കാൻ നടപടി | 16791/ക്യു.എൻ.ബി2/2022/നി.സെ. |
| 15 | 15 | 4 | 17 | അതിവേഗ പോക്സോ കോടതികൾ ആരംഭിക്കാൻ നടപടി | 8326/ക്യു.എൻ.എ 3/2023/ലെജി. |

| | | | | | |
|---|---|---|---|---|---|
| 16 | 15 | 6 | 25 | ഡിജിറ്റൽ ഡി-അഡിക്ഷൻ സെന്റർ | 17532/ക്യൂ.എൻ.എ 1/2023/ലെജി. |
| 17 | 15 | 6 | 26 | സ്ത്രീ സുരക്ഷയ്ക്കായി ടാസ്ക് ആക്ഷൻ ഫോഴ്സ് പദ്ധതി | 17533/ക്യൂ.എൻ.ബി1/2023/ലെജി. |

**ഭവന നിർമ്മാണ വകുപ്പ്**

| ക്രമ നമ്പർ | നിയമസഭ | സമ്മേളനം | ഉറപ്പ് നമ്പർ | വിഷയം | ലെജി. ഫയൽ നമ്പർ |
|---|---|---|---|---|---|
| 1 | 14 | 15 | 98 | ഭവന നിർമ്മാണത്തിലെ ബദൽ മാർഗ്ഗങ്ങൾ | 652/ക്യൂ.എൻ.എ 1/2022/ലെജി. |



**വ്യവസായ വകുപ്പ്**

| ക്രമ നമ്പർ | നിയമസഭ | സമ്മേളനം | ഉറപ്പ് നമ്പർ | വിഷയം | ലെജി. ഫയൽ നമ്പർ |
|---|---|---|---|---|---|
| 1 | 14 | 10 | 71 | ടെക്സ്റ്റൈൽ മേഖലയുടെ നവീകരണം | 20866/ക്യൂ.എൻ.ബി3/2021/ലെജി. |
| 2 | 14 | 10 | 161 | കേരള സ്റ്റേറ്റ് ബാംബൂ കോർപ്പറേഷനിലെ പനമ്പ് നെയ്ത്തുകാർ | 19922/ക്യൂ.എൻ.എ 2/2021/ലെജി. |

| | | | | | |
|---|---|---|---|---|---|
| 3 | 14 | 13 | 27 | പൊതുമേഖലയിൽ കൂടുതൽ വ്യവസായ സ്ഥാപനങ്ങൾ ആരംഭിക്കുവാൻ നടപടി | 630/ക്യു.എൻ.ബി3/2022/ലെജി. |
| 4 | 14 | 15 | 120 | റൈസ് മില്ലുകൾ ആവിഷ്കരിക്കുവാൻ പദ്ധതി | 2110/ക്യു.എൻ.എ 2/2022/ലെജി. |
| 5 | 14 | 22 | 17 | തലസ്ഥാനത്തെ സിറ്റി ഗ്യാസ് പദ്ധതി | 10217/ക്യു.എൻ.എ 2/2022/ലെജി. |
| 6 | 15 | 1 | 14 | കേരള റബ്ബർ ലിമിറ്റഡ് കമ്പനി | 13975/ക്യു.എൻ.ബി3/2022/ലെജി. |
| 7 | 15 | 1 | 17 | പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ നടപടി | 16558/ക്യു.എൻ.എ 2/2022/ലെജി. |
| 8 | 15 | 2 | 36 | ബഹുനില വ്യവസായ പാർക്കുകൾ | 16806/ക്യു.എൻ.ബി2/2022/നി.സെ. |
| 9 | 15 | 2 | 52 | പൊതുമേഖലാ സ്ഥാപനങ്ങളിലെ നിയമനം | 17878/ക്യു.എൻ.ബി2/2022/നി.സെ. |
| 10 | 15 | 2 | 49 | വ്യവസായ പുനരുജ്ജീവന പാക്കേജ് | 17876/ക്യു.എൻ.എ 1/2022/നി.സെ. |
| 11 | 15 | 3 | 14 | സ്വകാര്യ മേഖലയിൽ വ്യവസായ പാർക്കുകൾ | 20542/ QN./ A3/2022/ലെജി. |
| 12 | 15 | 3 | 39 | വയനാട് ജില്ലയിലെ വ്യവസായ പാർക്ക് | 8062/ക്യു.എൻ.ബി2/2023/നി.സെ. |

| | | | | | |
|---|---|---|---|---|---|
| 13 | 15 | 3 | 3 | എല്ലാ നിയോജകമണ്ഡലത്തിലും വ്യവസായ പാർക്കുകൾ ആരംഭിക്കാൻ നടപടി | 20528/ QN.B3/2022/ലെജി. |
| 14 | 15 | 3 | 4 | കൊച്ചി-ബാംഗ്ലൂർ വ്യവസായ ഇടനാഴി | 20530/ QN.A1/2022/ലെജി. |
| 15 | 15 | 3 | 23 | ചകിരി ഉല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനുള്ള പദ്ധതികൾ | 23028/ക്യൂ.എൻ.B1/2022/ലെജി. |
| 16 | 15 | 4 | 30 | ഓൺലൈൻ ഏകജാലക സംവിധാനം കൂടുതൽ കാര്യക്ഷമമാക്കാൻ നടപടി | 8936/ക്യൂ.എൻ.ബി2/2023/ലെജി. |
| 17 | 15 | 4 | 28 | മലബാർ സിമന്റ്സിന്റെ ഉൽപ്പാദനവും വിപണനവും ഉയർത്താനുള്ള പദ്ധതികൾ | 8934/ക്യൂ.എൻ.ബി1/2023/ലെജി. |
| 18 | 15 | 4 | 29 | സ്വകാര്യ വ്യവസായ എസ്റ്റേറ്റ് രൂപീകരിക്കാൻ പുതിയ നയം | 8935/ക്യൂ.എൻ.എ 2/2023/ലെജി. |
| 19 | 15 | 5 | 23 | കരിമണൽ ഖനനം പൊതുമേഖലയിൽ നിലനിർത്തുന്നതിനാവശ്യമായ നടപടി | 9303/ക്യൂ.എൻ. A1/ 2023 /ലെജി. |

| | | | | | |
|---|---|---|---|---|---|
| 20 | 15 | 5 | 78 | വ്യവസായ പാർക്കുകളിൽ സൗരോർജ്ജ ഉൽപ്പാദനം പ്രോത്സാഹിപ്പിക്കാൻ നടപടി | 12272/ക്യൂ.എൻ.ബി1/2023/ലെജി. |
| 21 | 15 | 5 | 9 | സൂക്ഷ്മ ചെറുകിടസംരംഭങ്ങളുടെ ക്ലസ്റ്റർ വികസന പദ്ധതി. | 9015/ക്യൂ.എൻ.എ 3/2023/ലെജി. |
| 22 | 15 | 5 | 79 | റബ്ബർ ലിമിറ്റഡ് കമ്പനി പ്രവർത്തനം ആരംഭിക്കാൻ നടപടി | 12273/ക്യൂ.എൻ.എ 2 2023/ലെജി. |
| 23 | 15 | 5 | 74 | സ്വകാര്യ വ്യക്തികൾക്ക് വ്യവസായ പാർക്കുകൾ | 12268/ക്യൂ.എൻ.ബി2/2023/ലെജി. |
| 24 | 15 | 6 | 50 | ചെറുകിട ഉൽപ്പന്ന വിപണനം | 17674/ക്യൂ.എൻ.ബി2/2023/ലെജി. |
| 25 | 15 | 6 | 51 | സ്വകാര്യ വ്യവസായ പാർക്കുകൾ | 247/ക്യൂ.എൻ .എ 1/2024/ലെജി. |
| 26 | 15 | 6 | 42 | കാസർഗോഡ് കെ.എസ്.ഐ.ഡി.സി. | 17666/ക്യൂ.എൻ.ബി1/2023/ലെജി. |
| 27 | 15 | 6 | 49 | പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ പെൻഷൻ പ്രായം | 17673/ക്യൂ.എൻ.എ 2/2023/ലെജി. |

**വിവര പൊതുജനസമ്പർക്ക വകുപ്പ്**

| ക്രമ നമ്പർ | നിയമസഭ | സമ്മേളനം | ഉറപ്പ് നമ്പർ | വിഷയം | ലെജി. ഫയൽ നമ്പർ |
|---|---|---|---|---|---|
| 1 | 13 | 12 | 42 | സർക്കാർ പരസ്യങ്ങൾ | 4490/ക്യു.എൻ .ബി3/15/ലെജി. |

**വിവര സാങ്കേതിക വിദ്യാ വകുപ്പ്**

| ക്രമ നമ്പർ | നിയമസഭ | സമ്മേളനം | ഉറപ്പ് നമ്പർ | വിഷയം | ലെജി. ഫയൽ നമ്പർ |
|---|---|---|---|---|---|
| 1 | 13 | 5 | 7 | ഏകീകൃത മലയാളം ലിപി | 3476/ക്യു.എൻ.A1/2013/ലെജി. |
| 2 | 13 | 9 | 22 | സമ്പൂർണ്ണ മലയാളം ഇ-പോർട്ടൽ | 4104/ക്യു.എൻ.ബി2/2014/നി.സെ. |
| 3 | 13 | 14 | 33 | സി.ഡിറ്റ് ജീവനക്കാർക്ക് പെൻഷൻ പദ്ധതി | 433/ക്യു.എൻ.എ 2/16/ലെജി. |
| 4 | 14 | 2 | 14 | ഐ.ടി. നയം | 1224/ക്യു.എൻ.ബി2/2019/ലെജി. |
| 5 | 14 | 4 | 66 | കെ.- ഫോൺ പദ്ധതി | 3621/ക്യു.എൻ.എ 2/2019/ലെജി. |
| 6 | 14 | 7 | 17 | ഐ.ടി. വ്യവസായം പ്രോത്സാഹിപ്പിക്കുന്നതിന് ഇളവുകൾ | 1882/ക്യു.എൻ.ബി3/2020/ലെജി. |

| | | | | | |
|---|---|---|---|---|---|
| 7 | 14 | 11 | 120 | ഇലക്ട്രോണിക്, ഹാർഡ് വെയർ നിർമ്മാണ ഹബ് | 21434/ക്യു.എൻ.എ 2/2021/ലെജി. |
| 8 | 14 | 19 | 1 | ഫ്രണ്ട്സ് ജനസേവന കേന്ദ്രങ്ങളുടെ പ്രവർത്തനം | 6327/ക്യു.എൻ.എ 1/2022/ലെജി. |
| 9 | 14 | 22 | 24 | കെ-ഫോൺ പദ്ധതി | 10409/ക്യു.എൻ.എ 2/2022/ലെജി. |
| 10 | 15 | 2 | 46 | വിവിധ സർക്കാർ വകുപ്പുകൾ നൽകിവരുന്ന സേവനങ്ങൾ സംയോജിപ്പിച്ച് ഒരു ഏകീകൃത പോർട്ടൽ നിർമ്മിക്കാൻ നടപടി | 17872/ക്യു.എൻ.ബി2/2022/നി.സെ. |
| 11 | 15 | 3 | 12 | നോളജ് ഇക്കോണമി മിഷൻ | 20539/ QN. A2/2022/ലെജി. |
| 12 | 15 | 4 | 16 | കൂടുതൽ അക്ഷയ കേന്ദ്രങ്ങൾ അനുവദിക്കാൻ നടപടി | 8325/ക്യു.എൻ.B3/2023/ലെജി. |
| 13 | 15 | 4 | 18 | ടെക്നോപാർക്കിന്റെ നാലാംഘട്ട വികസനം | 8328/ക്യു.എൻ.B1/2023/ലെജി. |
| 14 | 15 | 6 | 24 | ഐ.ടി. മേഖലയിലെ വികസനം | 17531/ക്യു.എൻ.ബി3/2023/ലെജി. |

**തൊഴിലും നൈപുണ്യവും വകുപ്പ്**

| ക്രമ നമ്പർ | നിയമസഭ | സമ്മേളനം | ഉറപ്പ് നമ്പർ | വിഷയം | ലെജി. ഫയൽ നമ്പർ |
|---|---|---|---|---|---|
| 1 | 14 | 4 | 9 | ക്ഷേമനിധി പെൻഷൻ | 3564/ക്യു.എൻ .ബി2/2019/ലെജി. |
| 2 | 14 | 13 | 39 | ഒഡെപെക് ഏകജാലക സംവിധാനം | 619/ക്യു.എൻ.എ 1/2022/ലെജി. |
| 3 | 15 | 3 | 36 | ക്ഷേമനിധി ബോർഡുകളിൽ പരാതി പരിഹാര ഹെൽപ്പ് ലൈൻ | 8059/ക്യു.എൻ.എ 1/2023/നി.സെ. |
| 4 | 15 | 4 | 10 | അസംഘടിത മേഖലയിലെ തൊഴിലാളികൾക്കായി ഇൻഷുറൻസ് പദ്ധതി | 8318/ക്യു.എൻ .B3/2023/ലെജി. |
| 5 | 15 | 5 | 22 | തൊഴിൽ കോഡുകൾ സംബന്ധിച്ച സംസ്ഥാന ചട്ടങ്ങൾ | 9302/ക്യു.എൻ B3/ 2023 /ലെജി. |

**നിയമ വകുപ്പ്**

| ക്രമ നമ്പർ | നിയമസഭ | സമ്മേളനം | ഉറപ്പ് നമ്പർ | വിഷയം | ലെജി. ഫയൽ നമ്പർ |
|---|---|---|---|---|---|
| 1 | 14 | 19 | 13 | നിയമസഹായകേന്ദ്രങ്ങൾ വിപുലപ്പെടുത്താനുള്ള നടപടികൾ | 6341/ക്യു.എൻ.എ 1/2022/ലെജി. |

**തദ്ദേശ സ്വയംഭരണ വകുപ്പ്**

| ക്രമ നമ്പർ | നിയമസഭ | സമ്മേളനം | ഉറപ്പ് നമ്പർ | വിഷയം | ലെജി. ഫയൽ നമ്പർ |
|---|---|---|---|---|---|
| 1 | 13 | 5 | 141 | തമ്പാന്നൂരിൽ നടപ്പാത നിർമ്മാണം | 3610/ക്യു.എൻ.എ 2/13/ലെജി. |
| 2 | 13 | 11 | 78 | ഗ്രാമപഞ്ചായത്തുകളിലെ ഡ്രൈവർ നിയമനം | 1969/ക്യു.എൻ.ബി3/2015/നി.സെ. |
| 3 | 14 | 2 | 56 | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഓഫീസുകളിലെ അഴിമതി | 1360/ക്യു.എൻ.ബി2/2019/ലെജി. |
| 4 | 14 | 7 | 24 | മാലിന്യ സംസ്കരണ തൊഴിലാളികളുടെ സേവന വേതന വ്യവസ്ഥകൾ | 1889/ക്യു.എൻ.ഏ 3/2020/ലെജി. |
| 5 | 14 | 10 | 138 | നായ്ക്കളെ വളർത്തുന്നത് സംബന്ധിച്ച നിയമനിർമ്മാണം | 20842 /ക്യു.എൻ.എ 1 /2021/ലെജി. |
| 6 | 14 | 10 | 158 | തെരുവ് നായ ശല്യം പരിഹരിക്കാൻ നടപടി | 19926/ക്യു.എൻ.ബി3/2021/ലെജി. |
| 7 | 14 | 10 | 144 | തൃതല പഞ്ചായത്തുകളിലെ ഡ്രൈവർമാരുടെ നിയമനം | 20837 /ക്യു.എൻ.ബി 1/ലെജി. |

| | | | | | |
|---|---|---|---|---|---|
| 8 | 14 | 11 | 16 | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ആധുനിക ശ്മശാനങ്ങൾക്ക് അനുമതി നൽകുന്നതിലെ നടപടിക്രമം | 264/ക്യൂ.എൻ.ബി3/2022/ലെജി. |
| 9 | 14 | 11 | 122 | നഗരങ്ങളിലെ പാർക്കിംഗ് സംവിധാനം | 21432/ക്യൂ.എൻ.എ 1/2021/ലെജി. |
| 10 | 14 | 13 | 49 | കുടുംബശ്രീ സംരംഭങ്ങൾ | 600/ക്യൂ.എൻ.ബി1/2022/ലെജി. |
| 11 | 14 | 13 | 18 | കില ആവിഷ്കരിച്ച കർമ്മ പദ്ധതികൾ | 606/ക്യൂ.എൻ.എ 1/2022/ലെജി. |
| 12 | 14 | 13 | 21 | പ്രളയാനന്തര പുനർനിർമ്മാണത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പങ്ക് | 607/ക്യൂ.എൻ.ബി1/2022/ലെജി. |
| 13 | 14 | 14 | 54 | വയോജനങ്ങൾക്കായുള്ള പകൽ പരിപാലന കേന്ദ്രങ്ങൾ | 633/ക്യൂ.എൻ.ബി1/2022/ലെജി. |
| 14 | 14 | 14 | 76 | ഗ്രാമവികസന വകുപ്പിലെ തസ്തികകളും യോഗ്യതയും | 649/ക്യൂ.എൻ.ബി2/2022/ലെജി. |
| 15 | 14 | 15 | 107 | അനധികൃത കെട്ടിട സമുച്ചയങ്ങൾക്കെതിരെ നടപടി | 2097/ക്യൂ.എൻ.ബി1/2022/ലെജി. |
| 16 | 14 | 15 | 108 | ഫ്ലക്സ് ബോർഡുകളുടെ നിയന്ത്രണം | 2098/ക്യൂ.എൻ.എ 2/2022/ലെജി. |
| 17 | 14 | 16 | 19 | കുടുംബശ്രീ വഴിയുള്ള മാർക്കറ്റിംഗ് സംവിധാനം | 3417/ക്യൂ.എൻ.ബി3/2022/ലെജി. |

| | | | | | |
|---|---|---|---|---|---|
| 18 | 14 | 16 | 16 | പ്രധാന നഗരങ്ങളിലെ വെള്ളക്കെട്ട് ഒഴിവാക്കുന്നതിനുള്ള നടപടികൾ | 3414/ക്യു.എൻ.എ 2/2022/ലെജി. |
| 19 | 15 | 1 | 23 | സംസ്ഥാനത്തെ അതിദാരിദ്ര്യ ലഘൂകരണ പദ്ധതി | 16564/ക്യു.എൻ.എ 2/2022/ലെജി. |
| 20 | 15 | 4 | 20 | തദ്ദേശ സ്വയംഭരണ വകുപ്പിലെ ഫയൽ നീക്കത്തിന് വെബ് അധിഷ്ഠിത സംവിധാനം | 8330/Qn.B2/2023/Leg. |
| 21 | 15 | 5 | 58 | കെട്ടിടനിർമ്മാണത്തിന് നൂതന സാങ്കേതികവിദ്യ | 9837/ക്യു.എൻ.ബി3/2023/ലെജി. |
| 22 | 15 | 6 | 45 | മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി | 17669/ക്യു.എൻ.എ 3/2023/ലെജി. |
| 23 | 15 | 6 | 36 | പൊതുയിടങ്ങളിലെ ശുചിത്വം ഉറപ്പാക്കാൻ നടപടി | 17591/ക്യു.എൻ.ബി3/2023/ലെജി. |
| 24 | 15 | 6 | 29 | ഹരിതമിത്രം സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം | 17536/ക്യു.എൻ.എ 3/2023/ലെജി. |
| 25 | 15 | 6 | 30 | തെരുവു നായശല്യം അവസാനിപ്പിക്കാൻ നടപടി | 17537/ക്യു.എൻ.ബി3/2023/ലെജി. |

| | | | | | |
|---|---|---|---|---|---|
| 26 | 15 | 6 | 33 | ഖരമാലിന്യ നിർമ്മാർജ്ജനം | 17588/ക്യു.എൻ.എ 1/2023/ലെജി. |
| 27 | 15 | 6 | 34 | കെട്ടിടാവശിഷ്ട നിർമ്മാർജ്ജനത്തിന് പ്രത്യേകം സംസ്കരണ കേന്ദ്രങ്ങൾ | 17589/ക്യു.എൻ.ബി2/2023/ലെജി. |
| 28 | 15 | 7 | 7 | ബ്രഹ്മപുരം ജൈവമാലിന്യ പ്ലാന്റ് | 310/ക്യു.എൻ.ബി3/2024/ലെജി. |
| 29 | 15 | 7 | 20 | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നടത്തുന്ന പൊതുമരാമത്ത് പ്രവൃത്തികളുടെ ഗുണനിലവാരം | 4332/ക്യു.എൻ.ബി1/2024/നി.സെ. |

**പ്രവാസി കേരളീയകാര്യ വകുപ്പ്**

| ക്രമ നമ്പർ | നിയമസഭ | സമ്മേളനം | ഉറപ്പ് നമ്പർ | വിഷയം | ലെജി. ഫയൽ നമ്പർ |
|---|---|---|---|---|---|
| 1 | 13 | 4 | 57 | പ്രവാസി സർവ്വകലാശാല | 3967/ക്യു.എൻ.എ 2/2012 ലെജി. |
| 2 | 13 | 4 | 69 | പ്രവാസി ലീഗൽ എയ്ഡ് സെൽ | 3979/ക്യു.എൻ.എ 2/2012/ലെജി. |
| 3 | 13 | 7 | 67 | ഗൾഫ് മലയാളികൾക്ക് നിയമ സഹായം | 1976/ക്യു.എൻ.എ 1/2014/നി.സെ. |
| 4 | 13 | 9 | 98 | മറ്റ് സംസ്ഥാനങ്ങളിലെയും വിദേശ രാജ്യങ്ങളിലെയും ജയിലുകളിൽ കഴിയുന്ന മലയാളികളുടെ നിയമ പരിരക്ഷ | 4180/ക്യു.എൻ.ബി1/2014/നി.സെ. |

| | | | | | |
|---|---|---|---|---|---|
| 5 | 13 | 10 | 90 | മൃതദേഹം കൊണ്ടുവരുന്നത് സംബന്ധിച്ച എയർ ഇന്ത്യാ തീരുമാനം | 781/ക്യൂ.എൻ.ബി3/15/ലെജി. |
| 6 | 13 | 11 | 134 | ഇറാഖിൽനിന്നും തൊഴിൽ നഷ്ടപ്പെട്ട് തിരികെ എത്തിയവരുടെ പുനരധിവാസം | 2025/ക്യൂ.എൻ.ബി1/2015/നി.സെ. |
| 7 | 14 | 10 | 149 | സൗദി അറേബ്യയിലെ സ്വദേശിവൽക്കരണത്തിന്റെ ഫലമായി മടങ്ങിയെത്തുന്നവർ | 19936/ക്യൂ.എൻ.എ 2/2021/ലെജി. |
| 8 | 14 | 15 | 116 | ലോക കേരള സഭയെ ഫലപ്രദമാക്കാൻ നടപടി | 2106/ക്യൂ.എൻ.എ 3/2022/ലെജി. |
| 9 | 14 | 15 | 106 | ജി.സി.സി. രാജ്യങ്ങളിൽ ലീഗൽ ലെയ്സൺ ഓഫീസർമാരെ നിയമിക്കുന്നതിനുള്ള നടപടികൾ | 2096/ക്യൂ.എൻ.എ 1/2022/ലെജി. |
| 10 | 15 | 5 | 60 | മൂന്നാം ലോക കേരള സഭ | 9840/ക്യൂ.എൻ.ബി1/2023/ലെജി. |
| 11 | 15 | 6 | 32 | ഓപ്പറേഷൻ ശുഭയാത്ര പദ്ധതിയുമായി ബന്ധപ്പെട്ട കർമ്മ സമിതി | 17587/ക്യൂ.എൻ.ബി1/2023/ലെജി. |

## പാർലമെന്ററികാര്യ വകുപ്പ്

| ക്രമ നമ്പർ | നിയമസഭ | സമ്മേളനം | ഉറപ്പ് നമ്പർ | വിഷയം | ലെജി. ഫയൽ നമ്പർ |
|---|---|---|---|---|---|
| 1 | 15 | 5 | 67 | കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിലെ നിയമനം | 12261/ക്യൂ.എൻ.ബി2/2023/ലെജി. |

## ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ്

| ക്രമ നമ്പർ | നിയമസഭ | സമ്മേളനം | ഉറപ്പ് നമ്പർ | വിഷയം | ലെജി. ഫയൽ നമ്പർ |
|---|---|---|---|---|---|
| 1 | 14 | 4 | 12 | അഡ്മിനിസ്ട്രേറ്റീവ് വിജിലൻസ് സെല്ലിന്റെ പ്രവർത്തനം | 3567/ക്യൂ.എൻ .എ 2/2019/ലെജി. |
| 2 | 14 | 10 | 136 | സ്പെഷ്യൽ റൂളുകളുടെ പരിഷ്കരണം. | 20844 /ക്യൂ.എൻ.എ 2/2021/ലെജി. |
| 3 | 14 | 13 | 45 | പി.എസ്.സി. പരീക്ഷകൾ മലയാളത്തിൽ | 612/ക്യൂ.എൻ.എ 1/2022/ലെജി. |
| 4 | 15 | 5 | 65 | സിവിൽ സർവ്വീസിനെ കാര്യക്ഷമമാക്കുന്നതിന് നടപടി | 10518/ക്യൂ.എൻ.QN A1/2023/ലെജി. |

**ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ്**

| ക്രമ നമ്പർ | നിയമസഭ | സമ്മേളനം | ഉറപ്പ് നമ്പർ | വിഷയം | ലെജി. ഫയൽ നമ്പർ |
|---|---|---|---|---|---|
| 1 | 13 | 5 | 180 | സംസ്ഥാനങ്ങളുടെ വികസന പദ്ധതികളുടെ രൂപരേഖ | 3649/ക്യു.എൻ.B3/2012/ലെജി. |
| 2 | 13 | 11 | 132 | വികസന മേഖലയിൽ സ്വകാര്യ പങ്കാളിത്തം | 2023/ക്യു.എൻ .ബി3/2015/നി.സെ. |
| 3 | 13 | 11 | 147 | നവരത്ന പദ്ധതികൾ | 2038/ക്യു.എൻ.എ 2/2015/നി.സെ. |
| 4 | 13 | 16 | 31 | കേന്ദ്ര ഫണ്ട് | 5786/ക്യു.എൻ.എമ്പ/2016/ലെജി. |
| 5 | 14 | 5 | 51 | എം.എൽ.എ. ഫണ്ടുപയോഗിച്ച് കുളങ്ങളുടെ നവീകരണം | 5437/ക്യു.എൻ.ബി2/2019/ലെജി. |
| 6 | 15 | 2 | 21 | ഇടുക്കി പാക്കേജ് | 16790/ക്യു.എൻ.എ 2/2022/നി.സെ. |
| 7 | 15 | 5 | 69 | വയനാട് പാക്കേജ് | 12262/ക്യു.എൻ.എ 3/2023/ലെജി. |

ഊർജ്ജ വകുപ്പ്

| ക്രമ നമ്പർ | നിയമസഭ | സമ്മേളനം | ഉറപ്പ് നമ്പർ | വിഷയം | ലെജി. ഫയൽ നമ്പർ |
|---|---|---|---|---|---|
| 1 | 13 | 12 | 73 | റിവർ മാനേജ്മെന്റ് ഫണ്ട് ഉപയോഗിച്ച് നദികളിൽ നിന്നും ജനറേറ്റർ ഉപയോഗിച്ചുള്ള വൈദ്യുതി | 4521/ക്യു.എൻ.എ 1/15/ലെജി. |
| 2 | 14 | 1 | 5 | ഊർജ്ജ വികസന പ്രവർത്തനങ്ങൾ | 5833/ക്യു.എൻ.B3/2017/ലെജി. |
| 3 | 14 | 2 | 10 | ചെറു വൈദ്യുതി ഉല്പാദന യൂണിറ്റുകൾ | 1220/ക്യു.എൻ.എ 1/2019/ലെജി. |
| 4 | 14 | 5 | 53 | സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിയുടെ പൂർത്തീകരണം | 5439/ക്യു.എൻ.ബി3/2019/ലെജി. |
| 5 | 14 | 9 | 10 | ഹൈഡൽ ടൂറിസം പദ്ധതിയുടെ ഭാഗമായി ടൂറിസം കോറിഡോർ | 1901/ക്യു.എൻ.ഏ 3/2020/ലെജി. |
| 6 | 14 | 11 | 118 | പാരമ്പര്യേതര ഊർജ്ജോത്പാദനം | 256/ക്യു.എൻ.എ 3/2022/ലെജി. |
| 7 | 14 | 13 | 55 | ബ്രഹ്മപുരം പദ്ധതി | 599/ക്യു.എൻ.എ 1/2022/ലെജി. |
| 8 | 15 | 2 | 38 | ഊർജ്ജ ഭദ്രത ഉറപ്പുവരുത്താൻ നടപടി | 16808/ക്യു.എൻ.ബി1/2022/നി.സെ. |

| | | | | | |
|---|---|---|---|---|---|
| 9 | 15 | 2 | 39 | വൈദ്യുത വാഹന ചാർജ്ജിംഗ് സൗകര്യങ്ങൾ | 16809/ക്യൂ.എൻ.എ 2/2022/നി.സെ. |
| 10 | 15 | 2 | 47 | പാരമ്പര്യേതര ഊർജ്ജ ഉൽപ്പാദനത്തിന് സഹകരണ സ്ഥാപനങ്ങളുമായി ചേർന്ന് പദ്ധതികൾ | 17873/ക്യൂ.എൻ.എ 3/2022/നി.സെ. |
| 11 | 15 | 2 | 54 | ആദിവാസി മേഖലകളിൽ വൈദ്യുതി ലഭ്യമാക്കാൻ നടപടി | 17879/ക്യൂ.എൻ.എ 3/2022/നി.സെ. |
| 12 | 15 | 2 | 6 | വേസ്റ്റ് ടു എനർജി പ്ലാന്റ് | 16657/ക്യൂ.എൻ.ബി3/2022/നി.സെ. |
| 13 | 15 | 2 | 25 | വൈദ്യുതി ഉല്പാദനം | 16794/ക്യൂ.എൻ.എ 1/2022/നി.സെ. |
| 14 | 15 | 2 | 2 | ചെറുകിട ജലവൈദ്യുത പദ്ധതികൾ | 16652/ക്യൂ.എൻ.ബി1/2022/ലെജി. 176184@Stg. |
| 15 | 15 | 2 | 1 | ഇലക്ട്രിക് മൊബിലിറ്റി ഇക്കോസിസ്റ്റം | 16651/ക്യൂ.എൻ.എ 1/2022/ലെജി. |
| 16 | 15 | 2 | 5 | ആദിവാസി ഊരുകളിൽ വൈദ്യുതി എത്തിക്കുന്നതിന് നടപടി | 16656/ക്യൂ.എൻ.എ 3/2022/ലെജി. |

| | | | | | |
|---|---|---|---|---|---|
| 17 | 15 | 2 | 23 | ജലവൈദ്യുത പദ്ധതികളും ഹൈഡ്രോ കൈനറ്റിക് പദ്ധതികളും | 16792/ക്യൂ.എൻ.എ 3/2022/നി.സെ. |
| 18 | 15 | 2 | 24 | കെ.എസ്.ഇ.ബി-യുടെ ഉല്പാദന, പ്രസരണ, വിതരണ വിഭാഗങ്ങളുടെ കാര്യക്ഷമത ഉയർത്താൻ നടപടി | 16793/ക്യൂ.എൻ.ബി3/2022/നി.സെ. |
| 19 | 15 | 2 | 50 | വൈദ്യുതി മേഖലയിലെ സേവനങ്ങൾ വീട്ടുപടിക്കൽ എത്തിക്കുന്ന പദ്ധതി | 17876/ക്യൂ.എൻ.ബി1/2022/നി.സെ. |
| 20 | 15 | 3 | 29 | കർഷകരുടെ തരിശ്ഭൂമിയിൽ സൗരോർജ്ജ പ്ലാന്റുകൾ നിർമ്മിച്ച് വൈദ്യുതോൽപ്പാദനം | 23035/ക്യൂ.എൻ.B1/2022/ലെജി. |
| 21 | 15 | 3 | 28 | പുരപ്പുറ സൗരോർജ്ജ പദ്ധതി. | 23034/ക്യൂ.എൻ. A1/2022/ലെജി. |
| 22 | 15 | 5 | 8 | കാർബൺ ന്യൂട്രൽ ഗവേണൻസ് പദ്ധതി | 9014/ക്യൂ.എൻ.ബി2/2023/ലെജി. |
| 23 | 15 | 6 | 41 | കെ.എസ്.ഇ.ബി. പെൻഷൻ ഫണ്ട് | 17665/ക്യൂ.എൻ.എ 1/2023/ലെജി. |
| 24 | 15 | 6 | 40 | ചെറുകിട ജലവൈദ്യുത നയം | 17595/ക്യൂ.എൻ.ബി2/2023/ലെജി. |

പൊതുമരാമത്ത് വകുപ്പ്

| ക്രമ നമ്പർ | നിയമസഭ | സമ്മേളനം | ഉറപ്പ് നമ്പർ | വിഷയം | ലെജി. ഫയൽ നമ്പർ |
|---|---|---|---|---|---|
| 1 | 14 | 4 | 24 | കൊയിലാണ്ടി റയിൽവേ മേൽപ്പാലം | 3579/ക്യൂ.എൻ.എ 2/2019/ലെജി. |
| 2 | 14 | 5 | 59 | തവന്നൂർ, തൃത്താല, പട്ടാമ്പി മണ്ഡലങ്ങളിലെ നിർമ്മാണ പ്രവർത്തനങ്ങൾ | 5445/ക്യൂ.എൻ.ബി3/2019/ലെജി. |
| 3 | 14 | 10 | 139 | പ്രവൃത്തികളുടെ നിർവ്വഹണത്തിലെ കാലതാമസം ഒഴിവാക്കാൻ നടപടി | 20841/ക്യൂ.എൻ.ബി3/2021/ ലെജി. |
| 4 | 15 | 1 | 3 | വയനാട് തുരങ്കപാത | 13962/ക്യൂ.എൻ.ബി3/2022/ലെജി. |
| 5 | 15 | 5 | 41 | ഗെയിൽ വാതക പൈപ്പ് ലൈൻ | 9486/ക്യൂ.എൻ.എ 1/2023/ലെജി. |
| 6 | 15 | 5 | 17 | റബ്ബർ കർഷകരെ സഹായിക്കുന്നതിന് നടപടി | 9297/ക്യൂ.എൻ.എ 1/2023/ലെജി. |
| 7 | 15 | 5 | 21 | റസ്റ്റ് ഹൗസുകളുടെ പരിപാലനത്തിൽ യുവജനങ്ങളുടെ പങ്കാളിത്തം | 9301/ക്യൂ.എൻ. A3/ 2023 /ലെജി. |

| | | | | | |
|---|---|---|---|---|---|
| 8 | 15 | 6 | 12 | കാലാവസ്ഥ സെൽ രൂപീകരണം | 17492/ക്യൂ.എൻ. QN B3/2023/ ലെജി. |
| 9 | 15 | 7 | 14 | റോഡുകളുടെയും പാലങ്ങളുടെയും ഗുണപരിശോധന ഉറപ്പുവരുത്താൻ നടപടി | 3567/ക്യൂ.എൻ.ബി1 /2024/ലെജി. |
| 10 | 15 | 7 | 12 | റോഡുകളുടെ നവീകരണം | 3565/ക്യൂ.എൻ.ബി3/ 2024/ലെജി. |

**റവന്യൂ വകുപ്പ്**

| ക്രമ നമ്പർ | നിയമസഭ | സമ്മേളനം | ഉറപ്പ് നമ്പർ | വിഷയം | ലെജി. ഫയൽ നമ്പർ |
|---|---|---|---|---|---|
| 1 | 13 | 8 | 57 | കൃഷിഭൂമിയുടെ കൈമാറ്റം കൃഷിക്കാർക്ക് | 2155/ക്യൂ.എൻ എ 2/2014/നി.സെ. |
| 2 | 14 | 4 | 16 | കേരള ഭൂമി പതിവ് നിയമവും ചട്ടവും പ്രകാരം പതിച്ച് നൽകിയിട്ടുള്ള പുറമ്പോക്ക് ഭൂമിക്ക് പട്ടയപ്രകാരം പോക്കുവരവ് | 3571/ക്യൂ.എൻ .ബി3/2019/ലെജി. |
| 3 | 14 | 10 | 152 | പാട്ടത്തിന് നൽകിയ സർക്കാർ ഭൂമി | 19933/ക്യൂ.എൻ.ബി3/2021/ലെജി. |
| 4 | 14 | 15 | 102 | സർക്കാർ ഭൂമി, കൈയേറിയ ഭൂമി എന്നിവ സംബന്ധിച്ച രജിസ്റ്റർ | 2092/ക്യൂ.എൻ.എ 2/2022/ലെജി. |
| 5 | 14 | 15 | 83 | ദേവസ്വം ട്രിബ്യൂണൽ രൂപീകരണം | 665/ക്യൂ.എൻ.എ 1/2022/ലെജി. |

| | | | | | |
|---|---|---|---|---|---|
| 6 | 15 | 1 | 11 | എ. പി. ജെ. അബ്ദുൽ കലാം സർവ്വകലാശാലയ്ക്കായി ഭൂമി ഏറ്റെടുക്കൽ | 13972/ക്യൂ.എൻ.എ 2/2022/ലെജി. |
| 7 | 15 | 2 | 28 | സ്വകാര്യ ക്ഷേത്ര ജീവനക്കാർക്ക് ക്ഷേമനിധി ബോർഡ് രൂപീകരണം | 16797/ക്യൂ.എൻ.ബി2/2022/നി.സെ. |
| 8 | 15 | 3 | 21 | ഭൂപതിവ് ചട്ടങ്ങളുടെ പരിഷ്കരണം | 7918/ക്യൂ.എൻ.B1/2023/ലെജി. |
| 9 | 15 | 3 | 27 | എല്ലാവർക്കും ഭൂമി എല്ലാ ഭൂമിക്കും രേഖ | 23033/ക്യൂ.എൻ. B3/2022/ലെജി. |
| 10 | 15 | 4 | 12 | പാട്ടക്കാലാവധി കഴിഞ്ഞ വസ്തുവകകൾ വീണ്ടെടുക്കുന്നതിന് നടപടി | 8320/Qn. B1/2023/Leg. |
| 11 | 15 | 5 | 66 | സിംഗിൾ സ്റ്റാറ്റസ് സർട്ടിഫിക്കറ്റ് അനുവദിക്കുന്നതിന് നടപടി | 10519/ക്യൂ.എൻ.QN B1/2023/ലെജി. |
| 12 | 15 | 5 | 35 | സർക്കാർ ഭൂമി പാട്ടത്തിന് നൽകുന്നതിനുള്ള വ്യവസ്ഥകൾ | 9480/ക്യൂ.എൻ.എ 1/2023/ലെജി. |
| 13 | 15 | 6 | 16 | ഭൂരഹിതരുടെ വിവരം | 17496/. QN. B2/2023/ലെജി. |
| 14 | 15 | 7 | 21 | പുനരധിവാസ നടപടികൾ | 4333/ക്യൂ.എൻ.എ 2/2024/നി.സെ. |
| 15 | 15 | 7 | 10 | ഭൂപതിവ് ചട്ടങ്ങളിൽ ഭേദഗതി | 3563/ക്യൂ.എൻ.ബി2/ 2024/ലെജി. |

**സഹകരണ വകുപ്പ്**

| ക്രമ നമ്പർ | നിയമസഭ | സമ്മേളനം | ഉറപ്പ് നമ്പർ | വിഷയം | ലെജി. ഫയൽ നമ്പർ |
|---|---|---|---|---|---|
| 1 | 14 | 4 | 65 | നിയമനങ്ങൾ PSC- ക്ക് വിട്ടുകൊടുത്ത് സഹകരണ സ്ഥാപനങ്ങളിൽ റിക്രൂട്ട്മെന്റ് റൂൾസ് തയ്യാറാക്കൽ | 3620/ക്യു.എൻ.എ 1/2019/ലെജി. |
| 2 | 14 | 11 | 58 | സഹകരണ സ്ഥാപനം ആരംഭിക്കേണ്ടതിന്റെ ആവശ്യകത | 260/ക്യു.എൻ.ബി1/2022/ലെജി. |
| 3 | 15 | 1 | 19 | തൊഴിൽ ലഭ്യത ഉറപ്പ് വരുത്തുന്ന പുതിയ പദ്ധതികൾ | 16560/ക്യു.എൻ.എ 3/2022/ലെജി. |
| 4 | 15 | 1 | 20 | സഹകരണ മേഖലയിലെ ആശുപത്രികൾ നേരിടുന്ന സാമ്പത്തിക പ്രതിസന്ധി | 16561/ക്യു.എൻ.ബി3/2022/ലെജി. |
| 5 | 15 | 1 | 18 | സഹകരണ ബാങ്കുകളിലെ കോർ ബാങ്കിംഗ് | 16559/ക്യു.എൻ.ബി2/2022/ലെജി. |
| 6 | 15 | 2 | 55 | വായ്പയെടുക്കുന്ന സഹകാരികൾക്ക് ഇൻഷ്വറൻസ് പരിരക്ഷ | 17880/ക്യു.എൻ.ബി3/2022/നി.സെ. |
| 7 | 15 | 2 | 26 | യുവാക്കളുടെ സ്റ്റാർട്ട് അപ്പ് സഹകരണ സംഘം | 16795/ക്യു.എൻ.ബി1/2022/നി.സെ. |

| | | | | | |
|---|---|---|---|---|---|
| 8 | 15 | 2 | 7 | സഹകരണ ബാങ്കുകളുടെ ഓഹരി വില്പന വ്യവസ്ഥ | 16658/ക്യൂ.എൻ.എ 1/2022/നി.സെ. |
| 9 | 15 | 2 | 14 | യുവാക്കൾക്കായും കലാകാരൻമാർക്കായും സഹകരണസംഘങ്ങൾ ആരംഭിക്കാൻ നടപടി | 16782/ക്യൂ.എൻ.ബി1/2022/നി.സെ. |
| 10 | 15 | 2 | 48 | രജിസ്ട്രേഷൻ നടപടികൾക്ക് സോഫ്റ്റ്‌വെയർ | 17874/ക്യൂ.എൻ.ബി3/2022/നി.സെ. |
| 11 | 15 | 2 | 40 | സഹകരണ മേഖലയിലെ ക്രമക്കേടുകൾ തടയാൻ നിയമ ഭേദഗതി | 16810/ക്യൂ.എൻ.ബി2/2022/നി.സെ. |
| 12 | 15 | 2 | 27 | ചാരിറ്റബിൾ സൊസൈറ്റി രജിസ്ട്രേഷൻ | 16796/ക്യൂ.എൻ.എ 2/2022/നി.സെ. |
| 13 | 15 | 3 | 25 | സഹകരണ മേഖലയിൽ പുതിയ വ്യവസായ സംരംഭങ്ങൾ ആരംഭിക്കാൻ നടപടി | 23031/ക്യൂ.എൻ. B2/2022/ലെജി. |
| 14 | 15 | 3 | 2 | പുനർജ്ജനി പദ്ധതി | 20527/QN. A3/2002/ലെജി. |
| 15 | 15 | 4 | 27 | സഹകരണ സംഘങ്ങളിൽ സാമ്പത്തിക ക്രമക്കേടുകൾ തടയാൻ നടപടി | 8933/ക്യൂ.എൻ.എ 1/2023/ലെജി. |
| 16 | 15 | 4 | 32 | സഹകരണ യൂണിവേഴ്സിറ്റി സ്ഥാപിക്കാൻ നടപടി | 8938/ക്യൂ.എൻ.ബി3/2023/ലെജി. |

| | | | | | |
|---|---|---|---|---|---|
| 17 | 15 | 5 | 28 | സഹകരണ സംഘങ്ങളുടെ നവീകരണം | 9308/ക്യൂ.എൻ. B3/ 2023 /ലെജി. |
| 18 | 15 | 5 | 34 | സഹകരണ മേഖലയിലെ ക്രമക്കേടുകൾ തടയാൻ പദ്ധതി | 9478/ക്യൂ.എൻ.ബി3/2023/ലെജി. |
| 19 | 15 | 5 | 75 | സഹകരണ സംഘങ്ങളിലൂടെ നാളികേരം സംഭരിക്കാനാവശ്യമായ നടപടി | 12270/ക്യൂ.എൻ.എ 3/2023/ലെജി. |
| 20 | 15 | 5 | 10 | സഹകരണ മേഖലയിലെ പദ്ധതികളും കോപ് മാർട്ടും | 9016/ക്യൂ.എൻ.ബി3/2023/ലെജി. |
| 21 | 15 | 6 | 39 | സഹകരണ ബാങ്കുകളിലെ നിക്ഷേപം | 17594/ക്യൂ.എൻ.എ 2/2023/ലെജി. |
| 22 | 15 | 6 | 38 | സഹകരണസംഘ സംരക്ഷണ നിധി | 17593/ക്യൂ.എൻ.ബി1/2023/ലെജി. |
| 23 | 15 | 6 | 47 | സഹകരണ മേഖലയെ സംരക്ഷിക്കുന്നതിന് നടപടി | 17671/ക്യൂ.എൻ.എ 1/2023/ലെജി. |
| 24 | 15 | 6 | 46 | സഹകരണ മേഖലയുടെ വിപണി ഇടപെടൽ | 17670/ക്യൂ.എൻ.ബി3/2023/ലെജി. |

**ശാസ്ത്ര സാങ്കേതിക വകുപ്പ്**

| ക്രമ നമ്പർ | നിയമസഭ | സമ്മേളനം | ഉറപ്പ് നമ്പർ | വിഷയം | ലെജി. ഫയൽ നമ്പർ |
|---|---|---|---|---|---|
| 1 | 14 | 7 | 14 | തോന്നയ്ക്കൽ ലൈഫ് സയൻസ് പാർക്ക് | 1879/ക്യു.എൻ.ഏ 1/2020/ലെജി. |
| 2 | 15 | 2 | 44 | തോന്നയ്ക്കൽ വൈറോളജി ഇൻസ്റ്റിറ്റ്യൂട്ട്. | 17869/ക്യു.എൻ.ബി1/2022/നി.സെ. |

**സാമൂഹ്യ നീതി വകുപ്പ്**

| ക്രമ നമ്പർ | നിയമസഭ | സമ്മേളനം | ഉറപ്പ് നമ്പർ | വിഷയം | ലെജി. ഫയൽ നമ്പർ |
|---|---|---|---|---|---|
| 1 | 13 | 4 | 96 | മിശ്രവിവാഹിതർക്കുള്ള ആനുകൂല്യങ്ങൾ | 4006/QN.B3/2012/ലെജി. |
| 2 | 13 | 4 | 19 | ഗാർഹിക പീഡന നിയമം | 3929/QN.A1/2012/ലെജി. |
| 3 | 13 | 4 | 4 | വികലാംഗർക്കായി സ്പെഷ്യൽ റിക്രൂട്ട്മെന്റ് | 3914/ക്യു.എൻ.ബി2/2012/ലെജി. |
| 4 | 13 | 7 | 71 | Corrective/Protective സ്ഥാപനങ്ങളും Rescue Home-കളും | 1980/ക്യു.എൻ.എ 3/2014/നി.സെ. |

| | | | | | |
|---|---|---|---|---|---|
| 5 | 13 | 11 | 92 | വിദ്യാലയങ്ങളിലെ സൈക്കോസോഷ്യൽ കൗൺസലിംഗ് | 1983/ക്യൂ.എൻ.ബി1/15/ലെജി. |
| 6 | 13 | 11 | 45 | മാനസിക രോഗികൾക്ക് പെൻഷൻ | 1936/ക്യൂ.എൻ.എ 2/2015/നി.സെ. |
| 7 | 13 | 14 | 93 | എൻഡോസൾഫാൻ ദുരിതബാധിതരുടെ വായ്പകൾ | 493/ക്യൂ.എൻ.എ 2/2016/നി.സെ. |
| 8 | 14 | 1 | 51 | ശ്രുതിതരംഗം പദ്ധതി | 91/ക്യൂ.എൻ.B 2/18/ലെജി. |
| 9 | 14 | 2 | 42 | വൈകല്യ സർട്ടിഫിക്കറ്റ് വിതരണം | 1285/ക്യൂഎൻ.എ 1/2019/ലെജി. |
| 10 | 14 | 5 | 22 | ഭിന്നശേഷിക്കാരുടെ അവകാശം | 4502/ക്യൂ.എൻ.എ 2/2019/ലെജി. |
| 11 | 14 | 5 | 24 | മാനസിക - ശാരീരിക ഭിന്നശേഷിക്കാർക്കായി വിവിധ പദ്ധതികൾ | 4504/ക്യൂ.എൻ.എ 1/2019/ലെജി. |
| 12 | 14 | 9 | 14 | ഷീ ലോഡ്ജ് | 1905/ക്യൂ.എൻ.ഏ 2/2020/ലെജി. |
| 13 | 14 | 10 | 73 | ഭിന്നശേഷിക്കാർക്കുള്ള ഉപകരണങ്ങൾ വിൽക്കുന്ന ഷോറൂമുകൾ | 20863/ക്യൂ.എൻ.എ 2/2021/ലെജി. |

| | | | | | |
|---|---|---|---|---|---|
| 14 | 14 | 11 | 50 | അഗതി പുനരധിവാസ കേന്ദ്രങ്ങൾ | 262/ക്യു.എൻ ബി2/2022/ലെജി. |
| 15 | 14 | 11 | 12 | വയോജനക്ഷേമ പദ്ധതികൾ | 268/ക്യു.എൻ.ബി2/2022/ലെജി. |
| 16 | 14 | 11 | 117 | ബുദ്ധിപരമായ വെല്ലുവിളി നേരിടുന്ന കുട്ടികളുടെ വിദ്യാഭ്യാസം | 257/ക്യു.എൻ.ബി3/2022/ലെജി. |
| 17 | 14 | 13 | 44 | ട്രാൻസ്‌ജെൻഡർ സമൂഹത്തിന് വിദ്യാഭ്യാസ-തൊഴിൽ മേഖലകളിൽ സംവരണം | 613/ക്യു.എൻ.ബി1/2022/ലെജി. |
| 18 | 14 | 15 | 113 | ഭിന്നശേഷിക്കാരായ കുട്ടികളുടെ രക്ഷിതാക്കൾക്കുള്ള പദ്ധതികൾ | 2103/ക്യു.എൻ.ബി1/2022/ലെജി. |
| 19 | 15 | 1 | 24 | എന്റോസൾഫാൻ ദുരിത ബാധിതർക്കായി റീഹാബിലിറ്റേഷൻ വില്ലേജ് | 16565/ക്യു.എൻ.ബി2/2022/ലെജി. |
| 20 | 15 | 6 | 23 | ധർമ്മസ്ഥാപനങ്ങളിലെ അന്തേവാസികൾക്ക് പെൻഷൻ നൽകുന്നതിന് നടപടി | 17530/ക്യു.എൻ.എ 3/2023/ലെജി. |

629/2025.

## നികുതി വകുപ്പ്

| ക്രമ നമ്പർ | നിയമസഭ | സമ്മേളനം | ഉറപ്പ് നമ്പർ | വിഷയം | ലെജി. ഫയൽ നമ്പർ |
|---|---|---|---|---|---|
| 1 | 13 | 2 | 117 | പ്രമാണങ്ങളുടെ ശാസ്ത്രീയ സംരക്ഷണം | 827/ക്യൂ.എൻ.എ 2/2012/ലെജി. |
| 2 | 13 | 11 | 33 | ആധാര പകർപ്പുകൾ ഡിജിറ്റൽ രൂപത്തിലാക്കുന്നതിന് പദ്ധതി | 1924/ക്യൂ.എൻ.എ 2/2015/നി.സെ. |
| 3 | 13 | 12 | 51 | സബ് രജിസ്ട്രാർ ഓഫീസുകളിൽ ഫ്രണ്ട് ഓഫീസ് സംവിധാനം | 4499/ക്യൂ.എൻ.എ 2/15/ലെജി. |
| 4 | 14 | 4 | 40 | വിമുക്തി പദ്ധതിയുടെ ഭാഗമായി ലഹരി മോചനകേന്ദ്രങ്ങൾ | 3595/ക്യൂ.എൻ.ബി3/2019/ലെജി. |
| 5 | 14 | 4 | 28 | ഇ-സ്റ്റാമ്പിംഗ് | 3583/ക്യൂ.എൻ.ബി3/2019/ലെജി. |
| 6 | 14 | 5 | 10 | രജിസ്ട്രേഷൻ ഓഫീസുകളുടെ ഡിജിറ്റൈസേഷൻ | 4490/ക്യൂ.എൻ.എ 2/2019/ലെജി. |
| 7 | 14 | 19 | 6 | രജിസ്ട്രേഷൻ വകുപ്പിലെ നവീകരണ പ്രവൃത്തികൾ | 6333/ക്യൂ.എൻ.ബി3/2022/ലെജി. |
| 8 | 15 | 7 | 4 | ലഹരിവിൽപ്പനയ്ക്കെതിരായി നിയമ നിർമ്മാണം | 307/ക്യൂ.എൻ.A2/2024/ലെജി. |

ഗതാഗത വകുപ്പ്

| ക്രമ നമ്പർ | നിയമസഭ | സമ്മേളനം | ഉറപ്പ് നമ്പർ | വിഷയം | ലെജി. ഫയൽ നമ്പർ |
|---|---|---|---|---|---|
| 1 | 13 | 9 | 17 | റോഡ് സേഫ്റ്റി ക്യാമറകൾ | 4099/ക്യൂ.എൻ. എ 3/2014/നി.സെ. |
| 2 | 13 | 10 | 119 | ടാങ്കർ ലോറി ദുരന്തങ്ങൾ | 810/ക്യൂ.എൻ.എ 3/15/ലെജി. |
| 3 | 13 | 11 | 43 | ഷെയർ ടാക്സി-ഓട്ടോ സംവിധാനം | 1934/ക്യൂ.എൻ.എ 1/2015/നി.സെ. |
| 4 | 13 | 12 | 59 | ജസ്റ്റിസ് ചന്ദ്രശേഖരദാസ് കമ്മീഷൻ റിപ്പോർട്ട് നടപ്പാക്കുന്നത് | 4507/ക്യൂ.എൻ.എ 3/2015/നി.സെ. |
| 5 | 13 | 12 | 72 | സ്വകാര്യ ബസ്സുകളുടെ സൂപ്പർ ക്ലാസ് പദവി | 4520/ക്യൂ.എൻ.ബി3/15/ലെജി. |
| 6 | 13 | 14 | 69 | ആംബുലൻസുകളുടെ യാത്രാപ്രശ്നം | 469/ക്യൂ.എൻ.എ 2/16/ലെജി. |
| 7 | 13 | 15 | 16 | റോഡ് അപകടങ്ങൾ | 5743/ക്യൂ.എൻ.ബി2/2016/ലെജി. |
| 8 | 13 | 15 | 17 | റോഡ് അപകടങ്ങൾ | 5744/ക്യൂ.എൻ.എ 3/2016/ലെജി. |
| 9 | 13 | 16 | 15 | ഓട്ടോറിക്ഷകളിൽ ബില്ലിംഗ് സൗകര്യത്തോടുള്ള മീറ്റർ | 5770/ക്യൂ.എൻ.എ 1/2016/ലെജി. |

| | | | | | |
|---|---|---|---|---|---|
| 10 | 14 | 1 | 82 | ആർ. ടി. ഒ. ചെക്ക് പോസ്റ്റുകളിൽ വിജിലൻസ് റെയ്ഡ് | 122/ക്യൂ.എൻ.A2/18/ലെജി. |
| 11 | 14 | 1 | 83 | ഡീസൽ എഞ്ചിൻ ഘടിപ്പിച്ച വാഹനങ്ങൾക്ക് വിലക്ക് | 2271/ക്യൂ.എൻ.ബി3/18/ലെജി. |
| 12 | 14 | 1 | 80 | റോഡ് സുരക്ഷ ഉറപ്പാക്കുന്നതിന് നടപടി | 120/ക്യൂ.എൻ.A1/18/ലെജി. |
| 13 | 14 | 4 | 45 | സ്വകാര്യ ബസുകളിലെ ജി.പി.എസ്. സംവിധാനം | 3600/ക്യൂ.എൻ.ബി2/2019/ലെജി. |
| 14 | 14 | 4 | 46 | വാട്ടർ ടാക്സി, ക്രൂയിസ് വെസ്സൽ സർവ്വീസുകൾ | 3601/ക്യൂ.എൻ.ബി3/2019/ലെജി. |
| 15 | 14 | 5 | 31 | ജി.പി.എസ്. ട്രാക്കിംഗ് സിസ്റ്റം | 4511/ക്യൂ.എൻ.ബി1/2019/ലെജി. |
| 16 | 14 | 9 | 3 | റോഡപകടങ്ങൾ കുറയ്ക്കാൻ നടപടി | 1894/ക്യൂ.എൻ.ബി3/2020/ലെജി. |
| 17 | 14 | 10 | 159 | ആംബുലൻസ് ഡ്രൈവിംഗ് ലൈസൻസ് നൽകുന്നതിന് മാനദണ്ഡം | 19925/ക്യൂ.എൻ.എ 3/2021/ലെജി. |
| 18 | 14 | 10 | 157 | റോഡപകടങ്ങളുടെ തോത് കുറയ്ക്കുന്നതിന് നടപടി | 19927/ക്യൂ.എൻ.എ 1/2021/ലെജി. |

| | | | | | |
|---|---|---|---|---|---|
| 19 | 14 | 10 | 146 | പൊതുഗതാഗത സംവിധാനം ശക്തിപ്പെടുത്താൻ നടപടി | 20835/ക്യഎൻ.ബി 3//ലെജി. |
| 20 | 14 | 10 | 147 | ഗതാഗത നിയമ അവബോധം | 19953/ക്യൂ.എൻ.എ 3/2021/ലെജി. |
| 21 | 14 | 13 | 23 | റോഡുസുരക്ഷ ഉറപ്പാക്കുന്നതിന് എൻഫോഴ്സ്മെന്റ് സ്ക്വാഡുകൾ | 608/ക്യൂ.എൻ.എ 2/2022/ലെജി. |
| 22 | 14 | 13 | 57 | ഇലക്ട്രിക് വാഹനങ്ങൾക്ക് അനുമതി | 597/ക്യൂ.എൻ.എ 3/2022/ലെജി. |
| 23 | 14 | 15 | 103 | കോൺട്രാക്ട് ക്യാരേജുകൾക്ക് നിരക്ക് നിശ്ചയിക്കുന്ന നടപടി | 2093/ക്യൂ.എൻ.ബി2/2022/ലെജി. |
| 24 | 14 | 22 | 19 | കെ.എസ്.ആർ.ടി. സി.യുടെ കൈവശമുള്ള പട്ടയം ലഭിക്കാത്ത ഭൂമിയ്ക്ക് പട്ടയം നേടുന്നതിനുള്ള നടപടി | 10218/ക്യൂ.എൻ.ബി2/2022/ലെജി. |
| 25 | 15 | 3 | 31 | കെ -റയിൽ പദ്ധതി സംബന്ധിച്ച് ജനങ്ങളിൽ ഉണ്ടാകുന്ന ആശങ്ക പരിഹരിക്കാൻ നടപടി | 23026/ക്യൂ.എൻ. B3/2022/ലെജി. |
| 26 | 15 | 3 | 44 | സമുദ്ര ബസ് സർവ്വീസിന്റെ വിപുലീകരണം | 7910/ക്യൂ.എൻ.എ 1/2023/ലെജി. |

| | | | | | |
|---|---|---|---|---|---|
| 27 | 15 | 5 | 4 | സി.എൻ.ജി. ബസ്സുകൾ | 9011/ക്യു.എൻ.എ 1/2023/ലെജി. |
| 28 | 15 | 5 | 50 | സമഗ്ര ഗതാഗത നയം. | 9827/ക്യു.എൻ.ബി2/2023/ലെജി. |
| 29 | 15 | 5 | 40 | മോട്ടോർ തൊഴിലാളികളുടെ വേതനം പുതുക്കുന്നതിന് നടപടി | 9485/ക്യു.എൻ.ബി3/2023/ലെജി. |
| 30 | 15 | 5 | 57 | ജലപാത വികസിപ്പിക്കുന്നതിന് നടപടി | 9836/ക്യു.എൻ.എ 3/2023/ലെജി. |
| 31 | 15 | 6 | 3 | പരിഷ്കരണപ്രവർത്തനങ്ങൾ നടപ്പാക്കുന്നതിന് നടപടി. | 17432/ക്യു.എൻ.എ 2/2023/ലെജി. |
| 32 | 15 | 6 | 20 | പ്രധാന റൂട്ടുകളിലെ ഷെഡ്യൂളുകൾ പുനർനിർണയിക്കുന്നതിന് നടപടി. | 17500/QN./ B1/2023/ലെജി. |

**വിനോദസഞ്ചാര വകുപ്പ്**

| ക്രമ നമ്പർ | നിയമസഭ | സമ്മേളനം | ഉറപ്പ് നമ്പർ | വിഷയം | ലെജി. ഫയൽ നമ്പർ |
|---|---|---|---|---|---|
| 1 | 13 | 2 | 165 | മൂന്നാർ ടൂറിസം മാസ്റ്റർ പ്ലാൻ | 875/ക്യു.എൻ.എ 2/2012/ലെജി. |
| 2 | 13 | 5 | 171 | തുമ്പൂർമുഴി ഏഴാറ്റുമുഖം റോപ് വേ | 3640/ക്യു.എൻ.എ 2/13/ലെജി. |

| | | | | | |
|---|---|---|---|---|---|
| 3 | 13 | 7 | 14 | ടൂറിസ്റ്റ് കേന്ദ്രങ്ങളെ ബന്ധപ്പെടുത്തി പ്രത്യേക പാക്കേജ് | 1923/ക്യു.എൻ.ബി1/14/ലെജി. |
| 4 | 13 | 9 | 118 | ബോട്ടപകടങ്ങൾമൂലം ടൂറിസം മേഖലയിലെ പ്രതിസന്ധി | 4200/ക്യു.എൻ. ബി2/2014/ നി.സെ. |
| 5 | 13 | 14 | 3 | ടൂറിസം കേന്ദ്രങ്ങളിലെ അടിസ്ഥാന സൗകര്യവികസനം | 403/ക്യു.എൻ.എ 2/16/ലെജി. |
| 6 | 13 | 16 | 14 | ടൂറിസം മേഖലകളിൽ ഗ്രാമീണ ഉല്പന്നങ്ങളുടെ വിപണനം | 5769/ക്യു.എൻ .B3/2016/ലെജി. |
| 7 | 14 | 1 | 94 | ഉത്തരവാദ ടൂറിസം പദ്ധതി | 2282/ക്യു.എൻ.എ 2/18/ലെജി. |
| 8 | 14 | 2 | 12 | ടൂറിസം സർക്യൂട്ട് | 1222/ക്യു.എൻ.എ 3/2019/ലെജി |
| 9 | 14 | 4 | 18 | അതിരപ്പിള്ളി ടൂറിസം പദ്ധതി | 3773/ക്യു.എൻ.എ 2/2019/ലെജി. |
| 10 | 14 | 4 | 7 | മലബാറിലെ വിനോദസഞ്ചാരം | 3562/ക്യു.എൻ.എ 3/2019/ലെജി. |
| 11 | 14 | 11 | 6 | ടൂറിസം സംരംഭകത്വ ഫണ്ട് | 273/ക്യു.എൻ.എ 2/2022/ലെജി. |
| 12 | 14 | 15 | 122 | കെ.ടി.ഡി.സി.-യെ നവീകരിക്കാൻ നടപടി | 2113/ക്യു.എൻ.എ 3/2022/ലെജി. |
| 13 | 14 | 15 | 121 | ടൂറിസം റെഗുലേറ്ററി അതോറിറ്റി | 2112/ക്യു.എൻ.ബി2/2022/ലെജി. |

| | | | | | |
|---|---|---|---|---|---|
| 14 | 14 | 16 | 8 | മൂന്നാറിൽ ട്രെയിൻ സംവിധാനം പുനരാവിഷ്കാരണതിനുള്ള പദ്ധതി | 3406/ക്യൂ.എൻ.എ 1/2022/ലെജി. |
| 15 | 14 | 19 | 8 | ഉരുയാത്രാ ടൂറിസം പദ്ധതി | 6335/ക്യൂ.എൻ.ബി1/2022/ലെജി. |
| 16 | 15 | 1 | 4 | ടൂറിസം മേഖലയിലെ തൊഴിലാളികൾക്ക് ക്ഷേമനിധി ബോർഡ് | 13963/ക്യൂ.എൻ.എ 1/2022/ലെജി. |
| 17 | 15 | 2 | 90 | പ്രാദേശിക ടൂറിസം വികസനം | 18995/ക്യൂ.എൻ.എ 1/2022/ലെജി. |
| 18 | 15 | 2 | 83 | ഉത്തരവാദിത്വ ടൂറിസം പദ്ധതി | 18988/ക്യൂ.എൻ.ബി3/2022/ലെജി. |
| 19 | 15 | 2 | 80 | വിനോദസഞ്ചാര മേഖലയുടെ പുനരുജ്ജീവനത്തിനായി പദ്ധതികൾ | 18985/ക്യൂ.എൻ.എ 2/2022/ലെജി. |
| 20 | 15 | 2 | 89 | ടൂറിസം രംഗത്ത് പുതിയ പദ്ധതികൾ | 18994/ക്യൂ.എൻ.ബി3/2022/ലെജി. |
| 21 | 15 | 3 | 46 | തീർത്ഥാടക ടൂറിസം പദ്ധതിയിൽ തദ്ദേശ സ്ഥാപനങ്ങളുടെ പങ്കാളിത്തം | 7912/ക്യൂ.എൻ.എ 2/2023/ലെജി. |
| 22 | 15 | 4 | 7 | ഹെലിടൂറിസം | 8312/ക്യൂ.എൻ.എ 1/2023/ലെജി. |
| 23 | 15 | 5 | 42 | വിനോദസഞ്ചാര മേഖലയിലെ നിയമവിരുദ്ധ പ്രവർത്തനങ്ങൾ തടയുന്നതിന് നടപടി | 9487/ക്യൂ.എൻ.ബി1/2023/ലെജി. |

| | | | | | |
|---|---|---|---|---|---|
| 24 | 15 | 5 | 12 | വനാന്തരങ്ങളിലെ കാഴ്ചകൾ കാണുന്നതിനായി ട്രക്കിംഗ് സൗകര്യം ഏർപ്പെടുത്താൻ നടപടി | 9018/ക്യൂ.എൻ.ബി1/2023/ലെജി. |
| 25 | 15 | 5 | 38 | സ്ത്രീ സുരക്ഷയ്ക്കായുള്ള പദ്ധതി | 9483/ക്യൂ.എൻ.ബി2/2023/ലെജി. |
| 26 | 15 | 5 | 14 | സ്വാതന്ത്ര്യ സമര കേന്ദ്രങ്ങളേയും നവോത്ഥാന കേന്ദ്രങ്ങളേയും ബന്ധപ്പെടുത്തി ടൂറിസം | 9020/ക്യൂ.എൻ.ബി2/2023/ലെജി. |
| 27 | 15 | 5 | 43 | ഗ്രാമീണ ടൂറിസം | 9489/ക്യൂ.എൻ.എ 2/2023/ലെജി. |
| 28 | 15 | 5 | 54 | ഗോത്രവർഗ്ഗ ജനതയ്ക്ക് സ്ഥിര വരുമാനം | 9833/ക്യൂ.എൻ.ബി1/2023/ലെജി. |
| 29 | 15 | 5 | 13 | സഹകരണ മേഖലയിൽ ടൂറിസം പദ്ധതി | 9019/ക്യൂ.എൻ.എ 2/2023/ലെജി. |
| 30 | 15 | 5 | 26 | ടൂറിസം മേഖലയിൽ പുതിയ പദ്ധതികൾ | 9306/ക്യൂ.എൻ B2/ 2023 /ലെജി. |
| 31 | 15 | 5 | 47 | ആംഫിബിയൻ വാഹനസൗകര്യം | 9824/ക്യൂ.എൻ.എ 1/2023/ലെജി. |
| 32 | 15 | 6 | 18 | ട്രാവൽ മാർട്ടുകൾ | 17498/QN. B3/2023/ലെജി. |
| 33 | 15 | 6 | 15 | ബീച്ച് ടൂറിസം പദ്ധതികൾ | 17495/ QN. A2/2023/ലെജി. |
| 34 | 15 | 7 | 8 | വിനോദസഞ്ചാര വികസനത്തിന് പുതിയ പദ്ധതികൾ | 311/ക്യൂ.എൻ.A1/2024/ലെജി. |

**ജലവിഭവ വകുപ്പ്**

| ക്രമ നമ്പർ | നിയമസഭ | സമ്മേളനം | ഉറപ്പ് നമ്പർ | വിഷയം | ലെജി. ഫയൽ നമ്പർ |
|---|---|---|---|---|---|
| 1 | 13 | 1 | 93 | കൈന്നൂർചിറ റെഗുലേറ്റർ-കം- ബ്രിഡ്ജ് പുനർനിർമ്മാണം | 6004/ക്യൂ.എൻ.എ 2/2011/ലെജി. |
| 2 | 13 | 8 | 50 | വരൾച്ച നേരിടാൻ നടപടി | 2148/ക്യൂ.എൻ.ബി1/2014/നി.സെ. |
| 3 | 13 | 8 | 74 | ഭൂഗർഭജല സംരക്ഷണം | 2172/ക്യൂ.എൻ/ബി1/2014/നി.സെ. |
| 4 | 13 | 10 | 27 | കായലുകളുടെയും തടാകങ്ങളുടെയും വിസ്തൃതി | 718/ക്യൂ.എൻ.എ 2/2015/നി.സെ. |
| 5 | 14 | 1 | 77 | കുടിവെള്ള കുപ്പി നിർമ്മാതാക്കൾ സൃഷ്ടിക്കുന്ന പരിസ്ഥിതി പ്രശ്നങ്ങൾ | 117/ക്യൂ.എൻ.B3/18/ലെജി. |
| 6 | 14 | 5 | 50 | കടൽജലം ശുദ്ധീകരിച്ച് കുടിവെള്ളമായി ഉപയോഗിക്കാൻ പദ്ധതി | 4530/ക്യൂ.എൻ.എ 1/2019/ലെജി. |
| 7 | 14 | 5 | 4 | പുഴകളിൽ റഗുലേറ്റർ- കം- ബ്രിഡ്ജ് നിർമ്മിക്കുന്ന പദ്ധതി | 4484/ക്യൂ.എൻ.എ 2/2019/ലെജി. |

| | | | | | |
|---|---|---|---|---|---|
| 8 | 14 | 5 | 12 | ഭൂതത്താൻകെട്ട് റിസർവോയറും കുട്ടമ്പുഴയാറും സംരക്ഷിക്കുന്നതിന് നടപടി | 4492/ക്യൂ.എൻ.എ 1/2019/ലെജി. |
| 9 | 14 | 11 | 17 | ജലനയ പരിഷ്കരണവും ജലസേചന വകുപ്പിന്റെ പുനഃസംഘടനവും | 263/ക്യൂ.എൻ.എ 3/2022/ലെജി. |
| 10 | 14 | 15 | 114 | ലാന്റ് റിക്ലമേഷൻ സ്കീം നടപ്പിലാക്കുന്നതിനുള്ള നടപടികൾ | 2104/ക്യൂ.എൻ.എ 2/2022/ലെജി. |
| 11 | 14 | 18 | 1 | ഭൂഗർഭ ജലത്തിന്റെ അളവ് വർദ്ധിപ്പിക്കുന്നതിന് നടപടി | 3592/ക്യൂ.എൻ.ഏ 1/2022/ലെജി. |
| 12 | 14 | 22 | 2 | ഭൂജല സംരക്ഷണവും സംപോഷണവും എന്ന പ്ലാൻ പദ്ധതി (ബോർവെൽ റീചാർജ്ജ് പദ്ധതി) | 10200/ക്യൂ.എൻ.ബി3/2022/ലെജി. |
| 13 | 14 | 22 | 6 | റിവർ ബേസിൻ മാനേജ്മെന്റ് അതോറിറ്റി രൂപീകരണം | 10205/ക്യൂ.എൻ.ബി2/2022/ലെജി. |
| 14 | 14 | 22 | 10 | ഇന്റഗ്രേറ്റഡ് കമാൻഡ് ആൻഡ് കൺട്രോൾ സെന്റർ രൂപീകരണം | 10209/ക്യൂ.എൻ.ബി1/2022/ലെജി. |

| | | | | | |
|---|---|---|---|---|---|
| 15 | 15 | 1 | 8 | ജലസംരക്ഷണ പദ്ധതികൾ | 13968/ക്യൂ.എൻ.ബി3/2022/ലെജി. |
| 16 | 15 | 2 | 75 | കെ. എം. മാണി മൈക്രോ ഇറിഗേഷൻ പദ്ധതി | 18328/ക്യൂ.എൻ.ബി2/2022/ലെജി. |
| 17 | 15 | 2 | 57 | ജലസേചന പദ്ധതികളുടെ പൂർത്തീകരണം | 17884/ക്യൂ.എൻ.എ 2/2022/നി.സെ. |
| 18 | 15 | 2 | 60 | ഭാരതപ്പുഴയുടെ സംരക്ഷണം | 17887/ക്യൂ.എൻ.ബി3/2022/നി.സെ. |
| 19 | 15 | 2 | 62 | അതിതീവ്ര കടലാക്രമണം തടയാൻ നടപടി | 18315/ക്യൂ.എൻ.എ 1/2022/ലെജി. |
| 20 | 15 | 2 | 74 | തീരസംരക്ഷണ പ്രവർത്തനങ്ങൾ | 18327/ക്യൂ.എൻ.A2/2022/ലെജി. |
| 21 | 15 | 2 | 20 | കടൽ ജലം ശുദ്ധീകരിച്ച് വേർതിരിക്കാൻ നടപടി | 16789/ക്യൂ.എൻ.ബി1/2022/നി.സെ. |
| 22 | 15 | 3 | 37 | നദീതട പരിപാലന അതോറിറ്റി രൂപീകരണം | 8060/ക്യൂ.എൻ.ബി1/2023/നി.സെ. |
| 23 | 15 | 3 | 38 | നദികളുടെ വാഹകശേഷി പുനഃസ്ഥാപിക്കാൻ നടപടി | 8061/ക്യൂ.എൻ.എ 2/2023/നി.സെ. |

| | | | | | |
|---|---|---|---|---|---|
| 24 | 15 | 3 | 33 | നഗരപ്രദേശങ്ങളിലെ വെള്ളക്കെട്ട് ഒഴിവാക്കാൻ നടപടി | 8055/ക്യൂ.എൻ.ബി 2/2023/നി.സെ. |
| 25 | 15 | 3 | 15 | ഡ്രെയിനേജുകൾക്ക് സമീപത്ത് നിന്നും കുടിവെള്ള വിതരണ പൈപ്പ് മാറ്റുന്നതിന് നടപടി | 20543/ QN. B3/2022/ലെജി. |
| 26 | 15 | 3 | 7 | ചെറുകിട ജലസേചന പദ്ധതികൾ | 20534/ QN. B2/2022/ലെജി. |
| 27 | 15 | 3 | 1 | കായലുകളുടെയും കുളങ്ങളുടെയും ആഴം വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതി | 20524/ക്യൂ.എൻ.ബി2/ലെജി. |
| 28 | 15 | 5 | 2 | പ്രളയഭീഷണി നേരിടുന്നതിന് മാസ്റ്റർ പ്ലാൻ | 9008/ക്യൂ.എൻ.ബി2/2023/ലെജി. |
| 29 | 15 | 5 | 3 | ഗാർഹിക കിണറുകളുടെ സംരക്ഷണം | 9009/ക്യൂ.എൻ.എ 3/2023/ലെജി. |
| 30 | 15 | 7 | 24 | ജിയോ ടാഗ് സ്ഥാപിക്കുന്നതിന് നടപടി | 4336/ക്യൂ.എൻ.ബി3/2024/നി.സെ. |
| 31 | 15 | 7 | 23 | ജലജീവൻ മിഷൻ പ്രവർത്തനങ്ങൾ ദ്രുതഗതിയിലാക്കുന്നതിന് നടപടി | 4335/ക്യൂ.എൻഎ 3/2024/നി.സെ. |

## സാംസ്കാരികകാര്യ വകുപ്പ്

| ക്രമ നമ്പർ | നിയമസഭ | സമ്മേളനം | ഉറപ്പ് നമ്പർ | വിഷയം | ലെജി. ഫയൽ നമ്പർ |
|---|---|---|---|---|---|
| 1 | 13 | 5 | 105 | കലാകാരൻമാർക്ക് ഇൻഷ്വറൻസ് പരിരക്ഷ | 3574/ക്യൂ.എൻ.എ 2/13/ലെജി. |
| 2 | 13 | 9 | 93 | സംസ്ഥാനത്തെ തിയേറ്ററുകളിലെ ടിക്കറ്റ് നിരക്ക് നിർണ്ണയിക്കൽ | 4175/ക്യൂ.എൻ.എ 2/2014/നി.സെ. |
| 3 | 13 | 11 | 149 | ചലചിത്ര അവാർഡ് നിർണ്ണയം | 2040/ക്യൂ.എൻ.എ 3/2015/നി.സെ. |
| 4 | 13 | 14 | 73 | കണ്ണപുരം കലാഗ്രാമം | 473/ക്യൂ.എൻ.എ 1/16/ലെജി. |
| 5 | 14 | 10 | 160 | കലാപ്രവർത്തനങ്ങൾക്കും സാംസ്കാരിക സംഘടനകൾക്കും സാമ്പത്തിക സഹായം | 19924/ക്യൂ.എൻ.ബി2/2021/ലെജി. |
| 6 | 14 | 11 | 9 | സിനിമ റെഗുലേറ്ററി അതോറിറ്റി രൂപീകരണം | 270/ക്യൂ.എൻ.ബി3/2002/ലെജി. |

| | | | | | |
|---|---|---|---|---|---|
| 7 | 15 | 2 | 77 | സിനിമ/ടെലിവിഷൻ/സീരിയൽ മേഖലയിൽ സ്ത്രീകൾക്കെതിരെയുള്ള ചൂഷണം തടയാൻ നടപടി | 18982/ക്യൂ.എൻ.ബി3/2022/ലെജി. |
| 8 | 15 | 5 | 7 | മ്യൂസിയങ്ങളുടെ നിർമ്മാണവും ആധുനികീകരണവും | 9013/ക്യൂ.എൻ.എ 2/2023/ലെജി. |

**കായിക യുവജനകാര്യ വകുപ്പ്**

| ക്രമ നമ്പർ | നിയമസഭ | സമ്മേളനം | ഉറപ്പ് നമ്പർ | വിഷയം | ലെജി. ഫയൽ നമ്പർ |
|---|---|---|---|---|---|
| 1 | 14 | 1 | 22 | കായിക രംഗത്തെ വികസനം | 5850/ക്യൂ.എൻ.എ 2/2017/ലെജി. |
| 2 | 14 | 4 | 49 | സ്പോർട്സ് ക്വോട്ടയിൽ സമയബന്ധിതമായി നിയമനം നടത്താൻ നടപടി | 3604/ക്യൂ.എൻ.എ 3/2019/ലെജി. |
| 3 | 14 | 4 | 27 | ജി.വി. രാജാ സ്കൂളിനെ അന്താരാഷ്ട്ര നിലവാരത്തിലുള്ള വിദ്യാലയമാക്കി മാറ്റുന്നതിന് നടപടി | 3582/ക്യൂ.എൻ.ബി2/2019/ലെജി. |
| 4 | 14 | 4 | 64 | കായിക ക്ഷമത മിഷൻ രൂപീകരണം | 3619/ക്യൂ.എൻ.ബി3/2019/ലെജി. |

| | | | | | |
|---|---|---|---|---|---|
| 5 | 14 | 5 | 23 | കായിക ക്ഷമതാ മിഷൻ. | 4503/ക്യു.എൻ.ബി1/2019/ലെജി. |
| 6 | 14 | 7 | 12 | കായികതാരങ്ങൾക്ക് ഇൻഷ്വറൻസ് | 1877/ക്യു.എൻ .ഏ 3/2020/ലെജി. |
| 7 | 14 | 7 | 16 | സ്പോർട്സ് അക്കാഡമി | 1881/ക്യു.എൻ.ഏ 2/2020/ലെജി. |
| 8 | 14 | 9 | 13 | കായികക്ഷമതാ മിഷൻ രൂപീകരണം | 1904/ക്യു.എൻ.ബി2/2020/ലെജി. |
| 9 | 14 | 11 | 124 | സ്പോർട്സ് യൂണിവേഴ്സിറ്റി സെന്റർ | 21429/ക്യു.എൻ.എ 3/2021/ലെജി. |
| 10 | 14 | 11 | 126 | പി.എസ്.സി. നിയമനങ്ങളിൽ കായിക താരങ്ങൾക്ക് സംവരണം | 21427/ക്യു.എൻ.എ 2/2021/ലെജി. |
| 11 | 14 | 13 | 30 | കൂടുതൽ സ്പോർട്സ് സ്കൂളുകൾ ആരംഭിക്കാൻ നടപടി | 627/ക്യു.എൻ.എ 2/2022/ലെജി. |
| 12 | 14 | 14 | 101 | കായികരംഗത്ത് പുതിയ ദിശാബോധം നൽകുന്ന രൂപരേഖ | 638/ക്യു.എൻ.എ 1/2022/ലെജി. |
| 13 | 14 | 22 | 11 | അന്തർദേശീയ സ്പോർട്സ് മത്സരങ്ങൾക്കുള്ള സൗകര്യങ്ങൾ | 10210/ക്യു.എൻ.എ 2/2022/ലെജി. |

**മൈനോറിട്ടി വെൽഫയർ**

| ക്രമ നമ്പർ | നിയമസഭ | സമ്മേളനം | ഉറപ്പ് നമ്പർ | വിഷയം | ലെജി. ഫയൽ നമ്പർ |
|---|---|---|---|---|---|
| 1 | 15 | 4 | 24 | പിന്നാക്ക വിഭാഗങ്ങളുടെ ഉന്നമനം | 8692/ക്യു.എൻ.ബി1/2023/ലെജി. |

**പിന്നാക്കസമുദായ വികസന വകുപ്പ്**

| ക്രമ നമ്പർ | നിയമസഭ | സമ്മേളനം | ഉറപ്പ് നമ്പർ | വിഷയം | ലെജി. ഫയൽ നമ്പർ |
|---|---|---|---|---|---|
| 1 | 14 | 4 | 1 | ജാതിയും മതവും അറിയാതെ അനാഥാലയങ്ങളിൽ വളർന്നവരെ പിന്നാക്ക വിഭാഗത്തിൽ ഉൾപ്പെടുത്തുവാൻ നടപടി | 3556/ക്യു.എൻ.എ 3/2019/ലെജി. |
| 2 | 15 | 3 | 5 | ഒ.ഇ.സി. പട്ടിക പരിഷ്കരിക്കുന്നതിന് നടപടി | 20531/QN. B1/2022/ലെജി. |

**പരിസ്ഥിതി വകുപ്പ്**

| ക്രമ നമ്പർ | നിയമസഭ | സമ്മേളനം | ഉറപ്പ് നമ്പർ | വിഷയം | ലെജി. ഫയൽ നമ്പർ |
|---|---|---|---|---|---|
| 1 | 14 | 14 | 78 | തീരപരിപാലന നിയമത്തിൽ ഇളവുകൾ | 646/ക്യു.എൻ.ബി1/2022/ലെജി. |
| 2 | 14 | 18 | 3 | തീരദേശ മേഖലയിലെ നിർമ്മാണ പ്രവൃത്തികൾ | 3594/ക്യു.എൻ.ഏ 2/2022/ലെജി. |

629/2025.

## ധനകാര്യ വകുപ്പ്

| ക്രമ നമ്പർ | നിയമസഭ | സമ്മേളനം | ഉറപ്പ് നമ്പർ | വിഷയം | ലെജി. ഫയൽ നമ്പർ |
|---|---|---|---|---|---|
| 1 | 14 | 16 | 10 | പ്രളയ സഹായം | 3408/ക്യൂ.എൻ.എ 2/2022/ലെജി. |
| 2 | 15 | 1 | 13 | നികുതി ചോർച്ച ഒഴിവാക്കാൻ നടപടി | 13974/ക്യൂ.എൻ.എ 3/2022/ലെജി. |
| 3 | 15 | 2 | 51 | എം.എൽ.എ. ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് ഐസൊലേഷൻ വാർഡുകളുടെ നിർമ്മാണം | 17877/ക്യൂ.എൻ.എ 2/2022/നി.സെ. |
| 4 | 15 | 6 | 22 | സംസ്ഥാനത്തിന്റെ തനത് വരുമാനം വർദ്ധിപ്പിക്കാൻ നടപടി | 17529/ക്യൂ.എൻ.ബി2/2023/ലെജി. |
| 5 | 15 | 6 | 43 | മെഡിസെപ്പ് പദ്ധതി | 17667/ക്യൂ.എൻ.എ 2/2023/ലെജി. |

## മത്സ്യബന്ധന തുറമുഖ വകുപ്പ്

| ക്രമ നമ്പർ | നിയമസഭ | സമ്മേളനം | ഉറപ്പ് നമ്പർ | വിഷയം | ലെജി. ഫയൽ നമ്പർ |
|---|---|---|---|---|---|
| 1 | 14 | 5 | 21 | മത്സ്യം ഹാർബറിൽ നിന്ന് മാർക്കറ്റുകളിൽ എത്തിക്കാനുള്ള നടപടി | 4501/ക്യൂ.എൻ.ബി2/2019/ലെജി. |

| | | | | | |
|---|---|---|---|---|---|
| 2 | 14 | 5 | 16 | ചെറിയ തുറമുഖങ്ങൾ - നവീകരണം | 4496/ക്യൂ.എൻ.എ 2/2019/ലെജി. |
| 3 | 14 | 5 | 38 | തീരദേശ തുറമുഖങ്ങളെ ബന്ധിപ്പിച്ച് ബോട്ട് സർവ്വീസ് | 4518/ക്യൂ.എൻ.എ 1/2019/ലെജി. |
| 4 | 14 | 5 | 3 | ആഴക്കടൽ മത്സ്യബന്ധനത്തിന് തൊഴിലാളികൾക്ക് പരിശീലനം | 4483/ക്യൂ.എൻ.ബി2/2019/ലെജി. |
| 5 | 14 | 7 | 4 | അതിവേഗ യാത്രാ കപ്പൽ സർവ്വീസ് | 1869/ക്യൂ.എൻ.എ 2/2020/ലെജി. |
| 6 | 14 | 9 | 9 | തുറമുഖങ്ങളെ ഉൾനാടൻ ജലപാതയുമായി ബന്ധിപ്പിക്കൽ | 1900/ക്യൂ.എൻ.ബി3/2020/ലെജി. |
| 7 | 14 | 10 | 105 | പീലിംഗ് തൊഴിലാളികളുടെ ക്ഷേമത്തിനായുള്ള നടപടികൾ | 20859/ക്യൂ.എൻ.എ 1/2021/ലെജി. |
| 8 | 14 | 13 | 19 | മത്സ്യത്തൊഴിലാളികളെ ഉൾപ്പെടുത്തി റസ്ക്യൂ സ്ക്വാഡ് | 605/ക്യൂ.എൻ.ബി3/2022/ലെജി. |
| 9 | 14 | 15 | 95 | അഴീക്കൽ തുറമുഖ വികസനം | 655/ക്യൂ.എൻ.ബി2/2022/ലെജി. |
| 10 | 14 | 19 | 3 | കടൽ തീരത്തുനിന്നും പ്ലാസ്റ്റിക് മാലിന്യം നീക്കംചെയ്യുന്നതിന് നടപടി | 6330/ക്യൂ.എൻ.എ 2/2022 /ലെജി. |

| | | | | | |
|---|---|---|---|---|---|
| 11 | 14 | 19 | 2 | ജലയാനങ്ങളുടെ രജിസ്ട്രേഷൻ | 6329/ക്യൂ.എൻ.ബി1 /2022 /ലെജി. |
| 12 | 14 | 22 | 25 | വൻകിടേതര തുറമുഖങ്ങളുടെ വികസനത്തിനുള്ള നടപടികൾ | 10410/ക്യൂ.എൻ.ബി2/2022/ലെജി. |
| 13 | 15 | 1 | 2 | തുറമുഖങ്ങളുടെ വികസനം | 13960/ക്യൂ.എൻ.എ 3/2022/ലെജി. |
| 14 | 15 | 2 | 63 | ഫിഷറീസ് ടൂറിസം സാധ്യതകൾ | 18317/ക്യൂ.എൻ.B1/2022/ലെജി. |
| 15 | 15 | 2 | 11 | മത്സ്യബന്ധന നയം പരിഷ്കരിക്കാൻ നടപടി | 16776/ക്യൂ.എൻ.എ 3/2022/നി.സെ. |
| 16 | 15 | 2 | 31 | മത്സ്യവിത്തുല്പാദനത്തിൽ സ്വയം പര്യാപ്തത | 16800/ക്യൂ.എൻ.എ 1/2022/നി.സെ. |
| 17 | 15 | 2 | 56 | മത്സ്യത്തൊഴിലാളി സ്ത്രീകളുടെ ക്ഷേമം | 17882/ക്യൂ.എൻ.ബി1/2022/നി.സെ. |
| 18 | 15 | 2 | 79 | മത്സ്യമേഖലയിലെ വനിതകളുടെ ക്ഷേമത്തിനുള്ള പദ്ധതികൾ | 18984/ക്യൂ.എൻ.ബി1/2022/ലെജി. |
| 19 | 15 | 3 | 34 | മത്സ്യത്തൊഴിലാളി അപകട ഇൻഷ്വറൻസ് പദ്ധതി | 8057/ക്യൂ.എൻ.ബി3/2023/നി.സെ. |
| 20 | 15 | 4 | 13 | തുറമുഖ വികസന പ്രവർത്തനങ്ങൾ | 8321/Qn. A1/2023/Leg. |

| | | | | | |
|---|---|---|---|---|---|
| 21 | 15 | 5 | 30 | ജനകീയ മത്സ്യകൃഷി | 9310/ക്യൂ.എൻ.B1/ 2023 /ലെജി. |
| 22 | 15 | 5 | 29 | മത്സ്യഫെഡ് ഔട്ട്‌ലെറ്റുകൾ കൂടുതൽ സ്ഥലങ്ങളിൽ ആരംഭിക്കാൻ നടപടി | 9309/ക്യൂ.എൻ.A1/ 2023 /ലെജി. |
| 23 | 15 | 5 | 20 | മത്സ്യവിത്ത് ഹാച്ചറികൾ സ്ഥാപിക്കാൻ നടപടി | 9300/ക്യൂ.എൻ B2/ 2023 /ലെജി. |
| 24 | 15 | 5 | 72 | മത്സ്യത്തിന്റെ ഗുണനിലവാരം ഉറപ്പാക്കാൻ നടപടി | 12265/ക്യൂ.എൻ.ബി1/2023/ലെജി. |
| 25 | 15 | 5 | 36 | തുറമുഖങ്ങളുടെ അടിസ്ഥാന സൗകര്യവികസനം | 9481/ക്യൂ.എൻ.ബി1/2023/ലെജി. |
| 26 | 15 | 6 | 11 | ചെറുകിട തുറമുഖങ്ങളുടെ വികസനം | 17491/ക്യൂ.എൻ.A3/2023/ലെജി. |
| 27 | 15 | 7 | 22 | മത്സ്യത്തൊഴിലാളികൾക്ക് മിനിമം സപ്പോർട്ട് പ്രൈസ് | 4334/ക്യൂ.എൻ.ബി2/2024/നി.സെ. |
| 28 | 15 | 7 | 9 | മത്സ്യബന്ധന മേഖലയുടെ വികസനം | 3112/ക്യൂ.എൻ.ബി1/2024/ലെജി. |
| 29 | 15 | 7 | 11 | ഹാർബർ നിർമ്മാണത്തിലെ അപാകത പരിഹരിക്കുന്നതിന് നടപടി | 3564/ക്യൂ.എൻ.A3/ 2024/ലെജി. |

**ഭക്ഷ്യപൊതുവിതരണ വകുപ്പ്**

| ക്രമ നമ്പർ | നിയമസഭ | സമ്മേളനം | ഉറപ്പ് നമ്പർ | വിഷയം | ലെജി. ഫയൽ നമ്പർ |
|---|---|---|---|---|---|
| 1 | 14 | 1 | 21 | വിശപ്പ് രഹിത സംസ്ഥാനം | 5849/ക്യൂ.എൻ.B2/2017/ലെജി. |
| 2 | 14 | 5 | 26 | ന്യായവില ഹോട്ടലുകൾ | 4506/ക്യൂ.എൻ.എ 3/2019/ലെജി. |
| 3 | 14 | 11 | 121 | സിവിൽ സപ്ലൈസിന്റെ ഔട്ട്‌ലെറ്റുകളിൽ ഇ-പോസ് | 21433/ക്യൂ.എൻ.ബി1/2021/ലെജി. |
| 4 | 14 | 11 | 8 | റേഷൻ സാധനങ്ങളുടെ തൂക്കക്കുറവ് | 271/ക്യൂ.എൻ .എ 1/2002/ലെജി. |
| 5 | 14 | 22 | 29 | സപ്ലൈകോ മെഡിക്കൽ സ്റ്റോർ ആരംഭിക്കുന്നത് | 10414/ക്യൂ.എൻ.ബി1/2022/ലെജി. |
| 6 | 15 | 1 | 25 | ആദിവാസി മേഖലയിൽ 'സഞ്ചരിക്കുന്ന റേഷൻ കട' പദ്ധതി | 16566/ക്യൂ.എൻ.എ 3/2022/ലെജി. |
| 7 | 15 | 2 | 45 | പൊതുവിതരണ രംഗത്ത് സോഷ്യൽ ഓഡിറ്റിങ്ങ് | 17870/ക്യൂ.എൻ.എ 2/2022/നി.സെ . |
| 8 | 15 | 2 | 12 | ഭക്ഷ്യ-പൊതുവിതരണ മേഖലയിലെ പുതിയ പദ്ധതികൾ | 16777/ക്യൂ.എൻ.ബി3/2022/നി.സെ. |

| | | | | | |
|---|---|---|---|---|---|
| 9 | 15 | 2 | 18 | നെല്ല് സംഭരണ കേന്ദ്രങ്ങൾ | 16787/ക്യൂ.എൻ.ബി3/2022/നി.സെ. |
| 10 | 15 | 2 | 13 | റേഷൻ വ്യാപാരി ക്ഷേമനിധിയിൽ നിന്നുള്ള ആനുകൂല്യങ്ങൾ | 16781/ക്യൂ.എൻ.എ 1/2022/നി.സെ. |
| 11 | 15 | 3 | 10 | എല്ലാ താലൂക്കുകളിലും NFSA ഗോഡൗണുകളുടെ നിർമ്മാണം | 20537/ QN. A1/2022/ലെജി. |
| 12 | 15 | 4 | 14 | ഇ-പോസ് മെഷിൻവഴി ബാർകോഡ് സ്കാനിംഗ് സംവിധാനം ഏർപ്പെടുത്താൻ നടപടി | 8323/Qn. B2/2023/Leg. |
| 13 | 15 | 4 | 15 | നെല്ലിന്റെ സംഭരണവില നൽകുന്നത് വേഗത്തിലാക്കാൻ നടപടി | 8324/ക്യൂ.എൻ.എ 2/2023/ലെജി. |
| 14 | 15 | 7 | 15 | ഭക്ഷ്യപൊതുവിതരണം | 3568/ക്യൂ.എൻ.എ 2/2024/ലെജി. |
| 15 | 15 | 7 | 16 | ന്യായവില ഹോട്ടലുകൾ | 4328/ക്യൂ.എൻ.ബി2/2024/നി.സെ. |
| 16 | 15 | 7 | 18 | വിശപ്പ് രഹിത കേരളം പദ്ധതി | 4330/ക്യൂ.എൻ.ബി3/2024/നി.സെ. |
| 17 | 15 | 7 | 19 | സുഭിക്ഷ ഹോട്ടലുകൾക്ക് സബ്സിഡി നിരക്കിൽ ഭക്ഷ്യസാധനങ്ങൾ | 4331/ക്യൂ.എൻഎ 1/2024/നി.സെ. |

## വനിത-ശിശു വികസന വകുപ്പ്

| ക്രമ നമ്പർ | നിയമസഭ | സമ്മേളനം | ഉറപ്പ് നമ്പർ | വിഷയം | ലെജി. ഫയൽ നമ്പർ |
|---|---|---|---|---|---|
| 1 | 13 | 8 | 10 | സൈക്കോ സോഷ്യൽ സർവ്വീസ് പ്രോഗ്രാം | 2108/ക്യു.എൻ. ബി2/2014/നി.സെ. |
| 2 | 14 | 2 | 30 | പോക്സോ ആക്റ്റ് | 1273/ക്യുഎൻ.എ 1/2019/ലെജി |
| 3 | 14 | 5 | 17 | സാമൂഹികനീതി വകുപ്പിന്റെ കീഴിൽ ക്രഷുകൾ | 4497/ക്യു.എൻ.ബി1/2019/ലെജി. |
| 4 | 15 | 2 | 30 | വനിതകളുടെ സുരക്ഷിതത്വം | 16799/ക്യു.എൻ.ബി3/2022/നി.സെ. |
| 5 | 15 | 2 | 17 | വീട്ടിൽ തനിച്ചാകുന്ന കുട്ടികളുടെ സുരക്ഷ | 16786/ക്യു.എൻ.എ 3/2022/നി.സെ. |
| 6 | 15 | 2 | 16 | സ്ത്രീധന നിരോധന നിയമത്തിലും ചട്ടങ്ങളിലും ഭേദഗതി | 16785/ക്യു.എൻ.ബി2/2022/നി.സെ. |
| 7 | 15 | 3 | 49 | സ്മാർട്ട് കിച്ചൺ പദ്ധതി | 7915/ക്യു.എൻ.B3/2023/ലെജി. |